# സഖാവ്

**Sagavu Magazine**
Owned, Printed &
Published by
K. Sivaraman
Kunnambath House
Krishnapuram, Green Park
P.O. Ollukkara,
Thrissur, Kerala - 680 655

Editor
K. Sivaraman

Managing Editor
T.C. Subrahmanyan
9447607290

Editorial Board
P.J.James
M.P. Kunjhikanaran
M.K.Dasan
Salim Divakaran
Ravi Paloor

Manager
Sagavu
Ambles,2nd Floor, Amulya Street
Banarjee Road, Kochi - 682018
Phone : 9447607290
94471 53507
email:sakhavumonthly@gmail.com
cpimlkerala@gmail.com
website : www.cpiml.in

Layout & Cover
Suresh Janardhanan

Typesetting
Mallika A.K.

Printing :
Red Star Printers, Kozhikode

# ഉള്ളടക്കം



## ലേഖനങ്ങൾ

4 കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം
അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ
**കെ.എൻ. രാമചന്ദ്രൻ**

10. ആർഎസ്എസ് നവഫാസിസത്തിനെതിരെ
ഫാസിസ്റ്റ് വിരുദ്ധ പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിനെ കുറിച്ച്
**പി.ജെ. ജെയിംസ്**

21. കർഷകപ്രസ്ഥാനം : ഒരു സമീപനക്കുറിപ്പ്
**എം.പി. കുഞ്ഞികണാരൻ**

29. ജാതികൾക്കുള്ളിലെ സാമൂഹ്യപദവിയും
ഹിന്ദുത്വ ഫാസിസത്തിനെതിരായ പ്രതിരോധവും
**പ്രമോദ് ശങ്കരൻ**

33. ഇപ്പോഴല്ല എങ്കിൽ ഒരിക്കലുമില്ല
**സൗമ്യദത്ത**

43. ഗാന്ധിസമോ ഗോൾവാൾക്കറിസമോ
**പ്രൊഫ. കെ. അരവിന്ദാക്ഷൻ**

54 ലേബർ കോഡും തൊഴിലാളിവർഗ്ഗവും
**ടി.സി. സുബ്രഹ്മണ്യൻ**

61 കേരളവികസനത്തോടുള്ള ജനപക്ഷ സമീപനം
**പിജെ ജെയിംസ്**

73 ആർഎസ്എസ് വിഭജന രാഷ്ട്രീയവും
ബഹുസ്വര സമൂഹത്തിനായുള്ള പോരാട്ടവും
**രാം പുനിയാനി**




81 ചൈന ചരിത്രത്തിലെ ഏറ്റവും വലിയ വരൾച്ചയെയും ഉഷ്ണതരംഗങ്ങളെയും അഭിമുഖീകരിക്കുന്നു
**ജയചന്ദ്രൻ സി.എൻ.**

86 പാർട്ടി കെട്ടിപ്പടുക്കുന്നതിന്റെ സാംസ്കാരിക കാഴ്ചപ്പാട്
**ശങ്കർ**

95 സിവിക് ചന്ദ്രന്റെ കേസും ഫാസിസ്റ്റ് കാലത്തെ ആൺകോടതിയും
**രതീദേവി ഷിക്കാഗോ**

99 ദേശീയ വിദ്യാഭ്യാസ നയം വിമർശനാത്മക സമീപനം
**ഡി. രമേശ് പട്നായിക്**

111 മതരാഷ്ട്രവാദത്തിന്റെ ഫാസിസ്റ്റ് ഉള്ളടക്കം
**അഡ്വ. രാജഗോപാൽ വാകത്താനം**

115 മനുസ്മൃതിയും സ്ത്രീകളും
**ശശിക്കുട്ടൻ വാകത്താനം**

116 വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖപദ്ധതി ഉയർത്തുന്ന പാരിസ്ഥിതി പ്രശ്നങ്ങളും തീരജനതയുടെ ജീവിതവും
**സുബിൻ എബ്രഹാം**

130 ജനകീയ സംസ്കാരസമീക്ഷ
**വി. വിജയകുമാർ**

141 സംഘപരിവാർ രാഷ്ട്രീയപ്രയോഗങ്ങളുടെ നാനാർത്ഥങ്ങൾ
**വി.കെ. ബാബു**

142 സ്ത്രീപീഡനം : പെണ്ണുടൽ ഭേദിക്കുന്ന നീതിന്യായ വ്യവസ്ഥ
**പി.എ. പ്രേംബാബു**

150 കേരള ഭൂപരിഷ്ക്കരണത്തിന്റെ ബാക്കിപത്രം
**കെ.കെ. സുരേന്ദ്രൻ**

152 മറക്കാതിരിക്കേണ്ടുന്ന ചില ഫ്രെയിമുകളെക്കുറിച്ച്
**സതീശൻ നരക്കോട്**




## കവിതകൾ


51 അന്നൊരു വയനാടൻ മഴരാത്രിയിൽ
**സുകുമാരൻ ചാലിഗദ്ദ**

52 മലയാളത്തമിഴൻ
**കുരീപ്പുഴ ശ്രീകുമാർ**

93 മലയാളികൾ
**ഡി. അനിൽകുമാർ**

94 വാട്ടർ കളർ
**സച്ചിദാനന്ദൻ പുഴങ്കര**

98 മൗനം മുറിയുമ്പോൾ
**കെ. വത്സരാജ്**

110 കൈകേയി
**ആശ സജി**

156 ഒരു വ്യവസ്ഥയും ആത്മഹത്യ ചെയ്യുന്നില്ല
**പി.എൻ. ഗോപീകൃഷ്ണൻ**

158 ഒറ്റമുലച്ചി
**സിന്ധു വാസുദേവൻ**

160 തെമ്മാടി
**ഹസീന**

# സിപിഐ (എം എൽ) റെഡ് സ്റ്റാർ 12 – ാം പാർട്ടി കോൺഗ്രസ്സിന്റെ രാഷ്ട്രീയ പ്രാധാന്യം

**2022** സെപ്റ്റംബർ 24 മുതൽ 29 വരെ കോഴിക്കോട് നടക്കുന്ന സിപിഐ (എംഎൽ) റെഡ് സ്റ്റാർ 12-ാം പാർട്ടി കോൺഗ്രസ്സിനോടനുബന്ധിച്ച്, പാർട്ടി സംസ്ഥാന കമ്മിറ്റിയുടെ മുഖപത്രമായ 'സഖാവ് ' സെപ്റ്റംബർ ലക്കം പാർട്ടി കോൺഗ്രസ്സ് പ്രത്യേക പതിപ്പായി പ്രസിദ്ധീകരിക്കുകയാണ്.

ലോകത്തെയും നമ്മുടെ രാജ്യത്തെയും സംബന്ധിച്ചിടത്തോളം, അതീവ രാഷ്ട്രീയപ്രാധാന്യമുള്ള ഒരു ചരിത്ര സന്ദർഭത്തിലാണ് പാർട്ടി കോൺഗ്രസ്സ് നടക്കുന്നത്. ലോകമെങ്ങും ശക്തിപ്പെടുന്ന തീവ്രനവലിബറൽ നയങ്ങൾ ലോക സമ്പത്ത് വിരലിലെണ്ണാവുന്ന ഏതാനും കോർപ്പറേറ്റ് ശതകോടീശ്വരന്മാരിൽ നിക്ഷിപ്തമാക്കുകയും അദ്ധ്വാനിക്കുന്നവരും മർദ്ദിതരുമായ മഹാഭൂരിപക്ഷവും വർദ്ധമാനമായ പാപ്പരീകരണത്തിനും പാർശ്വവൽകരണത്തിനും വിധേയമാകുന്നതോടൊപ്പം പ്രകൃതിയുടെ മേലുള്ള കോർപ്പറേറ്റ് കൊള്ള അഭൂതപൂർവമായ പരിസ്ഥിതി വിനാശത്തിന് വഴി വെച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതിനെതിരായ ലോക ജനതയുടെ ചെറുത്തു നില്പുകളെ അടിച്ചൊതുക്കുന്നതിനും വ്യതിചലിപ്പിക്കുന്നതിനുമായി ഏറ്റവും പ്രതിലോമകരമായ മത-വംശീയ പ്രത്യയ ശാസ്ത്രങ്ങളെയും പിന്തിരിപ്പൻ ചിന്താപദ്ധതികളെയും വിദഗ്ധമായി ഉപയോഗപ്പെടുത്തി ലോകമെങ്ങും നവ ഫാസിസ്റ്റ് ഭരണം അടിച്ചേല്പിക്കുന്നതിൽ വ്യാപൃതരാണ് കോർപറേറ്റ് – മൂലധനക്കുത്തകകൾ.

ഈ ആഗോള സാഹചര്യത്തിന്റെ ഇന്ത്യൻ പതിപ്പാണ് മോദി ഭരണം. ഒരു നൂറ്റാണ്ടു ചരിത്രമുള്ളതും ലോകത്തേറ്റവും ബൃഹത്തായതും ഏറ്റവും തീവ്ര വലതു സ്വഭാവമുള്ളതുമായ ഫാസിസ്റ്റ് സംഘടനയായ ആർഎസ്എസ് ബഹുരാഷ്ട്ര – ഇന്ത്യൻ കോർപ്പറേറ്റ് മൂലധനവുമായി ഇഴുകിച്ചേർന്നാണ് ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തിനും മത ന്യൂനപക്ഷങ്ങൾക്കും ദളിതരും ആദിവാസികളും സ്ത്രീകളുമടക്കമുള്ള എല്ലാ മർദ്ദിത ജനവിഭാഗങ്ങൾക്കും ജീവിക്കാനുള്ള അവകാശം പോലും നിഷേധിക്കുന്ന ഫാസിസ്റ്റ് ഭരണം ഇവിടെ അടിച്ചേല്പിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി, ബ്രാഹ്മണ്യത്തിലധിഷ്ഠിതമായ മനുവാദത്തെ ആർഎസ്എസ് നവ ഫാസിസം പ്രത്യയശാസ്ത്ര അടിത്തറയാക്കിയിരിക്കുന്നു. തൽഫലമായി, ഇതുവരെ ഇന്ത്യ അഭിമുഖീകരിച്ചിട്ടില്ലാത്ത രാഷ്ട്രീയ, സാമ്പത്തിക, സാമൂഹ്യ, സാംസ്കാരിക വെല്ലുവിളികളാണ് ഇന്ത്യ അഭിമുഖീകരിക്കുന്നത്. ആർഎസ്എസ് നവ ഫാസിസത്തെ ചെറുത്തു പരാജയപ്പെടുത്തുക എന്ന പാർട്ടി കോൺഗ്രസ്സിന്റെ കേന്ദ്ര മുദ്രാവാക്യം പ്രസക്തമാകുന്നത് ഈ പശ്ചാത്തലത്തിലാണ്.

നവലിബറൽ സാമ്രാജ്യത്വവും അതുമായി സന്ധിചെയ്തിട്ടുള്ള ഇന്ത്യൻ ഫാസിസ്റ്റ് ഭരണവും ചരിത്രത്തിലെ ഏറ്റവും വലിയ കടന്നാക്രമണം നടത്തുന്ന ഈ സന്ദർഭത്തിൽ, ലോകത്തും നമ്മുടെ രാജ്യത്തും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം അഭിമുഖീകരിക്കുന്ന പ്രത്യയ ശാസ്ത്ര രാഷ്ട്രീയ വെല്ലുവിളികളെ ഗൗരവപൂർവം വിലയിരുത്തിക്കൊണ്ടും ഇന്ത്യയുടെ തനതു സവിശേഷതയായ, ബ്രാഹ്മണ്യത്തിലധിഷ്ഠിതമായ ജാതി വ്യവസ്ഥയെ ശരിയായി വിലയിരുത്തുന്നതിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനു സംഭവിച്ച ഗുരുതരമായ പാളിച്ചകൾ വിലയിരുത്തി ജനകീയ ജനാധിപത്യ ദിശയിൽ മുന്നേറുന്നതിനുള്ള പ്രത്യയശാസ്ത്രപരവും രാഷ്ട്രീ സംഘടനാപരവുമായ തീരുമാനങ്ങളെടുക്കുകയാണ് അഞ്ചു ദിവസം നീണ്ടു നിൽക്കുന്ന പാർട്ടി കോൺഗ്രസ്സ് ദൗത്യം. അതോടൊപ്പം രാജ്യത്തെ ഇപ്പോൾ ബാധിച്ചിരിക്കുന്ന ഫാസിസ്റ്റ് വിപത്തിനെ നേരിടുന്നതിനാവശ്യമായ അടിയന്തര കടമകളും പാർട്ടി കോൺഗ്രസ്സ് ചർച്ച ചെയ്തു തീരുമാനിക്കും.

ഇതുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെ സംബന്ധിക്കുന്ന ലേഖനങ്ങളാണ് 'സഖാവി'ന്റെ ഈ സ്പെഷ്യൽ പതിപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സഖാവ് മാസിക നിലനിർത്തുന്നതിനും പാർട്ടി കോൺഗ്രസ്സ് വിജയിപ്പിക്കുന്നതിനും വായനക്കാരുടെയും എല്ലാ പുരോഗമന ജനാധിപത്യ ശക്തികളുടെയും സഹകരണം അഭ്യർത്ഥിച്ചു കൊണ്ട്,

വിപ്ലവാഭിവാദനങ്ങളോടെ,

**പത്രാധിപ സമിതി**



കെ എൻ രാമചന്ദ്രൻ

# കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ

**ബൂർഷ്വാ ജനാധിപത്യത്തെ മറികടക്കുക, ജനകീയ രാഷ്ട്രീയ അധികാരം താഴേത്തട്ടിൽ നിന്ന് കെട്ടിപ്പടുക്കുക, ബദൽ വികസന മാതൃകയും സോഷ്യലിസവും മുന്നോട്ട് കൊണ്ടുപോകുക, മുതലാളിത്ത സാമ്രാജ്യത്വ വ്യവസ്ഥയെ അട്ടിമറിച്ച് ആർഎസ്എസിന്റെ നവ ഫാസിസത്തെ പരാജയപ്പെടുത്തുക!**

നമ്മുടെ രാജ്യത്തിന്റെ സാമൂഹിക-രാഷ്ട്രീയ-സാമ്പത്തിക അവസ്ഥഇപ്പോൾ ഒരു നിർണായക ഘട്ടത്തിലാണ്. ആർഎസ്എസ് നേതൃത്വത്തിലുള്ള മോദി ഭരണത്തിൻ കീഴിൽ, മനുവാദി ഹിന്ദുത്വ നയങ്ങൾ ജീവിതത്തിന്റെ സമസ്തമേഖലകളെയും എന്നത്തേക്കാളുംരൂക്ഷമായി കാവിവൽക്കരിക്കുന്നു. അതിന്റെ മറവിൽ കോർപ്പറേറ്റ് കൊള്ള അതിവേഗം രൂക്ഷമാവുകയാണ്. അത് ജനങ്ങളെയൊട്ടാകെ അഭൂതപൂർവമായ ദാരിദ്ര്യത്തിലേക്ക് തള്ളിവിടുന്നു. അതേസമയം തൊഴിലില്ലായ്മ, എല്ലാ അവശ്യസാധനങ്ങളുടെയും വിലക്കയറ്റം എന്നിവയ്ക്കൊപ്പം, വീട്, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങി എല്ലാ സേവനങ്ങളും സാധാരണക്കാർക്ക് എത്തിപ്പിടിക്കാനാവാത്തനിലയിലേക്ക് മാറിക്കൊണ്ടിരിക്കുന്നു. അഭൂതപൂർവമായ ഈ ദയനീയാവസ്ഥയ്ക്കെതിരെ ജനങ്ങൾ പ്രതികരിക്കുമ്പോൾ, ഭരണകൂട സംവിധാനങ്ങളിലും മാധ്യമങ്ങളിലും മറ്റുമുള്ള നിയന്ത്രണത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട്, ആർഎസ്എസ് നവ ഫാസിസ്റ്റ് ശക്തികൾ ജനങ്ങളെ ഭിന്നിപ്പിക്കാനായി ഏറ്റവും ആക്രമണോൽസുകമായ, വർഗീയ, വിഭാഗീയ ആശയങ്ങൾ പ്രചരിപ്പിക്കുന്നു.അതിലൂടെ,വരാനിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പുകളിലും 2024 ലെ പാർലമെന്റ് തെരഞ്ഞെടുപ്പിലും വിജയംനേടാൻ കഴിയുമെന്നും ആർഎസ്എസ് രൂപീകരിച്ച്നൂറ് വർഷം തികയുന്ന 2025ഓടെ ഇന്ത്യയെ ഹിന്ദുരാഷ്ട്രമാക്കി പരിവർത്തനം ചെയ്യാൻകഴിയുമെന്നുംഅവർവ്യാമോഹിക്കുന്നു. ഈ സാഹചര്യത്തിൽ, കശ്മീരികളുടെയും വടക്കുകിഴക്കൻ ജനതയുടെയും തുടർച്ചയായ ചെറുത്തുനിൽപ്പ്, രാജ്യവ്യാപകമായ സിഎഎ വിരുദ്ധ പ്രസ്ഥാനം, തൊഴിലില്ലായ്മയ്ക്കെതിരായ യുവജനങ്ങളുടെ വീറുറ്റപ്രക്ഷോഭങ്ങൾ, ദില്ലിഅതിർത്തികളിൽ ഭരണകൂടം നടപ്പാക്കിയ ഭീകരാന്തരീക്ഷത്തേയും വേലിക്കെട്ടുകളെയുമെല്ലാം തകർത്തെറിഞ്ഞ് ഒര ുവർഷത്തിലേറെക്കാലം രാജ്യതലസ്ഥാനത്തെ ഉപരോധിച്ചുകൊണ്ട് കർഷകർ നടത്തിയ ഐതിഹാസികപ്രക്ഷോഭം എന്നിവയിൽ പ്രതിഫലിക്കുന്ന ജനങ്ങളുടെ അതൃപ്തിയും രോഷവും തീവ്രമാകുകയാണ്. ഇവയെല്ലാം നമ്മുടെ വിശാലമായ ഉപഭൂഖണ്ഡത്തിൽ ശ്രീലങ്കൻ മാതൃകയിൽ വൻതോതിലുള്ള ഒരു കലാപത്തിന്റെ സാധ്യതയിലേക്കാണ് വിരൽചൂണ്ടുന്നത്. സാമ്രാജ്യത്വത്തിന്റെ ഇന്നത്തെ നവലിബറൽ ഘട്ടത്തിൽ,കോർപ്പറേറ്റ് ശക്തികൾ മനുഷ്യാധ്വാനത്തിന്റെ ചൂഷണവും അഭൂതപൂർവമായതോതിൽ പ്രകൃ

തിയെ കൊള്ളയടിക്കുന്നതും തീവ്രമാക്കുമ്പോൾ, സാമ്രാജ്യത്വവാദികളും അവരുടെ ജൂനിയർ പങ്കാളികളും അടങ്ങിയഭരണവർഗ്ഗങ്ങൾ സർവമേഖലകളിലുംജനങ്ങളെ ഭിന്നിപ്പിക്കാനും ദുർബ്ബലപ്പെടുത്താനുമായി നവ ഫാസിസ്റ്റ് ഭീകരവാദവാഴ്ച്ച അടിച്ചേൽപ്പിക്കുകയാണ്. മതമൗലികവാദം അഥവാ രാഷ്ട്രീയവത്കൃതമതങ്ങൾ, വംശീയത, സങ്കുചിതദേശീയവാദം, ജാതി വ്യവസ്ഥ തുടങ്ങിയ പുനരുജ്ജീവനവാദ ആശയങ്ങളെ,ജനകീയപ്രസ്ഥാനങ്ങൾക്ക് തടയിടാനുള്ള സാമൂഹിക-സാംസ്കാരിക-സൈദ്ധാന്തിക ഉപകരണങ്ങളായി ഉപയോഗിക്കുന്നു. ഇതൊക്കെയാണെങ്കിലും, വരും ദിവസങ്ങളിൽ കൂടുതൽ രാജ്യങ്ങളിൽ നിരന്തരമായും കൂടുതൽ കരുത്തോടെയും ജനകീയപ്രക്ഷോഭങ്ങൾ ആവർത്തിക്കുക തന്നെചെയ്യും.

ചുരുക്കത്തിൽ, നിലവിൽ വിപ്ലവത്തിനുള്ള വസ്തുനിഷ്ഠ സാഹചര്യങ്ങൾ കൂടുതൽ അനുകൂലമാണ്. പക്ഷേ, 1975-ൽ വിയറ്റ്നാമിലും മറ്റ് ഇന്തോ-ചൈനീസ് രാജ്യങ്ങളിലുംഉണ്ടായ വിപ്ലവകരമായ മുന്നേറ്റത്തിന് ശേഷം, നിരവധി രാജ്യങ്ങളിൽ വൻ ജനകീയ പ്രക്ഷോഭങ്ങൾ ഉണ്ടായിട്ടും, സാമ്രാജ്യത്വ ശക്തികളെയും അവരുടെ ജൂനിയർ പങ്കാളികളെയും ഒരിടത്തും അട്ടിമറിക്കാനായില്ല. അതിന്റെ കാരണങ്ങൾ എന്തൊക്കെയാണ്? ജനകീയ കമ്യൂണുകൾ കെട്ടിപ്പടുക്കുകയും സാംസ്കാരിക വിപ്ലവം അഴിച്ചുവിടുകയും ചെയ്തുകൊണ്ട് അവസാന നാളുകൾ വരെ മാവോനടത്തിയ നിരന്തര പോരാട്ടത്തിന് ശേഷവും, മുതലാളിത്ത പാതക്കാർക്ക് ചൈനയിൽ അധികാരം പിടിച്ചെടുക്കാൻ കഴിഞ്ഞത് എന്തുകൊണ്ട്? എന്തുകൊണ്ടാണ്, ഇന്തോ-ചൈന മേഖലയിൽ പോലും, ഇത്രയധികം ത്യാഗങ്ങൾക്ക് ശേഷം വിപ്ലവം വിജയിച്ചതിന് തൊട്ടുപിന്നാലെ, മുതലാളിത്ത പാതക്കാർക്ക്എങ്ങനെ ഇത്ര പെട്ടെന്ന് അധികാരം പിടിച്ചെടുക്കാൻ കഴിഞ്ഞത്? സോഷ്യലിസം കെട്ടിപ്പടുക്കുന്നതിലെ ഈ മുൻകാല അനുഭവങ്ങളുടെ ഒരു പൊതു അവലോകനംപോലും കാണിക്കുന്നത്, സാമ്രാജ്യത്വ വ്യവസ്ഥ അഭിമുഖീകരിക്കുന്ന വർദ്ധിച്ചുവരുന്ന പ്രതിസന്ധികളെ മറികടക്കാൻ അത് നടപ്പാക്കിയ ദ്രുതഗതിയിലുള്ള മാറ്റങ്ങളെ സമൂർത്തമായി വിലയിരുത്താൻ കമ്മ്യൂണിസ്റ്റ് പാർട്ടികൾക്ക് കഴിയാതെ വന്നതിന്റെ ഫലമായിട്ടാണ് എന്നാണ്. ഓരോ രാജ്യത്തിലെയും വസ്തുനിഷ്ഠ സാഹചര്യത്തെ വിശകലനം ചെയ്യുവാനും നിലവിലെ അന്തർദേശീയവും ദേശീയവുമായ സാഹചര്യങ്ങൾക്കനുസരിച്ച് മാർക്സിസ്റ്റ് സിദ്ധാന്തവും പ്രയോഗവും വികസിപ്പിക്കാനും കമ്മ്യൂണിസ്റ്റ്പാർട്ടികൾക്ക് കഴിഞ്ഞില്ല. തൽഫലമായി, വസ്തുനിഷ്ഠമായ സാഹചര്യം വിപ്ലവത്തിന് അനുകൂലമായി നിലകൊള്ളുന്നുണ്ടെങ്കിലും, ആത്മനിഷ്ഠ ശക്തിയായ കമ്മ്യൂണിസ്റ്റ് പാർട്ടി, സാമ്രാജ്യത്വ വെല്ലുവിളികളെ തരണം ചെയ്യാൻ സൈദ്ധാന്തികമായും രാഷ്ട്രീയമായും സംഘടനാപരമായും ശേഷിയില്ലാതെ



തുടരുന്നു. 1950–കളുടെ മധ്യത്തോടെ സാർവദേശീയകമ്മ്യൂണിസ്റ്റ് പ്രസ്ഥാനം (ഐസിഎം) ശക്തമായ ഒരു ശക്തിയായി മാറിയിരുന്നുവെങ്കിൽധസാമ്രാജ്യത്വത്തിന്റെ പടിഞ്ഞാറൻ കാറ്റിന്മേൽ സോഷ്യലിസത്തിന്റെ കിഴക്കൻ കാറ്റ് ആഞ്ഞുവീശുന്നു(മാവോ), ഇന്ന് അത് എല്ലായിടത്തും ദുർബലമായിക്കൊണ്ട് കടുത്ത തിരിച്ചടികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്, എന്തുകൊണ്ട്?

ഉദാഹരണത്തിന് നമ്മുടെ രാജ്യത്തിന്റെ കാര്യമെടുക്കാം. 1920–കളിൽ ഒക്ടോബർ വിപ്ലവത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് ഇന്ത്യയിൽ കമ്മ്യൂണിസ്റ്റ് പാർട്ടികെട്ടിപ്പടുക്കാൻ തുടങ്ങിയത്. എന്നാൽ കഴിഞ്ഞകാലങ്ങളിൽ നിരവധി മഹത്തായ പോരാട്ടങ്ങൾ നടത്താൻകഴിഞ്ഞിട്ടും ഒരു നൂറ്റാണ്ടിന് ശേഷം അതിന് എന്ത് സംഭവിച്ചു? എന്തുകൊണ്ടാണ് അത് അനേകം പ്രത്യയശാസ്ത്ര, രാഷ്ട്രീയ ധാരകളായും ചെറുഗ്രൂപ്പുകളായും ശിഥിലീകരിക്കപ്പെട്ട്, മുഖ്യധാരാ രാഷ്ട്രീയരംഗത്ത് ഒരു പ്രധാന പങ്ക് വഹിക്കാൻ അശക്തമായിത്തീർന്നത്?1925ൽ രൂപീകൃതമായ ആർഎസ്എസ് അധികാരം പിടിച്ചെടുക്കുകയും എല്ലാ മേഖലകളിലും നവ ഫാസിസ്റ്റ് മേധാവിത്വം ഉറപ്പിക്കുകയും ചെയ്തുകൊണ്ട്, അതിന്റെ നൂറാം വാർഷികത്തിൽ ഇന്ത്യയെ ഹിന്ദുരാഷ്ട്രമായി പ്രഖ്യാപിക്കുന്നതിലേക്ക് ധാർഷ്ട്യത്തോടെ നീങ്ങിക്കൊണ്ടിരിക്കുമ്പോൾ ഇങ്ങനെ സംഭവിക്കുന്നത് എന്തുകൊണ്ടാണ്?

ആരംഭം മുതൽക്കുതന്നെ ആവർത്തിച്ചുള്ള പ്രതിസന്ധി നേരിടുന്ന മുതലാളിത്ത സാമ്രാജ്യത്വ വ്യവസ്ഥ അതിന്റെ ആഗോളആധിപത്യംതുടരുന്നു. അതേസമയം ലോക ജനസംഖ്യയുടെ മൂന്നിലൊന്ന് വരുന്ന 13 രാജ്യങ്ങൾക്ക്പുറമെ,1950 കളോടെ മറ്റനവധി രാജ്യങ്ങളിൽ ദേശീയവിമോചനപ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകിക്കൊ




രിയായിവികസിച്ച സാർവദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം എന്തുകൊണ്ട്ദുർബലമാവുകയും ഇത്രമാത്രം ശിഥിലീകരിക്കപ്പെടുകയും ചെയ്തു? എല്ലാ സോഷ്യലിസ്റ്റ്രാജ്യങ്ങളും മുതലാളിത്തപാതയിലേക്ക് അധഃപതിക്കുകയുംചെയ്തിരിക്കുന്നു.എല്ലായിടത്തേയും കമ്മ്യൂണിസ്റ്റ്പാർട്ടികൾ ശക്തമായ ജനകീയമുന്നേറ്റങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിന് അശക്തരായിരിക്കുന്നു. ഇതെല്ലാം ഗൗരവമായ ആത്മപരിശോധന ആവശ്യപ്പെടുന്നില്ലേ?

ഈ സാഹചര്യത്തിലാണ് സിപിഐ (എംഎൽ) റെഡ് സ്റ്റാർ 12–ാം കോൺഗ്രസ് ചേരുന്നത്. കഴിഞ്ഞ നാല് പതിറ്റാണ്ടുകളായി നടത്തുന്നശ്രമങ്ങളുടെ തുടർച്ചയായി നിലവിലെ മൂർത്തമായ സാഹചര്യങ്ങൾക്കനുസൃതമായി അതിന്റെ പരിപാടിയും വിപ്ലവത്തിന്റെ പാതയും രാഷ്ട്രീയ പ്രമേയവും നവീകരിക്കാനുള്ള വെല്ലുവിളി അത് ഏറ്റെടുക്കുന്നു. സിപിഐ (എം

ഘടനാ പ്രക്രിയയുടെ ഭാഗമായി 1979–ൽ രൂപീകൃതമായ കാലം മുതൽ നമ്മുടെ പാർട്ടിയുടെ ഇതുവരെയുള്ള വളർച്ചയുടെഒരു അവലോകനം കാണിക്കുന്നത്, ഇതുവരെ നമുക്ക് സ്വായത്തമാക്കാൻ കഴിഞ്ഞ നേട്ടങ്ങൾക്കെല്ലാം കാരണങ്ങൾ ഇനിപറയുന്നവയാണ്: വലത് അവസരവാദ, ഇടത് സാഹസിക വ്യതിയാനങ്ങൾക്കെതിരെ നാം നടത്തിയ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടം, ഇന്ത്യൻ സാമൂഹിക യാഥാർത്ഥ്യങ്ങളുടെയും രണ്ടാം ലോക മഹായുദ്ധകാലത്തും അതിനുശേഷവും സാർവദേശീയതലത്തിൽ സംഭവിച്ച വലിയ മാറ്റങ്ങളുടെയും സമൂർത്തവിശകലനം നടത്തി നമ്മുടെസിദ്ധാന്തവും പ്രയോഗവും അതിനനുസരിച്ച് വികസിപ്പിക്കാൻ ശ്രമിച്ചത്; പ്രത്യേകിച്ചും അമേരിക്കയുടെ നേതൃത്വത്തിലുള്ള സാമ്രാജ്യത്വ ചേരി ആഗോളവൽക്കരണം-ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം എന്നീ നവ ഉദാരവൽക്കരണ നയങ്ങൾ


അടിച്ചേൽപ്പിക്കുകയും, അവയെ തീവ്രമാക്കി നാമിന്നുകാണുന്ന രീതിയിൽ കോർപ്പറേറ്റ് വൽക്കരണവും സാമ്പത്തികവൽക്കരണവും സാർവത്രികമാക്കുകയുംചെയ്തുകൊണ്ട്, ചുരുക്കം ചില കോർപ്പറേറ്റ് ശക്തികളുടെ പക്കൽ അഭൂതപൂർവമായ സമ്പത്ത് കുന്നുകൂടുന്നതിലേക്ക് നയിക്കുകയും, അധ്വാനിക്കുന്നജനങ്ങൾക്ക് കടുത്ത ദുരിതങ്ങൾ സമ്മാനിക്കുകയും ചെയ്യുന്നു., മൂലധനം അനുദിനം വർദ്ധമാനമായതോതിൽ പ്രകൃതിയെ നിരന്തരം കൊള്ളയടിക്കുന്നത് പാരിസ്ഥിതികദുരന്തത്തിന് വഴിവെക്കുകയും ഭൂമുഖത്തെ മനുഷ്യരാശിയുടെ നിലനില്പിനുതന്നെ ഭീഷണിയുയർത്തുകയും ചെയ്യുന്നു. ഇത്തരമൊരു അപകടകരമായ സാഹചര്യത്തിലും അതിനെ മറികടക്കാൻ ധീരമായ മുൻകൈയെടുക്കുന്നതിനുപകരം കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം എങ്ങനെയാണ് ദുർബലമായത്? മുൻകാല അനുഭവങ്ങളുടെയും, നിലവിലെ സ്തംഭനാവസ്ഥയുടെയും സൈദ്ധാന്തിക ബലഹീനതയുടെയും സമഗ്രമായ വിലയിരുത്തൽ നടത്താതെ സാർവദേശീയ കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിന് പുതിയ ഉയരങ്ങളിലെത്താനുള്ള പരിഹാരമാർഗങ്ങൾകണ്ടെത്താനും തെറ്റുകൾ തിരുത്താനും കഴിയില്ല.

മുതലാളിത്തം ഒരു ലോക വ്യവസ്ഥയെന്നനിലയിൽലോകത്തെ മുഴുവൻ സ്വന്തം പ്രതിച്ഛായയിൽ എങ്ങനെ പുനർനിർമ്മിക്കുന്നുവെന്നും സാർവദേശീയതലത്തിൽ സമസ്തമേഖലകളെയും അത് എങ്ങനെ ആഗോളവൽക്കരിക്കുന്നുവെന്നും ശാസ്ത്രീയമായി ചൂണ്ടിക്കാട്ടുന്നു എന്നതാണ് മാർക്സിന്റെ വിശകലനത്തിന്റെ മഹത്വം. മുതലാളിത്ത വ്യവസ്ഥയെ അട്ടിമറിച്ച്, വിട്ടുവീഴ്ചയില്ലാതെ,തുടർച്ചയായസോഷ്യലിസ്റ്റ് പരിവർത്തനത്തിലൂടെ വികസിക്കുന്ന, കമ്മ്യൂണിസ്റ്റ് സമൂഹം എന്നബദൽ കെട്ടിപ്പടുക്കുന്നതിലൂടെ മാത്രമേ മനു

മുൻകാല അനുഭവങ്ങളുടെയും, നിലവിലെ സ്തംഭനാവസ്ഥയുടെയും സൈദ്ധാന്തിക ബലഹീനതയുടെയും സമഗ്രമായ വിലയിരുത്തൽ നടത്താതെ സാർവദേശീയ കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിന് പുതിയ ഉയരങ്ങളിലെത്താനുള്ള പരിഹാരമാർഗങ്ങൾ കണ്ടെത്താനും തെറ്റുകൾ തിരുത്താനും കഴിയില്ല.

ഷ്യരാശിയെ അതിന്റെ ക്രൂരമായ ആധിപത്യത്തിൽ നിന്ന് രക്ഷിക്കാനും പ്രകൃതിയെ മൂലധനംനടത്തുന്നകൊള്ളയിൽ നിന്ന് രക്ഷിക്കാനും കഴിയൂ എന്ന് എംഗൽസിനൊപ്പം കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിൽ അദ്ദേഹം പ്രഖ്യാപിച്ചു. മുതലാളിത്തത്തെക്കുറിച്ചുള്ള ഉജ്ജ്വലമായ പഠനങ്ങളിലൂടെ മാർക്സ് വർഗവിഭജിത സമൂഹത്തിൽ നിന്ന് വർഗരഹിത സമൂഹത്തിലേക്കുള്ള പരിവർത്തനംഎങ്ങനെ സാധ്യമാക്കാമെന്ന് ചൂണ്ടിക്കാണിച്ചു. ഈ പഠനങ്ങളുടെ അവിഭാജ്യ ഘടകമെന്ന നിലയിൽ, ഒരു പുതിയ ലോകത്തിലേക്കുള്ള ഈ പരിവർത്തനത്തെ ആഴത്തിലാക്കാനും ശക്തിപ്പെടുത്താനും ഉപരിഘടനയുടെ തുടർച്ചയായ പരിവർത്തനത്തിന് അദ്ദേഹം ആഹ്വാനം ചെയ്തു. കമ്മ്യൂണിസ്റ്റ് ലീഗിന് വേണ്ടി കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ തയ്യാറാക്കുകയും തൊഴിലാളിവർഗത്തിന്റെ ആദ്യ ഇന്റർനാഷണൽ ആരംഭിക്കുകയും ചെയ്തത് വിപ്ലവ പ്രസ്ഥാനത്തിന് ഉണർവുണ്ടാക്കി. മാനിഫെസ്റ്റോ വിശദീകരിച്ചു: '... കമ്മ്യൂണിസ്റ്റുകാർ അടിയന്തിരലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനും തൊഴിലാളിവർഗത്തിന്റെ താൽക്കാലികതാൽപ്പര്യങ്ങൾ നടപ്പിലാക്കുന്നതിനും വേണ്ടി പോരാടുന്നു; എന്നാൽ വർത്തമാനകാലത്തിന്റെ ചലനത്തിൽ, അവർ ആ പ്രസ്ഥാനത്തിന്റെ ഭാവിയെ പ്രതിനിധീകരിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. നിലവിലുള്ള സാമൂഹികവും രാഷ്ട്രീയവുമായ വ്യവസ്ഥക്കെതിരായ എല്ലാ വിപ്ലവ പ്രസ്ഥാനങ്ങളെയും കമ്മ്യൂണിസ്റ്റുകൾ എല്ലായിടത്തും പിന്തുണയ്ക്കുന്നു. ഈ പ്രസ്ഥാനങ്ങളിലെല്ലാം,അവയുടെവളർച്ചയുടെ നിലവാരം എന്തുതന്നെയായാലും, കമ്മ്യൂണിസ്റ്റുകാർ മുന്നോട്ടുവെക്കുന്ന പ്രധാന പ്രശ്നം സ്വത്തിന്റെ പ്രശ്നമാണ്.... '

'കമ്മ്യൂണിസ്റ്റുകാർ അവരുടെ കാഴ്ചപ്പാടുകളും ലക്ഷ്യങ്ങളും മറച്ചുവെക്കുന്നതിനെ വെറുക്കുന്നു.. നിലവിലുള്ള എല്ലാ സാമൂഹിക സാഹചര്യങ്ങളെയും ബലപ്രയോഗത്തിലൂടെഅട്ടിമറിച്ചാൽ മാത്രമേ തങ്ങളുടെ ലക്ഷ്യങ്ങൾ കൈവരിക്കാനാകൂ എന്ന് അവർ പരസ്യമായി പ്രഖ്യാപിക്കുന്നു. കമ്മ്യൂണിസ്റ്റ് വിപ്ലവത്താൽ ഭരണവർഗങ്ങൾ പേടിച്ചുവിറക്കട്ടെ. തൊഴിലാളിവർഗത്തിന് ഒന്നുംനഷ്ടപ്പെടാനില്ല, അവരുടെ ചങ്ങലക്കെട്ടുകളല്ലാതെ. അവർക്ക് നേടാൻ ഒരു ലോകമുണ്ട്.സർവരാജ്യ തൊഴിലാളികളേ, ഒന്നിക്കുക! (കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയുടെ ഉപസംഹാരത്തിൽ




നിന്ന്)സാർവദേശീയതലത്തിൽഏകോപിപ്പിക്കപ്പെട്ട തൊഴിലാളി പ്രസ്ഥാനങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, 1871-ൽ പാരീസ് കമ്മ്യൂൺ പൊട്ടിപ്പുറപ്പെട്ടു, അത് തൊഴിലാളിവർഗത്തിന്, മുതലാളിമാരുടെ കോട്ടകൊത്തളങ്ങളെ കടന്നാക്രമിക്കാനും രാഷ്ട്രീയ അധികാരം പിടിച്ചെടുക്കാനും മുതലാളിത്തത്തിന് പകരം തൊഴിലാളിവർഗ ബദൽ പടുത്തുയർത്തുന്നതിനു തുടക്കമിടാനും കഴിയുമെന്ന് തെളിയിച്ചു. മുതലാളിത്ത സർക്കാരുകളുടെ സംയുക്ത ശക്തികളാൽ അടിച്ചമർത്തപ്പെട്ടെങ്കിലും, മാർക്സ് കമ്മ്യൂണാർഡുകളുടെ വിപ്ലവ ധീരതയെ അഭിവാദ്യം ചെയ്യുകയും, വിപ്ലവ കേന്ദ്രം തകർക്കപ്പെടാതെ മുന്നേറാൻ കൂടുതൽ ശക്തമായി സംഘടിക്കാനും സാർവദേശീയതൊഴിലാളിവർഗത്തിന്റെ പിന്തുണ നേടാനും അവരെ ആഹ്വാനം ചെയ്തു. (ഫ്രാൻസിലെ ആഭ്യന്തരയുദ്ധം). പാരീസ് കലാപത്തിന്റെഭൂതം മുതലാളിത്തത്തിന്റെ കുത്തകവൽക്കരണ പ്രക്രിയയെ വേഗത്തിലാക്കാൻ മുതലാളിത്തശക്തികളെ നിർബന്ധിതരാക്കി, അത് സാമ്രാജ്യത്വത്തിന്റെ യുഗത്തിലേക്ക് നയിച്ചു. താമസിയാതെ ലോകം മുഴുവൻ ഒരുപിടിസാമ്രാജ്യത്വ രാജ്യങ്ങൾക്കിടയിൽ വിഭജിക്കപ്പെട്ടു.

എന്നാൽ, ധനമൂലധനത്തിന്റെ കയറ്റുമതിയും കൊളോണിയൽ കൊള്ളയും, സാമ്രാജ്യത്വ രാജ്യങ്ങൾ അഭിമുഖീകരിക്കുന്ന ആവർത്തിച്ചുള്ള പ്രതിസന്ധികളെയും കൊളോണിയൽ ആധിപത്യത്തിൻ കീഴിലുള്ള രാജ്യങ്ങളുടെ പുനർവിഭജനത്തിനായി അവർക്കിടയിൽ വർദ്ധിച്ചുവരുന്ന മത്സരത്തേയും അവസാനിപ്പിച്ചില്ല. രണ്ടാമത്തേത് താമസിയാതെ ഒന്നാം ലോക മഹായുദ്ധത്തിലേക്ക് നയിച്ചു. സാമ്രാജ്യത്വങ്ങൾക്കിടയിൽപരസ്പരയുദ്ധം പൊട്ടിപ്പുറപ്പെട്ടാൽ, സ്വന്തം ബൂർഷ്വാ ഭരണവർഗത്തിനെതിരെയുള്ള ആഭ്യന്തരയുദ്ധമാക്കി അതിനെമാറ്റിത്തീർക്കുന്നതിനായി തൊഴിലാളിവർഗത്തെ അണിനിരത്താൻ രണ്ടാം ഇന്റർനാഷണലിന്റെ ബാസിൽ സമ്മേളനം അതിൽ അംഗങ്ങളായ സോഷ്യൽ ഡെമോക്രാറ്റിക്പാർട്ടികളോട് ആഹ്വാനം ചെയ്തിരുന്നു എന്നാൽ 1914-ൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ, മിക്ക രാജ്യങ്ങളിലേയും നേതൃത്വങ്ങൾ സ്വന്തം രാജ്യങ്ങളിലെ ബൂർഷ്വാസിക്ക് കീഴടങ്ങി. ഇത് രണ്ടാം ഇന്റർനാഷണലിന്റെതകർച്ചയിലേക്ക് നയിച്ചു. ഈ സാഹചര്യത്തിലാണ് സാമ്രാജ്യത്വ കാലഘട്ടത്തിൽ മുതലാളിത്ത വ്യവസ്ഥിതി കൂടുതൽ കിരാതമായിമാറിയത് എങ്ങനെയെന്ന് ലെനിൻ വിശദീകരിച്ചത്. അതിന്റെ ഏറ്റവും ദുർബല കണ്ണിയായ സാറിസ്റ്റ് റഷ്യയിൽ നിന്ന് അതിനെ അട്ടിമറിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു. ഒക്ടോബർ വിപ്ലവം സോവിയറ്റ് യൂണിയൻ രൂപീകരിക്കുന്നതിലേക്കും സോഷ്യലിസ്റ്റ് നിർമ്മാണത്തിന് തുടക്കമിട്ടതിലേക്കും കമ്മ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെ സ്ഥാപനത്തിലേക്കും നയിച്ചു. 1950കളോടെ മുതലാളിത്ത സാമ്രാജ്യത്വ വ്യവസ്ഥയെ ലോകവ്യാപകമായി പരാജയപ്പെടുത്തുന്നതിനുള്ള സാധ്യതകൾ സൃഷ്ടിച്ച പ്രസ്ഥാനത്തിന്റെ ഉയർച്ചയ്ക്ക് ഈ വിപ്ലവകരമായ നടപടികൾ വഴിയൊരുക്കി. എന്നാൽ, രണ്ടാം ലോകമഹായുദ്ധത്തിനു ശേഷമുള്ള അമേരിക്കയുടെ നേതൃത്വത്തിൽ നടന്ന നവകൊളോണിയൽ പ്രതിവിപ്ലവ കടന്നാക്രമണത്തെ ശരിയായി വിലയിരുത്തുന്നതിലും അന്നുവരെ നടപ്പാക്കിയ സോഷ്യലിസ്റ്റ്മാതൃകയുടെഅനുഭവങ്ങളിൽ നിന്ന് പാഠങ്ങളുൾക്കൊണ്ട് കൂടുതൽ വ്യക്തതയോടെ സോഷ്യലിസ്റ്റ് ബദൽ മുന്നോട്ടുവെക്കുന്നതിലും സാർവദേശീയകമ്മ്യൂണിസ്റ്റ്പ്രസ്ഥാനം പരാജയപ്പെട്ടപ്പോൾ ഈ വലിയ

സാധ്യതകൾ എല്ലാ മേഖലകളിലും കനത്ത തിരിച്ചടികൾക്ക് വഴിമാറി. നവ കൊളോണിയലിസത്തിന്റെ മാപ്പുസാക്ഷികളായി മാറിയ സോവിയറ്റ് കമ്മ്യൂണിസ്റ്റ് നേതൃത്വത്തിന്റെ 1950-കളിൽ പ്രകടമായ ഈ ദൗർബല്യമാണ് സാർവദേശീയകമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തെ കടുത്ത തിരിച്ചടികളിലേക്ക് നയിച്ചത്. മുതലാളിത്ത പാതക്കാരെ ചെറുത്തുതോൽപ്പിക്കാനായിസാംസ്കാരികവിപ്ലവത്തിന് തുടക്കംകുറിച്ചുകൊണ്ടും മുതലാളിത്ത പാതക്കാരെ അധികാരസ്ഥാനങ്ങളിൽ നിന്ന് പുറത്താക്കിജനകീയകമ്മ്യൂണുകൾസ്ഥാപിച്ചും മാവോ മഹത്തായ ഒരു സമരത്തിനു നേതൃത്വം നൽകുകയുണ്ടായി. പക്ഷെ പുതിയ യുഗത്തെക്കുറിച്ചുള്ള സിദ്ധാന്തവുമായി 'ഇടത്' വിഭാഗീയശക്തികൾ ഏതാനുംവർഷം അധികാരം കവർന്നെടുക്കുകയും യുഎസ് നേതൃത്വത്തിലുള്ള സാമ്രാജ്യത്വചേരിയുടെ യുദ്ധാനന്തരനീക്കങ്ങളെക്കുറിച്ചുള്ളതെറ്റായ വിലയിരുത്തലുകളിലൂടെകടുത്ത തിരിച്ചടികൾക്കിടയാക്കുകയും ചെയ്തു. ലോകമെമ്പാടും പുതുതായി ഉയർന്നുവന്ന മാർക്സിസ്റ്റ്-ലെനിനിസ്റ്റ് ശക്തികൾ ഇവരുടെ സ്വാധീനത്താൽ അതിവേഗം തിരിച്ചടികൾ ഏറ്റുവാങ്ങുകയും ശിഥിലമാവുകയും ചെയ്തു. സാർവദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനംനേരിട്ട ഈ തിരിച്ചടികൾ മുതലെടുത്ത്, സ്വന്തം പ്രതിസന്ധി മറികടക്കാൻ, 1970 കളിൽ യുഎസ് ക്യാമ്പ് നവലിബറൽ ആക്രമണം ആരംഭിച്ചപ്പോൾ, ഒരു വശത്ത് വലത്അവസരവാദികൾ 'നവ-ലിബറൽനയങ്ങൾക്ക്ബദലില്ല' എന്ന് പ്രഖ്യാപിച്ച് സാമൂഹ്യ ജനാധിപത്യത്തിലേക്ക് (social democracy) അധഃപതിച്ചു. മറുവശത്ത് വിഭാഗീയ നയങ്ങൾ പിന്തുടരുന്നതിലൂടെ 'ഇടത്' സാഹസിക ധാര ഇടതുപക്ഷ ജനങ്ങളിൽ നിന്ന് കൂടുതൽ അകന്നു.

അന്താരാഷ്ട്രതലത്തിലെ ഈ നിർണായക സാഹചര്യം വിവിധ രൂപങ്ങളിൽ ഇന്ത്യയിൽ പ്രകടമാവുകയും, മാർക്സിസ്റ്റ് ലെനിനിസ്റ്റ്ശക്തികളെ ശിഥിലീകരിക്കുകയും ചെയ്യുകയുണ്ടായി, ഇന്ത്യൻ സാഹചര്യത്തിന്റെ സമൂർത്തവിശകലനത്തിലൂടെയും അതിനനുസരിച്ച് എംഎൽ സിദ്ധാന്തവും പ്രയോഗവും വികസിപ്പിക്കുകയും ചെയ്തുകൊണ്ട്, സിപിഐ (എംഎൽ) പ്രസ്ഥാനത്തെ പുനഃസംഘടിപ്പിക്കുന്നതിനുള്ള സ്വന്തം ശ്രമങ്ങൾക്ക് നാം തുടക്കമിട്ടത്.. 1979-ൽ സിആർസിസിപിഐ (എംൽ) രൂപീകരിക്കുകയും 1982-ൽ പ്രഥമ അഖിലേന്ത്യാ സമ്മേളനം വിളിച്ചുകൂട്ടുകയും ചെയ്തുകൊണ്ട് ഈ നാല് പതിറ്റാണ്ടുകളുടെ ശ്രമങ്ങൾ ആരംഭിച്ചു. ഈ പ്രക്രിയയാണ് സിപിഐ (എംൽ)റെഡ് സ്റ്റാറിന്റെ 12-ാമത് കോൺഗ്രസ് വിളിച്ചുകൂട്ടുന്നതിലേക്ക് നയിച്ചത്. പാർട്ടി പരിപാടി, വിപ്ലവത്തിന്റെ പാത, രാഷ്ട്രീയ പ്രമേയം എന്നിവയെ കൂടുതൽ നവീകരിക്കാനുള്ള ചുമതല അത് ഏറ്റെടുക്കും. പാർട്ടി കോൺഗ്രസ് ഈ കരട് രേഖകൾ ചർച്ച ചെയ്ത് അംഗീകരിക്കുന്നതോടെ ആർഎസ്എസ് നവ ഫാസിസം ഉയർത്തുന്ന വെല്ലുവിളിയെ നേരിടാൻ അവ പാർട്ടിയെ പ്രാപ്തമാക്കും. സാധ്യമായ ഏറ്റവും വിശാലമായ ഫാസിസ്റ്റ് വിരുദ്ധ മുന്നണി കെട്ടിപ്പടുക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും നടത്തുന്നതിനുള്ള അടിസ്ഥാനം അത് നൽകും. മുൻകാല തെറ്റുകളിൽ നിന്ന് പാഠങ്ങളുൾക്കൊണ്ട് സ്വതന്ത്രമായ ഇടത് അസ്തിത്വമുറപ്പിച്ചുകൊണ്ടായിരിക്കും ഇത് സാധ്യമാക്കുക. സിപിഐ (എംഎൽ) റെഡ് സ്റ്റാർ രണ്ടോ മൂന്നോ സംസ്ഥാനങ്ങളിലെ ഏതാനും പ്രദേശങ്ങളിൽ ഒതുങ്ങിനിൽക്കുന്ന ഒരു ചെറിയ ഗ്രൂപ്പിൽ നിന്നും, ഈ പ്രക്രിയയിലൂടെ ഇന്നത്തെ പ്രത്യയശാസ്ത്ര വ്യക്തതയിലേക്കും സംഘടനാ ശക്തിയിലേക്കും വളർന്നിരിക്കുന്നു. അതുകൊണ്ട് 12-ാം പാർട്ടി കോൺഗ്രസ് വൻ വിജയമാക്കേണ്ടത് മുഴുവൻ പാർട്ടിയുടെയും എല്ലാ അംഗങ്ങളുടെയും ഉത്തരവാദിത്തമാണ്. ■

> 1979-ൽ സിആർസിസിപിഐ (എംൽ) രൂപീകരിക്കുകയും 1982-ൽ പ്രഥമ അഖിലേന്ത്യാ സമ്മേളനം വിളിച്ചുകൂട്ടുകയും ചെയ്തുകൊണ്ട് ഈ നാല് പതിറ്റാണ്ടുകളുടെ ശ്രമങ്ങൾ ആരംഭിച്ചു. ഈ പ്രക്രിയയാണ് സിപിഐ (എംൽ)റെഡ് സ്റ്റാറിന്റെ 12-ാമത് കോൺഗ്രസ് വിളിച്ചുകൂട്ടുന്നതിലേക്ക് നയിച്ചത്. പാർട്ടി പരിപാടി, വിപ്ലവത്തിന്റെ പാത, രാഷ്ട്രീയ പ്രമേയം എന്നിവയെ കൂടുതൽ നവീകരിക്കാനുള്ള ചുമതല അത് ഏറ്റെടുക്കും.



**പി ജെ ജെയിംസ്**

# ആർഎസ്എസ് നവ ഫാസിസത്തിനെതിരെ ഫാസിസ്റ്റ് വിരുദ്ധ പ്രസ്ഥാനം കെട്ടിപ്പടുക്കേണ്ടതിനെ കുറിച്ച്

**പശ്ചാത്തലം**

ലോകത്തിലെ ഏറ്റവും വലിയ ഫാസിസ്റ്റ് സംഘടനയായ ആർഎസ്എസിന്റെ രാഷ്ട്രീയ ഉപകരണമാണ് ഇന്ത്യയിൽ ഭരണകൂട അധികാരം കയ്യാളുന്ന ബിജെപി. യൂറോപ്പിൽ ഫാസിസം പ്രത്യക്ഷപ്പെട്ട ഏതാണ്ട് അതേ സമയത്താണ് മനുസ്മൃതിയുടെ പ്രത്യയശാസ്ത്ര അടിത്തറയുള്ള ആർഎസ്എസ് 1925-ൽ ഹെഡ്ഗേവാറിനെ ആദ്യത്തെ സർസംഘചാലകായിഅവരോധിച്ചത്. ഇന്ത്യയെ സംബന്ധിച്ചിടത്തോളം, കൊളോണിയൽ ഭരണത്തെ മാത്രമല്ല, ഫ്യൂഡൽ ക്രമത്തെയും ബ്രാഹ്മണ ജാതി വ്യവസ്ഥയെയും വെല്ലുവിളിച്ചുകൊണ്ട് വളരെ പ്രക്ഷുബ്ധാത്മകമായിരുന്നു ആർഎസ്എസ് ഉത്ഭവിച്ച 1920-കളുടെ ദശകം. ദലിതരടക്കമുള്ള അസ്പൃശ്യ ജനവിഭാഗം ഫൂലെയുടെയും പിന്നീട് ഡോ. അംബേദ്ക്കറുടെയും നേതൃത്വത്തിൽ തങ്ങളുടെ സാമൂഹ്യാതിർത്തികളെ ഭേദിച്ച് രാഷ്ട്രീയ മുഖ്യധാരകളിലേക്ക് എത്തിയിരുന്നു. ഇതുൾപ്പെടെയുള്ള, സവർണ്ണ വരേണ്യ മേധാവിത്വത്തിനെതിരായ വെല്ലുവിളികളാണ് ആർഎസ്എസ് രൂപീകരണത്തിലൂടെ ബ്രാഹ്മണ നേതൃത്വത്തെ അതിന്റെ ആധിപത്യം പുനഃസ്ഥാപിക്കാൻ പ്രേരിപ്പിച്ചത്. ആർഎസ്എസ് രൂപീകരിക്കുന്നതിന് മുമ്പ്, സവർക്കർ അതിന്റെ പ്രത്യയശാസ്ത്ര പശ്ചാത്തലമായി ഹിന്ദുത്വ അഥവാ രാഷ്ട്രീയ ഹിന്ദുത്വം (ഹിന്ദുമതത്തിൽ നിന്ന് വ്യത്യസ്തമാണ് ഹിന്ദുത്വം) സ്ഥാപിച്ചു. 'ഹിന്ദുത്വ: ആരാണ് ഹിന്ദു?' എന്ന തന്റെ കൈയെഴുത്തു പ്രതിയിൽ, മുസ്ലീങ്ങളും ക്രിസ്ത്യാനികളും ഇന്ത്യയിലെ മറ്റെല്ലാ ന്യൂനപക്ഷങ്ങളും ഒഴികെയുള്ള ഹിന്ദുക്കളുടെ രാഷ്ട്രമാണ് ഇന്ത്യയെന്ന് സവർക്കർ വാദിച്ചിരുന്നു. 1940-ൽ ഹെഡ്ഗേവാറിന്റെ മരണശേഷം, ആർഎസ്എസിന്റെ രണ്ടാമത്തെ സർസംഘചാലകായി മാറിയ ഗോൾവാൾക്കർ അതിനെ ഒരു തീവ്രവാദ ഹിന്ദുത്വ സംഘടനയായി വികസിപ്പിച്ചു, തൊട്ടുകൂടാത്തവരെ കീഴടക്കാനും മതന്യൂനപക്ഷങ്ങളെ, പ്രത്യേകിച്ച് മുസ്ലിംകളെ കളങ്കപ്പെടുത്താനും ഇല്ലാതാക്കാനും ശ്രമിച്ചു.

പല ചരിത്രകാരന്മാരും പണ്ഡിതന്മാരും ചൂണ്ടിക്കാണിച്ചതുപോലെ, യൂറോപ്പിൽ, പ്രത്യേകിച്ച് ഇറ്റലിയിലും ജർമ്മനിയിലും, ലോകമഹായുദ്ധങ്ങൾക്കിടയിലുള്ള കാലഘട്ടത്തിലെ ഏറ്റവും വലിയ സാമ്രാജ്യത്വ രാഷ്ട്രീയ-സാമ്പത്തിക പ്രതിസന്ധിയുടെ കാലഘട്ടത്തിൽ ഉടലെടുത്ത യൂറോപ്യൻ ഫാസിസവുമായും (ക്ലാസിക്കൽ ഫാസിസം) തുടക്കം മുതൽ തന്നെ ആർഎസ്എസിന് അടുത്ത ബന്ധമുണ്ടായിരുന്നു. അക്കാലത്തെ ആർഎസ്എസ് നേതാക്കൾ മുസ്സോളിനി, ഹിറ്റ്ലർ തുടങ്ങിയ

ഫാസിസ്റ്റ് നേതാക്കളുമായി നേരിട്ട് ബന്ധം സ്ഥാപിച്ചിരുന്നു. ഉദാഹരണത്തിന്, ഹെഡ്ഗേവാറിന്റെ ഉപദേഷ്ടാവും രാഷ്ട്രീയ ഗുരുവുമായ മൂൻജെ 1931–ൽ ഇറ്റാലിയൻ ഫാസിസ്റ്റ് സ്വേച്ഛാധിപതി മുസ്സോളിനിയെ സന്ദർശിച്ചു. കറുത്ത ഷർട്ട് അണിഞ്ഞ അർദ്ധസൈനിക ഗുണ്ടകളെ പരിശീലിപ്പിച്ച ഫാസിസ്റ്റ് അക്കാദമി ഓഫ് ഫിസിക്കൽ എജ്യുക്കേഷനിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് 1937–ൽ നാസിക്കിൽ ഭോൻസല മിലിട്ടറി സ്കൂൾ ആരംഭിച്ചു. ഇതിലൂടെ സെൻട്രൽ ഹിന്ദു മിലിട്ടറി എജ്യുക്കേഷൻ സൊസൈറ്റിയുടെ മാനേജ്മെന്റിന് കീഴിലുള്ള ആർഎസ്എസ് പ്രവർത്തകർക്കും ഹിന്ദുത്വ ഗുണ്ടകൾക്കും അർദ്ധസൈനിക പരിശീലനം നൽകി. 2008ലെ മാലേഗാവ് സ്ഫോടനം ഉൾപ്പെടെയുള്ള ഹിന്ദുത്വ തീവ്രവാദ ഗ്രൂപ്പുകളുടെ ഭീകര പ്രവർത്തനങ്ങളുമായി ഭോൻസാല സ്കൂളിന്റെ ബന്ധം ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്. ഹിറ്റ്ലറെ പ്രശംസിച്ച ഗോൾവാൾക്കർ ഹിറ്റ്ലറുടെ വംശീയ വിശുദ്ധിയുടെ സിദ്ധാന്തം ഉയർത്തിപ്പിടിച്ചു. സെമിറ്റിക് വംശങ്ങളെയും ജൂതന്മാരെയും തുടച്ചുനീക്കാനുള്ളഹിറ്റ്ലർ – നാസി രീതിയെ അദ്ദേഹം പ്രശംസിക്കുകയും മുസ്ലീം പ്രശ്നം പരിഹരിക്കാൻ ഇന്ത്യക്ക് ഇത് ഒരു നല്ല പാഠമായി നിർദ്ദേശിക്കുകയും ചെയ്തു. RSS ന്റെ അടിസ്ഥാന പ്രത്യയശാസ്ത്രം അല്ലെങ്കിൽ ഹിന്ദു രാഷ്ട്ര സിദ്ധാന്തം അനുസരിച്ച്, 'ഹിന്ദുക്കളുടെ മാത്രമായ, ഇന്ത്യൻ രാഷ്ട്രം രൂപീകരിക്കുക'എന്നാണ്. അതേ സമയം, ഗോൾവാൾക്കറെ സംബന്ധിച്ചിടത്തോളം, ജാതീയത 'ഹിന്ദു രാഷ്ട്ര'ത്തിന്റെ പര്യായമായിരുന്നു. ചരിത്രപരമായി ഇന്ത്യ ബഹുമതവും ബഹുഭാഷയും ബഹുഭാഷയും ഉൾക്കൊള്ളുന്ന പ്രദേശമാണ്. അതു പോലെ വംശീയവും ബഹുസാംസ്കാരികവും അനേകം ദേശീയതകളും ചേർന്നതാണ്. മനുഷ്യത്വരഹിതമായ ജാതി വ്യവസ്ഥ ഈ സ്വത്വങ്ങളെയെല്ലാം മുറിച്ചുകടക്കുന്നുണ്ട്. ഒരു ഫാസിസ്റ്റ് സംഘടന എന്ന നിലയിൽ, ആർ.എസ്.എസ്. അതിന്റെ തുടക്കം മുതൽ തന്നെ ഇസ്ലാമോഫോബിയ പരത്തുകയും, ക്രിസ്ത്യൻ, കമ്മ്യൂണിസ്റ്റ്, സ്ത്രീ വിരുദ്ധ, ദളിത് വിരുദ്ധമായിരുന്നിട്ടുമുണ്ട്. തങ്ങളുടെ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ അക്രമം ഉപയോഗിക്കുന്ന പതിവും നിലനിർത്തിയിട്ടുണ്ട്.

കൊളോണിയൽ അധിനിവേശത്തിൻ കീഴിൽ, അടിച്ചമർത്തപ്പെട്ട രാജ്യങ്ങൾക്ക് ദേശീയതയും ദേശസ്നേഹവും സത്തയിൽ കൊളോണിയൽ വിരുദ്ധമായിരുന്നു. എന്നാൽ സാമ്രാജ്യത്വ വിരുദ്ധ സമരത്തെ വഞ്ചിച്ചതിന്റെ മറവായിരുന്നു ആർഎസ്എസിന്റെ 'സാംസ്കാരിക ദേശീയത'. മുസ്ലീങ്ങളോടുള്ള വംശഹത്യ വിദ്വേഷത്തോടൊപ്പം, ബ്രിട്ടീഷ് സാമ്രാജ്യത്വത്തോടുള്ള തീവ്രമായ അടിമത്തവും ആർഎസ്എസിൽ തുടക്കം മുതൽ അന്തർലീനമായിരുന്നു. ഇക്കാരണത്താൽ, അത് ബ്രിട്ടീഷ് കാലഘട്ടത്തിലെ സ്വാതന്ത്ര്യ സമരവുമായി പൂർണ്ണമായും വേർപിരിഞ്ഞുനിന്നു. ബ്രിട്ടീഷുകാരോട് പോരാടി തങ്ങളുടെ ഊർജം പാഴാക്കരുതെന്നും മുസ്ലീങ്ങൾ, ക്രിസ്ത്യാനികൾ, കമ്മ്യൂണിസ്റ്റുകൾ തുടങ്ങിയ 'ആഭ്യന്തര ശത്രുക്കളോട്' പോരാടാൻ അത് നീക്കിവെയ്ക്കണമെന്നും ആർഎസ്എസ് ഉന്നത നേതൃത്വം അതിന്റെ അണികളെ ഉപദേശിച്ചു. അത്തരത്തിലായിരുന്നു ആ സംഘടന ഇന്ത്യൻ രാഷ്ട്രീയത്തിന്റെ പരിസരത്ത് നില കൊണ്ടിരുന്നത്. എന്നാൽ ഭരണഘടനാ അസംബ്ലി ഇന്ത്യൻ ഭരണഘടനയുടെ കരട് തയ്യാറാക്കുമ്പോൾ, ആ ഭരണഘടന അംഗീകരിക്കുന്നതിനെ ശക്തമായി എതിർത്തു കൊണ്ട് ആർഎസ്എസ് മുന്നോട്ട് വരികയും അതിന്റെ സ്ഥാനത്ത് 'മനുസ്മൃതി' (സ്ത്രീകളെയും ദളിതരെയും മനുഷ്യരായികണക്കാക്കാത്ത ചാതുർവർണ്യത്തിന്റെ അഥവാ വർണ്ണ സമ്പ്രദായത്തിന്റെ ഗ്രന്ഥം) നിർദ്ദേശിക്കുകയും ചെയ്തു. റിപ്പബ്ലിക്കൻ ഭരണഘടന വരേണ്യ ജാതികളുടെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായി എല്ലാ ജാതികൾക്കും തുല്യത നൽകും എന്ന ഘട്ടത്തിലാ



യിരുന്നു ഈ നിർദ്ദേശം. വാസ്തവത്തിൽ, അംബേദ്കറുടെ നേതൃത്വത്തിൽ രൂപീകരിച്ച ഭരണഘടനയെ എതിർക്കുന്നതിന് വളരെ മുമ്പുതന്നെ, 1947 ഓഗസ്റ്റിൽ ആർഎസ്എസ് മുഖപത്രമായ ഓർഗനൈസർ ത്രിവർണ ദേശീയ പതാകയെയും എതിർത്തിരുന്നു. 1948-ൽ രാഷ്ട്രപിതാവിന്റെ കൊലപാതകത്തെത്തുടർന്ന്, ഏതാനും മാസത്തേക്ക് ആർ.എസ്.എസ്. നിരോധിക്കപ്പെട്ടിരുന്നു. 1949 ജൂലൈ 11-ന് ആർ.എസ്.എസ്. നിരോധനം നീക്കാൻ സർദാർ പട്ടേൽ മുന്നോട്ട് വച്ച വ്യവസ്ഥകളിലൊന്ന് 'ഭരണഘടനയോടും ഇന്ത്യയുടെ ദേശീയ പതാകയോടും കൂറു പുലർത്തുക' എന്നായിരുന്നു. എന്നാൽ അരനൂറ്റാണ്ടിലേറെയായി ഈ ദൗത്യം പിന്തുടരാൻ തയ്യാറാകാതിരുന്ന ആർഎസ്എസ് ദേശീയ പതാക ഉയർത്താൻ തുടങ്ങിയത് വാജ്പേയിയുടെ ഭരണകാലത്ത് മാത്രമാണ്. ഈ സമയത്ത് 2003ൽ പാർലമെന്റിന്റെ സെൻട്രൽ ഹാളിൽ സവർക്കറുടെ ഛായാചിത്രം അനാച്ഛാദനം ചെയ്യുകയും ചെയ്തു.

വ്യക്തമായും, യുദ്ധങ്ങൾക്കിടയിലുള്ള കാലഘട്ടത്തിലെ യൂറോപ്യൻ ഫാസിസത്തിന്റെ കാര്യത്തിലെന്നപോലെ, സാമ്രാജ്യത്വ കാലഘട്ടത്തിൽ, ഭരണവ്യവസ്ഥയുടെ അന്തർലീനമായ വൈരുദ്ധ്യങ്ങളുടെ മൂർച്ച കൂടുന്നതാണ് ധന-മൂലധന രംഗത്തെ ഏറ്റവും പിന്തിരിപ്പൻ വിഭാഗങ്ങളായ ഫാസിസ്റ്റുകളുടെ ഉയർച്ചയ്ക്ക് അവസരമൊരുക്കുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, സാധാരണ കൊള്ളയും ചൂഷണവും വഴി പ്രതിസന്ധി പരിഹരിക്കാൻ കഴിയാതെ വരുമ്പോൾ, ജനകീയ സമരങ്ങൾ അനിയന്ത്രിതമാകുമ്പോൾ, രാഷ്ട്രീയ-സാമ്പത്തിക സാഹചര്യങ്ങളും സാമൂഹിക സംഘർഷങ്ങളും ഫാസിസ്റ്റ് ശക്തികൾക്ക് അധികാരം പിടിക്കാൻ അനുകൂലമായിത്തീരുന്നു. ഇന്ത്യയെ സംബന്ധിച്ചിടത്തോളം, 1970കളിലെ പ്രതിസന്ധിയും ഇന്ദിരാഗാന്ധി ഭരണകൂടത്തിന്റെ അടിയന്തരാവസ്ഥ പ്രഖ്യാപനവുമാണ് അതുവരെ മുഖ്യധാരയ്ക്ക് പുറത്ത് നിലനിന്നിരുന്ന ആർഎസ്എസിനെ രാഷ്ട്രീയ വെളിച്ചത്തിലേക്ക് വരാൻ പ്രാപ്തമാക്കിയത്. ഒരു പുരോഗമന-ജനാധിപത്യ ബദലിന്റെ അഭാവത്തിൽ, അടിയന്തരാവസ്ഥ വിരുദ്ധ പ്രസ്ഥാനത്തിന്റെ മുൻനിരയിലേക്ക് വരാൻ ആർഎസ്എസ് പ്രസ്തുത സാഹചര്യം ഫലപ്രദമായി ഉപയോഗിച്ചു. ചുരുങ്ങിയ സമയത്തിനുള്ളിൽ, ജനസംഘത്തെ മാറ്റി, ആർഎസ്എസ് ബിജെപിയെ അതിന്റെ രാഷ്ട്രീയ ഉപകരണമായി രൂപീകരിച്ചു. ബാക്കിയുള്ളവ സമകാലിക ചരിത്രത്തിന്റെ ഭാഗമാണ്. നൂറുകണക്കിന് രഹസ്യവും പരസ്യവുമായ തീവ്രവാദ-ഭീകര സംഘടനകളെ നയിക്കുന്നതും സ്ഥലകാലങ്ങളിൽ അതിന്റെ സ്വാധീനം വിപുലീകരിക്കുകയും ആഴത്തിലാക്കുകയും തീവ്ര വലതുപക്ഷ സാമ്പത്തിക തത്വശാസ്ത്രം കൈക്കൊള്ളുകയും യുഎസ് നേതൃത്വത്തിലുള്ള സാമ്രാജ്യത്വ ക്യാമ്പിനോടുള്ള അചഞ്ചലമായ വിധേയത്വം നിലനിർത്തുകയും ചെയ്തു കൊണ്ട് ഇന്നും ആർഎസ്എസ് ഒരു സാംസ്കാരിക സംഘടനയായി സ്വയം അവകാശപ്പെട്ടുകൊണ്ടിരിക്കയാണ്. വൻതോതിലുള്ള കോർപ്പറേറ്റ് ഫണ്ടിംഗിന്റെ പിന്തുണയുള്ള എണ്ണമറ്റ വിദേശ കാവിസംഘടനകളും അനുബന്ധ സ്ഥാപനങ്ങളുമായി ലോകത്തിലെ ഏറ്റവും വലിയ ഫാസിസ്റ്റ് സംഘടനയായി ആർഎസ്എസ് വളർന്നു കഴിഞ്ഞിരിക്കുന്നു.

ആദ്യത്തെ ആഗോള വൻ പ്രതിസന്ധി, സ്റ്റാഗ്ഫ്ലേഷൻ, സംഭവിച്ചതോടെ എഴുപതുകൾ യുദ്ധാനന്തര നിയോകൊളോണി

നൂറുകണക്കിന് രഹസ്യവും പരസ്യവുമായ തീവ്രവാദ-ഭീകര സംഘടനകളെ നയിക്കുന്നതും സ്ഥലകാലങ്ങളിൽ അതിന്റെ സ്വാധീനം വിപുലീകരിക്കുകയും ആഴത്തിലാക്കുകയും തീവ്ര വലതുപക്ഷ സാമ്പത്തിക തത്വശാസ്ത്രം കൈക്കൊള്ളുകയും യുഎസ് നേതൃത്വത്തിലുള്ള സാമ്രാജ്യത്വ ക്യാമ്പിനോടുള്ള അചഞ്ചലമായ വിധേയത്വം നിലനിർത്തുകയും ചെയ്തു കൊണ്ട് ഇന്നും ആർഎസ്എസ് ഒരു സാംസ്കാരിക സംഘടനയായി സ്വയം അവകാശപ്പെട്ടുകൊണ്ടിരിക്കയാണ്.



യൽ ക്രമത്തിലെ ഒരു വഴിത്തിരിവ് കൂടിയായിത്തീർന്നു. തൽഫലമായി, ഇടതുപക്ഷത്തിന്റെ പ്രത്യയശാസ്ത്ര-രാഷ്ട്രീയ തിരിച്ചടികൾ മുതലെടുത്ത്, സാമ്രാജ്യത്വം അതിന്റെ ക്ഷേമ മുഖംമൂടി ഉപേക്ഷിയ്ക്കുകയും നിയോലിബറലിസം എന്ന് വിളിക്കപ്പെടുന്ന പരിപാടിയിലൂടെ മൂലധന സമാഹരണ പ്രക്രിയയിൽ മാറ്റം വരുത്തുകയും ചെയ്തു. മുകളിൽ സൂചിപ്പിച്ചതുപോലെ, 1970-കളിൽ ഇന്ത്യ അഭിമുഖീകരിച്ച രാഷ്ട്രീയ-സാമ്പത്തിക പ്രതിസന്ധിയുടെ ഫലമായി 1975-ൽ ഇന്ദിര ഭരണകൂടം അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്നതിലേക്ക് നയിച്ച സംഭവം ഈ സാമ്രാജ്യത്വ പ്രതിസന്ധിയുമായി അവിഭാജ്യമായി ബന്ധപ്പെട്ടിരിക്കുന്നു. 1977-ൽ അടിയന്തരാവസ്ഥ പിൻവലിച്ചെങ്കിലും, അടിയന്തരാവസ്ഥയ്ക്ക് ശേഷമുള്ള കാലഘട്ടത്തിൽ, ഇന്ത്യൻ ഭരണകൂടം നവലിബറൽ നയങ്ങൾക്ക് കീഴടങ്ങുകയും സാമ്രാജ്യത്വ-കോർപ്പറേറ്റ് മൂലധനത്തിന്റെ നിയോകൊളോണിയൽ കൊള്ള തീവ്രമാക്കുകയും ചെയ്തു. ആഗോള കോർപ്പറേറ്റ് മൂലധനവുമായുള്ള കൂടുതൽ സംയോജനത്തിന് കാരണമായ ഇന്ത്യയുടെ ഈ അങ്ങേയറ്റം പ്രതിസന്ധി നിറഞ്ഞ കാലഘട്ടത്തിലാണ് നെഹ്റുവിയൻ ഭരണകൂടത്തിന്റെ നേതൃത്വത്തിലുള്ള 'വികസന' മാതൃക ഉപേക്ഷിച്ച് നവലിബറൽ നയങ്ങളെ ആശ്ലേഷിച്ചത്. ഇതേ നയങ്ങളാണ് ഒടുവിൽ ബിജെപിയെ അതിന്റെ രാഷ്ട്രീയ പാർട്ടിയായി ഉയർത്തി ഇന്ത്യയെ ഒരു ഹിന്ദുരാഷ്ട്രമാക്കി, അതായത്, ഒരു ഹിന്ദുത്വ ഫാസിസ്റ്റ് രാഷ്ട്രമാക്കി മാറ്റുന്നതിനുള്ള തന്ത്രമായി ഭവിക്കുന്നത്. കൂടാതെ, കോൺഗ്രസ് പിന്തുടരുന്ന മൃദുഹിന്ദുത്വത്തിന്റെ സുഗമമായ പങ്ക് ഫലപ്രദമായി മുതലെടുത്ത്, വൻതോതിലുള്ള കോർപ്പറേറ്റ് പിന്തുണയോടെ, താരതമ്യേന കുറഞ്ഞ സമയത്തിനുള്ളിൽ ബിജെപിയെ ഇന്ത്യയിലെ ഏറ്റവും വലിയ ഭരണവർഗ പാർട്ടിയായി മാറ്റാൻ ഫാസിസ്റ്റ് ആർഎസ്എസിന് എളുപ്പമായിരുന്നു. ആഗോള തലത്തിൽ നവഫാസിസത്തിന്റെ ഉയർച്ചയുടെ പശ്ചാത്തലത്തിൽ സൂക്ഷ്മ, സ്ഥൂല തലങ്ങളിൽ അതിന്റെ ബഹുമുഖ പ്രത്യാഘാതങ്ങളോടെ ഭരണകൂട അധികാരത്തിന്റെ ഫാസിസ്റ്റ് അധിനിവേശത്തിന് അത് വഴിയൊരുക്കുകയും ചെയ്തു.

20-ാം നൂറ്റാണ്ടിന്റെ അവസാന പാദം മുതൽ രാഷ്ട്രീയ, സാമ്പത്തിക, സാംസ്കാരിക മേഖലകളിൽ ഫാസിസ്റ്റ് സ്വാധീനം സ്ഥാപിക്കാൻ ആർഎസ്എസിനെ പ്രാപ്തമാക്കിയ പ്രക്രിയയുടെ മുഴുവൻ വിശദീകരണവും ഇവിടെ

ഉദ്ദേശിക്കുന്നില്ല. 1920കളിലെ രാഷ്ട്രീയ-സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് പൊടുന്നനെ ഉയിർത്തെഴുന്നേറ്റ മുസ്സോളിനി-ഹിറ്റ്ലർ ഫാസിസത്തിൽ നിന്ന് വ്യത്യസ്തമായി, ആർഎസ്എസ് നയിക്കുന്ന ഇന്ത്യൻ ഫാസിസം ഒരു നൂറ്റാണ്ടോളം നീണ്ടുനിൽക്കുന്ന വ്യവസ്ഥാപിതവും സുസ്ഥിരവും നീണ്ടതുമായ, ഇന്ത്യൻ ഭരണകൂടത്തിന്റെ മുഴുവൻ സിവിലിയൻ, സൈനിക ഉപകരണങ്ങളും ചൂഴ്ന്നു നിൽക്കുന്ന ഒരു പ്രക്രിയയിൽ വേരൂന്നിയതാണ്. മറ്റ് സാമ്രാജ്യത്വ ശക്തികളുമായി കടുത്ത വൈരുദ്ധ്യം പുലർത്തിയിരുന്ന ക്ലാസിക്കൽ ഫാസിസത്തിൽ നിന്ന് വ്യത്യസ്തമായി, കൊളോണിയൽ കാലഘട്ടത്തിലും യുദ്ധാനന്തര നിയോ കൊളോണിയൽ കാലഘട്ടത്തിലും ഹിന്ദുത്വ ഫാസിസ്റ്റുകൾ തുടക്കം മുതൽ തന്നെ അന്താരാഷ്ട്ര ധനമൂലധനത്തിന് വിധേയരായിട്ടുണ്ട്. എന്നിരുന്നാലും, നവലിബറൽ കാലഘട്ടത്തിൽ, 1980-കൾ മുതലുള്ള രാമജന്മഭൂമി പ്രസ്ഥാനം, തീവ്ര വലതുപക്ഷ നവലിബറൽ നയങ്ങൾ ഇന്ത്യ സ്വീകരിച്ച പശ്ചാത്തലത്തിൽ 1992-ൽ നടന്ന ബാബറി മസ്ജിദ് തകർക്കൽ, 1990-കളുടെ അവസാനവും വാജ്പേയി സർക്കാരിന്റെ കീഴിലും 21-ആം നൂറ്റാണ്ടിന്റെ തുടക്കവും നടപ്പാക്കപ്പെട്ട 'ആഗോളീകരണത്തിന്റെ രണ്ടാം തലമുറ', 2002-ലെ ഗുജറാത്ത് വംശഹത്യ, 2014-ലെ ആധിപത്യ മോദി ഭരണം, 2019-ൽ മോഡി-2 എന്ന ആവർത്തനം തുടങ്ങിയവ ഈ നവ-ഫാസിസ്റ്റ് പരിവർത്തനത്തിലേക്കുള്ള ചില സുപ്രധാന നാഴികക്കല്ലുകളാണ്.

ഇവയിൽ നിന്നും വ്യക്തമാകുന്നത് പോലെ, മോഡി-2 ന് കീഴിൽ, സമ്പദ്വ്യവസ്ഥയുടെ സർവ്വതോന്മുഖമായ കോർപ്പറേറ്റ്-സ്വകാര്യവൽക്കരണത്തിന്റെയും ഭരണഘടനാപരവും ഭരണപരവും ആയ സിവിലിയൻ മേഖലകളുടെയും സ്ഥാപനപര മേഖലകളുടെയും സൈനിക ഘടനകളുടെയും കാവിവൽക്കരണത്തിന്റെയും പശ്ചാത്തലത്തിൽ (ആർഎസ്എസിന്റെ മുൻകയ്യിൽ സൈനിക സ്കൂളുകൾ ആരംഭിക്കുന്നത് മുതൽ അഗ്നിപഥ് പദ്ധതി വരെ) 1939-ൽ ഗോൾവാൾക്കർ തന്റെ'നമ്മൾ, നമ്മുടെ രാഷ്ട്ര നിർവ്വചനം' എന്ന, മനുസ്മൃതിയുടെ തത്വങ്ങൾക്ക് അനുസൃതമായി തയ്യാറാക്കിയ രചനയിൽ അസന്ദിഗ്ധമായി നിർവചിച്ചിട്ടുള്ളതു പോലെ അസഹിഷ്ണുതയുള്ള ഒരു ദൈവാധിപത്യ രാഷ്ട്രമായ ഹിന്ദുരാഷ്ട്രം സ്ഥാപിക്കുക എന്ന ആത്യന്തിക ലക്ഷ്യത്തിലേക്ക് ആർ.എസ്.എസ്. നീങ്ങുകയാണ്. മുസ്ലീം വിരുദ്ധത അടക്കമുള്ള (ഉദാഹരണത്തിന് ഇന്ന് ഭൂമിയിൽ ഏറ്റവും പീഡിപ്പിക്കപ്പെടുന്ന' ന്യൂനപക്ഷം എന്ന് യുഎൻ വിശേഷിപ്പിക്കുന്ന റോഹിങ്ക്യകളെ 'നുഴഞ്ഞുകയറ്റക്കാർ' എന്ന് ചിത്രീകരിക്കുന്നത് പോലെയുള്ള) ഹിന്ദുത്വത്തിന്റെ എല്ലാ പ്രത്യേകതകളും, അടിച്ചമർത്തപ്പെട്ട ജാതി സംഘടനകളെ ഹിന്ദുത്വത്തിലേക്ക് സമന്വയിപ്പിക്കുന്നതിനായി അപനിർമ്മാണത്തിനും കീഴ്പ്പെടുത്തുന്നതിനുമുള്ള പാൻ-ഇന്ത്യൻ ഏകീകൃത നീക്കങ്ങൾ. യുക്തിസഹ-ശാസ്ത്രപരമായ ചിന്തകൾ അടക്കം ആധുനികതയുടെ എല്ലാ മൂല്യങ്ങളുടെയും നിരാസം, പാരമ്പര്യവാദത്തേയുംവിജ്ഞാനവിരോധ (obscurantism) ത്തേയും വളർത്തൽ, വിയോജിപ്പിനെയും വിസമ്മതത്തെയും രാജ്യദ്രോഹമായി കണക്കാക്കൽ, വീരത്വത്തെയും വരേണ്യതയേയും ആരാധിക്കൽ, കമ്മ്യൂണിസ്റ്റ് വിരുദ്ധത, കോർപ്പറേറ്റ് ഫിനാൻസ് മൂലധനവുമായുള്ള വിട്ടുവീഴ്ചയില്ലാത്ത ഉദ്ഗ്രഥനം എന്നിവ ആർഎസ്എസ് നവഫാസിസത്തിന്റെ പ്രകടിത സവിശേഷതകളാണ്.

## നവഫാസിസത്തിലേക്കുള്ള സമീപനത്തെക്കുറിച്ച്

ഈ നിർണായക ഘട്ടത്തിൽ, നിയോഫാസിസത്തെക്കുറിച്ചുള്ള മൂർത്തമായ ധാരണ - അതായത്, ഫാസിസവുമായി ബന്ധപ്പെട്ട പഴയ നിർവ്വചനങ്ങളും പ്രയോഗങ്ങളും അപ്രസക്തമായിത്തീർന്ന നവലിബറലിസത്തിന് കീഴിലുള്ള ഫാസിസം എന്തെന്ന് സമൂർത്തമായി മനസ്സിലാക്കേണ്ടത് ഫാസിസ്റ്റ് വിരുദ്ധ പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിനും ഫാസിസത്തെ പരാജയപ്പെടുത്തുന്നതിനും അത്യന്താപേക്ഷിതമാണ്. ഏറ്റവും പിന്തിരിപ്പൻ കോർപ്പറേറ്റ്-ഫിനാൻസ് മൂലധനത്തിന്റെ മേധാവിത്വവുമായുള്ള ഫാസിസത്തിന്റെ അവിഭാജ്യമായ ഉദ്ഗ്രഥനനമാണ് അതിന്റെ സാർവത്രിക സ്വഭാവം എന്നതിൽ സംശയമില്ല. എന്നിരുന്നാലും, എല്ലാ സാഹചര്യങ്ങൾക്കും ഫാസിസത്തിന്റെ ആവിർഭാവത്തിന് ഒരു നിശ്ചല രൂപമോ മാതൃകയോ ആരോപിക്കുന്നത് തെറ്റാണ്. അത് ഫാസിസ്റ്റ് വിരുദ്ധ സമരങ്ങൾ കെട്ടിപ്പടുക്കുന്നതിനു തന്നെ തടസ്സമാകും. ഉദാഹരണത്തിന്, ഫിനാൻസ് മൂലധനത്തിലെ ഉറച്ച അടിത്തറയുമായി ബന്ധപ്പെട്ട് ഫാസിസത്തെ നിർവചിച്ച കോമിന്റേണിന്റെ ഏഴാം കോൺഗ്രസ് (1935), കൊളോണിയൽ, അർദ്ധ കൊളോണിയൽ രാജ്യങ്ങളിലും ഫാസിസത്തിന്റെ വിവിധ വികസന ഗതികൾ അടിവരയിട്ടിരുന്നു.കോമിന്റേൺ'ജർമ്മനിയിലും ഇറ്റലിയിലും മറ്റ് മുതലാളിത്ത രാജ്യങ്ങളിലും നമ്മൾ കണ്ടുശീലിച്ച ഫാസിസം ഇല്ല' എന്നഭിപ്രായപ്പെട്ടിരുന്നു. അതായത്, രാജ്യങ്ങളുടെ പ്രത്യേക രാഷ്ട്രീയ, സാമ്പത്തിക, ചരിത്ര സാഹചര്യങ്ങളെ ആശ്രയിച്ച്, ഫാസിസം

വ്യത്യസ്ത രൂപങ്ങൾ സ്വീകരിക്കാം.

ഈ നിർണായക ചോദ്യത്തിന് ഇന്ന് ഒരു സ്ഥൂലതല മാനമുണ്ട്. രാജ്യത്തെ മുഴുവൻ പുരോഗമന-ജനാധിപത്യ വിഭാഗങ്ങൾ, തൊഴിലാളിവർഗം, കർഷകർ, മറ്റ് മർദ്ദിത ജനവിഭാഗങ്ങൾ, ബുദ്ധിജീവികൾ എന്നിവർക്കെതിരെ കോർപ്പറേറ്റ്-ധനമൂലധനത്തിന്റെ ഏറ്റവും പിന്തിരിപ്പനും ഭീകരവുമായ വിഭാഗങ്ങളുടെ സർക്കാരാണ് ഫാസിസം എന്നതിൽ സംശയമില്ല. എന്നിരുന്നാലും, 20-ാം നൂറ്റാണ്ടിലെ യുദ്ധങ്ങൾക്കിടയിലുള്ള കാലഘട്ടത്തിൽ ക്ലാസിക്കൽ ഫാസിസം ഉയർന്നുവന്നപ്പോൾ, ധനമൂലധനം അല്ലെങ്കിൽ സാമ്രാജ്യത്വം അതിന്റെ കൊളോണിയൽ ഘട്ടത്തിലായിരുന്നു. മറുവശത്ത്, ഇന്ന് സാമ്രാജ്യത്വം അതിന്റെ നവകൊളോണിയൽ ഘട്ടത്തിലാണ്. മൂലധന സമാഹരണത്തിന്റെ പ്രതിസന്ധി കാരണം, അതിന്റെ ക്ഷേമ മുഖംമൂടി ഉപേക്ഷിച്ച്, ധനമൂലധനം നവലിബറലിസത്തെ ആശ്ലേഷിച്ചിരിക്കുന്നു. കോർപ്പറേറ്റ് മൂലധനം അനിയന്ത്രിതവും അതിർത്തികൾ ഭേദിച്ചു കടക്കുന്നതുമായ രൂപത്തിലൂടെ വ്യക്തമാക്കുന്നതു പോലെ അതിന്റെ സത്ത മൂലധനത്തിന്റെ ആഗോളീകരണമോ അഥവാ സാർവ്വദേശീയവൽക്കരണമോ ആണ്. 21-ആം നൂറ്റാണ്ടിന്റെ ആരംഭം മുതൽ സാമ്രാജ്യത്വ പ്രതിസന്ധി രൂക്ഷമായതോടെ, പ്രത്യേകിച്ച് 2008-ലെ 'sub crime പ്രതിസന്ധി' മുതൽ, ഡിജിറ്റൈസേഷൻ പോലുള്ള frontier technologyയിലെ ആധുനിക രീതികൾ വരെ ഉപയോഗിച്ച്, സാമ്രാജ്യത്വം അതിന്റെ ഭാരം ലോകത്തിന്റെ ചുമലിലേക്ക് കൂടുതൽ മാറ്റുന്നതിൽ ഏർപ്പെട്ടിരിക്കുകയാണ്. ആളുകൾ. ഈ സന്ദർഭത്തിൽ, പ്രതിലോമ, വംശീയ, വർഗീയ, പുനരുത്ഥാന, മതമൗലികവാദ, വിദ്വേഷ, വിജ്ഞാനവിരോധ പ്രത്യയശാസ്ത്രങ്ങളെ അതിന്റെ രാഷ്ട്രീയ അടിത്തറയായി ഫലപ്രദമായി ഉപയോഗപ്പെടുത്തി ആഗോള തലത്തിൽ കോർപ്പറേറ്റ് മൂലധനത്തിന്റെ സ്വേച്ഛാധിപത്യം നടപ്പിലാക്കാൻ നവഫാസിസം തീവ്രതരമാക്കുന്നു.

അതിനാൽ, ഇന്നത്തെ കോർപ്പറേറ്റ് സമാഹരണത്തിന്റെ യുക്തിയുമായി ബന്ധപ്പെട്ട് നവലിബറൽ ഫാസിസം അഥവാ നവഫാസിസം വിശകലനം ചെയ്യപ്പെടേണ്ടതുണ്ട്. ഒരു വശത്ത്, ആഗോളീകരണം ഒരു പുതിയ അന്താരാഷ്ട്ര തൊഴിൽ വിഭജനം അടിച്ചേൽപ്പിക്കുകയും ലോകമെമ്പാടും അതിചൂഷണം അഴിച്ചുവിടുകയും അതുവഴി അതിന്റെ സമാഹരണ പ്രതിസന്ധിയെ താൽക്കാലികമായി മറികടക്കുകയും ചെയ്തുകൊണ്ട് പഴയ രാഷ്ട്ര കേന്ദ്രീകൃത ഉൽപാദന പ്രക്രിയയെ പുനഃക്രമീകരിക്കാൻ സാമ്രാജ്യത്വത്തെ പ്രാപ്തമാക്കിയിരിക്കുന്നു. മറുവശത്ത്, ഇടതുപക്ഷത്തിന്റെ പ്രത്യയശാസ്ത്രപരമായ തിരിച്ചടികൾ മുതലെടുത്ത്, വിവിധ രാജ്യങ്ങളിലെ അദ്ധ്വാനിക്കുന്നവരും മർദ്ദിതരുമായ ജനവിഭാഗങ്ങൾക്കിടയിലുള്ള വൈജാത്യവും വൈവിധ്യവുംഉപയോഗപ്പെടുത്തിക്കൊണ്ട്, 'സ്വത്വ രാഷ്ട്രീയം', 'ബഹുസാംസ്കാരികത്വം' തുടങ്ങിയ ഉത്തരാധുനിക/ പോസ്റ്റ് മാർക്സിസ്റ്റ് നവലിബറൽ ആശയങ്ങളെ ഫലപ്രദമായ ഉപയോഗിച്ചു കൊണ്ട് കോർപ്പറേറ്റ് കൊള്ളയിൽ നിന്ന് ജനങ്ങളുടെ ശ്രദ്ധ തിരിച്ചുവിടുകയും അതുവഴി മൂലധനത്തിനെതിരായ ചെറു

രാജ്യത്തെ മുഴുവൻ പുരോഗമന-ജനാധിപത്യ വിഭാഗങ്ങൾ, തൊഴിലാളിവർഗം, കർഷകർ, മറ്റ് മർദ്ദിത ജനവിഭാഗങ്ങൾ, ബുദ്ധിജീവികൾ എന്നിവർക്കെതിരെ കോർപ്പറേറ്റ്-ധനമൂലധനത്തിന്റെ ഏറ്റവും പിന്തിരിപ്പനും ഭീകരവുമായ വിഭാഗങ്ങളുടെ സർക്കാരാണ് ഫാസിസം എന്നതിൽ സംശയമില്ല. എന്നിരുന്നാലും, 20-ാം നൂറ്റാണ്ടിലെ യുദ്ധങ്ങൾക്കിടയിലുള്ള കാലഘട്ടത്തിൽ ക്ലാസിക്കൽ ഫാസിസം ഉയർന്നുവന്നപ്പോൾ, ധനമൂലധനം അല്ലെങ്കിൽ സാമ്രാജ്യത്വം അതിന്റെ കൊളോണിയൽ ഘട്ടത്തിലായിരുന്നു. മറുവശത്ത്, ഇന്ന് സാമ്രാജ്യത്വം അതിന്റെ നവകൊളോണിയൽ ഘട്ടത്തിലാണ്.


ത്തുനിൽപ്പിനെ അസംഘടിതമാക്കുകയും ഛിന്നഭിന്നമാക്കുകയും ചെയ്യുക വഴി സാമ്രാജ്യത്വ വിരുദ്ധ ശക്തികൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കുന്നതിലും ധനമൂലധനം വിജയം കണ്ടെത്തുന്നു. അതുപോലെ, കോർപ്പറേറ്റ് ഫിനാൻസ് മൂലധനത്തിന്റെ അപചയവും പിന്തിരിപ്പൻ സത്തയും നവലിബറലിസത്തിന് കീഴിൽ കൂടുതൽ വ്യാപകവും ഭയാനകമായ രൂപത്തിൽ വിനാശകരവുമായി മാറിയിരിക്കുന്നു. മുതലാളിത്ത-സാമ്രാജ്യത്വ രാജ്യങ്ങളിൽ മാത്രമായി നിലനിന്നിരുന്ന 'ക്ലാസിക്കൽ ഫാസിസത്തി'ന്റെ കാലഘട്ടത്തിൽ നിന്ന് വ്യത്യസ്തമായി, നിയോഫാസിസം, അതായത്, നവലിബറലിസത്തിൻ കീഴിലുള്ള ഫാസിസം ദേശീയ അതിർത്തികൾ മുറിച്ചുകടന്ന് സാർവ്വദേശീയമായി മാറിയിരിക്കുന്നു. യൂറോപ്പിലെ ധനദുഷ്പ്രഭുക്കൾ തൊഴിലാളികൾക്കും കുടിയേറ്റക്കാർക്കും അഭയാർത്ഥികൾക്കും എതിരെ ഒരു പാൻ-യൂറോപ്യൻ നവഫാസിസ്റ്റ് സഖ്യം ആരംഭിച്ച രീതിയാണ് ഏറ്റവും നല്ല ഉദാഹരണം.

ഇന്ന്, കോർപ്പറേറ്റ് കൊള്ളയുടെ ഫലമായി ഉപജീവനമാർഗ്ഗം, തൊഴിൽ, ആവാസവ്യവസ്ഥ, പരിസ്ഥിതി എന്നീ മേഖലകളിലുണ്ടായ നഷ്ടം സൃഷ്ടിച്ച സാമൂഹികവും സാമ്പത്തികവുമായ അരക്ഷിതാവസ്ഥയുടെ ബഹുജന മനഃശാസ്ത്രം പ്രയോജനപ്പെടുത്താൻ എല്ലായിടത്തും നവഫാസിസ്റ്റുകൾ അഹോരാത്രം പണിയെടുക്കുകയാണ്. നവലിബറൽ നയങ്ങൾക്ക് ബദലില്ലെന്ന് പറയുന്ന 'സോഷ്യൽ ഡെമോക്രാറ്റുകൾ' ഉൾപ്പെടെയുള്ള മുഖ്യധാരാ പരമ്പരാഗത പാർട്ടികളിലുള്ള വിശ്വാസം ജനങ്ങൾക്ക് നഷ്ടപ്പെടുന്നതും ഇവർ മുതലാക്കുന്നുണ്ട്. രാജ്യങ്ങളുടെ പ്രത്യേകതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട്, നവഫാസിസ്റ്റുകൾ പൊതുവെ ഒരു തനത് സവിശേഷ, ഭൂരിപക്ഷവാദ നയം പിന്തുടരുന്നു, ജനസംഖ്യയുടെ 'ഏകജാതി' എന്ന് വിളിക്കപ്പെടുന്ന ഭാഗത്തെ ഉയർത്തി അതിനെ പലപ്പോഴും മത, ഗോത്ര, വംശീയ, ഭാഷാ ന്യൂനപക്ഷങ്ങൾ, കുടിയേറ്റക്കാർ, അഭയാർത്ഥികൾ, ദളിതർ, ആദിവാസികൾ, സമൂഹത്തിലെ മറ്റ് പാർശ്വവൽക്കരിക്കപ്പെട്ടതും മർദ്ദിതരുമായ വിഭാഗങ്ങൾ തുടങ്ങിയവ ഉൾക്കൊള്ളുന്ന 'വിജാതീയ' വിഭാഗങ്ങൾക്ക് എതിരായി നിർത്തുന്നു.. ഇതുൾപ്പെടെ, ഫാസിസ്റ്റുകൾ അവലംബിക്കുന്ന സർവ്വ മേഖലകളിലെയും അരാഷ്ട്രീയവൽക്കരണവും സോഷ്യൽ എഞ്ചിനീയറിംഗും നവഫാസിസത്തിന്റെ തഴച്ചുവളരുന്നതിന് വളക്കൂറുള്ള മണ്ണ് നൽകുന്നു. തനതായ പ്രത്യേകതകളോടെ, ഇന്ത്യയിലെ ആർഎസ്എസ് ഫാസിസം (കോർപ്പറേറ്റ്-കാവി ഫാസിസം) ഇന്നത്തെ നവഫാസിസത്തിന്റെ ഒരു ഉത്തമ ഉദാഹരണമാണ്. അനിയന്ത്രിതമായ നവലിബറൽ-കോർപ്പറേറ്റ്വൽക്കരണത്തിൽ അധിഷ്ഠിതമായ ഇന്ത്യൻ ഭരണകൂടം ഇന്ന് ആർഎസ്എസ് പ്രത്യയശാസ്ത്രമായ 'ഹിന്ദു ദേശീയത'യ്ക്ക് അല്ലെങ്കിൽ ഹിന്ദുത്വത്തിന് അനുസൃതമായി ഒരു ഹിന്ദു മതരാഷ്ട്രമോ ഹിന്ദുരാഷ്ട്രമോ സ്ഥാപിക്കുന്നതിൽ ഏർപ്പെട്ടിരിക്കുകയാണ്. ഇന്നത്തെ അന്താരാഷ്ട്ര സാഹചര്യങ്ങളുടെ മൂർത്തമായ വിലയിരുത്തൽ കാണിയ്ക്കുന്നത് എല്ലായിടത്തും ഭൂരിപക്ഷ മതം ധനമൂലധനത്തിന് നവഫാസിസത്തിന്റെ (ഉദാഹരണത്തിന്, അമേരിക്കയിലെ ഇവാഞ്ചലിസം, പശ്ചിമേഷ്യയിലെ രാഷ്ട്രീയ ഇസ്ലാം, ഇന്ത്യയിലെ ഹിന്ദുത്വം, ശ്രീലങ്കയിലും മ്യാൻമറിലും ബുദ്ധമതം) പ്രത്യയശാസ്ത്രപരമായ അടിത്തറയായി ഉപയോഗിക്കാൻ അനുയോജ്യമാണ് എന്നാണ്.

**ഫാസിസ്റ്റ് വിരുദ്ധ പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിനെ കുറിച്ച്**

മേൽപ്പറഞ്ഞ സംക്ഷിപ്ത രൂപരേഖ പ്രകാരം, മുൻകാല അനുഭവങ്ങളിൽ നിന്നുള്ള പാഠങ്ങളെയും മാത്രമല്ല രാജ്യത്തിന്റെ സവിശേഷതകളുമായി ബന്ധപ്പെട്ട് 21-ാം നൂറ്റാണ്ടിലെ ധനമൂലധനത്തിന്റെ ചലന നിയമങ്ങളുടെ മൂർത്തമായ വിലയിരുത്തലിന്റെയും അടിസ്ഥാനത്തിലാണ് ഫാസിസ്റ്റ് വിരുദ്ധ പ്രതിരോധം ആരംഭിക്കേണ്ടത്. തീർച്ചയായും നവലിബറലിസത്തിന് കീഴിലുള്ള കോർപ്പറേറ്റ്-ഫിനാൻസ് മൂലധനത്തിലെ ഏറ്റവും പിന്തിരിപ്പൻ വിഭാഗങ്ങളുടെ ഭരണമാണ് നവഫാസിസം. അതിനാൽ, ഭരണവർഗ/ബൂർഷ്വാ പാർട്ടികൾ അടിസ്ഥാനപരമായി നവലിബറൽ ആഭിമുഖ്യത്തിൽ ആണെങ്കിലും, അവയെല്ലാം ഫാസിസ്റ്റുകളല്ല. തീർച്ചയായും, നിയമവാഴ്ച, ബൂർഷ്വാ-ജനാധിപത്യ അവകാശങ്ങൾ, ആവിഷ്കാര സ്വാതന്ത്ര്യം, പത്രസ്വാതന്ത്ര്യം, സ്വതന്ത്രവും നീതിയുക്തവുമായ തെരഞ്ഞെടുപ്പ് എന്നിവയ്ക്കായി നിലകൊള്ളുന്ന വിഭാഗങ്ങളുണ്ട്. എന്നിരുന്നാലും, നവലിബറലിസത്തിൽ വേരുകളുള്ള അവരുടെ വർഗ്ഗ സ്വഭാവവും കോർപ്പറേറ്റ് മൂലധനവുമായുള്ള ബന്ധവും ഒപ്പം തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലൂടെയുള്ള ഇടപെടലുകൾ മാത്രമാണ് ഒരേയൊരു പ്രവർത്തന മണ്ഡലമെന്ന നിലപാടുകളും, സൂക്ഷ്മവും സ്ഥൂലവുമായ സമസ്ത സാമൂഹിക ജീവിതത്തിന്റെ മേഖലകളെയും കവർന്നെടുത്ത ഫാസിസ്റ്റുകൾക്കെതിരായ പോരാട്ടത്തിൽ മുൻകൈയെടുക്കാൻ ഈ പാർട്ടികളെ അശക്തരാക്കുന്നു. തന്ത്രപരമായ സ്ഥാനങ്ങളിൽ നിന്ന് ഫാസിസ്റ്റ് ശക്തികളെ തുടച്ചുനീക്കപ്പെടുന്നതുവരെ ഫാസിസ്റ്റ് തിരിച്ചുവരവിന്റെ

ഭീഷണി നിലനിൽക്കും എന്നതിനാൽ ഇതിന് ഒരു തിരഞ്ഞെടുപ്പ് വിജയം മാത്രം പോരാ. ഭരണകൂടത്തിന്റെ വിവിധ മേഖലകൾക്കും മേലുള്ള നിയന്ത്രണത്തിനൊപ്പം, കാവി ഫാസിസ്റ്റുകൾ അവരുടെ വിശാലവും സമാനതകളില്ലാത്തതുമായ സംഘടനാ സംവിധാനത്തിലൂടെ ചട്ടമ്പികളെയും അർദ്ധസൈനിക ഗുണ്ടകളെയും വിന്യസിച്ചു കൊണ്ട് 'തെരുവ് അധികാര'ത്തിന്മേൽ അതിശയകരമായ തരത്തിൽ നിയന്ത്രണം സ്ഥാപിച്ചു കഴിഞ്ഞിരിക്കുന്നു. ക്ലാസിക്കൽ ഫാസിസത്തിൻ കീഴിലെ അവസ്ഥയിൽ നിന്ന് വ്യത്യസ്തമായി, പാർലമെന്ററി വഴിയിലൂടെ ഫാസിസ്റ്റുകളെ വെല്ലുവിളിക്കാനുള്ള തിരഞ്ഞെടുപ്പ് സാദ്ധ്യത സൈദ്ധാന്തികമായി ഇന്ന് നിലവിലുണ്ടെന്നിരിക്കിലും, തിരഞ്ഞെടുപ്പ് നിലനിൽക്കുന്നിടത്തോളം, സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പ് തടയപ്പെടുക തന്നെയാണ് ഉണ്ടാവുക. കാരണം ഹിന്ദുത്വ ഫാസിസ്റ്റുകൾ ഭരണത്തിന്റെ മുഴുവൻ നിയന്ത്രണവും വൻതോതിലുള്ള കോർപ്പറേറ്റ് ഫണ്ടിംഗും ശക്തമായ തെരുവ് ശക്തിയും ഉപയോഗപ്പെടുത്തി ഇന്ത്യയെ മനുസ്മൃതിയുടെ കൽപ്പനകളെ അടിസ്ഥാനമാക്കി ഒരു സമ്പൂർണ്ണ മത രാഷ്ട്രമാക്കി മാറ്റുന്നതിൽ ഏർപ്പെട്ടിരിക്കുന്നു. അതിനാൽ, രാജ്യവ്യാപകമായി ഫാസിസ്റ്റ് വിരുദ്ധ പ്രസ്ഥാനത്തിന്റെ അഭാവത്തിൽ പാർലമെന്ററി പ്രവർത്തനങ്ങളിലുള്ള കേവലമായ ഊന്നലുകളിലൂടെ ഫാസിസ്റ്റുകളെ നേരിടാൻ കഴിയില്ല. ഫാസിസ്റ്റ് ഇതര ഭരണവർഗ പാർട്ടികൾ പലപ്പോഴും അവഗണിക്കുന്ന ഒരു പ്രധാന കാര്യം ഇതാണ്.




**വിശാലമായ 'ഇടത് സ്പെക്ട്രം' സംബന്ധിച്ച്,**

വിശാലമായ 'ഇടത് സ്പെക്ട്രം' എന്നത് 'സോഷ്യൽ ഡെമോക്രാറ്റുകൾ' (ഉദാ. സി.പി.എം.) മുതൽ അരാജകവാദികൾ (ഉദാ. മാവോയിസ്റ്റുകൾ) വരെയുള്ളതാണ്. ഇതിൽ രണ്ടാമത് പറഞ്ഞ വിഭാഗം, ഭരണവർഗങ്ങളിലെ ഫാസിസ്റ്റ് അനുകൂല, ഫാസിസ്റ്റ് ഇതര വിഭാഗങ്ങൾ തമ്മിൽ വേർതിരിവ് കാണാൻ ശ്രമിക്കുന്നില്ല. ഈ വിഭാഗീയ സമീപനം കാരണം, നിയോ ഫാസിസത്തിന്റെ ഏറ്റവും പിന്തിരിപ്പനും ഭീകരവുമായ വർഗസത്തയെ അത് അവഗണിക്കുന്നു. ഭരണവർഗങ്ങൾക്കിടയിലെകേവലമായ ഭരണമാറ്റം മാത്രമായിട്ടാണ് ഈ വിഭാഗീയ ശക്തികൾ ഇതിനെ കാണുന്നത്. മറുവശത്ത്, സിപിഎമ്മിനെ സംബന്ധിച്ചിടത്തോളം, ഫാസിസം ഇന്ത്യയിൽ ഇനിയും വരാനിരിക്കുന്നതേയുള്ളൂ, അതിന്റെ സൈദ്ധാന്തികരുടെ അഭിപ്രായത്തിൽ, മോദി ഭരണം "ഫാസിസത്തിലേക്ക് മാറുന്നതിന്റെ വക്കിലാണ്". അവിടെ "ഫാസിസത്തിന്റെ ലക്ഷണങ്ങൾ" മാത്രമേയുള്ളൂ. ഈ മൂല്യനിർണ്ണയം ഫാസിസ

ത്തോടുള്ള സ്റ്റീരിയോടൈപ്പ് സമീപനത്തിൽ നിന്നാണ് ഉയർന്നുവരുന്നത്. നിയോഫാസിസത്തെ യുദ്ധങ്ങൾക്കിടയിലെ കാലഘട്ടത്തിലുണ്ടായിരുന്ന 'ക്ലാസിക്കൽ ഫാസിസ'ത്തിന്റെ ഒരു പാഠപുസ്തക പകർപ്പായി വീക്ഷിക്കുന്ന രീതിയാണ് ഇവിടെ അവലംബിക്കപ്പെടുന്നത്. നവഫാസിസത്തോടുള്ള ഈ യാന്ത്രിക സമീപനം വൈരുദ്ധ്യാത്മക-ഭൗതിക വിശകലനത്തിന് വിരുദ്ധമാണ്. ഏതൊരു സാമൂഹിക പ്രതിഭാസവും ഒരു പുതിയ ചരിത്ര പശ്ചാത്തലത്തിലും മറ്റൊരു സാമൂഹിക രൂപീകരണത്തിലും രൂപാന്തരപ്പെടുകയും വികസിക്കുകയും ചെയ്യുമ്പോൾ, ആ മൂർത്ത സാഹചര്യത്തിന്റെ പ്രത്യേകതകളോടും സവിശേഷതകളോടും അനിവാര്യമായും സ്വയം പൊരുത്തപ്പെടുന്നുണ്ട്. കൃത്യമായി പറഞ്ഞാൽ, ഫാസിസത്തിന്റെ മൂർത്തമായ പ്രകടനങ്ങൾ സ്ഥലത്തിനും സമയത്തിനും അനുസരിച്ച് വ്യത്യാസപ്പെടുന്നുണ്ട് എന്നർത്ഥം. ക്ലാസിക്കൽ ഫാസിസം ഉടലെടുത്ത കൊളോണിയൽ കാലഘട്ടത്തെ അപേക്ഷിച്ച് ഇന്ന് പാർലമെന്ററി സംവിധാനം ഏതാണ്ട് ഒരു നൂറ്റാണ്ട് പിന്നിട്ടു കഴിഞ്ഞിരിക്കുന്നു. കോർപ്പറേറ്റ് ശതകോടീശ്വരന്മാർ രാഷ്ട്രാധികാരത്തിന്റെ കടിഞ്ഞാൺ അതിലൂടെ പരിപാലിക്കുന്നതിലും അത്തരമൊരു പാർലമെന്റിനെ നിലനിർത്തിക്കൊണ്ട് തൊഴിലാളിവർഗത്തിനും മർദ്ദിത ജനവിഭാഗങ്ങൾക്കുമെതിരെ നിരന്തരമായ നവഫാസിസ്റ്റ് ആക്രമണങ്ങൾ നടത്തുന്നതിനും സമർത്ഥരായി മാറിയിരിക്കുന്നു. കോർപ്പറേറ്റ് ബോർഡ് റൂമുകളിൽ നയപരമായ തീരുമാനങ്ങൾ എടുക്കുമ്പോഴും പാർലമെന്റ് ഒരു കെട്ടിടം മാത്രമായി നിലകൊള്ളുകയാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ബൂർഷ്വാ ജനാധിപത്യത്തിന്റെ മൂടുപടത്തിൽ പോലും, ന്യൂനപക്ഷങ്ങൾ, കുടിയേറ്റക്കാർ, അഭയാർഥികൾ, സ്ത്രീകൾ എന്നിവരെ അടിച്ചമർത്തലും ഉന്മൂലനം ചെയ്യലും ഗോത്രപരവും വംശീയവുമായ ശുദ്ധീകരണവും കഠിനാധ്വാനം ചെയ്തു നേടിയ ജനാധിപത്യ അവകാശങ്ങൾ ഉന്മൂലനം ചെയ്യലും, പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ചു കൊണ്ട് തൊഴിലാളികൾക്ക് മേലുള്ള അതിചൂഷണവും, കാലാവസ്ഥാ വ്യതിയാനത്തിന് വഴി തെളിയ്ക്കുന്ന തരത്തിലുള്ള പ്രകൃതി ചൂഷണവും സാർവ്വത്രിക സൈനികവൽക്കരണവും അടക്കം ഭീകരവാദ രീതികൾ ഉപയോഗിക്കാൻ നവഫാസിസത്തിന് കഴിയും. ഫാസിസത്തോടുള്ള യാന്ത്രിക സമീപനവും നവലിബറൽ -കോർപ്പറേറ്റ്വൽക്കരണത്തിന്റെ മാപ്പുസാക്ഷികളായുള്ള നിലപാടും കൈക്കൊള്ളുന്ന സോഷ്യൽ ഡെമോക്രാറ്റുകൾ ഇനിയും വരാനിരിക്കുന്ന ഫാസിസത്തിനായി കാത്തിരിക്കുന്നതിന് കാര്യമുണ്ട്. കാരണം അവർ അധികാരത്തിലിരിക്കുമ്പോഴെല്ലാം അവരും അതേ തീവ്രവലതുപക്ഷ നവലിബറൽ നയങ്ങൾ തന്നെയാണ് നടപ്പിലാക്കുന്നത്.


എന്നിരുന്നാലും, ഫാസിസത്തെക്കുറിച്ചുള്ള ഈ വ്യത്യസ്ത ധാരണകൾ, ആർഎസ്എസ് നവഫാസിസത്തെ ചെറുക്കുന്നതിനും പരാജയപ്പെടുത്തുന്നതിനുമായി ഫാസിസ്റ്റ് വിരുദ്ധ പ്രസ്ഥാനത്തെ കെട്ടിപ്പടുക്കുക എന്ന അടിയന്തിരവും അനിവാര്യവുമായ കടമയിൽ നിന്ന് വിട്ടുനിൽക്കുന്നതിനുള്ള ന്യായീകരണമാകരുത്. പ്രത്യയശാസ്ത്രപരമായും രാഷ്ട്രീയമായും സംഘടനാപരമായും ശക്തമായ ഒരു കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം കാലഘട്ടത്തിന്റെ ആവശ്യമാണ് എന്നതിൽ സംശയമില്ല. അതേസമയം, ഇരുപതുകളിൽ ഫാസിസ്റ്റുകൾ യൂറോപ്പിൽ മുന്നേറുമ്പോൾ യൂറോപ്പിലെ പല കമ്മ്യൂണിസ്റ്റ് പാർട്ടികളിലും സംഭവിച്ചതുപോലെ ആത്മഹത്യാപരമായിരിക്കുമെന്നതിനാൽ, അത്തരമൊരു അഖിലേന്ത്യാ പ്രസ്ഥാനം തയ്യാറാകുന്നതുവരെ നമുക്ക് കാത്തിരിക്കാനാവില്ല. 1930-കളിൽ ഫാസിസ്റ്റ് വിരുദ്ധ ഐക്യ മുന്നണി രൂപീകരിച്ചപ്പോൾ, ഫാസിസ്റ്റുകൾ അതിനോടകം തന്നെ വളരെയധികം നാശനഷ്ടങ്ങൾ വരുത്തിയിരുന്നു. അതേസമയം, ഫാസിസ്റ്റ് വിരുദ്ധ പോരാട്ടത്തിൽ വിശാല ഐക്യമുന്നണിയിൽ ചേർന്ന സാമ്രാജ്യത്വങ്ങൾ ഉൾപ്പെടെയുള്ള വൈവിധ്യമാർന്ന ശക്തികളുടെ അടിസ്ഥാനപരമായി വ്യത്യസ്തമായ വർഗ താൽപര്യങ്ങൾ വിശകലനം ചെയ്യുന്നതിൽ പരാജയപ്പെട്ടതും ഫാസിസത്തിന്റെ പരാജയത്തെ തുടർന്നുള്ള തെറ്റായ വിലയിരുത്തലുകളും ആഗോള, ദേശീയ തലങ്ങളിൽ നിരവധി റിവിഷനിസ്റ്റ്-അവസരവാദ വ്യതിയാനങ്ങൾക്ക് കാരണമായി. 1943-ൽ അമേരിക്കൻ സാമ്രാജ്യത്വം അതിന്റെ നിയോ കൊളോണിയൽ ആക്രമണം ആരംഭിക്കാൻ തയ്യാറെടുക്കുമ്പോൾ തന്നെ കോമിന്റേണിന്റെ പിരിച്ചുവിടൽ നടന്നത് ഈ ആഗോളതല വ്യതിയാനത്തിന്റെ ഒരു നല്ല ഉദാഹരണമാണ്, അതേസമയം ഫാസിസ്റ്റ് വിരുദ്ധ പോരാട്ടത്തിൽ പങ്കെടുത്ത ധന-മൂലധന ശക്തികളുമായി തൊഴിലാളി വർഗവും ബൂർഷ്വാസിയും ദീർഘകാല തന്ത്രപരമായ സഖ്യത്തിലേർപ്പെടാൻ അമേരിക്കയിലെ ബ്രൌഡറിസം ആഹ്വാനം ചെയ്തത് ഇത്തരം വ്യതിയാനങ്ങളുടെ അവിടത്തെ ഒരു ആഭ്യന്തര ദൃഷ്ടാന്തമായിരുന്നു.

ഇത്തരം മുൻകാല അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ വീക്ഷിക്കുമ്പോൾ, നവഫാസിസത്തിനെതിരായ പോരാട്ടം നയിക്കാൻ ശക്തമായ ഒരു കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ അഭാവം അംഗീക




രിക്കുമ്പോഴും, വിഭാഗീയവും അവസരവാദപരവുമായ വ്യതിയാനങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. ഏറ്റവും പിന്തിരിപ്പൻ കോർപ്പറേറ്റ്-ബൂർഷ്വാസിക്കും അവർ പിന്തുണച്ച നവഫാസിസ്റ്റ് ഭരണകൂടത്തിനുമെതിരെ പോരാടുന്നതിന് ഭരണവർഗങ്ങളിലെ ഫാസിസ്റ്റ് ഇതര വിഭാഗങ്ങളുമായി സഖ്യത്തിലേർപ്പെടുമ്പോൾ തന്നെ, കമ്മ്യൂണിസ്റ്റുകളും പുരോഗമന ശക്തികളും ഇന്ന് ബൂർഷ്വാസിയിലെ വിവിധ വിഭാഗങ്ങൾക്കിടയിലുള്ള പരസ്പരബന്ധിതവും പരസ്പരം ചൂഴ്ന്നു നിൽക്കുന്നതും സങ്കീർണ്ണവുമായ വർഗ താൽപ്പര്യങ്ങളെക്കുറിച്ച് ബോധവാന്മാരായിരിക്കണം. സോഷ്യൽ ഡെമോക്രാറ്റുകളുമായുള്ള ഐക്യമുന്നണിയുമായി മുന്നോട്ടു പോകുമ്പോഴും തളരാതെ പ്രത്യയശാസ്ത്ര പോരാട്ടം മുന്നോട്ട് കൊണ്ടുപോകണം. കോർപ്പറേറ്റ് താൽപ്പര്യങ്ങൾക്കായി കേരളത്തിൽ സിപിഐ(എം) പോലെ സോഷ്യൽ ഡെമോക്രാറ്റുകൾ അധികാരത്തിലിരിക്കുന്നിടത്ത്, ഈ ദൗത്യം കൂടുതൽ പ്രാധാന്യമർഹിക്കുന്നു. ഈ വിഷയത്തിൽ കമ്മ്യൂണിസ്റ്റ് വിപ്ലവകാരികളുടെ ഭാഗത്തുനിന്നുള്ള ഏതൊരു അലംഭാവവും 'ഫാസിസ്റ്റ് വിരുദ്ധ ഐക്യത്തിന്റെ' താൽപ്പര്യങ്ങൾക്കായി കമ്മ്യൂണിസ്റ്റുകളുടെ പ്രത്യയശാസ്ത്ര-രാഷ്ട്രീയ ലൈനിന്റെ കീഴടങ്ങലിലേക്ക് നയിക്കും, ഇത് ആത്യന്തികമായി തൊഴിലാളിവർഗ സ്വാതന്ത്ര്യത്തെ ത്യജിക്കുകയും വർഗസമരം പൂർണ്ണമായും ഉപേക്ഷിക്കുകയും ചെയ്യും. ഇതിനർത്ഥം വർഗസമരം ഫാസിസ്റ്റ് വിരുദ്ധ സമരത്തിനെതിരായി ഉയർത്തിപ്പിടിക്കണമെന്നോ രണ്ടും വെള്ളം കയറാത്ത അറകളിലായി സൂക്ഷിക്കണമെന്നോ ഒന്നിന് പുറകെ ഒന്നായി സ്ഥാപിക്കണമെന്നോ അല്ല; മറിച്ച് രണ്ടും ഫാസിസ്റ്റ് പശ്ചാത്തലത്തിൽ അവിഭാജ്യവും പരസ്പരബന്ധിതവുമാണ്. കോർപ്പറേറ്റ്-കാവി ഫാസിസ്റ്റ് ഭരണകൂടത്തിനെതിരായ നിരവധി സമരങ്ങൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായിട്ടുണ്ട്. അത് ഹിന്ദുത്വ ഫാസിസത്തിനും തീവ്ര വലതുപക്ഷ നവലിബറൽ നയങ്ങൾക്കുമെതിരായ പോരാട്ടങ്ങളെ സമന്വയിപ്പിച്ചിട്ടുമുണ്ട്, അതായത് ഫാസിസ്റ്റ് വിരുദ്ധ സമരത്തിന്റെയും വർഗസമരത്തിന്റെയും ഘടകങ്ങൾ ഈ സമരങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. മുസ്ലീങ്ങൾക്ക് പൗരത്വം നിഷേധിക്കുന്നതിനെതിരായ ജനകീയ മുന്നേറ്റമായ CAA വിരുദ്ധ പ്രസ്ഥാനം, കാർഷിക കോർപ്പറേറ്റ്വൽക്കരണത്തിനെതിരായ ചരിത്രപ്രസിദ്ധമായ കർഷക പ്രസ്ഥാനം എന്നിവ രണ്ട് ഉദാഹരണങ്ങളാണ്. ഈ പ്രക്ഷോഭങ്ങളിൽ സമ്പന്ന കർഷകരുടെ സംഘടനകളും പാർട്ടികളും മുതൽ അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങൾ വരെ ഏതാണ്ടെല്ലാ ഫാസിസ്റ്റ് വിരുദ്ധ ശക്തികളും സജീവമായി പങ്കെടുത്തിരുന്നു. ഈ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ, മതേതര, ജനാധിപത്യ, ഇടതുപക്ഷ ശക്തികൾ അടങ്ങുന്ന, എല്ലാ ഫാസിസ്റ്റ് വിരുദ്ധ വിഭാഗങ്ങളുമായി ഐക്യപ്പെടുന്ന കോർപ്പറേറ്റ്വൽക്കരണത്തിനും കാവി ഫാസിസ്റ്റ് ശക്തികൾക്കുമെതിരായ സുസ്ഥിരവും വിട്ടുവീഴ്ചയില്ലാത്തതുമായ പോരാട്ടങ്ങൾ വികസിപ്പിക്കാനുള്ള

സാധ്യതകൾ രാജ്യത്തുടനീളം ഉയർന്നുവരുന്നുണ്ട്. ഈ സമരങ്ങളിൽ ഉചിതമായ സംഘടനാ ഇടപെടലുകൾ ഉണ്ടായാൽ, തൊഴിലാളിവർഗം, പ്രത്യേകിച്ച് അസംഘടിത വിഭാഗങ്ങൾ, കർഷകർ, സ്ത്രീകൾ, ദളിതർ, ആദിവാസികൾ, ന്യൂനപക്ഷങ്ങൾ ഉൾപ്പെടെയുള്ള അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങൾ, പ്രത്യേകിച്ച് പീഡിപ്പിക്കപ്പെടുന്ന മുസ്ലീങ്ങളും യുവാക്കളും വിദ്യാർത്ഥികളും കോർപ്പറേറ്റ് കൊള്ളകൾക്കെതിരെയും ആവാസവ്യവസ്ഥ-പരിസ്ഥിതി നാശം, ജാതി അതിക്രമങ്ങൾ, വർഗീയ അടിച്ചമർത്തൽ, ജനാധിപത്യ അവകാശങ്ങളുടെ ലംഘനം തുടങ്ങിയവയ്ക്കെതിരെയും അണിനിരക്കും. അത്തരം ചെറുത്തുനിൽപ്പ് സമരത്തോടൊപ്പം നവലിബറൽ നയങ്ങൾക്കും ആർഎസ്എസ് നവഫാസിസത്തിനും എതിരെ ഒരു രാഷ്ട്രീയ ബദലിനെക്കുറിച്ചുള്ള സംവാദങ്ങളും ചർച്ചകളും ആരംഭിക്കാൻ ബോധപൂർവമായ ശ്രമങ്ങൾ നടത്തണം. വിപ്ലവ ഇടതുപക്ഷ, ജനാധിപത്യ, പോരാട്ട ശക്തികളുമായി സംസ്ഥാനതല ഏകോപനത്തിലേക്ക് നയിക്കുന്ന ഇത്തരം ശ്രമങ്ങൾക്ക് കോർപ്പറേറ്റ്-ഹിന്ദുത്വ ഫാസിസത്തിനെതിരെ ഒരു പൊതു പരിപാടിയുടെ അടിസ്ഥാനത്തിൽ ദേശീയ ഏകോപനത്തിന്റെ ഉദയത്തിനുള്ള അന്തരീക്ഷം സൃഷ്ടിക്കാൻ കഴിയും. ഈ നീക്കം ഐക്യപ്പെട്ടുള്ള തെരഞ്ഞെടുപ്പ് പോരാട്ടങ്ങളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യാം. ആർഎസ്എസ് നവ ഫാസിസ്റ്റ് ശക്തികളുടെ രക്ഷാകർതൃത്വത്തിൽ ദലിതർക്കെതിരെ നടക്കുന്ന മനുഷ്യത്വരഹിതമായ ബ്രാഹ്മണ ജാതി ആചാരങ്ങൾക്കും മനുവാദത്തിനും എതിരെ ഫലപ്രദമായ ചെറുത്തുനിൽപ്പ് കെട്ടിപ്പടുക്കുന്നതിന്റെയും വളർത്തുന്നതിന്റെയും നിർണായക പ്രാധാന്യമാണ്




**ഇന്ത്യൻ ഫാസിസത്തിന്റെ പ്രത്യയശാസ്ത്ര അടിത്തറയായ മനുവാദി–ഹിന്ദുത്വത്തിനെതിരെ എല്ലാ പുരോഗമന ബുദ്ധിജീവികളുമായും സമാന ചിന്താഗതിക്കാരുമായും ഐക്യപ്പെടുന്ന ഉചിതമായ പ്രത്യയശാസ്ത്രപരവും രാഷ്ട്രീയവുമായ ഇടപെടലുകൾ, ഫാസിസ്റ്റ് വിരുദ്ധ പോരാട്ടത്തിന്റെ അവിഭാജ്യ ഘടകങ്ങളാണ്.**

ഇവിടെ പ്രസക്തമായിട്ടുള്ളത്. അതിനാൽ ഇന്ത്യൻ ഫാസിസത്തിന്റെ പ്രത്യയശാസ്ത്ര അടിത്തറയായ മനുവാദി-ഹിന്ദുത്വത്തിനെതിരെ എല്ലാ പുരോഗമന ബുദ്ധിജീവികളുമായും സമാന ചിന്താഗതിക്കാരുമായും ഐക്യപ്പെടുന്ന ഉചിതമായ പ്രത്യയശാസ്ത്രപരവും രാഷ്ട്രീയവുമായ ഇടപെടലുകൾ, ഫാസിസ്റ്റ് വിരുദ്ധ പോരാട്ടത്തിന്റെ അവിഭാജ്യ ഘടകങ്ങളാണ്. പാർലമെന്ററി-പാർലമെന്ററിയേതര സമരങ്ങൾ ഉൾപ്പെടുന്ന അത്തരമൊരു പ്രസ്ഥാനം, ശരിയായ രീതിയിൽ ആരംഭിച്ചാൽ, മൂർത്തമായ വ്യവസ്ഥകൾക്കനുസൃതമായി തെരഞ്ഞെടുപ്പ് പോരാട്ടങ്ങളിൽ പാർലമെന്ററി പാർട്ടികളിലെ ഫാസിസ്റ്റ് ഇതര വിഭാഗങ്ങളുമായി അടവുപരമായ സഖ്യത്തിനുള്ള സാധ്യതയും ആരായാൻ കഴിയും. ഫാസിസ്റ്റുകളുമായി കൂട്ടുകൂടുന്ന പിന്തിരിപ്പൻ ഘടകങ്ങളെ ഒറ്റപ്പെടുത്തുന്നതിന് ഭരണവർഗങ്ങൾക്കുള്ളിലെ വൈരുദ്ധ്യങ്ങളെ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ ഫാസിസ്റ്റ് വിരുദ്ധ പ്രസ്ഥാനത്തെ ഇത് പ്രാപ്തമാക്കുകയും ചെയ്യും. ■



എം.പി കുഞ്ഞിക്കണ്ണാരൻ

# കർഷക പ്രസ്ഥാനം : ഒരു സമീപന കുറിപ്പ്

നമ്മുടെ രാജ്യത്തിലെ കാർഷിക ഉത്പാദന മണ്ഡലത്തിൽ വന്നുകൊണ്ടിരുന്ന മാറ്റങ്ങൾ - അത് , ദീർഘകാലത്തെ കൊളോണിയൽ അധിപത്യത്തിൻ കീഴിൽ ആയിരുന്നാലും തുടർന്നുള്ള 'സ്വാതന്ത്ര്യാ'നന്തര കാലത്തായാലും, കാർഷികബന്ധങ്ങളിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. പ്രത്യേകിച്ചും രണ്ടാം ലോകയുദ്ധാനന്തരം ലോക സാമ്പത്തിക - രാഷ്ട്രീയ ക്രമങ്ങളിൽ വന്ന മാറ്റങ്ങളുടെ ഭാഗമായി നവ കൊളോണിയൽ കൊള്ളയുടെ തീഷ്ണത വർദ്ധിച്ചതോടെ സമ്പത്തുത്പാദനത്തിന്റേതായ സർവ്വമണ്ഡലങ്ങളിലും പ്രകടമായ ഈ മാറ്റങ്ങൾ ഇന്ത്യൻ കാർഷിക മണ്ഡലത്തിലും ഗുണാത്മകമായ മാറ്റങ്ങൾ (qualitative change) സൃഷ്ടിച്ചു.

വ്യത്യസ്ത പ്രദേശങ്ങളിൽ വൈജാത്യങ്ങളോടെയും സവിശേഷതകളോടെയും അങ്ങേയറ്റം പിന്നോക്ക സാഹചര്യങ്ങളും അസമ വികാസമുൾപ്പെടെ മുതലാളിത്തപൂർവ്വബന്ധങ്ങളോ അവയുടെ അവശിഷ്ടങ്ങളോ നിലനിൽക്കുന്നുവെങ്കിലും അഖിലേന്ത്യാ പൊതു പശ്ചാത്തലത്തിൽ കാർഷിക ഉദ്പാദന ബന്ന്ധങ്ങളിലെ മുതലാളിത്തവൽക്കരണം തീവ്രതയാർജ്ജിക്കുന്ന പൊതുപ്രവണതയായി മാറിക്കഴിഞ്ഞു.

ഫ്യൂഡൽ - അർദ്ധ ഫ്യൂഡൽ ഉൾപ്പെടെ മുതലാളിത്ത പൂർവ്വ ഉത്പാദന ബന്ധങ്ങൾ നിലനിന്നിരുന്ന കാർഷിക മണ്ഡലത്തിൽ കൃഷിയുടെ ആധുനിക വൽക്കരണത്തിന്റെ പേരിൽ, കാർഷിക ഉത്പാദനപ്രക്രിയയിൽ ശാസ്ത്ര സാങ്കേതിക നേട്ടങ്ങളെ ഉപയോഗ പെടുത്തേണ്ടതിന്റെ മറവിൽ, ഉത്പാദനവർദ്ധനവിന്റേയും വാണിജ്യ താത്പര്യങ്ങളുടേയും ഭക്ഷ്യോത്പാദന വർദ്ധനവിന്റെയും പേരിൽ വൻ രീതിയിലുള്ള മൂലധന നിക്ഷേപത്തിനുള്ള സാധ്യതകളാണ് ഒരുക്കിയെടുത്തത്. ഈ പ്രക്രിയയുടെ തന്നെ ഭാഗമായാണ് അമ്പതുകളിലും അറുപതുകളിലും സാമ്രാജ്യത്വ ചിന്താ കേന്ദ്രങ്ങളിൽ രൂപകൽപന ചെയ്യപ്പെട്ടതും വിവിധ ഭാഷാ സംസ്ഥാനങ്ങളിൽ നിർദ്ദേശിക്കപ്പെട്ടതുമായ ഭൂപരിഷ്കരണ നടപടികൾ. ഇതിനനുബന്ധമായി തുടർന്നുണ്ടായ ഹരിത വിപ്ലവ പദ്ധതികളും നടപടികളും അതിവേഗത്തിൽ തന്നെ കാർഷിക മേഖലയിലേക്കുള്ള മൂലധനത്തിന്റെ കടന്നുകയറ്റം സുഗമമാക്കുകയും ഇതുവഴി കൃഷിയുടെ മുതലാളിത്ത വൽകരണത്തിന്റെ വേഗത പതിന്മടങ്ങ് വർദ്ധിപ്പിക്കുകയും ചെയ്തു.

ഹരിത വിപ്ലവ പദ്ധതികൾ ലക്ഷ്യം വെച്ച വിത്ത് - വളം - സങ്കേതിക വിദ്യ എന്നിവയുടെ പ്രചാരത്തിലൂടെ ഭരണവർഗ്ഗങ്ങൾ അതിവേഗം മൂലധന താത്പര്യങ്ങൾ അടിച്ചേൽപ്പിച്ചു തുടങ്ങി. ലോക ബാങ്കിന്റെയും മറ്റ് അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളുടേയും ഫോർഡ് ഫൗണ്ടേഷൻ പോലുള്ള ഏജൻസികളുടേയും ശക്തമായ സമ്മർദ്ദങ്ങൾക്കും നിർദ്ദേശങ്ങൾക്കനുസരിച്ചുമാണു് ഇവ മുന്നോട്ട് പോയത്. സാമ്രാജ്യത്വത്തിന്റേ

യും തദ്ദേശീയ വൻകിട കുത്തകകളുടേയും വൻ രീതിയിലുള്ള മൂലധനത്തിന്റെ കുത്തിയൊഴുക്ക് ഇൻഡ്യൻ കാർഷിക മേഖലയിലേക്ക് കടന്നുവരുന്നത് ഇതിനെ തുടർന്നാണ്.

കാർഷിക വ്യവസായ കുത്തക കമ്പനികൾ ഉൾപ്പെടെ ബഹുരാഷ്ട്ര കുത്തകകൾ (MNC) അവരുടെ കാർഷിക വ്യവസായ ഉൽപന്നങ്ങൾക്ക് വലിയ ഒരു വിപണി ഇതിലൂടെ കണ്ടെത്തി. വലിയ രീതിയിൽ സബ്സിഡികളും , വായ്പാ സംവിധാനങ്ങളും ഒരുക്കി. വിപണന സംവിധാനങ്ങൾ പൊതു ജലസേചനം, ഗ്രാമീണ വൈദ്യുതീകരണം തുടങ്ങിയ അടിസ്ഥാന സംവിധാനങ്ങളുടെ സഹായത്തോടെ, കൃഷി ഗവേഷണ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ശൃംഘലകൾ തന്നെ ഭരണതലത്തിൽ ഏറ്റെടുക്കപ്പെട്ടു.

പഞ്ചാബ്, ഹരിയാന, പടിഞ്ഞാറൻ ഉത്തർപദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലോ ഭാഗങ്ങളിലോ ഹരിത വിപ്ലവത്തിന്റെ 'വികാസം 'പ്രകടമായി. ജലസേചന സൗകര്യങ്ങൾ ലഭ്യമായ രാജസ്ഥാനിലെ ചില മേഖലകൾ, കൃഷ്ണ, ഗോദാവരി, ഡെൽറ്റ പ്രദേശങ്ങൾ, ഒപ്പം മഹാരാഷ്ട്ര, ഗുജറാത്ത് സംസ്ഥാനങ്ങളിലെ ചില മേഖലകളിലും മുതലാളിത്ത കൃഷിയുടെ വമ്പിച്ച പ്രചാരം സാധ്യമാക്കുകയും . ഹരിത വിപ്ലവത്തിന്റെ രണ്ടാം ഘട്ടത്തോടെ വിദേശ മൂലധനത്തിന്റേയും അഭ്യന്തര വൻകിട മൂലധനത്തിന്റേയും കടന്നുകയറ്റം പ്രബലമാകുകയും വിത്തിന്റേയും വളത്തിന്റേയും കീടനാശിനിയുടേയും ഇതര സാങ്കേതികവിദ്യകളുടേ ഇവരുടെ കൈകളിൽ ഇതോടെപ്പം ശക്തമായി.

ഹരിത വിപ്ലവത്തിന്റെ വിത്ത്-വളം - സാങ്കേതികവിദ്യയിൽ ഊന്നിയ തന്ത്രം കൃഷി അഭിവൃദ്ധിപ്പെടുന്നതിലേക്കും കമ്പോളത്തിൽ ഭക്ഷ്യധാന്യങ്ങളുടെ ശേഖരം തന്നെ ഉണ്ടാക്കുന്നതിലും അതു വഴി വലിയ അളവിൽ ഭക്ഷ്യവസ്തുക്കൾ സംഭരിച്ച് നഗര ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനും കഴിഞ്ഞു. എന്നാൽ ഇതിന്റെ തന്നെ മറുവശമെന്ന നിലയിൽ ആളോഹരി ഭക്ഷ്യ ഉപഭോഗത്തിലെ കുറവും , പൊതു ഭക്ഷ്യ വിതരണ സംവിധാനത്തിന്റെ അപര്യാപ്തതയും , തൊഴിലാളി - കർഷകാ ദി ബഹുജന വിഭാഗങ്ങളുടെ ക്രയശേഷിയിലുള്ള പിന്നോക്ക അവസ്ഥയും,ഭൂപരിഷ്കരണത്തിലെ വരേണ്യവർഗ്ഗ താത്പര്യങ്ങളും വിശാല ജനവിഭാഗങ്ങൾക്ക് ഈ നേട്ടങ്ങൾ അനുഭവിക്കുന്നതിനെ തടയുകയും ദാരിദ്ര്യവും പട്ടിണിയും അനസ്യൂതം തുടരുകയും ചെയ്തു.

1990 കളിലാണ് ഉദാരവൽകരണവും, ആഗോളവൽക്കരണവും, സ്വകാര്യവൽക്കരണവും നടപ്പിലാക്കുന്നതിന് തുടക്കം കുറിക്കുന്നത്. ഇതര മേഖലകളിൽ എന്നപോലെ കാർഷിക മേഖലയിലും ഈ നയങ്ങൾ വളരെ ഗുരുതരമായ സാഹചര്യമാണ് സൃഷ്ടിച്ചത്. രാജ്യത്തിലെ ലക്ഷക്കണക്കായ കർഷകരെ ആത്മഹത്യയിലേക്കു നയിച്ചു. താഴ്ന്ന ഇടത്തരം കർഷകർക്ക് കാർഷികവൃത്തി പോലും



ഉപേക്ഷിക്കേണ്ടി വരുന്ന സാഹചര്യം ഇതു ഉളവാക്കി. രാജ്യം ഭരിച്ചിരുന്ന, മാറി മാറി വന്ന എല്ലാ സർക്കാറുകളും സംസ്ഥാനങ്ങളിൽ ഭരണം നടത്തി കൊണ്ടിരുന്നവരും അടിസ്ഥാനപരമായി ആഗോളീകരണത്തിന്റെ വക്താക്കളാവുകയും ഈ നയങ്ങളുളുടെ നടത്തിപ്പുകാരാവുകയും ചെയ്തു.

വിത്ത്, വളം, കീടനാശിനി, വെള്ളം, വൈദ്യുതി, ഡീസൽ തുടങ്ങി കാർഷിക ആവശ്യങ്ങൾക്കുള്ള എല്ലാറ്റിനും വലിയ രൂപത്തിലുള്ള വില വർദ്ധനവ് സൃഷിടിച്ചതോടെ കർഷകരുടെ ഉദ്പാദനച്ചെലവ് കുത്തനെ വർദ്ധിക്കുകയുമായിരുന്നു. ക്ഷേമ രാഷ്ട്ര സങ്കൽപ്പവുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന എല്ല കാർഷികസഹായപദ്ധതികളും പടിപടിയായി ഇല്ലാതാക്കുന്നതിന്റെ ഭാഗമായി സബ്സിഡികൾ എടുത്തു കളഞ്ഞു. ഒരു ഭാഗത്ത് ഇത്തരം സഹായ പദ്ധതികൾ എടുത്തുമാറ്റുകയും അതോടൊപ്പം കാർഷികോൽപാദന ചെലവ് വൻ രീതിയിൽ വർദ്ധിക്കുകയും ചെയ്തപ്പോൾ അതിനു അനുസൃതമായി കാർഷിക ഉത്പന്നങ്ങൾക്കുള്ള വിലയിൽ വർദ്ധനവുണ്ടായില്ല. ഇതാകട്ടെ കർഷകരെ നയിച്ചത് വലിയ രൂപത്തിലുള്ള കടക്കെണിയിലേക്കും.

കൃഷിയെ സംരക്ഷിക്കുന്നതിനുള്ള ബജറ്റ് വിഹിതം വെട്ടിക്കുറക്കുക വഴി കാർഷിക മേഖലയിലും , ഗ്രാമീണ വികസനത്തിലും പൊതുമേഖലയുടെ മുതൽ മുടക്കിൽ ഗണ്യമായി കുറവ് വരികയും വിദ്യുഛക്തി ഉദ്പാദന സംവിധാനങ്ങൾ പോലും സ്വകാര്യവൽക്കരിക്കുന്നതിലേക്കും നയിച്ചു.

കൃഷിയുമായി ബന്ധപ്പെട്ട ജലസേചന സംവിധാനത്തെ ഇത് പ്രതികൂലമായി ബാധിച്ചു .ബാങ്കുകളിൽ നിന്നും പൊതു സ്ഥാപനങ്ങളിൽ നിന്നും കർഷകർക്കുള്ള വായ്പാ സൗകര്യം നിഷേധിക്കുകയും സ്വകാര്യ പണമിടപാടുകാരിലേക്കും പുത്തൻ ഷൈലോക്കുമാരായ ഹുണ്ടികക്കാരുടെ പിടിയിലേക്കും കർഷകരെ വലിച്ചെറിയുകയും ചെയ്തു. ആത്മഹത്യയല്ലാതെ മറ്റൊരു വഴിയും കടക്കെണിയിൽപ്പെട്ട കർഷകന്റെ മുന്നിൽ അവശേഷിച്ചില്ല. അതു മൂലം കടക്കെണിയിൽപ്പെട്ട കർഷകന്റെ ആത്മഹത്യകകൾ പരമ്പരകളായി ഇന്ത്യൻ ഗ്രാമീണ മേഖലകളിൽ അലമുറയിട്ടു.

കേന്ദ്രസംസ്ഥാന സർക്കാറുകൾ മൂലധന ശക്തികൾക്കു വേണ്ടി നടത്തുന്ന പാദസേവ നിയോലിബറൽ ശക്തികൾ കാർഷിക മേഖലയിൽ പിടി മുറുക്കുന്നതിന് സഹായിക്കുകയും കർഷകരെ കോർപ്പറേറ്റുകളുടെ അടിമകളാക്കി മാറ്റുകയും ചെയ്യുന്ന സാഹചര്യമാണ് സൃഷ്ടിക്കുന്നത് .

> കൃഷി ശാസ്ത്രസംബന്ധിയായ കാർഷിക ഗവേഷണങ്ങൾ പിന്തള്ളപ്പെടുകയും , കോർപ്പറേറ്റുകളുടെ ആശ്രിത ശക്തികൾ അടിച്ചേൽപ്പിക്കുന്ന വികസനം കാർഷികാനുബന്ധ വികസനവുമായി ഒരു ബന്ധവുമില്ലാതിരിക്കുകയും കൃഷിക്കാരെ കൃഷിയിൽ നിന്ന് അകറ്റിനിർത്തുന്നതിനെ പോഷിപ്പിക്കുകയും ചെയ്യുന്നു..

കൃഷി ശാസ്ത്രസംബന്ധിയായ കാർഷിക ഗവേഷണങ്ങൾ പിന്തള്ളപ്പെടുകയും , കോർപ്പറേറ്റുകളുടെ ആശ്രിത ശക്തികൾ അടിച്ചേൽപ്പിക്കുന്ന വികസനം കാർഷികാനുബന്ധവികസനവുമായി ഒരു ബന്ധവുമില്ലാതിരിക്കുകയും കൃഷിക്കാരെ കൃഷിയിൽ നിന്ന് അകറ്റിനിർത്തുന്നതിനെ പോഷിപ്പിക്കുകയും ചെയ്യുന്നു.. കാർഷികോത്പന്നങ്ങൾ സംസ്കരിക്കുന്നതിനും മൂല്യവർദ്ധന ഉറപ്പു വരുത്തി വിപണികളെ നിയന്ത്രിക്കുന്നതിലും സർക്കാറിന് പദ്ധതികളില്ല. നടപ്പിലാക്കപ്പെടുന്ന പദ്ധതികളിലാവട്ടെ കർഷകനും ഒരു പങ്കാളിത്തവും ഉണ്ടാകുന്നുമില്ല. WTO വിന് കീഴടങ്ങിയതോടു കൂടി പാറ്റന്റ് നിയമങ്ങൾ അട്ടിമറിക്കപ്പെട്ടു.

പുത്തൻ സാമ്പത്തിക നയങ്ങളുമായി ബന്ധപ്പെട്ട പ്രത്യേക സോണുകൾ വിവേചനരഹിതമായി ആരംഭിക്കുന്നതിലൂടെ ഭൂമിയുടെ നിയന്ത്രണം പോലും കോർപ്പറേറ്റുകളുടെ പിടിയിലകപ്പെടുകയും കർഷകർക്ക് സ്വന്തം ഭൂമി പോലും നഷ്ടപ്പെടുന്ന അവസ്ഥയും വന്നുചേരുന്നു.

മൂലധന ശക്തികളുടെ ഇച്ഛക്കനുസരിച്ചു ,മാറിയ പുതിയ ലോക സാഹചര്യങ്ങളിൽ, ഭരണകൂടം അടിച്ചേൽപ്പിക്കുന്ന കാർഷിക പരിഷ്കരണങ്ങൾ ലക്ഷ്യം വെക്കുന്നതു , കോർപ്പറേറ്റ് - മൂലധന ശക്തികളുടെ ലാഭ താത്പര്യ

ങ്ങൾ മാത്രമാണ്. കൊള്ളക്കും ചൂഷണത്തിനും വിപുല സാധ്യതകൾ നിലനിൽകുന്ന അതിവിശാലമായ ഇന്ത്യൻ കാർഷിക മണ്ഡലത്തെ കോർപ്പറേറ്റ് മൂലധനത്തിന് അപ്പാടെ കീഴ്പ്പെടുത്തുക എന്ന ലക്ഷ്യത്തിൽ ഊന്നിയാണ് മോഡി സർക്കാർ കർഷക നിയമങ്ങൾ മുന്നോട്ട് വെച്ചത്.

കോർപ്പറേറ്റുകളുടെ താത്പര്യങ്ങളെ സേവിക്കുന്ന കയറ്റ് - ഇറക്കുമതി നയങ്ങൾ തിരുത്തിക്കേണ്ടതുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാറുകൾ ഇക്കാര്യത്തിൽ ഒരേ തൂവൽ പക്ഷികളാണ്.

## MSP യുടെ പ്രധാന്യം :

കാർഷിക ഉത്പന്നങ്ങൾക്ക് അടിക്കടിയുണ്ടാക്കുന്ന വില തകർച്ചയിൽ നിന്നു കർഷകരെ സംരക്ഷിക്കുന്ന നടപടികൾ ഉണ്ടാവണം. കാർഷിക ഉദ്പാദന ചെലവ് വർദ്ധിക്കുന്നതിനനുസരിച്ച് കാർഷികോത്പന്നങ്ങൾക്ക് ഉയർന്ന വില ലഭ്യമാക്കി മാത്രമെ കർഷകരെ രക്ഷിക്കാൻ കഴിയൂ. കാർഷിക ഉൽപന്നങ്ങൾക്ക് താങ്ങുവില പ്രഖ്യാപിച്ച് സംഭരിക്കുന്നതിലൂടെ മാത്രമെ കർഷകനെ രക്ഷിക്കാൻ കഴിയൂ.സ്വാമിനാഥൻ കമ്മീഷ ൻ നിർദ്ദേശിച്ചത് പോലെ എല്ലാ കാർഷിക ഉൽപന്നങ്ങളുടെയും വില യഥാർത്ഥ ഉല്പാദന ചെലവിന്റെ ഒന്നര ഇരട്ടിയായി കുറഞ്ഞ പിന്തുന്ന വില (MSP) നിശ്ചയിക്കണം. ഇതിനെ അട്ടിമറിക്കുന്ന സമീപനങ്ങളാണ് കേന്ദ്ര സർക്കാർ മുന്നോട്ട് വെച്ച കേന്ദ്ര നിയമങ്ങളിൽ ഉള്ളത്. മുഴുവൻ സംസ്ഥാനങ്ങളിലും അവിടെ നിലനിൽക്കുന്ന സവിശേഷതകൾ കൂടി പരിഗണിച്ചു കുറഞ്ഞ പിന്തുണ വില പ്രഖ്യാപിക്കണം. പലസംസ്ഥാനങ്ങളിലും ഇത് വളരെക്കുറച്ച് ഉത്പന്നങ്ങൾക്കായി പരിമിതപ്പെടുത്തിയിരിക്കയാണ്.

വിളവെടുപ്പ് സമയങ്ങളിൽ കമ്പോളത്തിൽ ഇടപെട്ട് ഓരോ ഉത്പന്നങ്ങൾക്കും താങ്ങുവില നിശ്ചയിച്ച് പ്രാദേശിക തലങ്ങളിൽ സംഭരിക്കാനുള്ള സംവിധാനം അടിയന്തിരമായി ഒരുക്കണം. മുഴുവൻ കാർഷിക ഉത്പന്നങ്ങൾക്കും മതിയായ താങ്ങുവില പ്രഖ്യാപിക്കുന്നതിനും ശാസ്ത്രീയമായ സംഭരണ സംവിധാനവും ആവശ്യപ്പെട്ടുകൊണ്ട് അടിയന്തിരമായി പ്രക്ഷോഭ രംഗത്തിറങ്ങുക എന്നത് കർഷക പ്രസ്ഥാനത്തിന്റെ ഇന്നത്തെ അടിയന്തിര കടമയായി മാറിയിരിക്കുന്നു.

## APMC യുടെ പ്രാധാന്യം :

എല്ലാ കാർഷിക ഉൽപന്നങ്ങളും എംഎസ്പിയിൽ സംസ്ഥാന, കേന്ദ്ര തലത്തിൽ സംഭരിക്കുന്നതിനുള്ള നിയമപരമായ വ്യവസ്ഥ ഉറപ്പാക്കണം.

രണ്ടായിരമാണ്ടിന്റെ ആദ്യമാസങ്ങളിൽ ശങ്കർ ലാൽ ഗുരു കമ്മിറ്റി മുന്നോട്ട് വെച്ച നിർദ്ദേശങ്ങളിൽ നിന്നും ഉടലെടുത്തതാണ് 2003 ലെ മോഡൽ.എ.പി.എം.. ആക്ട് [Agricultural Produce Marketing (Development and Regulations) Act 2003.

അതേവരെ കയറ്റിറക്കുമതി നയങ്ങളിലും അന്താരാഷ്ട്ര കരാറുകളിലും മാത്രം ഒതുങ്ങിനിന്നിരുന്ന മൂലധന താത്പര്യം കാർഷികോത്പാദന പ്രക്രിയയിൽ നേരിട്ട് ഇടപെട്ട് കൊള്ളയുടെ വ്യാപ്തി വർദ്ധിപ്പിക്കുക എന്നതായിരുന്നു ഇതിന്റെ ആത്യന്തിക ലക്ഷ്യം. 2007 ലാണ് ഇതിനാവശ്യമായ റൂൾസ് രൂപപ്പെടുത്തിയെടുത്തത്. 2017 ൽ വീണ്ടും മോഡൽ എ പി.എം.നിയമങ്ങൾ, പരിഷ്കരിച്ച് 2018 ൽ പാർലിമെന്റ സ്റ്റാൻഡിങ്ങ് കമ്മറ്റി വിളിച്ചു കൂട്ടി ഈ നിയമങ്ങൾക്ക് സാധൂകരണം കണ്ടെത്താനുള്ള റിപ്പോർട്ട് തയാറാക്കി.



ധാന്യ ഉത്പാദനത്തിൽ വലിയ പ്രാധാന്യമുള്ള നമ്മുടെ രാജ്യത്ത് കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിലും , അവരുടെ ഉത്പന്നങ്ങളുടെ വില നിർണ്ണനയത്തിലും ഉള്ള അവകാശം നിഷേധിക്കുകയും അന്താരാഷ്ട്ര ഭക്ഷ്യ ധാന്യ സംഭരണ കുത്തകകളിൽ ഈ അധികാരം നിക്ഷിപ്തമാക്കുകയുമാണ് സർക്കാർ ലഷ്യം വെക്കുന്നതു്.

കാർഷിക ഉത്പന്നങ്ങൾ താങ്ങുവില ഉറപ്പു വരുത്തി കൊണ്ട് പഞ്ചായത്ത് / ബ്ലോക്ക് തലത്തിൽ സഭരിക്കാനുള്ള സംവിധാനത്തിന് വേണ്ടി പോരാടുക എന്നതിനു് വളരെയധികം പ്രാധാന്യമുണ്ട്.എല്ലാ സംസ്ഥാനങ്ങളിലും ഇതിനായുള്ള സമരങ്ങൾ വളർത്തിയെടുക്കേണ്ടതുണ്ട്. കോർപ്പറേറ്റുകളെ ഈ രംഗത്ത് നിന്നും നിർബ്ബന്ധമായും കെട്ടുകെട്ടിക്കണം.

**സബ്സിഡികൾ പുന:സ്ഥാപിക്കുക.**

കൃഷിച്ചെലവുകൾ അനുദിനം വർദ്ധിക്കുമ്പോൾ കർഷകന് അശ്വാസമാകുമായിരുന്ന കർഷക സഹായ പദ്ധതിയായി അറിയപ്പെട്ട സബ്സിഡികൾ വെട്ടിക്കുറക്കുകയും, ബഹുരാഷ്ട്ര ഭക്ഷ്യ കുത്തകളുടെ ഹിതമനുസരിച്ചുള്ള സാങ്കേതിക പ്രധാനമായ കൃഷികൾക്ക് മാത്രമായി സബ്സിഡികൾ പരിമിതപ്പെടുത്തുകയും ചെയ്യുകയാണ് സർക്കാർ . ഒരോ വർഷത്തെ ബജറ്റുകളിലും കാർഷിക വികസന പദ്ധതികൾക്കും ഗ്രാമീണ വികസന പദ്ധതികൾക്കും വേണ്ടിയുള്ള തുകകൾ പരിമിത പെടുത്തുകയാണ് സർക്കാർ ചെയ്യുന്നത്. അനുദിനം വർദ്ധിച്ചു വരുന്ന കാർഷിക ചെലുവുകളിൽ നിന്നും കർഷകരെ രക്ഷപെടുത്താൻ സബ്സിഡികൾ വ്യാപകമാക്കിയും കാര്യക്ഷമമാക്കിയും കർഷകർക്ക് നേട്ടങ്ങൾ ഉറപ്പു വരുത്താൻ കഴിയണം. സബ്സിഡികൾ എടുത്തു മാറ്റുന്നതിനെതിരെ കൃഷിക്കാരുടെ ഉശിരൻസമരങ്ങൾ വികസിപ്പിക്കേണ്ടതുണ്ട്.

കരാർ കൃഷി സമ്പ്രദായം കർഷകനെ അടിമകളാക്കുന്നു. ഇന്ത്യൻ ഗ്രാമീണ മേഖലകളിൽ കാർഷിക ഉദ്പാദന പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരെ അടിമകളാക്കി മാറ്റുന്നതിന് മാത്രമെ , കേന്ദ്ര സർക്കാർ മുന്നോട്ട് വെച്ചിട്ടുള്ള കരാർ കൃഷി സമ്പ്രദായത്തിലൂടെ കഴിയൂ. തങ്ങളുടെ ഇച്ഛക്കനുസരിച്ചുള്ള വിത്തുകൾ ഉപയോഗിച്ച് തങ്ങളുടെ ലാഭ താൽപര്യങ്ങൾ ഉറപ്പു വരുത്തുന്ന കൃഷി ചെയ്യാൻ കർഷകരെ കോർപ്പറേറ്റ് കൾ നിർബ്ബന്ധിക്കുന്നു.ഇങ്ങനെ കൃഷിയിലുള്ള തങ്ങളുടെ എല്ലാ താൽപര്യങ്ങളെയും കുഴിച്ചുമൂടി നവ കൊളോണിയലിസത്തിന്റെ തടവുകാരായി മാറാൻ കർഷകർ നിർബ്ബന്ധിക്കപ്പെടുന്നു.

**കടക്കെണിയിൽ നിന്നും കർഷകരെ രക്ഷിക്കുക**

കൃഷിയിൽ നിന്നും ഭൂമിയിൽ നിന്നും കൃഷിക്കാരെ ആട്ടിയോടിക്കുന്ന നയം കാരണം പിടിച്ചു നിൽക്കാൻ കടം വാങ്ങി കൃഷി ചെയ്യുന്ന കർഷകൻ ദുരിത കയത്തിൽ മുങ്ങുകയാണ്. വൻകിട ബാങ്കുകൾ മാത്രമല്ല, കർഷകനെ സംരക്ഷിക്കാനായി അവതരിച്ച സഹകരണ ധനകാര്യ ബാങ്കുകൾ പോലും പുത്തൻ ഷൈലോക്ക് മാരായി കർഷകനെ ആത്മഹത്യയിലേക്ക് നയിക്കുകയാണ്. ദശ കോടികൾ കോർപറേറ്റുകൾക്കും അഭ്യന്തര കുത്തകകൾക്കും വേണ്ടി എഴുതിതള്ളുന്ന സർക്കാർ സാധാരണ കൃഷിക്കാരൻ കാർഷിക ആവശ്യങ്ങൾക്കുവേണ്ടി എടുക്കുന്ന ലോണുകൾക്ക് വൻ പലിശ ഈടാക്കുകയും തിരിച്ചടവുകളിൽ വീഴ്ച വരുമ്പോൾ , സർഫാസി നിയമം പോലുള്ള ക്രൂരവും പ്രാകൃതവുമായ നിയമങ്ങൾ ഉപയോഗിച്ച് കർഷകനെ തുറുങ്കിലടക്കുകയുമാണ്. കർഷകന്റെ 10 ലക്ഷം വരെയുള്ള എല്ലാ കടങ്ങളും റദ്ദ് ചെയ്യാനും സർഫാസിനിയമം കുഴിച്ചുമൂടാനും ആവശ്യപെട്ടുകൊണ്ടുള്ള പ്രക്ഷോഭങ്ങൾ കർഷകപ്രസ്ഥാനം ശക്തിപ്പെടുത്തണം.

നവ കൊളോണിയൽ നയങ്ങളും കേരളത്തിലെ കാർഷിക പ്രതിസന്ധിയും പരിശോധിച്ചാൽ ബ്രട്ടീഷ് കൊളോണിയൽ ഭരണ കാലത്ത് തന്നെ ബ്രട്ടീഷ് മൂലധനം നമ്മുടെ കാർഷികവ്യവസ്ഥയെ ശക്തമായി സ്വാധീനിക്കുന്നതിൽ ഗണ്യമായ പങ്കു വഹിച്ചിട്ടുണ്ട്ന്നു മനസ്സിലാക്കാം .

ഈ സ്വാധീനം വ്യാപാരവുമായ് ബന്ധപ്പെട്ട , നാണ്യവിള പ്രധാനമായ കാർഷിക സമൂഹമായി കേരളത്തെ പൊതുവെ മാറ്റയിരുന്നു. പ്രാചീന കാലം മുതൽ വിദേശ രാജ്യങ്ങളിലേക്ക് കേരളത്തിൽ നിന്ന് കുരുമുളക് കയറ്റുമതി ചെയ്തിരുന്നു വെങ്കിലും കാപ്പിയും , റബ്ബറും , തേയിലയും വെളിച്ചെണ്ണയും കയറ്റുമതി പ്രധാനമായ നാണ്യ വിളകളായി പ്രാമുഖ്യം നേടുന്നത് കൊളോണിയൽ ഭരണകാലത്താണ്. ഇതുവഴി തോട്ടവിളകളെ അടിസ്ഥാനപ്പെടുത്തിയുള്ള വാണിജ്യ കൃഷി കേരളത്തിൽ വിപുലമായയതായി കാർഷിക ഗവേഷകർ രേഖപ്പെടുത്തുന്നുണ്ട്.

ഐക്യ കേരളം പിറവി കൊള്ളുന്നതിനും മുമ്പെ തന്നെ മുപ്പതുകളിലും നാൽപ്പതുകളിലുമായി കൃഷിക്കാരന്റെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് വേണ്ടി കർഷകപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ കർഷക ജനസാമാന്യത്തിന്റെ പ്രത്യക്ഷ ശത്രുവായി നിലനിന്ന സാമ്രാജ്യത്വത്തിനും അവരുടെ അടിത്തറയായി നിലനിന്ന നാടുവാഴിത്ത - ജന്മിത്തശക്തികൾക്കും എതിരായ ഉശിരൻ സമര

ങ്ങൾ കേരളത്തിൽ മുന്നേറിയിട്ടുണ്ട്. പട്ടിണിപ്പാവങ്ങളായ ജനങ്ങൾ അഭിമുഖീകരിക്കുന്ന ഭക്ഷ്യക്ഷാമം, വിലക്കയറ്റം , പൂഴത്തി വെപ്പ് ,കരിഞ്ചന്ത തുടങ്ങിയ എല്ലാ സാമൂഹ്യ തിന്മകൾക്കുമെതിരെയുള്ള ഗ്രാമീണ കർഷക കലാപങ്ങളായി ഇത് വികസിച്ചിട്ടുമുണ്ട്. കുടിയായ്മ സമ്പ്രദായത്തിന് അറുതിവരുത്തുവാനും കുടിയൊഴിപ്പിക്കൽ അവസാനിപ്പിക്കുന്നതിനും, പാട്ടബാക്കി എഴുതി തള്ളാനും കേരളത്തിലെ കർഷകപ്രസ്ഥാനം പോരടിച്ചു.

'സ്വാതന്ത്ര്യ സമ്പാദന 'ത്തിന് ശേഷവും , കേരളത്തിലെ തോട്ടം സമ്പദ്ഘടനയിൽ വിദേശ മൂലധനത്തിന്റെ പ്രകടമായ സ്വാധീനം കാണാം. ബ്രട്ടീഷ് കൊളോണിയൽ ശക്തികൾ വളർത്തിയെടുത്ത വാണിജ്യവിളകളുമായി ബന്ധപ്പെട്ട ഭൂമി മുഴുവൻ തന്നെ ഉടമസ്ഥാവകാശം നിയമ വിരുദ്ധമായി ഇന്നും തുടരുന്നു. 1957 ൽ EMS സർക്കാർ അധികാരമേറ്റെടുത്തിട്ടും തോട്ടം മേഖലയിലെ ഭൂബന്ധങ്ങളിൽ തൊടാൻ തയാറായില്ല. എന്നു മാത്രമല്ല ഭൂപരിഷ്കരണ നടപടികൾ മുന്നോട്ട്വെച്ചപ്പോൾ തോട്ട ഭൂമിയെ പരിധിയിൽ നിന്നും മാറ്റി നിർത്തിയതിലൂടെ ഭൂവുടമകൾക്ക് പരിധിയിൽ കവിഞ്ഞ ഭൂമി തോട്ടങ്ങളാക്കി മാറ്റാനും കഴിഞ്ഞു.

കാർഷിക മേഖലയിലെ ഉത്പാദനവും ഉദ്പാതന ക്ഷമതയും കുത്തനെ കുറഞ്ഞുവരുന്ന പ്രവണതയാണ് അറുപതുകളിലും എഴുപതുകളിലും കാണാൻ കഴിയുന്നത്. നെൽകൃഷിയൊഴികെയുള്ള മറ്റെല്ലാ ധാന്യകൃഷികളും അന്യം നിന്നു പോകുകയും നാണ്യവിള കൃഷിയാകട്ടെ അന്താരഷ്ട്ര മാർക്കറ്റുകളിലെ വിലകളിൽ രൂപപ്പെടുന്ന ഏറ്റക്കുറച്ചിലുകളിൽ ആടി ഉലയുകയും ചെയ്തു.

എന്നാൽ 80 കളോടെ പുതിയ പ്രവണതകൾ കേരളത്തിലെ കാർഷിക മേഖലയെ ആഴത്തിൽ ഗ്രസിച്ചു തുടങ്ങി. 80 കളുടെ അവസാനവും 90 കളിലും ആരംഭിച്ച ആഗോളീകരണ നയങ്ങൾ അതിന്റെ ഭാഗമായ ഉദാരവൽകൃതമായ കയറ്റിറക്കുമതി നയങ്ങൾ അക്ഷരാർത്ഥത്തിൽ കേരളത്തിലെ കാർഷിക മേഖലയെ തകർത്തെറിയുകയും കർഷകരെ കുത്തുപാളയെടുപ്പിക്കുകയും ചെയ്തു. കാർഷിക ഉദപാദന പ്രക്രിയയെ തന്നെ കർഷകർ കയ്യൊഴിയുന്നതിലേക്ക് എത്തിച്ചത് ഇതിന് ശേഷമാണ്. സർക്കാർ കൃഷി സംരക്ഷണത്തിനാവശ്യമായ പ്രവർത്തനങ്ങളിൽ നിസ്സംഗത പാലിച്ചപ്പോൾ കൃഷിക്കാർ കൃഷി ഭൂമിയിൽ വലിയൊരു

പങ്കും കൃഷി നടത്താതിരിക്കാൻ നിർബ്വന്ധിതരായി. ഫലത്തിൽ ക്രമേണ യായി കൃഷി നടത്താത്തവരുടെ കൈകളിൽ ഭൂ ഉടമസ്ഥത വന്നുചേരുകയും ചെയ്തു.

കേന്ദ്ര സർക്കാർ മുന്നോട്ട്വെച്ച ഇറക്കുമതി ഉദാരവൽകരണ നയങ്ങൾ കാർഷിക ഉൽപന്നങ്ങളുടെ വില കുത്തനെ ഇടിച്ചു. കേരളം പോലുള്ള നാളീകേര



ഉത്പാദനം ഗണ്യ തോതിലുള്ള സംസ്ഥാനത്തിലേക്ക് വെളിച്ചെണ്ണ യും , ഇതര സസ്യ എണ്ണകളും വൻ രീതിയിൽ ഇറക്കുമതി ചെയ് തതിലൂടെ നാളികേരത്തിന്റെ വില കുത്തനെ ഇടിയുകയും നാളികേ രകർഷകർ അനുദിനം പ്രതിസ ന്ധികളെ നേരിട്ടു. സർക്കാറിന്റെ ഇ റക്കുമതിച്ചുങ്കങ്ങൾ എടുത്തുമാറ്റി യ നടപടിയും ഇതോടൊപ്പം കർ ഷകരെ പ്രതിസന്ധിയിലെത്തിച്ചു.

സർക്കാർ നടപ്പാക്കുന്ന വി കസന നയങ്ങൾ , കാർഷികേതര ആവശ്യങ്ങൾക്ക് കൃഷി ഭൂമി ഉപ യോഗിക്കൽ തുടങ്ങി കർഷകദ്രോ ഹ നടപടികൾ തുടരുന്ന സർക്കാർ പ്രകൃതി ദുരന്തങ്ങളും കാലാവ സ്ഥ വ്യതിയാനങ്ങളും മൂലം കൃ ഷി തകർച്ചയെ നേരിടുമ്പോൾ സ ഹായ പദ്ധതികൾ കടലാസ്സിലൊ തുക്കുകയാണ്.നവലിബറൽ നയ ങ്ങളുടെ നടത്തിപ്പുകാരായി ഭരണം കയ്യാളിയ സംസ്ഥാന ഭരണാധികാ രികളും നിലനിന്നിരുന്ന നാമമാ ത്രമായ കാർഷിക സംരക്ഷണ ന ടപടികൾ പോലും ഇല്ലാതാക്കുക യും

ധനമൂലധന ശക്തികളുടെ നിയ ന്ത്രണങ്ങൾക്ക് കാർഷിക മേഖല യെ കീഴ്പ്പെടുത്തുകയും ചെയ്തു. വിപണി ഏകീകരണത്തിന്റേയും, ചുങ്ക സംരക്ഷണ നിഷേധത്തിന്റേ യും WTO അടിച്ചേൽപ്പിച്ച വ്യാ പാര നിബന്ധനകളുടേയും അടി സ്ഥാനത്തിലുള്ള കാർഷിക നയ ങ്ങളും സബ്സിഡികൾ പോലും എടുത്തു മാറ്റി കൊണ്ടുള്ള സർ ക്കാർ സമീപനങ്ങളും കേരളത്തി ലും കാർഷികപ്രതിസന്ധിയുടെ ആഴം വർദ്ധിപ്പിക്കുന്നതിൽ മുഖ്യ പങ്കു വഹിച്ചു.

കർഷക ജനസാമാന്യത്തി ന്റെ നിലനിൽപ്പ് ലക്ഷ്യം വെച്ചു കൊണ്ട് അതി ശക്തമായി സമര മുഖത്ത് അണിനിരക്കുക എന്നതു് മാത്രമാണ് കേരളത്തിലെ കർഷ കരുടെ മുന്നിലുള്ളതു്. എല്ലാ തര



ത്തിലുള്ള ഭരണവർഗ്ഗ നിലപാടുക ളെയും ചെറുത്തു തോൽപ്പിക്കാനാ കണം കോർപ്പറേറ്റുകളെ കാർഷി ക മേഖലയിൽ നിന്നുകെട്ടുകെട്ടി ക്കാനുതകുന്ന പ്രക്ഷോഭങ്ങൾ ശ ക്തിപ്പെടുത്തണം. ദില്ലിയിലെ കർ ഷക പ്രക്ഷോഭം കാണിച്ച മാതൃ ക മുന്നേറ്റങ്ങളുടേതാണ്. പിന്മടക്ക ത്തിന്റേതല്ല.

സംസ്ഥാനത്തിന്റെ സവി ശേഷ സാഹചര്യങ്ങളിൽ കർഷ കർ ഇന്ന് അഭിമുഖീകരിക്കുന്ന അ ടിയന്തിര ആവശ്യങ്ങളെ മുന്നോട്ട് വെച്ച് കൊണ്ട് പുതിയ യാഥാർത്ഥ്യ ങ്ങളെ ഉൾക്കൊള്ളുന്ന, സമരസന്ന ദ്ധമായ കർഷക പ്രസ്ഥാനം കെ ട്ടിപ്പടുക്കുന്ന പ്രവർത്തനങ്ങൾ ശ ക്തിപ്പെടുത്തേണ്ടതുണ്ട്. അതു വ ഴി യോജിക്കാവുന്ന മുഴുവൻ ശ ക്തികളെയും ഐക്യപ്പെടുത്തി സംയുക്തകർഷക സമരസമിതി യുടെ (SKM) നേതൃത്വത്തിൽ കേ രളത്തിലും APMC ക്കും MSP ക്കും വേണ്ടിയുള്ള പ്രക്ഷോഭവും ഇതോടൊപ്പം ശക്തിപ്പെടുത്തേണ്ട തുണ്ട്. അഖിലേന്ത്യാ തലതത്തിൽ കർഷകർ അഭിമുഖീകരിക്കുന്ന പ്ര ശ്നങ്ങൾ ക്കൊപ്പം കേരളത്തിൽ കർഷക ജനവിഭാഗങ്ങൾ അഭിമു ഖീകരിക്കുന്ന പ്രശ്നങ്ങള കേന്ദ്രീ കരിച്ചു സമരങ്ങൾ വികസിപ്പിക്കു കയും അതുവഴി സംഘടന ശക്തി പ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്.

## APMC ക്ക് വേണ്ടി ശബ്ദമുയർത്തുക.

കർഷകരിൽ നിന്നും മുഴു വൻ കാർഷിക ഉത്പന്നങ്ങളും വാർഡ് / പഞ്ചായത്ത് തലങ്ങളിൽ സംഭരിക്കാനുള അടിയന്തര സംവി ധാനങ്ങൾ ഉണ്ടാക്കുക

## MSP ഉറപ്പു വരുത്തുക

സ്വാമിനാഥൻ കമ്മിഷൻ നിർദ്ദേശി ച്ചത് പോലെ, ഓരോ ഉത്പന്നങ്ങൾ ക്കും ഉത്പാദന ചെലവിനനുസരി ച്ചു മതിയായ താങ്ങുവില കർഷ കന് ലഭ്യമാക്കുക

കാർഷിക ഇൻഷൂറൻസ് ഉറപ്പു വ രുത്തുക.

മുഴുവൻ കാർഷിക വിളകൾക്കും ഇൻഷൂറൻസ് പരിരക്ഷ ഉറപ്പു വ രുത്തി അർഹമായ നഷ്ടപരിഹാരം കർഷന് ലഭ്യമാക്കുക

സബ്സിഡി കൾ പുന:സ്ഥാപിക്കുക. സബ്സിഡികൾ പുന:സ്ഥാപിക്കു ക. കർഷകരെ രക്ഷിക്കുക.

കടക്കെണിയിൽ നിന്നും കർഷക രെ രക്ഷിക്കുക. കാർഷിക കട ങ്ങൾ എഴുതി തള്ളുക

■



പ്രമോദ് ശങ്കരൻ

# ജാതികൾക്കുള്ളിലെ സാമൂഹ്യപദവിയും ഹിന്ദുത്വഫാസിസത്തിനെതിരായ പ്രതിരോധവും

ഇന്ത്യ ഭാവിയിൽ അഭിമുഖീകരിക്കാൻ പോകുന്ന വിപത്തിനെക്കുറിച്ച് അംബേദ്കർ ഒരു മുന്നറിയിപ്പ് നൽകുന്നുണ്ട്. രണ്ട് തരത്തിലുള്ള ഭൂരിപക്ഷം അധികാരത്തിൽ കടന്നുവരാൻ രാജ്യത്ത് അവസരമുണ്ട്. അതിലൊന്ന് രാഷ്ട്രീയ ഭൂരിപക്ഷത്തിലൂടെയാണ് കടന്നുവരിക. രാഷ്ട്രീയ ഭൂരിപക്ഷം സ്ഥിരമല്ല. അതിനെ മറ്റൊരു രാഷ്ട്രീയ ഭൂരിപക്ഷത്തിലൂടെ പുറത്താക്കാൻ കഴിയും. എന്നാൽ രാഷ്ട്രീയ ഭൂരിപക്ഷത്തിനു പുറമെ സാമുദായിക ഭൂരിപക്ഷം എന്നൊന്നുണ്ട്. സാമുദായിക ഭൂരിപക്ഷമെന്നത് സ്ഥിരമാണ്. ഇന്ത്യയിൽ അനേകം ജാതികളായി തമ്മിൽ ചേരാതെ കിടക്കുന്നതാണ് ഹിന്ദുമതമെങ്കിലും അതിന് ഒരു ഭൂരിപക്ഷ മതമായി മാറാനും സ്ഥിരമായി അധികാരത്തിൽ വരാനുമുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. ഇന്ത്യ നേരിടാൻ പോകുന്ന ഭീഷണിക്കെതിരെ ജാഗ്രത പാലിക്കാനാണ് അംബേദ്ക്കർ ഈ മുന്നറിയിപ്പ് നൽകിയത്. ഇന്ന് സംഘപരിവാർ നിയന്ത്രിക്കുന്ന മോഡി സർക്കാർ തുടർച്ചയായി ഇന്ത്യ ഭരിക്കുമ്പോൾ അംബേദ്ക്കറുടെ ദീർഘവീഷണത്തെക്കുറിച്ചും ഇന്ത്യൻ സാമൂഹ്യഘടനയുടെ അടിസ്ഥാന സ്വഭാവത്തെക്കുറിച്ചും ഗൗരവമായിത്തന്നെ ജനാധിപത്യ ഇന്ത്യ ചർച്ച ചെയ്യേണ്ടതുണ്ട്.

അനേകം ജാതികളായി പിരിയുകയും തമ്മിൽത്തമ്മിൽ വിവേചന പൂർവ്വം പെരുമാറുകയും ചെയ്യുന്ന സാമൂഹ്യ വിഭാഗങ്ങൾക്കിടയിൽ വ്യാജമായി നിർമ്മിച്ചിരിക്കുന്ന മതബോധ അടിത്തറയിലാണ് ഹിന്ദുത്വം നിലകൊള്ളുന്നത്. അതുകൊണ്ടുതന്നെ സാഹോദര്യവും നീതിയും സ്വാഭാവികമായി വിതരണം ചെയ്യാത്ത ഹിന്ദുമത സാമൂഹ്യഘടനയിലെ ജാതിഘടനയെക്കുറിച്ച് ആഴത്തിൽ ചർച്ച ചെയ്യേണ്ടതുണ്ട്. അത്തരം ചർച്ചയിലൂടെ രൂപപ്പെടുന്ന ഒരു ജനാധിപത്യ രാഷ്ട്രീയ സമൂഹത്തിനു മാത്രമേ ആത്യന്തികമായി സംഘപരിവാർ ഹിന്ദുത്വ ഭീഷിണിയെ ഫലപ്രദമായി നേരിടാൻ കഴിയൂ. ഇന്ത്യയിലെ എല്ലാ മനുഷ്യർക്കും തുല്യമായ അധികാര-വിഭവ പങ്കാളിത്തം നൽകാതിരിക്കുകയും സമ്പത്തും അധികാരവും പദവികളും ഹിന്ദുമതത്തിലെ ന്യൂനപക്ഷമായ സവർണർ (caste hindu) മാത്രം കുത്തകയാക്കി കൈവശം വച്ചിരുന്ന ഒന്നായിരുന്നു. ആധുനിക ഇന്ത്യ രുപം കൊള്ളുന്ന സമയത്ത് സാമൂഹ്യമായ ബഹിഷ്കരണത്തിന് വിധേയരായിരുന്ന സാമൂഹ്യ വിഭാഗങ്ങൾക്കും മതന്യൂനപക്ഷങ്ങൾക്കും സംവരണത്തിലൂടെ, സവർണർ മാത്രം കൈവശം വച്ചിരുന്ന അധികാരത്തിൽ പരിമിതമായ പങ്കാളിത്തം ലഭിക്കാനിടയായി. ഈ ഭരണഘടനാപരമായ അവകാശം സവർണർക്കിടയിൽ വ്യാപക എതിർപ്പുണ്ടാക്കിയിരുന്നു. പിന്നീട് ഹിന്ദുക്കളിലെ മഹാ ഭൂരിപക്ഷമായ പിന്നോക്ക ജനങ്ങൾക്കും



മണ്ഡൽ കമ്മീഷൻ വഴി അധികാര പങ്കാളിത്തം ലഭ്യമായി. സർക്കാർ ജോലികളുടെ സിംഹഭാഗവും കൈയടക്കിയിരുന്ന ഇന്ത്യൻ ജനസംഖ്യയിലെ 10% ത്തോളം വരുന്ന സവർണ വിഭാഗങ്ങൾ വ്യാപകമായ കലാപമാണ് ഇതിനെതിരെ ഇന്ത്യയിൽ അഴിച്ചുവിട്ടത് . സംവരണ പ്രശ്നം 10% ഉള്ള സവർണരെ, മഹാഭൂരിപക്ഷമുള്ള പിന്നോക്ക ദലിത് ജനവിഭാഗങ്ങൾക്കെതിരെ ശത്രുക്കളാക്കി നിലനിർത്തിയിരുന്നു. അഥവാ സംവരണ പ്രശ്നം ഹൈന്ദവ ഏകീകരണത്തിന് തടസ്സമായി എല്ലാ കാലത്തും ജാതി പ്രശ്നമായി നിലനിർത്തി. അതുകൊണ്ട് സംവരണ സമവാക്യത്തെ മാറ്റിമറിച്ച് ഹൈന്ദവ ഏകീകരണം സാധ്യമാക്കേണ്ടത് സംഘപരിവാറിന്റെ എല്ലാകാലത്തേയും രാഷ്ട്രീയമായ ഒരാവശ്യമായിരുന്നു. ഈ പ്രശ്നം പരിഹരിക്കാനായിരുന്നു മോദി സർക്കാർ സവർണ സംവരണമെന്ന സാമ്പത്തിക സംവരണം കൊണ്ടുവന്നത്. മുസ്ലീം ലീഗും ഒവൈസിയുടെ ഓൾ ഇന്ത്യ മജ്‌ലിസ് എൽ എത്തഹാദുൾ മുസിൽമീൻ പാർട്ടിയും ഒഴികെ, ഇന്ത്യയിലെ മതേതര പാർട്ടികളെന്ന് അവകാശപ്പെടുന്ന എല്ലാ രാഷ്ട്രീയ കക്ഷികളും സംഘപരിവാർ രാഷ്ട്രീയത്തിന് കീഴടങ്ങുന്ന കാഴ്ചയാണ് അന്ന് പാർലമെൻറിൽ കണ്ടത്. 10% ത്തോളം വരുന്ന സവർണ വോട്ടാണ് മതേതര രാഷ്ട്രീയ പാർട്ടികൾ എന്ന് അവകാശപ്പെടുന്നവർ ലക്ഷ്യം വച്ചതെങ്കിൽ, സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന ജനങ്ങൾക്കും സവർണർക്കുമിടയിലെ ആഭ്യന്തര പ്രശ്നം പരിഹരിച്ച് ഹൈന്ദവ ഏകീകരണമെന്ന സംഘപരിവാറിന്റെ ആവശ്യമാണ് നടപ്പിലാക്കപ്പെട്ടത്.

സാമുദായിക ഭൂരിപക്ഷമെന്ന അധികാരസ്ഥിരത ഇല്ലാതാക്കാൻ ഹൈന്ദവ ഏകീകരണത്തെ തടയേണ്ടത് അനിവാര്യമാണ്. ഇതിന്, അനേകം ജാതികളായ് പിരിഞ്ഞു കിടക്കുകയും തമ്മിൽ സാമൂഹ്യമായ് കലരാതിരിക്കുകയും ചെയ്യുന്ന ജാതിപ്രശ്നത്തെ സജീവ ചർച്ചക്ക് വിധേയമാക്കേണ്ടതുണ്ട്. അത്തരം ചർച്ചയക്ക് ഒരു പുതിയ ജനാധിപത്യ രാഷ്ട്രീയ സമൂഹത്തിന്റെ വളർച്ചക്ക് വഴിയൊരുക്കാനും അതിലൂടെ സംഘപരവാർ ഹിന്ദുത്വ രാഷ്ട്രീയത്തെ പ്രതിരോധിക്കാനും കഴിയും. അതിനായി ജാതിവ്യവസ്ഥയുടെ പ്രകൃതത്തേയും സാമൂഹ്യഘടനയുടെ അടിസ്ഥാനസ്വഭാവത്തേയും തിരിച്ചറിയുകയെന്നത് പ്രധാനമാണ്. ശ്രേണീകൃതമായ മേൽകീഴ് ബന്ധത്തിൽ നിലനിൽക്കുന്ന ജാതിസമൂഹങ്ങൾക്ക് അടിസ്ഥാനപരമായി ഒരു പൊതു സ്വാഭവമുണ്ട്. ഒരേ സമയം മർദ്ദിതനും മർദ്ദകനുമായിരിക്കുകയെന്നത് ജാതികളുടെ ഒരു പൊതു സ്വഭാവമാണ്. ഉദാഹരണത്തിന്, ബ്രാഹ്മണർക്കിടയിൽത്തന്നെ നിരവധി ജാതിസമൂഹങ്ങളുണ്ട്. അവർ തമ്മിലുള്ള സാമൂഹ്യബന്ധം മുകളിലുള്ള ജാതിയിൽ നിന്നും വിവേചനം ഏറ്റുവാങ്ങുകയും അവർക്കിടയിൽ തന്നെയുള്ള സാമൂഹ്യപദവി കുറഞ്ഞ ബ്രാഹ്മണ ജാതികളോട് വിവേചനപൂർവ്വം പെരുമാറുകയും

ജാതിപ്രശ്നം ദലിത് പ്രശ്നമായി മാത്രമല്ല അവതരിപ്പിക്കേണ്ടതും മനസ്സിലാക്കേണ്ടതും. ജാതിവിരുദ്ധ സമരത്തെ എല്ലാ സാമൂഹിക വിഭാഗങ്ങളുടേയും മനുഷ്യ പദവിക്ക് വേണ്ടിയുള്ള ഒന്നായി മാറ്റിതീർക്കേണ്ടതുണ്ട്.

ചെയ്യുക എന്നതാണ്. ജാതിയെന്നത് മറ്റെന്തിനേക്കാളുമുപരിയായി തരം തിരിക്കപ്പെട്ട സാമൂഹ്യപദവിയാണ്. അതുകൊണ്ടുതന്നെ ജാതിവ്യവസ്ഥയിൽ ആരും ആരേയും തുല്യരായി അംഗീകരിക്കുന്നില്ല എന്ന തിരിച്ചറിവുള്ള ജനാധിപത്യ സമൂഹത്തെ രൂപപ്പെടുത്തിയെടുക്കേണ്ടതുണ്ട്. ഇത് പറയാൻ കാരണം ജാതിയെന്നത് ദലിത്-ആദിവാസി അധികാര-വിഭവ പ്രശ്നമായോ മനുഷ്യാവകാശ പ്രശ്നമായോ മാത്രം മനസിലാക്കുന്ന ഒരു പൊതുബോധം നിലനിൽക്കുന്നുണ്ട് എന്നതാണ്. ആ പൊതുബോധയുക്തിയെ മറികടക്കുന്നതിന് ആധുനിക മൂല്യ സങ്കല്പങ്ങളുടെ തുല്യമനുഷ്യർ എന്ന സങ്കല്പത്തെ കേന്ദ്ര പ്രശ്നമായി ജാതിവിരുദ്ധ ആശയങ്ങൾ വികസിപ്പിക്കേണ്ടതുണ്ട്. അതിനർത്ഥം ദലിത് ആദിവാസി ഭൂപ്രശ്നങ്ങളെയും ജാതി മർദ്ദനവുമായി ബന്ധപ്പെട്ട വിഷയങ്ങളെയും ഒഴിവാക്കണമെന്നോ കുറച്ച് കാണണമെന്നോ അല്ല. ദലിത് -ആദിവാസി അധികാര-വിഭവ പ്രശ്നങ്ങൾ സാമൂഹ്യനീതിയുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടത് സർക്കാരുകളുടെ ചുമതലയാണ്. അത് ഒരു രാഷ്ട്രീയ പ്രക്രിയയിലൂടെ പരിഹരിക്കാവുന്നതുമാണ്. എന്നാൽ ജാതിവ്യവസ്ഥ നിലനിർത്തുന്ന ശ്രേണീകൃതമായ സാമൂഹ്യപദവി പ്രശ്നം ആധുനിക ജാനാധിപത്യ സമൂഹം കൈകാര്യം ചെയ്യേണ്ട ഒന്നാണ്. വിശാലമായ അർത്ഥത്തിൽ ജാതിപ്രശ്നം സാമൂഹ്യ പദവികളുമായി ബന്ധപ്പെട്ട സാമൂഹ്യപ്രശ്നമാണെന്നിരിക്കെ ദളിത് ആദിവാസി പ്രശ്നമായി മാത്രം കണ്ടാണ് സവർണ പിന്നോക്ക സമൂഹങ്ങളിൽ നിന്നുപോലും ജാതിവിരുദ്ധ പോരാട്ടങ്ങളിൽ ഐക്യപ്പെടുന്നത്. ഇത്തരം ഐക്യപ്പെടലിലെ പ്രശ്നം തനിക്കു വേണ്ടിയുള്ള ഒരു സമരത്തിൽ അല്ല തനിക്ക് വെളിയിലുള്ള ഒരു സമൂഹത്തിന്റെ അതിജീവന പ്രശ്നത്തിലാണ് താൻ ഇടപെടുന്നത് എന്ന രക്ഷാകർത്തൃത്വബോധമാണ് അവിടെ പ്രവർത്തിക്കുന്നത് എന്നതാണ്. ഇത്തരം രക്ഷാകർത്തൃത്വ ഐക്യദാർഢ്യങ്ങൾക്ക് ശ്രേണീകൃതമായ സാമൂഹ്യപദവികളെന്ന ജാതിവ്യവസ്ഥയുടെ അടിത്തറ തകർക്കാൻ കഴിയില്ല. ജാതിവ്യവസ്ഥക്കെതിരായി തുല്യസാമൂഹ്യ പദവിക്കുവേണ്ടിയുള്ള സമരത്തിൽ പങ്കെടുക്കുന്ന ഒരാൾക്ക് ഈ സമരം തനിക്ക് പുറത്തുള്ളവർക്ക് വേണ്ടിയുള്ള സമരമല്ല തനിക്ക് തന്നെ വേണ്ടിയുള്ള ഒന്നായി മാറുന്നു. ജാതിവിരുദ്ധ സമരത്തിൽ പങ്കെടുക്കുന്നവർ ബ്രാഹ്മണർക്ക് ഇടയിലുള്ള ജാതികളിൽ നിന്നായാൽ പോലും അയാൾ സംസാരിക്കുന്നത് തുല്യമനുഷ്യൻ എന്ന നിലയിൽ അയാളെ അംഗീകരിക്കാത്ത വ്യവസ്ഥക്കെതിരെയാവും. ആ നിലക്ക് എല്ലാ ജാതിവിഭാഗങ്ങളിൽ നിന്നും സ്വന്തം മനുഷ്യ പദവിക്ക് വേണ്ടി രംഗത്ത് വരുന്ന മനുഷ്യർക്ക് മാത്രമേ പുതിയ സാമൂഹ്യജനാധിപത്യ സമൂഹത്തെ സൃഷ്ടിക്കാൻ കഴിയൂ. അതുകൊണ്ട് ജാതിപ്രശ്നം ദലിത് പ്രശ്നമായി മാത്രമല്ല അവതരിപ്പിക്കേണ്ടതും മനസിലാക്കേണ്ടതും. ജാതിവിരുദ്ധ സമരത്തെ എല്ലാ സാമൂഹിക വിഭാഗങ്ങളുടേയും മനുഷ്യ പദവിക്ക് വേണ്ടിയുള്ള ഒന്നായി മാറ്റിതീർക്കേണ്ടതുണ്ട്.

ജാത്യവ്യവസ്ഥയെ അതിന്റെ സമഗ്രതയിൽ വിലകലനം ചെയ്യാതെ ദലിതരുടെ മാത്രം പ്രശ്നമായി സ്ഥാപിക്കുന്ന രീതിയിൽ നടക്കുന്ന ഇടപെടലുകൾ ദലിതേതര സമൂഹങ്ങളെ സ്വയം സവർണവൽക്കരിക്കാൻ മാത്രമാണ് സഹായിക്കുക. ആയതുകൊണ്ട് ശ്രേണീകൃതവും തരംതിരിച്ച അസമത്വത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതുമായ ജാതിവ്യവസ്ഥയിൽ എല്ലാ ജാതികളും വിവേചനത്തിന് ഇരയായിരിക്കുമ്പോൾത്തന്നെ തൊട്ടുതാഴെയുള്ള ജാതികൾക്ക് മുകളിൽ തങ്ങൾക്ക് പ്രിവിലേജുണ്ട് എന്ന ബോധമാണ് ജാതിവ്യവസ്ഥയെ സംരക്ഷിച്ചുനിർത്തുന്നത്. ബ്രാഹ്മണ ജാതികളിൽത്തന്നെ താഴെയും മുകളിലുമെന്ന ക്രമത്തിൽ പരസ്പരം വിവേചനപൂർവ്വം പെരുമാറാൻ പരിശീലിപ്പിക്കുന്നതാണ് ഈ സാമൂഹ്യഘടന. സ്വയം അവഹേളനങ്ങൾ ഏറ്റുവാങ്ങിക്കൊണ്ട് തങ്ങൾക്ക് താഴെ വരുന്നവരോട് അവഹേളനപൂർവ്വം പെരുമാറുന്നതിന് അവസരമുണ്ടെന്ന് കരുതി ജീവിക്കുന്ന എല്ലാ മനുഷ്യരും

ജാതിവിരുദ്ധമായ ജനാധിപത്യ സമൂഹത്തിന്റെ നിർമ്മിതിയിലേക്ക് സ്വയം കടന്ന് വരുമ്പോൾ മാത്രമേ ജാതിവ്യവസ്ഥക്കെതിരായ ഒരു ബഹുജന ഐക്യം സാധ്യമാകൂ.

ജാതി വ്യവസ്ഥയിലെ പ്രിവിലേജ്ഡ് സമൂഹങ്ങൾ ജാതിവിരുദ്ധ സമരത്തിൽ ഐക്യപ്പെടേണ്ടത് കേവലമായി ദലിതരുടെ വിമോചനാവശ്യം എന്ന നിലക്കല്ല തങ്ങളെത്തന്നെ തുല്യ മനുഷ്യരായി പരിഗണിക്കാത്ത ഒന്നാണ് ജാത്യവ്യവസ്ഥ എന്ന ബോധ്യത്തിലാവണം.

ദലിതരുടെ ജാതി മർദ്ദനത്തിൻറെ ചരിത്രാനുഭവത്തെ മാത്രം മുന്നിൽവച്ച് നടത്തുന്ന ജാതിവിമർശനത്തിന്റെ മറുവശത്ത് സംഭവിച്ചത് മറ്റു പിന്നോക്ക /ശൂദ്രവിഭാഗങ്ങളുടെ ജാതീയമായ ചരിത്രാനുഭവങ്ങളെ അദൃശ്യതയിൽ നിർത്തിയെന്നതാണ്. ജാതീയ മർദ്ദനങ്ങൾ ദലിതരുടെ മാത്രം ചരിത്രാനുഭവമായി അവതരിപ്പിക്കപ്പെട്ടതിന്റെ ഫലമായി ദലിതർക്ക് മുകളിൽ പ്രിവിലേജുള്ള പിന്നോക്ക വിഭാഗങ്ങളിൽ വലിയ തോതിലുള്ള സവർണവൽക്കരണമാണ് നടന്നത്. ശൂദ്രജാതികളിലും പിന്നോക്ക ജാതികളിലും ഹൈന്ദവബോധം ശക്തിപ്പെട്ടതിൻറെ ഫലമായി സംഘപരിവാർ ഹിന്ദുത്വത്തിന് വലിയ സാധീനം ഈ വിഭാഗങ്ങളിലുണ്ടായത് പ്രകടമാണ്. സവർണവൽക്കരിക്കപ്പെടുന്നതിലൂടെ മൃദുഹിന്ദുത്വത്തിലേക്കാണ് ഇത്തരം സാമൂഹ്യവിഭാഗങ്ങൾ വഴിമാറുന്നതെങ്കിലും ആത്യന്തികമായി അത് സംഘപരിവാറിന്റെ തീവ്രഹിന്ദുത്വത്തിൻറെ അടിത്തറയായാണ് ഒരുങ്ങുന്നത്. ഹിന്ദുമതമെന്നത് തുല്യമായി നീതിവിതരണം ചെയ്യാത്ത അസമത്വം മാത്രമുള്ള ജാതികളുടെ കൂട്ടമാണെന്ന യാഥാർത്ഥ്യത്തിനപ്പുറം മതബോധത്തിലേക്ക് മാറുകയും ഹൈന്ദവ ജീവിതക്രമത്തെ സംരക്ഷിക്കേണ്ടത്, തങ്ങളുടെ കൂടി ധാർമിക ഉത്തരവാദിത്തമായി മാറുകയും ചെയ്യുന്നു. ഇത്തരം സാഹചര്യത്തിലാണ് രാമനും പശുവും അപകടത്തിലാണ് എന്ന് സംഘപരിവാർ പ്രചരിപ്പിച്ചാൽ ജനക്കൂട്ടങ്ങളായി തെരുവിലിറങ്ങിക്കൊണ്ട് ജാതീയ മർദ്ദനങ്ങളുടെ

ജാതി വ്യവസ്ഥയിലെ പ്രിവിലേജ്ഡ് സമൂഹങ്ങൾ ജാതിവിരുദ്ധ സമരത്തിൽ ഐക്യപ്പെടേണ്ടത് കേവലമായി ദലിതരുടെ വിമോചനാവശ്യം എന്ന നിലക്കല്ല തങ്ങളെത്തന്നെ തുല്യ മനുഷ്യരായി പരിഗണിക്കാത്ത ഒന്നാണ് ജാത്യവ്യവസ്ഥ എന്ന ബോധ്യത്തിലാവണം.





ജന പൊതുമുന്നണിക്ക് സാധ്യമാകും.

ജാതികൾ സാമൂഹ്യ പദവികളാൽ ശ്രേണികൃതമായി വിന്യസിക്കപ്പെട്ടിരിക്കുന്നതുകൊണ്ടാണ് അംബേദ്ക്കർ ഇന്ത്യയിലെ ജാതിവ്യവസ്ഥ തൊഴിൽ വിഭജനമല്ല തൊഴിലാളികളുടെ വിഭജനമാണ് എന്ന് നിരീക്ഷിക്കുന്നത്. പ്രാചീന തൊഴിൽ സംഘങ്ങളാണ് ജാതിസമൂഹങ്ങളായി രൂപപ്പെട്ടത് എന്ന വാദം നിലനിൽക്കുന്നുണ്ട്. തൊഴിൽ സംഘങ്ങളാണ് ജാതിയായി മാറിയിരുന്നതെങ്കിൽ ആധുനിക സമൂഹത്തിൽ കുലത്തൊഴിൽ മാറിയിട്ടും ജാതികളുടെ സാമൂഹ്യ പദവികൾ മാറ്റമില്ലാതെ തുടരുകയാണ് എന്നത് ഈ വാദത്തിന്റെ മുനയൊടിക്കുന്നു. സർവരാജ്യ തൊഴിലാളികളെ സംഘടിക്കുവിൻ നിങ്ങൾക്ക് നഷ്ടപ്പെടാൻ ചങ്ങലകൾ മാത്രം എന്ന മാർകസിൻറെ മുദ്രവാക്യം ഇന്ത്യക്ക് ബാധകമല്ല എന്ന് ജാതിനിർമൂലനമെന്ന കൃതിയിൽ അംബേദ്ക്കർ വ്യക്തമായി പറയുന്നുണ്ട് . അതിനുകാരണം ഇന്ത്യയിലെ തൊഴിലാളിക്ക് സാമ്പത്തിക ചങ്ങല മാത്രമല്ല നഷ്ടപ്പെടാൻ ഉള്ളത്, മറിച്ച് ജാതിവ്യവസ്ഥയാൽ തരം തരിച്ച സാമൂഹ്യപദവി കൂടി നഷ്ടപ്പെടാനുണ്ട് എന്നതാണ്. ഇന്ത്യയിലെ തൊഴിലാളിവർഗം, തൊഴിലാളികളുടെ ഐക്യത്തിനെതിരായി സമൂഹ്യപദവികളാൽ വിഭജിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ജാതിവിരുദ്ധ രാഷ്ട്രീയം ജാതിവ്യവസ്ഥയുടെ അടിത്തറയായ സാമൂഹ്യപദവി തകർക്കുന്നതായിരിക്കണം. ഇത് തൊഴിലാളിവർഗത്തിന്റെ ഐക്യത്തിനും ഫാസിസത്തിനെതിരായ വിശാലമായ ജനകീയ ഐക്യം വികസിക്കുന്നതിനും ഫാസിസത്തെ ചെറുത്ത് ജനാധിപത്യ സാമൂഹ്യ സൃഷ്ടിക്കുമുള്ള മുന്നുപാധിയായി വർത്തിക്കുന്നു.

ഈ വിധത്തിൽ ജാതിവിരുദ്ധ സമരം സാമൂഹ്യ പദവികളിലേക്ക് ക്രേന്ദീകരിക്കപ്പെടുന്നത് അനേകം ജാതികളുടെ ഏകീകരണത്തേയും സംഘപരിവാർ ലക്ഷ്യം വെക്കുന്ന ഹിന്ദുത്വ രാഷ്ട്രീയത്തേയും ദുർബലപ്പെടുത്തുന്നതാണ്. പരസ്പരം വിവേചന പൂർവം പെരുമാറുന്ന, ജാതി സംഘർഷങ്ങൾ നിറഞ്ഞ ഒന്നാണ് ഹിന്ദുമതമായി ഏകീകരിക്കപ്പെടുന്നത് എന്നത് ഒരു സാമൂഹ്യ യാഥാർത്ഥ്യമാണ് . സാമൂഹ്യ പദവികളുമായി ബന്ധപ്പെട്ട് ഉയരുന്ന രാഷ്ട്രീയചർച്ച ഹിന്ദുമതത്തിനുള്ളിലെ ജാതി ഘടനയുമായി ബന്ധപ്പെട്ട വൈരുദ്ധ്യങ്ങളെയാണ് ആത്യന്തികമായി മൂർച്ഛിപ്പിക്കുന്നത്. സാമൂഹ്യ പദവി കേന്ദ്രപ്രശ്നമായി ചർച്ചയിലേക്ക് കടന്നുവരുമ്പോൾ മുകൾത്തട്ട് ജാതികളിൽപ്പോലും അവരുടെ സാമൂഹ്യനിലകളും അവർ അനുഭവിക്കുന്ന വിവേചനത്തിന്റെ സൂക്ഷ്മപ്രശ്നങ്ങളുമാവും ഉയർന്നുവരിക. ഈ വിധത്തിൽ നവഹൈന്ദവ രാഷ്ട്രീയത്തെ ആന്തരികമായി ദുർബലപ്പെടുത്താൻ ശേഷിയുള്ള ജാതിവിരുദ്ധ സമരത്തിൽ ബഹു

ഇരകളായിരിക്കുന്നവർ തന്നെ ആ വ്യവസ്ഥയെ സംരക്ഷിക്കാൻ രംഗത്തുവരുന്നത്. സവർണവൽക്കരിപ്പെടുന്ന പിന്നോക്ക സമുദായങ്ങളേയും സവർണ-ശൂദ്രവിഭാഗങ്ങളേയും ഹിന്ദുത്വവൽക്കരണത്തിൽ നിന്നും തടയേണ്ടതും ജാതിവിരുദ്ധ സമരത്തിൻറെ ഭാഗമാക്കിതീർക്കേണ്ടതുമുണ്ട്. അതിനാൽ ജാതിവ്യവസ്ഥയെ സമഗ്രതയിൽ വിശദീകരിക്കേണ്ടതും എങ്ങനെയാണ് മർദ്ദന ജാതിവ്യവസ്ഥയിൽ ഓരോ ജാതിയും ചരിത്രപരമായ അനുഭവങ്ങളിലൂടെ കടന്നുപോയത് എന്നും പുതിയ കാലത്ത് വിശദീകരിക്കേണ്ടതുമാണ്. അത്തരം വിശദീകരണ ശ്രമങ്ങളുടെ ഉള്ളടക്കം ഏതെങ്കിലും ജാതി വിഭാഗങ്ങൾക്ക് അവേഹളനപരമായി തോന്നുന്നവിധത്തിലായിരിക്കരുത് എന്നത് ശ്രദ്ധേയമാണ്. മറിച്ച് ഏതൊരു പ്രവിലേജ്ഡ് ജാതിയിലെ അംഗത്തിനും അസമത്വത്തിൻറെ സാമൂഹ്യ ഘടനയിൽ തങ്ങൾ മനുഷ്യരായി തുല്യരല്ല എന്ന് ബോധ്യപ്പെടുത്തുന്ന രീതിയിലാവണം ജാതിവിമർശനത്തിന്റെ ചിരിത്രപരമായ വിശദീകരണങ്ങൾ ഊന്നേണ്ടത്.

■



സൗമ്യ ദത്ത

# ഇപ്പോഴല്ല എങ്കിൽ ഒരിക്കലുമില്ല

*(അത് ഭൂമിയിലെ എല്ലാ സംവിധാനങ്ങളെയും അസ്ഥിരപ്പെടുത്തുകയും കാലാവസ്ഥാ ദുരന്തം സൃഷ്ടിക്കുകയും ചെയ്യും മുമ്പ് നിലവിലുള്ള അതിചൂഷണ-വ്യാവസായിക-മുതലാളിത്ത (Extractive-Indiustrial-Capitalist) വ്യവസ്ഥയെ തകർക്കുക)*

**ഭൂ**മിയുടെ അപകട മണികൾ ഉച്ചത്തിലും വ്യക്തമായും മുഴങ്ങിക്കൊണ്ടിരിക്കയാണ്. എന്നാൽ സമ്പന്നരും ശക്തരുമായ ലോകങ്ങൾ പ്രശ്നങ്ങളുടെ മൂല കാരണത്തിൽ നിന്ന് നമ്മുടെ ശ്രദ്ധ തിരിക്കാനും പ്രശ്നങ്ങളെ നിലവിലുള്ള വ്യവസ്ഥയ്ക്കുള്ളിൽ പരിഹരിക്കാനാവും എന്ന മിഥ്യാധാരണ സൃഷ്ടിക്കാനും കഠിനമായി ശ്രമിച്ചു കൊണ്ടിരിക്കുന്നു. ഈ സമയത്ത് ചൈനയുടെ നല്ലൊരു ഭാഗങ്ങളിലും അഭൂതപൂർവമായ ഉഷ്ണതരംഗങ്ങളുണ്ടായിക്കൊണ്ടിരിക്കയാണ്. അതിനോടൊപ്പം തന്നെ അവിടെ വൻ വരൾച്ചയും സംഭവിച്ചു കൊണ്ടിരിക്കുന്നു. വൻതോതിൽ ഡോളർ കരുതൽ ശേഖരവും ലോകത്തിലെ ഏറ്റവും വലിയ സാങ്കേതിക-വ്യാവസായിക ശേഷിയുമുള്ള ശക്തവും സമ്പന്നവുമായ ചൈനീസ് സർക്കാർ, നഗരങ്ങൾക്കും വ്യവസായങ്ങൾക്കും ജലവിതരണം ഉറപ്പാക്കാൻ ഈ സമയത്ത് പാടുപെടുകയാണ്. മറുവശത്ത്പാകിസ്ഥാൻ ഒരു 'ഭീകര മൺസൂൺ'-നെ അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്നു.ആ രാജ്യത്തിന്റെ ഏകദേശം 30%പ്രദേശങ്ങളും വെള്ളത്തിനടിയിലാക്കിക്കഴിഞ്ഞു. 1000-ത്തിലധികം ആളുകൾ കൊല്ലപ്പെടുകയും 30 ദശലക്ഷത്തിലധികം ആളുകൾ മാറ്റിപ്പാർപ്പിക്കപ്പെടുകയോ ദുരിതങ്ങൾക്ക് വിധേയമാക്കപ്പെടുകയോ ചെയ്തു. മുൻപേ തന്നെ ദുർബലമായ പാകിസ്ഥാൻ സർക്കാർ ഇപ്പോൾ തകർച്ചയുടെ വക്കിലാണ്. അവർ 'അന്താരാഷ്ട്ര സമൂഹത്തിന്' മുന്നിൽ നിരാശാജനകമായ സഹായംഅഭ്യർത്ഥിച്ചു കൊണ്ടിരിക്കുന്നു. ഈ (2022) മാർച്ച്-മെയ് മാസങ്ങളിൽ ഇന്ത്യയുടെ വലിയ ഭാഗങ്ങൾ അഭൂതപൂർവമായ ആറ് ഉഷ്ണതരംഗങ്ങളെ അഭിമുഖീകരിച്ചു, ഇത് രണ്ടാമത്തെ ഏറ്റവും പ്രധാനപ്പെട്ട റാബി വിള സീസണിൽ വ്യാപകമായ വിളനാശത്തിന് കാരണമായി. അതുപോലെ ഗോതമ്പ് ഉൽപാദനത്തിൽ പ്രതീക്ഷിച്ച കണക്കിൽ നിന്നും വലിയ ഇടിവുണ്ടാക്കി. ഗോതമ്പ് കയറ്റുമതി നിരോധിക്കാൻ ഇന്ത്യൻ ഗവൺമെന്റിനെ ഈ സംഭവങ്ങൾ നിർബന്ധിതരാക്കി. അതിന്റെ ഫലമായി ഇന്ത്യൻ ഗോതമ്പ് ഇറക്കുമതിയെ ആശ്രയിക്കുന്ന പല രാജ്യങ്ങളിലും ഭക്ഷ്യ-ദുരിതങ്ങൾക്ക് ഈ തീരുമാനം കാരണമായി. കഴിഞ്ഞ നാല് വർഷങ്ങളിൽ, ഇന്ത്യയുടെ രണ്ട് തീരങ്ങളും - ബംഗാൾ ഉൾക്കടലിന്റെയും അറബിക്കടലിന്റെയും-ഓരോ വർഷവും വലുതും ശക്തവുമായ ചുഴലിക്കാറ്റുകൾക്ക് വിധേയമായിക്കൊണ്ടിരിക്കയാണ്. കഴിഞ്ഞ 100 വർഷത്തെ റെക്കോർഡ് ചരിത്രത്തിൽ അഭൂതപൂർവമായ ചുഴലിക്കാറ്റുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. വ്യാപകമായ ഉഷ്ണതരംഗം, വരൾച്ച, വൻ കാട്ടുതീ എന്നിവയുടെ ഗുരുതരമായ ആഘാതങ്ങളിൽ നിന്ന് യൂറോപ്പ് ഇപ്പോഴും മുക്തരായിട്ടില്ല. ഫ്രാൻസ് പോലുള്ള ഉയർന്ന 'സാങ്കേതിക-വ്യാവസായിക' രാജ്യങ്ങളെപ്പോലും വൻ തീ കെടുത്താൻ വിദേശ സഹായം തേടാൻ ഇത് നിർബന്ധിതരാക്കി. പടിഞ്ഞാറൻ യു.എസ് -ൽ കഴിഞ്ഞ വർഷം വരെ '1000 വർഷത്തെ വരൾച്ച' നേരിട്ടിരുന്നു, ഡസൻ കണക്കിന് റെക്കോർഡിംഗ് സ്റ്റേഷനുകളിൽ താപനില റെക്കോർഡുകൾ ഭേദിച്ചു. സാധാരണ തണുത്തുറഞ്ഞ അലാസ്കയിലെ സ്ഥലങ്ങൾ 30 C താപനിലയിൽ എത്തി. ഗ്രീൻലാൻഡിൽ മഞ്ഞു പാളികൾ ഇപ്പോൾ ഉരുകിക്കൊണ്ടിരിക്കുന്നത് പുതിയ മഞ്ഞ്

നിക്ഷേപത്തിൽ അധികമായി ഉരുകുന്നത്) ഏതാനും പതിറ്റാണ്ടുകൾക്ക് മുമ്പ് ഉണ്ടായിരുന്നതിന്റെ ആറിരട്ടി നിരക്കിലാണ്. ഈ മഞ്ഞാണ് വടക്കൻ അറ്റ്ലാന്റിക്കിന്റെ അങ്ങേയറ്റത്തെ വടക്കൻ ഭാഗങ്ങൾ തണുപ്പിച്ചു കൊണ്ടിരിക്കുന്നത്. ഈ മഞ്ഞുരുക്കം ലോകമെമ്പാടും സമുദ്രനിരപ്പ് ഉയർത്തുന്നു, കൂടാതെ ലോകത്തിലെ ഏറ്റവും വലിയ താപ വിതരണക്കാരായ ഗ്രേറ്റ് ഓഷ്യൻ കറന്റ്സ് അല്ലെങ്കിൽ AMOC (അറ്റ്ലാന്റിക് മെറിഡിയണൽ ഓവർടേണിംഗ് സർക്കുലേഷൻ) എന്നീ പ്രവാഹങ്ങളെ ഇതിനകം അസ്വസ്ഥമാക്കിയിട്ടുണ്ട്. ഇത് ഭൂമധ്യരേഖാ രാജ്യങ്ങളിലെ പ്രദേശങ്ങളിൽ താപ നില വർദ്ധിപ്പിക്കാൻ കാരണമായിത്തീർന്നിരിക്കുന്നു. ഇത് ഉഷ്ണതരംഗങ്ങൾക്കും വരൾച്ചകൾക്കും തീപിടുത്തങ്ങൾക്കും കാരണമായിക്കൊണ്ടിരിക്കുന്നുണ്ട്. ലോകത്തിലെ ഏറ്റവും വലിയ ഐസ് സ്റ്റോർ, അന്റാർട്ടിക്ക് വളരെ വേഗത്തിൽ ഉരുകുകയും പതിവായി 'പ്രസവിക്കുകയും' (ഐസിന്റെ വലിയ ദ്വീപുകൾ പൊട്ടിപ്പോകുകയും പുതു പാളികൾ ഉണ്ടാവുകയും ഒടുവിൽ ഉരുകുകയും)വലിയ നഗരങ്ങളുടെ വലുപ്പമുള്ള വലിയ മഞ്ഞുമലകൾ ഉണ്ടാവുകയും ചെയ്യുന്നു. സമുദ്രനിരപ്പ് ഉയരുന്നത് ഇന്തോനേഷ്യൻ ഗവൺമെന്റിനെ അതിന്റെ തലസ്ഥാനമായ ജക്കാർത്തയിലെ ഏകദേശം 30 ദശലക്ഷം ആളുകളുള്ള, 1000 കിലോമീറ്റർ അകലെയുള്ള ഉയർന്ന ഉൾനാടൻ സ്ഥലത്തേക്ക് മാറ്റാൻ പ്രേരിപ്പിക്കുന്നു. ഈ പുതിയ കാലാവസ്ഥയിൽ ലോകത്തിലെ ഏറ്റവും വലിയ വനങ്ങളായ വടക്കൻ ബോറിയൽ വനങ്ങളെ പൈൻ തുരപ്പൻ വണ്ട് ഉൾപ്പെടെയുള്ള ജീവികൾ വിവിധ ആക്രമണങ്ങൾക്ക് വിധേയമാക്കി നശിപ്പിക്കുന്നു. ഈ ജീവികളാകട്ടെ കൂടുതൽ കൂടുതൽ പുനരുൽപ്പാദിപ്പിക്കപ്പെടുന്നതിന് ചൂടുള്ള താപനില പ്രയോജനകരമായി തീർന്നിരിക്കുന്നു. ചില ബ്രസീലിയൻ പഠനങ്ങൾ അനുസരിച്ച്,ഭൂമിയുടെ ശ്വാസകോശം എന്ന് വിളിക്കപ്പെടുന്ന ആമസോൺ മഴക്കാടുകളുടെ ഭാഗങ്ങൾ, പലപ്പോഴും ഭൂമിയെഹരിതഗൃഹ വാതകത്തിൽ കുതിർക്കുന്നതിനുപകരം, ഇതിനകം തന്നെ CO2പുറത്തേയ്ക്ക് വിടുന്ന ഒന്നായി മാറിയിരിക്കുന്നു. ലോകസമുദ്രങ്ങൾ കാർബൺ ഡൈ ഓക്സൈഡ് $CO_2$ നെ ഉയർന്ന അളവിൽ ആഗിരണം ചെയ്യാൻ നിർബന്ധിതമായിത്തീർന്നിരിക്കുന്നു.കൂടാതെ ഇവ 40 വർഷത്തിന് മുമ്പുള്ളതിനേക്കാൾ 30% കൂടുതൽ അമ്ലതയുള്ളതായി മാറിയിരിക്കുന്നു. ഇത് സമുദ്രങ്ങളിലെ ട്രില്യൺ കണക്കിന് അഥവാ അതിന്റെ ബഹുമടങ്ങ് കണക്കിന് ഷെല്ലുകളിൽ വലിയ തോതിലുള്ള ആഘാതങ്ങൾ സൃഷ്ടിക്കുകയും, ജീവന്റെ സമുദ്ര ശൃംഖലയെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. നാലുവർഷങ്ങൾക്ക് മുമ്പ് IPBES റിപ്പോർട്ട് ലോകമെമ്പാടും ഏതാണ്ട് ഒരു ദശലക്ഷക്കണക്കിന് ജീവിവർഗങ്ങൾ 'ആസന്നമായ' വംശനാശം നേരിടുന്നു എന്ന ഭയാനകമായ റിപ്പോർട്ട് പുറത്തുകൊണ്ടുവന്നിരുന്നു.അവയിൽ വലിയൊരു ഭാഗം പ്രാണികളായിരുന്നു. നമ്മുടെ പഴങ്ങളുടേയും പച്ചക്കറികളുടേയും പ്രാഥമിക പരാഗണങ്ങൾ പ്രാണികളാണെന്ന് ഒരാൾ മനസ്സിലാക്കിയാൽ, ആസന്നമായ ഒരു ഭക്ഷ്യ പ്രതിസന്ധി ഒഴിവാക്കാനാവില്ല എന്നു കൂടി തിരിച്ചറിയും. വിസ്തൃതമായ പെർമാഫ്രോസ്റ്റ് പ്രദേശങ്ങളും ആഴം കുറഞ്ഞ ആർട്ടിക് കടൽത്തീരങ്ങളും ഹ്രസ്വകാലത്തേക്ക് കാർബൺ ഡൈ ഓക്സൈഡിനേക്കാൾ 87 മടങ്ങ് (ഭൂമിയെ ചൂടാക്കാൻ)ശക്തിയുള്ള ഹരിതഗൃഹ വാതകമായ മീഥേൻ വലിയ അളവിൽ പുറത്തുവിടാൻ തുടങ്ങിയിരിക്കയാണ്. ഇതിലൂടെ ഭയാനകമായ 'മീഥെയ്ൻ ബോംബ്' ട്രിഗർ ചെയ്യപ്പെടുമോ എന്ന് ശാസ്ത്രജ്ഞർ ഭയപ്പെടുന്നുണ്ട്.കാരണം ഈ പെർമാഫ്രോസ്റ്റ്-ൽ അല്ലെങ്കിൽ ശാശ്വതമായി ശീതീകരിച്ച മണ്ണിൽ അന്തരീക്ഷത്തിൽ ഉള്ളടങ്ങിയിട്ടുള്ള കാർബണിനേക്കാൾ വലിയ അളവിൽ കാർബൺ അടങ്ങിയിരിക്കുന്നു.ഇത് പുറത്തുവിടുകയാണെങ്കിൽ, ലോകമെമ്പാടും വേഗത്തിൽ താപനില ഉയരും. മെക്സിക്കോ ഉൾക്കടലിലും കിഴക്കൻ പസഫിക്കിലും വടക്കേ ഇന്ത്യൻ മഹാസമുദ്രത്തിലും ദശലക്ഷക്കണക്കിന് ആളുകളുടെ ജീവിതത്തെ തകർത്തുകൊണ്ട് ശക്തമായ ചുഴലിക്കാറ്റുകൾ എണ്ണത്തിലും ശക്തിയിലും വർദ്ധിക്കുകയുണ്ടായി. 2019-20-ൽ, മനുഷ്യർ ഇതുവരെ കണ്ടിട്ടില്ലാത്ത ഒരു സൂപ്പർ-മെഗാ സ്കെയിൽ ഹ്രസ്വവന അഗ്നിയെ ഓസ്ട്രേലിയ അഭിമുഖീകരിച്ചു.ഇത് 700 ദശലക്ഷം ടൺ $CO_2$ അന്തരീക്ഷത്തിൽ നിക്ഷേപിച്ചു. ലോകത്തിലെ ഏറ്റവും വലിയ സ



ന്നരാജ്യങ്ങളിലൊന്നായ ആസ്ത്രേലിയയുടെ എല്ലാ സാമ്പത്തിക സാങ്കേതികശേഷികളും ഈ അഗ്നിയെ നിയന്ത്രിക്കുന്നതിൽ പരാജയപ്പെടുകയായിരുന്നു. ഒടുവിൽ മഴയാണ് ഈ തീ കെടുത്തിയത്. സമുദ്രങ്ങളുടെ ഏകദേശം 2% മാത്രം ഉപയോഗപ്പെടുത്തുന്ന,ഏകദേശം 25% സമുദ്ര ജൈവ വൈവിധ്യമുള്ള ആഗോള പവിഴപ്പുറ്റുകൾ വംശനാശത്തെ അഭിമുഖീകരിക്കുന്നു, ഏകദേശം 40% പവിഴപ്പുറ്റുകളും ഇതിനകം നിർജീവമാക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഇത് മത്സ്യത്തിനും മറ്റും വിനാശകരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു. സമുദ്രത്തിലെ ജീവിതങ്ങളെ ഭയപ്പെടുത്തുന്ന സംഭവ പരമ്പരകൾ ഇനിയും നീണ്ടു പോകാം. ആഗോള എക്സ്ട്രാക്റ്റീവ്-ഇൻഡസ്ട്രിയൽ-മുതലാളിത്ത സാമൂഹിക-സാമ്പത്തികവ്യവസ്ഥ ഒമ്പത്ഗ്രഹ അതിരുകളും തകർക്കുമെന്ന് ഭീഷണികൾ ഉയർന്നു കൊണ്ടിരിക്കുന്ന സമയമാണിത്. ഭൂമിയുടെ സ്വാഭാവിക നിയന്ത്രണ സംവിധാനങ്ങൾ വമ്പിച്ച സമ്മർദ്ദത്തിലാണെന്നും ചിലത് ബ്രേക്കിംഗ് പോയിന്റിലാണെന്നും ഉള്ളതിന് ധാരാളം ശാസ്ത്രീയ തെളിവുകൾ ഉണ്ട്.

WG-I റിപ്പോർട്ടിനായി 2021 ഓഗസ്റ്റ് മുതൽ ആരംഭിച്ചക PCC (ഇന്റർ ഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ച്) ആറാമത്തെ വിശകലന റിപ്പോർട്ട്-സൈക്കിളിന്റെ (AR6) മൂന്ന് വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടുകളുടെ സമീപകാല റിലീസ്(ഫിസിക്കൽ സയൻസ് ബേസിസ് - കാലാവസ്ഥാ വ്യതിയാനം), നിങ്ങൾ എല്ലാവരും ശ്രദ്ധിച്ചിട്ടുണ്ടാവുമല്ലോ. തുടർന്ന് 2022 ഫെബ്രുവരിയിൽ WG-II റിപ്പോർട്ട് (ഇംപാക്ട്സ്, അഡാപ്റ്റേഷൻ ആൻഡ് വൾനറബിലിറ്റി), ഒടുവിൽ WG3 റിപ്പോർട്ട് (കാലാവസ്ഥാ വ്യതിയാനം ലഘൂകരിക്കൽ) എന്നിവയും പുറത്തിറങ്ങിയതും ശ്രദ്ധിച്ചിട്ടുണ്ടാവാം. WG-I റിപ്പോർട്ട് പുറത്തുവന്നതിന് ശേഷം, യുഎൻ സെക്രട്ടറി ജനറൽ വീണ്ടും അപായ സൂചന തരികയുണ്ടായി. പല കാലാവസ്ഥാ ശാസ്ത്രജ്ഞരും കുറച്ച് കാലമായി ചെയ്യുന്നത് പോലെ, ഇതിനെ 'കോഡ് റെഡ് ഫോർ ഹ്യൂമാനിറ്റി' എന്ന് വിളിക്കുകയും ചെയ്തു. പരമ്പരയുടെ 3-ാമത്തേത് പുറത്തിറങ്ങിയതിന് ശേഷം, WG-III റിപ്പോർട്ടും ആഗോള ശാസ്ത്ര സമൂഹവും മറ്റ് പലതും - വിവേകമുള്ള മാധ്യമങ്ങൾ ഉൾപ്പെടെ, IPCC സൂചിപ്പിച്ച കാര്യം പറഞ്ഞു - 'ഇത് ഇപ്പോൾ അല്ലെങ്കിൽ ഒരിക്കലും ഇല്ല'. ഐപിസിസി 'കമ്മ്യൂണിസ്റ്റ്-ശാസ്ത്രജ്ഞരുടെ' ഒരു സമൂല ഗ്രൂപ്പല്ലെന്ന് ഓർക്കണം. പ്രമുഖ കാലാവസ്ഥാ ശാസ്ത്രജ്ഞർ, സാമ്പത്തിക വിദഗ്ധർ, സാമൂഹിക ശാസ്ത്രജ്ഞർ (AR6ന്) മറ്റ് വിദഗ്ധർ റിപ്പോർട്ടുകൾക്കായി പ്രവർത്തിക്കുന്നുവെങ്കിലും ഇത് മികച്ച ശാസ്ത്രജ്ഞരുടെ ഒരു സ്വതന്ത്ര കൂട്ടായ്മ പോലുമല്ല. ഇത് യുഎൻ സൃഷ്ടിച്ച ഒരു അന്തർ-ഗവൺമെന്റൽ ബോഡിയാണ്.അത് തികച്ചും യാഥാസ്ഥിതികവുമാണ്. ഉയർന്ന അളവിലുള്ളതും ഉറപ്പുള്ളതും വളരെ കർശനമായ പരിശോധനകളെ ചെറുക്കുന്നതുമായ ശാസ്ത്രീയ നിഗമനങ്ങൾ മാത്രമാണ് അതിന്റെ അന്തിമ എഡിറ്റിംഗിലൂടെ കടന്നുപോകുന്നത്. അത്തരമൊരു യാഥാസ്ഥിതിക വേദിയിൽ നിന്ന് വരുന്ന ഉയർന്ന തോതിലുള്ള അപായ സൂചനകളും അവസാന മുന്നറിയിപ്പുകളും സൂചിപ്പിക്കുന്നത് ഭൂമി അതിന്റെ വരും കാല ജീവനുകളെ നിലനിർത്തുന്ന സംവിധാനങ്ങളുടെ തകർച്ചയ്ക്ക് വളരെ അടുത്താണെന്നാണ്. 'നമ്മൾ ഒരു ദുരന്തത്തിലേക്ക് സ്വപ്നാടനം നടത്തുകയാണ്' അല്ലെങ്കിൽ 'കാലാവസ്ഥാ വ്യതിയാനം നമ്മളേക്കാൾ വേഗത്തിൽ പ്രവർത്തിക്കുന്നു, നമുക്ക് സമയം മതിയാവാതായിരിക്കുന്നു' എന്നിങ്ങനെയുള്ള മുന്നറിയിപ്പുകൾ നൽകാൻ യുഎൻ സെക്രട്ടറി ജനറലിനെപ്പോലും ഇത് നിർബന്ധിതരാക്കി.

എല്ലാ വർഷവും ബംഗാൾ ഉൾക്കടലിലും അറബിക്കടലിന്റെ തീരത്തും ഇന്ത്യ വലിയ ചുഴലിക്കാറ്റുകളെ അഭിമുഖീകരിക്കുന്നതിനാൽ വലിയ തോതിലുള്ള കാലാവസ്ഥാ പ്രേരിതമായ ദുരന്തങ്ങൾ (അല്ലെങ്കിൽ കാലാവസ്ഥാ വ്യതിയാനങ്ങൾ) കുത്തനെ വർദ്ധിച്ചു കൊണ്ടിരിക്കയാണ്. കഴിഞ്ഞ 80–90 വർഷങ്ങളായി ഈ പ്രതിഭാസം കണ്ടിട്ടില്ല. ഇത് 12 ദശലക്ഷത്തിലധികം തീരദേശ മത്സ്യത്തൊഴിലാളികളുടെ മാത്രമല്ല, തീരപ്രദേശത്ത് നിന്ന് 5 കിലോമീറ്ററിനുള്ളിൽ താമസിക്കുന്ന 200 ദശലക്ഷത്തിലധികംതീരദേശ നിവാസികളുടെയും ജീവനുംസ്വത്തിനും ഉപജീവനമാർഗ്ഗങ്ങൾക്കും ഗുരുതരമായ വിപത്ത്സൃഷ്ടിച്ചിരിക്കുന്നു. മദ്ധ്യ, പടിഞ്ഞാറൻ ഇന്ത്യയിലെ സാധാരണ വരണ്ട പ്രദേശങ്ങൾ ഇപ്പോൾ വൻതോതിലുള്ള മഴയും വ്യാപകമായ വെള്ളപ്പൊക്കവും നേരിട്ടു കഴിഞ്ഞു. കേരളം ഇപ്പോൾ എല്ലാ വർഷവും വിനാശകരമായ വെള്ളപ്പൊക്കത്തെ അഭിമുഖീകരിക്കുകയാണ്. അസാധാരണമായ ചൂടുകാലങ്ങൾ മണ്ണിൽ ഈർപ്പം വറ്റിച്ചുകളയുന്നു. ഇത് വിളകളുടെ വിളവിനെ സാരമായി ബാധിക്കുന്നു. ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടനയായ ഐഎസ്ആർഒയുടെ വലിയ തോതിലുള്ള പഠനങ്ങളിൽ കാണിച്ചിരിക്കുന്നതുപോലെ,മറ്റ് കാരണങ്ങളുമായി കൂടിച്ചേർന്ന് ഈ പ്രതിഭാസങ്ങൾ ഇന്ത്യയുടെ മൊത്തം ഭൂവിസ്തൃതിയുടെ 29%-ലധികം മരുഭൂവൽകരണം സൃഷ്ടിച്ചു കൊണ്ടിരിക്കയാണ്. പല ചെറുനദികളും ഒന്നുകിൽ വറ്റിവരണ്ടിരിക്കുന്നു അല്ലെങ്കിൽ വറ്റിവരണ്ട അവസ്ഥയിലായിക്കൊണ്ടിരിക്കുന്നു. ഇവയിൽ നിന്ന് കുടിവെള്ളവും ജലസേചന



വും ലഭിക്കുന്ന ദശലക്ഷക്കണക്കിന് ആളുകളെ മാത്രമല്ല, 11-12 ദശലക്ഷത്തിലധികം ഉൾനാടൻ മത്സ്യത്തൊഴിലാളികളെയും ഇത് ബാധിക്കുന്നു. പല സംസ്ഥാനങ്ങളിൽ നിന്നുമുള്ള ആളുകൾ കടുത്ത ജലക്ഷാമം നേരിടുന്നു.വേനൽക്കാലത്ത് 200 ഓളം ജില്ലകൾ ജലക്ഷാമം നേരിടുന്നു. ഒന്നുകിൽ അകാല ചൂട്, അല്ലെങ്കിൽ മഞ്ഞുവീഴ്ച നാശം, അല്ലെങ്കിൽ വെള്ളപ്പൊക്കത്തിൽ നിന്നുള്ള വൻ നഷ്ടം എന്നിവ വിളകളെ മോശമായി ബാധിക്കുന്നു. ഉഷ്ണ തരംഗങ്ങളുടെയും താപ സൂചിക(ഉയർന്ന താപനിലയുടെയും ഉയർന്ന ആർദ്രതയുടെയും സംയോജനം)യുടെയും വർദ്ധിച്ചുവരുന്ന ആഘാതങ്ങളാൽ നഗരത്തിലെ പാവപ്പെട്ടവർ / തൊഴിലാളിവർഗം കടുത്ത ദുരതിത്തിലായിത്തീരുന്നു, ഇത് ഒരു മാരക ആഘാതമാണ്. തുടർച്ചയായി ഉയരുന്ന സമുദ്രനിരപ്പ് ഇതിനകം ദശലക്ഷക്കണക്കിന് ആളുകളെ അവരുടെ വീടുകളിൽ നിന്നും കൃഷിയിടങ്ങളിൽ നിന്നും പലായനം ചെയ്യാൻ നിർബന്ധിതരാക്കുന്നു, എല്ലാ പഠനങ്ങളും അനുസരിച്ച്, ഈ സംഖ്യകൾ കൂടുതൽ വേഗത്തിൽ ഉയരുകയും ഇവയുടെ പട്ടിക നീളുകയും വർദ്ധിക്കുകയും ചെയ്യുന്നു.

ഭൂമിയിലുടനീളമുള്ള വിനാശകരമായ മാറ്റങ്ങളെക്കുറിച്ചുള്ള ഈ ഉച്ചത്തിലുള്ള മുന്നറിയിപ്പുകൾക്ക് മുന്നിൽ, ഗവൺമെന്റുകളും ബിസിനസ്സുകളും അജണ്ട നിശ്ചയിക്കുന്ന ആഗോള ധനകാര്യ സ്ഥാപനങ്ങളും ജനങ്ങളെ വിഡ്ഢികളാക്കാൻ ശൂന്യമായ വാചാടോപങ്ങൾ മാത്രമാണ് നടത്തുന്നത്. അതേസമയം ഫോസിൽ ഇന്ധനത്തെ അടിസ്ഥാനമാക്കിയുള്ള ലാഭം പിന്തുടരുന്നത് അവർ തുടരുകയും ചെയ്യുന്നു. 2015 നവംബറിൽ നടന്ന പാരീസ് കാലാവസ്ഥാ ഉച്ചകോടിയിൽ, മിക്കവാറും എല്ലാ ഗവൺമെന്റുകളും മെഗാ ബിസിനസ്സുകളും തങ്ങളുടെ GHG ഉദ്വമനം അതിവേഗം കുറയ്ക്കാനും 2050-ഓടെ കാർബൺ രഹിത സമ്പദ്‌വ്യവസ്ഥയിലേക്ക് മാറാനും സമ്മതിച്ചിരുന്നു. എന്നാൽ 2015 നവംബറിൽ കരാർ ഒപ്പുവെച്ചതിന് ശേഷവും , ആഗോള മൊത്തം ഹരിതഗൃഹ വാതക ഉദ്വമനം 2016 മുതൽ 2019 വരെ എല്ലാ വർഷവും ഉയർന്ന് ഒടുവിൽ 37.6 Giga ടൺ $CO_2$ൽ എത്തി. 2020-ൽ ഇത് 5.8% മാത്രമായി കുറഞ്ഞു, എന്നാൽ ആ കുറവുണ്ടായത് ഏതെങ്കിലും നിർദ്ദിഷ്ട നടപടികൾ മൂലമായിരുന്നില്ല. മറിച്ച് കോവിഡ് ലോക മഹാമാരി മൂലം സാമ്പത്തിക അടച്ചു പൂട്ടൽ ആഗോളതലത്തിൽ ഉണ്ടായതിനെ തുടർന്നായിരുന്നു അത്. തുടർന്ന് 2021-ൽ ഉദ്വമനം കുത്തനെ ഉയർന്നു! ചൈന, ഇന്ത്യ, ഇന്തോനേഷ്യ, ഫിലിപ്പൈൻസ്, ബംഗ്ലാദേശ് തുടങ്ങിയ 'വികസ്വര' രാജ്യങ്ങൾ കൽക്കരിയും സമ്പന്നരായ 'വികസിത' /വ്യാവസായിക (OECD+) സമ്പദ്‌വ്യവസ്ഥകൾ ഉയർന്ന തലത്തിൽ എണ്ണയും പ്രകൃതിവാതകവും അടക്കംമിക്കവാറും എല്ലാ സർക്കാരുകളും ഫോസിൽ ഇന്ധനങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നു. റഷ്യ-ഉക്രെയ്ൻ യുദ്ധം യൂറോപ്പിലേക്കുള്ള റഷ്യൻ വാതക വിതരണത്തെ തടസ്സപ്പെടുത്തിയതിന് ശേഷം, പല യൂറോപ്യൻ രാജ്യങ്ങളും അവരുടെ കൽക്കരി ഉൽപ്പാദനം വർധിപ്പിക്കാൻ തുടങ്ങി.നിരവധി മൊത്ത്-ബോൾഡ് (ഭാവിയിലേക്ക് റിസർവ്വ് ചെയ്യപ്പെട്ട) കൽക്കരി വൈദ്യുത നിലയങ്ങൾ പുനരാരംഭിച്ചു. 2016-2020ലെ അഞ്ച് വർഷത്തിനുള്ളിൽ, വലിയ ആഗോള ധനകാര്യ സ്ഥാപനങ്ങൾ (ഐഎഫ്ഐകൾ, എംഡിബികൾ, ബിഡിബികൾ,....) അഞ്ച് ട്രില്യൺയുഎസ്

ഡോളർ (ഇന്ത്യയുടെ മൊത്തം ജി ഡിപിയുടെ 1.5 മടങ്ങ് വരുമിത്) ഫോസിൽ ഇന്ധന ബിസിനസുക ളിലേക്ക് പമ്പ് ചെയ്തു. 'കാലാവ സ്ഥാ വ്യതിയാനത്തെ നേരിടാൻ' വേണ്ടിയുള്ള അവരുടെ മഹത്താ യ ഉദ്ദേശ്യങ്ങൾ ഏതു തരത്തിലാ ണ് എന്നിത് വ്യക്തമാക്കുന്നുണ്ട്! ലോകത്തിലെ ഏറ്റവും വലിയ 20 സമ്പദ്‌വ്യവസ്ഥകളുള്ള രാജ്യങ്ങളു ടെ ഗ്രൂപ്പ് ആയ G20 സമ്പദ്‌വ്യവ സ്ഥകൾആഗോള ഉദ്‌വമനത്തിന്റെ 80%-ലധികവും സൃഷ്ടിക്കുന്നവയാ ണ്. ആഗോള വ്യാപാരത്തിന്റെ ഏ കദേശം 90% ഉം വഹിക്കുന്നതും ഏറ്റവും വലിയ സാമ്പത്തികവും സാങ്കേതികവുമായ ശേഷിയുള്ള തുമായ ഇക്കൂട്ടർ യഥാർത്ഥത്തിൽ അവരുടെ കൂട്ടായ ഉദ്‌വമനം ഗണ്യ മായി വർദ്ധിപ്പിക്കുകയാണ് ചെയ് തിട്ടുള്ളത്.

നിലവിലെ സ്തംഭനാവ സ്ഥയുംവ്യവസ്ഥാപരമായ കാലാ വസ്ഥാ നിയന്ത്രണ പ്രവർത്തനങ്ങ ളിലുള്ള സ്തംഭനാവസ്ഥയും തി രിച്ചറിയുന്നതിന്, അന്താരാഷ്ട്ര കാ ലാവസ്ഥാ നിയന്ത്രണത്തിന്റെ ച രിത്രത്തിലേക്ക് അൽപ്പം തിരിഞ്ഞു നോക്കേണ്ടതുണ്ട്. പ്രാഥമികമായി ഫോസിൽ ഇന്ധനങ്ങൾ (കൽക്ക രി, എണ്ണ അല്ലെങ്കിൽ പെട്രോളി യം ഉൽപ്പന്നങ്ങൾ, പ്രകൃതിവാത കം) കത്തിച്ചതിന്റെ ഫലമായി ഉ ണ്ടാകുന്ന അന്തരീക്ഷത്തിലെ ഉ യർന്ന ഹരിതഗൃഹ വാതക ങ്ങ(GHG)ളും ഭൂമിയിലെ ഉയർന്ന ശ രാശരി താപനിലയും തമ്മിലുള്ള ബന്ധം ഒരു നൂറ്റാണ്ടിലേറെയായി ഏവർക്കും അറിയാവുന്ന കാര്യമാ യിരുന്നു.1972-ൽ സ്റ്റോക്ക്ഹോമിൽ നടന്ന യുഎൻ കോൺഫറൻസ് ഓൺ ഹ്യൂമൻ എൻവയോൺ മെന്റ്, ഇതൊരു രാഷ്ട്രീയ-സാമ്പ ത്തിക പ്രശ്നമാണെന്നും അത് ഒ രു പാരിസ്ഥിതിക പ്രശ്നമല്ലെന്നും ആഗോള രാഷ്ട്രീയ-സാമ്പത്തിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ട തുണ്ടെന്നും ആഗോള രാഷ്ട്രീയ നേതാക്കൾ കൂട്ടായി തീരുമാനിച്ച ആദ്യ സന്ദർഭമായിരുന്നു. എന്നാൽ പ്രശ്നത്തിന്റെ വർഗ്ഗീകരണവും അതിന്റെ മൂലകാരണവും വ്യാവ സായിക-മുതലാളിത്ത രാഷ്ട്രീയ-സാമ്പത്തികാവസ്ഥയാണെന്ന് അ പ്പോഴും വ്യക്തമായി അംഗീകരിക്ക പ്പെട്ടില്ല. പകരം, 'ദാരിദ്ര്യം' 'ഏറ്റ വും വലിയ മലിനീകരണം' ആയി കണക്കാക്കുകയാണ് ചെയ്തത്.ദ രിദ്രർ അവരുടെ കുറഞ്ഞ ഉപഭോ ഗത്തിലൂടെ ഏറ്റവും കുറഞ്ഞ മ ലിനീകരണം ഉണ്ടാക്കുന്നു എന്ന ശാസ്ത്രീയ സത്യത്തെ അവഗണി ച്ചു. ഉപഭോഗം വഴി പരമാവധി മ ലിനീകരണം സൃഷ്ടിച്ചത് സമ്പന്ന രാണെന്ന കാര്യവും തമസ്കരിക്ക പ്പെട്ടു! 1972-ലെ 'ക്ലബ് ഓഫ് റോം' റിപ്പോർട്ട് – 'വളർച്ചയുടെ പരിധി കൾ', 1987 ലെ 'ബ്രണ്ട്ലാൻഡ് ക മ്മീഷൻ' റിപ്പോർട്ട് – 'നമ്മുടെ പൊ തു ഭാവി: ലോക പരിസ്ഥിതി ക മ്മീഷൻ റിപ്പോർട്ട്', കൂടാതെ മറ്റു പലതും അമിത ചൂഷണം നേര ത്തെ തന്നെ വെളിപ്പെടുത്തിയിരു ന്നതായിരുന്നു. ഭൂമിയുടെ പരിമിത മായ വിഭവങ്ങളുടെയും അതിന്റെ ആവാസവ്യവസ്ഥയുടെയും അമി തമായ മലിനീകരണമാണ് മൂലകാ രണം. സാമ്പത്തിക വളർച്ച ഒരിക്ക ലും അവസാനിക്കാത്ത എക്സ്ട്രാ ക്റ്റീവ്-വ്യാവസായിക-മുതലാളി ത്ത രാഷ്ട്രീയ സമ്പദ്‌വ്യവസ്ഥയാണ് ഈ നാശത്തിന്റെ പ്രേരക ഘടകം.

ഈ തിരിച്ചറിവ് ഉണ്ടായ കാലം മുതൽ 1992 ലെ 'ലാൻഡ് മാർക്ക് റിയോ എർത്ത് സമ്മിറ്റ്' വ രെ ഏതാണ്ട് 20 വർഷങ്ങളാണ് ക ടന്നു പോയത്.തുടർന്ന് 'കാലാവ സ്ഥാ വ്യതിയാനം', ജൈവവൈവി ധ്യ നാശം, ജീവിവർഗങ്ങളുടെ വം ശനാശം, ലോകമെമ്പാടും അതി വേഗം വ്യാപിക്കുന്ന മരുഭൂവൽക്ക രണം എന്നിവയുടെ പരസ്പരബ ന്ധിതമായതും വർദ്ധമാനമായതു മായ പാരിസ്ഥിതിക പ്രതിസന്ധി കളിൽ രാഷ്ട്രീയമായി പ്രവർത്തി ക്കാൻ ചില ചട്ടക്കൂടുകൾ സൃഷ്ടി ച്ചു കൊണ്ട് ലോക ഗവൺമെന്റു കൾ ഐക്യപ്പെടുവാൻ തീരുമാനി ക്കുകയുണ്ടായി. തൽഫലമായി, റി യോ എർത്ത് ഉച്ചകോടി1992-ൽ മൂ ന്ന് ആഗോള പാരിസ്ഥിതിക കോം പാക്റ്റുകൾക്ക് ജന്മം നൽകി – UNFCCC (യുണൈറ്റഡ് നേഷൻസ് ഫ്രെയിംവർക്ക് കൺവെൻഷൻ ഓൺ ക്ലൈമറ്റ് ചേഞ്ച്), UNCBD (UN Convention of Biological Diversity), UNCCD (UN Convention for Combating Desertification). ഈ സംഭവങ്ങൾ അരങ്ങേറിക്കൊണ്ടി രിക്കുന്ന രാഷ്ട്രീയഘട്ടത്തെക്കുറി ച്ചും ശ്രദ്ധിക്കേണ്ടതുണ്ട്. സോവി യറ്റ് യൂണിയന്റെ തകർച്ച സംഭവി ച്ച സമയമായിരുന്നു അത്.സോഷ്യ ലിസ്റ്റ് വികസനത്തിന്റെ 'ബദൽ പാ ത' 'മാനുഷിക സാമൂഹിക വെല്ലു വിളികളെ നേരിടാൻ പ്രാപ്തമല്ല' എന്ന വാദത്തിലേക്ക് ഇത് നയിക്ക പ്പെട്ടിരുന്നു. (ഈ തകർച്ചയിൽ പാ ശ്ചാത്യ മുതലാളിത്ത വ്യവസ്ഥയു ടെ പങ്ക് നിർണ്ണായകമായിരുന്നില്ലെ ങ്കിലും മുതലാളിത്ത ലോകത്ത് ഒ രു ആഹ്ലാദത്തിലേക്ക് ഇത് വഴി വെച്ചിരുന്നു). വികസനത്തിന്റെ 'സോവിയറ്റ് മോഡൽ' പോലും പ്ര കൃതിയിൽ നിന്ന് വിവേചനരഹി തമായ ഉപഭോഗവും വ്യാവസായി കവൽക്കരണവും അശാസ്ത്രീയ മാലിന്യ നിക്ഷേപവും കൈകാര്യം ചെയ്തത് മേൽപ്പറഞ്ഞവയുടെ പാ തിയിലൂടെ തന്നെയായിരുന്നു.ഇത് 'ഉൽപാദന മാർഗ്ഗങ്ങളുടെ നിയന്ത്ര ണത്തിലും' വിതരണ നീതിയിലും മാത്രം വ്യത്യസ്തത പുലർത്തുക യായിരുന്നു സോവിയറ്റ് യൂണിയൻ ചെയ്തത്. 'സോഷ്യലിസ്റ്റ് രാഷ്ട്രീ യ ബദലിന്റെ' പതനം 'ചരിത്രത്തി ന്റെ അവസാനം' എന്ന ആഖ്യാന ത്തിന് കാരണമായിത്തീർന്നു.ഇനി മുതൽ, എങ്ങനെ, എവിടേക്ക് പോ കണമെന്ന് ലോകത്തെ കാണിക്കു ന്നത് മുതലാളിത്ത മാതൃക മാത്ര മാണ് എന്ന ചിന്തയും ശക്തമായി! ഇത്തരത്തിൽ 'There is no Political Economic Aternative'എന്ന

ബോധം ശക്തമായപശ്ചാത്തല ത്തിലാണ് റിയോ എർത്ത് ഉച്ചകോടി നടന്നത്.അതിനാൽ തന്നെ അതേ രാഷ്ട്രീയ സമ്പദ്‌വ്യവസ്ഥയ്ക്ക് അനുസൃതമായി 'സുസ്ഥിര വികസന' പരിഹാരങ്ങൾ ദൃശ്യമാകുന്നതിൽ അതിശയിക്കേണ്ടതുമില്ല.

1992-ൽ UNFCCC യുടെ ജനനം മുതൽ, കാലാവസ്ഥാ പ്രതിസന്ധി ഒരു വലിയ ആഗോള വെല്ലുവിളിയായി അംഗീകരിക്കപ്പെട്ടിരുന്നു, എന്നാൽ നയങ്ങളും പ്രവർത്തനങ്ങളും വളരെ പിന്നിലായിരുന്നു. അഞ്ച് വർഷത്തിന് ശേഷം, 1997-ൽ, UNFCCCയിൽ രാജ്യ ഗവൺമെന്റുകൾ കക്ഷി ചേർന്ന്, കാലാവസ്ഥാ വ്യതിയാനത്തിനെതിരായ പ്രവർത്തനങ്ങളിൽ വളരെ മിതമായ നയം അംഗീകരിച്ചു.അതിനെ 'ക്യോട്ടോ പ്രോട്ടോക്കോൾ' എന്ന് വിളിക്കുന്നു. പ്രധാന വ്യാവസായിക രാജ്യങ്ങളിൽ നിന്നുള്ള ഹരിതഗൃഹ വാതക ഉദ്‌വമനം (1990 ലെ നിലകളിൽ നിന്ന് 5 നും 8 നും ഇടയിൽ) കുറയ്ക്കുക എന്ന ലക്ഷ്യത്തിൽ എളിമയുള്ളതാണെങ്കിലും, അതിന് കുറച്ച് പ്രധാനപ്പെട്ട ആഗോള കാലാവസ്ഥ നയങ്ങളും നിർവ്വഹണ തത്വങ്ങളും പാലിക്കേണ്ടതുണ്ടായിരുന്നു. അതിലൊന്ന് 'Common But Differentiated Responsibilities and Respective Capacities or CBDR & RC' പാലിയ്ക്കുക എന്നതായിരുന്നു. ഇതിനെ തുടർന്ന്ചരിത്രപരമായി കൂടുതൽ ഹരിതഗൃഹ വാതകങ്ങൾ പുറന്തള്ളുന്നവർക്ക് (ആഗോളതാപനത്തിന് കാരണമാകുന്ന കാലാവസ്ഥാ പ്രതിസന്ധിക്ക് പ്രാഥമികമായി ഉത്തരവാദികൾആയവർക്ക്), ആഗോള അന്തരീക്ഷ GHG പുറത്തുവിടുന്ന കാര്യത്തിൽ കാര്യമായ സംഭാവന നൽകാത്ത മറ്റ് രാജ്യങ്ങളെ അപേക്ഷിച്ച് കൂടുതൽ ഉത്തരവാദിത്തങ്ങൾ ഉണ്ടെന്ന് എല്ലാ രാജ്യങ്ങളും സമ്മതിച്ചു. ഓരോ രാജ്യത്തിനും ചില ഉത്തരവാദിത്തങ്ങളുണ്ട്. അതോടൊപ്പം, സമ്പത്തും സാങ്കേതികവിദ്യയും അടിസ്ഥാന സൗകര്യങ്ങളും വളരെ ഉയർന്ന തലത്തിൽ സ്വരൂപിച്ച അതേ രാജ്യങ്ങൾ തന്നെയാണ് ഉയർന്ന എമിറ്റർ രാജ്യങ്ങളെന്നതിനാൽ, ഫോസിൽ ഇന്ധനങ്ങൾ പുറന്തള്ളുന്ന GHG പരിഗണിച്ച്, സാമ്പത്തികമായും സാങ്കേതികമായും ഇവയോട് പ്രതികരിക്കാൻ അവർക്ക് കൂടുതൽ ശേഷിയുണ്ടെന്ന് RC ഭാഗം അംഗീകരിച്ചു. അതിനാൽ കാലാവസ്ഥാ പ്രതിസന്ധിയെ നേരിടാൻ അവരുടെ സ്വന്തം പ്രദേശങ്ങളിൽ മാത്രമല്ല, സാമ്പത്തികമായും സാങ്കേതികമായും മറ്റ് ദരിദ്രരായ (ശേഷി കുറഞ്ഞ) രാജ്യങ്ങളെ സഹായിക്കാനും കൂടുതൽ കാര്യങ്ങൾ അവർ ചെയ്യേണ്ടതുണ്ട്. വികസിത അല്ലെങ്കിൽ വ്യാവസായിക സമ്പന്ന രാജ്യങ്ങൾക്ക് ദരിദ്രരായ വികസ്വര രാജ്യങ്ങളോടുള്ള ഈ 'ബാധ്യതകൾ' യുഎൻ കാലാവസ്ഥാ ചർച്ചകളിലും സമ്പന്നരാജ്യങ്ങളുമായിട്ടുള്ള ഗ്രീൻ ക്ലൈമറ്റ് ഫണ്ടിന്റെ ചർച്ചകളിലും ധാരാളം സംവാദങ്ങൾക്ക് കാരണമായി.

രണ്ടാമത്തെ പ്രധാന നയം, ശാസ്ത്രം അനുശാസിച്ചതിൽ നിന്ന് വളരെ അകലെയായിരുന്നെങ്കിലും, ആ സമയത്തേക്ക് എത്രത്തോളം ലഘൂകരണം (ആഗോളതാപനം,GHGകളുടെ ഉദ്‌വമനം എന്നിവ കുറയ്ക്കൽ) ആവശ്യമാണെന്ന് ശാസ്ത്രം നിർണ്ണയിക്കും എന്നതായിരുന്നു മുന്നോട്ടു വെച്ചിരുന്നത്. ഇത്തരത്തിൽ തീരുമാനിക്കുന്ന കുറവ് 2008-2012 മുതലുള്ള ആദ്യ പ്രതിബദ്ധത-കാലയളവിലും, പിന്നീട് മെച്ചപ്പെടുത്തിയ റിഡക്ഷൻ ലക്ഷ്യങ്ങളോടെ രണ്ടാം പ്രതിബദ്ധത-കാലയളവിലേക്ക് നീട്ടുന്നതിനും അംഗീകാരമായി. ശ്രദ്ധേയമായ കാര്യം,ക്യോട്ടോ പ്രോട്ടോക്കോൾ ഒരു തരത്തിൽ, നിയമപരമായി ബാധ്യസ്ഥമായ ഒരു കരാറായിരുന്നു എന്നതായിരുന്നു.എന്നിരുന്നാലും നിയമങ്ങൾ പാലിയ്ക്കാത്ത ഒരു രാജ്യത്തിനും പിഴ ചുമത്താനുള്ള വ്യവസ്ഥ ഇതിലുണ്ടായിരുന്നില്ല.കാലാവസ്ഥാ പ്രവർത്തനത്തിന്റെനാല് തൂണുകൾ എന്നാൽലഘൂകരണം (GHG ഉദ്‌വമനം കുറയ്ക്കൽ), പൊരുത്തപ്പെടുത്തൽ (കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതങ്ങളുമായി പൊരുത്തപ്പെടാൻ രാഷ്ട്രങ്ങളെയും സമൂഹങ്ങളെയും സഹായിക്കൽ), സാങ്കേതിക കൈമാറ്റം (ദരിദ്ര രാജ്യങ്ങൾക്ക്, അവരുടെ കുറഞ്ഞ കാർബൺ വികസന ആവശ്യങ്ങൾ കൈകാര്യം ചെയ്യാൻ ബൗദ്ധിക സ്വത്തവകാശങ്ങളില്ലാതെ സാങ്കേതികവിദ്യ നൽകൽ) ഫിനാൻസ് (സമ്പന്നവും ചരിത്രപരമായി ഉയർന്ന ഉദ് വമനം നടത്തുന്ന രാജ്യങ്ങളും ദരിദ്ര രാജ്യങ്ങൾക്ക് പണം നൽകാനുള്ള പ്രതിജ്ഞാബദ്ധത - കൂടുതലും പൊതു സ്രോതസ്സുകളിൽ നിന്നുള്ള ഗ്രാന്റുകൾ,) എന്നിവയായിരുന്നു. വളരെക്കാലം കഴിഞ്ഞ്, നഷ്ടവും നാശനഷ്ടവും ആയി ബന്ധപ്പെട്ട, ഉദ് വമനം കുറയ്ക്കാൻ നടപടികൾ ഉണ്ടായിട്ടും, വൻതോതിലുള്ള കാലാവസ്ഥാ പ്രേരണാ നഷ്ടം സംഭവിക്കുന്നു എങ്കിലും ദരിദ്ര രാജ്യങ്ങൾക്ക് ശേഷി കുറവായതിനാൽ ഇവ കൈകാര്യം ചെയ്യാൻ സഹായിക്കണം എന്ന, അഞ്ചാമത് ആശയവും ഉണ്ടായി.

മറ്റൊരു പ്രധാന വശം, ചില വീക്ഷണങ്ങളിലെ അപാകതയെ സംബന്ധിച്ചാണ്.ക്യോട്ടോ പ്രോട്ടോക്കോളിൽ ഒപ്പിടില്ല എന്ന യുഎസ് ഭീഷണിയെത്തുടർന്ന്, ലഘൂകരണ സംവിധാനങ്ങളിൽ കൂടുതലും (മുതലാളിത്ത) മാർക്കറ്റ് അധിഷ്ഠിത മെക്കാനിസം എന്നർഥമുള്ള "ഫ്ലെക്സിബിൾമെക്കാനിസം"അവതരിപ്പിച്ചു. ഇത്എമിഷൻ ട്രേഡിംഗ്സ്കീം, 'ക്ലീൻ ഡെവലപ്മെന്റ് മെക്കാനിസം' എന്ന് വിളിക്കപ്പെടുന്ന കാർബൺ ട്രേഡിംഗ് മെക്കാനിസം മുതലായവയ്ക്ക് കാരണമായി. അങ്ങനെ, GHG ഉദ്‌വമ

> ഭൂമിയുടെ പരിമിതമായ വിഭവങ്ങളുടെയും അതിന്റെ ആവാസവ്യവസ്ഥയുടെയും അമിതമായ മലിനീകരണമാണ് മൂലകാരണം. സാമ്പത്തിക വളർച്ച ഒരിക്കലും അവസാനിക്കാത്ത എക്സ്ട്രാക്റ്റീവ്-വ്യാവസായിക-മുതലാളിത്ത രാഷ്ട്രീയ സമ്പദ്വ്യവസ്ഥയാണ് ഈ നാശത്തിന്റെ പ്രേരക ഘടകം.

നത്തിന്റെ യഥാർത്ഥ കുറവ് അതു നടന്നയിടത്ത് പരിശോധിയ്ക്കുകയെന്നത്, സങ്കീർണ്ണവും സർട്ടിഫൈഡ് എമിഷൻ റിഡക്ഷൻസ് അല്ലെങ്കിൽ സിഇആർ-ലൂടെകാർബൺ എമിഷൻ ട്രേഡിങ്ങ് പ്രയാസമുള്ളതുമാക്കി മാറ്റി.അത് പിന്നീട് പ്രബലമായ പ്രവർത്തന രീതിയായി മാറി. ഇത് എല്ലാത്തരം പ്രശ്നങ്ങൾക്കും വഴിയൊരുക്കുകയും ചെയ്തു. ആഗോളതലത്തിൽ ഉദ്വമനം യഥാർത്ഥത്തിൽ വർധിയ്ക്കുകയായിരുന്നു. ക്യോട്ടോയ്ക്ക് ശേഷമുള്ള ഉദ് വമനം വികസിത രാജ്യങ്ങളിലും വികസ്വര രാജ്യങ്ങളിലും ഉയരുകയായിരുന്നു. 2005-ൽ ക്യോട്ടോ പ്രോട്ടക്കാൾ പ്രാബല്യത്തിൽ വന്നു. പിന്നീട് കൂടുതൽ ശക്തമായ ഒരു നവീകരിക്കപ്പെട്ട ഉടമ്പടി പകരം വയ്ക്കുകയും ചെയ്തു.

ഈ നയങ്ങളുടെ ഭാഗമായി, UNFCCCയുടെ കീഴിൽ രണ്ട് ട്രാക്കുകൾ സ്ഥാപിച്ചു - ടെക്നോളജി മെക്കാനിസവും ഫിനാൻസ് മെക്കാനിസവും. ടെക്നോളജി മെക്കാനിസത്തിനായികാര്യങ്ങൾ മുന്നോട്ടു കൊണ്ടു പോകുന്നതിനായി രണ്ട് ബോഡികൾ നിലവിൽ വന്നു - ടെക്നോളജി എക്സിക്യൂട്ടീവ് കമ്മിറ്റി (ടിഇസി), ക്ലൈമറ്റ് ടെക്നോളജി സെന്റർ ആൻഡ് നെറ്റ് വർക്ക് (സിടിസിഎൻ). സാമ്പത്തിക രംഗത്ത്, വികസ്വര / ദരിദ്ര രാജ്യങ്ങളെ പിന്തുണയ്ക്കുന്നതിനായി ഗ്രീൻ ക്ലൈമറ്റ് ഫണ്ട് രൂപീകരിച്ചു. ഈ ഫണ്ടിലൂടെ പലിശയില്ലാത്ത അഥവാ കുറഞ്ഞ പലിശയിലുള്ള ക്ലൈമറ്റ് ഫിനാൻസ്, പ്രതിവർഷം100 ബില്യൺ യുഎസ് ഡോളർ വരെ (ഇത്, അക്കാലത്ത് ലോകബാങ്ക് കണക്കാക്കിയതിന്റെ ആറിലൊന്ന് കുറവായിരുന്നു) നൽകാൻ ഉദ്ദേശിക്കപ്പെട്ടു.

2009 കോപ്പൻഹേഗൻ കാലാവസ്ഥാ ഉച്ചകോടിയിലും (യുഎൻഎഫ്സിസിസിയുടെ CoP-15) അടുത്ത വർഷം കാൻകൂണിലും (CoP16) സംഭവിച്ചത്, ലഘൂകരണ ലക്ഷ്യങ്ങൾ ശാസ്ത്രം നിർദ്ദേശിക്കുമെന്ന CBDR & RC എന്നിവയുടെ മാർഗദർശന അംഗീകൃത തത്വങ്ങളുടെ പൂർണ്ണമായ നിഷേധമായിരുന്നു.. 2010 മുതൽ കാൻകൂണിൽ, ഒരു പുതിയ 'പ്രതിജ്ഞയും അവലോകനവും' ആഗോള കാലാവസ്ഥാ ഭരണത്തിന് വേണ്ടി മുന്നോട്ടു വെയ്ക്കപ്പെട്ടു.അതായത് ഓരോ രാജ്യവും അവരുടെ സ്വന്തം തീരുമാനങ്ങൾ അനുസരിച്ച് ഉദ് വമനം ലഘൂകരിക്കും എന്നും ശാസ്ത്രത്തെ അടിസ്ഥാനമാക്കിയുള്ള ലക്ഷ്യങ്ങൾ കാലാവസ്ഥാ ദുരന്തം ഒഴിവാക്കാൻ ആവശ്യമില്ല എന്നുമായിരുന്നു.അതേസമയം, സമ്പന്ന രാജ്യങ്ങൾ ചൈന, ഇന്ത്യ, ബ്രസീൽ, മെക്സിക്കോ തുടങ്ങിയ രാജ്യങ്ങളെ കൂടുതൽ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുന്നതിന് വേണ്ടി 'എമർജിംഗ് എക്കണോമികൾ' എന്ന് വിളിക്കപ്പെടുന്നതിന് വേണ്ടി പ്രേരിപ്പിച്ചു തുടങ്ങി. ഈ രാജ്യങ്ങൾ ഇപ്പോൾ കൂടുതൽ തോതിൽ പുറന്തള്ളുന്നതിനാൽ മികച്ച സാമ്പത്തിക ശേഷിയും ഉണ്ട് എന്ന വാദമായിരുന്നു അതിന് പിന്നിൽ. അങ്ങനെ, ക്യോട്ടോ പ്രോട്ടോക്കോളിന്റെ രണ്ട് പ്രധാന വശങ്ങൾ, ലഘൂകരണ ലക്ഷ്യങ്ങളുടെ സയൻസ് അടിസ്ഥാനമാക്കിയുള്ള നിർണ്ണയം, CBDR&RC എന്ന ആശയംഎന്നിവ ഫലപ്രദമായി അസാധുവാക്കപ്പെട്ടു. എന്നിരുന്നാലും UNFCCC ചർച്ചകളുടെ രേഖകളിൽ ഇപ്പോഴും ചർച്ചകളുടെ ഭാഗമായി ഇവയെ കാണാനാവും. ദരിദ്ര രാജ്യങ്ങൾക്കുള്ള ഗ്രാന്റായി ഓരോ വർഷവും കുറഞ്ഞത് 100 ബില്യൺ ഡോളർ സമ്പന്ന രാജ്യങ്ങൾ നൽകണമെന്നതും പെട്ടെന്ന് മാറ്റങ്ങൾക്ക് വിധേയമായി. 2010-2012 മുതൽ ഏകദേശം 30 ബില്യൺ യുഎസ് ഡോളറിന്റെ 'ഫാസ്റ്റ് സ്റ്റാർട്ട് ക്ലൈമറ്റ് ഫിനാൻസ്' എന്ന നിലയിൽ, ഗ്രീൻ ക്ലൈമറ്റ് ഫണ്ട്പണം സ്വരൂപിക്കാൻ പാടുപെടുകയാണ്. GEF (ഗ്ലോബൽ എൻവയോൺമെന്റ് ഫെസിലിറ്റി, യുഎൻഎഫ്സിസിസിക്ക് കീഴിലുള്ള മറ്റൊരു കാലാവസ്ഥാ ധനകാര്യദാതാവ്) വളരെ ചെറിയ സംവിധാനം ആണ്. ഗ്രീൻ ക്ലൈമറ്റ് ഫണ്ട് പോലും പാർട്ട് ലോണുകൾ, പാർട്ട് ഗ്രാന്റ്, സ്വകാര്യ ധനസഹായം, അക്കൗണ്ടിംഗിന്റെ സങ്കീർണ്ണ സംവിധാനങ്ങൾ എന്നിവയെക്കുറിച്ചാണ് സംസാരിക്കുന്നത്. ആയതിനാൽ ഫണ്ടിന്റെ അടിസ്ഥാന പ്രതിബദ്ധതകൾ ഇപ്പോൾ പവിത്രമല്ല എന്നർത്ഥം!

'വർത്തമാനകാലത്തിലേക്ക്' വരുമ്പോൾ,നിലവിൽ സജീവമായ ആഗോള കാലാവസ്ഥാ ഭരണ തത്വങ്ങളും ഘടനയും നിർണ്ണ

യിക്കുന്നത് പാരീസ് ഉടമ്പടിയാണ് എന്നു കാണാം. ഇത് വീണ്ടും പൂർണ്ണമായും പ്രതിജ്ഞയും അവലോകന സംവിധാനവും അടിസ്ഥാനമാക്കിയുള്ളതാണ്. (സർക്കാരുകൾ സ്വന്തം ഇഷ്ടപ്രകാരം പ്രവർത്തിക്കുകയും പരിശോധന പ്രതിജ്ഞയുടെ അടിസ്ഥാനത്തിൽ നടത്താൻ അനുവദിക്കുകയും ചെയ്യുക എന്നതാണ് ഇതർത്ഥമാക്കുന്നത്). പാരീസ്ഉടമ്പടിയുടെആർട്ടിക്കിൾ4 ഖണ്ഡിക 12 ആവശ്യപ്പെടുന്ന പ്രകാരം ഓരോ രാജ്യത്തിനും ദേശീയമായി നിർണ്ണയിക്കപ്പെട്ട സംഭാവനകൾ (എൻഡിസി) ആ രാജ്യങ്ങളോട് പറയുകയും സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എൻഡിസികളിൽ ലഘൂകരണവും പൊരുത്തപ്പെടുത്തലും ഉൾപ്പെടുന്നു, എന്നിരുന്നാലും വികസിത രാജ്യങ്ങളിലെ എൻഡിസികൾ കൂടുതലും ലഘൂകരണമാണ്.കൂടാതെ ദരിദ്രരായ (എൽഡിസികൾ, ദ്വീപ് രാഷ്ട്രങ്ങൾ പോലുള്ള) രാജ്യങ്ങളിലെ എൻഡിസികൾ മിക്കവാറും പൊരുത്തപ്പെടുത്തലാണ്.മധ്യ സമ്പദ്‌വ്യവസ്ഥയിൽ പെട്ടവർ രണ്ടും ആസൂത്രണം ചെയ്യുന്നു. ഈ എൻഡിസികളെല്ലാം വാസ്തവത്തിൽ കാലാവസ്ഥാ ദുരന്തം തടയുന്നതിന് ആവശ്യമായ ഏറ്റവും കുറഞ്ഞ അളവിലും താഴെയാണ്.ചില വിശകലനങ്ങൾ കാണിക്കുന്നത് എൻഡിസികളിലെ എല്ലാ വാഗ്ദാനങ്ങളും നിറവേറ്റിയാലും, ആഗോള ശരാശരി വാർഷിക താപനില വ്യാവസായികവൽക്കരണത്തിന് മുമ്പുള്ള താപനിലയേക്കാൾ 3.2 മുതൽ 3.5ഡിഗ്രി വരെ 2100ഓടെ ഉയരും എന്നാണ്. 1.5C, 2.0C എന്നിവയുടെ റെഡ്‌ലൈനുകൾ യഥാക്രമം 2030-2040-ലും 2050-2060-ലും ലംഘിക്കപ്പെടാൻ സാധ്യതയുണ്ട്. ഇതിനകം തന്നെ, ആഗോള വാർഷിക ശരാശരി 1 ഡിഗ്രി സെന്റിഗ്രേഡിൽ അധികം വർദ്ധിച്ചു, കൂടാതെ വടക്കൻ അർദ്ധഗോള ഭൂപ്രദേശത്തെ (മനുഷ്യരിൽ ഭൂരിഭാഗവും താമസിക്കുന്ന പ്രദേശത്തെ) ഊഷ്മാവ് വ്യാവസായികവൽക്കരണത്തിനു മുമ്പുള്ളതിനേക്കാൾ ശരാശരി 1.4 ഇ (ശരാശരി) വരെ കൂടിയിട്ടുണ്ട്. ഇത് ഭയാനകമായ സാഹചര്യങ്ങളാണ് ചൂണ്ടിക്കാട്ടുന്നത്.എന്നാൽ 2020-ൽ പാരീസ് ഉടമ്പടിയുടെ ആദ്യകാല സമയങ്ങളിലും ചിലിയിലെ UNFCCC CoP25ന് മുമ്പും പരിപാടിയുടെ സമയത്തും പിന്നീട് ഓരോ വർഷങ്ങളിലും നടത്തിയ നിരീക്ഷണങ്ങൾ ചൂണ്ടിക്കാണിയ്ക്കുന്നത് പ്രവചിച്ചതിനേക്കാൾ വേഗത്തിൽ കാലാവസ്ഥാ വ്യതിയാനം വ്യാപകമാകുന്നുവെന്നതാണ്. 2019 സെപ്തംബർ 23-ന് ന്യൂയോർക്കിലെ യുഎൻ ആസ്ഥാനത്ത് നടന്ന ഏകദിന കാലാവസ്ഥാ ഉച്ചകോടിയിലേക്ക് എല്ലാ സർക്കാർ നേതാക്കളെയും യുഎൻ സെക്രട്ടറി ജനറൽ ക്ഷണിക്കുകയും കേവലം പ്രസംഗങ്ങളുമായിട്ടല്ല, കൂടുതൽ കാര്യങ്ങൾ ചെയ്യാൻ "മൂർത്തമായപദ്ധതികളുമായിവരാൻ"അവരോട്ആവശ്യപ്പെടുകയുംചെയ്തിരുന്നു. ഫോസിൽ ഇന്ധനത്തിൽ പ്രവർത്തിക്കുന്ന, തുടർച്ചയായ ജിഡിപി വളർച്ചാ കേന്ദ്രീകൃത സമ്പദ്‌വ്യവസ്ഥയിൽ നിന്ന് ഗവൺമെന്റുകൾ സമൂലമായി മാറാൻ തയ്യാറെടുക്കുന്നു എന്നതിന്റെ സൂചനകളൊന്നും തന്നെ ഇതുവരെ ദൃശ്യമല്ല. സൗരോർജ്ജ, കാറ്റ് വൈദ്യുതി സ്ഥാപിക്കുന്നതിലും ചില കൽക്കരി വൈദ്യുത നിലയങ്ങൾ അടച്ചുപൂട്ടലിലും ചില രാജ്യങ്ങൾ ഗണ്യമായ പുരോഗതി കൈവരിച്ചിട്ടും, മൂന്ന് വർഷത്തെ സ്തംഭനാവസ്ഥയ്ക്ക് ശേഷം വീണ്ടും ഉയർന്നിട്ടുണ്ട്.2014-2016 വരെ നിശ്ചലമായെങ്കിലും 2018 ൽ 7 വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന നിരക്കിൽ GHG പുറന്തള്ളൽ വീണ്ടും ഉയർന്നു.കൂടാതെ GHG ഫോസിൽ ഇന്ധനങ്ങൾ ഇപ്പോഴും ആഗോള പ്രാഥമിക ഊർജ്ജ വിതരണത്തിന്റെ 80%പങ്കു വഹിക്കുകയും ചെയ്യുന്നുണ്ട്.

2021-ൽ, നിർണായകമായ ഗ്ലാസ്ഗോ കാലാവസ്ഥാ ഉച്ചകോടിയെ ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട വൻതോതിലുള്ള എക്സ്ട്രാക്ഷൻ-ഉൽപാദന-വളർച്ച-പുറന്തള്ളലുമായി ബന്ധപ്പെട്ട ഉദ്‌വമനം ലഘൂകരിക്കുന്നതിന് വേണ്ടിയുള്ള, 'സീറോ-കാർബൺ' ആഗോള സമ്പദ്‌വ്യവസ്ഥയിലേക്കുള്ള, ഒരു പക്ഷേയുള്ള, അവസാന അവസരമായി അംഗീകരിക്കപ്പെട്ടു. 2015 സെപ്റ്റംബറിൽഅംഗീകരിച്ച സുസ്ഥിര വികസന ലക്ഷ്യങ്ങൾ 'ആരെയും പിന്നിലാക്കരുത്' എന്ന തത്വങ്ങൾ അംഗീകരിച്ചു.കൂടാതെ പട്ടിണി ഇല്ല, ദാരിദ്ര്യം ഇല്ല, എല്ലാവർക്കും വെള്ളം &വിദ്യാഭ്യാസം, എല്ലാവർക്കും മാന്യമായ ജോലി / വരുമാനം, സമുദ്രങ്ങളെ തിരിച്ചു പിടിയ്ക്കൽ തുടങ്ങിയ ലക്ഷ്യങ്ങൾ കാലാവസ്ഥാ കുഴപ്പത്തിലേക്കുള്ള വിനാശകരമായ വഴിത്തിരിവ് നിർത്താതെ നേടാനാവില്ലെന്ന് സാർവത്രികമായി അംഗീകരിക്കപ്പെട്ടു. എന്നിരുന്നാലും, ഗ്ലാസ്ഗോ CoP26 (പാർട്ടികളുടെ 26-ാമത് കോൺഫറൻസ്) പങ്കെടുക്കാൻ വരുന്നതിന് തൊട്ടുമുമ്പ്, യുഎസ് പ്രസിഡന്റ് ജോ ബൈഡൻ അവരുടെ എണ്ണ, വാതക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി OPEC (ഓർഗനൈസേഷൻ ഓഫ് പെട്രോളിയം എക്സ്പോർട്ടിംഗ് രാജ്യങ്ങൾ)മായി കാര്യമായ ചർച്ചകൾ നടത്തിയിരുന്നു. എർത്ത്സ് ലൈഫ് സപ്പോർട്ട് സിസ്റ്റങ്ങളുടെ (ഭൂമിയിലെ ജീവനസഹായ സംവിധാനങ്ങളുടെ) നാശത്തിലേക്ക് തള്ളിവിട്ടു കൊണ്ട് ഉല്ലാസത്തോടെ സഞ്ചരിക്കാൻ എസ്‌യുവികൾക്ക് കുറഞ്ഞ ചെലവിൽ ഗ്യാസ് (പെട്രോൾ) ലഭ്യമാകുന്ന അവസ്ഥയായിരുന്നു ഇതിലൂടെ സൃഷ്ടിക്കപ്പെട്ടത്. കോപ്-26 ആതിഥേയരാജ്യത്തിന്റെ പ്രധാനമന്ത്രി ബോറിസ് ജോൺസൺ കാംബോയിൽ ഒരു പുതിയ വമ്പൻ ഓയിൽ ഡ്രില്ലിംഗ് ഓപ്പറേഷൻ ആരംഭിയ്ക്കാൻ

കഠിനമായി പരിശ്രമിക്കുകയായിരുന്നു. ലോകത്തിലെ ഏറ്റവും ജനസാന്ദ്രതയുള്ള രാജ്യമായ ചൈനയുടെ (ഇതുവരെ ഏറ്റവും വലിയ എമിറ്റർ ആയ / വൻതോതിൽ മലിനീകരണം സൃഷ്ടിക്കുന്ന രാജ്യം) ഗവൺമെന്റ് തലവൻ തങ്ങളുടെ കൽക്കരി അധിഷ്ഠിത ശക്തി വർദ്ധിപ്പിച്ചു.എന്നിരുന്നാലും കടുത്ത വായു മലിനീകരണം നിയന്ത്രിക്കാൻ ചില നടപടികൾ സ്വീകരിച്ചു. ഇന്ത്യ (ചൈനയ്ക്കും യുഎസ്എയ്ക്കും പിന്നിൽ മൂന്നാമത്തെ വലിയ ഉദ്വമനം, എന്നാൽ പ്രതിശീർഷ ഉദ്വമനത്തിൽ റാങ്ക് വളരെ താഴെയുള്ള രാജ്യം), ഒന്നിലധികം പുതിയ വലിയ കൽക്കരി ഖനികൾ തുറക്കുന്നു, ലാഭത്തിനായി സ്വകാര്യവൽക്കരിച്ച കൽക്കരി ഖനനം നടപ്പാക്കുന്നു, ശേഷി കൂടുതലാണെങ്കിലും പുതിയ കൽക്കരി അധിഷ്ഠിത പവർ പ്ലാന്റുകൾക്കായി മുന്നോട്ട് പോകുകയും ചെയ്യുന്നു. രാജ്യത്തുടനീളമുള്ള വായു മലിനീകരണത്തിന്റെ ഗുരുതരമായ തലങ്ങൾ മൂലം ഓരോ വർഷവും 12 ലക്ഷത്തിലധികം ഇന്ത്യക്കാർ കൊല്ലപ്പെടുന്നുവെങ്കിലും ഇന്ത്യൻ സർക്കാർ ഈ പദ്ധതികളിൽ നിന്ന് പിന്നോക്കം പോകുന്നില്ല.ലാറ്റിനമേരിക്കയിലെ ഏറ്റവും വലിയ സമ്പദ്വ്യവസ്ഥയായ ബ്രസീൽ, ഓരോ വർഷവും ദശലക്ഷക്കണക്കിന് ഏക്കർ ആമസോൺ കാടുകൾ അഗ്നിക്കിരയാക്കുന്നുണ്ട്. ഇതിലൂടെബീഫ് കയറ്റുമതിക്കായുള്ള മേച്ചിൽ സ്ഥലങ്ങളും സോയാബീനിനുള്ള തുറന്ന വയലുകളും വർദ്ധിപ്പിക്കുകയാണ് ലക്ഷ്യം ഇടുന്നത്. മറ്റ് വലിയ സമ്പദ്വ്യവസ്ഥകളായ ഇന്തോനേഷ്യ, മെക്സിക്കോ, ദക്ഷിണാഫ്രിക്ക തുടങ്ങിയ രാജ്യങ്ങൾ എല്ലാംസമാനമായപാത പിന്തുടർന്നു കൊണ്ടിരിക്കയാണ്.

അതിനാൽ, ആഗോള എക്സ്ട്രാക്റ്റീവ്-ഇൻഡസ്ട്രിയൽ-മുതലാളിത്ത സംവിധാനങ്ങൾ "കൂടുതൽ വേർതിരിച്ചെടുക്കൽ-കൂടുതൽ ഉൽപ്പാദനം-കൂടുതൽ ലാഭം -കൂടുതൽ മാലിന്യ നിക്ഷേപം"എന്ന ഫോർമുല ഉപേക്ഷിക്കുകയില്ലെന്ന് ഇപ്പോൾ വളരെ വ്യക്തമായിരിക്കയാണ്. അത് തങ്ങളുടെ നിത്യജീവനത്തിന്റെ ഭാഗമാക്കിത്തീർത്തിരിക്കയാണ്. ഭൗമവ്യവസ്ഥകൾ തകരാൻ പോകുകയാണെന്ന് കാണിക്കുന്ന വലിയ സൂചനകളും ദുരന്ത സംഭവങ്ങളും ഉണ്ടെങ്കിലും. കാര്യക്ഷമത വർദ്ധന, 'വൃത്താകൃതിയിലുള്ള സമ്പദ്വ്യവസ്ഥ', 'നാലാം വ്യാവസായിക വിപ്ലവം' മുതലായ പാലിയേറ്റീവുകൾ അഥവാ സാന്ത്വന മാർഗ്ഗങ്ങൾ ഉപയോഗിച്ച് ഭൗമ വ്യവസ്ഥിതികളിലെ വൻ ആഘാതങ്ങൾ അൽപ്പം 'മയപ്പെടുത്തുക' മാത്രമാണ് ഇപ്പോൾ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഇത്തരമൊരു അവസ്ഥയിൽഅപായ സൂചന നൽകുന്ന IPCC, IPBES, WMO,..... റിപ്പോർട്ടുകൾ, കാലാവസ്ഥാ സംവിധാനങ്ങളുടെ ഭൌതിക അവസ്ഥയുടെ ഒരു ഭീകരമായ ചിത്രം വരയ്ക്കുന്ന WG-1 റിപ്പോർട്ട്,അതുപോലെ തന്നെ അപകടകരമായ സാഹചര്യം വിശദീകരിക്കുന്ന WG-2 റിപ്പോർട്ട്, സുവ്യക്തവും ഉച്ചത്തിലുള്ളതുമായ മറ്റൊരു അപായ സൂചന നൽകുന്ന ലഘൂകരണത്തെക്കുറിച്ചുള്ള WG-3 റിപ്പോർട്ട്ഒക്കെ ചൂണ്ടിക്കാണിയ്ക്കുന്നത് GHG- കളുടെ ആഗോള മൊത്തം ഉദ്വമനം 2025-ഓടെ (വെറും 4 വർഷത്തിൽ താഴെ മാത്രം) പരമാവധി ഉയരുമെന്നാണ് സൂചിപ്പിക്കുന്നത്. തുടർന്ന് അടുത്ത 5 വർഷങ്ങൾക്കുള്ളിൽ ഇത്50% കുറയുകയും വേണം. ('ഇപ്പോൾ അല്ലെങ്കിൽ ഒരിക്കലും ഇല്ല' എന്നതിന്റെ 'ഇപ്പോൾ' ഭാഗം ഇതാണ് സൂചിപ്പിക്കുന്നത്). വ്യവസായവൽക്കരണത്തിന് മുമ്പുണ്ടായിരുന്നതിനേക്കാൾ 1.5 ഡിഗ്രി സെൽഷ്യസ് താപനില കുറയ്ക്കാനും വിനാശകരമായ കാലാവസ്ഥാ വ്യതിയാനം ഒഴിവാക്കാനുമുള്ള ചില സാധ്യതകൾ ഉണ്ടെങ്കിൽ മാത്രമാണ് ഇതിന് കഴിയുക. IPCC പ്രവചനങ്ങളിൽ ചിലത് ഭൗമ വ്യവസ്ഥിതിയിലെ യഥാർത്ഥ മാറ്റങ്ങളാൽ മറികടക്കപ്പെട്ടു എന്നത് മറ്റൊരു കാര്യമാണ്. അടുത്ത ദശകത്തിൽ 1.5°C വർദ്ധന കടക്കാൻ നമ്മൾ പ്രതിജ്ഞാബദ്ധരാണെന്ന് ചില ശാസ്ത്രീയ വിലയിരുത്തലുകൾ കാണിക്കുന്നു. ഇത് മറ്റ് പ്രാദേശികവൽക്കരിച്ച അല്ലെങ്കിൽ ഹ്രസ്വകാല പ്രശ്നങ്ങൾ പോലെയല്ല. ഭൂമി ഒരു നിർണായകമായ താപനില വർദ്ധന കടന്നുകഴിഞ്ഞാൽ - അതായത്, ഏതാണ്ട് 2 ഡിഗ്രി കടന്നു കഴിഞ്ഞാൽ, 'ഫീഡ്ബാക്ക് മെക്കാനി


> ആഗോളതലത്തിൽ ഉദ്വമനം യഥാർത്ഥത്തിൽ വർധിയ്ക്കുകയായിരുന്നു. ക്യോട്ടോയ്ക്ക് ശേഷമുള്ള ഉദ്വമനം വികസിത രാജ്യങ്ങളിലും വികസ്വര രാജ്യങ്ങളിലും ഉയരുകയായിരുന്നു. 2005-ൽ ക്യോട്ടോ പ്രോട്ടക്കാൾ പ്രാബല്യത്തിൽ വന്നു. പിന്നീട് കൂടുതൽ ശക്തമായ ഒരു നവീകരിക്കപ്പെട്ട ഉടമ്പടി പകരം വയ്ക്കുകയും ചെയ്തു.

സങ്ങൾ' നമ്മെ ഒരു Runaway Climate Change സാഹചര്യത്തിലേക്ക് കൊണ്ടുപോകും.കൂടാതെ 'ഹോട്ട്-ഹൗസ്എർത്ത്' എന്നഅവസ്ഥയിലേക്ക്നമ്മൾ എത്തിച്ചേരും.അത് വരും നൂറ്റാണ്ടുകളിലായിരിക്കാം സംഭവിച്ചേക്കുക. നമുക്കറിയാവുന്നതുപോലെ, മാനുഷിക നാഗരികത ഇല്ലാതാകും, വരേണ്യ വർഗം മാത്രം തങ്ങൾക്കായി വളരെ സംരക്ഷിത സുരക്ഷിതമായ ആകാശങ്ങൾ സൃഷ്ടിക്കുന്നുണ്ടാവും. എന്നാൽ ദശലക്ഷക്കണക്കിന് ആളുകൾ മരിക്കുകയും കോടിക്കണക്കിന് ആളുകൾ കഠിനമായി കഷ്ടപ്പെടുകയും ചെയ്യും. സർക്കാരുകളും ബിസിനസ്സുകളും വ്യവസായങ്ങളും ആവശ്യമായ കാലാവസ്ഥാ നടപടികൾ സ്വീകരിക്കാൻ നിരന്തരം വിസമ്മതിച്ചുവെന്നും ജനങ്ങളെ വഞ്ചിക്കാൻ വാചാടോപങ്ങൾ മാത്രമാണ് ഉപയോഗിച്ചതെന്നും സമ്പദ്‌വ്യവസ്ഥയുടെ വലിയൊരു ഫോസിൽ ഇന്ധനം നയിക്കുന്ന 'കോവിഡാനന്തര വീണ്ടെടുക്കൽ' അവർ പിന്തുടരുകയാണെന്നും വ്യക്തമായിക്കഴിഞ്ഞിരിക്കയാണ്.

ഈ സാഹചര്യത്തിൽ, വലിയ തോതിലുള്ള ജനങ്ങളുടെ പ്രക്ഷോഭങ്ങൾക്ക് മാത്രമേ ഇതിന്റെ ഗതി മാറ്റാൻ കഴിയൂ.എന്നാൽ ഇത് പറയുന്നതു പോലെ അത്ര എളുപ്പമായ കാര്യമല്ല. നാമെല്ലാവരും അഭിമുഖീകരിക്കുന്ന ഭയാനകമായ അവസ്ഥയെക്കുറിച്ച് സാധാരണ ജനങ്ങൾ ഇരുട്ടിൽ തപ്പുകയാണ്. അവരുടെ ദൈനംദിന ജീവിതത്തിൽ ഒന്നിലധികം വെല്ലുവിളികൾ നേരിടുന്നുണ്ട്. അതിനാൽ അവരുടെ കുടുംബത്തെ പോറ്റാനുള്ള വരുമാനം, അടിസ്ഥാന ആരോഗ്യ സംരക്ഷണം ഒക്കെ ആവശ്യത്തിന് ലഭ്യമല്ലാത്തതിനാൽ മരണത്തിൽ നിന്നും ഗുരുതരമായ രോഗങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിനും അടിസ്ഥാന ജലവും ഊർജ വിതരണവും ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള പോരാട്ടങ്ങൾ അവർ ഏറ്റെടുത്തിരിക്കയാണ്. ഇത്തരമൊരു ഘട്ടത്തിൽ ശാസ്ത്രീയവും രാഷ്ട്രീയവുമായ പുരോഗമന നിലപാടുകളിലൂന്നി ജനങ്ങളെ മേൽപ്പറഞ്ഞ കാര്യങ്ങൾ പറഞ്ഞു ബോധവൽക്കരിക്കുകയും അവരെ സംഘടിപ്പിച്ച് പ്രക്ഷോഭപാതയിൽ അണിനിരത്തുകയും ചെയ്യുകയെന്നത് നമ്മൾ ഏറ്റെടുക്കേണ്ട വെല്ലുവിളിയാണ്.

കഴിഞ്ഞ കുറച്ച് വർഷങ്ങളായി, കാലാവസ്ഥാ നടപടിയും കാലാവസ്ഥാ നീതിയും ആവശ്യപ്പെടുന്നതിൽ യുവാക്കളുടെയും കുട്ടികളുടെയും കൂട്ടായ്മകളുടെ എണ്ണം വർധിച്ചുവരികയാണ് എന്നത് പ്രോത്സാഹജനകമാണ്. യുഎസ്എ പോലുള്ള രാജ്യങ്ങളിലും യൂറോപ്യൻ യൂണിയൻ രാജ്യങ്ങളിലുംനിരവധി ചെറുസംഘങ്ങൾ ആഹ്വാനം ചെയ്ത കാലാവസ്ഥാ മാർച്ചുകളിൽ 3-5 ലക്ഷത്തിലധികം ആളുകൾ പങ്കെടുത്തിരുന്നു. യുകെയിൽ, Extinction Rebellion അഹിംസാത്മകമായ പ്രക്ഷോഭ പരിപാടികളിലൂടെസർക്കാരിൽ നിന്ന് നടപടി ആവശ്യപ്പെടുകയും ഈ ചൂഷണാത്മക സമ്പദ്‌വ്യവസ്ഥയുടെ പ്രവർത്തനങ്ങളെ ഉപരോധിക്കുകയും ചെയ്യുന്നു. യൂറോപ്പിലും ലാറ്റിനമേരിക്കയിലും degrowth പ്രസ്ഥാനംസ്വാധീനം നേടുന്നു. ഗ്ലാസ്ഗോയിലെ CoP-26ന്റെ സമയത്ത്, തണുപ്പും മഴയും കാറ്റും ഉള്ള ദിവസങ്ങളായിരുന്നിട്ടും, 120,000-ത്തിലധികം പ്രതിഷേധക്കാരുടെ പങ്കാളിത്തം കാലാവസ്ഥാ മാർച്ചിനെ ജനകീയമാക്കി മാറ്റി. തെക്കൻ രാജ്യങ്ങളിൽ വെല്ലുവിളികൾ താരതമ്യേനെ കൂടുതലാണ്. അവിടെ ആളുകൾ തങ്ങളുടെ അടിയന്തിര അടിസ്ഥാന അതിജീവന ആവശ്യങ്ങൾക്കായി പ്രക്ഷോഭങ്ങൾ നടത്തുകയും ആഴത്തിലുള്ള ഇടപഴകലുകൾക്ക് കുറച്ച് ഊർജ്ജം അവശേഷിപ്പിക്കുകയും ചെയ്യുന്നു. പക്ഷേ, സമ്മർദ്ദം ശക്തിപ്പെടുമ്പോൾ, പ്രബുദ്ധമായ രാഷ്ട്രീയ മാർഗനിർദേശം നിലവിലുണ്ടെങ്കിൽ, ആളുകൾ വെല്ലുവിളികളെ നേരിടുകയും ഗതി തന്നെ മാറ്റിമറിക്കുകയും ചെയ്യുമെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്. നിലവിലുള്ള ഈ ആഗോള എക്സ്ട്രാക്റ്റീവ്-ഇൻഡസ്ട്രിയൽ-മുതലാളിത്ത വ്യവസ്ഥയെ പൊളിച്ച് മാറ്റി പകരം പ്രകൃതിയാൽ നിർണ്ണയിക്കപ്പെട്ടതും പ്രകൃതിയെ ബഹുമാനിക്കുന്നതും എല്ലാ മനുഷ്യരെയുംഎല്ലാ ഭാവി തലമുറകളെയും ഉൾക്കൊള്ളുന്ന സമത്വ മാനവിക ബോധത്തിലധിഷ്ഠിതവും ലോകമെമ്പാടും നീതിയോടു കൂടിയതുമായ രാഷ്ട്രീയ-സാമ്പത്തിക-സാമൂഹ്യ വ്യവസ്ഥയെപകരം വെയ്ക്കുക മാത്രമാണ് ഏക പോംവഴി. ഭൂമിയിലെ എല്ലാ ജീവജാലങ്ങളുടെയും കാര്യത്തിലടക്കം നമുക്കെല്ലാവർക്കും വേണ്ടിയുള്ള പ്രവർത്തനത്തിനുള്ള അവസാന ആഹ്വാനമാണിത്. ഈ വെല്ലുവിളി നാം ഏറ്റെടുക്കുക തന്നെ വേണം. ■





**പ്രൊഫ.കെ. അരവിന്ദാക്ഷൻ**



# ഗാന്ധിസമോ ഗോൾവാൾക്കറിസമോ?

**ഈ** വരുന്ന ആഗസ്റ്റ് 15ലെ സ്വാതന്ത്ര്യദിനാഘോഷം ഒന്നിലേറെ കാരണങ്ങളാൽ പ്രത്യേക പ്രാധാന്യമർഹിക്കുന്നൊരു സുദിനമാണ്. ഒന്നാമത് ഇത് ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ വജ്രജൂബിലിയാണെന്നുള്ളതു തന്നെ. അതായത് ബ്രിട്ടീഷ് സാമ്രാജ്യത്വം രണ്ടു നൂറ്റാണ്ടിലേറെ ഇന്ത്യൻ ജനതയ്ക്കുമേൽ രാഷ്ട്രീയമായും, സാമ്പത്തികമായും, സാമൂഹികമായും അടിച്ചേൽപ്പിച്ചിരുന്ന ഏകാധിപത്യ ചൂഷണ ഭരണത്തിന് അന്ത്യം കുറിച്ച് 75 വർഷം പിന്നിടുന്നതിന്റെ ഓർമ്മ പുതുക്കൽ ദിനമാണിത്.

ഈ വജ്രജൂബിലി ദിനം രാഷ്ട്രീയ സ്വാതന്ത്ര്യം നേടുന്നതിൽ നേതൃത്വപരമായ പങ്കുവഹിച്ച രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയിലൂടെയും, സ്വതന്ത്ര ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിലൂടെ നമുക്കു നേടിയെടുക്കാനായ സാമ്പത്തികാസൂത്രണ സിദ്ധാന്തത്തെ അടിസ്ഥാനമാക്കിയുള്ള വികസന പദ്ധതി നേട്ടങ്ങളുടെയും ഒരു വിലയിരുത്തൽകൂടി നടത്താനുള്ളൊരു അവസരമാണിത്. ഫാസിസ്റ്റ് പ്രത്യയശാസ്ത്രത്തിൽ അടിയുറച്ച് വിശ്വസിക്കുന്ന ബിജെപി നേതാവ് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിലുള്ള എൻ.ഡി.എ. ഭരണകൂടം കേന്ദ്രത്തിൽ ഭരണത്തിലെത്തിയതിനു ശേഷം എട്ടാം വർഷത്തിലേക്കു കടക്കുന്നൊരു കാലഘട്ടം കൂടിയാണിത് എന്നതും ഏറെ പ്രധാനമാണ്. ആർഎസ്എസ്-സംഘപരിവാർ ഗവേഷണശാലയിൽ രൂപപ്പെടുത്തിയെടുത്തൊരു ഉപാധി എന്ന നിലയിൽ ഗാന്ധിജിക്കെതിരെ ഒരു വ്യക്തിഹത്യാ പ്രത്യയശാസ്ത്രത്തിന്റെ കേന്ദ്രബിന്ദുവായി ഗാന്ധി ഘാതകനായ ഗോഡ്സേയെ ഉയർത്തിക്കാട്ടി പ്രയോഗിച്ചു നോക്കിയെങ്കിലും അതും വിജയിക്കുകയുണ്ടായില്ലെന്നു നമുക്കറിയാം.

അപ്പോൾ അവർ ലക്ഷ്യമിട്ടത്, ഒരു സോഫ്റ്റ് ടാർജറ്റ് എന്ന നിലയിൽ പണ്ഡിറ്റ് നെഹ്റുവിനെ ആയിരുന്നു. ഈ തന്ത്രവും പാളിപ്പോയിക്കൊണ്ടിരിക്കുകയാണിപ്പോൾ. 2014 മുതൽ 2019 വരെയുള്ള ആദ്യഘട്ട മോദി ഭരണ കാലഘട്ടത്തിൽത്തന്നെ ഗാന്ധിയൻ ആശയങ്ങൾ തീർത്തും തള്ളിക്കളഞ്ഞു കൊണ്ടുള്ളൊരു അധികാര തുടർച്ചക്ക് ഏറെക്കാലം നിലനിൽക്കാനാവില്ലെന്ന് ഗാന്ധിജിക്കെതിരെ സർദാർ പട്ടേലിനെ ഉയർത്തിക്കാട്ടി നടത്തിയ നിരീക്ഷണം പാളി പോയതോടെ ആർഎസ്എസ് ബുദ്ധികേന്ദ്രങ്ങൾക്ക് ബോധ്യപ്പെട്ടിട്ടുണ്ടാവണം.

എന്നിരുന്നാൽതന്നെയും ഗാന്ധി വിരുദ്ധനെന്ന് വ്യക്തമാക്കപ്പെട്ടിരുന്ന വിനായക് സവർക്കർ ഗാന്ധി വധവുമായുള്ള ബന്ധം തള്ളി പറയാൻ സംഘപരിവാർ സംഘടനകൾ സന്നദ്ധനായില്ലെന്നതാണ് അനുഭവം. ഇന്നിവിടെ, 1984-ൽ ഗാന്ധിസ്മൃതി ആൻഡ് ദർശൻ സമിതി (ജി എസ് ഡി എസ് ) എന്നൊരു സംവിധാനം നിലവിൽ വന്നിരുന്നു. ഇതിന്റെ ചെയർമാൻ പദവി സാധാരണഗതിയിൽ തന്നെ ഇക്കാലത്ത് പ്രധാനമന്ത്രി പദത്തിലെ നാതുറാമായിരിക്കും വഹി

ക്കുക. ഈ സമിതിക്ക് 'അന്തിമ്ജൻ' എന്ന ഒരു മാസികയുമുണ്ട്. ഈ സമിതിയുടെ അധ്യക്ഷൻ സ്വാഭാവികമായും പ്രധാനമായി നരേന്ദ്രമോദി തന്നെയാണ്. ജൂൺ 2002-ലെ 'അന്തിമ്ജൻ' മാസികയിൽ വലിയ പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നത്, (നേരിട്ടുള്ള പങ്കാളിത്തം ഉണ്ടോ എന്നതിന് ആധാരമായി) തെളിവുകളില്ലെന്നതിന്റെ പേരിൽ 1960-കളിൽ നിയോഗിക്കപ്പെട്ടിരുന്ന ജീവൻ ലാൽ കപൂർ കമ്മീഷൻ കുറ്റവിമുക്തനാക്കിയിരുന്നതാണെന്ന റിപ്പോർട്ടാണ് സർവർക്കും അദ്ദേഹത്തിന്റെ അനുയായി വൃന്ദത്തിനുമെതിരായി കണ്ടെത്തിയിരുന്നതായി കമ്മീഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരുന്നത്. പരമാവധി പങ്ക് ഗൂഢാലോചന കുറ്റം മാത്രമായിരുന്നുവെത്രെ. അതിനുശേഷം ഈ വിഷയവുമായി ബന്ധപ്പെട്ട് യാതൊരുവിധ അന്വേഷണവുമുണ്ടായിട്ടില്ല. മാത്രമല്ല, അപ്പോളേക്ക് വിനായക സവർക്കർ അന്തരിക്കുകയും ചെയ്തിരുന്നു.

ഗാന്ധിജിക്കെതിരെ, സവർക്കറെ ഉയർത്തിക്കാട്ടുന്നതിനുള്ള സംഘടിത നീക്കങ്ങൾ ഇക്കാലമത്രയ്ക്ക് ഉന്നതതലങ്ങളിൽ തുടരുകയുമായിരുന്നു. ഇതിന്റെ ഭാഗമായിട്ടാണ് ജി എസ് ഡി എസ് വൈസ് ചെയർമാനും, ബിജെപി നേതാവുമായ വിജയ് ഗോചൽ വിനായക് സവർക്കറെയും, മഹാത്മാ ഗാന്ധിയേയും തുല്യ പ്രാധാന്യം നൽകി ചിത്രീകരിക്കുന്ന ഒരു ലേഖനം അന്തിമ്ജൻ മാസികയിൽ പ്രസിദ്ധീകരിച്ചിരുന്നതും ഇന്ത്യയുടെ സ്വാതന്ത്ര്യ സമരചരിത്രത്തിൽ സവർക്കർക്കുള്ള സ്ഥാനവും പദവിയും മഹാത്മാഗാന്ധിക്ക് ഉള്ളതിനേക്കാൾ ഒട്ടും കുറവായിരുന്നില്ല എന്നായിരുന്നു ഗോയലിന്റെ നിഗമനം. ഇതേ സമിതിയുടെ ചെയർമാൻ നരേന്ദ്രമോദി തന്നെയാണെന്ന യാഥാർത്ഥ്യം, വൈസ് ചെയർമാൻ ഗോയലിന്റെ ലേഖനത്തിലെ പരാമർശവുമായി ചേർത്തു കാണേണ്ടതാണ്.

ഗാന്ധിയൻ എന്ന് സ്വയം വിശേഷിപ്പിക്കുന്നവർ, ഇത്തരം വസ്തുതകളും, പരാമർശങ്ങളും അർഹിക്കുന്ന ഗൗരവത്തോടെയും ആശങ്കയോടെയും ഇന്നും വീക്ഷിക്കുന്നില്ലെന്നതാണ് ദുഃഖകരമായ വസ്തുത. ഗാന്ധിജിയെ ഇകഴ്ത്തുന്ന തോടൊപ്പം സവർക്കറും, ഗോഡ്സെയും പുകഴ്ത്തുകയും ചെയ്യുന്ന നീചമായ പരിശ്രമമാണ് സംഘപരിവാർ ശക്തികൾ നടത്തിവരുന്നത് എന്നോർക്കുക. പൊതുരംഗത്തുള്ള ഉന്നതന്മാരാണ് ഹിന്ദുത്വ പ്രത്യയശാസ്ത്രത്തിന്റെ ആയുധപ്പുരയിൽ നിന്നുമുള്ള വിഷലിപ്തമായ പ്രചാരണങ്ങൾ വഴി വിവിധ

മാധ്യമങ്ങളിലൂടെ ഗാന്ധി വിരുദ്ധ സന്ദേശങ്ങൾ ജനങ്ങളിലേക്കെത്തിച്ചു വരുന്നത് എന്നതും നിസ്സാരമായി കണ്ടുകൂടാ. ഇതിലൂടെ ലക്ഷ്യമിടുന്നത് 2002-ലെ ഗുജറാത്ത് കൂട്ടക്കൊലയിലൂടെ മോദിക്കുണ്ടായ പ്രതിച്ഛായ തകർച്ച രാജ്യത്തിന്റെ ശത്രുക്കൾ മന:പ്പൂർവ്വം സൃഷ്ടിച്ചെടുത്തതാണെന്ന് സ്ഥാപിച്ചെടുക്കുക എന്നതുകൂടിയാണ് എന്നും കരുതേണ്ടിയിരിക്കുന്നു. ഈ ശുദ്ധ പദ്ധതിയുടെ ഭാഗമായിട്ടു വേണം, കോടതിവിധിയുടെ മറപിടിച്ചു സിവിൽ റൈറ്റ്സ് ആക്ടിവിസ്റ്റായ ട്രീസാ സൈററൽവാറ്റിന്റെയും, മുൻ ഗുജറാത്ത് ഡിജിപി ആർ. ബി. ശ്രീകുമാറിന്റെയും അറസ്റ്റും ഇവർ ഇരുവരുരേയും സഞ്ജീവ് ഭട്ടിനൊപ്പം ജയിലിലടച്ച് നിശബ്ദരാക്കാൻ മോദി- അമിത്ഷാ കൂട്ടുകെട്ട് ഒട്ടും സമയം പാഴാക്കാതിരുന്നതും. ഈ ഗൂഢനീക്കം അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ ഗാന്ധിയന്മാരെ എങ്കിലും തിരിച്ചറിഞ്ഞെങ്കിലെന്ന് ആശിക്കുകയാണ്.

ഓർമ്മകളും വിജ്ഞാനശാഖകളും ഒട്ടാകെ അവയുടെ പൂർണ്ണതയിൽ പുതിയ തലമുറയിൽ ഉള്ളവർക്ക് ഒരിക്കലും ലഭ്യമാകാതിരിക്കാൻ എല്ലാവിധ മുൻകരുതലുകളുമാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്. ഇന്നും കുത്സിത പ്രവർത്തനങ്ങളിൽ നിന്ന് ജനശ്രദ്ധ തിരിച്ചുവിടാൻ ലക്ഷ്യമിട്ടു തന്നെയാണ് എന്തെന്നില്ലാത്തൊരു ഗാന്ധി പ്രേമം തങ്ങൾക്കുണ്ടെന്നു സ്ഥാപിച്ചെടുക്കാൻ മോദി സർക്കാർ വെമ്പൽകൊള്ളുന്നത്.

ഇതിനോടൊപ്പംതന്നെ പാഠപുസ്തക പരിഷ്ക്കരണത്തിന്റെയും പാഠ്യ ക്രമീകരണത്തിന്റെയും, പാഠ്യ പരിഷ്കരണത്തിന്റെയും മറപിടിച്ച് 2002-ലെ നരഹത്യയും, ബന്ധപ്പെട്ട അതിക്രമങ്ങളും, പുതിയ തലമുറയിലെ വിദ്യാർത്ഥി സമൂഹത്തിൽനിന്നും തമസ്ക്കരിക്കാനുള്ള തീവ്രശ്രമങ്ങളും തകൃതിയായി നടന്നു വരുന്നുണ്ട്. മാത്രമല്ല, ഇന്നും പദ്ധതികൾ ജനങ്ങളിലേക്ക് എത്താതിരിക്കാൻ വാർത്താവിനിമയ ശൃംഖല ആകെ തന്നെ മരവിപ്പിക്കുകയും, സാമൂഹ്യ മാധ്യമങ്ങളെയും, ടിവി അടക്കമുള്ള ദൃശ്യ-ശ്രവ്യ മാധ്യമങ്ങളെയും തങ്ങളുടെ ചൊൽപ്പടിക്കു നിർത്താനുള്ള ഏതു ഹീന തന്ത്രം നടപ്പാക്കാൻ മോദി സർക്കാരും സംഘപരിവാർ വൃന്ദവും തുനിഞ്ഞിറങ്ങിയിരിക്കുകയാണിപ്പോൾ. മീഡിയവൺ മുഖ്യ മാധ്യമ ചാനലിനെതിരെ നടന്ന നിരോധന നീക്കം ഇതിന്റെ ഭാഗമായിരുന്നു.

പുരാവസ്തുഗവേഷണ-മാനേജ്മെന്റ് സംവിധാനങ്ങളെയും, ചരിത്ര ഗവേഷണങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെയും, അവരുടെ താങ്ങും തണലുമായ സ്ഥാപനങ്ങളെയും നിർജ്ജീവമാക്കാനും കുറച്ചൊന്നുമല്ല ഉന്നതങ്ങളിൽ നിന്നുവരെ ശ്രമങ്ങൾ നടന്നു വരുന്നത്. ഓർമ്മകളും വിജ്ഞാനശാഖകളും ഒട്ടാകെ അവയുടെ പൂർണ്ണതയിൽ പുതിയ തലമുറയിൽ ഉള്ളവർക്ക് ഒരിക്കലും ലഭ്യമാകാതിരിക്കാൻ എല്ലാവിധ മുൻകരുതലുകളുമാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്. ഇന്നും കുത്സിത പ്രവർത്തനങ്ങളിൽനിന്ന് ജനശ്രദ്ധ തിരിച്ചുവിടാൻ ലക്ഷ്യമിട്ടു തന്നെയാണ് എന്തെന്നില്ലാത്തൊരു ഗാന്ധി പ്രേമം തങ്ങൾക്കുണ്ടെന്നു സ്ഥാപിച്ചെടുക്കാൻ മോദി സർക്കാർ വെമ്പൽ കൊള്ളുന്നത്. ഈ ലക്ഷ്യം ലാക്കാക്കിയാണ് സംഘപരിവാറുകാർക്ക് കണ്ണിലെ കരടായി തുടരുന്ന ഗാന്ധിജിയെയും, പണ്ഡിറ്റ്ജിയും വെള്ളപൂശാനും, സ്വാതന്ത്ര്യത്തിന്റെ വജ്രജൂബിലി ആഘോഷത്തോടൊപ്പം ആർ എസ് എസ് ഒരു അവസരത്തിൽ അതിരൂക്ഷമായി വിമർശിച്ചിരുന്ന ത്രിവർണ്ണ പതാക ആഗസ്റ്റ് 2 മുതൽതന്നെ രാജ്യത്താകമാനമുള്ള ഓരോ വീടിനു മുന്നിലും ഉയർത്തണമെന്ന ആഹ്വാനവുമായി പ്രധാനമന്ത്രിതന്നെ ഏറ്റവുമൊടുവിൽ തന്റെ 'മൻ കീ ബാത്ത്' പരിപാടിയിലൂടെ ജനങ്ങളോട് അഭ്യർത്ഥിച്ചിരിക്കുന്നത്. ത്രിവർണ്ണ പതാക മൊബൈലിലെ പ്രൊഫൈൽ ചിത്രമാക്കണമെന്ന നിർദ്ദേശവും ഇതിന്റെ ഭാഗമാണ്.

ഇസ്ലാമോഫോബിയ ഒരു പരിധിവിട്ടാൽ, തിരിച്ചടിയാകുമെന്ന് കേരളം പോലുള്ള ചുരുക്കം ചില സംസ്ഥാനങ്ങളിൽ എങ്കിലും സ്വന്തം വോട്ടുബാങ്ക് രാഷ്ട്രീയത്തിന് വിധേയമായി മാറുമെന്ന തിരിച്ചറിവ് സംഘപരിവാർ- ബിജെപി ശക്തികൾക്കറിയാം. അതുകൊ

ണ്ടാണ് ഇവർ മറ്റൊരു മത ന്യൂന പക്ഷ വിഭാഗമായ ക്രിസ്ത്യൻ സമുദായത്തെ സ്വാധീനിക്കാൻ സമുദായത്തിൽപ്പെട്ട 'നാർക്കോട്ടിക് ജിഹാദ്' പ്രചാരകരുടെതായ ഒരു ചെറു വിഭാഗത്തെ പ്രീണിപ്പിക്കാൻ ശ്രമിച്ചു വരുന്നത്. ഇതെല്ലാം ഒരു വശത്ത് തകൃതിയായി നടക്കുമ്പോഴാണ്, ബിജെപിയുടെ ദേശീയ വാക്താവ് നൂപുർ ശർമ്മയും, ഡൽഹിയിലെ പാർട്ടിയുടെ മാന്യ ചുമതലക്കാരനുമായ നവീൻ കുമാർ ജിൻഡാലും ചേർന്നു നടത്തിയ പ്രവാചകനിന്ദാ പ്രസ്താവന, അതിശക്തവും വ്യാപകവുമായ പ്രതികരണ പരമ്പരക്ക് തന്നെ ദേശീയതലത്തിൽ മാത്രമല്ല, ആഗോളതലത്തിലും തുടക്കമിട്ടത്.

ഇന്ത്യയുമായി പിന്നിട്ട നിരവധി പതിറ്റാണ്ടുകൾ നയതന്ത്ര, സാമ്പത്തിക, സാംസ്കാരിക ബന്ധങ്ങൾ വെച്ചുപുലർത്തി വന്നിട്ടുള്ള യുഎഇ അടക്കമുള്ള രാഷ്ട്രങ്ങളും സൗദി അറേബ്യ, അബുദാബി, ഖത്തർ, ഒമാൻ തുടങ്ങിയ രാജ്യങ്ങളും യൂറോപ്യൻ രാജ്യങ്ങളും, അമേരിക്ക, ജർമനി, സ്വീഡൻ തുടങ്ങി നിരവധി മുതലാളിത്ത രാജ്യങ്ങളും മാത്രമല്ല, ഏഷ്യൻ, ദക്ഷിണേഷ്യൻ മേഖലയിലെ ജപ്പാൻ, ഇന്തോനേഷ്യ, മലേഷ്യ, സിംഗപ്പൂർ, ബംഗ്ലാദേശ് തുടങ്ങിയ ചെറുതും വലുതുമായ രാജ്യങ്ങളും ഐക്യ രാഷ്ട്രസഭ തന്നെയും പ്രകോപനപരമായ മാധ്യമ പ്രസ്താവനയിൽ അവർക്കുള്ള ആശങ്കകളും പ്രതിഷേധവും അതിവേഗം ന്യൂ ഡൽഹിയെ അറിയിക്കുകയും ചെയ്തു. വിദേശ മാധ്യമങ്ങളായ 'ബിബിസി', 'ന്യൂയോർക്ക് ടൈംസ്', 'ലണ്ടൻ ടൈംസ്' തുടങ്ങിയ മാധ്യമങ്ങളും ശക്തമായ പ്രതികണങ്ങളുമായി രംഗത്തെത്തിയിരുന്നു. ഗത്യന്തരമില്ലാതായ പ്രധാനമന്ത്രി നരേന്ദ്ര മോദി തന്നെ വിവിധ രാഷ്ട്രത്തലവൻമാരെ, വിദേശമന്ത്രിയിലൂടെയും നേരിട്ടും ബന്ധപ്പെടുകയും സ്നേഹത്തിന്റെ ലഘുകരണത്തിന് ആശ്രാന്ത പരിശ്രമത്തിൽ ഏർപ്പെട്ട കാഴ്ച്ചയും നാം കണ്ടതാണല്ലോ. പ്രസ്താവനക്കുത്തരവാദികളായവർക്കെതിരെ ശിക്ഷാനടപടികളെടുത്ത തുകൊണ്ടുമാത്രം സൗഹൃദബന്ധം പഴയപടി ആക്കുക അത്ര എളുപ്പമായിരിക്കില്ല. ഏതായാലും ഈ പ്രസ്താവന വജ്ര ജൂബിലി ആഘോഷവേളയിൽ മോദി-ഷാ കൂട്ടുകെട്ടിനെ നിരന്തരം അലട്ടി കൊണ്ടിരിക്കുകയും ചെയ്യുമെന്നതിലും സംശയിക്കേണ്ടതില്ല.

ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം, സാമ്രാജ്യത്വത്തിനെതിരായ ചെറുത്തുനിൽപ്പിന്റെ മുഖ്യആശയം ആയുധവും അക്രമരാഹിത്യം തന്നെയായിരുന്നു. സവർക്കറും രാഷ്ട്രീയ സ്വയംസേവക സംഘം വിശേഷിപ്പിക്കുന്ന പോലെ, ഈ ഗാന്ധിയൻ ആശയം യഥാർത്ഥത്തിൽ പ്രതിഫലിപ്പിക്കുന്നത് ഭീരുത്വമല്ല ശക്തിയാണ്, ദൃഢനിശ്ചയമാണ് ചാഞ്ചാട്ടമല്ല. തീവ്രഹിന്ദു രാഷ്ട്ര വാദികൾക്ക് ആക്രമണത്തിന്റെ ഭാഷ മാത്രമേ ആവശ്യമുള്ളൂ എന്നതും ഒരു വസ്തുതയാണ്. 1947 സെപ്റ്റംബറിൽ ഒരു പ്രാർത്ഥനാ യോഗത്തെ അഭിസംബോധന ചെയ്ത അവസരത്തിൽ, ഗാന്ധിജി മഹാഭാരതത്തിൽ നിന്നും ഉദ്ധരിച്ചത് സമാധാനത്തിന്റെ സന്ദേശം മുറുകെ പിടിച്ചു കൊണ്ടുള്ള ഒന്നായിരുന്നു, യുദ്ധത്തിന്റെ ആഹ്വാനമായിരുന്നില്ല. മഹാഭാരതത്തിന്റെ കാലഘട്ടത്തിൽ പാണ്ഡവന്മാർ അധിവസിച്ചിരുന്നത്, പുരാധന ഖലികളിലായിരുന്നു.' എന്ന് ഈ പുരാണത്തെ ഉദ്ധരിച്ചു കൊണ്ട് ഗാന്ധിജി സദസ്സിനെ അറിയിക്കുകയാണ് ചെയ്തത്. ഇന്ത്യാ രാജ്യത്താണെങ്കിൽ മുസ്ലിം ജനത നിങ്ങളുടേയും എന്റെയും സംരക്ഷണത്തിലാണ് എന്ന യാഥാർത്ഥ്യം ആരും വിസ്മരിക്കരുതെന്നും അദ്ദേഹം ഓർമ്മപ്പെടുത്തി. യുദ്ധമെന്ന പ്രക്രിയ തീർത്തും അനിവാര്യവും, ഒഴിവാക്കാവുന്നതുമായ ഒന്നാണ്. ഈ സന്ദേശമാണ് മഹാഭാരതത്തിലെ 'ശാന്തി പർവ്വം' നൽകുന്നതും. മഹാനായ ഭീഷ്മപിതാമഹൻ യുധിഷ്ഠിരനെ പഠിപ്പിക്കുന്നതെന്താണെന്നോ? ജനങ്ങളെ അതായത് പ്രജകളെ സംരക്ഷിക്കുന്നതെങ്ങനെയാണെന്നോ? അവരെ ഒന്നായി ചേർത്തുപിടിച്ചുകൊണ്ടും, അക്രമരഹിതമായ മാർഗം അവലംബിച്ചു കൊണ്ടും മാത്രമേ പാടുള്ളൂ എന്നുമാണ് ഇതിന്റെ സാരാംശം.

കറാച്ചി കോൺഗ്രസ്സ് സമ്മേളന വേദിയിൽ 1931 മാർച്ചിൽ മൗലികാവകാശങ്ങളുമായി ബന്ധപ്പെട്ട ഒരു പ്രമേയം അവതരിപ്പിച്ച അവസരത്തിൽ ഗാന്ധിജി ഊന്നി പറഞ്ഞത് എന്തായിരുന്നു എന്നോ? സ്റ്റേറ്റ് എല്ലായ്പ്പോഴും ഉയർത്തി പിടിക്കേണ്ടത് മത സഹിഷ്ണുതയും മത നിഷ്പക്ഷ സമീപനവുമാണ് എന്നാണ്. ഇതിന്റെ അർത്ഥം ഹിന്ദുത്വം ഒരു മതമെന്ന നിലയിൽ ഉയർത്തിപിടിക്കുക എന്നായിരുന്നില്ല, മറിച്ച് ഹിന്ദുയിസം വിഭാവനം ചെയ്യുന്ന ഉയർന്ന ഈ ആശയങ്ങൾ ഹൃദയത്തോട് ചേർത്ത് പിടിക്കുക എന്നായിരുന്നു. സ്നേഹത്തിന്റെയും സമഭാവനയുടെയും മൂല്യങ്ങൾക്ക് മുൻഗണന നൽകുകയും, വെറുപ്പിന്റെ രാഷ്ട്രീയം അപ്പാടെ തിരസ്കരിക്കുകയും ചെയ്യണമെന്നുകൂടിയായിരുന്നു ഗാന്ധിജിയുടെ സന്ദേശം അർത്ഥമാക്കിയത്. ഹിന്ദുയിസം സംബന്ധമായി ഗോൾവാൾക്കർ വിഭാവനം ചെയ്തതോ, ഇതിന്റെ കടകവിരുദ്ധമായ ആശയവും വ്യാഖ്യാനവുമായിരുന്നു. ഗോൾവാൾക്കറുടെ പ്രശംസ മുഴുവൻ 1930കളിൽ ജർമ്മനിയിൽ അഡോൾഫ് ഹിറ്റ്ലർ അവിടത്തെ ന്യൂനപക്ഷം ഉയർത്തിയ വെല്ലുവിളി ഏതുവിധേന കൈകാര്യം ചെയ്തു എന്നതുമായി ബന്ധപ്പെട്ട നടപടികൾക്കായിരുന്നു എന്നതും ശ്രദ്ധേയമാണ്. ജർമ്മനിൽ



ഒരു ചെറു ന്യൂനപക്ഷമായിരുന്ന യഹൂദ മത വിശ്വാസികളോട് ഹിറ്റ്ലർ ആവശ്യപ്പെട്ടത് ഒന്നുകിൽ അവർ സ്വയം ജർമ്മൻ ദേശീയതയിൽ ലയിക്കുക, അല്ലെങ്കിൽ ജർമ്മൻ ദേശീയതയുടെ ദയാദാക്ഷിണ്യങ്ങൾക്കു വഴങ്ങി കഴിയുന്നത്രകാലം ജീവിക്കാൻ തയ്യാറാവുക.

അന്തിമമായി അവർക്ക് രാജ്യം വിട്ടു പോകേണ്ടതായും വരും. ചുരുക്കത്തിൽ ജർമ്മൻ ന്യൂനപക്ഷത്തിന് നിർബന്ധമായും രാജ്യത്തെ ഭൂരിപക്ഷ വർഗ്ഗത്തിന്റെ താൽപര്യങ്ങൾക്ക് വഴങ്ങി മാത്രമേ സ്വന്തം രാജ്യത്ത് ജീവിക്കാൻ സാധ്യമാകൂ എന്നതാണ് അവസ്ഥ. ഇക്കാര്യത്തിൽ യാതൊരുവിധ വിട്ടുവീഴ്ചയും പ്രതീക്ഷിക്കേണ്ടതുമില്ല. ജർമ്മൻ ആധിപത്യം അതിന്റെ പൂർണ്ണതയിലെ ത്തിക്കുന്നതിന് ഏതു മാർഗ്ഗവും അവലംബിച്ചെന്നു വന്നേക്കാം. ഒരു യുദ്ധ ഭൂമിയിൽ നടക്കുന്ന ഏറ്റുമുട്ടലുകൾക്ക് സമാനമായൊരു സ്ഥിതിവിശേഷമായിരിക്കും ഇതിന്റെ ഭാഗമായി നടക്കുകയും ചെയ്യുക. ഇന്ത്യയുടെ ചരിത്രത്തിലും സമാനമായൊരു അദ്ധ്യായം എഴുതി ചേർക്കപ്പെടുമെന്നു തന്നെയാണ് ഗോൾവാൾക്കറിസം ആവർത്തിച്ച് വ്യക്തമാക്കുന്നത്.

സ്വാഭാവികമായും സമാനമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുക ലക്ഷ്യമാക്കിയാണ്, ആർഎസ്എസ്-ബിജെപി സംഘപരിവാർ കൂട്ടുകെട്ട് ഇന്ത്യയിലും കോപ്പുകൂട്ടി വരുന്നത്. ഒരുവശത്ത് ഗാന്ധിജിയെ ഉയർത്തിക്കാട്ടുകയും, മറുവശത്താണെങ്കിൽ രാജ്യത്തിന്റെ മതനിരപേക്ഷതയ്ക്കും സാംസ്കാരിക വൈവിധ്യത്തിനും നിലനിൽക്കുന്നതിനുള്ള ഇടം തന്നെ തീർത്തും ഇല്ലാതാക്കുകയും ചെയ്യുക എന്ന ഇരട്ടത്താപ്പ് നയ സമീപനമാണ് അതിവിദഗ്ധമായി സ്വതന്ത്ര ഇന്ത്യയുടെ വജ്ര ജൂബിലി ആഘോഷവേളയിൽ പോലും മോദി സർക്കാർ നടപ്പാക്കി വരുന്നത്. ഔദ്യോഗിക അംഗീകാരത്തോടെ തന്നെ നൂപുർ ശർമ്മയും, നവീൻ ജീൻവാലും നടത്തിയ നബിനിന്ദാ പ്രസ്താവന ഇതിന് ആധാരമായി തയ്യാറാക്കപ്പെട്ട ഒരു മാധ്യമ അഭ്യാസത്തിനപ്പുറം എന്തോ അരുചി കാണേണ്ടി വരുന്നതും ഇതിന്റെ അടിസ്ഥാനത്തിലാണ്. ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന മതനിരപേക്ഷതയും, ലിംഗസമത്വം, തുല്യനീതിയും, മൗലികാവകാശങ്ങളും നഗ്നമായി ലംഘിക്കുന്നതിലേക്കാണ് ഹിന്ദു രാഷ്ട്രം ലക്ഷ്യമിട്ടിട്ടുള്ള മോദി - അമിത് ഷാ കൂട്ടുകെട്ടിന്റെ ഓരോ നിമിഷവും നാം കാണേണ്ടത്. ഹിന്ദു മതവിശ്വാസികൾക്കും, ക്രിസ്ത്യൻ മതവിശ്വാസികൾക്കും മറ്റു ന്യൂനപക്ഷ വിഭാഗങ്ങൾക്കും ഹിന്ദു മതവിശ്വാസികൾക്കെന്നപോലെ 'ഐഡന്റിറ്റി'- സ്വത്വം നിലനിർ

ത്താനുള്ള അവകാശം ഭരണകൂടം വ്യവസ്ഥ ചെയ്യുന്നുണ്ടല്ലോ. ഈ വ്യവസ്ഥ ലംഘിക്കപ്പെട്ടാൽ അതിലൂടെ സംഭവിക്കുക, രാജ്യത്തിന്റെ ദേശീയ ഐക്യം നിലനിർത്താൻ കഴിയില്ലെന്നു തന്നെയാണ്. വിശാലമായ ഇന്ത്യ എന്ന ആശയം അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ ഗാന്ധിജി, അദ്ദേഹം തന്റെ ജീവിതം തന്നെ ഒരു സന്ദേശമാക്കി മാറ്റിയതിലൂടെ, നമ്മെ ബോധ്യപ്പെടുത്താൻ ശ്രമിച്ചതും നാം മറക്കുന്നത് ശരിയല്ല. മാത്രമല്ല, ഈ ആശയം പ്രചരിപ്പിച്ചതിന് അദ്ദേഹത്തിന് ത്യജിക്കേണ്ടി വന്നത് സ്വന്തം ജീവൻ തന്നെ ആയിരുന്നു എന്നതും ഒരു വസ്തുതയാണ്. ഇത്തരമൊരു പശ്ചാത്തലത്തിൽ, രാജ്യത്തിനകത്തും പുറത്തും വ്യാപകവും ഗുരുതരവുമായ പ്രത്യാഘാതങ്ങൾക്ക് വഴിയൊരുക്കുമെന്നുറപ്പുള്ള 'ഹിന്ദു-മുസ്ലിം ഡിവൈസ്' എന്തുവിലകൊടുത്തും ഒഴിവാക്കേണ്ടതുമാണ്.

ഇത്തരമൊരു ഡിവൈസ് ലൂടെ ആദ്യഘട്ടത്തിൽതന്നെ ശക്തമായ ആഘാതം ഏറ്റുവാങ്ങേണ്ടി വരിക ഇന്ത്യയുടെ വിദ്യാഭ്യാസ മേഖലക്കായിരിക്കും. വിശിഷ്യ ചരിത്ര-സാമൂഹ്യ- മാനവിക ശാസ്ത്രപഠന മേഖലകൾക്ക്, ഇന്ത്യയുടെ വിദ്യാഭ്യാസ മേഖലയ്ക്ക് നിലവിൽ എന്തെല്ലാം കുറ്റങ്ങളും കുറവുകളുമുണ്ടെങ്കിലും, ഇന്ത്യൻ വിദ്യാർഥികൾ വിവിധ ശാസ്ത്ര-സാങ്കേതിക-മാനവിക ശാസ്ത്രവിഷയങ്ങളിൽ ആഗോളതലത്തിൽതന്നെ വലിയ നേട്ടങ്ങൾ കൈവരിച്ചു വരുന്നതായി കാണാൻ കഴിയുന്നുണ്ട്. ഡൽഹിയിലെ ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി, ജാമിയ മിലിയ യൂണിവേഴ്സിറ്റി, ബനാറസ് യൂണിവേഴ്സിറ്റി, അണ്ണാമലൈ യൂണിവേഴ്സിറ്റി തുടങ്ങിയവയ്ക്കു പുറമേ വിവിധ ഐഐടി കളും, ഐഐഎം കളും, രാജ്യത്തെ വിവിധ മേഖലകളിൽ

> ഇന്ത്യയെന്ന മഹാരാജ്യത്തെ വെറും ഗോൾവാൾക്കർ- സവർക്കർ ചട്ട കൂടിനകത്ത് ഒതുക്കി നിർത്താൻ ആണ് ശ്രമമെങ്കിൽ അത് ഫലത്തിൽ വലിയ ആപത്ത് ആയിരിക്കും ക്ഷണിച്ചു വരുത്തുക. 1930കളിൽ യൂറോപ്യൻ മേഖലയിലെ തകർന്നു കഴിഞ്ഞ സ്റ്റേറ്റുകളുടെ ദുസ്ഥിതിയിലേക്കും, ദുരന്തത്തിലേക്ക് ആയിരിക്കും നമ്മുടെ രാജ്യത്തെയും കൊണ്ടെത്തിക്കുക എന്നത് ഉറപ്പാണ്.

നിന്നും നൂറുകണക്കിന് ഉന്നത വിജയം നേടി പുറത്തുവരുന്ന വരെ, വിദേശ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടർച്ചയായി ഉൾക്കൊള്ളാൻ മത്സരിക്കുന്ന കാഴ്ചയും ചെയ്യുന്നത് ഒഴിച്ച് അവസരങ്ങളും, മെച്ചപ്പെട്ട വിദ്യാഭ്യാസ ഗവേഷണ സൗകര്യങ്ങളില്ലാതെ, അലഞ്ഞുതിരിയുന്ന സാഹചര്യമാണ് നിലവിലുള്ളത്. അതുകൊണ്ടുതന്നെ ആയിരിക്കണമല്ലോ, നിസ്സാരമായ ശമ്പളവും പ്രശസ്തമായ തൊഴിൽ കാലാവധിയും ലഭ്യമാകുന്ന, പെൻഷൻ ആനുകൂല്യങ്ങളിലും ലവലേശംപോലും ഇല്ലാത്ത 'അഗ്നിപഥ്' എന്ന പദ്ധതിയുടെ ഭാഗമാകുന്നതിനു വേണ്ടി തിക്കും തിരക്കുമായി നിരന്നു നിലനിൽക്കുന്നത്.

ഇതിലേറെ ഗുരുതരമായ ഒരു പ്രശ്നമുണ്ട്. എന്താണ് ഇതെന്നോ? ഇന്ത്യയെന്ന മഹാരാജ്യത്തെ വെറും ഗോൾവാൾക്കർ- സവർക്കർ ചട്ട കൂടിനകത്ത് ഒതുക്കി നിർത്താൻ ആണ് ശ്രമമെങ്കിൽ അത് ഫലത്തിൽ വലിയ ആപത്ത് ആയിരിക്കും ക്ഷണിച്ചു വരുത്തുക. 1930കളിൽ യൂറോപ്യൻ മേഖലയിലെ തകർന്നു കഴിഞ്ഞ സ്റ്റേറ്റുകളുടെ ദുസ്ഥിതിയിലേക്കും, ദുരന്തത്തിലേക്ക് ആയിരിക്കും നമ്മുടെ രാജ്യത്തെയും കൊണ്ടെത്തിക്കുക എന്നത് ഉറപ്പാണ്. സാംസ്കാരികവും, ഭാഷാപരവുമായ വൈവിധ്യങ്ങൾ ഏറെയുള്ള ഒരു രാജ്യം എന്ന നിലയിൽ, വർഗീയതയുടെ വിത്തുകൾ കൂടി അതോടൊപ്പം വിതയ്ക്കുന്നതോടെ വർഗീയകലാപങ്ങൾ ഒറ്റപ്പെട്ട നിലയിൽ ആയിരിക്കുകയില്ല, വ്യാപകവും രൂക്ഷമായ നിലയിലായിരിക്കും. ദേശീയ ഐക്യത്തെ തകർച്ചയിലേക്ക് തന്നെ കൂപ്പുകുത്തിക്കുക. 2019- 20 കാലയളവിൽ പാൻഡെമിക് നിലവിലിരിക്കുമ്പോൾപോലും വർഗ്ഗീയ ഏറ്റുമുട്ടലുകൾ 96 ശതമാനത്തോളമാണ് വർദ്ധനവ് രേഖപ്പെടുത്തിയത്. ഒരു വർഷത്തിനിടെ 857 സംഭവങ്ങളാണ് ഔദ്യോഗികമായി തന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. ഹിന്ദു-മുസ്ലിം ഭിന്നിപ്പ് വർദ്ധിക്കുന്ന പ്രവണത തടയുന്നതിനു പകരം അധികാര സ്ഥാനത്തുള്ളവർ അതിനെ പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് പര



**പൊതു മാന്യയായ ദ്രൗപതി മുർമുവിന്റെ യോഗ്യത ആരും ചോദ്യം ചെയ്യുന്നില്ല എങ്കിലും, ഇത്തരമൊരു തീരുമാനത്തിലേക്ക് ബിജെപിയെ കൊണ്ടെത്തിച്ചതിന് പിന്നിലെ ഗൂഢ ലക്ഷ്യമാണ് വിമർശനപരമായി വിലയിരുത്തേണ്ടി വരുന്നത്.**

ക്കെ സ്വീകരിച്ചു കാണുന്നത്. സവർക്കറെയും, ഗോൾവൽക്കറേയും മുൻനിർത്തി ഹിന്ദു രാഷ്ട്ര ത്തിന്റെ ശക്തി വർധിപ്പിക്കുന്നതിലാണ് ഭരണകർത്താക്കൾ കൂടുതൽ താൽപര്യപ്പെടുന്നതും. ഇതിലേക്കായി ദേശീയതയെയും, ഹിന്ദുയിസത്തെയും വേർതിരിച്ചു കാണാതെ അവ ഒന്നാണെന്ന് സ്ഥാപിച്ചെടുക്കുന്നതിനാണ് കൂടുതൽ വ്യഗ്രത കാണപ്പെടുന്നത്.

തീവ്ര ഹിന്ദുത്വ വാദികൾ അവരുടെ മജോറിറ്റിയൻ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് വിവിധ ഹിന്ദുമത വിശ്വാസി വിഭാഗങ്ങൾക്കിടയിൽ പോലും സൗഹൃദവും സാഹോദര്യവും വളർന്നു ശക്തിപ്പെടാതിരിക്കാൻ പല അടവുകളും തന്ത്രങ്ങളും പ്രയോഗിക്കുക പതിവാണ്. ഇതിൽ പ്രധാനമായ ഒരു തന്ത്രമാണ് സവർക്കറെ കരുവാക്കി ഇസ്ലാമോഫോബിയക്ക് പ്രോത്സാഹനം നൽകുന്നത്. ഇതിലേക്കായി ഹിന്ദുമത വിശ്വാസികളായ മുഴുവൻ ഹിന്ദുക്കളെയും 'ബഹുജൻ' അഥവാ 'മജോറിറ്റി' യുടെ ഭാഗങ്ങളായി മാറുകയാണ് ചെയ്യുന്നത്. ഇക്കൂട്ടത്തിൽ ദളിത് ആദിവാസി വിഭാഗങ്ങളിൽ പെടുന്ന മില്യൺ കണക്കിന് ദരിദ്രരും പാർശ്വവൽക്കരിക്കപ്പെട്ട ഒരു മായ ജനതയെ, ഏറെക്കുറെ തീർത്തും നിരക്ഷരരും നിരാലംബരുമായ ഈ ജനതയുടെ ഹിന്ദുത്വ ലോകത്തിന്റെ ചട്ടക്കൂടിനുള്ളിൽ നിർത്തി ന്യൂനപക്ഷ തിരുത്ത് ചേരിയിൽ ഉറപ്പിച്ചു നിർത്തുക എന്നതാണ് സംഘപരിവാറിനെ ഏറ്റവും ഒടുവിലത്തെ പദ്ധതി. ഇവർക്കിടയിൽ മതനിരപേക്ഷ ചിന്തയ്ക്കു യാതൊരുവിധ ഇടവും ഉണ്ടാവരുത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയും, സംഘപരിവാർ എന്തുതന്നെ അവകാശപ്പെട്ടാലും ഒറീസ സംസ്ഥാനത്തെ ഒരു ആദിവാസി വനിതയെ പ്രത്യേകം കണ്ടെത്തി ഇന്ത്യയുടെ രാഷ്ട്രപതി സ്ഥാനത്ത് എത്തിച്ചത് ഈ ദുഷ്ടലാക്കോടെയാ ണെന്നതിൽ സംശയിക്കേണ്ടതില്ലല്ലോ. ഈ സ്ഥാനം വഹിക്കാൻ പൊതു മാന്യയായ ദ്രൗപതി മുർമുവിന്റെ യോഗ്യത ആരും ചോദ്യം ചെയ്യുന്നില്ല എങ്കിലും, ഇത്തരമൊരു തീരുമാനത്തിലേക്ക് ബിജെപിയെ കൊണ്ടെത്തിച്ചതിന് പിന്നിലെ ഗൂഢ ലക്ഷ്യമാണ് വിമർശനപരമായി വിലയിരുത്തേണ്ടി വരുന്നത്.

അടുത്തതായി നമുക്ക് സാമ്പത്തികാസമത്വങ്ങളുടെ കാര്യമെടുക്കാം, വിശിഷ്യ ഇന്ത്യൻ ജനതയുടെ 20 ശതമാനത്തോളം വരുന്ന സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥ അഭിമുഖീകരിച്ചു വരുന്ന മുസ്ലിം ന്യൂനപക്ഷ വിഭാഗത്തിന്റേതുതന്നെ. ഈ പ്രശ്നവുമായി ബന്ധപ്പെട്ട് വിശദമായ ഒരു പഠനം നടത്താനും റിപ്പോർട്ട് ചെയ്യാനും മുൻ യുപി സർക്കാർ ഡൽഹി ഹൈക്കോടതി മുൻ ജഡ്ജി ജസ്റ്റിസ് രജീന്ദർ സച്ചാർ അധ്യക്ഷനായി ഒരു കമ്മിറ്റി നിയോഗിച്ചിരുന്നതാണല്ലോ. സച്ചാർ കമ്മിറ്റി മുസ്ലിം സമുദായവുമായി ബന്ധ

ഗാന്ധിജി അങ്ങേയറ്റം പ്രാവർത്തികമാക്കാൻ പ്രയത്നിച്ച ഹിന്ദു വിശ്വാസത്തിന്റെ കൂടപ്പിറപ്പായ തൊട്ടുകൂടായ്മക്കെതിരായ പോരാട്ടം ഏറ്റെടുക്കാൻ സംഘപരിവാർ ശക്തികൾ സന്നദ്ധമല്ല. ജാതി വിവേചനത്തിനെതിരെ ശബ്ദിക്കാനും തീവ്ര ഹിന്ദുത്വ ശക്തികൾ തയ്യാറല്ല.

പ്പെട്ട ഒരു റിപ്പോർട്ടും അന്നത്തെ സർക്കാരിന് സമർപ്പിക്കുകയും ചെയ്തിരുന്നു ഈ കമ്മിറ്റിയുടെ ശ്രദ്ധേയമായൊരു കണ്ടെത്തൽ എന്തായിരുന്നു എന്നോ? ഇന്ത്യയിലുടനീളം നിലവിലുള്ള സാമൂഹ്യ-സാമ്പത്തിക പിന്നോക്കാവസ്ഥയും അടിച്ചമർത്തലും യഥാർത്ഥത്തിൽ മുസ്ലീം മതവിഭാഗമുൾപ്പെടെയുള്ള ന്യൂനപക്ഷ വിഭാഗക്കാർക്കിടയിൽ മാത്രം ഒതുങ്ങി നിൽക്കുന്നവയല്ല. ഈ പ്രശ്നം മുഴുവൻ ഇന്ത്യൻ ജനതയെയും ഗുരുതരമായി ബാധിക്കുന്ന ഒന്നാണ് എന്നായിരുന്നു സച്ചാർ കമ്മിറ്റി റിപ്പോർട്ട് ചെയ്തിരുന്നത്. ആഗോള ജനത തന്നെ രണ്ടായി- ഉള്ളവനും, ഇല്ലാത്തവനും എന്ന നിലയിൽ - വിഭജിക്കപ്പെട്ടിരിക്കുന്നു എന്നു പറയുന്നതുപോലെയാണ് ഇന്ത്യ എന്ന രാജ്യവും, രണ്ടു ഭാഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നത് എന്നാണ് ഇതിൽ നിന്നും ഉരുത്തിരിയുന്ന വസ്തുത. ഇത് കൃത്യമായി തിരിച്ചറിഞ്ഞ് ഇതിനെത്തുടർന്ന് ആയിരിക്കണം അന്നത്തെ സർക്കാർ സച്ചാർ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ ഏറെക്കുറെ തമസ്കരിക്കാൻ നിർബന്ധിതമായതും. തങ്ങൾക്കെതിരായി വരാനിടയുള്ള എന്തും ജനശ്രദ്ധയിൽ നിന്നും മറച്ചു പിടിക്കുക എന്ന തന്ത്രം ഭരണ വർഗ്ഗത്തിന്റെ മുഴുവൻ പൊതുസ്വഭാവം ആണല്ലോ.

ഗാന്ധിജിയുടെ ആത്മാവ് അപ്പാടെ നീക്കം ചെയ്യുകയും, തൽസ്ഥാനത്ത് സവർക്കറുടെ ആത്മാവ് സ്ഥാപിക്കുകയും ചെയ്യുന്നതിന്റെ ഗുരുതരമായ പ്രത്യാഘാതങ്ങൾ വന്നുഭവിക്കുക സമൂഹത്തിലെ അടിച്ചമർത്തപ്പെട്ട വർഗ്ഗങ്ങൾക്കായിരിക്കും. അതായത് ദളിത്-ആദിവാസി വിഭാഗങ്ങൾക്ക് ഇതിനുള്ള പ്രതിവിധി എന്ന നിലയിൽ ഒരു ദളിതനായ രാംനാഥ് കോവിന്ദിനിനെ രാഷ്ട്രപതി ആക്കിയതുകൊണ്ട് കാര്യമൊന്നും ഉണ്ടായില്ല എന്നത് ഇതിനകം ബോധ്യമായിട്ടുണ്ട്. ഇപ്പോൾ ഇതാ ഒരു ആദിവാസി വനിത രാഷ്ട്രപതി സ്ഥാനത്തെത്തി ച്ചിരിക്കുന്നു. ഇത്തരം അഭ്യാസങ്ങൾ കൊണ്ടൊന്നും ഇന്ത്യയിൽ രൂഢമൂലമായി കൊണ്ടിരിക്കുന്ന ചാതുർവർണ്ണ്യ സിദ്ധാന്തത്തിൽ ഉന്നയിച്ച് പ്രത്യശാസ്ത്രം മുറുകെ പിടിക്കുന്നൊരു ഭരണ വ്യവസ്ഥ നിലവിലിരിക്കുന്നിടത്തോളം, സമൂഹത്തിൽ അടിച്ചമർത്തലിന് വിധേയമാർക്കപ്പെട്ടു വരുന്ന അടിസ്ഥാന ജനതയ്ക്ക് മോചനം പ്രതീക്ഷിക്കേണ്ടതില്ല. നൂറ്റാണ്ടുകളായി നിലവിലിരിക്കുന്ന ഈ സംവിധാനത്തിൽ അടിമുടി മാറ്റമാണ് അനിവാര്യമായിരിക്കുന്നത്. എന്നാൽ മാത്രമേ, ജാതീയമായും സാമ്പത്തികമായും ഉള്ള ചൂഷണത്തിന് അന്ത്യം കുറിക്കപ്പെട്ടുകയുള്ളൂ. 'ഹിന്ദു'വിനെയും 'മുസ്ലി'മിനെയും രണ്ടു ധ്രുവങ്ങളിൽ നിർത്തി തമ്മിലടിപ്പിക്കാനുള്ള ആ ശ്രാന്ത പരിശ്രമത്തിനിടയിൽ, സാമൂഹ്യ നീതിയും സാമ്പത്തിക സമത്വവും ബലികഴിക്കുകപ്പെടുക സ്വാഭാവിക പരിണിതഫലമാണ്. ബിജെപി-സംഘപരിവാർ ശക്തികളുടെ തെരഞ്ഞെടുപ്പ് രാഷ്ട്രീയ താല്പര്യങ്ങൾക്കിണങ്ങുന്ന തന്ത്രവും ഇതല്ലാതെ മറ്റൊന്നുമല്ല. ഉത്തര- പശ്ചിമ ഇന്ത്യൻ പ്രദേശങ്ങളിൽ വലിയൊരളവിൽ വിജയം കണ്ടെത്തിക്കഴിഞ്ഞിട്ടുണ്ട് എന്നതാണ് യാഥാർത്ഥ്യം. ഗാന്ധിജിയോടുള്ള ആദരവ് പെരുപ്പിച്ചു പാടുന്നത് ലക്ഷ്യമാക്കി 'സ്വച്ഛ് ഭാരത് അഭിയാൻ' പദ്ധതിക്ക് രൂപം നൽകികൊണ്ടുള്ള മോദിയുടെ തന്ത്രവും വിജയം കണ്ടില്ല.

ഗാന്ധിജി അങ്ങേയറ്റം പ്രാവർത്തികമാക്കാൻ പ്രയത്നിച്ച ഹിന്ദു വിശ്വാസത്തിന്റെ കൂടപ്പിറപ്പായ തൊട്ടുകൂടായ്മക്കെതിരായ പോരാട്ടം ഏറ്റെടുക്കാൻ സംഘപരിവാർ ശക്തികൾ സന്നദ്ധമല്ല. ജാതി വിവേചനത്തിനെതിരെ ശബ്ദിക്കാനും തീവ്ര ഹിന്ദുത്വ ശക്തികൾ തയ്യാറല്ല. ചുരുക്കത്തിൽ ഇന്ത്യൻ സ്വാതന്ത്ര്യത്തിനായി ഇന്ത്യയെ ലോകത്തിനാകെ മാതൃകയാക്കി കരുപ്പിടിപ്പിക്കുന്നതിനായി, സ്വന്തം ജീവൻ തന്നെ ബലി കൊടുക്കേണ്ടി വന്ന മോഹൻദാസ് കരംചന്ദ് ഗാന്ധി ക്ക് പകരം സവർക്കറെ രാഷ്ട്രപിതാവായി പ്രതിഷ്ഠിക്കാൻ സുനി ഇറങ്ങിയിരിക്കുന്ന ഇന്ത്യയിലെ ഭരണ വർഗ്ഗത്തിന്റെ മാനസികാവസ്ഥയിൽ സ്വതന്ത്ര ഭാരതം വജ്രജൂബിലി ആഘോഷിക്കുന്ന വേളയിൽ പോലും മാറ്റം ഉണ്ടായിട്ടില്ല എന്നതാണ് പ്രതിഷേധാർഹവും ദുഃഖകരവുമായ യാഥാർത്ഥ്യം. ■



**സുകുമാരൻ ചാലിഗദ്ദ**

# അന്നൊരു വായനാടൻ മഴരാത്രിയിൽ

അന്നൊരു വയനാടൻ മഴരാത്രിയിൽ
ഗർഭിണികളായ മരങ്ങൾ നൃത്തം ചെയ്ത്
മഴത്തുള്ളി മക്കളെ താരാട്ടുമ്പോൾ
ഉറക്കംവരാതെ ഞാൻ വാതിൽ തുറന്നു .

തൂറാനും മുട്ടുന്നുണ്ട് ഉച്ചാനും മുട്ടുന്നുണ്ട് .
ഇത്തിയമ്മയുടെ രാത്രി കഥയിയിലെ പേയികൾ
വയലോരങ്ങളിലും പുഴയോരങ്ങളിലും
കാടോരങ്ങളിലും വീടിനുചുറ്റുമെല്ലാം നടക്കുന്നു .

പേയിയെ പേടിയുണ്ട്
പേനിനെ പേടിയുണ്ട്
കള്ളനെ പേടിയുണ്ട്
പോലീസിനെ പേടിയുണ്ട്.

ഒറ്റയ്ക്ക് കൂവികൂവി എന്തോ തിരയുന്ന
മലമാൻ തള്ളയ്ക്കും പേടിയില്ല.
ഒറ്റയ്ക്ക് ഒറ്റിയൊറ്റി എന്തോ എടുക്കുന്ന
നരിനായ പുലികൾക്കും പേടിയില്ല .

ആ രാത്രിയിൽ നടക്കാനിറങ്ങിയ പുഴനീരിലെല്ലാം
ആനകുട്ടികൾ അലക്കിക്കൂട്ടിയ പച്ചിലകളുടെ
കറകൾ ചാർത്തി ഓരോരോ നീർക്കല്ലിനേയും
ഒരുക്കിയൊരുക്കി നിർത്തിയപ്പോൾ ?

എന്റെ ബാല്യത്തിലെ നിറശലഭങ്ങൾക്ക്
ആടുവാനും ഇരിക്കുവാനും ചില്ലകളില്ലാതെ
ഓടുവാനും ചാടുവാനും വഴികളില്ലാതെ
കിടക്കുവാൻ നിലമില്ലാതെ നേരം പുലർത്തി .

അപ്പന്റെ വെയിലിനേയും
അമ്മയുടെ തണലിനേയും
എന്നേക്കുമായി ദൂര രാജ്യത്തിലേക്ക്
കാറ്റുകൾ അറുത്തോണ്ടുപോയപ്പോൾ


അതിന്റെ അവസാന കണ്ണിയിൽ പിടിച്ച്
ഞാനാരാത്രി കരിമേഘങ്ങളിൽ കേറി
അപ്പനേയും അമ്മയേയും തിരഞ്ഞ് മടുത്ത്
അപ്പനേയും അമ്മയേയും തിരഞ്ഞ് മടുത്ത്

കഥമുട്ടകളെ അടവെച്ച ഇത്തിയമ്മയുടെ -
മടിയിലേക്ക്  ഒട്ടിച്ചേർന്ന് ഞാൻ കിടന്നു.
മഴത്തണുപ്പിന്റെ ശരീരങ്ങൾ മൂളിമൂളി
എന്റെ ചൂടിനെ ചൂടുവാൻ ചുരുളുന്നുണ്ട് .

അന്നൊരു വയനാടൻ മഴരാത്രിയിൽ,.
ഗൾഫിലേക്ക് ഇഞ്ചിപ്പണിക്കുപ്പോയ
അപ്പന്റേയും അമ്മയുടേയും ഫോൺ കോൾ.
ബേത്തിമാരാ മോനേ നാളെ ഞങ്ങൾ
വരുന്നുണ്ട് .

എന്റെ ബാല്യശലഭങ്ങൾക്ക് പിറ്റേ ദിവസം
വീണ്ടും പുതിയ പുതിയ ചിറകുകൾവന്നു.
അന്ന് രാത്രി സെക്കന്റ്ഷോ സിനിമ
കാണുവാൻ
എന്നെയും കൊണ്ടുപോയി .

സിനിമ മണിച്ചിത്രത്താഴ് .
അയ്യോ !



**കുരീപ്പുഴശ്രീകുമാർ**



# മലയാളത്തമിഴൻ

സുബ്രഹ്മണ്യ ഭാരതിയോ
സുപ്രഭാത മാധുരിയോ
മധുരത്തേൻ തുമ്പികളിൽ
കവിതയ്ക്കു തീ കൊളുത്തി

കൊളുത്തില്ലാ ജാലകത്തിൽ
കൊളുന്തിന്റെ മണപ്പച്ച
പച്ചപ്പാടം കാത്തു വച്ച
കാവേരിപ്പൂമ്പട്ടണത്തിൽ

പട്ടണപ്പോർവെയിലല്ലോ
പടിയെല്ലാം കെട്ടിയത്
കെട്ടുപടി കേറിക്കേറി
മധുരയ്ക്കു പോയൊരുത്തൻ

പോയ കോലം കോവലനായ്
ചിലമ്പില്ലാക്കള്ളനുമായ്
മായക്കാലം കണ്ടുനിൽക്കേ
തലയില്ലാച്ചെമ്മരമായ്

മരം കണ്ടു പെണ്ണൊരുത്തി
മുലത്തീയിൽ പുരം കത്തി
കത്തി കൊണ്ടു കാവ്യമൊന്നു
വരഞ്ഞിട്ടു മലയാളി

മലയാളത്തമിഴന്റെ
മലയില്ലാത്തിണ കേട്ടു
കേട്ടുകേൾവിക്കപ്പുറത്തെ
വഴി നടത്തപ്പോരാട്ടം

പോരാട്ടപ്പൊരുൾ ചൊല്ലു
പനനൊങ്കേ നല്ല തങ്കേ
തങ്കപ്പെട്ട മണിയമ്മേ
പെരിയോറിൻ കഥ ചൊല്ല്

ചൊല്ലുറങ്ങും കഥ കേൾക്കാൻ
കണ്ണടച്ചു ചെല്ലക്കണ്ണ്
കണ്ണിലൊരു കാവലിൻറെ
കുന്തമുന നീളുന്നുണ്ട്

ഉണ്ടായില്ലാ വെടി കേട്ട
കപ്പലോട്ടക്കാലമാണ്
കാലക്കോട്ടയുലയ്ക്കുന്നു
രാവണൻറെ ദശചിന്ത

ചിന്തച്ചന്ദ്രൻ ദ്രാവിഡൻറെ
ചന്തമുള്ള മുഖം കണ്ടു
കണ്ട മുടി മേഘമായി
രാത്രിക്കാട്ടിലിടിവെട്ടി

വെട്ടിയ വാൾത്തുമ്പിലൊരു
കോസലൻറെ കോപം കണ്ടു
കണ്ട കടൽ ആർത്തലയ്ക്കേ
കിഴക്കിൻറെ മിഴി ചോന്നു

ചോന്നമിഴി വെളുത്തപ്പോൾ
മണ്ണടരിൽ കൈകൾ കുത്തി
കുത്തിവച്ച കാർക്കൊടിയിൽ
ഉദയത്തിന്നഴകേറി

ഏറിയൊരു സ്വാഭിമാന-
ക്കൊടിക്കമ്പിൻ ചോട്ടിലല്ലോ
ചോടുറച്ച തങ്കപ്പെണ്ണും
ചെല്ലക്കണ്ണും തളിർക്കുന്നു

തളിർക്കുന്നു കൃഷ്ണമരം
മുളയ്ക്കുന്നു വംശച്ചെടി
ചെടിച്ചുണ്ടിൽ ചെണ്ടുമല്ലി
കൊണ്ടിളകീ പുളിമരങ്ങൾ

പുളിമരമേ പുന്നാരീ
ചിണുങ്ങുന്നു ചിങ്ങത്തെങ്ങ്
തെങ്ങോലത്തുമ്പിലുണ്ടൊരു
മലയാളത്തമിഴ് ചിന്ത്.



**ടി.സി സുബ്രഹ്മണ്യൻ**

# ലേബർ കോഡും തൊഴിലാളി വർഗ്ഗവും

**വ**ർഗ്ഗ സമരവും തൊഴിലാളിവർഗ്ഗ ചരിത്രവും അവസാനിച്ചുവെന്ന് കോർപ്പറേറ്റ് ജാരസന്തതികൾ ചരിത്രത്തിൽ പുലമ്പാൻ തുടങ്ങിയിട്ട് നാല് പതിറ്റാണ്ടുകൾ പിന്നിടുന്നു. വർഗ്ഗസമരത്തെ ഒരു അപസർപ്പക കഥയാക്കി മെനഞ്ഞെടുക്കാനുള്ള ഗീബൻസീയൻ തന്ത്രങ്ങൾ വിരാമമില്ലാതെ ഇപ്പോഴും തുടരുകയാണ്. 'സർവ്വ രാജ്യ തൊഴിലാളികളെ സംഘടിക്കുവിൻ' എന്ന ആഹ്വാനം ചതഞ്ഞരഞ്ഞ വാക്കുകളായും കോർപ്പറേറ്റ് ചക്രവർത്തിമാർ വിളമ്പിത്തരുന്ന എച്ചിലുകൾ മാത്രമാണ് തൊഴിലാളിവർഗ്ഗത്തിന്റെ അതിജീവനമാർഗ്ഗമെന്ന വാഴ്ത്തു പാട്ടുകൾക്കിടയിൽ ചരിത്രത്തെ പിന്നാമ്പുറത്തേക്ക് ഒതുക്കാനുള്ള ശ്രമങ്ങൾക്ക് ഗതിവേഗം വർദ്ധിപ്പിച്ചിരിക്കുന്ന സമയമാണിത്. വർഗ്ഗ സമരത്തെയും ചരിത്രത്തെയും ഭയപ്പെട്ട ഉടമ വർഗം ഇന്ന് ലോകാധിപത്യം ഏറ്റെടുത്തിരിക്കുന്നു. സോഷ്യലിസ്റ്റ് ചേരി മുതലാളിത്ത ചേരി എന്നീ വിശേഷണങ്ങൾ അപ്രത്യക്ഷമാവുകയും മുതലാളിത്ത വികസനത്തിന്റെ പരമോന്നത ഘട്ടമായ കോർപ്പറേറ്റ് സമ്പദ് വ്യവസ്ഥയുടെ പരിപൂർണ നിയന്ത്രണത്തിൻ കീഴിലായിരിക്കുന്നു ലോകം. 1917-ലെ വിപ്ലവത്തോടെ നിലവിൽ വന്ന സോഷ്യലിസ്റ്റ് വ്യവസ്ഥ മാനവരാശിക്കും തൊഴിലാളിവർഗത്തിനും സംഭാവന നൽകിയ എല്ലാ ജനാധിപത്യ അവകാശങ്ങളും തൊഴിൽ നിയമങ്ങളും കോർപ്പറേറ്റ് മുതലാളിത്തം തിരിച്ചെടുത്തു കൊണ്ടിരിക്കുന്നു. 'ഗ്ലാസ്നോസ്ത് പെരിസ്ത്രോയിക്ക' പ്രഖ്യാപിച്ചുകൊണ്ട് മിഖായേൽ ഗോർബച്ചേവ് സോവിയറ്റ് യൂണിയനെ പുതപ്പിച്ചിരുന്ന സോഷ്യലിസ്റ്റ് ആവരണം അടർത്തിമാറ്റി സോഷ്യലിസ്റ്റ് ബ്ലോക്ക് എന്ന മിത്തിനെ തകർത്തുകൊണ്ട് സോഷ്യലിസ്റ്റ് മുഖംമൂടിയണിഞ്ഞ രാഷ്ട്രങ്ങൾ കോർപ്പറേറ്റ് ചങ്ങാത്ത മുതലാളിത്ത ചേരിയിലേക്ക് കൂറ് മാറിയതോടെ റഷ്യയും ചൈനയും ഉൾപ്പെടെയുള്ള രാഷ്ട്രങ്ങളിൽ കമ്പോളമുതലാളിത്തത്തിന്റെ വ്യാപനം ആവിശ്വാസനിയവും അമ്പരപ്പിക്കുന്നതുമായിരുന്നു.പരമ്പരാഗത വാണിജ്യ വ്യവസായ മാമൂലുകളെ ഭേദിച്ച് ഡിജിറ്റൽ യുഗത്തിന്റെ അനന്തസാധ്യതകളിലേക്ക്പ്രവേശിച്ച ചങ്ങാത്ത മുതലാളിത്തത്തിന്റെ വലക്കണ്ണികൾക്ക് തടസ്സമായി തൊഴിൽ നിയമങ്ങളും തൊഴിലാളി വർഗ്ഗവും വൻമതിൽ തീർത്തു നിലകൊണ്ടു.ഇതിനെ ഭേദിക്കാനുള്ള മുതലാളിത്ത ആശയ സംഹിതയായിരുന്നു ഗ്ലോബലൈസേഷൻ.

സ്വകാര്യവൽക്കരണം, ഉദാരവൽക്കരണം, ഘടനാ ക്രമീകരണം തുടങ്ങിയ പൊളിച്ചെഴുത്തിലൂടെ ഗോർബച്ചേവിന്റെ പ്രേതം ലോകക്രമമായി മാറി. സംഘടിക്കാനും വിലപേശാനും സമരം ചെയ്യാനുമുള്ള തൊഴിലാളികളുടെ അവകാശം മുതലാളിത്തത്തിന് വിലങ്ങുതടിയായി നിലകൊള്ളുന്നതിനാൽ അത്തരം നിയമപരമായ അവകാശങ്ങൾ ചരിത്രത്തിൽ നിന്ന് തുടച്ചു നീക്കേണ്ടത് മുതലാളിത്ത ലോകക്രമത്തിന്റെ അടിയന്തിര കടമയായി കോർപ്പറേറ്റുകൾ നിയന്ത്രിക്കുന്ന ഭരണകൂടങ്ങൾ ഏറ്റെടുത്തിരിക്കുന്നു.

ലാകത്തെ 350 കോടി ജനങ്ങളുടെ സമ്പത്ത് 4 അതിസമ്പ

ന്നർ കൈയടക്കിയിരിക്കുന്നു. 99% മനുഷ്യർ തങ്ങളുടെ അദ്ധ്വാനം വിറ്റ് ജീവിക്കുമ്പോൾ ഒരു ശതമാനം വരുന്ന ലോക സമ്പന്നർ 99 ശതമാനത്തിന്റെ അധ്വാനത്തിൽ നിന്നും രൂപം കൊള്ളുന്ന മിച്ചമൂല്യം സ്വന്തം സമ്പത്തായി പരിവർത്തിപ്പിക്കുന്നു. 1960കൾക്കുശേഷം അമേരിക്കൻ തൊഴിലാളികളുടെ അടിസ്ഥാന ശമ്പളത്തിൽ ഇതുവരെ വർദ്ധനവ് വരുത്തിയിട്ടില്ലെന്ന വസ്തുത പരിശോധിക്കുമ്പോൾ തൊഴിൽമേഖലയിൽ വരുത്തിയ പരിഷ്കാരങ്ങളുടെ നീണ്ട നിര പ്രത്യക്ഷമാകും. രാഷ്ട്ര സമ്പത്തിന്റെ 40% കയ്യടക്കി വെച്ചിരിക്കുന്നത് ഒരു ശതമാനം വരുന്ന അതിസമ്പന്നരായ കുത്തകകളാണെന്നും അവർക്ക് നികുതിയിളവുകൾ നൽകുകയും 99% ത്തിന്റെ കിടപ്പാടം പോലും ജപ്തി ചെയ്യുകയും ചെയ്യുന്ന സ്ഥിതി മാറ്റണം എന്നാവശ്യപ്പെട്ടു 2011ൽ സെപ്റ്റംബർ 17ന് അമേരിക്കയിലെ വാൾസ്ട്രീറ്റിൽ ആരംഭിച്ച വാൾസ്ട്രീറ്റ് കയ്യടക്കൽ സമരം ഒരു മാസം നീണ്ടു നിന്നു. അമേരിക്കയിലെ നൂറു നഗരങ്ങളിലും ലോകത്തിലെ 1500 നഗരങ്ങളിലേക്കും ഈ സമരം വ്യാപിക്കുകയുണ്ടായി. ആഗോള മുതലാളിത്തത്തിനെതിരായ വർഗ്ഗസമരങ്ങളുടെ കാലം അസ്തമിച്ചു എന്നാക്രോശിച്ചവർക്കുള്ള മറുപടിയായിരുന്നു ഒക്യുപൈ വാൾ സ്ട്രീറ്റ് സമരം. ലോക തൊഴിലാളി വർഗത്തെ സംബന്ധിച്ച് കഴിഞ്ഞ നാല് പതിറ്റാണ്ടുകൾ ഏറെ നിർണായകമാണ്.

തുറന്ന വാതിൽ നയം (Exit Policy) പ്രത്യേക സാമ്പത്തിക മേഖലകൾ (Special Economic Zomes) സ്വതന്ത്രവ്യാപാര മേഖലകൾ (Free Trade Zones) ISDS (Inverter State Disput Settilment) എന്ന രഹസ്യ കോടതികൾ തുടങ്ങി തൊഴിലാളിവർഗ്ഗത്തിനെ കൂലി അടിമകളാക്കുന്നതും ഉടമ വർഗ്ഗത്തിന് നിയമങ്ങൾ ബാധകമല്ലാത്തതുമായ ന്യൂക്ലിയസ് സോണുകൾ ലോകമെമ്പാടും സ്ഥാപിച്ച് കോർപ്പറേറ്റ് സാമ്രാജ്യം അതിരുകളില്ലാത്ത കമ്പോള ശൃംഖലകളിൽ മൈഗ്രൈന്റ് വർക്കർ, ഔട്ട്സോഴ്സിംഗ്, കോൺട്രാക്ട് ലേബർ, വർക്ക് അറ്റ് ഹോം മുതലായതൊഴിൽ ക്രമീകരണങ്ങളിലൂടെ തൊഴിലാളി വർഗ്ഗത്തിന് സംഘടിക്കാനുള്ള സാധ്യതകൾ പോലും ഇല്ലാതാക്കും വിധം തൊഴിൽവിഭജനം സൃഷ്ടിച്ചു.

ആഗോളതലത്തിൽ മുതലാളിത്തം തൊഴിൽ മേഖലയിൽ നടപ്പാക്കിയ ഘടനാക്രമീകരണം കൊണ്ട് പരിഹരിക്കാവുന്നതല്ല കോർപ്പറേറ്റ് മുതലാളിത്തം നേരിടുന്ന പ്രതിസന്ധി.

2008ൽ അമേരിക്കയെ ഗ്രസിച്ച സാമ്പത്തിക തകർച്ച 1930 കളിലെ ക്ഷാമത്തിന് സമാനമായിരുന്നു. 2015 ഏപ്രിൽ 15ന് അമേരിക്ക ഉൾപ്പെടെയുള്ള മുപ്പത് രാജ്യങ്ങളിലെ താഴ്ന്ന വരുമാനക്കാരായ തൊഴിലാളികൾ തെരുവിലിറങ്ങി. മിനിമം വേജ് പോലും ലഭിക്കാതിരുന്ന ന്യൂ യോർക്ക്, ചിക്കാഗോ, ലോസ് ഏഞ്ചൽസ് തുടങ്ങിയ നഗരങ്ങളിലെ ആഴ്ചയിൽ 70 മണിക്കൂർ ജോലിചെയ്യുന്ന കുടിയേറ്റ തൊഴിലാളികൾ ജീവിക്കാനുള്ള വേതനം പോലും നൽകാത്തതിൽ പ്രതിഷേധിച്ച് തെരുവുകൾ സ്തംഭിപ്പിച്ചു. ആഴ്ചയിൽ 120 മണിക്കൂർ തൊഴിലെടുക്കുന്ന ആരോഗ്യപരിപാലന തൊഴിലാളികളും ക്യാമ്പസുകളിലെ നാലിൽ മൂന്ന് പ്രൊഫസർമാരും തരുവിലിറങ്ങി. അമേരിക്കൻ കാമ്പസുകളിലെ നാലിൽ മൂന്ന് പ്രൊഫസർമാരും കരാർ ജീവനക്കാരാണ്. ഇവർ നടത്തിയ ഉപരോധം തൊഴിൽ ആനുകൂല്യങ്ങൾക്കോ വേതന വർദ്ധനവിനോ ആയിരുന്നില്ല. സംഘടിക്കാനുള്ള അവകാശം പുനസ്ഥാപിക്കുന്നതിനു വേണ്ടിയായിരുന്നു. സർക്കാർ നൽകുന്ന റേഷൻ കൊണ്ടാണ് ഇവർ ജീവൻ നിലനിർത്തുന്നത്.

ആഗോള മൂലധന കേന്ദ്രത്തെ നിയന്ത്രിച്ചിരുന്ന അമേരിക്ക



തകർന്നടിഞ്ഞ പശ്ചാത്തലത്തിൽ അമേരിക്കൻ തൊഴിലാളിവർഗ്ഗം നടത്തിയതെരുവ് പിടിച്ചടക്കൽ സമരം കോർപ്പറേറ്റുകൾ ക്കേറ്റ തിരിച്ചടിയായിരുന്നു. ഈ സാഹചര്യത്തിലാണ് ലോക തൊഴിൽ ശക്തിയുടെ രണ്ടാം സ്ഥാനം അലങ്കരിക്കുന്ന ഇന്ത്യൻ തൊഴിൽ മേഖല പൊളിച്ചെഴുത്തിന് വിധേയമാക്കാൻ ഇന്ത്യൻ കോർപ്പറേറ്റ് ഭരണകൂടം നിയമ നിർമ്മാണത്തിനൊരുങ്ങിയത്.രാജ്യത്ത് നിലവിലുണ്ടായിരുന്ന 29 തൊഴിൽ നിയമങ്ങളെ 4 ലേബർ കോഡുകളാക്കി മാറ്റിയ കേന്ദ്രസർക്കാർ 2022 ൽ പാർലമെന്റിൽ ഈ നിയമം അവതരിപ്പിച്ചു.

1. വ്യവസായ ബന്ധ കോഡ് (Industrial Relation Code Bill -2020)
2. സാമൂഹിക സുരക്ഷാ കോഡ് (Code on Social Security Bill-2020)
3. തൊഴിൽ സുരക്ഷയും ആരോഗ്യവും തൊഴിൽ സ്ഥിതിയും സംബന്ധിച്ച കോഡ് (Occupational saftey,Health & Working Conditions Code Bill -2020)
4. തൊഴിൽ വേതന കോഡ് ( Wage Code Bill -2019)

കോവിഡ് മഹാമാരി കാലത്ത് ലോകം അടച്ചിട്ട നാളുകളിൽ തുറന്നിരുന്ന പാർലമെന്റിൽ പ്രതിഷേധങ്ങൾക്ക് ഇടനൽകാതെ രാജ്യം ഭരിക്കുന്ന ഫാസിസ്റ്റ് സർക്കാർ കോർപ്പറേറ്റുകൾക്ക് വേണ്ടി 4 ലേബർ കോഡുകൾ പാസാക്കി. പുതിയവേജ്കോഡ് പ്രകാരം തൊഴിൽ സമയം 12 മണിക്കൂർ ആയും തൊഴിൽദിനം നാലായി ചുരുക്കിയും പാസാക്കിയ വേജസ് കോഡ് പ്രകാരം നിലവിലുണ്ടായിരുന്ന 8 മണിക്കൂർ ജോലി എന്ന ത് റദ്ദ് ചെയ്യപ്പെട്ടിരിക്കുന്നു. നിലവിലുള്ള തൊഴിൽ നിയമ പ്രകാരം അവശ്യ സേവനം ആവശ്യമായ തൊഴിൽ സ്ഥാപനങ്ങൾ ഒഴികെയുള്ളവയിൽ പണിമുടക്കുന്നതിന് മുൻകൂർ നോട്ടീസ് നൽകേണ്ടതില്ല. പുതിയ ലേബർ കോഡിലാകട്ടെ തൊഴിൽ സമരങ്ങൾക്ക് കടുത്ത നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നു. ഒരു വ്യവസായ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന തൊഴിലാളി പണിമുടക്കാൻ 60 ദിവസം മുൻപ് നോട്ടീസ് നൽകണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ലേബർ ഡിപ്പാർട്ട്മെന്റിൽ ചർച്ചകൾ നടന്നുകൊണ്ടിരിക്കെ തൊഴിലാളികൾ സമരം ചെയ്യുന്നത് നിയമവിരുദ്ധമാണ്. സ്ഥാപനത്തിലെ പകുതിയിലേറെ ജീവനക്കാർ അവധിയെടുത്താൽ അത് പണിമുടക്ക് ആയി കണക്കാക്കി നടപടി സ്വീകരിക്കും. പത്തും പന്ത്രണ്ടും വർഷം പിന്നിട്ടിട്ടും വേജ് ബോർഡ് ശുപാർശകൾ പോലും നടപ്പാക്കാത്ത സർക്കാർ – സർക്കാരിതര സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് പണിമുടക്കി അവകാശം സ്ഥാപിച്ചെടുക്കാനുള്ള സാധ്യതകളാണ് ഈ നിയമപ്രകാരം നഷ്ടമാകുന്നത്. സ്ത്രീ തൊഴിലാളികൾ അസംഘടിത മേഖലയിലെ തൊഴിലാളികൾ എന്നീ വിഭാഗങ്ങളെ സംബന്ധിച്ച് ഈ ബില്ലിൽ പരാമർശം പോലുമില്ല. രാജ്യത്തെ തൊഴിലാളി വർഗ്ഗത്തിൽ 94 ശതമാനവും ചെറുകിട അസംഘടിത മേഖലയിൽ പണിയെടുക്കുന്ന കരാർ തൊഴിലാളികളോ , താൽക്കാലിക ജീവനക്കാരോ, പ്രതിദിന കൂലിപ്പണിക്കാരോ ആണ്. കേവലം ആറു ശതമാനം വരുന്ന സംഘടിത മേഖലയിലെ തൊഴിലാളികളെ കൂച്ചുവിലങ്ങിടുന്ന ഈ ലേബർ കോഡിന്റെ പരിധിയിൽപോലും 96% തൊഴിലാളികൾ കടന്നു കൂടിയിട്ടില്ല എന്നത് ഇന്ത്യൻ ഭരണകൂടത്തിന്റെ വർഗ്ഗസ്വഭാവത്തെ വെളിപ്പെടുത്തുന്നു. മനുസ്മൃതി അനുശാസിക്കുന്ന വർണ്ണ വ്യവസ്ഥയിൽ പണിയെടുക്കുന്നവരെ ശൂദ്ര വർഗ്ഗത്തിൽപോലും പെടുത്താതെ പഞ്ച മർണ്ണർ എന്ന മനുഷ്യവർഗ്ഗത്തിൽനിന്ന് അകറ്റി നിർത്തിയതിന് സമാനമാണ് ലേബർ കോഡ് ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തോട് സ്വീകരിച്ചിരിക്കുന്ന സമീപനം.

ഇന്ത്യൻ തൊഴിലാളിവർഗ്ഗത്തിന് ട്രേഡ് യൂണിയനുകളുടെ സംരക്ഷണത്തിന്റെ അടിസ്ഥാനത്തിൽ സംഘടിക്കാനും വിലപേശാനും സമരം ചെയ്യാനുള്ള അവകാശങ്ങൾ ഉറപ്പുനൽകിയിരുന്ന തൊഴിൽ നിയമങ്ങൾ റദ്ദ് ചെയ്തു പാസാക്കിയിരിക്കുന്ന ലേബർ കോഡുകൾ നിയമപരിധിക്കകത്തുനിന്ന് തൊഴിലാളിവർഗ്ഗത്തിന് സമരം ചെയ്യാനുള്ള അവകാശം നിഷേധിച്ചിരിക്കുന്നു. പണിമുടക്ക് ക്രിമിനൽ കുറ്റത്തിന്റെ പട്ടികയിൽ പെടുത്തിയിരിക്കുന്നു. ഈ നിയമത്തിന് ഉടമകൾക്കുള്ള സാദ്ധ്യത രാജ്യത്ത് ആദ്യമായി ഉപയോഗപ്പെടുത്തി നിയമനിർമാണം നടത്തിയ ആദ്യ സംസ്ഥാനം കേരളം ഭരിക്കുന്ന ഇടതുപക്ഷ സർക്കാരാണെന്ന വിരോധാഭാസം നമുക്കുമുന്നിലുണ്ട്. ചുമട്ടുതൊഴിലാളി നിയമത്തിൽ ഭേദഗതി വരുത്തി ഉടമയുടെ തൊഴിൽ നിഷേധത്തിനെതിരെ ചോദ്യം ചെയ്താൽ അത് നോക്കുകൂലി പരിധിയിൽ പെടുത്തി ക്രിമിനൽ കുറ്റമായി ചാർജ് ചെയ്തു തൊഴിലാളിയെ ജയിലിലടയ്ക്കാൻ ഉള്ള നിയമം പാസാക്കിയ ആദ്യ സംസ്ഥാനം എന്ന ബഹുമതിക്കും എൽഡിഎഫ് സർക്കാർ അർഹമാക്കിയിരിക്കുന്നു.

1948ൽ പാസ്സാക്കിയ ഫാക്ടറീസ് ആക്ട് (The Factory's Act) വേതന നിയമം (Low of Wage) തുടങ്ങി നിരവധിയായ തൊഴിൽ നിയമങ്ങൾ രാജ്യത്ത് രൂപപ്പെടുന്നതിനു പിന്നിൽ തൊഴിലാളിവർഗ്ഗത്തിന്റെ ദീർഘമായ പോരാട്ട ചരിത്രമുണ്ട്. ഈസ്റ്റ് ഇന്ത്യാ കമ്പനിക്കു കീഴിൽ വിദേശ തോട്ടം ഉടമകൾക്ക് ഭൂമിയും കുടിയാന്മാരെയും സ്വന്തമാക്കാൻ അധികാരം നൽകുന്ന 1833 ലെ ചാർട്ടർ ആക്ടിനെ തുടർന്ന് അവിഭക്ത ബംഗാളിലെ കർഷകർ നീലം കൃഷി ഇറക്കാൻ തോട്ടം ഉടമകൾ നിർബന്ധിതരായതോടെ വിദേശീയ നീലം കൃഷി



ക്ക് കളമൊരുങ്ങി. ഇതിന്റെ ഭാഗമായി തീൻ കഴിയ വ്യവസ്ഥ നിലവിൽ വന്നു. കൃഷിഭൂമിയുടെ മുക്കാൽഭാഗവും ബ്രിട്ടീഷ് സർക്കാരിനും, ഈസ്റ്റ് ഇന്ത്യ കമ്പനിക്കും, ജമീന്ദാർമാർക്കും വേണ്ടി നീലം കൃഷി ചെയ്യേണ്ടിവന്നതിനെതിരായി കൃഷിക്കാരുടെ പ്രതിഷേധം ശക്തമായ സാഹചര്യത്തിൽ 1917ൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ നടത്തിയ സമരത്തെ തുടർന്ന് നിയമം പിൻവലിക്കാൻ ബ്രിട്ടീഷ് സർക്കാർ നിർബന്ധിതമായി.

1913 ൽ മഹാനായ അയ്യങ്കാളിയുടെ നേതൃത്വത്തിൽ തിരുവിതാംകൂറിലെ കാണ്ട്ലയിൽ നടത്തിയ ഒരു വർഷം നീണ്ട കർഷകത്തൊഴിലാളി പണിമുടക്ക് സമരം കേരളചരിത്രത്തിലെ ആദ്യ തൊഴിലാളി പണിമുടക്കായിരുന്നു. വിദ്യാഭ്യാസ അവകാശം, തൊഴിൽ ,സ്ഥിരത ,കൂലി വർദ്ധനവ് എന്നീ ആവശ്യങ്ങളുന്നയിച്ച് നടത്തിയ സമരത്തിനൊടുവിൽ സമരത്തിനാധാരമായ ആവശ്യങ്ങൾ അംഗീകരിക്കാൻ സർക്കാർ നിർബന്ധിതമായി. സ്വന്തമായി ഒരു തുണ്ടു ഭൂമിയോ, വിദ്യാഭ്യാസമോ സഞ്ചാര സ്വാതന്ത്ര്യം, ക്ഷേത്രാരാധന എന്നിവ നിഷേധിക്കപ്പെട്ട കീഴാള ജനവിഭാഗങ്ങളുടെ ആത്മാഭിമാനം ഉയർത്തിപ്പിടിച്ചു നടത്തിയ ഈ പണിമുടക്കിനൊടുവിൽ മണ്ണിൽ പണിയെടുക്കുന്ന നിസ്വരായ ജനവിഭാഗങ്ങൾക്ക് ഭൂമി പതിച്ചുകൊടുക്കാൻ വ്യവസ്ഥ ചെയ്യുന്ന നിയമം നടപ്പാക്കേണ്ടി വന്നു.

ഇന്ത്യൻ തൊഴിലാളി വർഗ്ഗ ചരിത്രത്തിലെ അത്യുജ്ജലമായ പുന്നപ്ര വയലാർ സമരം 1946 സെപ്റ്റംബർ 15ന് പൊതുപണിമുടക്ക് പ്രഖ്യാപിച്ച് ആരംഭിച്ചത് 27 ആവശ്യങ്ങളുന്നയിച്ച് കൊണ്ടായിരുന്നു. കർഷക തൊഴിലാളികൾ, കയർ തൊഴിലാളികൾ, ചെത്ത് തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, ബീഡിത്തൊഴിലാളികൾ,എണ്ണയാട്ട് തൊഴിലാളികൾ തുടങ്ങി പന്ത്രണ്ടോളം യൂണിയനുകളുടെ നേതൃത്വത്തിൽ തുടങ്ങിയ പണിമുടക്കിനെ നേരിടാൻ ഒക്ടോബർ 25 ന് ദിവാൻ രാമസ്വാമി പട്ടാളഭരണം പ്രഖ്യാപിച്ച് അടിച്ചമർത്താൻ ആരംഭിച്ചു. ഇതിനെ പ്രതിരോധിച്ച തൊഴിലാളികളെ യന്ത്രത്തോക്കുതിർത്ത വെടിയുണ്ടകൊണ്ടായിരുന്നു ദിവാന്റെ പട്ടാളം നേരിട്ടത്. യൂണിയൻ അംഗങ്ങളായി ആത്മാഭിമാനം നേടി അവകാശ പോരാട്ടങ്ങളിൽ അടിയുറച്ചു നിന്ന തൊഴിലാളി യൂണിയൻ ഓഫീസുകൾ തകർത്ത ദിവാന്റെ ധാർഷ്ട്യത്തിന് എതിരായ തൊഴിലാളിവർഗ്ഗ ഉയർത്തെഴുനേൽപ്പിൽ അഞ്ഞൂറിൽപരം തൊഴിലാളികൾ രക്തസാക്ഷികളായി. തൊഴിൽ അവകാശങ്ങൾക്ക് വേണ്ടി ആരംഭിച്ച സമരം ജന്മിത്ത നാടുവാഴിത്തത്തിനും ബ്രിട്ടീഷ് കോളനിവാഴ്ച ക്കുമെതിരായ ജാതിമത ഭേദങ്ങൾ ലംഘിച്ച് തൊഴിലാളി വർഗ്ഗം നടത്തിയ പോരാട്ടമായി ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു.

രണ്ടാം ലോകമഹായുദ്ധം വിതച്ച സാമ്പത്തിക തകർച്ച, പട്ടിണി, ദാരിദ്ര്യം, തൊഴിലില്ലായ്മ, ഭക്ഷ്യക്ഷാമം എന്നിവയാൽ 35 ലക്ഷം മനുഷ്യർ ബംഗാളിൽ മരണമടഞ്ഞു. 1946ൽ പങ്കുപാട്ട കർഷകർക്ക് – ബർഗദാർമാർക്ക് വിളവിന്റെ മൂന്നിൽ രണ്ട് ഭാഗം ആവശ്യപ്പെട്ട് പ്രക്ഷോഭം നടത്താനുള്ള ബംഗാൾ പ്രവിശ്യ കിസാൻസഭയുടെ തീരുമാനമനുസരിച്ച് തേഭാഗ സമരം ബംഗാളിൽ പടർന്നുപിടിച്ചു. 80 ലക്ഷത്തോളം കർഷകർ പങ്കെടുത്ത തേഭാഗ സമരത്തിൽ ഹിന്ദുക്കൾ, മുസ്ലീങ്ങൾ, ഗോത്രവർഗക്കാർ എന്നീ തൊഴിലാളി വിഭാഗങ്ങൾ ജാതിമത വേലിക്കെട്ടുകൾ

ഭേദിച്ച് നടത്തിയ പോരാട്ടത്തിൽ സ്ത്രീകൾ പോലീസിനെതിരെ വീരോചിതമായി പോരാടി. 1946 ൽ കൽക്കട്ടയിൽ വർഗീയ കൂട്ടക്കൊലകൾക്ക് പിന്നാലെ ആരംഭിച്ച തേഭാഗ സമരം ബംഗാളിലെയും ബീഹാറിലെയും വർഗീയ ലഹളകളെ പ്രതിരോധിക്കാൻ സാഹചര്യമൊരുക്കി. വർഗീയതയെ വർഗ്ഗ ഐക്യം കൊണ്ട് നേരിടാമെന്ന് തേഭാഗ സമരം തെളിയിച്ചു. വർഗീയലഹളകൾ അവസാനിപ്പിക്കുന്നതിനുള്ള മാർഗ്ഗം ബ്രിട്ടീഷ് ഭരണാധികാരികൾക്കും മുതലാളിത്തത്തിനും ജന്മിത്വത്തിനും എതിരായ തൊഴിലാളികളുടെയും കർഷകരുടെയും ഐക്യവും പോരാട്ടവുമാണെന്ന് വ്യക്തമാക്കുന്ന ചരിത്രമാണ് തേഭാഗയുടേത്.

1946 മുതൽ 1951 വരെ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ ആന്ധ്രാപ്രദേശിൽ നിസാം ഭരണകൂടത്തിന്റെ നാട്ടുരാജ്യ സ്ഥാപനത്തിന് എതിരായി ഇന്ത്യാചരിത്രത്തിൽ നടന്ന കർഷക പോരാട്ടത്തിൽ 4000 കർഷക സഖാക്കൾ രക്തസാക്ഷിത്വം വരിച്ചു. പതിനായിരക്കണക്കിന് കർഷകരെ ദീർഘകാലം ജയിലിലടച്ചു. അമ്പതിനായിരത്തോളം പേരെ പോലീസ് ക്യാമ്പുകളിൽ ക്രൂരമായി പീഡിപ്പിച്ചു. ഹൈദരാബാദ് നിസാമിന്റെ റസാഖർമാർ എന്ന സ്വകാര്യ സേന ആരംഭിച്ച അടിച്ചമർത്തലിൽ സംസ്ഥാന പോലീസും കേന്ദ്ര സേനയും ചേർന്ന് വിപ്ലവകാരികളായ സ്ത്രീകൾ ഉൾപ്പെട്ട കർഷകരെ വേട്ടയാടിയിട്ടും പതിനായിരക്കണക്കിനേക്കർ ഭൂമി പിടിച്ചെടുത്തു ജനകീയ കമ്മിറ്റിയുടെ നേതൃത്വത്തിൽ കർഷകർക്ക് വിതരണം ചെയ്തു. ഇന്ത്യ സ്വാതന്ത്ര്യം പ്രഖ്യാപിച്ചതോടെ ഓപ്പറേഷൻ പോളോ എന്ന സൈനിക നടപടിയിലൂടെ ഹൈദരാബാദ് പ്രവിശ്യ നിസാമിൽ നിന്ന് മോചിപ്പിച്ച് ഇന്ത്യൻ യൂണിയന്റെ ഭാഗമാക്കിയതോടെ കമ്മ്യൂണിസ്റ്റ് പാർട്ടി സായുധ സമരം പിൻവലിച്ചു. ഉൾപ്പാർട്ടി ഭിന്നതകളിലേക്ക് നയിച്ച തെലുങ്കാന സമരത്തിനൊടുവിൽ കർഷക തൊഴിലാളികൾക്ക് മിനിമം വേതനം ലഭിക്കാൻ നൽകേണ്ടിവന്ന വില സങ്കൽപ്പാതീതമാണ്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നാണംകെട്ട പിൻവാങ്ങലിന്റെ ഭാഗമായി സമര ചരിത്രത്തിന്റെ നേതൃത്വത്തിലുണ്ടായിരുന്ന പി.സുന്ദരയ്യ രാജിവയ്ക്കുകയും ചെയ്തു.

1857ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തെ തുടർന്ന് വ്യവസായ വിപ്ലവത്തിന്റെ ഭാഗമായി തൊഴിലാളികൾ നഗരത്തിലേക്ക് കുടിയേറുകയും വ്യവസായശാലകളിൽ കുറഞ്ഞ കൂലിക്ക് പണിയെടുക്കാൻ നിർബന്ധിതമായിത്തീരുകയും ചെയ്തു. താൽക്കാലിക ജീവനക്കാരായ ഈ തൊഴിലാളികൾ നേരിട്ട കുറഞ്ഞ കൂലി, അരക്ഷിത തൊഴിൽ സാഹചര്യം അതിൽനിന്നുടലെടുക്കുന്ന അസംതൃപ്തിയുടെയും അടിസ്ഥാനത്തിൽ പതിനെട്ടാം നൂറ്റാണ്ടിന്റെ മദ്ധ്യകാലഘട്ടം മുതൽ തൊഴിൽ ശാലകളിൽ പണിമുടക്കുകളും തൊഴിൽ സമരങ്ങളും ആരംഭിച്ചിരുന്നു. ജോലി സമയം കുറയ്ക്കുക, കൂലി വർധന നടപ്പിലാക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് തൊഴിലാളിവർഗ്ഗം സ്വയോത്ഭവമായി നടത്തിയ പണിമുടക്കുകൾ ആവേശോജ്ജ്വലമാണ്.ഈ കാലഘട്ടത്തിൽ തൊഴിലാളി സംഘടനയെക്കുറിച്ച് അധ്വാന വർഗ്ഗത്തിനറിവുണ്ടായിരുന്നില്ല. റെയിൽവേ തൊഴിലാളികൾ, അലക്ക് തൊഴിലാളികൾ, പാൽ വിതരണ തൊഴിലാളികൾ, ശുചീകരണ തൊഴിലാളികൾ, തോട്ടങ്ങളിലെയും ഖനികളിലെയും തൊഴിലാളികൾ, നാവിക തൊഴിലാകളികൾ തുടങ്ങി തൊഴിൽ മേഖലയിലെ നിരവധി തുറകളിലെ തൊഴിലാളികൾ ചൂഷണാധിഷ്ഠിതമായ കുറഞ്ഞ കൂലി നിരക്കിനെതിരായ പോരാട്ടത്തിൽ അണിനിരന്നു. പത്തൊമ്പതാം നൂറ്റാണ്ടിലെ ആദ്യഘട്ടം മുതൽ ദേശീയ പ്രസ്ഥാനത്തിന് സമാന്തരമായി ട്രേഡ് യൂണിയൻ പ്രസ്ഥാനവും വികസിക്കാൻ ആരംഭിച്ചു. ജോലി സമയം വർധിപ്പിച്ചതിനെതിരായി ബോംബെ, കൽക്കട്ട, കാൺപൂർ, മദ്രാസ്, അഹമ്മദാബാദ് എന്നീ വ്യവസായ നഗരങ്ങളിൽ പണിമുടക്കുകൾ ആരംഭിച്ചു.

1908 ജൂലൈ 23 മുതൽ 28 വരെ ബോംബെയിലെ തൊഴിലാളിവർഗ്ഗം നടത്തിയ പണിമുടക്ക് ഇന്ത്യ ചരിത്രത്തിലെ ഐതിഹാസികമായ സമരമായിരുന്നു. 1970ലെ ആദ്യപകുതിയിൽ 15 ലക്ഷം തൊഴിലാളികൾ പങ്കെടുത്ത ഇരുന്നൂറോളം പണിമുടക്കുകൾ നടന്നു. ഇതോടൊപ്പം നിരവധി തൊഴിലാളി സംഘടനകൾ രൂപീകരിക്കപ്പെട്ടു. 1920 ഒക്ടോബർ 31ന് ബോംബെയിലെ എംപയർ തിയറ്ററിൽ ചേർന്ന സമ്മേളനം ഇന്ത്യയിലെ ആദ്യത്തെ തൊഴിലാളി പ്രസ്ഥാനമായ ഓൾ ഇന്ത്യ ട്രേഡ് യൂണിയൻ കോൺഗ്രസിന് ജന്മംനൽകി. ട്രേഡ് യൂണിയൻ നടത്തിയ നിരന്തര പ്രക്ഷോഭങ്ങളുടെ ഫലമായി 1923 ലെ വർക്കേഴ്സ് കോമ്പൻസേഷൻ ആക്റ്റും, 1926 ട്രേഡ് യൂണിയൻ ആക്ടും നിലവിൽ വന്നു. തുടർന്ന് നിരവധിയായ തൊഴിലാളി ക്ഷേമ നിയമങ്ങൾ രൂപീകരിച്ചു. 1920 മുതൽ 1947 വരെ എണ്ണമറ്റ തൊഴിലാളി സമരങ്ങളിൽ രക്തസാക്ഷികളായ തൊഴിലാളിവർഗ്ഗത്തിന്റെ ചോരചാലിൽനിന്നും രൂപംകൊണ്ട തൊഴിൽ നിയമങ്ങൾ റദ്ദ് ചെയ്ത് കോർപ്പറേറ്റ് മുതലാളിത്ത താല്പര്യങ്ങൾക്ക് വേണ്ടിയുള്ള ലേബർ കോഡ് ബി.ജെ.പി സർക്കാർ പാസാക്കിയെടുത്തത്.

ഓരോ ദളിത് കുടുംബവും ഒരാളെ ഭൂപ്രഭുവിന് അടിമയാക്കുന്ന വെറ്റി സമ്പ്രദായം അവസാനിപ്പിക്കുക, കൊള്ളപാട്ടം ചുമത്തൽ, കുടിയാന്മാരെ ഒഴിവാക്കൽ എന്നിവ നിരോധിക്കുക, കൃഷിഭൂമിയിൽ ഉടമസ്ഥാവകാശം നൽകുക, നികു

തിയും പാട്ടവും വെട്ടിക്കുറയ്ക്കുക, സർവേയും സെറ്റിൽമെന്റും നിർബന്ധമാക്കുക, കള്ള് ചെത്തുന്ന വൃക്ഷങ്ങൾക്കുള്ള നികുതി ഒഴിവാക്കുക, ജാഗിർദാരി സമ്പ്രദായം അവസാനിപ്പിക്കുക, പൂർണ്ണമായ ഉത്തരവാദിത്വം ഗവൺമെന്റിന്റെ കീഴിലാക്കുക തുടങ്ങിയ ആവശ്യങ്ങൾ മുന്നോട്ടുവച്ചു തുടങ്ങിയ തെലുങ്കാ 1ന സമരത്തിനൊടുവിൽ പെ റ്റി സമ്പ്രദായം അവസാനിപ്പിക്കേണ്ടി വന്നു.

1946 ഫെബ്രുവരി 15 മുതൽ 23 വരെ ആറ് ദിവസം നീണ്ടുനിന്ന ഇന്ത്യൻ നാവിക കലാപം ബ്രിട്ടീഷ് സാമ്രാജ്യത്വത്തെ വിറപ്പിച്ച റോയൽ ഇന്ത്യൻ നേവിയിലെ എച്ച് എം ഐ എസ് തൻവാർ എന്ന കപ്പലിൽ നിന്നാരംഭിച്ച നാവിക കലാപം കറാച്ചി ഉൾപ്പെടെ പടിഞ്ഞാറൻ തീരം, കിഴക്കൻ മേഖലയിലെ കൽക്കത്ത, ദക്ഷിണേന്ത്യയിലെ ചെന്നൈ, വിശാഖപട്ടണം, കൊച്ചി വരെ വ്യാപിച്ചു. ബ്രിട്ടീഷ് സർക്കാർ ഇന്ത്യ വിടണമെന്ന് ആവശ്യപ്പെട്ട് ആരംഭിച്ച നാവിക കലാപത്തിൽ ബോംബെയിൽ മാത്രം 250 നാവിക കപ്പലുകൾ പിടിച്ചെടുത്ത് ബ്രിട്ടന്റെ യൂണിയൻ ജാക്ക് പതാക താഴ്ത്തി ത്രിവർണ്ണ പതാക ചന്ദ്രക്കല പതിപ്പിച്ച പച്ച പതാക, അരിവാൾ ചുറ്റിക ആലേഖനം ചെയ്ത ചെങ്കൊടി എന്നീ മൂന്ന് പതാകകൾ ഉയർത്തി. ബ്രിട്ടണും സഖ്യശക്തികളും വേണ്ടി രണ്ടാം ലോകയുദ്ധത്തിൽ അണിനിരന്ന 25 ലക്ഷം ഇന്ത്യൻ സൈനികരോട് യുദ്ധാനന്തരം ബ്രിട്ടീഷ് ഭരണകൂടം വംശീയ വിവേചനം, വേതനം നിഷേധിക്കൽ, മോശപ്പെട്ട ഭക്ഷണം നൽകൽ, വിദൂര ദേശങ്ങളിലേക്ക് സേവനത്തിന് അയക്കൽ തുടങ്ങിയ മനുഷ്യത്വഹീനമായ സമീപനമാണ് സ്വീകരിച്ചത്. ഇന്ത്യൻ നാഷണൽ നേവി എന്ന് പേര് മാറ്റിയ നാവികർ മുംബൈയിൽ ഒരു ദിവസത്തെ ബന്ദ് നടത്തി ജനപിന്തുണയാർജ്ജിച്ചു. കോൺഗ്രസ്, ലീഗ് നേതാക്കൾ നാവിക കലാപത്തെ തള്ളിപ്പറഞ്ഞ് ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനൊപ്പം ചേർന്നു. നാവിക കലാപം നടത്താൻ പാടില്ലെന്ന നിലപാടിൽ ഉറച്ചുനിന്ന ഗാന്ധിജി ബ്രിട്ടീഷ് സൈനിക നടപടിക്ക് പിന്തുണ നൽകി. 250ഓളം നാവികർ കൊല്ലപ്പെട്ട കലാപത്തിൽ പങ്കാളികളായ നാവീകരെ കോർട്ട് മാർഷലിന് വിധേയമാക്കി. നിരവധി നാവീകരെ പിരിച്ചുവിട്ടു. അവരിൽ ഒരാളെപ്പോലും സ്വാതന്ത്ര്യാനന്തരം ഇന്ത്യയുടെയോ പാക്കിസ്ഥാന്റെയോ സേനകളിൽ തിരിച്ചെടുത്തില്ല. 1973ലാണ് നാവിക കലാപത്തിൽ പങ്കെടുത്ത ധീരദേശാഭിമാനികളെ സ്വാതന്ത്ര്യസമരസേനാനികളായി അംഗീകരിച്ചത്. അന്ന് ബ്രിട്ടീഷുകാരുടെ ചാരന്മാരാ യി പ്രവർത്തിച്ച ഹിന്ദുമഹാസഭ പിന്നീട് ആർഎസ്എസ് ആയി രൂപം മാറുകയും ബിജെപി അധികാരം കൈയാളുകയും ചെയ്ത വർത്തമാന സാഹചര്യത്തിൽ ഇന്ത്യൻ സേനയുടെ സേവനകാലഘട്ടം നാലു വർഷമായി പരിമിതപ്പെടുത്തി ജീവ ത്യാഗത്തിന് തൊഴിൽമേഖലയെ പോലും അസ്ഥിരപ്പെടുത്തിയിരിക്കുന്നു.

18ാം നൂറ്റാണ്ടിന്റെ മദ്ധ്യാഹ്നം മുതൽ ഇന്ത്യൻ തൊഴിലാളി വർഗ്ഗം നടത്തിയ ത്യാഗോജ്ജ്വലമായ പോരാട്ടങ്ങളിലൂടെ, എണ്ണമറ്റ രക്തസാക്ഷിത്വങ്ങളിലൂടെ നേടിയെടുത്ത തൊഴിൽ നിയമങ്ങൾ റദ്ദ്ചെയ്തു. RSS ന്റെ പാർലമെന്ററി പോഷക സംഘടന BJP 2020ൽ പാസ്സാക്കിയ ലേബർ കോഡിനെതിരായി CITU, AITUC സംഘടനകൾ എന്തുകൊണ്ടാണ് ബില്ല് പിൻവലിക്കും വരെ പ്രക്ഷോഭത്തിന് നേതൃത്വം നൽകാതിരിക്കുന്നത്.

ഒരുവർഷം നീണ്ട കർഷക സമരത്തിനൊടുവിൽ വിജയത്തിലേക്കെ. ത്തിച്ച ഐതിഹാസികമായ പോരാട്ടത്തിന് നേതൃത്വം കൊടുത്ത കർഷകർ അഖിലേന്ത്യാ ടേഡ് യൂണിയൻ നേതൃത്വത്തോട് പ്രക്ഷോഭത്തിന്റെ നേതൃത്വം തൊഴിലാളി വർഗ്ഗം ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടും അവർക്കൊപ്പം തുടർച്ചയായി പണിമുടക്കി ലേബർ കോഡ് പിൻ വലിപ്പിക്കുന്നതിന് സന്നദ്ധമാകാതിരുന്നത് എന്തുകൊണ്ടാണ്? സമീപകാലത്തു് CITU നേതൃത്വം കൊടുത്ത തൊഴിൽ സമരങ്ങൾ പരാജയപ്പെടുത്തുകയും, സമരത്തിലേർപ്പെട്ട തൊഴിലാളികളെ പിരിച്ചുവിടുകയും ചെയ്ത കോർപ്പറേറ്റ് ധനകാര്യ സ്ഥാപനം യാതൊരു തടസ്സവുമില്ലാതെ പ്രവർത്തനവുമായി മുന്നോട്ടു പോകുന്നതിൽ അതിന്റെ ഉത്തരമുണ്ട്.

KSRTC തൊഴിലാളികളുടെ ശമ്പള കുടിശ്ശിക കൊടുക്കാൻ നർക്കാരിന് ഉത്തരവാദിത്വമില്ലെന്ന് എൽ.ഡി.എഫ് സർക്കാർ കോടതിയെ ബോധിപ്പിച്ച മറുപടി ഇതിനുള്ള ഉത്തരമാണ്. കാൽ ലക്ഷത്തോളം തൊഴിലാളികൾ തൊഴിലെടുക്കുന്ന KSRTC യിലെ വേതനം ലഭിക്കാത്ത തൊഴിലാളി കുടുംബങ്ങൾ ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ കഴിയാതെ പട്ടിണിയുടെ വക്കിലെത്തിയപ്പോൾ ശമ്പള കുടിശ്ശിക നൽകുന്നതിന് സർക്കാർ 103 കോടി രൂപ നൽകണമെന്ന് ഹൈക്കോടതി സിംഗിൾ ബഞ്ച് ഉത്തരവിട്ടു. ഇതിനെ ചോദ്യം ചെയ്തു് LDF സർക്കാർ ഹൈക്കോടതി സിംഗിൾ ബെഞ്ചിനെ സമീപിക്കുകയായിരുന്നു.

ശമ്പള കുടിശ്ശികയുടെ പകുതിയെങ്കിലും കൊടുക്കാൻ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് നിർദ്ദേശിച്ചു. തൊഴിലാളികൾ പട്ടിണിയായാൽ സംഭവിക്കാവുന്ന പണിമുടക്കും അരാജകത്വവും നിയന്ത്രണ വിധേയമാക്കാൻ സർക്കാർ സംവിധാനം ഒരു പാട് ക്ലേശിക്കേണ്ടിവരുമെന്ന് വിലയിരുത്തിയ ഹൈക്കോടതി സ്വീകരിച്ച സമീപനം പോലും CPM , CPI പാർട്ടികളും അവർ രാഷ്ട്രയമായി നയിക്കു

ന്ന ടേഡ് യൂണിയനുകളും സ്വീകരിക്കാതിരുന്നതിൽ അൽഭുതമില്ല. ഗ്ലോബലൈസേഷന്റെ മാപ്പുസാക്ഷികളായ ഈ പാർട്ടികൾക്ക് തൊഴിലാളിവർഗ്ഗ ലേബ ലും ചെങ്കൊടിയും ഒരലങ്കാരം മാത്രം .ഇനി തൊഴിലാളി വർഗ്ഗത്തെ ഒപ്പം കൂട്ടുന്നതു് ലാഭകരമല്ല എന്ന് വിലയിരുത്തുന്ന അവസ്ഥയിലാണ് ആ പാർട്ടികൾ.

KSRTC നൊഴിൽ സമരത്തോട് LDFസർക്കാർ സ്വീകരിക്കുന്ന സമീപനത്തിന് സമാനമായ രീതിയിലാണ് മുത്തൂറ്റ് എന്ന ബ്ലേഡ് മാഫിയ ധനകാര്യ സ്ഥാപനത്തിലെ തൊഴിലാളികൾ അനിശ്ചിത കാല സമരം നടത്തിയപ്പോഴും സ്വീകരിച്ചതു്. ഇതൊരു വർഗ്ഗ നിലപാടിന്റെ പ്രശ്നമാണ്.

ആധുനീക ചരിത്രത്തിൽ തൊഴിലാളിവർഗ്ഗം, വർഗ്ഗ സമരം തുടങ്ങിയ പദങ്ങൾ അസംബന്ധമായി വിലയിരുത്തുന്ന ഇജങ കഴിഞ്ഞ പാർട്ടി സംസ്ഥാനസമ്മേളനത്തിൽ 25 വർഷത്തേക്കുള്ള വികസന പദ്ധതികളാണ് അംഗീകരിച്ചത്. അവിടെ ചെമ്പട്ടുടുത്ത തൊഴിലാളി വർഗ്ഗം കവാത്തു നടത്തുന്നതിനും ഓഛാനിച്ച് നിന്ന് സല്യൂട്ട് അടിക്കാനുമുള്ള കാവൽക്കാർ മാത്രം പൊതുമേഖലയിലെ റോഡ് ഗതാഗതത്തെ നിയന്ത്രിച്ചിരുന്ന ഗടഞഠഇ യെ തകർത്ത് സ്വകാര്യ മേഖലയെ പ്രതിഷ്ഠിക്കാനുള്ള BJP ഫാസിസ്റ്റ് സർക്കാരിന്റെ പിന്തുടർച്ചക്കാരായി മാറുന്നു LDF സർക്കാർ.

29 തൊഴിൽ നിയമങ്ങൾ റദ്ദ് ചെയ്ത് നാല് ലേബർ കോഡുകളാക്കി മാറ്റി തൊഴിലാളികൾ 12 മണിക്കൂർ ജോലി ചെയ്യണമെന്നും സംഘടിക്കാനും പണിമുടക്കാനുമുള്ള അവകാശങ്ങൾ അപ്രസക്തമാക്കുകയും തൊഴിലുടമയ്ക്ക് കോൺട്രാക്ട് ലേബർ സമ്പ്രദായം നടപ്പാക്കി ഇഷ്ടാനുസരണം പ്രാദേശിക പരിഗണനകൾ നൽകാതെ അതിഥി (Migrant labours) തൊഴിലാളികളെ നിയമിക്കാനും എപ്പോൾ വേണമെങ്കിലും തൊഴിലാളികളെ യാതൊരു തൊഴിൽ ആനുകൂല്യങ്ങളും നൽകാതെ പിരിച്ചുവിടാനുമുള്ള അവകാശം ഉറപ്പു നൽകുന്ന പുത്തൻ തൊഴിൽ നയത്തിന്റെ നല്ല നടത്തിപ്പുകാരായി മാറിത്തീർനിരിക്കുന്നു എൽ.ഡി.എഫ് നേതൃത്വത്തിലുള്ള ട്രേഡ് യൂണിയനുകൾ . സ്വന്തം വർഗ്ഗ താൽപ്പര്യം സംരക്ഷിക്കുന്നതിന് ചരിത്രത്തിൽ നിന്നും പാഠം പഠിക്കാൻ തയ്യാറാവുക മാത്രമാണ് തൊഴിലാളി വർഗ്ഗത്തിന് മുന്നിലുള്ള കടമ.

**പൊതുമേഖലയിലെ റോഡ് ഗതാഗതത്തെ നിയന്ത്രിച്ചിരുന്ന കെ.എ,സ്.ആർ.ടി.സി.യെ തകർത്ത് സ്വകാര്യ മേഖലയെ പ്രതിഷ്ഠിക്കാനുള്ള ബിജെപി ഫാസിസ്റ്റ് സർക്കാരിന്റെ പിന്തുടർച്ചക്കാരായി മാറുന്നു എൽഡിഎഫ് സർക്കാർ.**

19-ാം നൂറ്റാണ്ടിൽ തൊഴിലുടമ ആവശ്യപ്പെടുന്ന സമയം തൊഴിലെടുക്കാർ തൊഴിലാളി വർഗ്ഗം നിർബന്ധിതമായിരുന്നു. തൊഴിൽ സമയം എട്ടു മണിക്കൂറായി ചുരുക്കണമെന്നാവശ്യപ്പെട്ട് അമേരിക്കയിലെ ഫെഡറേഷൻ ഓഫ് ഓർഗനൈസ്ഡ് ട്രേഡ് ആന്റ് ലേബർ യൂണിയന്റെ നേതൃത്വത്തിൽ 1886 മെയ് ഒന്നിന് ഷിക്കാഗോ നാരത്തിൽ നടത്തിയ പണിമുടക്കിൽ 80,000 തൊഴിലാളികൾ പങ്കെടുത്തു. പിറ്റേന്ന് ലോക്കൗട്ട് ചെയ്തതിനാൽ തൊഴിൽ രഹിതരായ തൊഴിലാളികൾ കമ്പനിക്കു മുന്നിൽ തടിച്ചു കൂടുകയും പോലീസുമായുണ്ടായ ഏറ്റുമുട്ടലിൽ നാല് തൊഴിലാളികൾ വെടിവെപ്പിൽ വധിക്കപ്പെടുകയും ചെയ്തു. വെടിവെപ്പിൽ പ്രതിഷേധിച്ച് മെയ് 4-ന് തൊഴിലാളികൾ ഹേ മാർക്കറ്റിൽ ഒത്തുകൂടി. പ്രതിഷേധം കഴിഞ്ഞ് അവശേഷിച്ച ഇരുന്നോറോളം വരുന്ന തൊഴിലാളികൾക്കിടയിൽ ബോംബ് സ്ഫോടനം നടത്തി ഭീകരാന്തരീക്ഷം സൃഷ്ടിച്ച് പോലീസ് വെടിവെപ്പ് ആരംഭിക്കുകയും തൊഴിലാളികളെ കൊന്നൊടുക്കുകയും ചെയ്തു. ഈ കൂട്ടക്കൊലയിൽ പ്രതിഷേധിച്ച് നടത്തിയ പ്രകടനത്തിന് നേരേയുണ്ടായ പോലീസ് ആക്രമണത്തിൽ മൂന്ന് തൊഴിലാളികളും ഏഴ് പോലീസുകാരും കൊല്ലപ്പെട്ടു. തൊഴിലാളി പ്രതിഷേധങ്ങൾക്ക് നേതൃത്വം നൽകിയ ആർബർട്ട് പാർസൺ, ആഗസ്റ്റ് സ്പൈസസ്, അഡോൾഫ് ഫിഷർ, ജോർജ് ഏൻഗൽ എന്നീ നാല് നേതാക്കളെ വധ ശിക്ഷയ്ക്ക് വിധേയമാക്കി. ഇതിന്റെ സ്മരണാർത്ഥം 1890 മുതൽ മേയ് 1 സാർവ്വദേശീയ തൊഴിലാളി ദിനമായി ആചരിക്കാൻ രണ്ടാം ഇന്റർനാഷണൽ തീരുമാനിച്ചു 12 ഉം 16 ഉം മണിക്കൂർ തൊഴിൽ ചെയ്യിക്കുന്ന അടിമ സമാനമായ അവസ്ഥയ്ക്കെതിരായി നടത്തിയ തൊഴിലവകാശ പ്രക്ഷോഭം

ചരിത്രത്തിൽ സ്ഥാനം പിടിച്ചു. എന്നാലിന്ന് 1886 ലെ അതേ തൊഴിൽ സാഹചര്യത്തിലേക്കാണ് ആഗോള കോർപ്പറേറ്റ് മുതലാളിത്തം തൊഴിലാളി വർഗ്ഗത്തെ ആട്ടിപ്പായിച്ചിരിക്കുന്നത്. 12 മണിക്കൂറായി തൊഴിൽ സമയം ഉയർത്തിയ ബി.ജെ.പി സർക്കാരിനെതിരായ പോരാട്ടമാണ് ചരിത്രം തൊഴിലാളി വർഗ്ഗത്തോടാവശ്യപ്പെടുന്നത്.

■

**പി ജെ ജയിംസ്**

# കേരള വികസനത്തോടുള്ള ജനപക്ഷ സമീപനം

**ആമുഖം**

**കേ**രള വികസനവുമായി ബന്ധപ്പെട്ട രാഷ്ട്രീയ ചർച്ചകൾക്ക് കൊളോണിയൽ കാലത്തോളം പഴക്കമുണ്ട്. സാമ്രാജ്യത്വത്തിന്റെയും നാടുവാഴിത്തത്തിന്റെയും ആധിപത്യത്തിനെതിരായ വിമോചന പോരാട്ടങ്ങൾക്കൊപ്പം കേരളത്തിന്റെ ജനാധിപത്യ വികസനത്തിനാവശ്യമായ ഇടപെടലുകളെ സംബന്ധിച്ച അന്വേഷണങ്ങളും കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വത്തിലും ഐക്യകേരള പ്രസ്ഥാനത്തിലും സജീവമായിരുന്നു. ഇതടക്കം രാഷ്ട്രീയ മണ്ഡലത്തിലും സാംസ്കാരിക രംഗത്തും മുൻകൈ നേടിയ പുരോഗമന ധാരയാണ് 1957-ലെ കമ്മ്യൂണിസ്റ്റ് സർക്കാർ രൂപവൽകരണത്തിലേക്ക് നയിച്ചത്. അതേസമയം, രണ്ടാം ലോകയുദ്ധാനന്തരമുള്ള സാമ്രാജ്യത്വത്തിന്റെ പുത്തൻ അധിനിവേശ തന്ത്രങ്ങളേയും മൂലധനത്തിന്റെ ചലനക്രമങ്ങളെയും വിലയിരുത്തുന്നതിലും ഇവിടുത്തെ സാമൂഹ്യ രൂപവത്കരണത്തിലും രാഷ്ട്രീയ-സാമ്പത്തിക അധികാരഘടനയിലും ജാതിയുടെ നിർണ്ണായക പങ്കിനെ വിശകലനം ചെയ്തു നിലപാടെടുക്കുന്നതിലും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനുണ്ടായ പരിമിതികൾ 1957 ലെ ഇഎംഎസ്സർക്കാരിലും പ്രതിഫലിക്കുകയുണ്ടായി. അധികാരക്കൈമാറ്റത്തിനു ശേഷം വിദേശതോട്ടംക്കുത്തകകൾ നിയമവിരുദ്ധമായി കൈയടക്കി വെച്ച ലക്ഷക്കണക്കിന് ഏക്കർ തോട്ടഭൂമി പിടിച്ചെടുക്കുന്നതിനോ, ദരിദ്രജനവിഭാഗങ്ങൾക്ക് 'കൃഷിഭൂമി മണ്ണിൽ പണിയെടുക്കുന്നവർക്ക് എന്ന ജനാധിപത്യ നിലപാടിന്റെ അടിസ്ഥാനത്തിൽ ഭൂമി ഉറപ്പാക്കും വിധം ഭൂപരിഷ്ക്കരണം നടപ്പാക്കുന്നതിനോ ആ ഗവൺമെന്റിന് കഴിയാതെ പോയത് ഈ അടിസ്ഥാനദൗർബല്യങ്ങൾ നിമിത്തമായിരുന്നു. എന്നാൽ,വിദ്യാഭ്യാസ മേഖലയിലടക്കം 1950ലെ സർക്കാർ കൊണ്ടുവന്ന പരിഷ്ക്കരണവാദ നയങ്ങൾക്കെതിരെ സിഐഎ ഫണ്ടിന്റെ പിൻബലത്തിൽ പിന്തിരിപ്പൻ മത-ജാതി - രാഷ്ട്രീയ ശക്തികൾ 1959 ൽ നടത്തിയ വിമോചന സമരത്തെ ഉപയോഗപ്പെടുത്തി കേന്ദ്ര ഗവൺമെന്റ് ആ സർക്കാരിനെ പിരിച്ചു വിട്ടു.

സാമൂഹ്യ പരിഷ്ക്കരണ-നവോത്ഥാന-ഇടതു മുന്നേറ്റങ്ങളിലൂടെ വികസിച്ചുവന്ന കേരളത്തിന്റെ പുരോഗമ ധാര അതോടെ നേരെ എതിർദിശയിലേക്ക് തിരിച്ചു വിടപെട്ടു. കേരളം മാറി മാറി ഭരിച്ച ഇടതു-വലതു മുന്നണികൾക്കു കീഴിൽ രാഷ്ട്രീയ ജീർണ്ണതയും ഉല്പാദനമുരടിപ്പും സാംസ്കാരിക അധഃപതനവും ശക്തിപ്പെടുതാണ് തുടർന്നുള്ള കേരള ചരിത്രം. മണ്ണിന്റെ മക്കൾക്ക് ഭൂമിയിന്മേലുള്ള അവകാശം നിഷേധിക്കപ്പെട്ടതോടെ അവർ കോളനികളിലെയും പുറമ്പോക്കുകളിലെയും കൂരകളിലേക്കൊതുങ്ങി. കച്ചവട-വ്യാപാര-ഊഹ മേഖലകളുമായി ബന്ധപ്പെട്ടവരും കൃഷി മുഖ്യ ജീവനോപാധി അല്ലാത്തവരുമായ സാമൂഹ്യ വിഭാഗങ്ങളിൽ ഭൂമി കേന്ദ്രീകരിച്ചു. സർക്കാർ ഇടപെടലുകളിലൂടെ പൊതു വിദ്യാഭ്യാസ രംഗത്തും മറ്റുമുണ്ടായ വികാസത്തിന്റെ ഗുണഭോക്താക്കളും ഈ വിഭാഗമായി മാറി. നേരെമറിച്ച്, ദളിത്-ആദിവാസി- മത്സ്യത്തൊഴിലാളി വിഭാഗങ്ങളുടെ വർദ്ധമാനമായ പാർശ്വവൽക്കരണത്തിനും ഇതു കാരണമായി. നെൽകൃഷി ഭീതിജനകമാം വിധം ചുരുങ്ങുകയും ഭക്ഷണത്തിന് ബാഹ്യ കേന്ദ്രങ്ങളെ ആശ്രയിക്കേണ്ട ഗതികേടിലേക്ക് കേരളം എത്തുകയും ചെയ്തു. തൊഴിൽദായകമായിരുന്ന കാർഷികാനുബന്ധ, പരമ്പരാഗത വ്യവസായങ്ങൾ തകരുകയും തൊഴിലില്ലായ്മ അതിരൂക്ഷമാകുകയും ചെയ്തു. ഭൂമിയും

കച്ചവട വ്യാപാരാദികളും മറ്റും നിയന്ത്രിച്ച സമ്പന്ന മത-സാമുദായിക ശക്തികൾ വിദ്യാഭ്യാസ-ആരോഗ്യ മേഖലകളും വരുതിയിലാക്കി. ക്രമേണ റിയൽ എസ്റ്റേറ്റ് കോർപ്പറേറ്റ് താൽപര്യങ്ങൾ വളർന്നു വന്നതോടെ പശ്ചിമഘട്ട മലനിരകളും നെൽവയൽ തണ്ണീർത്തടങ്ങളും ശോഷിച്ചത് കൊടിയ പരിസ്ഥിതി വിനാശത്തിലേക്ക്കേരളത്തെ നയിച്ചു.

തീർച്ചയായും, ചരിത്രപരവും കാലാവസ്ഥാപരവുമായ തനത് സവിശേഷതകൾ അധികാരക്കൈമാറ്റത്തിനു ശേഷവും കേരളത്തെ ഇന്ത്യയുടെ ഇതര പ്രദേശങ്ങളിൽ നിന്നും വ്യത്യസ്ഥമാക്കിയിരുന്നു. മുൻകാല സമരങ്ങളിലൂടെ ജനങ്ങൾ ആർജ്ജിച്ച അവകാശബോധം സാമൂഹ്യസേവന മേഖലകളിൽ ശ്രദ്ധ പതിപ്പിക്കാൻ 1957ലെ സർക്കാരിനു ശേഷവും കേരളം മാറി മാറി ഭരിച്ച സർക്കാരുകളെ നിർബന്ധിതമാക്കുകയുണ്ടായി. തന്നിമിത്തം സാമ്പത്തിക നയരൂപവത്കരണത്തിലും പദ്ധതി നടത്തിപ്പിലും സർക്കാരുകൾക്കു പ്രാമുഖ്യം കൽപ്പിച്ച ക്ഷേമ മുതലാളിത്തത്തിന്റെ ഇന്ത്യൻ പതിപ്പായ നെഹ്റുവിയൻ നയങ്ങളുടെ കാലത്ത് കേരളത്തിന്റെ സാമൂഹിക വികസന സൂചികകൾ രാജ്യത്തിന്റെ ഇതര പ്രദേശങ്ങളെക്കാൾ ഉയർന്നു നിൽക്കുന്നതിന് ഇതു കാരണമായി പ. രാഷ്ട്രീയ-സാംസ്കാരിക അപചയവും ഉൽപാദന മേഖലകളുടെ മുരടിപ്പും തുടർന്നപ്പോഴും പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യം, പൊതുവിതരണം തുടങ്ങിയ മണ്ഡലങ്ങളിലെ സർക്കാർ ചെലവുകൾ താരതമ്യേന ഉയർന്നു നിൽക്കുന്നതിനും ഇതു വഴിവെച്ചു. 1970-കളുടെ മധ്യത്തോടെ അന്താരാഷ്ട്ര കേന്ദ്രങ്ങളും ഗവേഷണ ഏജൻസികളും കേരള മോഡൽ! എന്നു വിശേഷിപ്പിച്ച ഈ സ്ഥിതിവിശേഷത്തിന്റെ വക്താക്കളായി മുഖ്യമായും സിപിഎം ഉം അതിന്റെ ബുദ്ധിജീവികളും മുന്നോട്ടുവന്നു.

ദളിതരും ആദിവാസികളും മത്സ്യത്തൊഴിലാളികളും ഉൾപ്പെടെയുള്ള മർദ്ദിത ജനങ്ങളുടെ വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന പാർശ്വവൽകരണത്തെ വിദഗ്ദമായി മറച്ചുപിടിക്കുകയും ഉപരി-മധ്യവർഗ ഉപഭോഗത്തിലും കച്ചവട-വ്യാപാര- പണമിടപാടുകളുമായി ബന്ധപ്പെട്ട സേവനമേഖലയുടെ വികാസത്തിലും ഊന്നുകയുമായിരുന്നു

ഇത്. കേരള മോഡൽ എന്നത്. 1970-കൾ മുതൽ ശക്തിപ്പെട്ട ഗൾഫ് തൊഴിലിന്റെ ഫലമായി കേരളത്തിലേക്കു വന്ന വിദേശനാണ്യവും തൊഴിൽദായകവും ഉല്പാദനപരവുമായ മേഖലകളെ ശക്തിപ്പെടുത്തുന്നതിനു പകരം, ഇവിടുത്തെ സാമ്പത്തിക ചലന ക്രമങ്ങൾക്കനുസ്യതമായി കെടിട നിർമ്മാണവും ഭൂമി കച്ചവടവും പോലുള്ള പണമിടപാട്, ഉപഭോഗ മേഖലയെയാണ് വളർത്തിയത്.

### കേരള മോഡലിൽ നിന്നും നവലിബറൽ കേരളത്തിലേക്ക്

ഇതിനിടയിൽ, ആഗോള മുതലാളിത്തം ക്ഷേമരാഷ്ട്രം കയ്യൊഴിഞ്ഞ് നവലിബറലിസം അഥവാ നവ ഉദാരവൽക്കരണം ആശ്ലേഷിക്കുകയുണ്ടായി. സർക്കാരിന്റെ സമ്പദ്ഘടനയിലെ ഇടപെടലുകളും പൊതുമേഖലയും പൊതു ചെലവുകളും ക്ഷേമ പ്രവർത്തനങ്ങളുമെല്ലാം ഇതോടെ നയപരമായിത്തന്നെ കുത്തനെ ഇടിഞ്ഞു. 1981ലെ ഐഎംഎഫ് വായ്പയുടെ ഉപാധികളുടെ ഭാഗമായി ഇന്ത്യയിലെ നെഹ്റുവിയൻ നയങ്ങളിലും ഇതു പ്രതിഫലിച്ചു തുടങ്ങുകയും 1990-കളിൽ സർക്കാർ വികസന കാര്യങ്ങളിൽ ഒരു കോർപ്പറേറ്റ് സഹായിയായി മാറുംവിധം സ്വകാര്യവൽക്കരണ, ഉദാരവൽക്കരണ, ആഗോളവൽക്കരണനയങ്ങൾ ആധിപത്യത്തിലേക്കു വരികയും ചെയ്തു.


e-pao.net

ഇതിന്റെ ഭാഗമായി, സാമ്പത്തിക നയ രൂപവത്കരണത്തിലും വിഭവ സമാഹരണത്തിലും അതിന്റെ വിനിയോഗത്തിലും അഖിലേന്ത്യാതലത്തിലുണ്ടായ മാറ്റങ്ങൾക്ക് കേരളവും വിധേയമായി. അപ്രകാരം, 1970 കളിലും 1980 കളിലും ആഫ്രോ-ഏഷ്യൻ- ലാറ്റിനമേരിക്കൻ രാജ്യങ്ങൾക്കു മാതൃകയായി ലോകബാങ്കും മറ്റും ഉയർത്തിക്കാട്ടിയ കേരളമോഡൽ 1990-കളിൽ നവലിബറൽ- ആഗോളവൽക്കരണം വ്യാപകമായതോടെ തുടർന്നു കൊണ്ടുപോകാനാവാത്ത സ്ഥിതിയിലെത്തി.

> കോർപ്പറേറ്റുകളെ തടിച്ചു കൊഴുപ്പിക്കുന്ന നികുതി ഉദാരവൽക്കരണങ്ങളും സാമ്പത്തിക നടപടികളും സർക്കാരുകളുടെ വിഭവ സമാഹരണത്തെ ദുർബലമാക്കിയതോടെ, അടിസ്ഥാന സൗകര്യമേഖലകളടക്കം വികസനവുമായി ബന്ധപ്പെട്ട് ഉത്തരവാദിത്വങ്ങൾ കോർപ്പറേറ്റ് ഊഹക്കുത്തകകൾക്ക്കൈമാറണമെന്ന തിട്ടൂരങ്ങൾ പുത്തൻ അധിനിവേശ കേന്ദ്രങ്ങൾ മുന്നോട്ടുവെച്ചു.

കോർപ്പറേറ്റുകളെ തടിച്ചു കൊഴുപ്പിക്കുന്ന നികുതി ഉദാരവൽക്കരണങ്ങളും സാമ്പത്തിക നടപടികളും സർക്കാരുകളുടെ വിഭവ സമാഹരണത്തെ ദുർബലമാക്കിയതോടെ, അടിസ്ഥാന സൗകര്യമേഖലകളടക്കം വികസനവുമായി ബന്ധപ്പെട്ട ഉത്തരവാദിത്വങ്ങൾ കോർപ്പറേറ്റ്- ഊഹക്കുത്തകകൾക്ക് കൈമാറണമെന്ന തിട്ടൂരങ്ങൾ പുത്തൻ അധിനിവേശ കേന്ദ്രങ്ങൾ മുന്നോട്ടുവെച്ചു. ക്ഷേമപ്രവർത്തനങ്ങളിൽ നിന്നും സാമൂഹ്യ ചെലവുകളിൽ നിന്നും സർക്കാർ പിൻവാങ്ങേണ്ടതും ഇതോടൊപ്പം ആവശ്യമായിത്തീർന്നു. എൻജിഒകൾ, സ്വയം സഹായ സംഘങ്ങൾ, കോർപ്പറേറ്റ് സാമൂഹ്യ ഉത്തരവാദിത്വം, മൈക്രോഫൈനാൻസ് തുടങ്ങിയ സംവിധാനങ്ങളിലൂടെ സാമൂഹ്യസേവന ഉത്തരവാദിത്വങ്ങൾ കയ്യൊഴിഞ്ഞു ജനങ്ങളുടെ ചുമലിൽ അവ കെട്ടിയേൽപ്പിക്കുന്നതിലായി സർക്കാരിന്റെ ശ്രദ്ധ. അധികാര വികേന്ദ്രീകരണത്തിന്റെയും പങ്കാളിത്ത വികസനത്തിന്റെയും മറ്റും ലേബലുകളാണ് ഇതിനായി ഉപയോഗിക്കപ്പെട്ടത്. വാസ്തവത്തിൽ, നവലിബറൽ ആഗോളവൽക്കരണത്തിന്റെ അവിഭാജ്യഘടകമായ പങ്കാളിത്ത വികസന പദ്ധതിയുടെ കേരളപ്പതിപ്പായിരുന്നു ജനകീയാസൂത്രണം. കൊട്ടിഘോഷിക്കപ്പെട്ട അധികാര വികേന്ദ്രീകരണമോ, നയരൂപവത്കരണത്തിലെ ജനകീയപങ്കാളിത്തമോ നടപ്പായില്ലെന്നു മാത്രമല്ല, ജനകീയാസൂത്രണം എന്ന പുകമറക്കുള്ളിൽ ആഗോളവൽക്കരണത്തിന്റെ കൂടുതൽ വിനാശകരമായ രണ്ടാം തലമുറ പരിഷ്ക്കാരങ്ങൾക്ക് കേരളത്തെ പരുവപ്പെടുത്തുന്ന പണിയാണ് നായനാർ ഭരണകാലത്തു നടന്നത്.

ഉദാഹരണത്തിന്, 1975ലെ ആദിവാസി ഭൂനിയമത്തിൽ കയ്യേറ്റ മാഫിയക്കനുകൂലമായി 1996ൽ കൊണ്ടുവന്ന ഭേദഗതി, വിദ്യാഭ്യാസ മാഫിയയെ കെട്ടഴിച്ചുവിട്ട സ്വാശ്രയ വിദ്യാഭ്യാസം, ഏഷ്യൻ ബാങ്കിന്റെ ഭരണ നവീകരണ പദ്ധതിക്ക് ധാരണപത്രം ഒപ്പുവെച്ചത് തുടങ്ങിയ തീവ്രവലതു നീക്കങ്ങൾക്ക് അക്കാലം സാക്ഷ്യം വഹിച്ചത് ജനകീയാസൂത്രണം അരങ്ങു തകർത്ത 1996-2001 കാലത്തായിരുന്നു. തുടർന്നു വന്ന യുഡിഎഫ്, എൽഡിഎഫ് സർക്കാരുകൾ ഇവയടക്കമുള്ള ജനദ്രോഹ നയങ്ങൾ ഊർജിതമായി മുന്നോട്ടു കൊണ്ടുപോയി. സിപിഎമ്മിനെ സംബന്ധിച്ചിടത്തോളം ഇതിന് മാർഗദർശകമാകുമാറ് സാമ്രാജ്യത്വ-കോർപ്പറേറ്റ് മൂലധനത്തെ പരസ്യമായി ആശ്ലേഷിക്കുന്നതിന് പച്ചക്കൊടി കാട്ടും വിധം 2000-ലെ സ്പെഷ്യൽ കോൺഫ്രൻസ് പാർട്ടി പരിപാടിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി. 1994, 2005, 2011, 2016 എന്നീ വർഷങ്ങളിൽ നവലിബറൽ കേന്ദ്രങ്ങളുടെയും വിദേശ വിദഗ്ദരുടെയും പങ്കാളിത്തത്തോടെ സംഘടിപ്പിച്ച അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്സുകൾ പഴയ കേരള മോഡൽ പൂർണമായും കൈയ്യൊഴിച്ച് നവലിബറലിസത്തിന് ഉതകുന്ന നവകേരളത്തിനുള്ള സൈദ്ധാന്തികവും പ്രത്യയശാസ്ത്രപരവുമായ പശ്ചാത്തലമൊമൊരുക്കി.

അതോടൊപ്പം, ഈ സമയമാകുമ്പോഴേക്ക്, നവ ഫാസിസത്തിന് അടിത്തറയൊരുക്കിയ ഒന്നാം മോദി ഭരണം നവലിബറൽ - കോർപ്പറേറ്റ് വൽക്കരണത്തിന്റെ അതിതീവ്രഘട്ടത്തിലേക്ക് ഇന്ത്യയെ കൊണ്ടെത്തിക്കുകയും ചെയ്തിരുന്നു.

ഈ പശ്ചാത്തലത്തിലാണ്, 2016ൽ പിണറായി സർക്കാർ അധികാരമേൽക്കുന്നത്. ആഗോള മൂലധന കേന്ദ്രങ്ങൾക്ക് വ്യക്തമായ സന്ദേശം നൽകും വിധം അധികാരമേറ്റ



## 2016ൽ പിണറായി സർക്കാർ അധികാരമേൽക്കുന്നത് ആഗോള മൂലധന കേന്ദ്രങ്ങൾക്ക് വ്യക്തമായ സന്ദേശം നൽകും വിധം അധികാരമേറ്റയുടനെ ഐ എം എഫ് ന്റെ ചീഫ് ഇക്കണോമിസ്റ്റായിത്തീർന്ന നവലിബറൽ സാമ്പത്തികവിദ്ഗ്ദ ഗീതാ ഗോപിനാഥിനെ തന്റെ സാമ്പത്തിക ഉപദേഷ്ടാവാക്കി പിണറായി നിയമിച്ചു.

യുടനെ ഐ എം എഫ്ന്റെ ചീഫ് ഇക്കണോമിസ്റ്റായിത്തീർന്ന നവലിബറൽ സാമ്പത്തികവിദഗ്ദ ഗീതാ ഗോപിനാഥിനെ തന്റെ സാമ്പത്തിക ഉപദേഷ്ടാവാക്കി പിണറായി നിയമിച്ചു. ലോകബാങ്ക് മാനദണ്ഡ പ്രകാരം, കേരളത്തെ കോർപ്പറേറ്റ് നിക്ഷേപ സാഹൃദമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് കരിമ്പട്ടികയിൽ പെട്ട കെപിഎംജി എന്ന ബഹുരാഷ്ട്ര കൺസൾട്ടൻസിയെ ചുമതലപ്പെടുത്തി. കോർപ്പറേറ്റുവൽക്കരണത്തിന് രാജ പാതയൊരുക്കുന്നതിന് നിയമസഭയോട് ഉത്തരവാദിത്വമില്ലാത്ത സൂപ്പർ ധനവകുപ്പ് ആയ കിഫ്ബിയെ പ്രതിഷ്ഠിച്ചു. ഫെഡറൽ ഘടനയെ തകർത്ത് സംസ്ഥാനത്തിന്റെ വിഭവ സമാഹരണ അധികാരം കേന്ദ്രത്തിൽ നിക്ഷിപ്തമാക്കിയ ജി എസ് ടി നടപ്പാക്കുന്നതിൽ മോദി സർക്കാരിന് പിന്തുണ നൽകി. ബഹുരാഷ്ട്ര കുത്തകകളും പുത്തൻ അധിനിവേശ സ്ഥാപനങ്ങളുമായി ഉദ്ഗ്രഥിച്ചു പ്രവർത്തിച്ചു പോന്ന ആഗോള കൺസൾട്ടൻസികളെ നയരൂപവത്കരണവും പദ്ധതി നടത്തിപ്പും ഏൽപ്പിക്കുന്ന തരത്തിൽ കൺസൾട്ടൻസി രാജ് നടപ്പാക്കി. ഇതെല്ലാമായി? ബന്ധപ്പെട്ട് സംസ്ഥാനത്തേക്കുണ്ടായ കോർപ്പറേറ്റ് കടന്നുകയറ്റം അഴിമതിയും കെടുകാര്യസ്ഥതയും ധൂർത്തും അധോലോക മാഫിയാ പ്രവർത്തനങ്ങളും വ്യാപകമാക്കി.

പിണറായി സർക്കാർ അധികാരത്തിൽ എത്തിയതിനുശേഷം നികുതികുടിശ്ശിക പിരിച്ചെടുക്കുന്നതിലും റവന്യൂ റിക്കവറി കാര്യക്ഷമമായി നടപ്പിലാക്കുന്നതിലും നികുതിയേതര വരുമാനം വിപുലീകരിച്ച് സമാഹരിക്കുന്നതിലും തികഞ്ഞ അലംഭാവമാണുണ്ടായത്. ആഡംബര ഉപഭോഗ-ഊഹ മേഖലകളെനികുതി വിധേയമാക്കു

ന്നതിനുള്ള നടപടികളൊന്നുമുണ്ടായില്ല. അഞ്ചേകാൽ ലക്ഷത്തോളം ഏക്കർ ഭൂമി നിയമവിരുദ്ധമായി കൈയടക്കി ലക്ഷക്കണക്കിന് രൂപ കടത്തിക്കൊണ്ടു പോകുന്ന വിദേശ-കോർപ്പറേറ്റ് തോട്ടക്കുത്തകകളെ നിയന്ത്രിച്ച് സംസ്ഥാന സമ്പദ്ഘടനയെ ശക്തിപ്പെടുത്തുന്നതിനു പകരം അവരുമായി സന്ധിചെയ്തു.

ചുരുക്കത്തിൽ, സമ്പന്ന-കോർപ്പറേറ്റ് വിഭാഗങ്ങളെ നികുതി വലയിൽപെടുത്തുന്നതൊഴിവാക്കി സംസ്ഥാന റവന്യൂ വരുമാനത്തിന്റെ പകുതിയിലധികം പെട്രോളിയം ഉൽപ്പന്നങ്ങൾ, മദ്യം, ലോട്ടറി എന്നിവയിൽനിന്നു സമാഹരിക്കുന്ന സ്ഥിതിയിലേക്ക് കാര്യങ്ങളെത്തിച്ചു. അതുവഴി നികുതിഭാരം മുഴുവൻ തൊഴിലില്ലായ്മയും ദാരിദ്ര്യവും പട്ടിണിയും വിലക്കയറ്റവും കൊണ്ടു പൊറുതി മുടുന്ന സാധാരണ ജനങ്ങളുടെ ചുമലിലായി. ഈ സാഹചര്യത്തിൽ, ആഗോള മൂലധന സ്രോതസ്സുകളിൽ നിന്ന് അമിത പലിശയ്ക്കും സംസ്ഥാനത്തിന് താങ്ങാനാവാത്ത ഉപാധികളിന്മേലും വായ്പ എടുത്ത കോർപ്പറേറ്റുകളുടെ നിയന്ത്രണത്തിനുള്ള പദ്ധതികളിൽ മുടക്കുകയാണ് പിണറായി സർക്കാർ.ഇതിന്റെ തിരിച്ചടവ് ബാധ്യത മുഴുവൻ സർക്കാരിനായിരിക്കെ ബന്ധപ്പെട്ട പിപിപി മോഡൽ പദ്ധതികളുടെ ഗുണഭോക്താക്കൾ കോർപ്പറേറ്റ് കുത്തകകൾ മാത്രമായിരിക്കും. റോഡുകൾ, തുറമുഖം, വിമാനത്താവളം, വ്യവസായ ഇടനാഴികൾ, സ്മാർട്ട്സിറ്റികൾ ഏറ്റവുമൊടുവിൽ സിൽവർ ലൈൻ തുടങ്ങിയ വൻകിടപദ്ധതികൾക്ക് ആവശ്യമായ മുതൽമുടക്ക് സർക്കാർ കണ്ടെത്തേണ്ടി വരികയും അവയുമായി ബന്ധപ്പെട്ട നയരൂപവത്കരണവും നടത്തിപ്പും കോർപ്പറേറ്റുകളിൽ നിക്ഷിപ്തമാക്കുകയും ചെയ്യുന്ന തരത്തിലാണ് ഇവആവിഷ്ക്കരിക്കപ്പെടിരിക്കുന്നത്.

## അതീവ ഗുരുതരമായ കടക്കെണി അടക്കമുള്ള സാമ്പത്തിക വെല്ലുവിളികളിലൂടെ സംസ്ഥാനം കടന്നുപോകുമ്പോഴാണ് ഓരോ അഞ്ചു വർഷം കൂടുമ്പോഴും ഭരണമുന്നണി മാറിവരുന്ന കേരളത്തിന്റെ പതിവു രീതിയിൽ നിന്നും വ്യത്യസ്തമായി 2021ലെ തെരഞ്ഞെടുപ്പിൽ പിണറായി സർക്കാർ വീണ്ടും അധികാരമേൽക്കുന്നത്

അതായത് സമ്പദ്ഘടനയിൽ സർക്കാർ കേവലമൊരു കോർപ്പറേറ്റ് സഹായി മാത്രമാണെങ്കിലും ബാധ്യത മുഴുവൻ സർക്കാർ ഏൽക്കേണ്ടി വരികയും പദ്ധതികളുടെ നേട്ടങ്ങൾ കോർപ്പറേറ്റുകൾ സ്വന്തമാക്കുമെന്നും ചുരുക്കം. നവലിബറൽ നയങ്ങളുടെ ഫലമായി വിഭവസമാഹരണം ചുരുങ്ങുന്ന പശ്ചാതലത്തിൽ ഈ കോർപ്പറേറ്റുവൽക്കരണം ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് സംസ്ഥാന പൊതുകടം ഇരട്ടിയിലധികമാക്കുകയുണ്ടായി. സർവ്വോപരി, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഉല്പാദന മേഖലകളിൽ മുതൽ മുടക്കുന്നതിനുള്ള കോർപറേറ്റ് വൈമുഖ്യവും പ്രകൃതി കൊള്ളയിലൂന്നുന്ന 'വികസന' പദ്ധതികളും തൊഴിലില്ലായ്മക്കൊപ്പം ഭീതിജനകമായ പരിസ്ഥിതി വിനാശവും വരുത്തിവെക്കുന്നു. 2018ൽ കേരളത്തിലുണ്ടായ പ്രളയം ഇതു തെളിയിച്ചു.

വിനാശകരമായ നവലിബറൽ കോർപ്പറേറ്റുവൽക്കരണവുമായി രണ്ടാം പിണറായി ഭരണം അപ്രകാരം, അതീവ ഗുരുതരമായ കടക്കെണി അടക്കമുള്ള സാമ്പത്തിക വെല്ലുവിളികളിലൂടെ സംസ്ഥാനം കടന്നുപോകുമ്പോഴാണ് ഓരോഅഞ്ചു വർഷം കൂടുമ്പോഴും ഭരണമുന്നണി മാറിവരുന്ന കേരളത്തിന്റെ പതിവു രീതിയിൽ നിന്നും വ്യത്യസ്തമായി 2021ലെ തെരഞ്ഞെടുപ്പിൽ പിണറായി സർക്കാർ വീണ്ടും അധികാരമേൽക്കുന്നത്

സാമ്പത്തിക പ്രതിസന്ധിക്കൊപ്പം പ്രധാനമായും കൺസൽട്ടൻസി രാജുമായി ബന്ധപ്പെട്ട അഴിമതി, മാഫിയാബാന്ധവങ്ങൾ, പരിസ്ഥിതി വിനാശം, ഭരണത്തിലും സംസ്കാരത്തിലും ശക്തമാകുന്ന കാവിവൽക്കരണവും ഫാസിസ്റ്റ് പ്രവണതകളും, സവർണഹിന്ദുത്വ താല്പര്യങ്ങൾക്കനുസൃതമായി ജാതിസംവരണത്തെ ദുർബലപ്പെടുത്തുമാറ് സാമ്പത്തിക സംവരണം നടപ്പാക്കിയത് തുടങ്ങിയ ഒന്നാം പിണറായി ഭരണത്തിലെ നിഷേധാത്മക ഘടകങ്ങൾ ശക്തമായിരുന്നപ്പോഴും, ഫലപ്രദമായ ഒരു രാഷ്ട്രീയ ബദലിന്റെ അഭാവത്തിൽ സംജാതമായ അരാഷ്ട്രീയ വൽക്കരണത്തിന്റെയും കോർപ്പറേറ്റുകളുടെയും വലതുപക്ഷ മീഡിയയുടെയും

പിൻബലത്തിലുമാണ് എൽഡിഎഫ് തുടർച്ചയായി രണ്ടാമതും അധികാരത്തിലെത്തിയത്. അധികാ

രമേൽക്കുന്നതിനു മുന്നോടിയായി നടത്തിയ പത്രസമ്മേളനത്തിൽ രണ്ടാം മോദി ഭരണത്തെ അനുസ്മരിപ്പിക്കുമാറ്, തന്റെ സർക്കാരിന്റെ പ്രഥമ ദാത്യം സംസ്ഥാനത്തെ കോർപ്പറേറ്റ് ബിസിനസ് സൗഹൃദമാക്കുകയാണെന്ന് പിണറായി അസന്നിഗ്ദമായി പ്രഖ്യാപിക്കുകയും ചെയ്തു.

ഇതിന്റെ തുടർച്ചയായി, 2022 ഏപ്രിൽ ആദ്യവാരം നടന്ന സിപിഎമ്മിന്റെ ഇരുപത്തിമൂന്നാം പാർടി കോൺഗ്രസിന്റെ ഭാഗമായ കേരള സംസ്ഥാന സമ്മേളനം അംഗീകരിച്ച 'നവകേരളത്തിനുള്ള പാർടി കാഴ്ചപ്പാട്" എന്ന രേഖ പിണറായി സർക്കാർ ആശ്ലേഷിച്ചു കഴിഞ്ഞ നവലിബറൽ - കോർപ്പറേറ്റുവൽക്കരണം ' തുടർ ഭരണം വലിയ സാധ്യതകൾ തുറന്നിരിക്കുന്നു" എന്ന ആമുഖത്തോടെ കൂടുതൽ ഊർജ്ജിതമാക്കുന്നതിനുള്ള തീരുമാനം എടുത്തിരിക്കുന്നു. കൂടാതെ, ഈ നവലിബറൽ പാത 'കേരള മോഡൽ വികസനം" എന്ന പേരിൽ ഇതര സംസ്ഥാനങ്ങൾക്കു മാതൃകയെന്നോണം ദേശവ്യാപകമായി ഉയർത്തിക്കാടുന്നതിനും സിപിഎം തീരുമാനിച്ചിരിക്കുന്നു. ആ പ്രക്രിയയിൽ, അടുത്ത 25 വർഷം കൊണ്ട് കേരളത്തിലെ ജീവിതനിലവാരം അന്താരാഷ്ട്രതലത്തിൽ വികസിത മദ്ധ്യവരുമാന രാജ്യങ്ങളുടേതിനു സമാനമായി ഉയർത്തുക എന്ന ലക്ഷ്യമാണ് മുന്നോട്ടുവെച്ചിരിക്കുന്നത്. ഏറ്റവും വിചിത്രമായ കാര്യം, ഇതിനാവശ്യമായ ആഭ്യന്തര വിഭവ സമാഹരണത്തെപ്പറ്റി ഒരക്ഷരവും ഈ 'വികസന' രേഖ മുന്നോടുവെക്കുന്നില്ലെന്നതാണ്. ചെലവുകൾ അനുസ്യൂതം വർദ്ധിക്കുകയും നികുതി -നികുതിയേതര മാർഗ്ഗങ്ങളടക്കം ആഭ്യന്തര വിഭവസമാഹരണം കുത്തനെ ഇടിയുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ, വിദേശവായ്പകളെ ആശ്രയിച്ചുകൊണ്ട് വികസനം സാധ്യമാക്കാമെന്നാണ് അതു പറയുന്നത് കേരളത്തിലെ ഭൂമിയും സമ്പത്തും കൈയ്യടക്കിയിടുള്ള സമ്പന്ന- ഉപരിവർഗ വിഭാഗങ്ങളെ നികുതി വിധേയമാക്കുന്ന നടപടികളൊന്നും പരിഗണനയിൽ ഇല്ലാതിരിക്കുകയും കേന്ദ്രത്തിൽ നിന്നു ലഭിക്കുന്ന നികുതി വിഹിതം 10-ാം ധനകാര്യകമ്മീഷൻ കാലത്ത് 3.8 ശതമാനമായിരുന്നത് 11-ാം ധനകാര്യകമ്മീഷൻ കാലത്ത് (2021-25) 1.9 ശതമാനമായി ഇടിയുകയും 2022 ജൂൺ 30ന് ജിഎസ്ടി നഷ്ടപരിഹാരം ഇല്ലാതാകുകയും ചെയ്യുന്ന ഈസന്ദർഭത്തിൽ ഭീതിജനകമായ ഒരു അന്തരീക്ഷമാണ് കേരളത്തിനു മുന്നിലുള്ളത്. ഇതിനു കാരണമായ നവലിബറൽ- കോർപ്പറേറ്റുവൽക്കരണ നയങ്ങൾ അവസാനിപ്പിക്കുന്നതെ പറ്റിയുള്ള ഒരു പരാമർശം പോലും രേഖയിലില്ല. നേരെമറിച്ച്, ഇപ്പോൾ പശ്ചാത്തല സൗകര്യ വികസനത്തിനായി ആശ്രയിക്കുന്ന പിപിപി മോഡൽ ഉന്നതവിദ്യാഭ്യാസമടക്കമുള്ള സേവന മേഖലകളിലേക്കു കൂടി വ്യാപിപ്പിക്കണമെന്നാണ് അതാവശ്യപ്പെടുന്നത്. 2 ലക്ഷം കോടി രൂപയിലധികം മുടക്കു വേണ്ടി വരുന്ന സിൽവർ ലൈൻ എന്ന കോർപ്പറേറ്റ് - റിയൽ എസ്റ്റേറ്റ് പദ്ധതി, ഒരു ലക്ഷത്തോളം ഏക്കർ ഭൂമി കയ്യടക്കിയിരിക്കുന്ന ഹാരിസൺസിന്റെ നിയമ വിരുദ്ധ കയ്യേറ്റത്തെ നിയമവൽകരിക്കാൻ ലക്ഷ്യമിടിട്ടുള്ള ശബരിമല ഏയർപോർട് തുടങ്ങിയ ""സ്വപ്ന പദ്ധതികൾ"ക്ക് ലോക മൂലധന കേന്ദ്രങ്ങളെ തന്നെ ആശ്രയിക്കണമെന്നത് എടുത്തുപറയേണ്ടതില്ലല്ലോ.

ഇപ്പോൾ കുത്തുപാളയെടുത്ത്, ആഭ്യന്തര കലാപത്തിലൂടെ തകർന്നടിഞ്ഞു കൊണ്ടിരിക്കുന്ന ശ്രീലങ്ക പിന്തുടർന്നതും ഏതാണ്ട് ഇതേ 'വികസന' പാത തന്നെയായിരുന്നു. ഇന്ത്യയടക്കമുള്ള ദക്ഷിണേഷ്യൻ രാജ്യങ്ങളിൽ ഏറ്റവുമുയർന്ന ജീവിതനിലവാരവും സാമൂഹിക വികസന സൂചികകളും ഉണ്ടായിരുന്ന ശ്രീലങ്ക വിദേശ മൂലധനത്തെയും വിദേശ കമ്പോളത്തെയും ആശ്രയിച്ചുകൊണ്ടായിരുന്നു അവ സാധ്യമാക്കിയത്. മുഖ്യമായും സാമ്രാജ്യത്വ മൂലധനത്തെ ആശ്രയിച്ച്
കെട്ടിപ്പൊക്കിയവയാണ് അവിടുത്തെ തുറമുഖങ്ങളും എയർപോർട്ടുകളുമടക്കമുള്ള പശ്ചാത്തല സൗകര്യങ്ങൾ. മുടക്കു മുതലും പലിശയും തിരിച്ചടയ്ക്കാനാവാതെ വന്നതോടെ, ഇത്തരം പശ്ചാത്തല സൗകര്യ പദ്ധതികൾ ചൈന പോലുള്ള സാമ്രാജ്യത്വ രാജ്യങ്ങളുടെ നിയന്ത്രണത്തിലായ വാർത്തകളാണ് അവിടെ നിന്നു റിപ്പോർട്ട് ചെയ്യപ്പെടുന്നത്. സിപിഎം മുന്നോടുവെച്ചിട്ടുള്ള 'നവകേരളത്തിനുള്ള പാർട്ടി കാഴ്ചപ്പാട് ' എന്ന രേഖ വായിക്കുമ്പോൾ ഇപ്പോഴത്തെ ശ്രീലങ്കൻ ദുരന്തമാണ് കൺമുമ്പിൽ തെളിയുന്നത്.

### കേരള വികസനത്തോടുള്ള ജനകീയ സമീപനം

ക്ഷേമ മുതലാളിത്തത്തിന്റെയും നെഹ്റുവിയൻ നയങ്ങളുടെയും കാലത്ത് കൊട്ടിഘോഷിക്കപ്പെട്ട് കേരള മോഡൽ! മറച്ചു പിടിച്ച മർദ്ദിത-പാർശ്വവൽകൃത ജനതയുടെ അരികുവൽക്കരണവും ആവാസ വ്യവസ്ഥയുടെ തകർച്ചയും ഭൂമിയടക്കമുള്ള വിഭവങ്ങളുടെ വർദ്ധമാനമായിക്കൊണ്ടിരുന്ന കേന്ദ്രീകരണവും പരിസ്ഥിതിവിനാശവും സാംസ്കാരികാപചയവുമെല്ലാം ജനപക്ഷത്തു നിൽക്കുന്നവർ ഇതോടകം ചൂണ്ടിക്കാട്ടിയിടുള്ളതാണ്. തുടർന്ന് നവലിബറലിസം ആധിപത്യത്തിലേക്കു വന്നതോടെ ആവിഷ്ക്കരിക്കപ്പെട്ട കോർപ്പറേറ്റ് നികുതി ഇളവുകളും ജിഎസ്പി അടക്കമുള്ള നവഉദാര നികുതി പരിഷ്ക്കാരങ്ങളും വിഭവ സമാഹരണത്തിൽ നിന്നുള്ള സർക്കാരിന്റെ പിൻമാറ്റവും സമ്പദ്ഘടനയിൽ അതിനെ ഒരു കോർപ്പറേറ്റ്-സഹായി മാത്രമാക്കി ചുരുക്കി. നയരൂപവത്

കരണമാകട്ടെ കോർപ്പറേറ്റ് ബോർഡ് റൂമുകളിൽ നിർണ്ണയിക്കപ്പെടുന്നു. കിഫ്ബി യിലൂടെയും അല്ലാതെയും സമാഹരിക്കുന്ന വിദേശ വായ്പകളുടെ ബാധ്യത മുഴുവൻ ജനങ്ങളുടെ ചുമലിലാകുമ്പോൾ നേട്ടം മുഴുവൻ കോർപ്പറേറ്റുകൾ വരുതിയിലാക്കുന്നു. പുത്തൻ അധിനിവേശ കേന്ദ്രങ്ങളും ആഗോളകൺസൾട്ടൻസികളും ബഹുരാഷ്ട്രക്കമ്പനികളും കൊണ്ടു വരുന്ന തുച്ഛമായ വിഭവങ്ങളുടെ പേരിൽ അവർ ആവശ്യപ്പെടുന്ന തൊഴിലാളിവിരുദ്ധവും പരിസ്ഥിതി വിരുദ്ധവും ജനദ്രോഹപരവും കോർപ്പറേറ്റ് അനുകൂലവുമായ ഉപാധികൾ പാലിക്കുന്നതിന് സംസ്ഥാന സർക്കാർ ബാധ്യസ്ഥമാകുന്നു..

നേരെമറിച്ച്, സംസ്ഥാന പുരോഗതിക്കും ജനങ്ങളുടെ അഭിവൃദ്ധിക്കും ഉതകുന്ന അദ്ധ്വാന ശക്തിയും വൈദഗ്ധ്യവും വിഭവങ്ങളുമെല്ലാം നാട്ടിൽ നിന്നുതന്നെ ജനകീയ പങ്കാളിത്തത്തോടെ സമാഹരിക്കാവുന്നതേയുള്ളൂ. നാട്ടിൽ ലഭ്യമല്ലാത്ത സാങ്കേതിക വിദ്യകളും വൈദഗ്ധ്യവും ദേശീയ താൽപര്യങ്ങളുടെ അടിസ്ഥാനത്തിലുള്ള അന്താരാഷ്ട്രബന്ധങ്ങളിലൂടെയും പരിസ്ഥിതി മർദ്ദിത- ജനപക്ഷത്തു നിൽക്കുന്ന വിദഗ്ദരുടെ സഹകരണം ഉറപ്പാക്കിക്കൊണ്ടും പരിഹരിക്കാവുന്നതാണ്. നമ്മുടെ നാട്ടിലെ മനുഷ്യാധ്വാനവും പ്രകൃതിവിഭവങ്ങളും കൊള്ള ചെയ്ത് വിവിധങ്ങളായ സാമ്പത്തിക ഇടപാടുകളിലൂടെ സമ്പത്ത് സമാഹരിച്ചും തടിച്ചുകൊഴുക്കുന്ന സമ്പന്ന കോർപ്പറേറ്റ് വിഭാഗങ്ങളുടെ മേൽ ജനകീയ നിയന്ത്രണം ഏർപ്പെടുത്തുന്നതിലൂടെയേ ഇതു സാധ്യമാകൂ.

ഇന്ന് ആധിപത്യത്തിലുള്ള കോർപ്പറേറ്റാഭിമുഖ്യ നവലിബറൽ നയങ്ങൾ അവസാനിപ്പിച്ചു കൊണ്ടു മാത്രമേ ഇപ്രകാരമൊരു ജനപക്ഷ വികസനപരിപ്രേക്ഷ്യം വളർത്തിക്കൊണ്ടു വരാനാകൂ. തൊഴിലാളി-കർഷകവിഭാഗങ്ങളെയും മർദ്ദിത-പാർശ്വവൽകൃത ജനങ്ങളെയും ജനാധിപത്യവാദികളെയും അണിനിരത്തി കാർഷിക, വ്യാവസായിക, സേവന മേഖലകളെ പരിസ്ഥിതി സംരക്ഷണത്തിന്റെയും ജനകീയ സംസ്ക്കാരത്തിന്റെയും അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുന്ന രാഷ്ട്രീയ നിലപാടാണ് ഉയർന്നു വരേണ്ടത്. സംസ്ഥാനത്തിന്റെ ഫെഡറൽ അവകാശങ്ങൾ ഉറപ്പാക്കേണ്ടത് ഈ പ്രക്രിയയിൽ പ്രധാനമാണ്. ജനാധിപത്യാവകാശങ്ങളും ജനകീയ താല്പര്യങ്ങളുംകണക്കിലെടുത്തുകൊണ്ടുള്ള ഉല്പാദന- ഉപഭോഗ സംവിധാനങ്ങൾ വളർത്തിയെടുക്കണം. ഭൂമി ഉൾപ്പെടെയുള്ള ഉത്പാദനോപാധികളുടെയും പ്രകൃതി വിഭവങ്ങളുടെയും മേലുള്ള കോർപ്പറേറ്റ് മൂലധനാധിപത്യം അവസാനിപ്പിക്കണം. പ്രാദേശികാടിസ്ഥാനത്തിൽ ജനകീയാധികാരം ഉറപ്പാക്കുന്ന രാഷ്ട്രീയ നയതീരുമാനമുണ്ടാകണം. ഇതുമായി ബന്ധപ്പെട്ട ജനകീയ രാഷ്ട്രീയ - സാമ്പത്തിക അധികാര ഘടന അദ്ധ്വാനിക്കുന്നവരുടെയും മർദ്ദിത ജനവിഭാഗങ്ങളുടെയും പങ്കാളിത്തവും പരിസ്ഥിതി സൗഹൃദ സമീപനവും സമൂഹത്തിന്റെ ഒട്ടു മൊത്തത്തിലുള്ള ജനാധിപത്യവൽക്കരണവും ഉൾ ചേർന്നതാകണം. ലോകത്തെ ഏറ്റവും വലിയ ഫാസിസ്റ്റ് സംഘടനയായ ആർഎസ്എസ് അതിന്റെ രാഷ്ട്രീയ ഉപകരണമായ ബിജെപി നയിക്കുന്ന ഭരണത്തിലൂടെ രാജ്യത്തിന്റെ സമസ്ത മേഖലകളും നവ ഫാസിസത്തിന് കീഴ്പെടുത്തിയിരിക്കുമ്പോൾ ഇന്ത്യയിൽ ഇനിയും ഫാസിസം എത്തിയിട്ടില്ലെന്ന് പറയുന്ന ഫാസിസത്തിന്റെ മാപ്പുസാക്ഷിയായി അധഃപതിച്ച 'സോഷ്യൽ ഫാസിസ്റ്റുകളാ" ണ് ഇന്നു കേരള ഭരണം നിയന്ത്രിക്കുന്നത്. അതിന്റെ ഭാഗമായി, ഏറ്റവും ജീർണ്ണിച്ച കോർപ്പറേറ്റ് മൂലധനത്തിന് പാദസേവ ചെയ്തുകൊണ്ട് കേരളത്തെ വിനാശത്തിലേക്കു നയിക്കുകയാണ് അതിന്ന് കോൺഗ്രസ് നയിക്കുന്ന യുഡിഎഫിനാകട്ടെ നവലിബറൽ കോർപ്പറേറ്റുവൽക്കരണത്തോട് മൗലികമായ വിയോജിപ്പില്ലാത്തതിനാൽ ഈ ദുരവസ്ഥയ്ക്കെതിരെ ഫലപ്രദമായ ഒരു ഇടപെടലും നടത്താനാവില്ല. സംസ്ഥാന രൂപവത്കരണത്തിനു ശേഷം കേരളം ഏറ്റവും വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ അതിനെ മറികടക്കുന്നതിനും ജനങ്ങളുടെ അതിജീവനം ഉറപ്പുവരുത്തുന്നതിനും ഉതകുന്ന ഒരു രാഷ്ട്രീയ ബദൽ വളർത്തി കൊണ്ടുവരികയെന്നതാണ് ഇന്നു പുരോഗമന ജനാധിപത്യശക്തികളുടെ കടമ. തീർച്ചയായും ഇന്ത്യയിലെ ഒരു സംസ്ഥാനമെന്ന നിലക്ക് കേരളത്തിൽ മാത്രമായി ഏറ്റെടുത്ത് വിജയിപ്പിക്കാവുന്ന ഒരു കടമയല്ല ഇത്. മറിച്ച് ഫാസിസത്തിനും അതിന്റെ പ്രത്യയശാസ്ത്ര അടിത്തറയായ മനുവാദ ഹിന്ദുത്വത്തിനും ഭൗതിക അടിത്തറയായ ജീർണിച്ച (അതായത്, ഉല്പാദന മേഖലകൾ കൈയൊഴിഞ്ഞ് 7 മേഖലകളിൽ കേന്ദ്രീകരിക്കുന്ന കോർപ്പറേറ്റ് മൂലധനത്തിനുമെതിരെ എല്ലാ ജനാധിപത്യ, മതേതര, ജാതിവിരുദ്ധ പുരോഗമന ശക്തികളുമടങ്ങുന്ന ഏറ്റവും വിശാലമായ ദേശവ്യാപക ഫാസിസ്റ്റ് വിരുദ്ധ മുന്നണി കെടിപ്പടുക്കുകയെന്ന അടിയന്തിര കടമയിൽ നിന്നാരംഭിച്ച് നവ ഉദാര കോർപ്പറേറ്റവൽക്കരണ നയങ്ങൾക്കെതിരെ ഓരോ സംസ്ഥാനത്തിന്റെയും സമൂർത്ത സാഹചര്യങ്ങൾക്കനുസൃതമായി ഫെഡറൽ അവകാശങ്ങൾ ഉയർത്തിപ്പിടിക്കുന്ന മിനിമം പരിപാടി ആവിഷ്ക്കരിക്കുന്നതുമായി ബന്ധപ്പെട്ടാണ് കേരളത്തിലും ഇപ്രകാരമൊരു ബദൽ രൂപം കൊള്ളേണ്ടത്. അതുമായി കണ്ണിചേർത്തുകൊണ്ട് മുന്നോടു വെക്കേണ്ട കേരളത്തിന്റെ ജനപക്ഷ വികസനത്തിലും ജനാധിപത്യ വൽക്കരണത്തി

ലും ഊന്നുന്ന രാഷ്ട്രീയ പരിപ്രേക്ഷ്യത്തിലെ അനുപേക്ഷണീയ ഘടകങ്ങൾ ദിശാസൂചകമെന്നോണം താഴെ കൊടുക്കുന്നു.

1. ഭൂബന്ധങ്ങളുടെ ജനാധിപത്യവൽക്കരണം തന്നെയാണ് പ്രഥമവും പ്രധാനവുമായ കടമകളിലൊന്ന്. വ്യാജരേഖകളുടെ പിൻബലത്തിൽ, ഇന്ത്യയുടെ ഭരണഘടനയേയും പരമാധികാരത്തെയും വെല്ലുവിളിച്ചുകൊണ്ട് കേരളത്തിന്റെ ലക്ഷക്കണക്കിന് ഏക്കർ വരുന്ന വിശാല ഭൂപ്രദേശങ്ങൾ കൈവശം വെച്ചനുഭവിക്കുന്ന വിദേശ കോർപ്പറേറ്റുകളെയും ഭൂമാഫിയകളെയും പുറത്താക്കി തോട്ടഭൂമി സാമൂഹ്യ നിയന്ത്രണത്തിൽ കൊണ്ടുവരികയും മിച്ചമുള്ള ഭൂമി ദളിത്-ആദിവാസി വിഭാഗങ്ങൾക്കും ലയങ്ങളിൽ അടിമസമാനരായി കഴിയുന്ന തോട്ടം തൊഴിലാളികൾക്കും വിതരണം ചെയ്യുക. 'കൃഷിഭൂമി മണ്ണിൽ പണിയെടുക്കുന്നവർക്ക് ' എന്നതിന്റെ അടിസ്ഥാനത്തിൽ ഭൂബന്ധങ്ങളുടെ ജനാധിപത്യവൽക്കരണം സാധ്യമാക്കുക. കൃഷിയുടെ മേലുള്ള എല്ലാത്തരം പ്രതിലോമ കടന്നു കയറ്റങ്ങളും അവസാനിപ്പിക്കുന്ന വിധം സമഗ്രമായ കാർഷിക പരിപാടിയും ഭക്ഷ്യക്കൃഷിയിൽ ഊന്നുന്ന കാർഷിക നയവും ആവിഷ്ക്കരിക്കുക. ശാസ്ത്രീയമായ ഭൂപരിധി നടപ്പാക്കുക. കൃഷി മുഖ്യ ജീവിതോപാധിയല്ലാത്തവരിൽ ഭൂമി കേന്ദ്രീകരിക്കുന്നത് തടയുക. പരിസ്ഥിതിക്കും ആവാസ വ്യവസ്ഥയ്ക്കും സാമൂഹ്യാവശ്യങ്ങൾക്കും ഉതകുന്ന ഭൂവിനിയോഗം നടപ്പാക്കുക.

2. വനങ്ങളടക്കം പശ്ചിമഘട്ടവും നെൽവയലുകളും തണ്ണീർത്തടങ്ങളും പുഴകളും കടൽത്തീരവും ഉൾപ്പെടെ കേരളത്തിന്റെ ഭൂമിയും പരിസ്ഥിതിയും സംരക്ഷിക്കുന്നതും ആദിവാസി-ദളിത്- മത്സ്യത്തൊഴിലാളി വിഭാഗങ്ങളുടെ സുസ്ഥിരവികസനവും ആവാസവ്യവസ്ഥയും പരിരക്ഷിക്കുന്നതുമായ നയം ആവിഷ്ക്കരിച്ചു നടപ്പാക്കുക. ഭൂമിയുടെയും വിഭവങ്ങളുടെയും മേൽ പാർശ്വവൽക്കരിക്കപ്പെട്ടു കഴിഞ്ഞ ആദിവാസികൾ, ദളിതർ, മത്സ്യത്തൊഴിലാളികൾ, സ്ത്രീകൾ, ലൈംഗിക ന്യൂനപക്ഷങ്ങൾ എന്നിവരുടെ അവകാശങ്ങൾ ഉറപ്പുവരുത്തുക. ഇവരുടെ നാട്ടറിവുകളും ജൈവ സാങ്കേതിക വിദ്യകളും ആധുനിക വിജ്ഞാനവും ഉചിതമാം വിധം കോർത്തിണക്കുക. പദ്ധതികളും പരിപാടികളും മുകളിൽനിന്നു കെട്ടിയിറക്കുന്ന രീതി അവസാനിപ്പിച്ച് ഇക്കാര്യത്തിൽ നയരൂപവത്കരണത്തിലും നടത്തിപ്പിലും പ്രാദേശിക തലം മുതൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുക

3, തൊഴിലവസരങ്ങൾ സൃഷ്ടിച്ച് ജനങ്ങളുടെ ക്രയശേഷിയും ജീവിതനിലവാരവും ഉയർത്തും വിധം ആധുനിക സാങ്കേതികവിദ്യകൾ കൂടി പ്രയോജനപ്പെടുത്തിക്കൊണ്ട്





കേരളത്തിന്റെ തനതു സവിശേഷതകൾക്കനുസൃതമായ കാർഷികാനുബന്ധ-പരമ്പരാഗതവ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക. ജനങ്ങളുടെ പൊതു ആവശ്യങ്ങൾക്കുതകുന്നതും എൻഡോസൾഫാൻ പോലുള്ള ദുരന്തങ്ങളും മലിനീകരണവും പരിസ്ഥിതി ആഘാതവും

ഒഴിവാക്കുന്നതുമായ പദ്ധതികൾക്കും പശ്ചാത്തല സൗകര്യ വികസനത്തിനും ഊന്നൽ നൽകുക. ഇതിനാവശ്യമായ വൈദഗ്ധ്യവും സാങ്കേതികജ്ഞാനവും ഉചിതമായ രീതിയിൽ സമാഹരിക്കുന്നതോടൊപ്പം ഈ മേഖലയിലെ കോർപ്പറേറ്റ് ആധിപത്യവും പിപിപി - ബിഒടി രീതികളും അവസാനിപ്പിക്കുക. ഇതിനാവശ്യമായ വിധം കേരളത്തിലെ ബാങ്കുകളിൽ സമാഹരിച്ചിട്ടുള്ള പണവും പ്രവാസി മലയാളികളുടെ പങ്കാളിത്തവും ഉപയോഗപ്പെടുത്തുക.

4.മത്സ്യത്തൊഴിലാളികളുടെ സുസ്ഥിര അഭിവൃദ്ധിയുമായി ബന്ധപ്പെടുത്തി സമഗ്രമായ മത്സ്യനയവും തീരപരിപാലന നിയമവും ആവിഷ്ക്കരിക്കുക. സമുദ്ര വിഭവങ്ങളുടെ മേലുള്ള കോർപറേറ്റ് അധിനിവേശം അവസാനിപ്പിക്കുകയും സമുദ്രതീരമേഖലകളുമായി ബന്ധപ്പെട്ട ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങളും മത്സ്യതൊഴിലാളി സമൂഹങ്ങളുടെ തൊഴിൽ -പാർപ്പിട സുരക്ഷ ഉറപ്പാക്കും വിധം പുനഃസംഘടിപ്പിക്കുക. മത്സ്യതൊഴിലാളികളുടെ ആവാസ വ്യവസ്ഥയെ തകർക്കുന്നതും അശാസ്ത്രീയവും കൊടിയ പരിസ്ഥിതിവിനാശവും സാമ്പത്തിക ബാധ്യതയും വരുത്തിവെക്കുന്നതുമായ വിഴിഞ്ഞം പോലുള്ള പദ്ധതികൾ അവസാനിപ്പിക്കുക.

5, വൈദ്യുതി ഉൽപാദന മേഖലയിലെ കോർപ്പറേറ്റ് -ബ്യൂറോക്രാറ്റിക് -രാഷ്ട്രീയ അവിശുദ്ധ ബാന്ധവം ഇല്ലാതാക്കുക. കെടുകാര്യസ്ഥതയിലും അഴിമതിയിലും അധിഷ്ഠിതമായ വൻകിട പ്രോജക്ടുകളും അണക്കെട്ടുകളും അവസാനിപ്പിക്കുക. സോളാർ പോലുള്ള പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾക്ക് മലിനീകരണം ഒഴിവാക്കി പ്രാമുഖ്യം നൽകുക. മുല്ലപ്പെരിയാറിൽ പുതിയ ഡാം എന്ന "ഡാം ലോബി?'യുടെ നിർദ്ദേശം തള്ളിക്കളഞ്ഞ് "ടണൽ ടെക്നോളജി ' ഉൾപ്പെടെയുള്ള ആധുനിക എഞ്ചിനീയറിങ് സംവിധാനങ്ങളിലൂടെ മുല്ലപ്പെരിയാർ പ്രശ്നപരിഹാരത്തിന് മുൻകൈ എടുക്കുക. വൈദ്യുതിയുടെ ദുരുപഭോഗവും ധൂർത്തും ആഡംബര ഉപഭോഗവും തടയുക.

6. കാലാവസ്ഥയിലുണ്ടായിട്ടുള്ള വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ പ്രളയവും വരൾച്ചയുമടക്കം നേരിടുന്നതിന് പര്യാപ്തമായ ഏറ്റവും ആധുനികവും ശാസ്ത്രീയവുമായ ദുരന്തനിവാരണ മോണിറ്ററിങ് സംവിധാനം ആവിഷ്ക്കരിക്കുക. കാട്, മണ്ണ്, പുഴകൾ, തീരദേശം എന്നിവയുടെ തനതു ശേഷിയെ തടസ്സപ്പെടുത്തുന്ന കയ്യേറ്റങ്ങൾ, ക്വാറികൾ, നിർമ്മാണങ്ങൾ, റിയൽ എസ്റ്റേറ്റ് ഇടപാടുകൾ തുടങ്ങിയവ അവസാനിപ്പിക്കുക. ഓരോ പ്രദേശത്തിന്റെയും സവിശേഷതകളും ജനകീയ ആവശ്യങ്ങളും മുൻനിർത്തി സമഗ്രമായ കെട്ടിട-പാർപ്പിടനിർമ്മാണ നയം ആവിഷ്കരിക്കുകയും തദ്ദേശഭരണ

സ്ഥാപനങ്ങൾ, ഗ്രാമസഭകൾ, ജന കീയ സമിതികൾ തുടങ്ങിയവയി ലൂടെ ഇതിനാവശ്യമായ ജനപങ്കാ ളിത്തം ഉറപ്പാക്കുകയും ചെയ്യുക. കാലാവസ്ഥാ മാറുങ്ങളെ വിലയി രുത്തി മുൻകരുതലെടുക്കാനാകും വിധം കാലാവസ്ഥാ ശാസ്ത്രജ്ഞ രുടെയും പരിസ്ഥിതി വിദ്ഗ്ദരുടെ യും സ്ഥിരം സമിതിക്കു രൂപം നൽ കുക.

7. കേരളത്തിന്റെ പൊതു ഗതാഗ ത സംവിധാനം അപ്പാടെ തകർ ക്കാനുള്ള ആസൂത്രിത നീക്കമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇതി ന് സംസ്ഥാന ഭരണം തന്നെ നേ തൃത്വം കൊടുക്കുന്നതിന്റെ തെളി വാണ് കെഎസ്ആർടിസി ഇന്ന് നേ രിടുന്ന പ്രതിസന്ധി. യാത്രാ നിര ക്കുകൾ കുറച്ചും സർക്കാർ സ ബ്സിഡി നൽകിയും പൊതു ഗ താഗതത്തെ ശക്തിപ്പെടുത്തുക യും ആഡംബര വാഹന ഉപയോ ഗത്തെ നിരുത്സാഹപ്പെടുത്തുക യും വേണം. പൊതു ഗതാഗത ത്തെ തകർക്കുന്ന രാഷ്ട്രീയ-ബ്യൂ റോക്രാറ്റിക് -കോർപ്പറേറ്റ് ലോബി കളെ ഒതുക്കണം. കേരളത്തിന്റെ ഭൂപ്രകൃതിക്കും ആവാസ വ്യവസ്ഥ യ്ക്കും പരിസ്ഥിതിക്കും ഇണങ്ങു ന്ന റോഡ് -റെയിൽ-ഗതാഗത ശൃം ഖലയാണ് വളർത്തിയെടുക്കേ ണ്ടത്. വിനാശ പദ്ധതിയായ സിൽ വർ ലൈൻ അവസാനിപ്പിച്ച് സിഗ് നൽ - ട്രാക്ക് നവീകരണത്തിലൂടെ നിലവിലുള്ള റെയിൽ സംവിധാനം പൊതുമേഖലയിൽ ശക്തിപ്പെടു ത്തുക. ഗതാഗതമടക്കം പശ്ചാത്ത ല വികസന രംഗത്തെ എല്ലാ കോർപ്പറേറ്റ്-പിപിപി മോഡൽ കട ന്നുകയറ്റവും അവസാനിപ്പിക്കുക.

8. പുത്തൻ വിദ്യാഭ്യാസ നയത്തി ലൂടെ കേന്ദ്രത്തിലെ നവ ഫാസി സ്റ്റ് ഭരണം ഇന്ത്യയുടെ വിദ്യാഭ്യാ സ മേഖലയപ്പാടെ കോർപ്പറേറ്റ്- കാവി വൽക്കരണത്തിനായി തുറ ന്നിട്ട ഇന്നത്തെ പ്രത്യേക സാഹ ചര്യത്തിൽ കേരളത്തിന്റെ വിദ്യാ ഭ്യാസരംഗം മൊത്തത്തിൽ അതീ വഗുരുതരമായ പ്രതിസന്ധിയിലാ ണ് അകപ്പെട്ടിരിക്കുന്നത്. സംസ്ഥാ ന രൂപവത്കരണത്തിനു ശേഷം കേരളത്തിലെ ഭൂമിയിലും സമ്പ ത്തിലും ഭരണവർഗരാഷ്ട്രീയത്തി ലും പിടിമുറുക്കിയ ശക്തികളുമാ യി ബന്ധപ്പെട്ട സമ്പന്ന വർഗങ്ങൾ തന്നെ കേരളത്തിന്റെ വിദ്യാഭ്യാസ രംഗവും കയ്യടക്കുകയായിരുന്നു. ന വലിബറൽ കാലത്ത്, സ്വാശ്രയ വി ദ്യാഭ്യാസക്കച്ചവടത്തിലൂടെ വിദ്യാ ഭ്യാസ മാഫിയയായി ഇക്കൂട്ടർ മാ റിയിരിക്കുന്നു. ഈ സാഹചര്യ ത്തിൽ, മാതൃഭാഷയിലധിഷ്ഠിത വും ജാതിവിരുദ്ധ-മതേതര കാഴ്ച ചപ്പാടിലുന്നതുമായ ശാസ്ത്രീയ വിദ്യാഭ്യാസം ജനാധിപത്യവൽക്ക രണത്തിന്റെയും ജനപക്ഷ വികസ നത്തിന്റെയും സുപ്രധാന അജണ്ട കളിലൊന്നായി ഉറപ്പാക്കപ്പെടണം. വിദ്യാഭ്യാസരംഗത്തെ കോർപ്പ റേറ്റ്-മത-ജാതി ആധിപത്യം അവ സാനിപ്പിച്ച് സമഗ്രമായ സാമൂഹ്യ നിയന്ത്രണം ഉറപ്പുവരുത്തണം.

9. ആരോഗ്യ -ചികിത്സാ രംഗത്തും കോർപ്പറേറ്റ് മതാധിപത്യം പിടിമു റുക്കിയിരിക്കുന്നു. ഈ രംഗത്ത് പൊതു ചെലവുകൾ വർധിപ്പിച്ചും സാമൂഹ്യ നിയന്ത്രണം ഉറപ്പുവരു ത്തിയും മരുന്നുകളുടെയും ചികി ത്സയുടെയും കാര്യത്തിൽ ഫാർമ സ്യൂട്ടിക്കൽ കുത്തകകളുടെയും കോർപ്പറേറ്റ് മൂലധനത്തിന്റെയും ആധിപത്യം അവസാനിപ്പിച്ചും പൊതുജനാരോഗ്യ സംവിധാനം ശക്തിപ്പെടുത്തണം. അതോടൊ പ്പം, വിവിധ ചികിത്സാ രീതികൾ ശാസ്ത്രീയമായി ഉപയോഗപ്പെടു ത്തുന്നതും രോഗപ്രതിരോധത്തിന് ഊന്നൽ നൽകുന്നതും പാർശ്വ വൽകൃത ജനവിഭാഗങ്ങൾക്ക് സ വിശേഷ പരിഗണന നൽകുന്നതു മായ ജനകീയആരോഗ്യ നയം ആ വിഷ്ക്കരിക്കേണ്ടതുണ്ട്.

10. നവോത്ഥാന-ഇടതു മുന്നേറ്റങ്ങ ളുടെ ചരിത്രം അവകാശപ്പെടുന്ന കേരളത്തിൽ കുടുംബത്തിലും തൊഴിലിടങ്ങളിലും പുരുഷാധിപ ത്യത്തോടൊപ്പം മത-ജാതി ഫ്യൂ ഡൽ മൂല്യങ്ങൾക്കും അനാചാര ങ്ങൾക്കും വിധേയമാണ് സ്ത്രീക ളുടെ അവസ്ഥ. നവലിബറൽ ആ ഗോളവൽക്കരണവും കോർപ്പറേറ്റ് കമ്പോളാധിപത്യവും സ്ത്രീകൾ നേരിടുന്ന മർദ്ദനത്തെ സങ്കീർണ മാക്കിയിട്ടുണ്ട്. കൊട്ടിഘോഷിക്ക പ്പെട്ട ജനകീയാസൂത്രണം സംജാ തമാക്കിയ അരാഷ്ട്രീയവൽക്കര ണവും അതിന്റെ ബാക്കിപത്രമായ കുടുംബശ്രീയും മറ്റും സ്ത്രീകളെ വിപണിയുടെ അനുബന്ധങ്ങളും മൈക്രോഫിനാൻസിന്റെ നടത്തി പ്പുകാരുമായി ചുരുക്കിയതല്ലാതെ, ഒരു സ്ത്രീ ശാക്തീകരണവും അ തിന്റെ പേരിൽ നടന്നില്ല. സ്ത്രീ സാക്ഷരതയിലും മറ്റും ഇതര സം സ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം മുന്നിട്ടു നിൽക്കുന്നു എന്നവകാശ പ്പെടുമ്പോഴും സ്ത്രീകളും കുട്ടിക ളും വിധേയമാകുന്ന ആക്രമണങ്ങ ളുടെ കാര്യത്തിൽ ഈ അന്തരം കാണാനാവില്ല, അപമാനകരമായ ഈ സ്ഥിതിവിശേഷം അടിയന്തര മായിഅവസാനിപ്പിച്ച് എല്ലാ രംഗ ത്തും ലിംഗസമത്വം ഉറപ്പുവരുത്തേ ണ്ടത് ജനാധിപത്യ വൽക്കരണ ത്തിന്റെ മുന്നുപാധിയാണ്.

11. നവോത്ഥാന മുന്നേറ്റത്തിലൂടെ ആർജ്ജിച്ചെടുത്ത പുരോഗമനമൂ ല്യങ്ങൾ തിരിച്ചുപോയതിനൊപ്പം നവലിബറൽ ആഗോളവൽക്കരണ വും അതിന്റെ പ്രത്യയശാസ്ത്രമാ യ പോസ്റ്റ് മോഡേണിസവും കൊ ടിയ മലിനീകരണമാണ് സാംസ്കാ രിക, ബൌദ്ധിക രംഗങ്ങളിൽ സൃ ഷ്ടിക്കുന്നത്. കലാ- സാഹിത്യ-ചി ന്താ മണ്ഡലങ്ങളിലെല്ലാം ശക്തമാ യിക്കഴിഞ്ഞ പ്രതിലോമ പ്രവണത കളെ പരാജയപ്പെടുത്തി ജാതിവി രുദ്ധതയിലും മതേതര-മാനവികത യിലും ലിംഗസമത്വത്തിലും ജനാ ധിപത്യത്തിലും മനുഷ്യസാഹോ ദര്യത്തിലും ശാസ്ത്രീയ ചിന്തയി ലും അധിഷ്ഠിതമായ ജനകീയ സംസ്കാരത്തിനു വേണ്ടിയുള്ള ഇ ടപെടലുകൾ ജനപക്ഷ വികസന

കാഴ്ചപ്പാടിൽ അന്തർലീനമാണ്. അതോടൊപ്പം, ജീർണിച്ച കോർപ്പറേറ്റ് -കമ്പോള സംസ്കാരം ഇല്ലാതാക്കുന്നതിന് മാധ്യമ രംഗത്തെ ഇന്നത്തെ കോർപ്പറേറ്റാധിപത്യം അവസാനിപ്പിച്ച് ജനപക്ഷ മാധ്യമപ്രവർത്തനം വളർത്തിക്കൊണ്ടു വരേണ്ടതും ജനാധിപത്യ വൽക്കരണത്തിന്റെ അനുപേക്ഷണീയ ഘടകമാണ്

12. 21-ാം നൂറ്റാണ്ടിൽ വികസിച്ചു വന്ന ഡിജിറ്റൽവൽക്കരണം ഉൾപ്പെടെയുള്ള ഏററവും ആധുനികമായ സാങ്കേതിക വിദ്യകളെ ഉൽപാദന വിതരണ പ്രക്രിയയെ സുഗമമാക്കുന്നതിനും ജനപക്ഷ-ഭരണനിർവഹണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ജനങ്ങളുടെ ശാക്തീകരണത്തിനും വിവര വിനിമയത്തിനും വിജ്ഞാന സമാഹരണത്തിനും അതിന്റെ വികാസനത്തിനും ഫലപ്രദമായി ഉപയോഗപ്പെടുത്താവുന്ന ഒരു ജനപക്ഷ ഐടി നയം വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. ഈ രംഗത്തെ സാമ്രാജ്യത്വ-കോർപ്പറേറ്റ് ആധിപത്യത്തെ ചെറുക്കാനാവുന്ന ഡിജിറ്റൽ സോഫ്റ്റ്‌വെയർ സാധ്യതകൾ ഈ രംഗത്ത് ജനപക്ഷ ഐടി വിദഗ്ദരുടെ പങ്കാളിത്തത്തോടെ വളർത്തിയെടുക്കേണ്ടതുണ്ട്.

13. തീർച്ചയായും, സ്ഥൂലവും സൂക്ഷ്മവുമായ, കൂടുതൽ ആഴത്തിലുള്ള പരിശോധനകളും വിലയിരുത്തലുകളും ആവശ്യമുള്ള മേൽ സൂചിപ്പിച്ച കേരളത്തിന്റെ ജനകീയ വികസന അജണ്ടയുടെ അനിവാര്യ ഘടകം അതിനാവശ്യമായ വിഭവ സമാഹരണത്തിന്റേതാണ്. ഈ കുറിപ്പിൽ അന്യത്ര പരാമർശിച്ചതു പോലെ, 1990 കൾ മുതലുള്ള നവ ലിബറൽ കാലത്ത് കേന്ദ്രസംസ്ഥാന സർക്കാരുകളുടെ നികുതി, നികുതിയേതര വരുമാനം ആഭ്യന്തര ഉല്പാദനത്തിന്റെ അനുപാതമെന്ന നിലയിൽ കുത്തനെ ഇടിഞ്ഞു കൊണ്ടിരിക്കുന്നു. ജിഎസ്ടി യിലൂടെയും മറ്റും നികുതിഭാരം മഹാഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങളുടെ ചുമലുകളിലേക്കു തള്ളുമ്പോഴും കോർപ്പറേറ്റ് നികുതികൾ ലോകത്തേറ്റവും കുറവുള്ള രാജ്യമാക്കി മോദി ഭരണം ഇന്ത്യയെ മാറ്റിത്തീർത്തിരിക്കുന്നു. രാജ്യ സമ്പത്തും വിഭവങ്ങളും ഏതാനും ശതകോടീശ്വരന്മാരുടെ കയ്യിൽ കേന്ദ്രീകരിക്കുന്നു. സംസ്ഥാനങ്ങളിലും ഇതേ പ്രവണത തന്നെയാണ്നിലവിലുള്ളത്. എന്നു മാത്രമല്ല, മുമ്പു സൂചിപ്പിച്ചതു പോലെ, ഒരു ഭാഗത്ത്, ഫെഡറൽ ഘടനയെ അട്ടിമറിച്ച് എസ്പി യും മറ്റും അടിച്ചേല്പിച്ചു കൊണ്ട് സംസ്ഥാനങ്ങളുടെ തനതുവിഭവ സമാഹരണത്തെ തടസ്സപ്പെടുത്തുകയും മറുഭാഗത്ത്,സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതവും കുത്തനെ വെട്ടിക്കുറച്ചിരിക്കുന്നു. ചുരുക്കത്തിൽ, നവ ഫാസിസത്തിനെതിരായ അടിയന്തര പോരാട്ടത്തോടൊപ്പം കോർപ്പറേറ്റാഭിമുഖ്യ നികുതി പരിഷ്ക്കാരങ്ങളും സംസ്ഥാനങ്ങളുടെ ഫെഡറൽ അധികാരത്തിനെതിരായ നടപടികളും ഉൾപ്പടെ നവ ഉദാര നയങ്ങളെ ചെറുത്തു പരാജയപ്പെടുത്തിക്കൊണ്ടേ, കേരളത്തെ സംബന്ധിച്ച ഒരു ജനപക്ഷവികസന പരിപ്രേക്ഷ്യം മുന്നോട്ടുവെക്കാനാകൂ.

14. കേരളത്തിലേക്കു വരുമ്പോൾ, പുത്തൻ അധിനിവേശ കേന്ദ്രങ്ങളിൽനിന്നും ആഗോള ധന വിപണിയിൽ നിന്നും സംസ്ഥാനത്തെ പണയപ്പെടുത്തി വായ്പയെടുത്തും ജനദ്രോഹ ഉപാധികളിന്മേൽ വിദേശ കോർപ്പറേറ്റുകൾക്കു ചുവപ്പു പരവതാനി വിരിച്ചും വികസനം കൊണ്ടുവരുന്ന ഏർപ്പാട് അവസാനിപ്പിക്കണം. മറിച്ച് കേരളത്തിന്റെ റവന്യൂ ഭൂമിയുടെ പ്രധാന വിഹിതം കൈവശപ്പെടുത്തി പ്രകൃതിയെയും മനുഷ്യരെയും കൊള്ള ചെയ്ത് അളവറ്റ സമ്പത്ത് വിദേശത്തേക്ക് കടത്തുന്നതിന് കൂട്ടുനിൽക്കുന്ന ഏർപ്പാട് അവസാനിപ്പിച്ചാൽ തന്നെ, സംസ്ഥാന ഖജനാവിന് അതു വലിയ മുതൽ കൂട്ടായിരിക്കും. അതോടൊപ്പം 'കേരള മോഡലി' ലൂടെയും തുടർന്നു വന്ന നവ ലിബറൽ കോർപ്പറേറ്റ്‌വതകരണത്തിലൂടെയും നേട്ടമുണ്ടാക്കിയ അതിസമ്പന്ന-കോർപ്പറേറ്റ് വിഭാഗങ്ങളെ നികുതി വിധേയമാക്കുന്നത് തന്നെ വലിയ വിഭവ സമാഹരണ സാധ്യതയാണ്.

15. ഉദാഹരണത്തിന്, ഉല്പാദന അടിത്തറ ദുർബലമാകുമ്പോഴും ആഡാംബര വാഹനങ്ങളും ഉപഭോഗ വസ്തുക്കളും നിർബാധം വിറ്റഴിക്കപ്പെടുന്ന ഇന്ത്യയിലെ ഏറ്റവും വലിയ വിപണികളിലൊന്നാണ് കേരളം. ഇന്ത്യൻ ജനസംഖ്യയുടെ കേവലം മൂന്നു ശതമാനം വരുന്ന കേരളം ഇന്ത്യൻ ഉപഭോഗ വിപണിയുടെ 15 ശതമാനമാണ് പേറുന്നത്. കേരളത്തിൽ വിറ്റഴിയുന്ന ആഡംബര വാഹനങ്ങളും ഉപഭോഗ വസ്തുക്കളും വേണ്ട വിധം നികുതിക്കു വിധേയമായാൽ സാധാരണ ജനങ്ങൾക്ക് ഒരു ബുദ്ധിമുട്ടുമില്ലാത്ത വിഭവസമാഹരണത്തിനുള്ള വലിയ ഉറവിടമാണിത്. കേരളത്തിലെ ആഡംബര വീടുകൾക്ക് ന്യായമായ കെടിട നികുതി ചുമത്തിയാൽ സഹസ്രകോടികൾ വരുമാനമുണ്ടാക്കാം. ക്വാറി മുതലാളിമാർ മറ്റൊരു സ്രോതസ്സാണ് സ്വർണ്ണക്കച്ചവടത്തിൽ നിന്നു ലഭിക്കാവുന്നതിന്റെ ചെറിയൊരംശം മാത്രമാണ് ഖജനാവിന് നികുതിയായി കിട്ടുന്നത്. ദീർഘിപ്പിക്കാവുന്നതാണ് ഈ പട്ടിക. നികുതി കുടിശ്ശിക പിരിച്ചെടുക്കാനായാൽ ആയിരക്കണക്കിനു കോടി രൂപ സമാഹരിക്കാം.

16. ഇതു സാധ്യമാകണമെങ്കിൽ രാഷ്ട്രീയ മണ്ഡലത്തിലും ഭരണ നിർവഹണത്തിലും അടിമുടി മാറ്റങ്ങൾ കൊണ്ടു വന്നേതീരു. കോർപ്പറേറ്റ് - ഉദ്യോഗസ്ഥ- രാഷ്ട്രീയ അവിഹിത . കൂട്ടുകെട്ടിന്റെ മുൻ കയ്യിൽ 'വികസനം' മുകളിൽനിന്നു കെട്ടിയിറക്കുന്ന ഏർപ്പാട്

അവസാനിപ്പിക്കുക. ജനകീയാസൂത്രണം, മുമ്പു സൂചിപ്പിച്ചതു പോലെ, കേരളത്തെ നവ ഉദാരവൽകരണത്തിലേക്ക് എത്തിക്കാനുള്ള ഒരുപുകമറ മാത്രമായിരുന്നു. മറിച്ച്, നയരൂപവൽകരണത്തിൽ ജനങ്ങൾക്ക് യാതൊരുവിധ അധികാരവും പങ്കാളിത്തവുമില്ലാതെ, മുകളിൽനിന്ന് കെട്ടിയിറക്കുന്ന പദ്ധതികളുടെ നടത്തിപ്പുകാർ മാത്രമായ തദ്ദേശഭരണസമിതികളുടെയും പ്രാദേശിക സമിതികളുടെയും ഇന്നത്തെ അവസ്ഥ അവസാനിപ്പിച്ച് നയരൂപവൽകരണത്തിൽ പൂർണമായ ജനകീയ പങ്കാളിത്തം ഉറപ്പു വരുത്തണം. ഇതിനാവശ്യമായവിധം ജനപ്രാതിനിധ്യത്തിലും ഭരണ, നിയമ, നീതിന്യായ സംവിധാനങ്ങളിലും മൗലികമായ പൊളിച്ചെഴുത്തുണ്ടാകണം. കൂടുതൽ ഗാരവാവഹമായ ചർച്ചകൾ ആവശ്യമുള്ള വിഷയമാണിത്.


**ഉപസംഹാരം**

വളരെ ചുരുക്കത്തിൽ, അദ്ധ്വാനിക്കുന്ന ബഹുജനങ്ങൾക്ക് തൊഴിലും ഉപജീവനവും മർദ്ദിത–പാർശ്വവൽകൃത ജനവിഭാഗങ്ങളുടെ അഭിവൃദ്ധിയും ജനാധിപത്യാവകാശങ്ങളും എല്ലാവർക്കും ആരോഗ്യ വിദ്യാഭ്യാസാദികളും സാംസ്കാരിക ഉന്നതിയും ഉറപ്പാക്കുന്നതും പരിസ്ഥിതിയുടെ മേലുള്ള എല്ലാ അതിക്രമങ്ങളും അവസാനിപ്പിക്കുന്നതുമായ ഒരു ജനപക്ഷ വികസന പരിപ്രേക്ഷ്യമാണ് ആവിഷ്ക്കരിച്ചു നടപ്പാക്കേണ്ടത്. ഇതിനായി ജനപക്ഷത്തു നിൽക്കുന്ന രാഷ്ട്രീയ പ്രവർത്തകർ, തൊഴിലാളികളുടെയും മർദിത–പാർശ്വവൽകൃത വിഭാഗങ്ങളുടെയും സ്ത്രീകളുടെയും പ്രതിനിധികൾ,പരിസ്ഥിതി വിദഗ്ദർ, ശാസ്ത്ര –സാങ്കേതിക വിദഗ്ദർ, സാമൂഹ്യശാസ്ത്രജ്ഞർ, സാംസ്കാരിക പ്രവർത്തകർ തുടങ്ങിയവരെല്ലാം പങ്കാളിത്തം ഉറപ്പു വരുത്തണം. ഇപ്രകാരം ആവിഷ്ക്കരിക്കുന്ന വികസന പരിപ്രേക്ഷ്യത്തിൽ, ഓരോ പ്രദേശത്തിന്റെയും മേഖലയുടെയും തനതു സവിശേഷതകൾ പരിഗണനയിലെടുക്കത്തക്കവിധം നയരൂപവൽകരണത്തിന്റെയും നടത്തിപ്പിന്റെയും എല്ലാ തലങ്ങളിലും അധികാര വികേന്ദ്രീകരണവും ജനകീയ പങ്കാളിത്തവും ഉറപ്പുവരുത്തണം.

> ഓരോ പ്രദേശത്തിന്റെയും മേഖലയുടെയും തനതു സവിശേഷതകൾ പരിഗണനയിലെടുക്കത്തക്കവിധം നയരൂപവൽകരണത്തിന്റെയും നടത്തിപ്പിന്റെയും എല്ലാ തലങ്ങളിലും അധികാര വികേന്ദ്രീകരണവും ജനകീയ പങ്കാളിത്തവും ഉറപ്പുവരുത്തണം.

കേരളത്തിന്റെ അടിസ്ഥാന ജനാധിപത്യവൽകരണത്തിൽ ഊന്നി നിന്നുകൊണ്ട് ജനങ്ങളുടെ രാഷ്ട്രീയ–സാമ്പത്തിക – സാമൂഹ്യ: സാംസ്കാരിക അഭിവൃദ്ധി ലക്ഷ്യമാക്കുന്ന ഒരു പ്രാഥമിക കാഴ്ചപ്പാടാണ് ഇവിടെ മുന്നോടു വെച്ചിട്ടുള്ളത്. എല്ലാ തലങ്ങളിലുമുള്ള സജീവമായ ഇടപെടലുകളിലൂടെ സമഗ്രമായ പരിശോധനകളും കൂട്ടിച്ചേർക്കലുകളും വഴി കേരള വികസനത്തിനുള്ള ഒരു സമൂർത്ത പരിപ്രേക്ഷ്യമായി ഇത് വികസിപ്പിക്കേണ്ടതുണ്ട്. എന്നാൽ ഇന്ന് കേരളത്തിലെ മുഖ്യധാരാ പാർട്ടികളുടെ ഗണത്തിൽ പെടുന്നവരും അവർക്കൊപ്പം നിൽക്കുന്നവരും കോർപ്പറേറ്റ് മാധ്യമങ്ങളും പൊതുവിൽ നവ ഉദാരപക്ഷത്താണ് നിലയുറപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാണ്. ആയതിനാൽ, നിലവിലുള്ള സംവിധാനത്തിൽ നിന്ന് മൗലികമായ ഒരു വിച്ഛേദനത്തിന് തയ്യാറല്ലാത്ത ഈ ശക്തികൾക്കെതിരെ കടുത്ത ആശയ സമരവും സംവാദങ്ങളും രാഷ്ട്രീയ ഇടപെടലുകളും അതിൻ പ്രകാരമുള്ള വമ്പിച്ച ജനകീയ മുന്നേറ്റങ്ങളും കെട്ടഴിച്ചുവിട്ടു കൊണ്ടുമാത്രമേ, ഒരു ജനപക്ഷ കേരളത്തിനു വേണ്ടിയുള്ള രാഷ്ട്രീയ ബദൽ ആവിഷ്ക്കരിച്ചു നടപ്പാക്കാനാകു. ശ്രമകരമായ ഈ കടമ ഏറ്റെടുത്ത് മുന്നോട്ടു പോകണമെങ്കിൽ തൊഴിലാളി – കർഷക ജനതയും സ്ത്രീ–ആദിവാസി –ദളിത്. മത്സ്യത്തൊഴിലാളികളും ഉൾപ്പെടുന്ന മർദ്ദിതജനതകളും അവരുടെ അവകാശ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകുന്നവരും പരിസ്ഥിതി വിഷയത്തിൽ ജനപക്ഷ നിലപാടുള്ള വരും ജാതിവിരുദ്ധ മതേതര ശക്തികളും ജനകീയ സംസ്കാരത്തിനു വേണ്ടി നിലകൊള്ളുന്നവരും ജനാധിപത്യാവകാശത്തിനുവേണ്ടി പ്രവർത്തിക്കുന്നവരും എല്ലാമടങ്ങുന്ന പല തലങ്ങളിലുള്ള കൂട്ടായ അനിവാര്യമാണ്. ഭാരിച്ച ഈ ഉത്തരവാദിത്വം വീണ്ടും അടിവരയിടുന്ന സന്ദർഭമാണ് നവകേരളം കെടിപ്പടുക്കാനെന്ന പേരിൽ ഇപ്പോൾ പിന്തുടർന്നു പോരുന്ന വിനാശകരമായ വികസനമാതൃക ശക്തിപ്പെടുത്താനുള്ള സിപിഎം ന്റെ പ്രഖ്യാപനം. വസ്തുതകൾ തിരിച്ചറിയാൻ ജനങ്ങൾക്ക് കഴിയുന്ന ഈ രാഷ്ട്രീയ അന്തരീക്ഷത്തിൽ ജനപക്ഷത്തു നിന്നുള്ള ഇപ്രകാരമൊരു ചുവടുവെപ്പ് തികച്ചും പ്രസക്തമാണ്.

■



രാം പുനിയാനി

# ആർ.എസ്.എസിന്റെ വിഭജന രാഷ്ട്രീയവും ബഹുസ്വര സമൂഹത്തിനായുള്ള പോരാട്ടവും

**വൈ**വിധ്യമാർന്ന ബഹുസ്വര പാരമ്പര്യങ്ങളുള്ള രാജ്യമാണ് ഇന്ത്യ. നൂറ്റാണ്ടുകളായി വിവിധ മതസ്ഥർ ഇവിടെ ജീവിക്കുന്നു. കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി വിവിധ സമുദായങ്ങൾ തമ്മിലുള്ള ഭിന്നതകൾ വർദ്ധിച്ചു വരികയാണ്. ന്യൂനപക്ഷങ്ങൾ, പ്രത്യേകിച്ച് മുസ്ലീങ്ങൾ, കടുത്ത രീതിയിലാണ് ആക്രമിക്കപ്പെടുന്നത്. ക്രിസ്ത്യൻ ന്യൂനപക്ഷം പോലും ആക്രമണത്തിന് ഇരയാകുന്നു. കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി ആക്രമണാത്മകമായി അഴിച്ചുവിട്ട വർഗീയ അജണ്ട കാരണം വിവിധ മതവിഭാഗങ്ങൾ തമ്മിലുള്ള ഭിന്നതകൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഷാ ബാനോ കേസിലെ നാണം കെട്ട പരാജയത്തിന്റെ കാലത്ത്, വർഗീയ ശക്തികൾ രാമക്ഷേത്ര പ്രചാരണത്തിന് തുടക്കമിട്ടു. 1990-ൽ മണ്ഡൽ കമ്മീഷൻ നടപ്പിലാക്കിയതിന് ശേഷം അത് കൂടുതൽ ശക്തി പ്രാപിച്ചു. അതിനുശേഷം ഒരു വശത്ത് വർഗീയ കലാപവും മറു വശത്ത് ബിജെപിയുടെ തിരഞ്ഞെടുപ്പ് ശക്തിയും സമാന്തരമായി വർദ്ധിച്ചുവരികയാണ്.

സവർക്കറുടെ ആശയങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ഹിന്ദുത്വ രാഷ്ട്രീയമാണ് ആർഎസ്എസ് പിന്തുടരുന്നത്. സവർക്കറുടെ അഭിപ്രായത്തിൽ, ഹിന്ദുത്വം വെറുമൊരു മതമല്ല, അത് ആര്യൻ വംശം, സംസ്കാരം (ബ്രാഹ്മണ സംസ്കാരം), സിന്ധു നദി മുതൽ സമുദ്രം വരെയുള്ള ഭൂമി എന്നിവയെ അടിസ്ഥാനമാക്കിയുള്ള സമ്പൂർണ്ണ ഹിന്ദുത്വമാണ്. അദ്ദേഹത്തിന്റെ പൗരത്വ സങ്കൽപ്പത്തിൽ ഹിന്ദുക്കൾക്കാണ് പ്രഥമസ്ഥാനം. കാരണം ഇത് അവർക്ക് പിതൃഭൂമിയും പുണ്യഭൂമിയും ആണ്. ക്രിസ്ത്യാനികളും മുസ്ലീങ്ങളും രണ്ടാം തരക്കാരായി മാറുന്നു, കാരണം അവരുടെ പുണ്യഭൂമി മക്കയിലും ജറുസലേമിലും ആണല്ലോ. അദ്ദേഹത്തിന്റെ ദേശീയത എന്ന സങ്കൽപ്പം ഇതിനെ അടിസ്ഥാനമാക്കിയുള്ളതാണ്, അതായത്, ഹിന്ദു രാഷ്ട്രം. ഇതാണ് ആർഎസ്എസ് രാഷ്ട്രീയത്തിന്റെ പ്രത്യയശാസ്ത്ര അടിത്തറ.

### കൊളോണിയൽ കാലഘട്ടം: ഇന്ത്യൻ ദേശീയതയും വിഭാഗീയ ദേശീയതയും

കൊളോണിയൽ കാലഘട്ടത്തിൽ വ്യവസായികൾ, വ്യാപാരികൾ, തൊഴിലാളികൾ, അഭ്യസ്തവിദ്യർ തുടങ്ങിയ വളർന്നുവരുന്ന വിഭാഗങ്ങൾ ഒത്തുചേർന്ന് വിവിധ സംഘടനകൾ രൂപീകരിച്ചു. മദ്രാസ് മഹാജൻ സഭ, പൂനെ സാർവ്വജനിക് സഭ, ബോംബെ അസോസിയേഷൻ തുടങ്ങിയവ അവയിൽപ്പെടുന്നു. ഈ സംഘടനകൾക്കെല്ലാം മുകളിലായി ഒരു രാഷ്ട്രീയ സംഘടനയുടെ ആവശ്യകതയുണ്ടെന്ന് അവർക്കനുഭവപ്പെട്ടു. അങ്ങനെ 1885-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപീകരിക്കപ്പെട്ടു. സമൂഹത്തിലെ ക്ഷയോന്മുഖ വിഭാഗങ്ങളായ, മുസ്ലീം-ഹിന്ദു ഭൂപ്രഭുക്കളും രാജാക്കന്മാരും കൂടിച്ചേർന്ന് കോൺഗ്രസിന്റെ, എല്ലാവരെയും ഉൾക്കൊള്ളുന്ന രാഷ്ട്രീയത്തെ എതിർക്കാൻ തീരുമാനിച്ചു, കോൺഗ്രസിന്റെ രാഷ്ട്രീയം കാലക്രമേണ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ മൂല്യങ്ങളുടെ പ്രധാന വാഹകരായി മാറി. ക്ഷയോന്മുഖ വിഭാഗങ്ങൾ സാമൂഹിക മാറ്റങ്ങൾ തങ്ങൾക്ക് ഭീഷണിയാകുമെന്നു മനസ്സിലാക്കി. സ്വന്തം സാമൂഹിക അധഃപതനത്തെ മറച്ചുവെക്കാൻ അവർ തങ്ങളുടെ മതം അപകടത്തിലാണെന്ന മട്ടിൽ പ്രചരിപ്പിച്ചു. ഉയർന്നുവരുന്ന വിവിധ സാമൂഹിക ഗ്രൂപ്പുകൾക്കും അതുവഴി ഇന്ത്യയ്

ക്കും വേണ്ടിയുള്ള ആവശ്യങ്ങൾ മുന്നോട്ട് വയ്ക്കാൻ തുടങ്ങിയ കോൺഗ്രസ്, കൊളോണിയൽ യജമാനന്മാർക്കെതിരെ നിലകൊണ്ടതും അവർക്ക് ഇഷ്ടപ്പെട്ടില്ല. കോൺഗ്രസ് ഈ രാജ്യത്തെ കണ്ടത് 'ഇന്ത്യ രൂപമെടുത്തു കൊണ്ടിരിക്കുന്ന ഒരു രാഷ്ട്രമാണ്' എന്നാണ്. മുസ്ലീം ലീഗും ഹിന്ദു മഹാസഭയും യഥാക്രമം മുസ്ലീം, ഹിന്ദു രാഷ്ട്രമായി ഇന്ത്യയെ കണ്ടു.

ജന്മിമാരും രാജാക്കന്മാരും അടങ്ങിയ ക്ഷയോന്മുഖ വിഭാഗങ്ങളുടെ അഭിപ്രായത്തിൽ, ഭരണാധികാരിക്ക് മുന്നിൽ തലകുനിക്കാതിരിക്കുന്നത് 'നമ്മുടെ' മതത്തിന്റെ പാഠങ്ങൾക്ക് എതിരാണ്. അതിനാൽ അവർക്ക് വേണ്ടത് അനുസരണയോടെ ബ്രിട്ടീഷുകാരോടുള്ള കൂറ് പ്രോത്സാഹിപ്പിക്കുക എന്നതാണ്. അവർ, അതായത്, ഹിന്ദു, മുസ്ലീം ഫ്യൂഡൽ ഘടകങ്ങൾ ഒത്തുചേർന്ന് സർ സയ്യിദ് അഹമ്മദ് ഖാന്റെ നേതൃത്വത്തിൽ 1888-ൽ യുണൈറ്റഡ് ഇന്ത്യ പേട്രിയോട്ടിക് അസോസിയേഷൻ രൂപീകരിച്ചു. ധാക്കയിലെ നവാബ്, കാശിയിലെ രാജാവ് തുടങ്ങിയ മുസ്ലീം, ഹിന്ദു ഫ്യൂഡൽ ഘടകങ്ങൾ അതിൽ ഭാഗഭാക്കായി. പിന്നീട് ബ്രിട്ടീഷ് കുതന്ത്രങ്ങൾ കാരണം ഈ അസോസിയേഷനിൽ നിന്ന് മുസ്ലീം വരേണ്യവർഗം വേർപിരിഞ്ഞ് 1906 ൽ മുസ്ലീം ലീഗ് രൂപീകരിച്ചു.

ഇതിന് സമാന്തരമായി ഹിന്ദു വരേണ്യവർഗം ആദ്യം 1909 ൽ പഞ്ചാബ് ഹിന്ദു സഭയും പിന്നീട് 1915 ൽ ഹിന്ദു മഹാസഭയും രൂപീകരിച്ചു.

ഈ വർഗീയ രൂപീകരണങ്ങൾ മുസ്ലീം ദേശീയതയ്ക്കും ഹിന്ദു ദേശീയതയ്ക്കും വേണ്ടി വാദിച്ചു. ഹിന്ദു ദേശീയവാദികൾ ഹിന്ദുത്വയുടെ രാഷ്ട്രീയ പ്രത്യയശാസ്ത്രം വികസിപ്പിച്ചെടുത്തു, സവർക്കർ 1923-ൽ തന്റെ 'ഹിന്ദുത്വ അഥവാ ആരാണ് ഹിന്ദു?' എന്ന പുസ്തകത്തിൽ സ്പഷ്ടമാക്കിയ രൂപത്തിൽ. ഉയർന്നുവരുന്ന ദേശീയ പ്രസ്ഥാനത്തെ ദുർബലപ്പെടുത്തുമെന്നതിനാൽ ഇത്തരം ഗ്രൂപ്പുകൾക്ക് ബ്രിട്ടീഷുകാർ അനുകൂലമായ ഒരു സാഹചര്യം ഒരുക്കിക്കൊടുത്തു. ഒരു വശത്ത് അവർ മുസ്ലീം ലീഗിനെ നിശബ്ദമായി പിന്തുണയ്ക്കുകയും അതിന് സമാന്തരമായി അവർ ഹിന്ദു മഹാസഭയോട് മൃദു സമീപനം കൈക്കൊള്ളുകയും ചെയ്തു.

### ആർഎസ്എസിന്റെ ഉത്ഭവം

ഹിന്ദുത്വ പ്രത്യയശാസ്ത്രത്തെ പിന്തുടർന്ന് കൊണ്ട്, ഹിന്ദു ദേശീയതയുടെ പാത സ്വീകരിച്ച്, ഹിന്ദു രാഷ്ട്രം ലക്ഷ്യമാക്കി, 1925 ൽ ആർഎസ്എസ് ഉയർന്നുവന്നു.

ഭഗത് സിംഗ്, അംബേദ്കർ, ഗാന്ധി, മൗലാന അബ്ദുൾ കലാം ആസാദ് തുടങ്ങി നിരവധി പേരുടെ വ്യക്തിത്വത്തിൽ ഉൾക്കൊള്ളുന്ന, ഉയർന്നുവരുന്ന വർഗ്ഗങ്ങളുടെ മൂല്യങ്ങൾ പ്രധാനമായും ഇന്ത്യൻ ദേശീയതയെ ചുറ്റിപ്പറ്റിയാണ് - സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം, സാമൂഹിക നീതി എന്നീ തത്വങ്ങളെ ചുറ്റിപ്പറ്റിയാണ്. ഫ്യൂഡൽ സമൂഹത്തിന്റെ ജാതി, ലിംഗ ശ്രേണി സ്ഥാപിക്കാൻ വരേണ്യ മുസ്ലീം പാരമ്പര്യങ്ങളിൽ നിന്ന് മുസ്ലീം ലീഗിന്റെ പ്രത്യയശാസ്ത്രം രൂപമെടുത്തു. ഹിന്ദു മഹാസഭയ്ക്കും ആർഎസ്എസിനും ജാതിയുടെയും ലിംഗഭേദത്തിന്റെയും ശ്രേണീ വ്യവസ്ഥയെക്കുറിച്ച് സംസാരിക്കാൻ മനുസ്മൃതി പോലുള്ള അടിസ്ഥാന ഗ്രന്ഥങ്ങൾ ഉണ്ടായിരുന്നു. മുസ്ലീം, ഹിന്ദു വർഗീയവാദികൾ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായിരുന്നില്ല, കാരണം സ്വാതന്ത്ര്യസമരം എല്ലാവരെയും ഉൾക്കൊള്ളുന്നതും മതേതര ജനാധിപത്യ മൂല്യങ്ങൾ ലക്ഷ്യമാക്കിയുള്ളതുമാണ്. മുസ്ലീം-ഹിന്ദു വർഗീയവാദികൾ മുൻകാല രാജാക്കന്മാരുടെ മഹത്വങ്ങളിൽ നിന്ന് ആവേശമുൾക്കൊള്ളുകയും ബ്രിട്ടീഷ് വിരുദ്ധ പോരാട്ടത്തിൽ നിന്ന് അകന്നു നിൽക്കുകയും ചെയ്തു. സ്വാതന്ത്ര്യ സമരത്തിലെ അവരു



ടെ പങ്കാളിത്തത്തിന്റെ തെളിവുകൾ കാണിക്കാൻ ചില അപവാദങ്ങൾ മാത്രമേയുള്ളൂ.

ബ്രിട്ടീഷ് വിരുദ്ധ സമരത്തിലേക്ക് ജനങ്ങളെ ആകർഷിക്കാൻ ഗാന്ധി ശ്രമിച്ചതോടെയാണ് ജിന്നയെപ്പോലുള്ള ഭരണഘടനാവാദികളും മുസ്ലീം ലീഗിന്റെയും ഹിന്ദു മഹാസഭയുടെയും പാരമ്പര്യവാദികളും 1920-കൾക്ക് ശേഷം കൂടുതൽ അകന്ന് സ്വന്തമായി നിലയുറപ്പിക്കാൻ കളമൊരുങ്ങിയത്. 1920-ലെ ദശകം മുതൽ ഹിന്ദു ദേശീയതയുടെ പാത വളരെ വ്യക്തമാണ്. അവർ ബ്രിട്ടീഷുകാരുടെ പക്ഷം ചേർന്ന് മുസ്ലിം ദേശീയവാദികളെ എതിർത്തു, മുസ്ലീം ലീഗിനും ഇത് ബാധകമാണ്. അവർ കോൺഗ്രസിനെ ഒരു ഹിന്ദു പാർട്ടിയായി കണക്കാക്കി. രാജ്യത്തിന്റെ സ്വാതന്ത്ര്യ പ്രാപ്തിയും ദാരുണമായ വിഭജനവും ഇന്ത്യയിൽ മുസ്ലീം വർഗീയത ആളിക്കത്തിക്കാൻ ആവശ്യമായത്ര പേരെ ഇവിടെ നിലനിർത്തിക്കൊണ്ട് മുസ്ലീം ലീഗുകാർ പാകിസ്ഥാനിലേക്ക് പോകുന്നതിന് ഇടയാക്കി.

**ആർ.എസ്.എസ് ശാഖകൾ സ്ഥാപിക്കുന്നു**

ശാഖയാണ് ആർ.എസ്.എസിന്റെ പ്രധാന അടിസ്ഥാന ഘടകം. ഇവിടെ 5 മുതൽ 15 വയസ്സ് വരെ പ്രായമുള്ള ആൺകുട്ടികൾ മുസ്ലീം വിരുദ്ധ പ്രത്യയശാസ്ത്രത്തിലും പുരാതന മൂല്യങ്ങളുടെ മഹത്വവൽക്കരണത്തിലും പരിശീലിപ്പിക്കപ്പെടുന്നു, അവയെ ചുരുക്കത്തിൽ ബ്രാഹ്മണിസം അഥവാ മനുവാദം എന്ന് വിളിക്കാം. ധീരരായ ഹിന്ദു രാജാക്കൻമാരെ (ശിവാജി, മഹാറാണാ പ്രതാപ്, പൃഥ്വിരാജ് ചൗഹാൻ) ദുഷ്ട മുസ്ലീം രാജാക്കൻമാർക്കെതിരായി (അഫ്സൽ ഖാൻ, മുഹമ്മദ് ഘോരി, ബാബർ, അലാവുദ്ദീൻ ഖിൽജി, ഔറംഗസേബ് തുടങ്ങിയവർ) അവതരിപ്പിച്ചുകൊണ്ട് കഥകൾ മെനഞ്ഞുണ്ടാക്കപ്പെട്ടു. ഇസ്ലാമും ക്രിസ്തുമതവും അന്യമതങ്ങളായി അവതരിപ്പിക്കപ്പെട്ടു. മുസ്ലീം രാജാക്കന്മാർ വാളിലൂടെയാണ് ഇസ്ലാം മതം പ്രചരിപ്പിച്ചതെന്നും അവർ ഹിന്ദു ക്ഷേത്രങ്ങൾ നശിപ്പിച്ചുകൊണ്ടിരിക്കുകയാണെന്നും പ്രചരിപ്പിച്ച് അത് യുവാക്കളുടെ തലയിലേക്ക് അടിച്ചു കയറ്റുകയാണ്. തീവ്രവാദവുമായി ബന്ധപ്പെട്ടും, മുസ്ലിം കുടുംബങ്ങളുടെ വലിപ്പത്തെക്കുറിച്ചും പല അർദ്ധ സത്യങ്ങളും നുണകളും, നിരവധി പരിശീലന ക്യാമ്പുകളിലൂടെ പ്രചരിപ്പിക്കപ്പെടുന്നു.

മഹാത്മാഗാന്ധിയുടെ കൊലപാതകത്തിൽ തുടങ്ങി ഹിന്ദു മഹാസഭയുടെയും ആർ.എസ്.എസിന്റെയും രൂപത്തിലുള്ള ഹിന്ദു ദേശീയവാദികൾ ക്രമേണ സ്വയം ഉറപ്പിക്കാൻ തുടങ്ങി. ഹിന്ദു ദേശീയവാദികൾ ആദ്യം ജനസംഘവും പിന്നീട് ഇന്നത്തെ ബിജെപിയും രൂപീകരിച്ചു. ഈ ദേശീയവാദികൾ ഏറ്റെടുത്ത പ്രധാന പ്രശ്നം സഹകരണ കൃഷി, പൊതുമേഖല എന്നിവയോടുള്ള എതിർപ്പായിരുന്നു, തുടക്കത്തിൽ 'മുസ്ലിംകളുടെ ഭാരതീയവൽക്കരണം' എന്ന പേരിലുള്ള ഒരു പരിപാടി ഏറ്റെടുത്തു.

മഹാത്മാഗാന്ധിയുടെ കൊലപാതകത്തിൽ തുടങ്ങി ഹിന്ദു മഹാസഭയുടെയും ആർ.എസ്.എസിന്റെയും രൂപത്തിലുള്ള ഹിന്ദു ദേശീയവാദികൾ ക്രമേണ സ്വയം ഉറപ്പിക്കാൻ തുടങ്ങി. ഹിന്ദു ദേശീയവാദികൾ ആദ്യം ജനസംഘവും പിന്നീട് ഇന്നത്തെ ബിജെപിയും രൂപീകരിച്ചു.

സ്വത്വസംബന്ധിയായ പ്രശ്നങ്ങൾ മതപരമായ ദേശീയ പ്രവണതകളുടെ പഥ്യാഹാരമാണ്. 'ഗോമാതാവ്', 'രാമക്ഷേത്രം', 'രാമസേതു', '370 ആം വകുപ്പ് റദ്ദാക്കൽ', 'ഏകീകൃത വ്യക്തി നിയമം' എന്നിവയെ ചുറ്റിപ്പറ്റി വികാരനിർഭരമായ ഉന്മാദ പ്രസ്ഥാനങ്ങൾ കെട്ടിപ്പടുക്കപ്പെട്ടു. ഇതിനെ ഹിന്ദുത്വ അജണ്ട എന്നും വിളിക്കുന്നു, ഇത് രാജ്യത്ത് വർഗീയ വിഭജനം വർദ്ധിപ്പിക്കുകയും ഇവയ്ക്ക് ചുറ്റും വളരെയധികം വിദ്വേഷം സൃഷ്ടിക്കുകയും ചെയ്യുന്നു.

**മോദി അധികാരത്തിൽ**

1990-കളുടെ ദശകം മുതൽ വർദ്ധിച്ചുവന്ന വർഗീയ കലാപങ്ങൾ സമൂഹത്തെ ധ്രുവീകരിക്കുന്നതിലേക്കും ബി.ജെ.പിയുടെ തിരഞ്ഞെടുപ്പ് ശക്തി വർധിപ്പിക്കുന്നതിലേക്കും നയിച്ചു. മുസ്ലിം ന്യൂനപക്ഷത്തെ ചേരിവൽക്കരിക്കുന്നതിനും ക്രിസ്ത്യൻ ന്യൂനപക്ഷത്തെ ഭീഷണിപ്പെടുത്തുന്നതിനും ഇത് കാരണമായി.

മുസ്ലീം വിരുദ്ധ അക്രമങ്ങൾ വർഗീയ രാഷ്ട്രീയത്തിന്റെ പ്രധാന മുഖമുദ്രയാണ്. 1961-ലെ ജ

ബൽപൂർ കലാപം മുതൽ ഗുജറാത്ത് (1969), മീററ്റ്, ഹാഷിംപുര (1987), ഭഗൽപൂർ (1980കളുടെ ദശകത്തിൽ), മുംബൈ-സൂറത്ത് (199293), ഗുജറാത്ത് (2002), മുസാഫർനഗർ യുപി (2013), ഡൽഹിയിലെ അക്രമ സംഭവങ്ങൾ വരെ. മുസ്ലീം സമൂഹം കടുത്ത ആഘാതം അനുഭവിച്ചു. ഈ പരമ്പരയിലെ സമീപകാല സംഭവങ്ങൾ ഇവയാണ് - രാം നവമി (2022), ഗുജറാത്തിലെ ഖംബത, ഹിമ്മത് നഗർ, മധ്യപ്രദേശിലെ ഖർഗോണിൽ; കർണാടകയിലെ ഗുൽബർഗ, റായ്ച്ചൂർ, കോലാർ എന്നിവിടങ്ങളിൽ; ഉത്തർപ്രദേശിലെ സീതാപൂർ; ഗോവയിലെ ഇസ്ലാംപുര. രാജ്യവ്യാപകമായി വ്യാപിച്ച സംഭവങ്ങളിൽ ചിലതു മാത്രമാണ് ഇവ.


ന്യൂനപക്ഷ സമുദായത്തിന്റെ 51 ഓളം കെട്ടിടങ്ങൾ (കടകളും വീടുകളും) തകർത്തുകൊണ്ട് സംസ്ഥാന സർക്കാർ സ്വീകരിച്ച ഞെട്ടിക്കുന്ന നടപടിയാണ് ഖർഗോൺ സംഭവത്തെ വേറിട്ടതാക്കുന്നത്. ഈ സ്ഥലങ്ങളിൽ നിന്ന് കല്ലെറിഞ്ഞുവെന്നായിരുന്നു ആരോപണം; അതിനാൽ സംസ്ഥാന ആഭ്യന്തര മന്ത്രിയുടെ അഭിപ്രായത്തിൽ, ഈ കെട്ടിടങ്ങളെ കല്ലുകളാക്കി മാറ്റേണ്ടി വന്നു. അതിനിടെ, ഹിന്ദു ക്ഷേത്രങ്ങൾക്കടുത്തും ഹിന്ദു മേളകളിലും മുസ്ലീം വ്യാപാരികളെ പ്രവേശിപ്പിക്കില്ല എന്ന് പറഞ്ഞ് മുസ്ലീം സമുദായത്തിന്റെ നടുവൊടിക്കാനുള്ള പുതിയൊരു ന്യായവും ഉയർത്തിക്കൊണ്ടു വന്നു.

ഏതാനും ദിവസങ്ങൾക്കു ശേഷം ഹനുമാൻ ജയന്തി ആഘോഷിച്ചു. ഉച്ചത്തിലുള്ള സംഗീതം മുഴക്കിയും നൃത്തം ചെയ്തും മുസ്ലീം വിരുദ്ധ മുദ്രാവാക്യം മുഴക്കിയുമായിരുന്നു ആയുധങ്ങളേന്തിയുള്ള ഘോഷയാത്ര. ഘോഷയാത്രകൾക്ക് ഒരു പൊതു ലക്ഷ്യസ്ഥാനം ഉണ്ടായിരുന്നു, അടുത്തുള്ള പള്ളികൾ, പ്രത്യേകിച്ച് മുസ്ലീം ഭൂരിപക്ഷ പ്രദേശങ്ങൾ. തുടർന്ന് പ്രകോപനപരമായ മുദ്രാവാക്യങ്ങളും കല്ലേറും അക്രമവും ഉണ്ടായി. ഡൽഹിയിലെ സംഭവത്തിൽ ജഹാംഗീർപുരി പ്രത്യേകിച്ചും വേറിട്ടുനിൽക്കുന്നു. ഇവിടെ കല്ലെറിഞ്ഞ ശേഷം മുസ്ലീങ്ങളെ അറസ്റ്റ് ചെയ്തു. തെരുവുകളിലെല്ലാം ബഹളമയമായ ഉന്മാദം അലയടിച്ചു. സ്വതന്ത്ര ഇന്ത്യയുടെ ഏറ്റവും മോശം കാലഘട്ടത്തിലാണ് നാം ജീവിക്കുന്നതെന്ന് പ്രസ്താവിക്കാൻ പ്രമുഖ ചരിത്രകാരൻ രാമചന്ദ്ര ഗുഹയെ പ്രേരിപ്പിച്ചത് ഇതാണ്. ഇതാണ് കോൺഗ്രസ്, എൻ.സി.പി, ടി.എം.സി, ഡി.എം.കെ തുടങ്ങി 13 പ്രതിപക്ഷ പാർട്ടികളുടെ നേതാക്കളെ ഒരു പ്രസ്താവന ഇറക്കാൻ പ്രേരിപ്പിച്ചത്: "ഭക്ഷണം, വേഷം, ഭാഷ, ഉത്സവങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ നമ്മുടെ സമൂഹത്തെ ധ്രുവീകരിക്കാൻ ഭരണ സ്ഥാപനങ്ങൾ ബോധപൂർവം ഉപയോഗിക്കുന്നതായി കാണുന്നതിൽ ഞങ്ങൾ അത്യന്തം ദുഖിതരാണ്.. ഔദ്യോഗിക പിൻബലമുള്ള ആളുകൾ നമ്മുടെ രാജ്യത്ത് വിദ്വേഷ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു വരുന്നതിലും അവർക്കെതിരെ അർ



ഥപൂർണമായ കർശന നടപടികൾ സ്വീകരിച്ചു കാണാത്തതിലും ഞങ്ങൾ അതീവ ഉത്കണ്ഠാകുലരാണ്.''

മത ഘോഷയാത്രകൾ വിദ്വേഷം വമിപ്പിക്കുന്നു. ധർമസംസദ് (മത പാർലിമെന്റുകൾ – യതി നരസിംഹാനന്ദും ബജ്‌രംഗി മുനിയും കൂട്ടരും) പോലുള്ളവയും, മതേതര ഇന്ത്യക്കുമേൽ ഹിന്ദുരാഷ്ട്രം സ്ഥാപിക്കാൻ കൊതിക്കുന്നവരും ഏറ്റവും അപകീർത്തികരമായ വിദ്വേഷ പ്രസംഗങ്ങൾ നടത്തുന്നു. 13 പാർട്ടികളുടെ കത്തിന് മറുപടിയായി, ബിജെപി ദേശീയ വക്താവ് സംബിത് പത്ര, പ്രതിപക്ഷമായ കോൺഗ്രസ് പാർട്ടിയെ പ്രീണിപ്പിക്കാനുള്ള രാഷ്ട്രീയമാണ് അക്രമ പരമ്പരകൾക്ക് കാരണമായതെന്ന് കുറ്റപ്പെടുത്തി. മഹാത്മാഗാന്ധിയെ വധിക്കുമ്പോൾ നാഥുറാം ഗോഡ്സെ ഉന്നയിച്ചതും ഇതേ പ്രീണനവാദമായിരുന്നുവെന്നത് യാദൃശ്ചികമല്ല.



1999 ജനുവരി 23–ന് പാസ്റ്റർ ഗ്രഹാം സ്റ്റുവർട്ട് സ്റ്റെയിൻസിനെ ക്രൂരമായി ചുട്ടുകൊന്നതാണ് ക്രിസ്ത്യൻ വിരുദ്ധ അക്രമത്തിന്റെ ആദ്യ പ്രധാന കൃത്യം.

**ക്രിസ്ത്യൻ വിരുദ്ധ അക്രമം**

'പെർസിക്യൂഷൻ റിലീഫ്' റിപ്പോർട്ട് (2019) ചൂണ്ടിക്കാണിക്കുന്നത് "ക്രിസ്ത്യാനികളുടെ ഒത്തുചേരലുകൾക്ക് നേരെയുള്ള ആക്രമണ പരമ്പരകൾ ഏറി വരികയാണ്, പ്രത്യേകിച്ച് ഞായറാഴ്ച രാവിലെ ആരാധനാ ശുശ്രൂഷകളിലും ഭവന പ്രാർത്ഥനാ യോഗങ്ങളിലും. പാസ്റ്റർമാരെയും സഭാംഗങ്ങളെയും മർദിക്കുന്നു, പലപ്പോഴും കാലുകൾ ഒടിയാൻ തക്കവണ്ണം ഭീകരമായി. പള്ളികൾ തകർക്കപ്പെടുന്നു. ഈ ക്രിസ്ത്യാനികൾ ജനങ്ങളെ ക്രിസ്തുമതത്തിലേക്ക് മതപരിവർത്തനം ചെയ്യുന്നു എന്ന് ഹിന്ദു മതമൗലികവാദികൾ പോലീസിൽ റിപ്പോർട്ട് ചെയ്യുന്നു. ഹിന്ദുക്കളെ ക്രിസ്ത്യാനികളാക്കി എന്ന വ്യാജകുറ്റം ചുമത്തപ്പെട്ട് നൂറുകണക്കിന് ക്രിസ്ത്യാനികൾ തടവിലാക്കപ്പെടുന്നു."

'ഫ്രീഡം ഹൗസ്' റിപ്പോർട്ട് മുസ്ലീങ്ങൾക്ക് നേരെയുള്ള ആക്രമണങ്ങളെ പ്രധാനമായി പരാമർശിക്കുന്നു, കാരണം മുസ്ലീങ്ങൾക്ക് നേരെയുള്ള ആക്രമണങ്ങൾ വളരെ പ്രത്യക്ഷമാണ്, അതേസമയം ക്രിസ്ത്യാനികൾക്ക് നേരെയുള്ള ആക്രമണങ്ങൾക്ക് പൊതുവെ ദൃശ്യത കുറവാണ്. അവ റിപ്പോർട്ട് ചെയ്യപ്പെടുന്നതും കുറവാണ്. 1990–കളുടെ ദശകങ്ങളിൽ തുടങ്ങിയ ഇന്ത്യയിലെ ക്രിസ്ത്യൻ വിരുദ്ധ അക്രമത്തിന്റെ സ്വഭാവം അൽപ്പം വ്യത്യസ്തമാണ്. 1999 ജനുവരി 23–ന് പാസ്റ്റർ ഗ്രഹാം സ്റ്റുവർട്ട് സ്റ്റെയിൻസിനെ ക്രൂരമായി ചുട്ടുകൊന്നതാണ് ക്രിസ്ത്യൻ വിരുദ്ധ അക്രമത്തിന്റെ ആദ്യ പ്രധാന കൃത്യം. ഇപ്പോൾ ജയിലിൽ കഴിയുന്ന ബജ്‌റംഗ്ദളിന്റെ ദാരാ സിംഗ് (രാജേന്ദ്ര പാൽ) ആണ് പാസ്റ്റർ സ്റ്റെയിൻസ് കുഷ്ഠരോഗികളെ ചികിത്സിക്കുന്നതിന്റെ മറവിൽ ജനങ്ങളെ മതം മാറ്റുന്നത് ഹിന്ദുമതത്തിന് ഭീഷണിയാണെന്ന് പറഞ്ഞ് ആളുകളെ സംഘടിപ്പിച്ചത്. അന്ന് അടൽ ബിഹാരി വാജ്പേയിയുടെ നേതൃത്വത്തിലുള്ള എൻ.ഡി.എ സർക്കാരായിരുന്നു അധികാരത്തിലിരുന്നത്, ലാൽ കൃഷ്ണ അദ്വാനി ആഭ്യന്തര മന്ത്രിയും. ഇത് ബജ്‌റംഗ് ദൾ പ്രവർത്തകരുടെ പ്രവൃത്തിയാകാനിടയില്ല എന്നാണ് അദ്വാനി ആദ്യം പറഞ്ഞത്. സംഭവം വളരെ ഭീകരമായിരുന്നു, അന്നത്തെ ഇന്ത്യൻ രാഷ്ട്രപതി കെ.ആർ. നാരായണൻ 'ഈ കൊലപാതകങ്ങൾ ലോകത്തിലെ ഹീന പ്രവൃത്തികളുടെ പട്ടികയിൽ പെട്ടതാണ്' എന്ന് വിലപിച്ചു. അതേ സമയം സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ അദ്വാനി വാധ്വ കമ്മീഷനെ നിയോഗിച്ചു.

വനവാസി കല്യാൺ ആശ്രമം, വിശ്വഹിന്ദു പരിഷത്ത് തുടങ്ങിയ പ്രവർത്തനങ്ങളിൽ പങ്കെടുത്തിരുന്ന ബജ്‌റംഗ്ദൾ പ്രവർത്ത

കൻ ദാരാ സിംഗാണ് പ്രതിയെന്നും പാസ്റ്റർ സ്റ്റെയിൻസ് പ്രവർത്തിച്ചിരുന്ന പ്രദേശത്തെ ക്രിസ്ത്യാനികളുടെ എണ്ണത്തിൽ വർധനയില്ലെന്നും വാധ്വ കമ്മീഷൻ അന്വേഷിച്ച് കണ്ടെത്തി.

ക്രിസ്ത്യൻ വിരുദ്ധ അക്രമസംഭവങ്ങൾ ആദിവാസി മേഖലകളിൽ പതിവായി മാറുന്നത് നാം കണ്ടുവരികയാണ് - ഡാങ്സ് (ഗുജറാത്ത് ഏപ്രിൽ-ഓഗസ്റ്റ്, 1998), ഝബുവ (മധ്യപ്രദേശ് സെപ്റ്റംബർ 23, 1998), ഒറീസ്സ (2007, 2008) എന്നിവ അവയിൽ ചിലതു മാത്രം. എല്ലാ വർഷവും ക്രിസ്മസ് കാലത്ത് ക്രിസ്ത്യൻ വിരുദ്ധ അക്രമങ്ങൾ നടക്കാറുണ്ടായിരുന്നു, ഇതിന്റെ ഉച്ചസ്ഥായിയായ 2008 ഓഗസ്റ്റിലെ കന്ദമാൽ അക്രമത്തിൽ നൂറോളം ക്രിസ്ത്യാനികൾക്ക് ജീവൻ നഷ്ടപ്പെടുകയും നൂറുകണക്കിന് പള്ളികൾക്ക് കേടുപാടുകൾ സംഭവിക്കുകയും/ കത്തിക്കുകയും ആയിരക്കണക്കിന് ക്രിസ്ത്യാനികൾ കുടിയിറക്കപ്പെടുകയും ചെയ്തു.

**ഭിന്നിപ്പിക്കുന്ന പ്രശ്നങ്ങൾ**

ആർ.എസ്.എസും ബിജെപിയും മുന്നോട്ട് വെച്ച പ്രധാന പ്രശ്നങ്ങൾ രാമക്ഷേത്രവുമായി ബന്ധപ്പെട്ടതാണ്, ഇത് ബാബറി മസ് ജിദ് തകർക്കുന്നതിലേക്ക് നയിച്ചു (ഇപ്പോൾ രാമക്ഷേത്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു കൊണ്ടിരിക്കുന്നു). ജ്ഞാനവാപി മസ്ജിദിന്റെ പ്രശ്നം ഉയർത്തിക്കൊണ്ടു വന്നിരിക്കുന്നു, മഥുര കൃഷ്ണ ജന്മഭൂമി വിഷയമായിരിക്കും അടുത്തത്. അതിനിടെ, കൃത്രിമമായി നിർമ്മിക്കപ്പെട്ട സാമാന്യബോധത്തിന്റെ ഫലമായി കൊറോണയടക്കം സകലതിനും ഉത്തരവാദികൾ മുസ്ലീങ്ങളാണെന്ന് വരുത്തിത്തീർത്തിരിക്കുകയാണ് - കൊറോണ ജിഹാദ്, യു.പി.എസ്. സി ജിഹാദ്, ഭൂ ജിഹാദ്, നാർക്കോട്ടിക് ജിഹാദ് എന്നുവേണ്ട 2002 ലെ അസം വെള്ളപ്പൊക്കം വരെ ഇവയിൽപ്പെടുന്നു. മുസ്ലീം വ്യാപാരികളെ ബഹിഷ്കരിക്കാനുള്ള ആഹ്വാനം സാമൂഹ്യ മാധ്യമങ്ങളിൽ പ്രചരിക്കുക മാത്രമല്ല, പല തദ്ദേശസ്ഥാപനങ്ങളും ഇത്തരം പ്രമേയങ്ങൾ പാസാക്കുന്നുമുണ്ട്.

'ലവ് ജിഹാദ്' പ്രശ്നവും ഗോമാതാ-ബീഫ് പ്രശ്നവും ഇമ്മാതിരി സ്വത്വ പ്രശ്നങ്ങൾക്കായുള്ള തിരച്ചിലും വർധിച്ചു വരികയാണ്. ഇതോടൊപ്പം സ്വേച്ഛാധിപത്യവും ഗുരുതരമായ തോതിൽ വളർന്നു വരികയാണ്. വർഗീയ രാഷ്ട്രീയത്തിന്റെ സമ്മർദ്ദം മൂലം ജനാധിപത്യത്തിന്റെ വിവിധ വശങ്ങൾ വർഗീയ രാഷ്ട്രീയ സ്വാധീനത്താൽ തീരാക്കളങ്കത്തിലാണ്. ജനാധിപത്യത്തിന്റെ നെടുംതൂണുകളായ എക്സിക്യൂട്ടീവ്, ജുഡീഷ്യറി, നിയമനിർമ്മാണം, മാധ്യമങ്ങൾ, എന്നിവ കടുത്ത സമ്മർദ്ദത്തിലാണ്. ഭരണ മേധാവിയുടെ വർദ്ധിച്ചുവരുന്ന സ്വേച്ഛാധിപത്യത്തിന് കടിഞ്ഞാണിടാൻ അവയ്ക്കൊന്നും കഴിയുന്നില്ല. ഇസ്ലാം വിരോധത്തിന് (ഇസ്ലാമോഫോബിയ) അനുപൂരകമായി മുസ്ലിം സമുദായത്തിലും തീവ്രവാദ ഘടകങ്ങൾ രൂപപ്പെട്ടു കൊണ്ടിരിക്കുന്നു. സമാനമായ രീതിയിൽ ക്രിസ്ത്യൻ വിരോധവും (ക്രിസ്ത്യാനോഫോബിയ) ശക്തമായി ഉയർന്നു വന്നു കൊണ്ടിരിക്കുന്നു.

**ബഹുസ്വരതയെ പ്രോത്സാഹിപ്പിക്കൽ: ജനാധിപത്യം**

തിരഞ്ഞെടുക്കപ്പെട്ട സ്വേച്ഛാധിപത്യം എന്ന് പലരും മുദ്രകുത്തിയ നിലവിലെ സ്വേച്ഛാധിപത്യ ഭരണത്തിനെതിരെ ബഹുതല പോരാട്ടം ആവശ്യമാണ്. കർഷകരുടെ മുന്നേറ്റവും സി.എ.എയ്ക്കെതിരായ മുന്നേറ്റവും രണ്ട് സുപ്രധാന പ്രസ്ഥാനങ്ങളായിരുന്നു, അവ നമുക്ക് വഴി കാണിച്ചുതരുന്നു. ഒരു തലത്തിൽ വർഗീയ രാഷ്ട്രീയത്തെ കൈകാര്യം ചെയ്യാനുതകുന്ന വിവിധ പാർട്ടികളുടെ രാഷ്ട്രീയ വേദി കെട്ടിപ്പടുക്കേണ്ടതുണ്ട്. ജനാധിപത്യ മതേതര മൂല്യങ്ങളിൽ അധിഷ്ഠിതമായ ഒരു മിനിമം പൊതു പരിപാടി വികസിപ്പിച്ചുകൊണ്ട് പ്രതിപക്ഷ പാർട്ടികൾക്കിടയിലുള്ള അനൈക്യത്തെ മറികടക്കേണ്ടതുണ്ട്. വിവിധ പാർട്ടികളെ തെരഞ്ഞെടുപ്പു തലത്തിൽ ഒരുമിച്ച് കൊണ്ടുവരുന്നതിൽ നമുക്ക് എന്ത് പങ്കാണ് വഹിക്കാനാവുകയെന്ന് നാമെല്ലാവരും ആത്മപരിശോധന നടത്തേണ്ടതുണ്ട്.

തൊഴിലാളികൾ, കർഷകർ, തൊഴിൽരഹിതർ, ആദിവാസികൾ ഉൾപ്പെടെയുള്ളവരുടെ പ്രസ്ഥാനങ്ങളുടെ ഒരു പൊതുവേദി ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. വർഗീയ, കോർപ്പറേറ്റ് ശക്തികളുടെ കൂട്ടുകെട്ട് മൂലം ഈ ജനവിഭാഗങ്ങൾക്കുണ്ടായ കടുത്ത ദുരവസ്ഥയായിരിക്കും ഇത്തരമൊരു പ്ലാറ്റ്ഫോമിന്റെ പൊതുവായ അടിസ്ഥാന വിഷയം.

സാമൂഹിക തലത്തിൽ നിലവിലുള്ള വിദ്വേഷ ചിന്തകൾക്കെതിരെ അടിയന്തിരമായി പ്രവർത്തിക്കേണ്ടതുണ്ട്. അതിനായി സാമൂഹിക സ്ഥലികളിൽ വിദ്വേഷത്തെ മറികടക്കാനുള്ള പരിപാടികൾ ഏറ്റെടുക്കുന്ന സാമൂഹിക കേന്ദ്രങ്ങളുടെ ഒരു ശൃംഖലയിൽ നമുക്ക് പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുണ്ട്.

സമൂഹം നിരവധി നീറുന്ന പ്രശ്നങ്ങളുടെ പിടിയിലാണ്. ആളുകൾ അവരുടെ പ്രശ്നങ്ങളിൽ സംവാദം നടത്താനും വ്യത്യസ്ത രാഷ്ട്രീയ ധാരകളുടെ ആഴത്തിലുള്ള ചലനാത്മകതയെയും സാമൂഹിക ജീവിതത്തിൽ അവ ചെലുത്തുന്ന സ്വാധീനത്തെയും മനസ്സിലാക്കാനും ആഗ്രഹിക്കുന്നു. വർദ്ധിച്ചുവരുന്ന വിദ്വേഷ ചിന്ത നമ്മെയെല്ലാം വളരെയധികം ആശങ്കപ്പെടുത്തുന്ന വിഷയമാണ്.

നാം സംവാദങ്ങൾ പ്രോത്സാഹിപ്പിക്കുകയും വ്യത്യസ്ത

വിഷയങ്ങളെ കുറിച്ച് ശരിയായ ധാരണയോടെ സമൂഹത്തിലേക്ക് എത്തുകയും വേണം. അവരുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട പ്രചാരണങ്ങൾ വിപുലീകരിക്കേണ്ടതുണ്ട്. സമൂഹത്തെ ഭിന്നിപ്പിക്കുന്ന വിദ്വേഷ ചിന്തകൾക്കെതിരെ പോരാടേണ്ടതുണ്ട്. ജനങ്ങളുടെ ജീവസന്ധാരണത്തെക്കുറിച്ചുള്ള കടുത്ത സാമൂഹിക ആശങ്കകൾ പങ്കുവെക്കുന്നതിനോടൊപ്പം തന്നെ, സംവാദം നടത്താനും സൗഹാർദ്ദത്തിന്റെയും സമാധാനത്തിന്റെയും മൂല്യങ്ങൾ അവരിലേക്ക് എത്തിക്കാനും ഉള്ള വേദികൾ/ ആളുകൾക്ക് കൂടിയിരുന്ന് സംസാരിക്കാൻ പറ്റുന്ന സ്ഥലങ്ങൾ ആവശ്യമാണ്. സാമൂഹിക പ്രശ്നങ്ങൾക്കായുള്ള കാമ്പെയ്നുകൾ ശരിയായ രീതിയിൽ സംയോജിപ്പിക്കുകയും അത്തരം മറ്റ് ശ്രമങ്ങളുമായി ബന്ധപ്പെടുത്തുകയും വേണം. അടിസ്ഥാന തല (ഗ്രാസ് റൂട്ട് ലെവൽ) പ്രവർത്തനം ശക്തിപ്പെടുത്തുകയും ബോധ നിലവാരം ഉയർത്തുകയും വേണം.

ആക്ടിവിസ്റ്റുകൾ/ബുദ്ധിജീവികൾ/സിനിമ-വീഡിയോ നിർമ്മാതാക്കൾ എന്നിവരാൽ ധാരാളം നല്ല സൃഷ്ടികൾ ഉണ്ടാക്കപ്പെടുന്നുണ്ടെങ്കിലും അവയുടെ പ്രചാരം പരിമിതമാണെന്ന് തോന്നുന്നു. പ്രാദേശികമായി ആഴ്ച തോറുമോ രണ്ടാഴ്ചയിലൊരിക്കലോ സാമൂഹിക യോഗങ്ങൾ വിളിച്ചു ചേർത്ത് സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുകയും, ഗ്രന്ഥശാലകൾ/ വായനശാലകൾ സ്ഥാപിക്കുകയും, വീഡിയോ-ഫിലിമുകൾ പ്രദർശിപ്പിക്കുകയും, സാമുദായിക സൗഹാർദ്ദ ഗാനങ്ങൾ ആലപിക്കുകയും സമൂഹ ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്യുന്ന പതിവ് ഉണ്ടാക്കിയെടുക്കാൻ നാമെല്ലാം കൂടിയാലോചിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. ഇപ്രകാരം വൈവിധ്യമാർന്ന സംവിധാനങ്ങളിലൂടെ ഐക്യത്തിന്റെയും സൗഹാർദ്ദത്തിന്റെയും സന്ദേശം ജനങ്ങളിലെത്തിക്കാൻ ശ്രമിക്കണം. ജനങ്ങളുടെ സൗകര്യത്തിനനുസരിച്ച് ഇത്തരം പ്രതിവാര യോഗങ്ങൾ വിളിച്ചു ചേർക്കണം. ജനങ്ങളുടെ പ്രശ്നങ്ങളും പരാതികളും അവതരിപ്പിക്കാനും ചർച്ചചെയ്ത് വ്യക്തമായ ധാരണകൾ രൂപീകരിക്കാനും ഈ വേദികൾ ഉപകരിക്കണം. അതിലൂടെ ജനങ്ങളുടെ അവകാശങ്ങൾക്കായുള്ള കാമ്പെയ്നിലൂടെ നമ്മുടെ സാമൂഹിക ഇടപെടലുകൾക്ക് രൂപം നൽകുന്നതിന് കഴിയണം. ഈ ആശയങ്ങൾക്ക് നമ്മുടെ സാമൂഹിക പ്രസ്ഥാനങ്ങൾക്കാവശ്യമായ ദിശാബോധം നൽകാൻ കഴിയും. സൗഹാർദ്ദത്തിനായുള്ള സാംസ്കാരിക സംവിധാനങ്ങൾ ഇത്തരം കമ്മ്യൂണിറ്റി തലത്തിലുള്ള പതിവ് മീറ്റിംഗുകളുടെ നട്ടെല്ല് ആയിരിക്കണം. സിനിമകൾക്കും വീഡിയോകൾക്കും ഇതിൽ ഒരു പ്രധാന പങ്ക് വഹിക്കാനാകും.

മതം മാറിയവരോടാണ് നമ്മൾ പ്രസംഗിക്കുന്നതെന്ന് നമ്മിൽ പലരും കരുതുന്നു; നമുക്ക് ഈ ചങ്ങല തകർക്കണം. ഈ ദിശയിൽ ചില ചിതറിയ ചിന്തകൾ താഴെക്കൊടുക്കുന്നു:

> സാമൂഹിക തലത്തിൽ നിലവിലുള്ള വിദ്വേഷ ചിന്തകൾക്കെതിരെ അടിയന്തിരമായി പ്രവർത്തിക്കേണ്ടതുണ്ട്. അതിനായി സാമൂഹിക സ്ഥലികളിൽ വിദ്വേഷത്തെ മറികടക്കാനുള്ള പരിപാടികൾ ഏറ്റെടുക്കുന്ന സാമൂഹിക കേന്ദ്രങ്ങളുടെ ഒരു ശൃംഖലയിൽ നമുക്ക് പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുണ്ട്.

1. മതന്യൂനപക്ഷങ്ങൾക്കെതിരായ വിദ്വേഷം അപകടകരമായ തോതിൽ ഉയരുകയാണ്. ധരം സൻസദ് പ്രസംഗങ്ങളും സുള്ളി ഡീലുകളും ബുള്ളിബായ് ആപ്പുകളും മഞ്ഞുമലയുടെ അഗ്രം മാത്രമാണ്. ആഴത്തിലുള്ള പ്രശ്നം മനസിലാക്കാൻ നാം ശ്രമിക്കണം. ശാഖകളിൽ വച്ച് വിദ്വേഷ ചിന്തകൾ കുത്തിവെക്കുകയും, സ്കൂളുകൾ, ഗോദി മാധ്യമങ്ങൾ, സമൂഹ മാധ്യമങ്ങൾ, ഐ.ടി സെല്ലുകൾ തുടങ്ങിയവയിലൂടെ അവയ്ക്ക് പ്രചാരം നൽകുകയുമാണ് ചെയ്യപ്പെടുന്നത് എന്ന് നമുക്കെല്ലാം അറിയാം. ഈ സംവിധാനങ്ങൾ വിതച്ച വിദ്വേഷത്തിന്റെ വിത്തുകൾ ഇപ്പോൾ കാൻസർ പോലെ പടർന്നു പിടിക്കുകയാണ്.

2. സൗഹാർദ്ദത്തിലും സമാധാനത്തിലും വിശ്വസിക്കുന്നവർ എണ്ണത്തിൽ കൂടുതലാണെങ്കിലും, അവരുടെ ശ്രമങ്ങൾ സമൂഹത്തിന്റെ മുക്കിലും മൂലയിലും എത്താതെ ഛിന്നഭിന്നമായിപ്പോവുകയാണ്. വർത്തമാന സാഹചര്യത്തെക്കുറിച്ചുള്ള ഉജ്ജ്വലമായ വിശകലനങ്ങൾ നമുക്ക് ലഭ്യമാണ്, പക്ഷേ നാം മിക്കപ്പോഴും പരസ്പരം ആ

ണ് സംസാരിക്കുന്നത്. സമൂഹത്തിൽ എത്തിച്ചേരുക എന്ന നിർണായക ലക്ഷ്യം കൈവരിക്കാൻ കൂടുതൽ ഗൗരവമാർന്ന ശ്രമങ്ങൾ ആവശ്യമാണ്.

3. സൗഹൃദം പ്രോത്സാഹിപ്പിക്കുന്ന പ്രാദേശിക സാംസ്കാരിക പരിപാടികൾ അത്യാവശ്യമാണ്; നമുക്ക് ഓരോ നഗരത്തിലും സൗഹാർദ്ദ ചലച്ചിത്ര മേളകളും തെരുവ് നാടകങ്ങളും സംഘടിപ്പിക്കാം.

4. ആഴ്ചതോറുമുള്ളതോ രണ്ടാഴ്ചയിലോ പരിപാടികൾ ആരംഭിക്കേണ്ട സ്ഥലങ്ങൾക്കായി കമ്മ്യൂണിറ്റി സെന്ററുകൾ, അഡ്ഡാസ് (ആളുകൾ ഒത്തുകൂടിയിരുന്ന് പരസ്പരം സംസാരിക്കുന്ന ഇടങ്ങൾ), എന്നിവിടങ്ങളിൽ നാം പ്രവർത്തിക്കേണ്ടതുണ്ട്. ഈ പരിപാടികൾക്ക് ഒന്നിലധികം മാനങ്ങളുണ്ട് - സാംസ്കാരികവും വിദ്യാഭ്യാസപരവും കൂടാതെ രാഷ്ട്രീയവും. ദേശീയ പ്രചാരണങ്ങളുമായും പ്രതിഷേധങ്ങളുമായും ഇവയെ ബന്ധിപ്പിക്കേണ്ടതുണ്ട്. ഈ ചെറു കേന്ദ്രങ്ങൾ തുടർച്ചയായി പ്രവർത്തിപ്പിക്കുന്നതിന് നമ്മൾ ഈ ദൗത്യം ഏറ്റെടുക്കണം.

5. പോലീസുമായി സഹകരിച്ച് വിവിധ മതങ്ങളിൽ നിന്നുള്ളവരെ ഉൾപ്പെടുത്തി മൊഹല്ല (വാർഡ്/ഗ്രാമ തല) കമ്മറ്റികളെ പ്രോത്സാഹിപ്പിച്ച് വർഗീയ കലാപങ്ങൾ ചർച്ച ചെയ്ത് പരാജയപ്പെടുത്തേണ്ടതുണ്ട്. ഈ കമ്മിറ്റിക്ക് പതിവായി യോഗം ചേരാനും നിർണായക സമയങ്ങളിൽ അക്രമം തടയുന്നതിനും അക്രമസാധ്യതകളെക്കുറിച്ച് പൊലീസിന് മുന്നറിയിപ്പ് നൽകാനും കഴിയും. ഈ കമ്മിറ്റിയുടെ പതിവ് യോഗങ്ങൾ സമൂഹത്തിൽ നല്ല അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യും.

6. സൗഹാർദ്ദത്തിനായി പ്രവർത്തിക്കുന്ന വിവിധ ഗ്രൂപ്പുകൾക്ക് ഇടം നൽകുന്ന സൗഹാർദവേദികൾ കെട്ടിപ്പടുക്കുക എന്നത് നമ്മുടെ ലക്ഷ്യമാകണം. പ്രദേശം, നഗരം, സംസ്ഥാനം, ദേശീയം എന്നീ തലത്തിലുള്ള വേദികൾക്ക് ഇടയ്ക്കിടെ യോഗം ചേരാനും പ്രാദേശിക പ്രദേശങ്ങളിലും രാജ്യത്തും മൊത്തത്തിൽ യോജിപ്പിന്റെ പ്രവർത്തനം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾക്ക് രൂപം നൽകാനും കഴിയും.

സൗഹാർദ്ദത്തിനായി പ്രവർത്തിക്കുന്ന വിവിധ ഗ്രൂപ്പുകൾക്ക് ഇടം നൽകുന്ന സൗഹാർദവേദികൾ കെട്ടിപ്പടുക്കുക എന്നത് നമ്മുടെ ലക്ഷ്യമാകണം. പ്രദേശം, നഗരം, സംസ്ഥാനം, ദേശീയം എന്നീ തലത്തിലുള്ള വേദികൾക്ക് ഇടയ്ക്കിടെ യോഗം ചേരാനും പ്രാദേശിക പ്രദേശങ്ങളിലും രാജ്യത്തും മൊത്തത്തിൽ യോജിപ്പിന്റെ പ്രവർത്തനം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾക്ക് രൂപം നൽകാനും കഴിയും.

**പരിപാടികളുടെ തരങ്ങൾ**

എ. ദേശീയ ഉത്സവങ്ങൾ- ആഗസ്റ്റ് 15, ജനുവരി 26, ഭരണഘടനാ ദിനം

ബി. ഉത്സവങ്ങളുടെ സാമൂഹിക വശങ്ങൾ- ദീപാവലി, ഈദ്, ക്രിസ്മസ്, ഓണം, ലോഹ്രി മുതലായവ.

സി. പ്രത്യേക ദിനങ്ങൾ: സാമൂഹിക നീതി ദിനം, വനിതാ ദിനം

ഡി. വാർഷികങ്ങൾ: ഗാന്ധി, അംബേദ്കർ, ഭഗത് സിംഗ്, മൗലാനാ ആസാദ്

ഇ. സാമൂഹിക വിഷയങ്ങളിൽ പതിവ് ചർച്ച: തൊഴിലില്ലായ്മ, തൊഴിലാളി-കർഷകരുടെ ദുരവസ്ഥ, സാമൂഹിക നീതി, ലിംഗനീതി

എഫ്. സാധ്യമാകുമ്പോഴെല്ലാം ആശയവിനിമയത്തിനായി സാമൂഹിക പ്രവർത്തകരെ ക്ഷണിക്കുക

ജി. വീഡിയോ സ്ക്രീനിംഗ്; ഓരോ സെഷനും യോജിക്കുന്ന തിരഞ്ഞെടുത്ത വീഡിയോ പ്രദർശിപ്പിക്കാവുന്നതാണ്.

7. സമൂഹ മാധ്യമ ശൃംഖല തുടങ്ങുക എന്നത് അടിയന്തിര ആവശ്യമാണ്; സുഹൃത്തുക്കളായ പ്രവർത്തകർക്കും സാമൂഹ്യ നേതാക്കൾക്കുമിടയിൽ നല്ല കാര്യങ്ങൾ പ്രചരിപ്പിക്കാൻ വാട്ട്സ്ആപ്പ് ഗ്രൂപ്പുകൾ ആരംഭിക്കുക,, മറ്റ് സമാന വ്യക്തികളുടെ/ഗ്രൂപ്പുകളുടെ സമാന ശ്രമങ്ങളുമായി സഹകരിക്കുക.

8. പ്രദർശിപ്പിക്കാൻ കഴിയുന്ന മികച്ച ഫീച്ചർ ഫിലിമുകളും വീഡിയോകളും ഉണ്ട്.

■



**ജയരാജൻ സി എൻ**

# ചൈന ചരിത്രത്തിലെ ഏറ്റവും വലിയ വരൾച്ചയെയും ഉഷ്ണ തരംഗങ്ങളെയും അഭിമുഖീകരിക്കുന്നു

ശരാശരിയിലും താഴെയുള്ള മഴയും ആറ് പതിറ്റാണ്ടിനിടെ കണ്ട ഏറ്റവും ശക്തമായ ഉഷ്ണതരംഗവും രാജ്യം നേരിടുന്നതിനാൽകഴിഞ്ഞ ഒമ്പത് വർഷങ്ങൾക്കിടെ ആദ്യമായി ചൈന രാജ്യവ്യാപകമായി വരൾച്ച മുന്നറിയിപ്പ് നൽകിയിരിക്കയാണ്. മഴ കൃത്രിമമായിപെയ്യിക്കാനുള്ള, അതുവഴി വരൾച്ചയ്ക്ക് ആശ്വാസം കണ്ടെത്താനുള്ള ശ്രമങ്ങളും കൂടി നടത്തുകയാണ് അധികൃതർ. വരൾച്ച ഭക്ഷ്യ ഉൽപ്പാദനത്തിന് വൻ ഭീഷണിയായി തീർന്നിരിക്കുന്നു.വിളകൾക്ക്ഏറ്റവും ചൂടേറിയ വേനൽക്കാലത്തെഅതിജീവിക്കാൻ ലഭ്യമായ എല്ലാ നടപടികളും സ്വീകരിക്കാൻ പ്രാദേശിക അധികാരികളോട് ചൈനീസ് സർക്കാർ ആവശ്യപ്പെട്ടു കൊണ്ടിരിക്കുന്നു. ഉഷ്ണതരംഗവുംവരൾച്ചയുംചൈനയിൽ ഭക്ഷ്യവിലകൾ, പ്രത്യേകിച്ച് പഴങ്ങളുടെയും പച്ചക്കറികളുടെയും വില വർദ്ധിപ്പിക്കാൻ തുടങ്ങിയിരിക്കുന്നു. ജനപ്രിയ കാബേജായ ബോക്ചോയിയുടെ വില ഈ മാസം വുഹാനിൽ ഇരട്ടിയായി.

കടുത്ത വരൾച്ചയുടെ ഫലമായി യാങ്സി നദിയുടെ പല ഭാഗങ്ങളും ഡസൻ കണക്കിന് പോഷകനദികളും വറ്റിവരണ്ടു കഴിഞ്ഞു. ചൈനയിലെജലവൈദ്യുത ശേഷിയെവരൾച്ച സാരമായി ബാധിക്കുകയും നിലയങ്ങൾ അടച്ചിടേണ്ട അവസഥ വന്നിരിക്കുകയും ചെയ്തിരിക്കുന്നു.അത്യാവശ്യം ഉപയോഗത്തിനായി മാത്രമായി ഉപഭോഗം നിയന്ത്രിക്കാൻ വൈദ്യുതി റേഷനിംഗ്സംവിധാനം ഏർപ്പെടുത്തേണ്ടി വന്നിരിക്കുന്നു. ഭാവിയിലെ ഭക്ഷ്യ വിതരണത്തെക്കുറിച്ചുള്ള ആശങ്ക ഇപ്പോൾ ശക്തിപ്പെട്ടു കൊണ്ടിരിക്കയാണ്.ശരത്കാലവിളവെടുപ്പിന് മുന്നോടിയായി, കാർഷികാവശ്യങ്ങൾക്കും മറ്റുമായി വൈദ്യതോർജ്ജം ക്രമീകരിക്കാനുംവിളകൾക്ക് നനയ്ക്കാൻ ശുദ്ധജലം കണ്ടെത്താനും പ്രാദേശിക സർക്കാരുകളോട് ചൈനീസ് ഭരണകൂടം മുന്നറിയിപ്പ് നൽകി. യാങ്സിയിലെ കടുത്ത വരണ്ട കാലാവസ്ഥ സെപ്റ്റംബർ വരെ നീണ്ടുനിൽക്കുമെന്ന്പ്രവചിക്കപ്പെട്ടതിനെതുടർന്നാണ് ഈ നടപടികൾ.

വെള്ളം ലഭ്യമാകാത്തഇടങ്ങളിലേയ്ക്ക് ജലസ്രോതസ്സുകളെ വഴി തിരിച്ചു വിടാൻ നടപടികൾ എടുത്തു വരികയാണ് ഇപ്പോൾ. ചൈനയുടെ നാല്അലർട്ടുകളിലെ ഏറ്റവും ഉയർന്നഅലർട്ടായറെഡ് അലർട്ട് പ്രഖ്യാപിക്കപ്പെട്ടു. തൊഴിലാളികളെ ചൂടേറിയ ഔട്ട് ഡോർ വേളകളിൽ തൊഴിലുകൾ ചെയ്യുന്നത് നിരുത്സാഹപ്പെടുത്താൻ നിർദ്ദേശമുണ്ടായി. ഫയർഫോഴ്സ് സംവിധാനം ശക്തിപ്പെടുത്താനും ദുർബ്ബല വിഭാഗങ്ങളെ സഹായിക്കാനും കൂടി സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

ഇതിനിടെ നാല് സർക്കാർ വകുപ്പുകൾ ശരത്കാലവിളവെടുപ്പ് 'കടുത്ത ഭീഷണി'യിലാണെന്ന് അടിയന്തിര മുന്നറിയിപ്പ് നൽകി. 'ഓരോ യൂണിറ്റ് വെള്ളവും ജാഗ്രതയോടെ ഉപയോഗിക്കണം' എന്ന് ഉറപ്പുവരുത്താൻ പ്രാദേശിക അധികാരികളോട് നിർദ്ദേശംനൽകി, കൂടാതെ സ്തംഭനാവസ്ഥയിലുള്ള ജലസേചനം, പുതിയ ജലസ്രോതസ്സുകൾ വഴിതിരിച്ചുവിടൽ, കൃത്രിമ മഴയ്ക്ക് വേണ്ടിയുള്ള ക്ലൗഡ്സീഡിംഗ് എന്നിവ ഉൾപ്പെടുന്നപദ്ധതികൾക്കുള്ളആവശ്യങ്ങൾ ഉയർന്നു വന്നിരിക്കുന്നു.

സാധാരണ വെള്ളപ്പൊക്കമുണ്ടാവേണ്ട സീസണിലാണ് മാസങ്ങൾ നീണ്ടവരൾച്ചയോടൊപ്പം റെക്കോർഡ്ബ്രേക്കിംഗ് ഉഷ്ണതരംഗങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ചൈനയുടെ ജലസമൃദ്ധമായ ദക്ഷിണ മേഖല തകർന്നുപോയിരിക്കുന്നു. ആറ് പ്രവിശ്യകളിലായി 20 ലക്ഷം ഏക്കറിലധികം വരുന്ന കൃഷിയിടങ്ങളെയാണ്. വരൾച്ച ബാധിച്ചത്. ഒരു ചൈനീസ് നഗരത്തിൽ ഉൽപന്നങ്ങളുടെ വിതരണം പലപ്പോഴും ആ നഗരത്തിനടുത്തായിതന്നെയാണ് നടക്കുന്നത. വിളനഷ്ടം വിതരണ ശൃംഖലയെ ബാധിക്കുകയും വിതരണ പ്രശ്നങ്ങൾ രൂക്ഷമാക്കുകയും ചെയ്തിരിക്കുന്നു, കൂടുതൽ ദൂരെ നിന്ന് ഉൽപ്പന്നങ്ങൾ എത്തിക്കാൻ ശ്രമിക്കുമ്പോൾദീർഘദൂരയാത്രകളിൽ ഉൽപ്പന്നങ്ങൾചീഞ്ഞഴുകുന്നഅവസ്ഥയുണ്ടാകുന്നു.

ആശങ്കകൾ പ്രധാനമായും ആഭ്യന്തരമായി തുടരുമ്പോഴും ആഗോള വിപണികളെ ബാധിക്കുന്ന ഭക്ഷണ വിഭാഗങ്ങൾ വളരെ സുരക്ഷിതമായി സൂക്ഷിക്കപ്പെടുന്നുമുണ്ട്.

റഷ്യയുടെ ഉക്രൈയ്നിന്റെ അധിനിവേശം ആഗോള വിതരണ മേഖലകളെ ക്രമാതീതമായി അസ്ഥിരപ്പെടുത്തിയതിന് ശേഷം ചൈന ഇപ്പോൾ സ്വന്തം ചോള ഉൽപ്പാദനത്തെയാണ് കൂടുതലായി ആശ്രയിക്കുന്നത്. അതിൽ 4% വരൾച്ച ബാധിച്ച സിചുവാൻ, അൻഹുയി എന്നിവിടങ്ങളിൽ കൃഷി ചെയ്യുകയായിരുന്നു. രാജ്യത്തുടനീളമുള്ള കുറഞ്ഞത് 244 നഗരങ്ങളിലെങ്കിലും താപനില 40 ഡിഗ്രി സെൽഷ്യസിനുമുകളിൽ ഉയരുമെന്ന് ചൈനയുടെ കാലാവസ്ഥാഏജൻസി അറിയിച്ചിരുന്നു, അതേസമയം മറ്റൊരു 407 നഗരങ്ങളിലെ താപനില37 ഡിഗ്രി സെൽഷ്യസിൽ കൂടുതലായി ഉയരുമെന്ന് കണക്കാക്കിയിട്ടുണ്ട്. അടുത്ത മൂന്ന് ദിവസങ്ങളിൽ ചെറിയ മഴയും തുടർച്ചയായവരൾച്ചയുംപ്രവചിക്കുമ്പോൾ തന്നെഉഷ്ണതരംഗങ്ങളും കൂട്ടത്തിൽ നീണ്ടുനിൽക്കുമെന്നും പറഞ്ഞിട്ടുണ്ട്.

ആറ് പ്രവിശ്യകളിലായി ഏകദേശം 830,000ൽ പരംആളുകൾക്കുള്ള ജലവിതരണത്തെവരൾച്ച ദോഷകരമായി ബാധിച്ചതായി ജലവിഭവ മന്ത്രാലയത്തിന്റെ അറിയിപ്പ് വന്നിരുന്നു. 300,000-ത്തിലധികം ആളുകൾക്ക് കുടിവെള്ളം പോലും ലഭിക്കുന്നതിന്ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടു കൊണ്ടിരിക്കയാണ്. തെക്കൻ, മധ്യ ചൈനയിലെ പ്രവിശ്യകളെ - പ്രത്യേകിച്ച് ജിയാങ്സു, ഹുബെയ്, സിചുവാൻ തുടങ്ങിയ യാങ്സി നദിയുടെ തീരത്തുള്ള പ്രവിശ്യകളെ - ഇത് ഏറ്റവും കൂടുതൽ ബാധിച്ചിരിക്കയാണ്.

ഗാർഹികആവശ്യങ്ങൾക്കുള്ള ജലവിതരണം സംരക്ഷിക്കാനും കാർഷിക, വാണിജ്യ, വ്യാവസായിക ഉപയോഗം കുറയ്ക്കാനും പ്രാദേശിക ഉദ്യോഗസ്ഥർക്ക് ചൈനീസ് ഭരണകൂടംനിർദ്ദേശം നൽകിയിട്ടുണ്ട്. കടുത്ത ചൂട് ഓഫീസുകളിലെയുംവീടുകളിലെയുംഎയർ കണ്ടീഷനിംഗിനുള്ള ആവശ്യം വർധിപ്പിച്ചു കഴിഞ്ഞു. ഈ ആവശ്യകത വൈദ്യുതി ഗ്രിഡിനെസമ്മർദ്ദത്തിലാക്കിയിരിക്കയാണ്. നദികളിലെ ജലനിരപ്പ് വരൾച്ച മൂലം കുറഞ്ഞതിനാൽ ജലവൈദ്യുത നിലയങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവ് കുറയ്ക്കേണ്ടി വന്നിരിക്കയാണ്.

84 ദശലക്ഷം ജനസംഖ്യയുള്ള സിചുവാൻ പ്രവിശ്യയിൽ ജൂലൈ മുതൽ കൊടും ചൂടും വരൾച്ചയും പിടിമുറുക്കിയിരിക്കയാണ്. വരൾച്ച ഉണ്ടാക്കിയ വൈദ്യുതി ക്ഷാമം പരിഹരിക്കാൻ ഫാക്ടറികൾ ആറ് ദിവസത്തേക്ക് അടച്ചിടാൻ സിചുവാൻ അധികൃതർ ഉത്തരവിടുന്ന അവസ്ഥയിലേക്ക് കാ





കടുത്ത കോവിഡ് –19 ലോക്ക്ഡൗണുകളുടെയും റിയൽ എസ്റ്റേറ്റ് പ്രതിസന്ധിയുടെയും പ്രത്യാഘാതങ്ങൾ ഇതിനകം കാര്യമായി ബാധിച്ചു കഴിഞ്ഞലോകത്തിലെ രണ്ടാമത്തെ വലിയ സമ്പദ് വ്യവസ്ഥയാണ് ചൈനയുടേത്. വരൾച്ചയുടെയും ഉഷ്ണ തരംഗങ്ങളുടെയും ഫലമായി ഉയരുന്ന കടുത്ത താപനില കൂടുതൽ പ്രതിസന്ധിയിലേക്ക് രാജ്യത്തെവലിച്ചിടുമെന്ന് സാമ്പത്തിക വിദഗ്ധരും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

രൃങ്ങൾ എത്തി. ഇലക്ട്രോണിക് ഉപകരണങ്ങളുടെയും സോളാർ പാനലുകളുടെയും പ്രധാന നിർമ്മാണകേന്ദ്രങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള പവർ റേഷനിംഗ് ഇന്റൽ, ഫോക്സ്കോൺ എന്നിവയുൾപ്പെടെലോകത്തിലെ ഏറ്റവും വലിയ ഇലക്ട്രോണിക്സ് കമ്പനികളെ ദോഷകരമായി ബാധിക്കുമെന്ന് വിദഗ്ധർ ആശങ്കപ്പെടുന്നു.തെക്കുപടിഞ്ഞാറൻ ചൈനയിലെ കാർ അസംബ്ലി പ്ലാന്റുകളും ഇലക്ട്രോണിക്സ് ഫാക്ടറികളും വൈദ്യുതിയുടെ അഭാവത്താൽ അടച്ചു. ഇലക്ട്രിക് കാറുകളുടെ ഉടമകൾ തങ്ങളുടെ വാഹനങ്ങൾ റീചാർജ് ചെയ്യാൻ ചാർജിംഗ്സ്റ്റേഷനുകളിൽ രാത്രി കാത്തിരിക്കുകയാണ്.

കടുത്ത കോവിഡ് –19 ലോക്ക്ഡൗണുകളുടെയും റിയൽ എസ്റ്റേറ്റ് പ്രതിസന്ധിയുടെയും പ്രത്യാഘാതങ്ങൾ ഇതിനകം കാര്യമായി ബാധിച്ചു കഴിഞ്ഞലോകത്തിലെ രണ്ടാമത്തെ വലിയ സമ്പദ്വ്യവസ്ഥയാണ് ചൈനയുടേത്. വരൾച്ചയുടെയും ഉഷ്ണ തരംഗങ്ങളുടെയും ഫലമായി ഉയരുന്ന കടുത്ത താപനില കൂടുതൽ പ്രതിസന്ധിയിലേക്ക് രാജ്യത്തെവലിച്ചിടുമെന്ന് സാമ്പത്തിക വിദഗ്ധരും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഗോൾഡ്മാൻ സാക്സും സാമ്പത്തിക സേവന സ്ഥാപനമായ നോമുറയും ഒക്കെ നടത്തിയ ഈ വർഷത്തെ ചൈനയുടെ ജിഡിപി വളർച്ചയെക്കുറിച്ചുള്ള പ്രവചനങ്ങളിൽ ഉഷ്ണതരംഗങ്ങളുടെ സ്വാധീനം പരാമർശിക്കപ്പെട്ടിട്ടുണ്ട്. തെക്കുപടിഞ്ഞാറൻ പ്രദേശമായ ചോങ്കിം

ഗിലെ യാങ്സി നദിയുടെ കൈവഴിക്ക് സമീപം താമസിക്കുന്ന നിവാസികൾ വ്യാഴാഴ്ച വരണ്ട നദീതടത്തിൽ തങ്ങളുടെ ദുരിതങ്ങൾ പങ്കു വെയ്ക്കാൻ ഒത്തു കൂടുകയുണ്ടായി. പ്രദേശത്തുടനീളമുള്ളഅഭൂതപൂർവമായ ഈവരൾച്ചഒരു മാസം കൂടി നീണ്ടുനിൽക്കും എന്ന അറിവ് തീരദേശവാസികളെ ആകെ പരിഭ്രാന്തരാക്കിക്കഴിഞ്ഞിരിക്കയാണ്.

ചോങ്കിംഗിന്റെ പ്രാന്തപ്രദേശത്തുള്ള പർവതങ്ങളിലും വനങ്ങളിലും കടുത്ത ചൂട്മൂലം കാട്ടുതീ പടർന്നു കൊണ്ടിരിക്കുന്നു. അന്തരീക്ഷത്തിൽ രൂക്ഷമായ പുകയുടെ ഗന്ധമുണ്ടെന്ന് പരിസരവാസികൾ പറഞ്ഞുവെന്ന് ന്യൂയോർക്ക് ടൈംസ് റിപ്പോർട്ട് ചെയ്യുന്നു. ആയിരക്കണക്കിന് ഫയർ ഫോഴ്സ്ജീവനക്കാർ അവിടെ തീയണയ്ക്കാൻ പ്രവർത്തിച്ചു കൊണ്ടിരിക്കയാണ്. ചോങ്കിംഗിലെ യാങ്സിയിൽ ചേരുന്നതിന് മുമ്പ് മൂന്ന് പ്രവിശ്യകളിലൂടെ ഒഴുകുന്ന നീണ്ട വളഞ്ഞ കൈവഴിയായ ജിയാലിംഗ് എന്ന കൈവഴിയിൽമത്സ്യങ്ങൾ ചത്തു പൊങ്ങാൻ തുടങ്ങിയിട്ടുണ്ട്. ഈ മേഖലയിലെ നീരൊഴുക്ക് സാധാരണ നിലയിലാവാൻ മാസങ്ങളെടുക്കും. സെപ്റ്റംബറിൽ, യാങ്സിയുടെമധ്യഭാഗത്തും താഴ്ന്ന പ്രദേശങ്ങളിലും ജലപ്രവാഹംകുറവായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നുണ്ട്.കൂടാതെ നദിയുടെ മദ്ധ്യഭാഗങ്ങളിലുള്ളഅൻഹുയി, ഹുബെ, ഹുനാൻ, ജിയാങ്സി എന്നിവിടങ്ങളിലെ വരൾച്ച കൂടുതൽ ശക്തമാകുമെന്നാണ് അനുമാനിക്കുന്നത്. അസാധാരണമാം വിധം ഉണ്ടായപടിഞ്ഞാറൻ പസഫിക് ഉപ ഉഷ്ണമേഖലാമർദ്ദം മൂലംയാങ്സിതടത്തിൽ ഉടനീളമുള്ള കടുത്ത ഉഷ്ണതരംഗം, രണ്ട് മാസത്തിലധികം നീണ്ടുനിന്നു.ഇത് ജലവൈദ്യുത വിതരണം കുറയ്ക്കുകയും കൃഷിയോഗ്യമായ ഭൂമിയുടെ വിസ്തൃതമായ വിസ്തൃതികൾ വരണ്ടതാക്കുകയും ചെയ്തു. രാജ്യത്തെ ജനസംഖ്യയുടെ മൂന്നിലൊന്ന് ആളുകൾ ആശ്രയിക്കുന്ന ഈ നദിയിലാണ് ഇത്തരം അവസ്ഥകൾ ഉണ്ടായിരിക്കുന്നത്. കാലാവസ്ഥാവ്യതിയാനത്തിന്റെ ഫലമായി ചൈനയിൽ തീവ്രമായ കാലാവസ്ഥയ്ക്ക് സാധ്യതയുണ്ടെന്ന് ബെയ്ജിംഗ് മുന്നറിയിപ്പ് നൽകിക്കഴിഞ്ഞിട്ടുണ്ട്. അതേ സമയംരാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിൽ കനത്ത മഴയും ഉണ്ടായി.

പടിഞ്ഞാറൻ ചൈനയിലെ ക്വിങ്ഹായ്പ്രവിശ്യയിലുണ്ടായ വെള്ളപ്പൊക്കത്തിൽ 16 പേർ മരിച്ചതായി സംസ്ഥാന മാധ്യമങ്ങൾ കഴിഞ്ഞ ദിവസങ്ങളിൽ റിപ്പോർട്ട് ചെയ്തിരുന്നു. 36 പേരെ കാണാതാവുകയും ചെയ്തു.

വെള്ളപ്പൊക്ക, വരൾച്ച ദുരിതാശ്വാസം നൽകാൻ പ്രാദേശിക സർക്കാരുകളെ സഹായിക്കുന്നതിന് 420 ദശലക്ഷം യുവാൻ (61.83 ദശലക്ഷം ഡോളർ) അടിയന്തര ഫണ്ട് ധനമന്ത്രാലയം വ്യാഴാഴ്ച പ്രഖ്യാപിച്ചിട്ടുണ്ട്.

യാങ്സിയുടെ ത്രീ ഗോർജസ്റിസർവോയറിന്റെ ഭൂരിഭാഗവും സ്ഥിതി ചെയ്യുന്നത്ചോങ്കിംഗ് എന്ന സ്ഥലത്താണ്. ഇവിടെ വ്യവസായത്തിലേക്കുള്ള വിതരണം റേഷനിങ്ങിനിധേയമായതിനാൽ വിവിധാവശ്യങ്ങൾക്കായിരാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിൽ നിന്ന് വൈദ്യുതി ഉറപ്പാക്കാൻ ശ്രമിക്കുന്നതായി സംസ്ഥാന മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.വൈദ്യുതി ഉൽപ്പാദനത്തിന്റെ മുക്കാൽ ഭാഗത്തിലധികം അണക്കെട്ടുകളെ ആശ്രയിക്കുന്ന ഒരു പ്രദേശത്ത് വരൾച്ചയുംമാസങ്ങളോളം നീണ്ടു നിന്നിട്ടുള്ളഉഷ്ണതരംഗങ്ങളും വ്യാപകമായ ദുരിതമാണ് ഉണ്ടാക്കിയിട്ടുള്ളത്.

സാധാരണഗതിയിൽ കിഴക്ക് ഭാഗത്തേക്ക് മിച്ച ജലവൈദ്യുതി വിതരണം ചെയ്യുന്ന പ്രവിശ്യയാണ് സിച്ചുവാൻ. എന്നാൽ ഇപ്പോൾ കാര്യങ്ങൾ തകിടം മറിഞ്ഞിരിക്കുന്നു. അവിടെ ഇപ്പോൾ കർശനമായ ഉപഭോഗ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കയാണ്. തുടർന്ന്ചൈനയുടെ സ്റ്റേറ്റ് ഗ്രിഡുംസിചുവാൻ പ്രവിശ്യയിലേക്ക് വൈദ്യുതി എത്തിക്കാൻ പരമാവധി ശ്രമിക്കുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്,

ലോകത്തിലെ ഏറ്റവും വലിയ ബാറ്ററി നിർമ്മാതാക്കളായ CATL, ജപ്പാനിലെ ടൊയോട്ടഎന്നിവയുൾപ്പെടെസിചുവാൻ മേഖലയിൽ പ്രവർത്തിക്കുന്നകമ്പനികൾ നിയന്ത്രണങ്ങളുടെ ഫലമായി പ്രവിശ്യയിലെ ഉൽപ്പാദനംനിർത്തിവച്ചതായിമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. ഫോക്സ്വാഗൺചെങ്ഡുവിലെ6,000 ജീവനക്കാരുള്ള ഫാക്ടറി അടച്ചുപൂട്ടി.

ജൂലൈ മുതൽ യാങ്സി നദീതടത്തിലെ മഴ സാധാരണയേക്കാൾ 45% കുറവാണ്, ഉയർന്ന താപനില തുടരാൻ സാധ്യതയുണ്ടെന്ന് ഔദ്യോഗിക പ്രവചനങ്ങൾ പറഞ്ഞു. യാങ്സി നദീതീരത്തെ താപനില 40 ഡിഗ്രി സെൽഷ്യസിനു മുകളിൽ തുടരുമെന്നും ചോങ്കിംഗിന്റെ ചില ഭാഗങ്ങൾ 44 ഡിഗ്രിക്ക് അപ്പുറത്തേക്ക് പോകുമെന്നും മേഖലയിലെ അധികാരികൾ അറിയിച്ചിരുന്നു.

ഭക്ഷ്യ വിതരണത്തിന് ഗ്യാരന്റി നൽകാനും മറ്റൊരു ബമ്പർ വിളവെടുപ്പ് ഉറപ്പാക്കാനും ശ്രമിക്കുന്നതിനാൽ ജലസ്രോതസ്സുകൾ നിയന്ത്രിക്കുന്നത് ചൈനയിലെ ഗവൺമെന്റിന്റെനിർണായക ഘടകമായി കാണുന്നു. ജലസേചനത്തിന്റെകാര്യത്തിൽ നെല്ലും മറ്റ് ശരത്കാല വിളകളും ഒരു 'നിർണ്ണായക കാലഘട്ടത്തിലാണ്' എന്ന്ജലവിഭവ വകുപ്പ് ഉപമന്ത്രി ലിയുവെയ്പിംഗ്പ്രസ്താവിച്ചിട്ടുണ്ട്.

യാങ്സി നദീതടത്തിലുടനീളം ഏകദേശം 820,000ഹെക്ടർ (2 ദശല

ക്ഷം ഏക്കർ) കൃഷിയോഗ്യമായ ഭൂമിക്ക് നാശനഷ്ടമുണ്ടായി. ഇത് 830,000 ആളുകളെയും 160,000 കന്നുകാലികളെയും ബാധിച്ചു. യാങ്സിയുടെ പ്രധാനജലനിർഗ്ഗമന പാതയിലെയുംതാൽക്കാലികവെള്ളപ്പൊക്ക നിവാരണ തടാകങ്ങളായ ഡോങ്ടിങ്ങിലെയുംപൊയാങ്ങിലെയും ജലനിരപ്പ് ഇപ്പോൾ സാധാരണയേക്കാൾ 4.85മീറ്റർ (16 അടി) ആഴം കുറഞ്ഞിട്ടുണ്ട്. ഇത് സർവ്വകാലറെക്കോർഡ് ആണ്.

യാങ്സിയുടെ സമുദ്ര സുരക്ഷാ ബ്യൂറോ താഴ്ന്ന ജലനിരപ്പിനെക്കുറിച്ച് നിരവധി മുന്നറിയിപ്പുകൾ നൽകിയിട്ടുണ്ട്.നദിയുടെ ആഴം കുറഞ്ഞ ഭാഗങ്ങളിലൂടെകപ്പലുകൾകടന്നുപോകുമ്പോൾ അവയുടെ ഭാരം കുറയ്ക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടു. ചോങ്കിംഗിൽ, വൈദ്യുതോപഭോഗം കൂടി ഓവർലോഡിൽ സർക്യൂട്ട്ബ്രേക്കറുകൾ ട്രിപ്പ് ചെയ്യുന്നത് ഒഴിവാക്കാൻ ഓഫീസുകൾ എയർ കണ്ടീഷനിംഗിന്റെ താപനില വർദ്ധിപ്പിക്കുകയും ഇടയ്ക്കിടെകമ്പ്യൂട്ടർ സിസ്റ്റം നിർത്തി വെയ്ക്കുകയും ചെയ്തു കൊണ്ടിരിക്കയാണ്.

അപൂർവവും കഠിനവുമായ ഉഷ്ണതരംഗംകൊണ്ട്ചോങ്കിംഗിലെ34കൗണ്ടികളിലുടനീളമുള്ള66നദികൾ വറ്റിവരണ്ടതായി സംസ്ഥാന ടെലിവിഷൻ സിസിടിവി അറിയിച്ചു, കാലാവസ്ഥാ സേവന ഡാറ്റ ചോങ്കിംഗിലെ ഒരു ജില്ലയെ രാജ്യത്തെ ഏറ്റവും ചൂടേറിയ ജില്ലയായി ചിത്രീകരിച്ചിട്ടുണ്ട്.

ഇതിന്റെതുടർച്ചയായിതിരക്കേറിയ സബ്‌വേകളിൽ, ചൈനീസ് മെഗാസിറ്റിയായ ചോങ്കിംഗിലെമധ്യവയസ്കരും പ്രായമായവരും രാജ്യത്തെ ഏറ്റവും ചൂടേറിയ വേനൽക്കാലത്ത് അഭയം തേടുകയാണ്. അവിടത്തെ എയർ കണ്ടീഷനിംഗുംഭൂഗർഭ തണുപ്പും പുറത്തെ കത്തുന്ന താപനിലയിൽ നിന്ന്അവർക്ക് ആശ്വാസം നൽകുന്നു. ഓഗസ്റ്റ് 18-ന്, സിചുവാൻ പ്രവിശ്യയിലെ ചോങ്കിംഗിലെ താപനില 45 ° C (113 ° F) ൽ എത്തി, മരുഭൂമി ആധിപത്യമുള്ള പ്രദേശമായ സിൻജിയാങ്ങിന് പുറത്ത്ചൈനയിൽ രേഖപ്പെടുത്തിയിട്ടുള്ള ഏറ്റവും ഉയർന്ന താപനിലയാണിത്. ഓഗസ്റ്റ് 20-ന്, നഗരത്തിലെ താപനില 34.9ത്ഥ (94.8°F)ൽ താഴെയായില്ല, ഓഗസ്റ്റിൽ ചൈനയിൽ രേഖപ്പെടുത്തിയിട്ടുള്ള ഏറ്റവും ഉയർന്ന താപനിലയാണിത്. കൂടിയ താപനില 43.7°C (110.7°F) ആയിരുന്നു.

1961-ൽ ദേശീയ റെക്കോർഡുകൾ ആരംഭിച്ചതിന് ശേഷം ചൈനയിലെ ഏറ്റവും ദൈർഘ്യമേറിയതും ചൂടേറിയതുമായ താപ തരംഗമാണിത്. ലോകമെമ്പാടുമുള്ള തീവ്രമായ താപനില നിരീക്ഷിക്കുന്ന കാലാവസ്ഥാ ചരിത്രകാരനായ മാക്സിമിലിയാനോഹെരേരയുടെഅഭിപ്രായത്തിൽ, എവിടെയും രേഖപ്പെടുത്തിയിട്ടുള്ള ഏറ്റവും കഠിനമായ താപ തരംഗമാണിത്.

'ഇത് ഒരേ സമയം അവിശ്വസനീയമാംവിധം വലിയ പ്രദേശവുമായി ഏറ്റവും അങ്ങേയറ്റത്തെ തീവ്രതയും ഏറ്റവും തീവ്രമായ കൂടിയ കാലയളവും സംയോജിപ്പിക്കുന്നു' അദ്ദേഹം പറയുന്നു. 'ചൈനയിൽ സംഭവിക്കുന്ന കാര്യങ്ങളുമായി താരതമ്യപ്പെടുത്താവുന്ന ഒന്നും ലോകകാലാവസ്ഥാചരിത്രത്തിലില്ല.' അദ്ദേഹം കൂട്ടിച്ചേർത്തു. ചൈന കാലാവസ്ഥാവ്യതിയാനത്തിന്റെതിക്തഫലങ്ങൾ അനുഭവിക്കുമ്പോൾ തന്നെ ജല വൈദ്യുത പദ്ധതികൾ അടച്ചിടേണ്ട അവസ്ഥയിൽ നിന്നും മുക്തി നേടാൻ കൽക്കരി താപ നിലയങ്ങളുടെ ശേഷി വർദ്ധിപ്പിക്കേണ്ട വിരോധാഭാസം അഭിമുഖീകരിച്ചു കൊണ്ടിരിക്കയുമാണ്. ലോകത്തെമ്പാടുംവരൾച്ച ശക്തമായി തുടരുകയാണ് എന്നതിന്റെ കൂടി ഭാഗമായിട്ടാണ് ചൈനയിൽ സംഭവിക്കുന്നത്. എന്നിരുന്നാലും ചൈനയുടെ ചരിത്രത്തിലെ ഏറ്റവും വലിയ വരൾച്ചയും ഉഷ്ണതരംഗങ്ങളും എന്ന നിലയ്ക്കും ഇന്ത്യയുടെ അയൽ രാജ്യമെന്ന നിലയ്ക്കും ഈ വിഷയം സവിശേഷതയർഹിക്കുന്നുണ്ട്. ■





**ശങ്കർ**

# പാർട്ടി കെട്ടിപ്പടുക്കുന്നതിന്റെ സാംസ്കാരിക കാഴ്ചപ്പാട്

**ഇ**ന്ത്യൻ രാഷ്ട്രീയത്തിന്റെ ഇപ്പോഴത്തെ സാഹചര്യത്തിൽ, നമ്മുടെ പാർട്ടി മൂന്ന് ദൗത്യങ്ങൾ ഏറ്റെടുത്തിരിക്കുകയാണ്. അതായത്,

1) അഖിലേന്ത്യാ തലത്തിൽ ഒരു കമ്മ്യൂണിസ്റ്റ് വിപ്ലവ പാർട്ടി കെട്ടിപ്പടുക്കുക,

2) ഫാസിസ്റ്റ് വിരുദ്ധ മുന്നണിക്കുള്ളിൽ ഇടതുപക്ഷ അകക്കാമ്പ് കെട്ടിപ്പടുക്കുക,

3) രാജ്യവ്യാപകമായി -കാവി കോർപ്പറേറ്റ് ഹിന്ദുത്വ ഫാസിസ്റ്റ് സർക്കാരിനെതിരെ ഫാസിസ്റ്റ് വിരുദ്ധമുന്നണി കെട്ടിപ്പടുക്കുക.

ഈ ദൗത്യത്തിന്റെ സാംസ്കാരിക വശം കേന്ദ്രീകരിച്ച് പാർട്ടി കെട്ടിപ്പടുക്കുന്നതിനെക്കുറിച്ചുള്ള ചില കാര്യങ്ങൾ ഈ ലേഖനത്തിൽ ഞാൻ ചർച്ച ചെയ്യാം.. രാജ്യവ്യാപകമായി ശക്തമായ ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കുക എന്ന ദൗത്യത്തെക്കുറിച്ചുള്ള ചർച്ചകൾ ഉയർന്നുവരുമ്പോൾ, സ്വയം കമ്മ്യൂണിസ്റ്റുകാരാണ് എന്ന് അവകാശപ്പെടുന്ന (ചെങ്കൊടി സംഘടനകൾ) വരും, സ്വയം കമ്മ്യൂണിസ്റ്റ് എന്ന് കരുതുന്ന രാഷ്ട്രീയ പ്രവർത്തകരേയും ഉൾപ്പെടെ എല്ലാ സംഘടനകളെയും ഒരുമിപ്പിക്കാനാണ് നമ്മൾ സംസാരിക്കുന്നതെന്ന് സഖാക്കൾ പലപ്പോഴും കരുതുന്നു. എന്നാൽ കാര്യങ്ങൾ അത്ര ലളിതമല്ല. മറ്റ് സംഘടനകളെ സംബന്ധിച്ചിടത്തോളം ഇത് ശരിയായിരിക്കാം, എന്നാൽ ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിയെ സംബന്ധിച്ചിടത്തോളം പാർട്ടി കെട്ടിപ്പടുക്കുക എന്നത് സങ്കീർണ്ണമായ ഒരു ദൗത്യമാണ്. യഥാർത്ഥത്തിൽ അതൊരു ദാർശനിക-സാംസ്കാരിക ദൗത്യമാണ്. ചെങ്കൊടി ഉയർത്തുന്ന എല്ലാവരുടെയും യാന്ത്രികമായ ഐക്യമല്ല നമ്മൾ കാണുന്നത്.

ചില സഖാക്കൾ വളരെ ഹ്രസ്വമായ ഒരു പാർട്ടി പരിപാടി കാണുവാൻ ഇഷ്ടപ്പെടുന്നു. ഒരു പാർട്ടിയിൽ കമ്മ്യൂണിസ്റ്റ് വിപ്ലവകാരികളുടെ (സിആർ) പരമാവധി എണ്ണം (എല്ലാവരും ഇല്ലെങ്കിലും) ഒന്നിക്കുന്നതിന് ഹൃസ്വമായ പാർട്ടി പരിപാടി സഹായകരമാണെന്ന് അവർ കരുതുന്നു. ഇന്നത്തെ സാഹചര്യത്തിന്റെ മുഖ്യമായ സവിശേഷതകളും ഇന്ന് നാം അഭിമുഖീകരിക്കുന്ന ചുമതലകളും മാത്രം എഴുതാൻ അവർ അനുകൂലിക്കുന്നു. ഭാവി പ്രവർത്തനങ്ങളെ കുറിച്ച് എഴുതുമ്പോൾ അവർ വളരെ പൊതുവായ രൂപത്തിൽ മാത്രമാണ് എഴുതുക. അതിനാൽ ഒരു സംവാദവും ഇക്കാര്യത്തിൽസാദ്ധ്യമാകുന്നില്ല.. 'പാർട്ടി പ്രോഗ്രാം എഴുതാനുള്ള ലെനിനിസ്റ്റ് വഴി' എന്നാണ് പലപ്പോഴും ഇതിനെ വിളിക്കുന്നത്! കുറഞ്ഞ സംവാദങ്ങൾ എന്ന് പറഞ്ഞാൽ കൂടുതൽ വലിയ ഐക്യീ. എന്നാണ് ഇവർ അർത്ഥമാക്കുന്നത്. ഒരു സംവാദവും ഇല്ലെങ്കിൽ സമ്പൂർണ്ണ ഐക്യമെന്നാണ് ഇവർ കാണുന്നത് ഇത്തരത്തിൽ ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിയെ ഇങ്ങനെ കെട്ടിപ്പടുക്കാൻ കഴിയുമോ?

റഷ്യൻ സോഷ്യൽ ഡെമോക്രാറ്റിക് ലേബർ പാർട്ടിയുടെ (ആർഎസ്ഡിഎൽപി) പാർട്ടി പ്രോഗ്രാം (1903) വളരെ ചെറുതായിരുന്നു എന്നത് ശരിയാണ്. ആ സമയത്ത് അവർക്കാവശ്യമായ കാര്യങ്ങൾ മാത്രമാണ് അവർ എഴുതിയത്. ഈ സമീപനം തെറ്റല്ല.മറിച്ച്, പക്വത പ്രാപിച്ച ഒരു പാർട്ടി എന്തിനാണ് പാർട്ടി പരിപാടിയിൽ



‘അനാവശ്യമായ ‘ കാര്യങ്ങൾ എഴുതുന്നത് എന്നത് അങ്ങേയറ്റം യുക്തിസഹമായ ചോദ്യമാണ് താനും. എന്നിരുന്നാലും, 2022 ൽ ഇന്ത്യയിൽ ‘ആവശ്യമായ കാര്യങ്ങൾ’ എന്ന കമ്മ്യൂണിസ്റ്റ് ധാരണ 1903 ലെ റഷ്യയിൽ ‘ആവശ്യമായ കാര്യങ്ങൾ‘ മനസ്സിലാക്കുന്നതിൽ നിന്ന് വ്യത്യസ്തമായിരിക്കണം. ഇത് വളരെ ലളിതമായ ഒരു സത്യമാണ്.

1883-ൽ പ്രവാസത്തിൽ ആയിരിക്കുമ്പോഴാണ് പ്ലെഖനോവിന്റെ നേതൃത്വത്തിൽ രൂപീകരിച്ച തൊഴിലാളികളുടെ വിമോചന ഗ്രൂപ്പ്, റഷ്യയിൽ ലെനിൻ, മാർട്ടോവ്, വനയേവ് എന്നിവർ ചേർന്ന് രൂപീകരിച്ച SBORK (തൊഴിലാളി വർഗ്ഗ വിമോചനത്തിനായുള്ള പോരാട്ടത്തിന്റെ സെന്റ് പീറ്റ്സ്ബർഗ് ലീഗ്) തുടങ്ങിയ നിരവധി ഗ്രൂപ്പുകളുടെ ലയനത്തിലൂടെയാണ് RSDLP രൂപീകരിച്ചത്. 1885-ൽ, ജൂത ലേബർ സംഘടന (ബണ്ട് )മറ്റ് ചില ചെറിയ തൊഴിലാളിവർഗ സംഘടനകളും (മതേതര ദേശീയതയുടെയും മാർക്സിസത്തിന്റെയും സമ്മിശ്ര വിവരണത്തെ അടിസ്ഥാനമാക്കിയുള്ള ഒരു സംഘടനയാണ് ബണ്ട് എന്നത് ശ്രദ്ധേയമാണ്) എസ്ബോർക്കിന്റെ നേതൃത്വത്തിൽ സാമ്പത്തികവാദത്തിലും വിപ്ലവേതര രാഷ്ട്രീയ തത്ത്വചിന്തകളിലും ശക്തമായി വിശ്വസിക്കുന്ന ഒരു വിഭാഗവും ഉണ്ടായിരുന്നു. അതിനാൽ, വളരെ സ്വാഭാവികമായും ലെനിന് ദൈനംദിന പ്രവർത്തികൾക്ക് ആവശ്യമായ മിനിമം ഫോർമുലേഷനുകൾക്കുള്ളിൽ പരിമിതപ്പെടുത്തേണ്ടി വന്നു അവരുടെ പരിപാടി. എന്നിരുന്നാലും, താമസിയാതെ പാർട്ടി രണ്ട് പ്രധാന ഗ്രൂപ്പുകളായി .പിരിഞ്ഞു, അതായത് ബോൾഷെവിക്കുകളും മെൻഷെവിക്കുകളും. അക്കാലത്ത് ലെനിൻ 30-32 വയസ്സുള്ള ഒരു യുവ കമ്മ്യൂണിസ്റ്റായിരുന്നു.

രണ്ട് പതിറ്റാണ്ടുകൾക്ക് ശേഷം 1921 മുതൽ 1923 വരെ ലെനിൻ തന്റെ അവസാന കൃതികൾ എഴുതിയ വിപ്ലവാനന്തര റഷ്യയുടെ ഒരു യുഗത്തിലേക്ക് നാം കുതിക്കുകയാണെങ്കിൽ, പാർട്ടിയിലെ തൊഴിലാളിവർഗേതര സാംസ്കാരിക ചിന്താ ധാരകളുമായി ലെനിന് എങ്ങനെ പാർട്ടിയിലെ വിവിധ നേതൃത്വ സഖാക്കളുമായി പാർട്ടി ഐക്യം നിലനിർത്തുന്നതിന് വേണ്ടി പോരാടേണ്ടി വന്നുവെന്ന് നമുക്ക് കാണാം കഴിയും. ഈ സമയമായപ്പോഴേക്കും പാർട്ടി ഒരു വിപ്ലവത്തെ വിജയത്തിലേക്ക് നയിക്കുകയും തൊഴിലാളിവർഗത്തിന്റെ വിപ്ലവ സമഗ്രാധിപത്യം സ്ഥാപിക്കപ്പെടുകയും ചെയ്തിരുന്നു. എന്നിരുന്നാലും, സമരങ്ങൾ വർഗ

സമരത്തിന്റെ ഉയർന്ന ഘട്ടങ്ങളിലേക്ക് നീങ്ങുമ്പോൾ, ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കാൻ ഒരു പരിപാടിപരമായ ഐക്യം മാത്രം പര്യാപ്തമല്ലെന്ന് വെളിവാക്കപ്പെട്ടു.

റഷ്യയിലെ വിപ്ലവാനന്തര സമൂഹത്തിൽ, കമ്മ്യൂണിസ്റ്റുകൾ രാഷ്ട്രീയം മാത്രമല്ല സാമ്പത്തിക ശാസ്ത്രം(സൈദ്ധാന്തിക സാമ്പത്തിക ശാസ്ത്രം മാത്രമല്ല, ദൈനംദിന മാക്രോ ഇക്കണോമിയും) മനസ്സിലാക്കണം എന്ന് വെളിപ്പെടുത്തിയപ്പോൾ, പാർട്ടി മുഴുവൻ അതിന്റെ രാഷ്ട്രീയ ചിന്താഗതിയെ ഉടച്ച് വാർക്കണം എന്ന് മനസ്സിലാക്കപ്പെട്ടു. എന്നാൽ ഈ പ്രശ്നത്തെ അഭിമുഖീകരിച്ചപ്പോൾ പാർട്ടി നേരിട്ട യഥാർത്ഥ ബുദ്ധിമുട്ട് നമ്മൾക്ക് കണ്ടെത്താനാകും. 1921 ലെ പാർട്ടിയുടെ പതിനൊന്നാം കോൺഗ്രസിന്റെ രാഷ്ട്രീയ-സംഘടനാ റിപ്പോർട്ടിൽ ലെനിൻ ഇങ്ങനെ എഴുതി:

'ഉത്തരവാദിത്തമുള്ള കമ്മ്യൂണിസ്റ്റുകാർ, അവരിൽ ഏറ്റവും മികച്ചവർ പോലും, സംശയാതീതമായി സത്യസന്ധരും വിശ്വസ്തരും, പഴയ കാലത്ത് ശിക്ഷ അനുഭവിക്കുകയും മരണത്തെ ഭയപ്പെടാതിരിക്കുകയും ചെയ്തവരാണെങ്കിലു അവർക്ക് കച്ചവടം ചെയ്യാൻ അറിയില്ല, കാരണം അവർ ബിസിനസുകാരല്ല. അവർ കച്ചവടം പഠിച്ചിട്ടില്ല, പഠിക്കാൻ ആഗ്രഹിക്കുന്നില്ല, ആദ്യം മുതൽ പഠിച്ചു തുടങ്ങണം എന്ന് മനസ്സിലാക്കുന്നില്ല, കമ്മ്യൂണിസ്റ്റുകൾ, ലോകത്തിലെ ഏറ്റവും വലിയ വിപ്ലവം നടത്തിയ വിപ്ലവകാരികൾ, നാൽപ്പത് പിരമിഡുകൾ പോലെ യൂറോപ്പിലെ നാൽപതു രാജ്യങ്ങളുടെ കണ്ണുകൾ, മുതലാളിത്തത്തിൽ നിന്നുള്ള വിമോചനം പ്രതീക്ഷിച്ച് നോക്കി നിൽക്കുകയാണ്. മഹാ വിപ്ലവം നടത്തിയ ഈ വിപ്ലവകാരികൾ പക്ഷെ ബിസിനസ് നടത്തുന്നതിനുള്ള അറിവ് സാധാരണ കച്ചവടക്കാരിൽ നിന്നെങ്കിലും പഠിക്കണം.

എന്നാൽ ഈ സാധാരണ വിൽപ്പനക്കാർക്ക് പത്ത് വർഷത്തെ വെയർഹൗസ് അനുഭവവും ബിസിനസ്സും അറിയാം, എന്നാൽ ഉത്തരവാദിത്തമുള്ള കമ്മ്യൂണിസ്റ്റുകൾക്കും അർപ്പണബോധമുള്ള വിപ്ലവകാരികൾക്കും അറിയില്ല. കച്ചവടം, അവർക്കത് അറിയില്ലെന്ന കാര്യം പോലും അവർ മനസ്സിലാക്കുന്നില്ല. (ലെനിൻ/ CW/ വാല്യം 33)

ഈ ഭാഗം വളരെ ശ്രദ്ധയോടെയും സൂക്ഷ്മമായും വായിക്കുന്ന ഒരാൾക്ക് ഇത് അടിസ്ഥാനപരമായി കമ്മ്യൂണിസ്റ്റ് ചിന്താഗതിയിലെ ഒരു സൈക്കോ ഫിലോസഫിക്കൽ പ്രശ്നമാണെന്ന് മനസ്സിലാക്കാൻ കഴിയും, ഇത് വിപ്ലവാനന്തര കാലഘട്ടത്തിലെ ഒരു പുതിയ സാഹചര്യത്തിൽ മാത്രമല്ല, പരമ്പരാഗത ചിന്താ പ്രക്രിയയെ പുനർനിർമ്മിക്കുമ്പോൾ എല്ലാ പുതിയ സാഹചര്യങ്ങളിലും പ്രധാനമാണ്. പുതിയൊരെണ്ണം പുനർനിർമ്മിക്കുന്നതിനുള്ള ക്രമം വളരെ പ്രധാനമാണ്, ഇതില്ലാതെ യഥാർത്ഥ മുന്നേറ്റം സാധ്യമല്ല. നമ്മുടെ വർത്തമാനകാലത്ത് നമ്മുടെ പ്രായോഗിക രാഷ്ട്രീയത്തിൽ നാം ഇതേ പ്രശ്നത്തെ അഭിമുഖീകരിക്കുന്നില്ലേ.? കമ്മ്യൂണിസ്റ്റ് നേതാക്കൾ, അവരിൽ ഏറ്റവും കഴിവുള്ളവരും അനുഭവപരിചയമുള്ളവർ പോലും തങ്ങളുടെ നിലവിലുള്ള ചിന്താ പ്രക്രിയയെ സംബന്ധിച്ച് പിന്നോക്കം നോക്കാനും പുതിയ സാഹചര്യത്തിൽ ഫലപ്രദമായി പ്രവർത്തിക്കാൻ വേണ്ട മാറ്റം വരുത്താനും പലപ്പോഴും പരാജയപ്പെടുന്നു. എന്നിരുന്നാലും, ഈ ഗുണം കൈവരിക്കാതെ ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കുക സാധ്യമല്ല, കാരണം ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കുക എന്നത് കേവലം ഭൗതികമായി അതിനെ കെട്ടിപ്പടുക്കുക എന്നല്ല, അതേ സമയം അത് ആത്മീയമായിട്ടു കൂടി കെട്ടിപ്പടുക്കുക എന്നതാണ്.

പാർട്ടി കെട്ടിപ്പടുക്കൽ ഒരു യാന്ത്രിക പ്രക്രിയയോ കമ്മ്യൂണിസ്റ്റ് വിപ്ലവകാരികളെ ഒരൊറ്റ പാർട്ടിയിൽ ഗണിത ശാസ്ത്ര പരമായി അണിനിരത്തുകയോ അല്ല. കമ്മ്യൂണിസ്റ്റ് മനസ്സുകളുടെ ഐക്യത്തിന്റെ ബഹുമുഖ നിർമ്മാണത്തിൽ ഉൾപ്പെടുന്ന സങ്കീർണ്ണമായ ഒരു പ്രക്രിയയാണിത്. കമ്മ്യൂണിസ്റ്റ് വിപ്ലവകാരികളുടെ ഐക്യം (CR) വ്യക്തമായും കമ്മ്യൂണിസ്റ്റ് മനസ്സുകളുടെ ഐക്യത്തെ അർത്ഥമാക്കുന്നു, അത് മാനസിക-ദാർശനികവും സാംസ്കാരികവുമായ മൂല്യവ്യവസ്ഥയാൽ വളരെ അടുത്ത് നിയന്ത്രിക്കപ്പെടുന്നു. നമുക്ക് ലെനിനെ ഒരിക്കൽ കൂടി വായിക്കാം:

'ഇവിടെ നാം സമർത്ഥമായി ചോദ്യം ചോദിക്കണം: നമ്മുടെ ശക്തി എവിടെയാണ്, നമുക്ക് എന്താണ് കുറവ്? നമ്മൾക്ക് വേണ്ടത്ര രാഷ്ട്രീയ ശക്തിയുണ്ട്. അത്തരമൊരു പ്രായോഗിക ചോദ്യത്തിൽ അത് ഉറപ്പിച്ചുപറയുന്ന ആരും ഇവിടെയുണ്ടെന്ന് ഞാൻ കരുതുന്നില്ല. കമ്മ്യൂണിസ്റ്റുകാർക്കും കമ്മ്യൂണിസ്റ്റ് പാർട്ടിക്കും വേണ്ടത്ര ശക്തിയില്ല എന്ന തരത്തിൽ മാത്രം, ഇതിനെക്കുറിച്ച് ചിന്തിക്കുന്നവരുണ്ട്, പക്ഷേ ഈ ആളുകൾ നിരാശയോടെ പിന്നോട്ട് നോക്കുന്നു, ഒരാൾ മുന്നോട്ട് നോക്കണം എന്ന് മനസ്സിലാക്കാൻ അയാൾക്ക് കഴിയുന്നില്ല., പ്രധാന സാമ്പത്തിക ശക്തി നമ്മുടെ കൈയ്കളിലാണ്.. എല്ലാ സുപ്രധാന വൻകിട സംരംഭങ്ങളും റെയിൽവേയും മറ്റും നമ്മുടെ കൈകളിലാണ്, പാട്ടത്തിനെടുത്ത സംരംഭങ്ങളുടെ എണ്ണം, സ്ഥലങ്ങളിൽ ഗണ്യമായതാണെങ്കിലും, മൊത്തത്തിൽ, ബാക്കിയുള്ളവയുമായി താരതമ്യപ്പെടുത്തുമ്പോൾ, ഇത് അനന്തമാണ്, സാമ്പത്തിക ശക്തി കമ്മ്യൂണിസത്തിലേക്കുള്ള പരിവർത്തനം ഉറപ്പാക്കാൻ റഷ്യയിലെ തൊഴിലാളിവർഗ രാഷ്ട്രത്തിന്റെ കൈകൾ

പര്യാപ്തമാണ്, പിന്നെ എന്താണ് കുറവുള്ളത്? വ്യക്തമായും, ഭരണ പരമായ പ്രവർത്തനങ്ങൾ നിർവ ഹിക്കുന്ന കമ്മ്യൂണിസ്റ്റുകളുടെ ത ട്ടിലുള്ള സംസ്കാരത്തിന്റെ കുറ വാണ്.' (ലെനിൻ മുൻ കൃതി)

ഒരിക്കൽ കൂടി: 'ഫെബ്രു വരി അവസാനം മോസ്കോയിൽ എത്തിയപ്പോൾ, 'ഞങ്ങൾക്ക് ടിന്നി ലടച്ച സാധനങ്ങൾ വാങ്ങാൻ ക ഴിയുന്നില്ല' എന്ന കയ്പേറിയ പ രാതികൾ ഞാൻ കേട്ടു, എന്നിരു ന്നാലും ലിബൗവിൽ ടിന്നിലടച്ച സാധനങ്ങളുള്ള ഒരു കപ്പൽ ഉണ്ടാ യിരുന്നു, ഉടമകൾ സോവിയറ്റ് ക റൻസികൾക് പകരം അവ വിട്ടു കൊടുക്കുവാൻ തയ്യാറുമായിരു ന്നു. യഥാർത്ഥ ടിന്നിലടച്ച സാധ നങ്ങൾക്കുള്ള കറൻസി! (ചിരി.) ഈ ടിന്നിലടച്ച സാധനങ്ങൾ പൂർ ണ്ണമായും മോശമല്ലെങ്കിൽ (ഇ പ്പോൾ ഞാൻ 'എങ്കിൽ' ഊന്നിപ്പ റയുന്നു, കാരണം മറ്റൊരു അന്വേ ഷണത്തിന് വിളിക്കില്ലെന്ന് എനി ക്ക് ഉറപ്പില്ല, അതിന്റെ ഫലങ്ങൾ, , ഞങ്ങൾ അടുത്ത കോൺഗ്ര സിൽ റിപ്പോർട്ട് ചെയ്യണം), ഈ സാധനങ്ങൾ പൂർണ്ണമായും മോശ മല്ലെന്നും അവ വാങ്ങിയതാണെ ന്നും ഞാൻ പറഞ്ഞാൽ, ഞാൻ ചോദിക്കുന്നു: കാമനേവും ക്രാസി നും ഇല്ലാതെ എന്തുകൊണ്ട് ഈ വിഷയം പരിഹരിക്കാൻ കഴിഞ്ഞി ല്ല? എന്റെ മുമ്പിലുള്ള റിപ്പോർട്ടിൽ നിന്ന് ഉത്തരവാദിത്തമുള്ള ഒരു കമ്മ്യൂണിസ്റ്റ് മറ്റൊരു കമ്മ്യൂണിസ്റ്റു കാരനെ പിശാചിന്റെ അടുത്തേക്ക് അയച്ചതായി ഞാൻ, കാണുന്നു.ഉ ത്തരവാദിത്തമുള്ള ഒരു കമ്മ്യൂണി സ്റ്റ് മറ്റൊരു ഉത്തരവാദിത്തമുള്ള ക മ്മ്യൂണിസ്റ്റിനോട് പറഞ്ഞു: 'ഇനി ഒരു അഭിഭാഷകന്റെ സാന്നിധ്യത്തി ലല്ലാതെ ഞാൻ നിങ്ങളോട് സം സാരിക്കില്ല' എന്ന് .ഞാൻ ഈ റി പ്പോർട്ടിൽ നിന്ന് അനുമാനിക്കുന്ന ത് ......... പക്ഷെ എന്ത് കൊണ്ട് വി പ്ലവം കഴിഞ്ഞ്, മൂന്ന് വർഷങ്ങൾക്ക് ശേഷവും , സോവിയറ്റ് റിപ്പബ്ലിക്കി

## പാർട്ടി കെട്ടിപ്പടുക്കൽ ഒരു യാന്ത്രിക പ്രക്രിയയോ കമ്മ്യൂണിസ്റ്റ് വിപ്ലവകാരികളെ ഒരൊറ്റ പാർട്ടിയിൽ ഗണിത ശാസ്ത്ര പരമായി അണിനിരത്തുകയോ അല്ല. കമ്മ്യൂണിസ്റ്റ് മനസ്സുകളുടെ ഐക്യത്തിന്റെ ബഹുമുഖ നിർമ്മാണ ത്തിൽ ഉൾപ്പെടുന്ന സങ്കീർണ്ണമായ ഒരു പ്രക്രിയയാണിത്.

ന്റെ തലസ്ഥാനത്ത്, രണ്ട് അന്വേ ഷണങ്ങൾ നടത്തേണ്ടതായി വ ന്നു. ?, കാമനേവിന്റെയും ക്രാസി നിന്റെയും ഇടപെടലും ടിന്നിലട ച്ച സാധനങ്ങൾ വാങ്ങാനുള്ള പൊളിറ്റിക്കൽ ബ്യൂറോയുടെ നിർ ദ്ദേശങ്ങളും എന്ത് കൊണ്ട് വേണ്ടി വന്നു.? എന്ത് കുറവാണ് നമ്മൾ ക്ക് ഉണ്ടായിരുന്നത് '? രാഷ്ട്രീയ അധികാരമോ? ഇല്ല പണം വന്നു കൊണ്ടിരുന്നു, അതിനാൽ അവർ ക്ക് സാമ്പത്തികവും രാഷ്ട്രീയവു മായ ശക്തിയും ഉണ്ടായിരുന്നു. ആവശ്യമായ എല്ലാ സ്ഥാപനങ്ങ ളും ലഭ്യമായിരുന്നു. അപ്പോൾ എ ന്തിന്റെ കുറവാണ് ഉണ്ടായിരുന്ന ത്.?

സംസ്കാരം. M.C.C.S-ലേയും വിദേശ വ്യാപാരത്തിന്റെ കമ്മീഷണറേറ്റിലേയും ഓരോ നൂ റിൽ തൊണ്ണൂറ്റി ഒമ്പത് ഉദ്യോഗ സ്ഥരും – അവർക്കെതിരെ എന്തും പറയാൻ എനിക്ക് കഴിയില്ല, അവർ മികച്ച കമ്മ്യൂണിസ്റ്റുകാരായി ഞാൻ കരുതുന്നു – എന്നാൽ അവർക്ക് ഇ ല്ലാത്തത് സംസ്കാരമാണ് '

സംസ്കാരത്തോടെ വിഷയത്തെ സമീപിക്കാൻ അവർക്ക് കഴിഞ്ഞി ല്ല.' (ലെനിൻ/ഐബിഡ്)

പതിനൊന്നാം പാർട്ടി കോൺഗ്രസിലെ ലെനിന്റെ രാഷ്ട്രീയ സംഘടനാ റിപ്പോർട്ടിൽ നിന്നു ള്ള മേൽപ്പറഞ്ഞ ഭാഗങ്ങൾ വീ ണ്ടും സൂക്ഷ്മമായി വായിച്ചാൽ, ക മ്മ്യൂണിസ്റ്റ് നേതൃത്വത്തിനുള്ളിലെ സാംസ്കാരിക പ്രശ്നം വർഗസ മരത്തിന്റെ നിർണായക സമയത്ത് നിർണായക പങ്ക് വഹിച്ചുവെന്ന് സൂചിപ്പിക്കുന്നു. റഷ്യൻ വിപ്ലവ ത്തിന്റെ ഒരു പ്രത്യേക കാലഘട്ട ത്തിൽ മാത്രമല്ല, ലോക തൊഴിലാ ളിവർഗ പ്രസ്ഥാനത്തിന്റെ ചരിത്ര ത്തിലുടനീളം ഇത് സത്യമാണ്. ക മ്മ്യൂണിസ്റ്റുകാരന് സംസ്കാരമില്ല. ഇത് പ്രകടമായ സത്യമാണ്. ഈ അപകടത്തെ സംബന്ധിച്ച് പൊതു വെ കുറഞ്ഞ ശ്രദ്ധ മാത്രമെ നൽ കുന്നുള്ളുവെങ്കിൽ പോലും. ലോ കമെമ്പാടുമുള്ള കമ്മ്യൂണിസ്റ്റ് വി പ്ലവകാരികൾ ഇതിനെ അഭിമുഖീ കരിക്കുന്നത് ഒഴിവാക്കുകയാണ്, കാരണം അവരുടെ മാനസികാവ സ്ഥയെ പുനർനിർമ്മിക്കാനുള്ള ചുമതല ഏറ്റെടുക്കുവാൻ അവർ ഭയപ്പെടുന്നു..


ഇനി നമുക്ക് ലെനിന്റെ അ ങ്ങയറ്റം പ്രധാനപ്പെട്ട കത്തുക ളിൽ ഒന്നിലേക്ക് ശ്രദ്ധ തിരിക്കാം. ലോകമെമ്പാടുമുള്ള കമ്മ്യൂണിസ്റ്റു കാരിൽ ഭൂരിഭാഗവും ഇതിലേക്ക് നോക്കാൻ പോലും ഭയപ്പെടുന്നു. അദ്ദേഹത്തിന്റെ മരണക്കിടക്ക

യിൽ നിന്നാണ് ഈ കത്ത് പന്ത്ര ണ്ടാം പാർട്ടി കോൺഗ്രസിന് അ യച്ചത്. കഠിനമായ അസുഖം കാ രണം അദ്ദേഹത്തിന് ഈ കോൺ ഗ്രസിൽ പങ്കെടുക്കാൻ കഴിഞ്ഞി ല്ലെങ്കിലും പാർട്ടി ഘടനയിൽ പ ല മാറ്റങ്ങളും അദ്ദേഹം നിർദ്ദേശി ച്ചു, അത് കോൺഗ്രസിൽ ചർച്ച ചെയ്യപ്പെടാൻ ആഗ്രഹിച്ചു. കത്ത് പാർട്ടി നേതാക്കളെ ഞെട്ടിച്ചു, ഒ ടുവിൽ കത്ത് കോൺഗ്രസിന് മെ ക്കേണ്ടതില്ലെന്ന് അവർ തീരുമാനി ച്ചു. സ്റ്റാലിന്റെ മരണശേഷം സോ വിയറ്റ് യൂണിയനിൽ ആദ്യമായി ഈ കത്തിന്റെ പൂർണ്ണരൂപം പ്രസി ദ്ധീകരിക്കുകയുണ്ടായി. ഇരുപതാം പാർട്ടി കോൺഗ്രസിൽ നികിത ക്രൂഷ്ചേവ് ഈ കത്ത് തന്റെ മൂ ന്ന് സമാധാനങ്ങൾ, 'ഡീ സ്റ്റാലി നൈസേഷൻ' എന്നീ കുപ്രസിദ്ധ ങ്ങളായ കാര്യങ്ങൾക്ക് വേണ്ടി ഉ പയോഗിച്ചു. എന്നാൽ കത്തിൽ സ്റ്റാലിന്റെ രാഷ്ട്രീയ ചിന്താഗതിയു മായി ബന്ധപ്പെട്ട ചില സുപ്രധാ ന പ്രശ്നങ്ങൾ സൂചിപ്പിക്കുക മാ ത്രമല്ല, പാർട്ടിയുടെ മുഴുവൻ മുൻ നിര കേഡർമാരുമായി ബന്ധപ്പെ ട്ട സുപ്രധാന പ്രശ്നങ്ങൾ ചൂണ്ടി ക്കാണിക്കുകയും ചെയ്തിരുന്നു എന്നതാണ് വസ്തുത.

കത്തിന്റെ രണ്ടാം ഭാഗത്തിൽ ലെ നിൻ ഇങ്ങനെ എഴുതി:'കുറിപ്പുക ളുടെ തുടർച്ച.

1922 ഡിസംബർ 24

ഞാൻ മുകളിൽ പറഞ്ഞ കേന്ദ്രക മ്മിറ്റിയുടെ സുസ്ഥിരത എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്, അത്തരം നടപടികൾ സ്വീകരിക്കാൻ കഴിയു ന്നിടത്തോളം, ഒരു പിളർപ്പിനെതി രെയുള്ള നടപടിയാണ്. തീർച്ച യായും, റസ്കായ മൈസലിലെ വൈറ്റ്ഗാർഡ് (എസ്.എസ്. ഓൾ ഡൻബർഗ് ആണെന്ന് തോന്നു ന്നു) സോവിയറ്റ് റഷ്യയ്ക്കെതിരാ യ വൈറ്റ്ഗാർഡ്സിന്റെ കളികളിൽ അദ്ദേഹം നമ്മുടെ പാർട്ടിയിൽ പി ളർപ്പുണ്ടാക്കുന്നതിന് വേണ്ടി നില കൊണ്ടു. രണ്ടാമതായി, അദ്ദേഹം




നമ്മുടെ പാർട്ടിയിലെ കടുത്ത ഭി ന്നതകളെ മുതലെടുത്തു കൊണ്ട് പാർട്ടിയിൽ വിളർപ്പുണ്ടാക്കി. ഈ അവസരങ്ങളിൽ അദ്ദേഹം ശരിയാ യിരുന്നു താനും.

നമ്മുടെ പാർട്ടി രണ്ട് വർ ഗ്ഗങ്ങളെ ആശ്രയിച്ചാണ് നിലനിൽ ക്കുന്നത്.അതിനാൽതന്നെ ഈ ര ണ്ട് വർഗ്ഗങ്ങൾ തമ്മിൽ യോജിപ്പി ല്ലായിരുന്നുവെങ്കിൽ പാർട്ടിയുടെ അസ്ഥിരത സാധ്യമാകുകയും അ തിന്റെ പതനം അനിവാര്യവുകയും ചെയ്യും. അങ്ങനെയെങ്കിൽ, ഏതെ ങ്കിലും തരത്തിലുള്ള നടപടികളാ പൊതുവെ നമ്മുടെ കേന്ദ കമ്മിറ്റി യുടെ സ്ഥിരതയെക്കുറിച്ചുള്ള എ ല്ലാ സംസാരങ്ങളോ അത് വ്യർത്ഥ മാക്കി കളയും. അത്തരമൊരു സാ ഹചര്യത്തിൽ പിളർപ്പ് തടയാൻ ഒ രു തരത്തിലുള്ള നടപടിക്കും ക ഴിയില്ല. എന്നാൽ ഇത് വളരെ വി ദൂര ഭാവിയിലാണെന്നും ഇപ്പോൾ സംസാരിക്കാൻ കഴിയാത്ത ഒരു സംഭവമാണെന്നും ഞാൻ പ്രതീ

ക്ഷിക്കുന്നു.

അടുത്ത ഭാവിയിൽ ഒരു പിളർപ്പിനെതിരായ ഗ്യാരന്റി എന്ന നിലയിൽ എന്റെ മനസ്സിലുള്ളത് സ്ഥിരതയാണ്. കൂടാതെ വ്യക്തിപരമായ ഗുണങ്ങളെക്കുറിച്ചുള്ള കുറച്ച് ആശയങ്ങൾ ഇവിടെ കൈകാര്യം ചെയ്യാനും ഞാൻ ഉദ്ദേശിക്കുന്നു.

ഈ കാഴ്ചപ്പാടിൽ, സ്ഥിരതയെക്കുറിച്ചുള്ള ചോദ്യത്തിലെ പ്രധാന ഘടകങ്ങൾ കേന്ദ്ര കമ്മിറ്റിയിലെ അത്തരം അംഗങ്ങളായ സ്റ്റാലിനും, ട്രോട്സ്കിയും ആണെന്ന് ഞാൻ കരുതുന്നു. അവർ തമ്മിലുള്ള ബന്ധങ്ങൾ ഒരു പിളർപ്പിന്റെ അപകടത്തിന്റെ വലിയൊരു ഭാഗമാണെന്ന് ഞാൻ കരുതുന്നു, അത് ഒഴിവാക്കാവുന്നതാണ് എന്ന് ഞാൻ കരുതുന്നു., ഈ ഉദ്ദേശ്യം, മറ്റ് കാര്യങ്ങൾക്കൊപ്പം, ഇ.ഇ. യുടെ എണ്ണം 50 മുതൽ 100 വരെ ആക്കിവർദ്ധിപ്പിച്ചുകൊണ്ട് നിറവേറ്റപ്പെടും. .

സഖാവ് സ്റ്റാലിൻ, സെക്രട്ടറി ജനറലായതിനാൽ, പരിധിയില്ലാത്ത അധികാരം അദ്ദേഹത്തിന്റെ കൈകളിൽ കേന്ദ്രീകരിച്ചിരിക്കുന്നു., ആ അധികാരം മതിയായ ജാഗ്രതയോടെ ഉപയോഗിക്കാൻ അദ്ദേഹത്തിന് എപ്പോഴും കഴിയുമോ എന്ന് എനിക്ക് ഉറപ്പില്ല. സഖാവ് ട്രോട്സ്കിയാകട്ടെ, മറ്റൊരു വശത്ത് സി.സി.ക്കെതിരായ സമരം ജനകീയ കമ്മീഷണറേറ്റ് ഓഫ് കമ്മ്യൂണിക്കേഷന്റെ പ്രശ്നത്തിലൂടെ വ്യക്തമാകിയിട്ടുമുണ്ട്.

മികച്ച കഴിവ് കൊണ്ട് കൂടി വ്യത്യസ്തനാണെങ്കിൽ പോലും . നിലവിലെ സി.സി.യിലെ വ്യക്തിപരമായി ഒരുപക്ഷേ ഏറ്റവും കഴിവുള്ള വ്യക്തിയാണ് അദ്ദേഹം, എന്നാൽ അമിതമായ ആത്മവിശ്വാസം പ്രകടിപ്പിക്കുകയും ജോലിയുടെ ഭരണപരമായ വശങ്ങളിൽ അമിതമായ ശ്രദ്ധ കാണിക്കുകയും ചെയ്തു.

ഇപ്പോഴത്തെ സി.സി.യിലെ രണ്ട് മികച്ച നേതാക്കളുടെ ഈ രണ്ട് ഗുണങ്ങളും , അശ്രദ്ധമായി ഒരു പിളർപ്പിലേക്ക് നയിച്ചേക്കാം, ഇത് ഒഴിവാക്കാൻ നമ്മുടെ പാർട്ടി നടപടികൾ സ്വീകരിച്ചില്ലെങ്കിൽ, പിളർപ്പ് അപ്രതീക്ഷിതമായി വന്നേക്കാം.



C.C-യിലെ മറ്റ് അംഗങ്ങളുടെ വ്യക്തിപരമായ ഗുണങ്ങളെക്കുറിച്ച് ഞാൻ കൂടുതൽ വിലയിരുത്തലുകൾ നൽകുന്നില്ല. സിനോവീവ്, കാമനേവ് എന്നിവരുമായുള്ള ഒക്ടോബർ പരമ്പര ഞാൻ ഓർക്കുന്നു .(വാല്യം 26കാണുക.,) 21619പ, തീർച്ചയായും അത്,യാദൃശ്ചികമായിരുന്നില്ല, എന്നാൽ ബോൾഷെവിക്കല്ലാത്ത ട്രോട്സ്കിക്ക് മേൽ ചാർത്തുന്നതിനേക്കാൾ വ്യക്തിപരമായി അതിന്റെ കുറ്റം അവരുടെ മേൽ ചുമത്താൻ കഴിയില്ല.

യുവ സി.സി. അംഗങ്ങളായ, ബുഖാറിനെയും പ്യതകോവിനെയും കുറിച്ച് കുറച്ച് വാക്കുകൾ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ അഭിപ്രായത്തിൽ, അവർ ഏറ്റവും മികച്ച വ്യക്തികളാണ് (ഏറ്റവും ചെറുപ്പക്കാരിൽ), അവരെക്കുറിച്ച് ഇനിപ്പറയുന്നവ മനസ്സിൽ സൂക്ഷിക്കണം: ബുഖാരിൻ പാർട്ടിയുടെ ഏറ്റവും മൂല്യവത്തായതും പ്രധാനപ്പെട്ടതുമായ സൈദ്ധാന്തികൻ മാത്രമല്ല; മുഴുവൻ

പാർട്ടിയുടെയും പ്രിയങ്കരനായി അദ്ദേഹം കണക്കാക്കപ്പെടുന്നു, പക്ഷേ അദ്ദേഹത്തിന്റെ സൈദ്ധാന്തിക വീക്ഷണങ്ങളെ പൂർണ്ണമായും മാർക്സിസ്റ്റ് എന്ന് തരംതിരിക്കാൻ പാണ്ഡിത്യ പ്രകടനപരമായ കഴിവുണ്ടെങ്കിലും കരുതലോടുകൂടി മാത്രമെ കഴിയുകയുള്ളു.,(അദ്ദേഹം ഒരിക്കലും വൈരുദ്ധ്യാത്മകതയെക്കുറിച്ച് പഠിച്ചിട്ടില്ല, കൂടാതെ, ഞാൻ കരുതുന്നു, പൂർണ്ണമായി മനസ്സിലാക്കിയിട്ടില്ല).

ഡിസംബർ 25. പ്യതകോവിനെ സംബന്ധിച്ചിടത്തോളം, അദ്ദേഹം നിസ്സംശയമായും മികച്ച ഇച്ഛാശക്തിയും മികച്ച കഴിവും ഉള്ള ആളാണ്, എന്നാൽ ഗൗരവമായ രാഷ്ട്രീയ വിഷയത്തിൽ ആശ്രയിക്കേണ്ട കാര്യങ്ങളിൽ ഭരണത്തിലും ഭരണപരമായ വശത്തിലും വളരെയധികം തീക്ഷ്ണത കാണിക്കുന്നു.

ഈ രണ്ട് അഭിപ്രായങ്ങളും, തീർച്ചയായും, ഈ മികച്ചവരും അർപ്പണബോധമുള്ളവരുമായ ഈ രണ്ട് പാർട്ടി പ്രവർത്തകർക്കും അവരുടെ അറിവ് വർദ്ധിപ്പിക്കാനും അവരുടെ ഏകപക്ഷീയത തിരുത്താനും ഒരു അവസരം കണ്ടെത്തുന്നതിൽ പരാജയപ്പെടുന്നു എന്ന അനുമാനത്തിൽ മാത്രമാണ് നടത്തുന്നത്.

ലെനിൻ

1922 ഡിസംബർ 25

എഴുതി എടുത്തത്. എം.വി..'

കമ്മ്യൂണിസ്റ്റ് മനസ്സുകളുടെ ഐക്യത്തിന്റെ രൂക്ഷമായ പ്രശ്നങ്ങളും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും പാർട്ടി കെട്ടിപ്പടുക്കലിന്റെ ഗതിയെ എങ്ങനെ ദുർബലപ്പെടുത്തുന്നുവെന്ന് ഈ ഭാഗങ്ങൾ വീണ്ടും സൂക്ഷ്മമായി ചൂണ്ടികാട്ടുന്നുണ്ട്. ലെനിൻ ചൂണ്ടിക്കാണിച്ച പാർട്ടി നേതാക്കളുടെ മിക്കവാറും എല്ലാ പ്രശ്നങ്ങളും യഥാർത്ഥത്തിൽ ബൂർഷ്വാ/പെറ്റി ബൂർഷ്വാ ദുഷ്പ്രവണതകളാണ്, ഏറ്റവും പ്രധാനമായി, അവരുടെ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നത്.

> കമ്മ്യൂണിസ്റ്റ് മനസ്സുകളുടെ ഐക്യത്തിന്റെ രൂക്ഷമായ പ്രശ്നങ്ങളും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും പാർട്ടി കെട്ടിപ്പടുക്കലിന്റെ ഗതിയെ എങ്ങനെ ദുർബലപ്പെടുത്തുന്നുവെന്ന് ഈ ഭാഗങ്ങൾ വീണ്ടും സൂക്ഷ്മമായി ചൂണ്ടികാട്ടുന്നുണ്ട്.

പാർട്ടിയുടെ ജനറൽ സെക്രട്ടറി എന്ന നിലയിൽ സ്റ്റാലിന് എങ്ങനെയാണ് തന്റെ കയ്യിൽ പരിധിയില്ലാത്ത അധികാരം സമാഹരിക്കാൻ കഴിയുന്നത് '? അത് ചെയ്യാൻ അദ്ദേഹത്തെ അനുവദിച്ച ബന്ധപ്പെട്ട പാർട്ടി ഘടനയുമായി ബന്ധപ്പെട്ട നിരവധി ചോദ്യങ്ങൾ ഉന്നയിക്കപ്പെടുകയും പൊതുവായി ഉന്നയിക്കുകയും ചെയ്യും. എന്നിരുന്നാലും, സ്റ്റാലിന്റെ തന്നെ കമ്മ്യൂണിസ്റ്റ് ചിന്താഗതി പരിശോധിച്ചാൽ, ഒരു കമ്മ്യൂണിസ്റ്റുകാരന് സാംസ്കാരികമായി എങ്ങനെ അധികാരമോഹിയാകാനാകും എന്ന ചോദ്യം ഒഴിവാക്കാനാകുമോ? എങ്ങനെയാണ് സ്റ്റാലിനെപ്പോലുള്ള ഒരു നേതാവിന് ഇത്തരത്തിലുള്ള വ്യക്തിത്വമാകുന്നത്? രാഷ്ട്രീയത്തേക്കാൾ പ്രധാനമായും ഭരണപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ട്രോട്സ്കി എങ്ങനെ ഇഷ്ടപ്പെട്ടു? റഷ്യൻ വിപ്ലവത്തിന്റെ ആ നിർണായക സമയങ്ങളിൽ അദ്ദേഹത്തെപ്പോലുള്ള ഒരു നേതാവിന് എങ്ങനെ രാഷ്ട്രീയത്തെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല? ലെനിനെ പിന്നീട് എഴുതുവാൻ പ്രേരിപ്പിച്ച ഒക്ടോബർ വിപ്ലവത്തിന്റെ തീയതി വെളിപ്പെടുത്തിയ അപകടകരമായ ഒരു നടപടിയിലേക്ക്നയിച്ച സിനോവീവ്, കാമനേവ് എന്നീ രണ്ട് നേതാക്കളുടെ നടപടി എങ്ങനെയാണ് ഉണ്ടായത്.?

ലെനിൻ ഐക്യത്തിനായി പോരാടി, അതിനായി അദ്ദേഹം പരിശ്രമിച്ചു. എന്നിരുന്നാലും, അദ്ദേഹത്തിന്റെ വിടവാങ്ങലോടു കൂടി വളരെ വേഗം പാർട്ടിയുടെ ഐക്യം തകർക്കപ്പെടുകയും റഷ്യൻ വിപ്ലവത്തിന്റെ മുഴുവൻ എപ്പിസോഡും ആത്യന്തികമായി ഒരു ഹൊറർ ചിത്രമായി മാറുകയും ചെയ്തു. പരാജയപ്പെടുത്തപ്പെട്ടബൂർഷ്വാസിയുടെ എല്ലാ പ്രതീക്ഷകളും ബോൾഷെവിക് പാർട്ടിയുടെ പിളർപ്പിലാണ് എന്ന് ലെനിൻ ശരിയായി പറഞ്ഞു. ഇതെല്ലാം യഥാർത്ഥത്തിൽ സോവിയറ്റ് ചരിത്രത്തിൽ സംഭവിച്ചതാണ്, ഇത് പാർട്ടി കെട്ടിപ്പടുക്കുന്നതിനും പാർട്ടി സ്ഥിരതയ്ക്കും സാംസ്കാരിക വികസനത്തിന്റെ പ്രാധാന്യം തെളിയിക്കുന്നു.

■



**ഡി.അനിൽകുമാർ**

# മലയാളികൾ

മലയാളികളുടെ വീട്ടിൽ നിന്ന്
കൊണ്ടു വരും
ചക്ക
മാങ്ങ
അയ്നിച്ചക്ക

കണ്ടാൽ കൊതി
തിന്നാലതി രുചി
പുളി

നമുക്കെന്താ മാവില്ലാത്തത് ?
പ്ലാവ്?
അയ്നിപ്ലാവ്?

നമ്മുടെ മുറ്റത്ത് മണൽത്തരികൾ
അതിലുണക്ക മണങ്ങൾ
ഇല്ല, കാറ്റിന് പാറിക്കാൻ ഒരില
തണൽ

വെയില് കൊണ്ട് കൂടാരം
വെയിൽ തന്നെ പാർപ്പ്
വെയിലിലൂടെ നീളും നെടുമ്പാത

ഉടൽ മരത്ത്
ഒരു ചോദ്യം ഉച്ചസൂര്യനായ്

നമ്മളെന്താ മലയാളികളല്ലേ?

എത്തും പിടിയും കിട്ടാത്ത
മുറുക്കാൻ കറ പിടിച്ച
ഒരു തുപ്പൽ ചിതറി വീണു

ഇല്ല, മുക്കുവർ





# വാട്ടർകളർ

**സച്ചിദാനന്ദൻ പുഴങ്കര**

കരിങ്കൽക്വാറിയിൽ
കുടിവെള്ളം കൊണ്ടു-
കൊടുത്ത ചോലയാർ
സമരപ്പിള്ളിയിൽ
കൊടിയുയർത്തുന്നു...
സകല പക്ഷവും
കുടഞ്ഞു പച്ചില-
ക്കുടുക്കയാണെന്നു
സ്വയം പറക്കുന്നു...
വെയിലേറിൽ വിണ്ടു
വരണ്ട കണ്ണുള്ള
പുഴ കലക്കുന്നു
ലതയെ മഞ്ഞയിൽ...
അവളെപ്പച്ചയ്ക്കു
വരച്ചതും ലതാ-
കിരീടങ്ങൾ വെച്ചു-
കൊടുത്തതും ലത,
കരയിലെ നാട്ടു-
മലയാളം പെൻസി-
ലൊടിഞ്ഞാലും നിറ-
ച്ചെഴുതിവെച്ചതും...
കവിതപ്പിള്ളിയിൽ
മരങ്ങളിൽ ചുറ്റി-
പ്പടർന്നതും, മണ്ണി-
ലുറച്ചുനിന്നതും

ഇടിയിൽ മിന്നലിൽ
മഴയിൽ കാറ്റത്തും
നവംബറിൽത്തന്നെ
മുളച്ചുപൊന്തിയോൾ;
പെരുങ്കാട്ടിലാന-
ക്കരിമ്പാറക്കൊമ്പിൽ-
പ്പിടിച്ചു നിന്നതും,
അവന്റെ തുമ്പിയിൽ
ജലം നിറച്ചതും,
ഇവിടെയാൽമര-
ത്തടിയിൽ വാർഷിക-
വലയമായിരം
കുറിച്ചുവെച്ചതും
ഒരിക്കലെപ്പൊഴോ
വരിയിൽ വാക്കിലും
എനിക്കു സങ്കട-
പ്രകൃതിയായവൾ...
ജലാധിപത്യത്തിൽ
നനഞ്ഞുനിന്നതാർ?
മണലാറ്റിൽ പണ്ടേ
കുളിച്ചു കേറിയോൾ ...
ഇടവപ്രാവിന്നു
മുല കൊടുത്തതാർ?
ഇടയ്ക്കിടെപ്പാത്ര-
ക്കടവിലും, ചന്ദ്ര-

ഗിരിയിലും, പേരാർ-
ക്കുടത്തിലും, ചൂർണ്ണി-
ക്കരയിലും പൂർണ്ണ-
മനസ്സുമായെത്തി
കവിതയിറ്റിറ്റ-
ക്കരച്ചിലല്ലെന്നു
പറഞ്ഞു തന്നവൾ...
ഉരുളൻ കല്ലുകൾ-
ക്കിടക്കിവൾ കുന്തി,
അടിക്കാടിന്നുള്ളിൽ
കിഴക്കിനെപ്പെറ്റോൾ!
അകലെപ്പാറുന്നു-
ണ്ടൊരുപാടു നീല-
ക്കടുവകൾ , ശ്യാമ-
ക്കിളികൾ- അക്കരെ...
മലയിൽ കാട്ടുതീ-
ക്കൊടി ചുവക്കുന്നു .

(അതിരപ്പിള്ളിയിലെ ജലവിരുദ്ധവും
ജനവിരുദ്ധവുമായ
വൈദ്യുതപദ്ധതിക്കെതിരെ നടന്ന
സമരത്തിൽ ഭൂമിയുടെ രാഷ്ട്രീയം
അറിഞ്ഞും അറിയിച്ചും മുമ്പിൽ നിന്ന
ലത എന്ന സ്നേഹിതയുടെ
ഓർമ്മയ്ക്ക്-
16-11 -2017 ൽ ലത അന്തരിച്ചു)



രതീദേവി, ഷിക്കാഗോ

# സിവിക് ചന്ദ്രന്റെ കേസും ഫാസിസ്റ്റ് കാലത്തെ ആൺ കോടതിയും


പ്രത്യയശാസ്ത്രവും രാഷ്ട്രീയവും തമ്മിൽ സമന്വയിപ്പിക്കുവാനുള്ള യൂണിറ്റ് ആയിട്ടാണ് ഭരണകൂടങ്ങൾ കുടുംബത്തെ കാണുന്നത്. കുടുംബങ്ങൾ എല്ലാം തന്നെ അധീശത്വത്തേയും ആൺ അധികാരത്തേയും ഊട്ടിയുറപ്പിക്കുന്ന സ്ഥാപനങ്ങളാണ്. ഭരണകൂടത്തിന്റെ ആശയങ്ങൾ നടപ്പാക്കാനുള്ള ഉപകരണങ്ങളായി കോടതി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യകേന്ദ്രങ്ങൾ മിലിറ്ററി പോലീസ് എന്നിവ മാറ്റപ്പെടുന്നു. ഫാസിസ്റ്റ് ഭരണ ക്രമത്തിലാണ് ഇവയെല്ലാം കൂടുതൽ കൂടുതൽ മനുഷ്യാവകാശങ്ങളും ലംഘനങ്ങളും സ്ത്രീവിരുദ്ധ നിലപാടുകളും കർക്കശമാക്കുന്നത്. ഒരു സോഷ്യലിസ്റ്റ് ഭരണക്രമത്തിൽ ഭരണകൂട സ്ഥാപനങ്ങൾ ജനാധിപത്യപരമായി മാറേണ്ടതാണ്. പക്ഷേ ഇന്ത്യ ജനാധിപത്യത്തിന്റെ സവിശേഷ സാഹചര്യത്തിൽ ഫാസിസവും ആണധികാരം സ്ത്രീവിരുദ്ധതയും ലിംഗവിവേചനത്തിലും ദളിത് വിരുദ്ധതയിലും ന്യൂനപക്ഷ പ്രീണനത്തിലും എല്ലാം ഒരേ പോലെ പങ്കാളികളാകുന്നു. ഇതിനുദാഹരണമാണ് ഏറ്റവും കൂടുതൽ ചർച്ചയാവേണ്ടിയിരുന്ന സി.വി കുട്ടൻ എന്ന സിവിക് ചന്ദ്രന്റെ ലൈംഗികാതിക്രമ കേസ് വ്യക്തമാക്കുന്നത്. സിവിക് ചന്ദ്രനെതിരെ ഫയൽ ചെയ്ത കേസിന്റെ ജാമ്യാപേക്ഷക്കു മേൽ കോഴിക്കോട് സെഷൻസ് കോർട്ട് ജഡ്ജ് എസ് കൃഷ്ണകുമാർ നടത്തിയ ജഡ്ജ്മെന്റ് തികച്ചും സ്ത്രീ വിരുദ്ധവും ഫാസിസ്റ്റ് സ്വേഛാപരവുമാണ്.

1. ലൈംഗിക അതിക്രമത്തിന് കാരണം ആ സ്ത്രീ ധരിച്ച വസ്ത്രമാണ്
2. കുറ്റാരോപിതൻ 74 വയസ്സായ ഒരാളാണ്.
3. കുറ്റാരോപിതന്റെ മക്കൾ ഒരാൾ കോളേജ് പ്രൊഫസറും മറ്റൊരാൾ അസിസ്റ്റന്റ് കളക്ടറുമാണ്.
4. കുറ്റാരോപിതൻ സമൂഹത്തിൽ നല്ല പ്രിവിലേജ് ഉള്ള ആളാണ്.

ഇതാണ് കുപ്രസിദ്ധമായ ജഡ്ജ്മെന്റ്. കൂടാതെ ഈ ജഡ്ജ്മെന്റ് സ്ത്രീയുടെ സാമൂഹ്യനീതി വ്യവഹാരങ്ങളിൽ ഭയമുളവാക്കിയിരിക്കുന്നു.

ആഗോളവൽക്കരണ കാലഘട്ടത്തിൽ ലൈംഗികാക്രമണം നേരിടുന്ന സ്ത്രീയുടെ കേസുമായി കോടതിയെ സമീപിച്ചാൽ നീതി കിട്ടില്ലെന്നധാരണ ഉണ്ടാക്കുവാൻ ഈ ജഡ്ജ്മെന്റിനു സാധിച്ചു.

ഈ ജഡ്ജ്മെന്റ് ലൂടെ ഒരു എസ് സി -എസ് ടി സ്ത്രീയുടെ നീതി റദ്ദ് ചെയ്യപ്പെട്ടിരിക്കുന്നു.



അതിജീവിതയുടെ മാനസികാവസ്ഥയെ പരിഗണിക്കാത്ത ജഡ്ജ്മെന്റ് ആണിത്. സമൂഹത്തിൽനിന്നും നേരിടുന്ന പരിഹാസങ്ങൾ, വിചാരണകൾ, വീട്ടിൽ നിന്നുമുള്ള എതിർപ്പുകൾ ഇവയെല്ലാം അവഗണിച്ചാണ് ഒരു പെൺകുട്ടി കോടതിയിൽ വിശ്വാസം അർപ്പിക്കുന്നത്. അപ്പോൾ ബഹുമാനപ്പെട്ട കോടതി ഇത്തരം പ്രസ്താവന നടത്തിയത് സ്ത്രീ സംരക്ഷണ നിയമങ്ങളെ അവഹേളിക്കലാണ്.

പ്രലോഭനം ഉണ്ടാക്കുന്ന തരത്തിലുള്ള വസ്ത്രമാണ് ധരിച്ചിരുന്നത് എന്ന് കോടതിക്ക് ബോധ്യപ്പെടുത്താൻ സ്ലീവ്‌ലെസ് ഷർട്ട് ഇട്ട ഫോട്ടോകൾ കോടതിയിൽ ഹാജരാക്കിയത് സിവിക് ചന്ദ്രനാണ് എന്നറിയുമ്പോഴാണ് ഇയാൾ എത്ര കാപട്യക്കാരനാണെന്നു നാം അറിയുന്നത്. ലിബറൽ ഫെമിനിസത്തിന്റെ വാക്താവ് കൂടിയാണല്ലോ സിവിക്.

കേരളത്തിലെ എഴുത്തുകാരികളും ആക്ടിവിസ്റ്റുകളും ദളിത് ഫെമിനിസ്റ്റുകളും നിയമ വിദഗ്ധകളും ഒന്നിച്ച് ഈ കേസിൽ ഇരയോടൊപ്പം നിന്ന് കേസുമായി മുന്നോട്ടു പോയപ്പോൾ സവർണ്ണ ഫെമിനിസ്റ്റായ ദേവികയും ദളിത് ഫെമിനിസ്റ്റായ മൃദുലാ ദേവിയും രഹസ്യമായി പിന്തുണച്ച് രംഗത്തിറങ്ങിയത് ഏവരെയും ഞെട്ടിച്ചുകളഞ്ഞു. ദേവികക്കെതിരെ പരസ്യമായി എൻ എസ് .മാധവൻ സോഷ്യൽ മീഡിയയിൽ എഴുതിയതും ഷാജി എൻ കരുൺ ഉൾപ്പെടെയുള്ളവർ ഈ ജഡ്ജ്മെന്റിനെതിരെ ഹർജി ഫയൽ ചെയ്തതും വളരെ ശ്രദ്ധേയമായി. കൂടാതെ പാഡ് വേദത്തിൽ എഴുതുന്ന പരിസ്ഥിതി ചന്ദ്രനെ പിന്താങ്ങുന്നത് കണ്ടിട്ട് പലരും ഈ പുരുഷൻമാരിലും ഒരു പൊട്ടൻഷ്യൽ റേപ്പിസ്റ്റ് നിലനിൽക്കുന്നുവെന്നു പരസ്യമായി എഴുതിയത് ഓർക്കുന്നു. വളരെ സങ്കീർണമായ പ്രക്രിയയിലൂടെ വിവിധ തലത്തിൽ സാമൂഹ്യ ഘടനക്കുള്ളിൽ ഭരണകൂടം ചെലുത്തുന്ന സ്വാധീനവും അവയിലൂടെ സ്ത്രീ വിരുദ്ധ മൂല്യങ്ങളെയും വിശിഷ്യ ദളിത് സ്ത്രീകൾക്ക് നേരെ നടത്തുന്ന അതിക്രമങ്ങളും അരക്കിട്ടുറപ്പിക്കാൻ ഉള്ള ഗൂഢശ്രമവും അതിശക്തമായ ഇന്നത്തെ ഫാസിസ്റ്റ് ഭരണകൂട തന്ത്രങ്ങളെ തിരിച്ചറിയുവാൻ വിദ്യാസമ്പന്നരും ഇന്റലക്ചൽസുമായ ഇന്നത്തെ ദളിത് പെൺകുട്ടികൾക്ക് കഴിഞ്ഞിരിക്കുന്നു എന്നത് വളരെ സന്തോഷമുള്ള വാർത്തയാണ്.

ദളിത് സ്ത്രീകൾക്ക് നേരെയും മുസ്ലിം സ്ത്രീകൾക്ക് നേരെയും നടക്കുന്ന ആക്രമണം സ്ഥൂലമായ സാമൂഹ്യഘടന ക്കുള്ളിൽ ഭരണയന്ത്രം അതിനോട് വിധേയ

ത്വം വളർത്താനായി ന്യൂനപക്ഷ(ഗുജറാത്ത് മോഡൽ വംശഹത്യ)ത്തിനു നേരെ നടക്കുന്ന ഹിംസാത്മകവും പ്രത്യക്ഷവുമായ മേൽക്കോയ്മ ഒരുവശത്ത്, സൂക്ഷ്മമായ കുടുംബഘടന ക്കുള്ളിൽ പുരുഷൻ അവനോട് വിധേയത്വം വളർത്തുവാനായി മറ്റൊരു  വീട്ടിലെ ആക്രമണത്തിനിരയായ സ്ത്രീയുടെ മേൽ ചെലുത്തുന്ന സമ്മർദ്ദങ്ങൾ ഭയന്നിട്ട് സ്വന്തം പേര് പോലും പുറത്തു പറയാൻ കഴിയാത്ത കുടുംബഘടന.

1.ഫാസിസ്റ്റ് ഭരണ യന്ത്രം,2. പുരുഷാധികാരം  ഈ രണ്ട് അധീശത്വ സ്ഥാപനങ്ങളും ഭിന്നങ്ങളല്ല. ഇവ തമ്മിൽ അതാര്യമായ ഒരു ദ്വന്ദാത്മകബന്ധം നിലനിൽക്കുന്നുണ്ട്. ഈ രണ്ട് സ്ഥാപനങ്ങളും പാരമ്പര്യത്തിൽ നിന്നുരുത്തിരിയുന്ന ഒരു ചാക്രിക പ്രക്രിയയിലൂടെയാണ് ഭരണ സാമഗ്രികളുടെ പ്രവർത്തനം സമൂഹ ശരീരത്തിൽ ഉടനീളം വ്യാപരിപ്പിക്കുന്നത്.

പ്രത്യേകിച്ച് വർഗ്ഗ ജാതി വിഭാഗീയതകൾ നടമാടുന്ന ഒരു ആൺകോയ്മ നിലനിൽക്കുന്ന സമൂഹത്തിൽ. ഫ്രെഡറിക് എംഗൽസ് ‘കുടുംബം,സ്വകാര്യസ്വത്ത്, ഭരണകൂടം എന്നിവയുടെ ഉത്ഭവം എന്ന ഗ്രന്ഥത്തിൽ കേന്ദ്രീകൃത ഭരണകൂടം പ്രസ്തുത വർഗ്ഗത്തെ എങ്ങനെ നിർവചിക്കണം എന്ന് ചരിത്രപരമായി വിശദീകരിക്കുന്നുണ്ട്. ഫാസിസ്റ്റ് കാലത്ത് മിക്ക കോടതികളും സ്ത്രീയുടെ വസ്ത്രം മുതൽ പൊതുജീവിതം വരെ ഭരണകൂട താൽപര്യത്തിന് അനുകൂലമായി വ്യാഖ്യാനിക്കുന്നു.

ഈ കാലത്ത് ഭരണകൂടം ആൺകോയ്മയും സ്ത്രീകളുടെ കാര്യത്തിൽ സൃഷ്ടിക്കുന്ന സ്വകാര്യ രംഗവും ദളിത് സ്ത്രീകളുടെ കാര്യത്തിൽ സൃഷ്ടിക്കുന്ന സവർണാധിപത്യംവും പരിമിതപ്പെടുത്തുന്ന ഇടങ്ങളും പുരുഷന്റെ പൊതുരംഗം അഥവാ പുറംലോകവും ഭരണകൂടവും നിലനിർത്തുന്ന എല്ലാ സ്ഥാപനങ്ങളും ഈ ബന്ധത്തെ അരക്കിട്ടുറപ്പിക്കുന്നു. സ്ത്രീകൾക്ക് കൽപ്പിച്ചു കൊടുത്തിട്ടുള്ള അസമത്വങ്ങൾ വസ്ത്രത്തിന്റെ പേരിൽ ലിംഗവിവേചനത്തിന്റെ പേരിൽ ജാതീയതയുടെ പേരിൽ ഒക്കെയുള്ള തിനെയെല്ലാം ചോദ്യം ചെയ്തുകൊണ്ടുള്ള സ്ത്രീ മുന്നേറ്റത്തെ ഭരണകൂടത്തിനും അതിന്റെ അനുബന്ധ സ്ഥാപനങ്ങളായ കോടതിക്കു കഴിയില്ലെന്നു കേരളത്തിലെ സിവിക് ചന്ദ്രൻ കേസ് പാഠമാകുന്നു.

സ്ത്രീയുടെയും ദളിത് സ്ത്രീയുടെയും മാത്രമല്ല ഭരണകൂടത്തിന്റെ ഭീകരത നേരിടുന്ന എല്ലാ വർഗ്ഗത്തിന്റെയും സ്വാതന്ത്ര്യാഭിവാഞ്ഛയെ എളുപ്പത്തിൽ തകർക്കുവാൻ ഭരണകൂട സ്ഥാപനമായ കോടതിക്ക് കഴിയില്ല.

സ്ത്രീയുടെയും ദളിത് സ്ത്രീയുടെയും മാത്രമല്ല ഭരണകൂടത്തിന്റെ ഭീകരത നേരിടുന്ന എല്ലാ വർഗ്ഗത്തിന്റെയും സ്വാതന്ത്ര്യാഭിവാഞ്ഛയെ എളുപ്പത്തിൽ തകർക്കുവാൻ ഭരണകൂട സ്ഥാപനമായ കോടതിക്ക് കഴിയില്ല.

പാശ്ചാത്യനാടുകളിൽ സ്വകാര്യജീവിതം ഭേദിച്ചു പുറത്തു വരുന്ന സ്ത്രീകളെ സഹായിക്കുവാൻ ഏറെക്കാലത്തെ ലിബറൽ ചിന്താഗതി യുമായി വളർന്നുവന്ന സംഘടനകളും സ്ഥാപനങ്ങളും മാധ്യമങ്ങളും ഒക്കെ ഉണ്ട്. അവർ സത്യസന്ധതയോടെയാണ് സ്ത്രീകൾക്ക്  പിന്തുണ നൽകുന്നത്.

ഇന്ത്യയിൽ മറിച്ചാണ് സിവിക് ചന്ദ്രനിലേക്ക് ദളിത് പെൺകുട്ടികൾ എത്തിയത് പാശ്ചാത്യ ലോകത്തെ ലിബറൽ ചിന്താഗതിക്കാരായ പെൺകുട്ടികളെ പിന്തുണയ്ക്കുന്ന ഒരു പത്ര മാധ്യമമാണ് പാഠഭേദം എന്ന് ഇവർ വിശ്വസിച്ചു. അല്ലെങ്കിൽ ഇത്രയും കാലം സിവിക് ചന്ദ്രൻ പൊതുസമൂഹത്തെ തെറ്റിദ്ധരിപ്പിച്ചുവെന്ന് ഈ ലൈംഗികാതിക്രമ കേസ് സാക്ഷ്യപ്പെടുത്തുന്നു.

കൂടാതെ ഭരണകൂടം മൂന്നാം ലോകത്തിലെ പൊതുവെ ഇന്ത്യയിലെ പ്രത്യേകിച്ച് നിലവിലുള്ള നിയോ ഫാസിസ്റ്റ് ഭരണകൂടം .ശക്തമായ കേന്ദ്രീകൃത സ്വഭാവവും ബൂർഷ്വാ ജനാധിപത്യ വൽക്കരണത്തിന്റെ അഭാവവും ഏതൊരു സ്വതന്ത്ര പ്രവർത്തനവും ഭരണകൂടത്തിന് അടിച്ചമർത്തത്തക്ക വിധമുള്ള സാഹചര്യം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ദളിത് സ്ത്രീയുടേയും മുസ്ലിം സ്ത്രീയുടേയും വിഷയത്തിൽ ഭരണകൂട ഇടപെടലുകൾ ഇന്ത്യയിൽ വളർന്നു വന്നു കൊണ്ടിരിക്കുന്ന സ്ത്രീ മുന്നേറ്റങ്ങൾ ഭരണകൂട താൽപര്യങ്ങളെ ചോദ്യം ചെയ്യുന്നു.

സിവിക് ചന്ദ്രന്റെ ലൈംഗികാതിക്രമണ കേസുമായി ബന്ധപ്പെട്ട് കേരളത്തിലെ സ്ത്രീകളുടെ കൂട്ടായ്മ നടത്തുന്ന ഈ നിയമ പോരാട്ടം ഒരു അനുഭവ പാഠമാകണം ■

# മൗനം മുറിയുമ്പോൾ



കെ. വത്സരാജ്

ഏകാന്തതകൾ
തമ്മിലുള്ള അന്വേഷണമാണ്
പ്രണയം
രഹസ്യങ്ങൾ
തമ്മിലുള്ള കൂടിച്ചേരലും ...

ഒരു ലോകം
ഉറക്കികിടത്തുന്ന
ഇരുട്ടിനെ കണ്ട്
ഒരു നക്ഷത്രം
മിഴിച്ചു നിൽക്കുന്നു ...

ആരോടും ചോദിക്കാതെ
ഒരു പുലരി
മനുഷ്യരുടെ വസ്ത്രം
അഴിച്ചു മാറ്റുന്നു ...


മലരിൽ മഞ്ഞ്
മറഞ്ഞ് നിൽക്കുന്നത്
കണ്ട് സൂര്യകണം
ഞെട്ടറ്റു പോകുന്നു ...

ഒരു വിലാപയാത്രയിലെ
സഞ്ചാരികൾ പോലെ
നിഴലുകൾ കൂട്ടം കൂടി
സന്ധ്യയിലേക്ക്
മറയുന്നത്
ഒരു വിരഹം
കണ്ടു നിൽക്കുന്നു ...

അവസാനിക്കാത്ത
തിര പോലെ
കരയും കടലുമായി
യുദ്ധവും പ്രണയവുമായി
നീണ്ട മൗനത്തിന്റെ
പേരില്ലാത്ത
ആകാശമായി തീരുന്നു എല്ലാം ...

കാറ്റ് ജീവിതത്തിന്റെ
ആരും എഴുതാത്ത
വർത്തമാനമാണ്
എന്നു കൂടി പറയട്ടെ ...





**ഡി രമേശ് പട്നായക്**
ആന്ധ്രപ്രദേശ്
(പ്രസിഡിയം അംഗം,
അഖിലേന്ത്യാ വിദ്യാഭ്യാസ അവകാശ സമിതി)

# ദേശീയ വിദ്യാഭ്യാസ നയം വിമർശനാത്മക സമീപനം

**2022** ജൂലായ് 29-ന് കേന്ദ്ര സർക്കാർ 'ദേശീയ വിദ്യാഭ്യാസ നയം 2020' പുറത്തിറക്കിയത് അറിയാമല്ലോ. അതത് സംസ്ഥാനങ്ങളെ പ്രതിനിധീകരിക്കുന്ന വിദ്യാഭ്യാസ മന്ത്രിമാർ ഉൾപ്പെടുന്ന കേന്ദ്ര വിദ്യാഭ്യാസ ഉപദേശക ബോർഡ്, കേന്ദ്ര സംസ്ഥാന തലങ്ങളിലുള്ള വിദ്യാഭ്യാസ സമിതികൾ, വിദ്യാഭ്യാസ വിചക്ഷണന്മാർ, അധ്യാപക വിദ്യാർത്ഥി സംഘടനകൾ, പാർലിമെന്റ് എന്നിവയെയൊക്കെ മറികടന്നു കൊണ്ടാണ് പുത്തൻ വിദ്യാഭ്യാസ നയം 2020 ന് അന്തിമ രൂപം നൽകിയത്.

66 പേജുകളുള്ള നയരേഖയെ സൂക്ഷ്മമായി വിശകലനം ചെയ്യുമ്പോൾ, വിദ്യാഭ്യാസത്തിന്റെ കൂടുതൽ വാണിജ്യവൽക്കരണത്തിനും കേന്ദ്രീകരണത്തിനും ഫാസിസവൽക്കരണത്തിനും ആണ് ഇത് തയ്യാറാക്കിയതെന്ന് കണ്ടെത്താനാകും. ഈ നയം നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാർ ധൃതി കൂട്ടുകയാണ്. പ്രസ്തുത നയത്തിന്റെ സവിശേഷതകൾ എന്തെല്ലാമാണെന്ന് ഇവിടെ സംക്ഷിപ്തമായും കൃത്യമായും ഓരോരോ പോയിന്റ് ആയി വിശകലനം ചെയ്യാം. നയത്തെക്കുറിച്ചുള്ള കൂടുതൽ പഠനത്തിനു ഇത് സഹായകരമാകുമെന്ന് പ്രതീക്ഷിക്കാം.

**1. ഭരണഘടനാ മൂല്യ നിരാസം:** 66 പേജുകളുള്ള ഈ നയരേഖയിലൊരിടത്തും 'സോഷ്യലിസം', 'മതേതരത്വം' എന്നീ വാക്കുകൾ കാണാനാകില്ല. പുത്തൻ വിദ്യാഭ്യാസ നയം പൂർണ്ണമായും പ്രവർത്തനക്ഷമമാകുമ്പോൾ, ഈ നിർല്ലജ്ജമായ ഒഴിവാക്കലുകൾ രാജ്യത്തെ വ്യക്തികളുടെയും സമൂഹങ്ങളുടെയും അവകാശങ്ങൾക്കുമേൽ വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. NEP 2020ൽ പറഞ്ഞിട്ടുള്ള പല കാര്യങ്ങളും ഇതിനോടകം തന്നെ നടപ്പാക്കി കൊണ്ടിരിക്കുന്നതുമൂലം വിദ്യാഭ്യാസ രംഗം കലുഷിതമായിരിക്കുകയാണ്. ഇത് വിദ്യാഭ്യാസ മേഖലയെ വാണിജ്യവൽക്കരിച്ചതിന്റെ ഫലമായുണ്ടായ നിലവാര തകർച്ചക്ക് പുറമെയാണെന്നത് കാര്യങ്ങൾ കൂടുതൽ വഷളാക്കും. ഈ നയം പൗരന്റെ "മൗലിക കടമകളെ" കുറിച്ച് ആവർത്തിച്ച് സംസാരിക്കുമ്പോൾ തന്നെ അവന്റെ/ അവളുടെ 'മൗലികാവകാശങ്ങളെ" കുറിച്ച് ഒരു പരാമർശവും നടത്തുന്നില്ല. പരക്കെ അറിയപ്പെടുന്നതുപോലെ, സ്വേച്ഛാധിപത്യ രാജ്യങ്ങൾ എല്ലായ്പ്പോഴും ജനങ്ങളുടെ മൗലികാവകാശങ്ങൾ കവർന്നെടുക്കും. ഇപ്പോൾ തന്നെ നമ്മുടെ ഭരണഘടനയിൽ പ്രതിപാദിച്ചിരിക്കുന്ന മൂല്യങ്ങളോട് യാതൊരു പരിഗണനയും ഇല്ലാത്ത ഒരു വിദ്യാഭ്യാസ നയം നിലവിലുണ്ട്. ഭരണഘടനാ മൂല്യങ്ങളെ പാർശ്വവൽക്കരിക്കാൻ 'മാനവിക മൂല്യങ്ങൾ' എന്ന് വിളിക്കപ്പെടുന്നവയെ ഭരണഘടനാ മൂല്യങ്ങളുമായി കൂട്ടിക്കുഴയ്ക്കുകയാണ് ഈ നയം (ആമുഖം കാണുക).



**2. വിദ്യാഭ്യാസത്തിന്റെ വാണിജ്യ വൽക്കരണം:**

ഇതിന് ആറ് പ്രധാന ഘടകങ്ങളുണ്ട്.

എ) വിദ്യാഭ്യാസത്തിന്റെ ആഗോള വാണിഭം: വിദ്യാഭ്യാസരംഗത്തെ വാണിജ്യവത്കരണവും കോർപ്പറേറ്റ് വൽക്കരണവും ആഗോളവൽക്കരണവും ഇനിയും തീവ്രമാക്കാനാണ് നിർദ്ദേശിക്കുന്നത്. നിലവിൽ സ്വകാര്യമേഖലയിലെ സ്കൂൾ മേനേജ്മെന്റുകൾക്കു തങ്ങളുടെ സ്ഥാപനത്തിലെ മിച്ചം വരുന്ന ഫണ്ടുകൾ മറ്റൊന്നു സ്ഥാപിക്കുന്നതിനോ തങ്ങളുടെ വ്യവസായം വികസിപ്പിക്കുന്നതിനോ ഉപയോഗിക്കാൻ നിയമപരമായി അനുവദിക്കുന്നില്ല. പക്ഷേ, ഈ നയം മിച്ചം വരുന്ന ഫണ്ടുകൾ അതിർത്തിക്കപ്പുറം പോലും കടത്തികൊണ്ടുപോകാൻ അനുവദിക്കുന്നു. ഇത് വിദ്യാഭ്യാസ കച്ചവടത്തിന്റെ ആഗോളവൽക്കരണത്തിന് വഴിയൊരുക്കുന്നു. കോൺഗ്രസ് സർക്കാരിന് ഇത് ചെയ്യാൻ കഴിഞ്ഞില്ല. എന്നാൽ വിദ്യാഭ്യാസത്തിന്റെ ആഗോള വ്യാപാരം വികസിപ്പിക്കാനുള്ള ഈ 'ദേശസ്നേഹ' നടപടി സ്വീകരിക്കാൻ ബി.ജെ.പി സർക്കാർ ഒരുങ്ങുകയാണ്.

ബി) വിദ്യാഭ്യാസ കച്ചവടം എളുപ്പമാക്കാൻ സൗകര്യമൊരുക്കൽ: ലോകബാങ്ക് പ്രോത്സാഹിപ്പിച്ച നയങ്ങൾക്ക് അനുസൃതമായി, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേലുള്ള ഭരണകൂട നിയന്ത്രണങ്ങൾ കുറയ്ക്കാൻ NEP 2020 ശ്രമിക്കുന്നു. വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കുന്ന ഫീസ്, അധ്യാപകർക്കും മറ്റ് ജീവനക്കാർക്കും നൽകേണ്ട ശമ്പളം, അടിസ്ഥാന സൗകര്യങ്ങൾ, കളിസ്ഥലങ്ങൾ ഒരുക്കുന്നത് തുടങ്ങി എല്ലാ കാര്യങ്ങളിലും സ്വകാര്യ സ്ഥാപനങ്ങൾക്ക് പൂർണ സ്വാതന്ത്ര്യം ഉണ്ടാകണമെന്നും അക്കാര്യത്തിൽ സുതാര്യത വേണമെന്നും NEP നിഷ്കർഷിക്കുന്നു. സ്വകാര്യ മാനേജ്മെന്റിന് വേണ്ടത് 'സുതാര്യത'യാണ്. അവർക്ക് കൊള്ളയടിക്കാം, പക്ഷേ സുതാര്യമായി മാത്രം!

സി) പൊതു ഫണ്ടുകൾ സ്വകാര്യ മേഖലക്ക് അടിച്ചു മാറ്റാൻ അവസരമൊരുക്കൽ: ജിഡിപിയുടെ 6% വിദ്യാഭ്യാസത്തിനായി നീക്കിവയ്ക്കാൻ NEP 2020 ശുപാർശ ചെയ്യുന്നു. 1966ൽ കോത്താരി കമ്മീഷൻ വിദ്യാഭ്യാസത്തിനുള്ള ബജറ്റ് വിഹിതം ക്രമാനുഗതമായി വർദ്ധിപ്പിച്ച് 1986ഓടെ അത് 6% ആക്കാനും ശുപാർശ ചെയ്തിരുന്നു. എന്നിരുന്നാലും, നാളിതുവരെ ഒരു ഗവൺമെന്റും ഈ ശുപാർശ നടപ്പിലാക്കിയിട്ടില്ല, മാത്രമല്ല അത് ഒരു പൊള്ളയായ വാഗ്ദാനമായി തുടരുകയും ചെയ്തു. NEP 2020യും

ഇതേ വാഗ്ദാനമാണ് നൽകുന്നത്; എന്നിരുന്നാലും, ജീവകാരുണ്യ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ പേരിൽ പൊതു ഫണ്ടുകൾ സ്വകാര്യ കമ്പനികൾക്ക് കൈമാറാനും ഇത് ശുപാർശ ചെയ്യുന്നു. അങ്ങനെ, സർക്കാർ ജിഡിപിയുടെ 6% നൽകിയാലും, പൊതു-ജീവകാരുണ്യ പങ്കാളിത്തത്തിന്റെ (പിപിപി) പേരിൽ ഇവ സ്വകാര്യ സ്ഥാപനങ്ങളിലേക്ക് വഴിതിരിച്ചുവിടുന്നതിനാൽ പൊതു സ്ഥാപനങ്ങൾക്ക് ഫണ്ട് ലഭിക്കാതാകും.

തീർച്ചയായും വാണിജ്യവൽക്കരണം പൊതുമേഖലയിലെ വിദ്യാഭ്യാസത്തെ അവഗണിക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. സർവ്വകലാശാലകളിലെ ഒഴിവുള്ള തസ്തികകൾ മാറ്റിനിർത്തിയാൽ പോലും സ്കൂളുകളിൽ വൻതോതിൽ അധ്യാപകരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. രാജ്യത്താകമാനം പത്തു ലക്ഷത്തോളം അധ്യാപക തസ്തികകൾ ഇപ്പോൾ ഒഴിഞ്ഞുകിടക്കുകയാണ്.

ഡി) പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസ് വർദ്ധന: സർക്കാർ കോളേജുകളിലും സർവ്വകലാശാലകളിലും വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കുന്ന ഫീസ് വർദ്ധിപ്പിച്ച് അവയെ അക്കാര്യത്തിൽ സ്വകാര്യ സ്ഥാപനങ്ങളുടെ തലത്തിലേക്കു കൊണ്ടുവരാനുമാണ് NEP ശ്രമിക്കുന്നത്. പൊതു വിദ്യാഭ്യാസ മേഖലയുടെ മേലുള്ള മറ്റൊരു വലിയ പ്രഹരമായിരിക്കും ഇതുകൊണ്ടു സംഭവിക്കുക. 'എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും - സർക്കാർ അധീനതയിലുള്ളതോ സ്വകാര്യ അധീനതയിലുള്ളതോ - ഈ റെഗുലേറ്ററി ഭരണകൂടത്തിനുള്ളിൽ തുല്യമായി പരിഗണിക്കപ്പെടും ഫീസ് നിർണ്ണയിക്കുന്ന ഈ സംവിധാനം, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ അവരുടെ സാമൂഹിക ഉത്തരവാദിത്വം നിറവേറ്റുന്നുവെന്ന് ഉറപ്പാക്കുമ്പോൾ തന്നെ തങ്ങളുടെ ചെലവിന്റെ 'ന്യായമായ' വീണ്ടെടുക്കലും ഉറപ്പാക്കും (ഏക്ണോമിക് ആൻഡ് പൊളിറ്റിക്കൽ വീക്കിലി - ഫെബ്. 26, 2022). പൊതുസ്ഥാപനങ്ങളിൽ ഫീസ് വർദ്ധന ഉറപ്പാക്കുമെന്നും, സാമൂഹ്യനീതി അജണ്ട 'സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളെ' തിരിച്ചറിയുന്ന ഭരണകൂടത്തിന്റെ കാരുണ്യത്തിന് വിടുമെന്നും പ്രത്യേകിച്ച് ഇവിടെ പറയേണ്ടതില്ലല്ലോ. ഇത് പിന്നീട് വിശദീകരിക്കുന്നതാണ്.

ഇ) വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തിന്റെയും ഉള്ളടക്കത്തിന്റെയും ചരക്കുവൽക്കരണം: ഇതിന് പ്രത്യേകിച്ച് ഒരു വിശദീകരണത്തിന്റെ ആവശ്യമില്ലല്ലോ. ഇത് നമ്മുടെ വിദ്യാഭ്യാസ വ്യവസ്ഥയിൽ വളരെക്കാലം മുമ്പുതന്നെ ആരംഭിച്ചിട്ടുണ്ട്. NEP 2020, വിദ്യാഭ്യാസത്തിന്റെ സാമൂഹിക പ്രാധാന്യത്തെക്കുറിച്ച് വായിട്ടലക്കുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ കോർപ്പറേറ്റ് ഭീമന്മാർക്ക് കച്ചവട തന്ത്രങ്ങൾ മെനയാനും അവർക്കു വേണ്ട പ്രൊഫഷണലുകളെ സൃഷ്ടിക്കാനും മാത്രമാണ് ഇത് രൂപപ്പെടുത്തിയിട്ടുള്ളത്. വിദ്യാഭ്യാസം കൈവരിക്കുക എന്നത് പണമടയ്ക്കാനുള്ള കഴിവുമായി ബന്ധപ്പെട്ടിരിക്കുന്നതും, കൂടാതെ വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യം തന്നെ കൂടുതൽ സ്വത്ത് സമ്പാദിക്കുക എന്നതുമായിരിക്കുന്നു. സർക്കാരും സർവ്വകലാശാലകളും വിദ്യാർത്ഥികളും - എല്ലാം തന്നെ കോർപ്പറേറ്റ് താൽപ്പര്യങ്ങളിലേക്ക് തങ്ങളെത്തന്നെ വിൽപ്പന ചരക്കുകളാക്കുന്നതിലേക്കു നയിക്കും. NEP 2020 വിദ്യാഭ്യാസ മേഖലയെ പൂർണമായും വാണിജ്യവൽക്കരിക്കാനുള്ള ഉപാധി മാത്രമാണ്.

എ) സർക്കാർ മേഖലയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളോടുള്ള അവഗണന: തീർച്ചയായും വാണിജ്യവൽക്കരണം പൊതുമേഖലയിലെ വിദ്യാഭ്യാസത്തെ അവഗണിക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. സർവ്വകലാശാലകളിലെ ഒഴിവുള്ള തസ്തികകൾ മാറ്റിനിർത്തിയാൽ പോലും സ്കൂളുകളിൽ വൻതോതിൽ അധ്യാപകരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. രാജ്യത്താകമാനം പത്തു ലക്ഷത്തോളം അധ്യാപക തസ്തികകൾ ഇപ്പോൾ ഒഴിഞ്ഞുകിടക്കുകയാണ്. 'പ്രശസ്തമായ കേന്ദ്രീയ വിദ്യാലയങ്ങൾ പോലും അദ്ധ്യാപകരുടെയും അധ്യാപകേതര ജീവനക്കാരു

ടെയും കുറവ് മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ഒഴിവുകൾ ഇരട്ടിയായി വർദ്ധിച്ചിട്ടുണ്ട് (ജാഗൃതി ചന്ദ്ര, ദി ഹിന്ദു, 28th Aug, 2022)'. സർക്കാർ സ്കൂളുകൾ, കോളേജുകൾ, പൊതു സർവ്വകലാശാലകൾ എന്നിവയുടെ വികസനത്തിന്റെ കാര്യത്തിൽ, നയ പ്രഖ്യാപനങ്ങൾക്ക് വിപരീത ദിശയിലാണ് കാര്യങ്ങൾ നീങ്ങുന്നത് (13.2). എല്ലാ നിഷേധാത്മക നിർദ്ദേശങ്ങളും ഫാസ്റ്റ് ട്രാക്ക് മോഡിൽ നടപ്പിലാക്കുമെന്നും വാഗ്ദാനം ചെയ്ത എല്ലാ പോസിറ്റീവ് നടപടികളും അവഗണിക്കപ്പെടും എന്നതുമാണ് പൊതു നിയമം. ചുരുക്കത്തിൽ, വിദ്യാഭ്യാസത്തിന്റെ വാണിജ്യവൽക്കരണം NEP 2020 ന്റെ കുടക്കീഴിൽ വളരെ വേഗം അതിന്റെ എല്ലാ ഭാവങ്ങളോടും കൂടി കുതിക്കുകയാണ്.

**3. ഭാഷാ പഠനം:**

NEP 2020ൽ നിർദ്ദേശിച്ചിരിക്കുന്നതുപോലെ ഭാഷാ പഠനത്തിന്റെ വിമർശനാത്മക വിശകലനത്തിന് ഒരു മുഴുനീള ലേഖനം തന്നെ വേണ്ടിവരും. അതുകൊണ്ട് ഇവിടെ നമുക്ക് ചില പ്രധാന കാര്യങ്ങൾ മാത്രം പരിശോധിക്കാം.

(A) 'വിദ്യാഭ്യാസ അവകാശ നിയമം' മാതൃഭാഷയെ 8-ാം ക്ലാസ്സ് വരെയുള്ള പഠന മാധ്യമമാക്കുമ്പോൾ, ഈ നയം ഇത് 5-ാം ക്ലാസ്സിലേക്ക് മാത്രമായി ചുരുക്കി. "സാധ്യമാകുന്നിടത്തെല്ലാം, കുറഞ്ഞത് ഗ്രേഡ് 5 വരെ, എന്നാൽ ഗ്രേഡ് 8 വരെയും അതിനുശേഷവും മാതൃഭാഷ/പ്രാദേശിക ഭാഷ/മേഖല ഭാഷ എന്നിവയായിരിക്കും പഠന മാധ്യമം". അതിനാൽ, വിദ്യാഭ്യാസ മാധ്യമത്തെക്കുറിച്ചുള്ള വിഷയത്തിൽ NEP 2020 'ആർടിഇ നിയമം 2009' നേക്കാൾ ദുർബലമാണ്.

(B) നിലവിലുള്ള 'ത്രിഭാഷാ നയം' മാറ്റമില്ലാതെ മാതൃഭാഷ ഉൾപെടുത്തുന്നുണ്ട്. എന്നാൽ NEP 2020 മൂന്നെണ്ണത്തിൽ കുറഞ്ഞത് രണ്ട് പ്രാദേശിക ഭാഷകൾ നൽകുന്നു. "എന്നിരുന്നാലും, ത്രിഭാഷാ നയത്തിൽ കൂടുതൽ അയവുണ്ടാകും (flexibility). ഒരു ഭാഷയും ഒരു സംസ്ഥാനത്തിനു മേലും അടിച്ചേൽപ്പിക്കുന്നില്ല. മൂന്ന് ഭാഷകളിൽ രണ്ടെണ്ണമെങ്കിലും ഇന്ത്യൻ ഭാഷകളായിരിക്കുന്നേടത്തോളം കുട്ടികൾ പഠിക്കുന്ന മൂന്ന് ഭാഷകൾ സംസ്ഥാനത്തിന്റെയും പ്രദേശങ്ങളുടെയും തീർച്ചയായും വിദ്യാർത്ഥികളുടെയും ഇഷ്ടത്തിന് തിരഞ്ഞെടുക്കാം (പാര 4.13). 'നിങ്ങൾ ഏതെങ്കിലും ദക്ഷിണേന്ത്യൻ സംസ്ഥാനമെടുത്താൽ, മാതൃഭാഷ നിർബന്ധമല്ലാത്തതിനാൽ ഒരു സ്കൂളിന് ഹിന്ദി, സംസ്കൃതം, ഇംഗ്ലീഷ് എന്നിവ 'ത്രിഭാഷാ സെറ്റ്' ആയി നടപ്പിലാക്കാൻ കഴിയും. അതാണ് ആന്ധ്രാപ്രദേശിലെ സ്വകാര്യ സ്കൂളുകൾ ചെയ്യുന്നത്. ഗുജറാത്തിന്റെ ഉദാഹരണം എടുക്കാം. സംസ്ഥാന സർക്കാരിന് അവിടെയുള്ള സർക്കാർ സ്കൂളുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നത് വേണ്ടെന്നു വെക്കുകയും ഗുജറാത്തി, ഹിന്ദി, സംസ്കൃതം എന്നിവ 'ത്രിഭാഷ സെറ്റ്' ആയി എടുക്കുകയും ചെയ്യാം. കാരണം NEP 2020ൽ ഒരു വിദേശ ഭാഷ നിർബന്ധമല്ല. NEP 2020 നൽകിയിരിക്കുന്ന അയവുകൾ(flexibility) ലാഭമുണ്ടാക്കുന്ന സ്കൂളുകൾക്ക് ഉപയോഗപ്രദമാകും.



(C) NEP 2020ന്, സംസ്കൃതമാണ് ഏറ്റവും പ്രധാനം. നഴ്സറി മുതൽ സംസ്കൃതം പഠിപ്പിക്കാൻ അത് താത്പര്യപ്പെടുന്നു. സംസ്കൃതം മൂന്ന് ഭാഷകളിൽ ഒന്നായി മാത്രമല്ല, സെക്കൻഡറി തലത്തിലും ഐച്ഛിക വിഷയമായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. അണ്ടർ ഗ്രാജുവേറ്റ് തലത്തിലും സംസ്കൃതം ഒരു ഐച്ഛിക വിഷയമാകാം. ക്ലാസിക്കൽ സാഹിത്യം, ആയുർവേദം, ശിലാലിഖിതങ്ങൾ, മതേതര സാഹിത്യം എന്നിവയിൽ ഗവേഷണം നടത്താൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന്റെ ഭാഗമായി സംസ്കൃതം പഠിക്കാനും പ്രാവീണ്യം നേടാനും കഴിയും. എന്നാൽ സ്കൂൾ തലത്തിൽ സംസ്കൃതം പഠിപ്പിക്കുന്നത് യുവമനസ്സുകളിൽ മതഭ്രാന്ത് വളർത്താൻ വേണ്ടി മാത്രമാണ്. NEP 2020ൽ നിന്നുള്ള ചില അനുബന്ധ ഉദ്ധരണികൾ നിങ്ങൾക്ക് ഇവിടെ കണ്ടെത്താം. "ഇങ്ങനെ മൂന്ന് ഭാഷാ ഫോർമുലയിലെയും സ്കൂൾ മുതൽ ഉന്നത വിദ്യാഭ്യാസത്തിന്റെ തലം വരെയും സംസ്കൃതം ഐച്ഛിക വിഷയമായി അവതരിപ്പിക്കും. പ്രാഥമിക തലം മുതൽ സ്കൂൾ തലം വരെയുള്ള സംസ്കൃത ടെക്സ്റ്റ് ബുക്കുകൾ വളരെ ലളിതമായും സാധാരണ ഭാഷയിലും (Simple Standard Sanskrit) സംസ്കൃതം സംസ്കൃത ഭാഷയിലൂടെ തന്നെ (Sanskrit Through Sanskrit) പഠിപ്പിക്കാനുതകുന്ന വിധം എഴുതി തയ്യാറാക്കും. അതുവഴി പഠനം ആസ്വാദ്യകരമാക്കും (4.17). 'മുഴുവൻ സർക്കാർ/ സർക്കാരേതര സ്കൂളുകളിലെയും എല്ലാ വിദ്യാർത്ഥികൾക്കും തങ്ങളുടെ ഇഷ്ടമനുസരിച്ചു കുറഞ്ഞത് രണ്ടു വർഷം ഇന്ത്യയിലെ ക്ലാസിക്കൽ ഭാഷയും അതുമായി ബന്ധപ്പെട്ട സാഹിത്യവും പഠിക്കാനുള്ള സൗകര്യമുണ്ടായിരിക്കും.....". ജനങ്ങളുടെ ദൈനംദിന ജീവിതവുമായി നേരിട്ട് ഒരു ബന്ധവുമില്ലാത്ത ഒരു ഭാഷയ്ക്ക് നൽകുന്ന പ്രാധാന്യം അങ്ങനെ പ്രാവർത്തികമാകും. സംസ്കൃത ഗവേഷണത്തിൽ താൽപ്പര്യമുള്ള വിദ്യാർത്ഥികളെ പിന്തുണയ്ക്കുന്നത് ഒരു കാര്യമാണ്, പക്ഷെ, സംസ്കൃതം നമ്മുടെ സംസ്കാരത്തെയും അറിവിനെയും സമ്പന്നമാക്കുന്നുവെന്ന് വിശ്വസിക്കുന്നത് തികച്ചും വ്യത്യസ്തമായ കാര്യമാണ്.

> സംസ്ഥാനതല ബോർഡുകളുടെയും സർവ്വകലാശാലകളുടെയും മാത്രം അവകാശവും ഉത്തരവാദിത്തവുമായ സ്കൂളുകൾക്കും ഉന്നതവിദ്യാഭ്യാസ കോഴ്സുകൾക്കുമുള്ള പാഠപുസ്തക സാമഗ്രികൾ പോലും ഡൽഹിയിൽ നിന്ന് അടിച്ചേൽപ്പിക്കാനാണ് ഈ നയം കൊണ്ട് ശ്രമിക്കുന്നത്.

**4. അധികാര കേന്ദ്രീകരണം:**

പുത്തൻ വിദ്യാഭ്യാസ നയം, Higher Education Commission of India (HECI ബിൽ പാസ്സാക്കിയിട്ടില്ല ) എന്ന പേരിലുള്ള പുതിയ സംവിധാനമടക്കം ഏഴ് കേന്ദ്ര വിദ്യാഭ്യാസ സമിതികളുടെയും കേന്ദ്ര സർക്കാരിന്റെയും കൈകളിൽ അധികാരം കേന്ദ്രീകരിക്കാൻ ശ്രമിക്കുന്നു. സംസ്ഥാന സർക്കാരുകളെയും സംസ്ഥാന വിദ്യാഭ്യാസ സ്ഥാപനങ്ങളായ ഉന്നത വിദ്യാഭ്യാസ കൗൺസിലുകളെയും സംസ്ഥാന വിദ്യാഭ്യാസ, ഗവേഷണ, പരിശീലന കൗൺസിലുകളെയും (SCERT) പാർശ്വവത്കരിക്കാനാണ് നയം ശ്രമിക്കുന്നത്.

സംസ്ഥാനതല ബോർഡുകളുടെയും സർവ്വകലാശാലകളുടെയും മാത്രം അവകാശവും ഉത്തരവാദിത്തവുമായ സ്കൂളുകൾക്കും ഉന്നതവിദ്യാഭ്യാസ കോഴ്സുകൾക്കുമുള്ള പാഠപുസ്തക സാമഗ്രികൾ പോലും ഡൽഹിയിൽ നിന്ന് അടിച്ചേൽപ്പിക്കാനാണ് ഈ നയം കൊണ്ട് ശ്രമിക്കുന്നത്. ഈ നയത്തിന് കീഴിൽ, National Council for Education, Research and Training (NCERT) രാജ്യത്തുടനീളമുള്ള സ്കൂളുകളിലേക്കുള്ള പാഠപുസ്തകങ്ങൾ തയ്യാറാക്കും. അത് പോലെ General Education Council (GEC) രാജ്യത്തെ മുഴുവൻ സർവകലാശാലകൾക്കുമുള്ള പാഠ്യക്രമം തയ്യാറാക്കും. 2019-ൽ സ്ഥാപിതമായ ജനപ്രീതിയില്ലാത്ത കേന്ദ്ര സ്ഥാപനമായ National Testing Agency (NTA) ഉന്നത വിദ്യാഭ്യാസ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന്റെ കേന്ദ്രീകരണത്തിനായി ഇപ്പോൾ വ്യാപകമായി ഉപയോഗിക്കപ്പെടുന്നു. NEP 2020 പ്രകാരം, മെഡിക്കൽ കോളേജുകൾ, ഐ.ഐ.ടികൾ, എൻ.ഐ.ടികൾ, കേന്ദ്ര സർവ്വകലാശാലകൾ എന്നിവയിലേക്കുള്ള പ്രവേശന പരീക്ഷകൾ എൻ.ടി.എ നടത്തും. കൂടാതെ സംസ്ഥാന സർവ്വകലാശാലകളിലേക്കുള്ള പ്രവേശന പരീക്ഷകളും നടത്താൻ നിർദ്ദേശിക്കുന്നു. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വൈവിധ്യമാർന്ന വിജ്ഞാ



നത്തിന്റെയും ധാർമ്മികതയുടെയും ഏകീകൃത രൂപം മാത്രമാണ് NTA അനുവദിക്കുക. അത് നമ്മുടെ പൈതൃകത്തിന്റെയും സംസ്കാരത്തിന്റെയും ഭൂരിപക്ഷവും സ്വേച്ഛാധിപത്യപരവുമായ വശങ്ങളെ മാത്രം വെളിപ്പെടുത്തുന്നതിലേക്ക് നയിക്കും. എൻടിഎ പരീക്ഷകൾക്ക് തയ്യാറെടുക്കാൻ വിദ്യാർത്ഥികളെ പ്രാപ്തമാക്കുന്നതിന്, ഓരോ സംസ്ഥാനത്തിനും എൻടിഎയിലൂടെ കേന്ദ്ര സർക്കാർ പിന്തുടരുന്ന സാംസ്കാരിക നിലപാടുകളുമായി താദാത്മ്യം പ്രാപിക്കുന്നതിന് അതിന്റെ വിദ്യാഭ്യാസ സമ്പ്രദായം മാറ്റേണ്ടിവരും. രാജ്യത്തുള്ള മുഴുവൻ സർവകലാശാലകളിലെയും ഗവേഷണങ്ങൾ National Research Foundation (NRF) വഴി കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലാക്കാൻ NEP 2020 വഴിയൊരുക്കുന്നു. പുത്തൻ വിദ്യാഭ്യാസ നയം സംസ്ഥാനങ്ങളുടെ ഫെഡറൽ അവകാശങ്ങൾക്കെതിരും വൈവിധ്യങ്ങളാൽ സമ്പുഷ്ടമായ സംസ്കാരത്തനിമയെ തള്ളിക്കളയുകയും അതുവഴി ഇന്ത്യൻ ജനതയുടെ തന്നെ വ്യത്യസ്ത അഭിലാഷങ്ങൾക്കു തടയിടുകയും ചെയ്യുകയാണ്. വിദ്യാഭ്യാസത്തിന്റെ എല്ലാ തലത്തിലുമുള്ള പാഠ്യ പദ്ധതികളിലൂടെ കേന്ദ്രത്തിന്റെ അധീനതയിലുള്ള സ്ഥാപനങ്ങൾ കേന്ദ്രം ഭരിക്കുന്ന കക്ഷിക്ക് അതിന്റെ തത്വശാസ്ത്രം/ആശയങ്ങൾ ജനങ്ങളിൽ കുത്തിവെക്കാനുള്ള അവസരമൊരുക്കുകയാണ്. മറ്റൊരു പരമ പ്രധാനമായ വസ്തുത, തങ്ങളുടെ അധികാരങ്ങൾ കവർന്നെടുക്കുക വഴി വിവിധ സംസ്ഥാനങ്ങളിലെ ജനങ്ങളുടെ അഭിലാഷങ്ങൾക്കനുസരിച്ചുള്ള ആവശ്യങ്ങൾ നേടിയെടുക്കാനുള്ള സമരങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കാൻ സംസ്ഥാന സർക്കാരുകൾക്ക് കഴിയാതെ വരും. ഇത് വിവിധ സംസ്ഥാനങ്ങളിലെ ജനങ്ങൾക്ക് തങ്ങളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ ബഹുജന സമരങ്ങളിലൂടെ നേടിയെടുക്കുന്നതിനുള്ള അവസരം നഷ്ടപ്പെടുത്തും.

ഈ നയം പിന്തുടരുന്ന കേന്ദ്രീകരണം, വിദ്യാഭ്യാസ നയങ്ങൾ രൂപീകരിക്കുന്നതിൽ സംസ്ഥാന സർക്കാരുകളുടെ ഫെഡറൽ അവകാശങ്ങൾക്ക് മാത്രമല്ല, ജനങ്ങളുടെ ജനാധിപത്യ അവകാശങ്ങൾക്കും എതിരാണ് എന്നത് ശ്രദ്ധിക്കേണ്ട പ്രധാന കാര്യമാണ്. 2022 ജൂലായ് 17-ന് കേരളത്തിലെ കൊല്ലം ജില്ലയിൽ National Eligibility Entrance Test (NEET) എഴുതാൻ ചെന്ന പെൺകുട്ടികളോട് പരീക്ഷാ ഹാളിൽ പ്രവേശിക്കുന്നതിനു മുമ്പ് അവരുടെ അടി വസ്ത്രങ്ങൾ അഴിച്ചുമാറ്റാൻ ആവശ്യപ്പെടുകയുണ്ടായി. 2017 സെപ്തംബർ 1 ന് NEET ലൂടെ മത്സരിക്കാനാകാതെ ആത്മഹത്യ ചെയ്ത

എസ് അനിത എന്ന വിദ്യാർത്ഥിനിയുടെ കഥ നമുക്ക് മറക്കാൻ കഴിയില്ല. 'നീറ്റ് ഇല്ലായിരുന്നുവെങ്കിൽ, മെഡിസിന് 196.75 കട്ട് ഓഫ് സ്കോർ നേടിയ എസ്. അനിത (തമിഴ്നാട്) പ്രശസ്തമായ മദ്രാസ് മെഡിക്കൽ കോളേജിൽ ചേരുമായിരുന്നു'(EPW 26th Oct 2021). അനിത മാത്രമല്ല ഇര. പാഠ്യക്രമത്തിന്റെ ഉള്ളടക്കത്തെയും പ്രാദേശിക ധാർമ്മികതയെയും അവഗണിക്കുന്ന കേന്ദ്രീകൃത പ്രവേശനം കൂടുതൽ ദുരന്തങ്ങളിലേക്ക് നയിച്ചു. കൂടാതെ നിരവധി ദുരന്തങ്ങൾ നമ്മെ കാത്തിരിക്കുന്നുമുണ്ട്.

**5. സർവ്വകലാശാലകളുടെ സ്വയംഭരണാവകാശം അപകടത്തിൽ:**

ഈ നയം സർവ്വകലാശാലകളുടെ സ്വയംഭരണാവകാശത്തിനും സർവ്വകലാശാലകളിലെ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും അവകാശങ്ങൾക്കും എതിരാണ്. മേൽപ്പറഞ്ഞ HECI യുടെ അധീനതയിൽ രൂപീകരിക്കപ്പെടാൻ പോകുന്ന നാഷണൽ ഹയർ എജ്യുക്കേഷൻ റെഗുലേഷൻ കൗൺസിൽ (NHERC), രാജ്യത്തെ ഓരോ സർവകലാശാലക്കും ഒരു Board of Governors (BoGs) ന് രൂപം കൊടുക്കും. തീർച്ചയായും, HECI, NHERC എന്നിവയുടെ രൂപീകരണ പ്രക്രിയ പൂർത്തിയായിട്ടില്ലെങ്കിലും നിലവിലുള്ള UGC മുഖേന വിവിധ സർവ്വകലാശാലകളിൽ BoGs രൂപീകരിച്ചു വരുന്നുണ്ട്. സർവ്വകലാശാലകളിൽ നിലവിലുള്ള ECകൾക്കു പകരം വരുന്ന BoGs ൽ ഇപ്പോഴുള്ള ECകളുമായി താരതമ്യപ്പെടുത്തുമ്പോൾ സർവ്വകലാശാലകൾക്ക് പുറത്ത് നിന്ന് കൂടുതൽ അംഗങ്ങൾ ഉണ്ടായിരിക്കും. അതിനാൽ പുറത്തുനിന്നുള്ളവരുടെ ആധിപത്യം ഉണ്ടാകും. BoGs ആയിരിക്കും സർവ്വകലാശാലകളെ നിയന്ത്രിക്കുക. അതാകട്ടെ, സർവ്വകലാശാലയ്ക്ക് പുറത്തുള്ള വ്യക്തികളാൽ നിയന്ത്രിക്കപ്പെടും. സ്വാഭാവികമായും ഇവർ കേന്ദ്രം ഭരിക്കുന്ന കക്ഷിയിൽപെട്ടവരായിരിക്കും. തൽഫലമായി സർവ്വകലാശാലകളുടെ സ്വയംഭരണാവകാശം, സർവ്വകലാശാലകളുടെ സ്വാഭാവികമായ ആന്തരിക ജനാധിപത്യ ഘടന, വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും അവകാശങ്ങൾ, കാമ്പസ് ജനാധിപത്യം എന്നിവ അപകടത്തിലാകും.

**6. സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള അവകാശം അപകടത്തിൽ:**

ഇതു വരേക്കും കേന്ദ്ര സർക്കാരിന്റെ 'കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള അവകാശ നിയമം 2009' (ആർ.ടി.ഇ നിയമം) സാർവത്രിക പ്രാഥമിക വിദ്യാഭ്യാസത്തിന് (1 മുതൽ 8 വരെ) വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ, നിയമപ്രകാരം, കുട്ടിക്ക് സൗജന്യമായി വിദ്യാഭ്യാസം നേടാനുള്ള മൗലികാവകാശവുമുണ്ട്, അത് പോലെ രക്ഷിതാക്കൾക്ക് കുട്ടിയെ സ്കൂളിൽ അയക്കണമെന്നത് നിർബന്ധമാണ്. കുട്ടികൾക്ക് ശരിയായ സ്കൂൾ വിദ്യാഭ്യാസം നൽകാൻ സർക്കാർ നിർബന്ധിതവുമാണ്. RTE നിയമത്തിന് പുറത്ത്, വിവിധ സംസ്ഥാന സർക്കാരുകൾ എല്ലാ കുട്ടികൾക്കും സെക്കണ്ടറി വിദ്യാഭ്യാസം (ക്ലാസ് 9 മുതൽ 12 വരെ) സർക്കാർ സ്കൂളുകളിലും കോളേജുകളിലും സൗജന്യമായി നൽകുന്നുണ്ട്. ചില സംസ്ഥാനങ്ങൾ സൗജന്യ പ്രീ-സ്കൂൾ വിദ്യാഭ്യാസവും നൽകുന്നുണ്ട്. പക്ഷേ, കുട്ടികൾക്ക് സാർവത്രിക വിദ്യാഭ്യാസം നൽകുന്ന കാര്യത്തിൽ നയപരമായും പ്രയോഗപരമായും NEP 2020 വളരെ ദുർബലമാണ്. 3 മുതൽ 18 വയസ്സുവരെയുള്ള (അല്ലെങ്കിൽ നഴ്സറി മുതൽ 12-ാം ക്ലാസ് വരെ) എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം ലഭിക്കണമെന്ന് ഇത് നിർദ്ദേശിക്കുന്നു. ഇത് മനോഹരമായി നമുക്ക് തോന്നുമെങ്കിലും, ശ്രദ്ധിക്കേണ്ട ഗൗരവമേറിയ കാര്യം, സ്കൂൾ വിദ്യാഭ്യാസം നേടുക എന്നത് കുട്ടികളുടെ മൗലികാവകാശമായി NEP 2020ൽ ഒന്നും പറയുന്നില്ല എന്നതാണ്. അത് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തെ കുറിച്ച് പറയുന്നില്ല. അതിനാൽ, വിദ്യാഭ്യാസത്തിനുള്ള വ്യവസ്ഥ പ്രീസ്കൂളിലേക്കും സെക്കൻഡറി സ്കൂളിലേക്കും വ്യാപിപ്പിക്കുമ്പോൾ, സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള അവകാശം ഇല്ലാതാക്കിയെന്ന് ഒരാൾക്ക് പറയാം.

**7. വിവേചനത്തിന്റെ പുതിയ മാനങ്ങൾ:**

NEP 2020ൽ ഇനിപ്പറയുന്ന മൂന്ന് വിവേചനങ്ങൾ കണ്ടെത്താൻ കഴിയും.

(എ) 'വിദ്യാഭ്യാസ അവകാശ നിയമം 2009'-ൽ നിന്ന് വ്യത്യസ്തമായി, ഈ നയം എല്ലാ കുട്ടികൾക്കും ഔപചാരിക (സ്കൂളുകളിലൂടെ) വിദ്യാഭ്യാസം നൽകുമെന്ന് പറയുന്നില്ല. പകരം നിർദ്ദേശിക്കുന്നത് സ്കൂളിന് പുറത്തുള്ളവർക്കും ബാലവേലയുടെ ദുരിതം അനുഭവിക്കുന്നവർക്കും വേണ്ടി വിപുലമായ ഓൺലൈൻ പരിപാടിയിലൂടെ അനൗപചാരിക വിദ്യാഭ്യാസം നൽകാം എന്നാണ്.

(ബി) നിലവിലുള്ള അക്കാദമിക് കോഴ്സുകൾക്കൊപ്പം ആറാം ക്ലാസ് മുതൽ തൊഴിലധിഷ്ഠിത കോഴ്സുകളും ആരംഭിക്കും, കൂടാതെ കുട്ടിക്ക് 'തിരഞ്ഞെടുക്കാനുള്ള' അവകാശവും നൽകും. ഇത് സർക്കാർ സ്കൂളുകൾ തൊഴിലധിഷ്ഠിത കോഴ്സുകളും സ്വകാര്യ സ്കൂളുകൾ അക്കാദമിക് കോഴ്സുകളും നടത്തുന്ന സാഹചര്യത്തിലേക്ക് നയിക്കും. അത് പോലെ ദരിദ്രരും സാമൂഹികമായി പിന്നാക്കം

നിൽക്കുന്നവരുമായ കുട്ടികളെ സർക്കാർ സ്കൂളുകളിൽ തൊഴില ധിഷ്ഠിത കോഴ്സുകൾ പഠിക്കുന്ന തിലേക്കും അതേസമയം ഇടത്ത രം, സമ്പന്ന വിഭാഗങ്ങളിൽ നിന്നു ള്ള കുട്ടികൾ സ്വകാര്യ സ്കൂളുക ളിലൂടെ അക്കാദമിക് കോഴ്സുകൾ പഠിക്കുന്നതിലേക്കും നയിക്കും. കുട്ടികളോട് കാണിക്കുന്ന പുതി യ വിവേചനമാണിത്.

(സി) (i) സ്റ്റാൻഡേർഡ് ലെവൽ (ii) ഉയർന്ന ലെവൽ എന്നിങ്ങനെ ര ണ്ട് തലത്തിലുള്ള സ്കൂൾ പരീക്ഷ കൾ പുത്തൻ വിദ്യാഭ്യാസ നയം നിർദ്ദേശിക്കുന്നുണ്ട്. ദരിദ്രരും അ വശരുമായ കുട്ടികൾക്ക് സാധാര ണ പരീക്ഷകളിൽ മാത്രം പങ്കെടു ക്കാനുള്ള സാഹചര്യങ്ങളെ ഉണ്ടാ വുകയുള്ളൂ. അതെ സമയം മെച്ച പ്പെട്ട കുടുംബങ്ങളിലെ കുട്ടികൾ ക്ക് ഉന്നതതല പരീക്ഷയിൽ പങ്കെ ടുക്കാൻ കഴിയും. ഇത് ദരിദ്രരും അവശരുമായ കുട്ടികൾക്ക് ഉന്നത തല വിദ്യാഭ്യാസം നിഷേധിക്കുന്ന തിലേക്ക് നയിക്കുമെന്ന് എടുത്ത് പറയേണ്ടതില്ലല്ലോ. ഇപ്പൊൾ ത ന്നെ വിവിധ സാമൂഹിക വിഭാഗ ങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് ല ഭ്യമാകുന്നത് വളരെ നിലവാരം കു റഞ്ഞ വിദ്യാലയങ്ങളും അധ്യാ പകരുമാണ്. NEP 2020 നടപ്പാകു ന്നതോടെ ഈ വിവേചനം കൂടു തൽ തീവ്രമാകും.

**8. സംവരണവും ഹോസ്റ്റലുകളും ഇല്ലാതാകും:**

SC, ST, OBC, ന്യൂനപക്ഷം, സ്ത്രീ കൾ, ട്രാൻസ്-ജെൻഡർ, വികലാം ഗർ എന്നിവരെക്കുറിച്ച് NEP 2020 ഒന്നും തന്നെ പറയുന്നില്ല. പക രം, അത് 'സാമൂഹികമായും വിദ്യാ ഭ്യാസപരമായും പിന്നാക്കം നിൽ ക്കുന്ന ഗ്രൂപ്പുകൾ (SEDGs)' എ ന്നാണു പറയുന്നത്. ഇത്തരമൊ രു പൊതു പ്രയോഗം മൂലം സർ ക്കാരിന് തങ്ങൾക്ക് ഇഷ്ടമുള്ള ഏ തെങ്കിലും സാമൂഹിക വിഭാഗത്തെ പിന്നാക്കക്കാരായി പരിഗണിക്കാ നും അവർക്കു അവസരം നൽകാ നും എന്നാൽ യഥാർത്ഥത്തിൽ പി ന്നാക്കക്കാരായവർക്ക് അവസര ങ്ങൾ നിഷേധിക്കാനും വഴിയൊ രുക്കും. കൂടാതെ, ഈ നയരേഖ, SEDGകൾ (പാര 14) കൈകാര്യം ചെയ്തിട്ടുള്ളതിൽ, കോളേജുകളി ലെയും സർവകലാശാലകളിലെ യും സീറ്റുകളുടെ നീക്കിവെപ്പിനെ ക്കുറിച്ചു ഒന്നും തന്നെ പറയുന്നി ല്ല. ക്രമേണ സംവരണം ഇല്ലാതാ ക്കാനുള്ള എല്ലാ സാധ്യതകളും ഉ ണ്ട്. പല സംസ്ഥാനങ്ങളിലെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങ ളിൽ ഇത്തരം പ്രവണതകൾ നാം കാണുന്നുണ്ട്. അതിനാൽ, നയം ക്രമേണ നടപ്പിലാക്കുന്നതിനാൽ, സാമൂഹികമായി പിന്നാക്കം നിൽ ക്കുന്ന വിഭാഗങ്ങളിൽ നിന്നുള്ള



ഭൂരിപക്ഷം യുവാക്കൾക്കും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അവസരം ലഭിക്കില്ല. തുറന്ന മത്സരത്തിലൂടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സീറ്റ് നേടുന്ന യുവാക്കൾക്ക് പോലും ഹോസ്റ്റൽ സൗകര്യം ഒരുക്കില്ല. പിന്നാക്കം നിൽക്കുന്നവരിൽ നിന്ന് മാത്രം കഴിവുള്ളവർക്ക് സ്കോളർഷിപ്പ് അനുവദിക്കുകയുള്ളൂ എന്ന് NEP നിഷ്കർഷിക്കുന്നു (പാര 12.10). മറ്റൊരു ശ്രദ്ധിക്കേണ്ട വസ്തുത NEP കഴിവുള്ളവരുടെ സ്കോളർഷിപ്പുകളെ കുറിച്ച് മാത്രമേ പറയുന്നുള്ളു. എന്നാൽ ദരിദ്രരും പിന്നാക്കം നിൽക്കുന്നവരുമായ വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റുകളെ കുറിച്ച് ഒന്നും തന്നെ പറയുന്നില്ല. വിദ്യാഭ്യാസത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കാനായി കൊണ്ടുവന്ന 'Open Learning Provision' മാത്രമേ അവശരും പിന്നാക്കം നിൽക്കുന്നവരുമായ വിദ്യാർത്ഥികളിൽ ഭൂരിഭാഗത്തിനും ഉപയോഗിക്കാൻ കഴിയൂ. നേരേ ചൊവ്വേ പറഞ്ഞാൽ, ഈ നയം നടപ്പാക്കിയാൽ, പാവപ്പെട്ടവർക്കും അവശത അനുഭവിക്കുന്നവർക്കും കോളേജുകളിലും സർവകലാശാലകളിലും ഇടം ലഭിക്കില്ല. ഈ നയത്തിന് കീഴിൽ, പിന്നാക്ക വിഭാഗങ്ങളിൽ നിന്നുള്ള യുവ പണ്ഡിതന്മാർക്ക് പിന്നാക്ക സമുദായങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ച് ഗവേഷണം നടത്താൻ അനുവാദം ലഭിക്കില്ലെന്നും ഞങ്ങൾ നിരീക്ഷിക്കുന്നു. 'നാഷണൽ ഓവർസീസ് സ്കോളർഷിപ്പ്' പദ്ധതി പ്രകാരം, സാമൂഹ്യനീതി, ശാക്തീകരണ മന്ത്രാലയം വിദേശ സർവകലാശാലകളിൽ ഗവേഷണം നടത്തുന്നതിന് എസ്.സി, എസ്.ടി, മറ്റ് ചില പിന്നാക്ക വിഭാഗങ്ങൾ എന്നിവർക്ക് നിലവിൽ സ്കോളർഷിപ്പ് നൽകുന്നുണ്ട്. അടുത്തിടെ ഈ പണ്ഡിതരെ മാനവിക വിഷയങ്ങളിലും സാമൂഹിക ശാസ്ത്ര വിഷയങ്ങളിലും ഗവേഷണം ചെയ്യുന്നതിൽ നിന്ന് വിലക്കിയിരുന്നു. 'എന്നിരുന്നാലും, ഈ സ്കോളർഷിപ്പിന്റെ പരിധിയിൽ നിന്ന് ഹ്യുമാനിറ്റീസ്, സോഷ്യൽ സയൻസസ് എന്നിവയുടെ കുടക്കീഴിൽ വരുന്ന വിഷയങ്ങൾ ഒഴിവാക്കുന്ന ഒരു പ്രത്യേക നിയമം സാമൂഹ്യനീതി, ശാക്തീകരണ വകുപ്പ് അടുത്തിടെ അവതരിപ്പിച്ചു (EPW 26TH Feb, 2022).

സ്കൂളുകളിലും കോളേജുകളിലും സർവകലാശാലകളിലും അധ്യാപക-അനധ്യാപക ജീവനക്കാരുടെ നിയമനങ്ങളിലെ സംവരണത്തെക്കുറിച്ച് ഈ നയം ഒരിടത്തും പറയുന്നില്ല. കൂടാതെ, പ്രമോഷനുകളിലെ ഘടകങ്ങളിലൊന്നായി സീനിയോറിറ്റി പരിഗണിക്കുന്നില്ല.

**9. സംവരണം, സീനിയോറിറ്റി, മെറിറ്റ് എന്നിവ അപകടത്തിൽ:**

സ്കൂളുകളിലും കോളേജുകളിലും സർവകലാശാലകളിലും അധ്യാപക-അനധ്യാപക ജീവനക്കാരുടെ നിയമനങ്ങളിലെ സംവരണത്തെക്കുറിച്ച് ഈ നയം ഒരിടത്തും പറയുന്നില്ല. കൂടാതെ, പ്രമോഷനുകളിലെ ഘടകങ്ങളിലൊന്നായി സീനിയോറിറ്റി പരിഗണിക്കുന്നില്ല. ഖണ്ഡിക 13.7-ൽ, 'ഉയർന്ന അക്കാദമിക്, സേവന യോഗ്യതകളുള്ള മികച്ച ഫാക്കൽറ്റികളും അതുപോലെ തന്നെ നേതൃപാടവം, മാനേജ്മന്റ് വൈദഗ്ധ്യം എന്നിവ തെളിയിച്ചവരും അത് നേരത്തെ തന്നെ തിരിച്ചറിയുകയും ചെയ്യപ്പെട്ടവർക്ക് നേതൃസ്ഥാനങ്ങളുടെ തട്ടുകളിലൂടെ പരിശീലനം നൽകും' എന്ന് പ്രസ്താവിക്കുന്നു. 'സീനിയോറിറ്റി' ക്ക് പകരം 'സേവന ക്രെഡൻഷ്യലുകൾ' എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സീനിയോറിറ്റി എന്നത് ഒരു വസ്തുനിഷ്ഠമായ അളവുകോലാണെങ്കിലും, സേവന ക്രെഡൻഷ്യലുകൾ വസ്തുനിഷ്ഠമായി അളക്കാൻ കഴിയില്ല. ഒരു വൈസ് ചാൻസലർക്ക് (വി.സി) യൂണിവേഴ്സിറ്റി അധ്യാപകരുടെ സർവീസ് ക്രെഡൻഷ്യലുകൾ അളക്കുന്നതിനുള്ള വസ്തുനിഷ്ഠമായ ഉപകരണങ്ങളൊന്നും ഉണ്ടായിരിക്കില്ല. ഇത് വി.സിയുടെ അധികാര കസേരയിലിരിക്കുന്നവരുടെ ആത്മനിഷ്ഠ വിലയിരുത്തലിനെ ആശ്രയിച്ചിരിക്കും. പ്രധാനമായും പക്ഷപാതപരമായ വ്യക്തികളെ കൊണ്ട് നിറഞ്ഞിരിക്കുന്ന ഗവർണർമാരുടെ ബോർഡിനോട് (BoGs) ഉത്തരവാദിത്തമുള്ള ഒരു സജ്ജീകരണത്തിൽ, വി.സി. കൂടുതൽ പക്ഷപാതപരമായി പെരുമാറുകയും ഔദ്യോഗിക ലൈനുമായി പൊരുത്തപ്പെടുന്ന വ്യക്തികളെ മാത്രം സ്ഥാനക്കയറ്റത്തിന് പരിഗണിക്കുകയുള്ളൂ. പാര 13.7 മെറിറ്റിനെയും മികവിനെയും കുറിച്ച് പറയുന്നുണ്ടെങ്കിലും, 'പ്രതിബദ്ധതയും നേതൃത്വ പാടവവും മാനേജ്മന്റ് കഴിവുകളും' അതി



നെ പകരം വെക്കും. കൂടാതെ, ഈ ഗുണങ്ങൾ നേരത്തെ തിരിച്ചറിയുകയും തിരഞ്ഞെടുക്കപ്പെട്ട വ്യക്തികൾക്ക് ഉയർന്ന സ്ഥാനങ്ങളിൽ എത്താൻ പ്രത്യേക തട്ടുകൾ നൽകുകയും ചെയ്യും. അതിനാൽ, പ്രമോഷനുകൾക്കായി അക്കാദമിക് യോഗ്യതകൾ പോലും പരിഗണിക്കുമോ എന്ന് ഉറപ്പില്ല. അധികാരികളോടുള്ള വിമർശനരഹിതമായ അനുസരണം പ്രതിബദ്ധതയായും ഭരിക്കുന്ന കക്ഷിയോടുള്ള കൂറ് നേതൃത്വ ഗുണമായും കണക്കാക്കാനുള്ള സാധ്യതയാണ് ഏറെയും ഉള്ളത്. ഈ നയം അനുസരിച്ച്, പ്രൊബേഷൻ കാലയളവ് മൂല്യനിർണ്ണയം ചെയ്യപ്പെടും, അത് എല്ലാ സാധ്യതകളിലും, തങ്ങളുടെ വരുതിയിൽ വരുന്നവരെ മാത്രം ക്രമപ്പെടുത്തുന്നതിലേക്ക് (പ്രൊബേഷൻ പ്രഖ്യാപനം) നയിക്കും. നേരിട്ടുള്ള പ്രവേശത്തിനും നയരേഖയിൽ വ്യവസ്ഥയുണ്ട്. അതിന്റെ മുഖവിലയ്ക്ക് എടുക്കുകയാണെങ്കിൽ ആർക്കും അതിനെ എതിർക്കേണ്ടതില്ല. പക്ഷേ, അത് പ്രയോഗത്തിൽ വരുമ്പോൾ, അത്തരം നിയമനങ്ങളിൽ കൈക്കൂലിക്കും സ്വജനപക്ഷപാതത്തിനും മാത്രമല്ല, കൂടുതൽ അപകടകരമെന്നു പറയട്ടെ, പാർട്ടി പ്രത്യയശാസ്ത്ര നിലപാടുകളും പരിഗണനയിൽ വരും. ഇപ്പോൾ, 'പ്രൊഫസേഴ്സ് ഓഫ് പ്രാക്ടീസ് (23 ആഗസ്റ്റ്, ആന്ധ്രാ ജ്യോതി)' എന്ന നേരിട്ടുള്ള നിയമനങ്ങൾക്കായി യു.ജി.സി ഒരു തീരുമാനമെടുത്തിട്ടുണ്ട്.

**10. ഫാസിസ്റ്റ് സംസ്കാരം:**

NEP 2020 ഇന്ത്യൻ സംസ്കാരത്തെക്കുറിച്ച് വീണ്ടും വീണ്ടും പറയുന്നുണ്ട്. ഇതുവരെയുള്ള എല്ലാ വിദ്യാഭ്യാസ നയങ്ങളും ഇന്ത്യൻ സംസ്കാരത്തെയും പൈതൃകത്തെയും കുറിച്ച് പറയുന്നുണ്ട്. രാജ്യത്തിന്റെ പൈതൃകത്തോടുള്ള സമീപനം പക്ഷെ, വളരെ വിഭാഗീയമാണ് എന്നതാണ് ഈ നയത്തിന്റെ പ്രത്യേകത. ഇന്ത്യൻ സംസ്കാരം, ഏതൊരു രാജ്യത്തിന്റെയും സംസ്കാരം പോലെ ഏകശിലാത്മകവും ഏകീകൃതവും നിശ്ചലവുമായ ഒന്നല്ല. ഏതൊരു രാജ്യത്തിന്റെയും സംസ്കാരം വൈവിധ്യമാർന്നതാണ്. അവയുടെ ആന്തരിക വൈരുദ്ധ്യങ്ങൾ കാലത്തിനനുസരിച്ച് മാറ്റത്തിലേക്ക് നയിക്കുന്നു. എന്നാൽ NEP 2020 നെ സംബന്ധിച്ചിടത്തോളം, ഇന്ത്യൻ സംസ്കാരം എല്ലാ കാലത്തും മാറ്റമില്ലാത്ത ഒന്നാണ്. ഇന്ത്യയിലെ എല്ലാ ജനസഞ്ചയങ്ങളിലും അത് ഏകീകൃതമാണ്. കൂടാതെ, ഭരണാധികാരികളുടെയും ജനങ്ങളുടെയും സംസ്കാരങ്ങൾ തമ്മിലുള്ള സ്വാഭാവിക വൈരുദ്ധ്യം അത് തിരിച്ചറിയുന്നില്ല. NEP 2020 വിശകലനം ചെയ്താൽ, നമുക്ക് മനസ്സിലാകും മനുവാദം പോലെയുള്ള മരവിച്ചുപോയ, ഒരു തിരഞ്ഞെടുത്ത സമയത്തിന്റെയും,

തിരഞ്ഞെടുത്ത പ്രദേശത്തിന്റെയും, തിരഞ്ഞെടുത്ത വർഗത്തിന്റെയും സംസ്കാരമാണ് ഇന്ത്യൻ സംസ്കാരമെന്ന് അത് പറഞ്ഞുവെക്കുന്നത്. അത്തരം ഹിന്ദുത്വ, ബ്രാഹ്മണ്യ, പുരുഷാധിപത്യ സംസ്കാരം രാജ്യത്തെ ബഹുജനങ്ങൾക്കിടയിൽ ക്രമേണ വളർന്നു വരുന്ന ജനാധിപത്യ മതേതര സംസ്കാരത്തിന്മേൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുകയാണ് ഈ നയ രേഖ. പ്രതിസന്ധികൾ നിറഞ്ഞ മുതലാളിത്തവും കമ്പോള മൗലികവാദവുമായി ഇഴചേർന്ന് കിടക്കുന്ന ഫാസിസമല്ലാതെ മറ്റൊന്നുമല്ല സംസ്കാരത്തെക്കുറിച്ചുള്ള ഈ കേവലമായ ധാരണ. സംസ്കൃത ഭാഷയിലൂടെ വർഗീയ സാഹിത്യം വിദ്യാർത്ഥികളിൽ അടിച്ചേൽപ്പിക്കാനും NEP വ്യത്യസ്ത രൂപങ്ങളിൽ ശ്രമിക്കുന്നു. ഇന്ത്യക്ക് ഏറ്റവും ഉയർന്ന ഭൗതികവും സാംസ്കാരികവുമായ വളർച്ച നൽകിയ മധ്യകാല ചരിത്രത്തെക്കുറിച്ച് ഈ നയ രേഖ എവിടെയും പരാമർശിക്കുന്നില്ല. അശോകൻ ബുദ്ധമതക്കാരനായതിനാലും, അക്ബർ 'മുസ്ലിം' ആയതിനാലും, ഗാന്ധി കോൺഗ്രസ്കാരനായതിനാലും അവരുടെ പേരുകൾ പരാമർശിക്കാൻ NEP യുടെ നയരൂപകർത്താക്കൾക്ക് കഴിയില്ല. സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളെ കുറിച്ചോ സ്വാതന്ത്ര്യ പോരാട്ടങ്ങളെക്കുറിച്ചോ ഒന്നും പറയുന്നില്ല. ഈ പുത്തൻ വിദ്യാഭ്യാസ നയം പുതു തലമുറയിൽ ഏതുതരം മൂല്യങ്ങളാണ് വളർത്തിയെടുക്കുക?

**11. അനൗപചാരികവൽക്കരണവും നുഴഞ്ഞുകയറ്റവും:**

വിദ്യാഭ്യാസ രംഗത്ത് നിലവിലുള്ള ഘടനകളും രീതികളും അനൗപചാരികമാക്കുന്നതിന് ഈ നയം ശ്രമിക്കുന്നു. അധ്യാപക തസ്തികകളിലേക്ക് ഉദ്യോഗാർത്ഥികളിൽ നിന്ന് ക്ലാസ് ഡെമോ എടുക്കുന്നത് അത്തരത്തിലുള്ള ഒന്നാണ്. എഴുത്തുപരീക്ഷയുടെ അടിസ്ഥാനത്തിൽ സ്കൂൾ അധ്യാപകരെ തിരഞ്ഞെടുക്കുന്നത് കൂടുതൽ ഔപചാരികവും മൂല്യനിർണ്ണയം കൂടുതൽ വസ്തുനിഷ്ഠവുമാണ്. ഒരു അധ്യാപകനെ നിയമിക്കുന്നതിന് ക്ലാസ് ഡെമോ പരിഗണിക്കുമ്പോൾ, അധ്യാപകരെ തിരഞ്ഞെടുക്കുന്നതിൽ പരീക്ഷകന്റെ ആത്മനിഷ്ഠമായ പങ്ക് പ്രധാനമായിത്തീരുന്നു, കൂടാതെ, അത് സ്വജനപക്ഷപാതത്തിലേക്കും അഴിമതിയിലേക്കും നയിക്കുന്നു. അതുപോലെ, സർവ്വകലാശാലാ അധ്യാപക നിയമനത്തിൽ പ്രൊബേഷൻ കാലയളവ് നൽകിയിട്ടുണ്ട്. കൂടാതെ വ്യക്തിയുടെ സേവനങ്ങൾ ക്രമപ്പെടുത്തുമ്പോൾ പ്രൊബേഷൻ സമയത്തെ പ്രകടനം പരിഗണിക്കും. വീണ്ടും, ആത്മനിഷ്ഠമായ പങ്ക് പ്രബലമാകാം, കാരണം സംവരണങ്ങളും, സീനിയോറിറ്റിയും, അക്കാദമിക യോഗ്യതകളും; സ്ഥാപനത്തോടും, നേതൃത്വത്തോടും, മാനേജീരിയൽ കഴിവുകളോടും ഉള്ള 'പ്രതിബദ്ധത' ഉപയോഗിച്ച് മാറ്റിസ്ഥാപിക്കാൻ ശ്രമിക്കുന്നു. ഉദ്യോഗസ്ഥരുടെയോ അധികാരികളുടെയോ ആത്മനിഷ്ഠമായ തീരുമാനങ്ങൾക്ക് ഇടമുള്ളിടത്തെല്ലാം, അത്തരം സ്ഥലങ്ങളിലെല്ലാം, ഭരണകക്ഷിക്ക് അവരുടെ ഇഷ്ടപ്പെട്ട വ്യക്തികളെ തിരുകി കയറ്റാൻ കഴിയും. കൂടാതെ, നേരത്തെ സൂചിപ്പിച്ചതുപോലെ, എൻസിഇആർടി, നാഷണൽ ടെസ്റ്റിംഗ് ഏജൻസി (എൻടിഎ), ജനറൽ എജ്യുക്കേഷൻ കൗൺസിൽ (ജിഇസി), നാഷണൽ റിസർച്ച് ഫൗണ്ടേഷൻ (എൻആർഎഫ്) എന്നിവയിലൂടെ പാഠ്യ പദ്ധതികളിലേക്ക് ഭരിക്കുന്ന കക്ഷിയുടെ പ്രത്യയശാസ്ത്രം നുഴഞ്ഞുകയറും. ഈ നയം സമ്പൂർണമായി നടപ്പാക്കിയാൽ, കേന്ദ്രം ഭരിക്കുന്ന പാർട്ടിക്ക് വിദ്യാഭ്യാസ സമ്പ്രദായത്തിലേക്ക് അവരുടെ നേതാക്കളെയും ധാരണകളെയും പ്രവേശിപ്പിക്കാൻ കഴിയും.

ചുരുക്കത്തിൽ, ഈ നയംകൊണ്ട് ഉദ്ദേശിക്കുന്നത് :

(1) വിദ്യാഭാസ സ്ഥാപനങ്ങളുടെയും പാഠ്യപദ്ധതികളുടേയും നിയന്ത്രണത്തിനായി ഫെഡറലിസത്തിനെതിരെ അധികാരം കേന്ദ്രീകരിക്കുക,

(2) വിദ്യാഭ്യാസം വാണിജ്യവൽക്കരിക്കുകയും പൊതു ഫണ്ടുകൾ സ്വകാര്യ മാനേജ്മെന്റുകൾക്ക് കൈമാറുകയും ചെയ്യുക,

(3) സംവരണങ്ങളും സാർവത്രിക ഹോസ്റ്റൽ സൗകര്യങ്ങളും നിർത്തലാക്കുന്നതിലൂടെ ദരിദ്രർക്കും സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കും ഔപചാരിക വിദ്യാഭ്യാസ സൗകര്യങ്ങൾ നിഷേധിക്കുക; സ്കൂൾ വിദ്യാഭ്യാസത്തിൽ ദരിദ്രരും പിന്നാക്കം നിൽക്കുന്നവരുമായ കുടുംബങ്ങളിലെ കുട്ടികൾക്കായി പുതിയ വിവേചനങ്ങൾ (എ) അനൗപചാരിക വിദ്യാഭ്യാസം, (ബി) തൊഴിലധിഷ്ഠിത കോഴ്സുകൾ, (സി) നിലവാരം കുറഞ്ഞ പരീക്ഷകൾ എന്നിവ കൊണ്ടുവരിക,

(4) അധികാരികൾക്കും ഭരണകക്ഷിക്കും താല്പര്യമുള്ള വ്യക്തികളെ നിയമിക്കുന്നതിനും സ്ഥാനക്കയറ്റത്തിനുമുള്ള അനൗപചാരിക രീതികൾ അവതരിപ്പിക്കുക,

(5) രാജ്യത്തിന്റെ ഭരണഘടനയുടെ ജനാധിപത്യ മതേതരമൂല്യങ്ങൾക്കെതിരായ പ്രതിലോമപരമായ ആശയങ്ങളുടെ നുഴഞ്ഞുകയറ്റത്തിലൂടെ വിദ്യാഭ്യാസത്തിൽ ഫാസിസ്റ്റ് സംസ്കാരം സ്ഥാപിക്കുക.

ഈ നയം ജനങ്ങൾ പ്രതിരോധിക്കുമോ അതോ ഭരണാധികാരികൾ നടപ്പാക്കുമോ എന്നതിനെ ആശ്രയിച്ചിരിക്കും രാജ്യത്തിന്റെ ഭാവി!

■



**ആശ സജി**

# കൈകേയി

അയോധ്യാപതേ,
പുത്രകാമേഷ്ടിക്കു
ശേഷമുള്ള നമ്മുടെ
ആദ്യസമാഗമം
ഓർക്കുന്നുവോ അങ്ങ്?

പതിവുള്ളതു പോലെ
പാതിദൂരമെത്തും
മുൻപേ തേർച്ചക്രമിളകി
പരിക്ഷീണനായ് അങ്ങ്
പിന്മാറുമായിരുന്നു.

ഇക്ഷ്വാകുവംശത്തിന്
അനന്തരാവകാശികളില്ലാത്തത്
രാജാവിന്റെ
കുഴപ്പമല്ലെന്നറിയിക്കാൻ
ഇനിയുമിനിയും
പരിണയിച്ച് അന്തപുരം
നിറയ്ക്കുമായിരുന്നു.

പത്തുദിക്കിലേക്കും
ഏകകാലത്തിൽ
രഥമുറപ്പിക്കാൻ
കഴിഞ്ഞയാൾക്ക്
രതിവേഗങ്ങളുടെ
സമയകാല ബന്ധനം
സാധ്യമാവാത്തത് പക്ഷേ
ഈ കൈകേയി
തിരിച്ചറിഞ്ഞു.

ശബ്ദവേധിയായൊരസ്ത്രത്തിന്റെ മൂളൽ,
മുനികുമാരന്റെ ഞരക്കം ...
നിന്നെ പിൻതുടർന്നിരുന്നു.
പുറത്തൊരുക്കിയ വീണാവാദനം
കൊണ്ട് ഞാനതു തടഞ്ഞു .

വൃദ്ധ താപസരുടെ
അഗ്നിപ്രവേശം, അതിന്റെ ഓർമ്മ
നമ്മുടെആലിംഗനങ്ങൾക്കു
ചുറ്റും കൽവിളക്കുകൾ കൊളുത്തി
മായ്ച്ചു കളഞ്ഞു.

ദശരഥാ,
നിന്റെ കടിഞ്ഞാൺ
അന്നെന്റെ കയ്യിലായിരുന്നു.

യാഗാശ്വങ്ങളെ തിരിച്ചു തന്നവൾ
എന്ന തിരിച്ചറിവിലാണ്
എന്റെ പുത്രനു രാജ്യം
വാഗ്ദാനം ചെയ്തത്.

സരയൂ നദിയിൽ
ചന്ദ്രന്റെ
പ്രതിബിംബം
കണ്ടു നിൽക്കെയാണ്
നീയെന്നെ രാജമാതാവേ
എന്നു വിളിച്ചത് !

പറയൂ ലോകത്തോട്
കൈകേയിയുടെ കരവിരുതിനാൽ
പുത്രകാമേഷ്ഠി ജയിച്ച
സൂര്യവംശത്തിന്റെ കഥ.



അഡ്വ: രാജഗോപാൽ വാകത്താനം

# മതരാഷ്ട്ര വാദത്തിന്റെ ഫാസിസ്റ്റ് ഉള്ളടക്കം

ന്യൂയോർക്കിൽ വെച്ച് സൽമാൻ റുഷ്ദിയെ അപായപ്പെടുത്താൻ ശ്രമിച്ച ഹാദിക്കുകൾ കോടതിയിൽ വെച്ചു പറഞ്ഞത് തനിക്ക് അതിൽ യാതൊരു കുറ്റബോധവും ഇല്ലെന്നാണ്. അയാൾ സാത്താനിക് വേഴ്സസ് വായിച്ചിട്ടില്ല, അതിന്റെ ഉള്ളടക്കവും അറിയില്ല. എന്നാൽ ഖോമേനിയുടെ ഹത് വാ അയാൾക്കറിയാം 24 വയസ്സ് ഉണ്ടെങ്കിലും മത വിമർശകനെ കൊല്ലുക എന്ന മതബോധം തന്നെയാണ് കൊടുംകൃത്യത്തിന്റെ പ്രേരണ.

**മതരാഷ്ട്രവാദം**

ഇസ്ലാമിക ഭീകരവാദം ഒരു ആഗോള പ്രതിസന്ധിയാണ് 9/12ന്റെ WTC ആക്രമണം അതിന്റെ അന്താരാഷ്ട്ര പ്രഖ്യാപനമായിരുന്നു. അതോടെ പുനരാരംഭിച്ച തീവ്രവാദം ഒട്ടേറെ രാജ്യങ്ങളിൽ ഒട്ടനവധി ആക്രമണങ്ങളുടെ പരമ്പര തന്നെ അഴിച്ചുവിട്ടു. ഫ്രാൻസിലെ ഷാർലി എബ്ഭോ കാർട്ടൂൺ പ്രശ്നത്തിൽ 17 പേരാണ് കൊല്ലപ്പെട്ടത്. തുർക്കിയിൽ 201 പേരും ബാഗ്ദാദിൽ 200 പേരും വധിക്കപ്പെട്ടു. പെഷ് വാറിൽ 200 കുഞ്ഞുങ്ങളും കെനിയയിൽ 50 പേരും തോക്കിനിരയായി. നൈജീരിയയിൽ 2000 പേരും ബോണോ പബ്ലിക് സ്കൂളിൽ 300 പെൺകുട്ടികളും ഭീകരമായി പിച്ചിച്ചീന്തപ്പെട്ടു. ഇവരിൽ പലരും ചാവേർ ബോംബുകൾ ആയി പൊട്ടിത്തെറിച്ചു.

2016 -17 കാലത്ത് ബംഗ്ലാദേശിലെയും പാകിസ്ഥാനിലെയുമായി ഒട്ടേറെ എഴുത്തുകാരും കലാകാരന്മാരും ഇസ്ലാമിക അജ്ഞാനികൾക്ക് ഇരയായി. പ്രസാധകനായ ഫൈസൽ ആരഫീൻ, അഭിജിത്ത് റോയി, മുജീബ് ഹൈദർ, സുൽഹസ് മന്നൻ, പ്രൊഫസർ റസാക്ക് കരീം, അഹമ്മദ്, അഹമ്മദ് റജീം, നസീമുദ്ദീൻ സമദ് എന്നിവർ ചിലർ മാത്രം. ഹിജാബ് ധരിക്കാത്തതിന് കലാകാരി ഇഷ്റത്ത് അഖോണ്ഡ പാൽ മോഡൽ ലാൻ എൻ ബലെയും, ഗായിക ഷമീം ഐവർ ഉദാസുമൊക്കെ ഇസ്ലാമിക വാളുകൾ ക്ക് ഇരയായി. പള്ളികളിൽ പൊട്ടിയ ബോംബുകൾക്കും അതിൽ ചിതറി തെറി ക്കപ്പെട്ട മനുഷ്യർക്കും കണക്കെടുക്കാൻ ആവില്ല.1925 മുസ്ലിം ബ്രദർ ഹുഡ് രൂപീകരിക്കപ്പെട്ട അതോടെയാണ് പൊളിറ്റിക്കൽ ഇസ്ലാം ആധുനിക ലോകത്ത് സംഹാരാത്മക മാക്കുന്നത്. (ഇസ്ലാമിന്റെ തുടക്കംതന്നെ കൊലപാതക പരമ്പരകളിലൂടെയാണ്) മതവും രാഷ്ട്രീയവും അവിചിഹ്നമായ ഇസ്ലാം ഒരിക്കലും സമാധാനപരമായി അന്യമത സഹിഷ്ണതാപരമോ ആയിരുന്നില്ല. അതുകൊണ്ടുതന്നെ എത്ര ദാരിദ്ര്യത്തിനിടയിലും സേനകൾ രൂപീകരിക്കാൻ അനായാസം സാധിക്കും. അങ്ങനെയാണ് ദരിദ്ര അഫ്ഗാൻ ഇന്ത്യ പട്ടിണി മേഖലകളിൽ നിന്ന് താലിബാൻ ഉദയം കൊള്ളുന്നത്. പിന്നീട് ഐഎസും, അൽകയ്ദയും, പാമാസും, ഹിസ്ബുള്ളയും, ജയ്ഷെ മുഹമ്മദും, ബൊക്കോ ഹറാമും പോലെ നൂറുകണ



ക്കിന് സായുധസേന കൾ ആഗോളതലത്തിൽതന്നെ അക്രമോത്സുകമായി പിറവിയെടുക്കുന്നത് (അതിന്റെ ഇന്ത്യൻ പതിപ്പായി ജമാഅത്തെ ഇസ്ലാമിയും ജന്മമെടുത്തു

ചരിത്രപരമായ പരിശോധനയിൽ അബ്ദുൾ അലാ മൗദൂദിയും, അബൂബക്കർ അൽ ബാഗ്ദാദിയും പ്രഖ്യാപിക്കുന്നതാണ് യഥാർത്ഥ ഇസ്ലാം. അവരൊക്കെ മത രാഷ്ട്രത്തിന്റെ (Theocratic state ) വക്താക്കളാണ്. അതിൽ കുറഞ്ഞ ഒരു നീക്കുപോക്കിനും അവർ തയ്യാറല്ല സിറിയയിൽ ഖിലാഫത്ത് പ്രഖ്യാപിച്ചുകൊണ്ട് ബാഗ്ദാദി നടത്തിയ പ്രസ്താവനയ്ക്ക് മൂന്ന് കണ്ടീഷനുകൾ ഉണ്ടായിരുന്നു. ലോകം ഭരിക്കാൻ പിറന്നത് സുന്നികളാണെന്നും, ഷിയാ കൾക്ക് കപ്പം കൊടുത്ത് ജീവിക്കാമെന്നും അല്ലാത്തവർ വധ ശിക്ഷയ്ക്ക് അർഹരാണ് എന്നുമായിരുന്നു. (ഐഎസ് ലഹരി ബാധിച്ച് കേരളത്തിൽനിന്നും വരെ മുപ്പതോളം ചെറുപ്പക്കാർ സിറിയയിൽ പോയി) പൊളിറ്റിക്കൽ ഇസ്ലാമിന് സൂഫി പാരമ്പര്യമോ മിതവാദമോ ഇല്ല. തുർക്കിയിൽ കമാൽ പാഷയും ഇറാ

പൊളിറ്റിക്കൽ ഇസ്ലാമിന് സൂഫി പാരമ്പര്യമോ മിതവാദമോ ഇല്ല. തുർക്കിയിൽ കമാൽ പാഷയും ഇറാനിൽ ഷായും ഇറാഖിൽ സദ്ദാം ഹുസൈനും അഫ്ഗാനിൽ നജീബുള്ള യുമൊക്കെ നടപ്പാക്കിയ മിനിമം ജനാധിപത്യത്തെ പോലും അംഗീകരിക്കാൻ ഇസ്ലാമിക തീവ്രവാദത്തിനു കഴിഞ്ഞില്ല.

നിൽ ഷായും ഇറാഖിൽ സദ്ദാം ഹുസൈനും അഫ്ഗാനിൽ നജീബുള്ള യുമൊക്കെ നടപ്പാക്കിയ മിനിമം ജനാധിപത്യത്തെ പോലും അംഗീകരിക്കാൻ ഇസ്ലാമിക തീവ്രവാദത്തിനു കഴിഞ്ഞില്ല. അവരെല്ലാം ഇസ്ലാമിക് വിധികൾക്ക് കീഴടങ്ങുകയായിരുന്നു. ഇതൊക്കെ ഇസ്ലാമിന്റെ ജനിതക സ്വഭാവമാണ്. അതിനെതിരെ സാമ്രാജ്യത്വ വിരുദ്ധതയുടെ ന്യായീകരണം നടത്തുന്നതും തേച്ചു മിനുക്കാൻ ശ്രമിക്കുന്നതും ജനാധിപത്യ ബോധമുള്ളവർക്ക് ഭൂഷണമല്ല, അതു ചരിത്രവുമല്ല.

കൊളോണിയൽ മതമായ ക്രൈസ്തവീകതയുടെ ചരിത്രവും ഏറെ ഭിന്നമല്ല. രണ്ടു ലോക യുദ്ധങ്ങളിൽ കൊല്ലപ്പെട്ടതിനേക്കാൾ മനുഷ്യരെ കശാപ്പു ചെയ്ത ചരിത്രമാണ് യൂറോപ്പിലെ കത്തോലിക്ക – പ്രൊട്ടസ്റ്റന്റ് സഭകൾക്കുള്ളത്. സാമ്രാജ്യത്വം അധിനിവേശത്തിന്റെ സാംസ്കാരിക അജണ്ട

യായിട്ടാണ് ബൈബിൾ ലോകമെമ്പാടും സഞ്ചരിച്ചിട്ടുള്ളത്. ഹിറ്റ്ലറുടെ പിന്നിൽ അണിനിരന്ന കത്തോലിക്കാ സഭയുടെ മത ഭീകരതകൾ ചരിത്രത്തിൽ തന്നെ ചോര മഴയുടെ കഥകൾ വരച്ചിട്ടുണ്ട്.

**ഹിന്ദു രാഷ്ട്ര നിർമ്മിതി**

ഇസ്ലാമിൽ ബ്രദർഹുഡ് ജനിച്ച കാലത്തുതന്നെയാണ് ഇന്ത്യൻ ഭീകര സംഘമായ ആർഎസ്എസും പിറവിയെടുത്തത്. ഹിന്ദുമഹാസഭ 1915 രൂപം കൊണ്ടെങ്കിലും സവർക്കറുടെ 'ഹിന്ദുത്വ' ഏകീകരിക്കപെടുന്നതോടെ ഗായത്രി 25 പൊളിറ്റിക്കൽ ഹിന്ദു ജന്മമെടുത്തു. 1925ൽ ഹെഡ്ഗേവാർ ഉം സവർക്കറും കൂടി രാഷ്ട്രീയ സ്വയംസേവക സംഘം രൂപീകരിച്ചു.1933ൽ ഡോ. മൂഞ്ചേ മുസ്സോളിനിയെ കണ്ടശേഷമാണ്, മുസോളിനിയുടെ ബ്ലാക്ക് സേനയുടെ രൂപത്തിലും ഹിറ്റ്ലറുടെ കൊടി അടയാളവും സ്വാംശീകരിച്ച സംഘം യൂണിഫോമിലാകുന്നത്.

അതേ വർഷം തന്നെ ഗോൾവർക്കറുടെ ' വിചാരധാര ' പ്രസിദ്ധീകരിക്കപ്പെട്ട തോടെ സൈദ്ധാന്തികമായ വിദ്വേഷ അടിത്തറയും ബലവത്തായി.

ആര്യാവർത്തം എന്ന മത രാഷ്ട്രം തന്നെയാണ് ആർഎസ്എസിന്റെ ലക്ഷ്യവും. ഇത് ദയാനന്ദ സരസ്വതിയിലും തിലകനിലും തുടങ്ങിയ പ്രത്യയശാസ്ത്രമാണ്. അവരുടെ മാനിഫെസ്റ്റോ ഭഗവത്ഗീതയും ഭരണഘടനാ മനുസ്മൃതിയും ആണ്. ബ്രാഹ്മണ മതത്തെയാണ് 'ഹിന്ദു'വായി പരിണാമ പ്പെടുത്തിയത്. 1947 ൽ5 ലക്ഷം പേർ കൊല്ലപ്പെടുകയും മുക്കാൽ ലക്ഷം സ്ത്രീകൾ ബലാത്സംഗം ചെയ്യപ്പെടുകയും രണ്ടരക്കോടി മനുഷ്യർ പാലായനം നടത്തുകയും ചെയ്ത കൊടും വർഗീയ കലാപങ്ങൾക്ക് നേതൃത്വം നൽകിയത് സംഘം അല്ലാതെ മറ്റൊരുമായിരുന്നില്ല. തുടർന്നുണ്ടായ നൂറുകണക്കിന് കലാപങ്ങൾക്കും ഗുജറാത്ത് വംശീയ ഉന്മൂലനം പോലെയുള്ള അസമാന ഭീകരത കൾക്കും നേതൃത്വം വഹിച്ചതും സംഘപരിവാർ തന്നെയായിരുന്നു.

നാലരലക്ഷം യൂണിറ്റുകളും പത്തുകോടി അംഗങ്ങളും ഉള്ള സമാന്തര സേനയാണ് ആർഎസ്എസ്. അതിന്റെ നിരവധിയായ കീഴ്ഘടകങ്ങളിൽ ഒന്നുമാത്രമാണ് ബിജെപി. രാഷ്ട്രീയ സേവികാ സമിതി, ABVP, BMS, BKS, BLP, VHP, ഭാരതീയ വിചാരകേന്ദ്രം, വിദ്യാഭാരതി, ബാലഗോകുലം, സ്വദേശി പ്രസ്ഥാനം, തപസ്യ, സേവാഭാരതി, വിവേകാനന്ദ കേന്ദ്രം, ഹിന്ദു ഐക്യവേദി, വനവാസി കല്യാൺ ആശ്രമം, സംരക്ഷണ സമിതി തുടങ്ങി എല്ലാം രാഷ്ട്രീയമഞ്ചുവരെയുള്ള നിരവധിയായ സംഘടനകൾ ഞടട നു കീഴിലുണ്ട്.ഇന്ത്യയെമ്പാടും നെറ്റ്വർക്ക് ഉള്ള ലൈൻ പ്രസിദ്ധീകരണങ്ങളും ഓൺലൈൻ മാധ്യമങ്ങളും വർക്കുണ്ട്. ഹിന്ദു സ്വയംസേവക് സംഘം (അമേരിക്ക) സേവ ഇന്റർനാഷണൽ (ലണ്ടൻ) OF BJP, IDRF പോലുള്ള വൈദേശിക സംഘങ്ങൾ വഴി കോടികളുടെ കണക്കില്ലാത്ത പണമാണ് ഇന്ത്യയിലേക്ക് ഒഴുകുന്നത്. അതിലേറെയും ചെലവഴിക്കപ്പെടുന്നത് ആദിവാസികളെ ഹൈന്ദവ വൽക്കരിക്കാനാണ്.



2025ഓടെ ഇന്ത്യയെ ഹൈന്ദവ രാഷ്ട്രം ആക്കാനുള്ള സംഘപരിവാര രാഷ്ട്രീയത്തെ തിരിച്ചറിയാൻ ജനാധിപത്യശക്തികൾക്ക് കഴിയുന്നില്ല എന്ന് മാത്രമല്ല, ന്യൂനപക്ഷ രാഷ്ട്രീയത്തെ കൂട്ടുപിടിച്ച് അതിനെ എതിർക്കാനുള്ള പ്രതിലോമകരവും ആത്മഹത്യാപരമായ നിലപാടാണ് അവർ സ്വീകരിക്കുന്നതും. മതേതര ജനാധിപത്യം അന്യംനിന്നു പോയിരിക്കുന്നു.ഫാസിസ്റ്റ് പ്രതിരോധം

ഫാസിസത്തെ കുറിച്ചുള്ള ചർച്ചകൾ അരങ്ങു തകർക്കുമ്പോഴും അതിന്റെ മുൻ ഉപാധികളെ കുറിച്ച് മൗനം പാലിക്കപ്പെടുന്നുണ്ട്. ഫാസിസത്തിന് പ്രത്യയശാസ്ത്രപരമായ അടിത്തറ വംശീയതയും മത ബോധവുമാണ്. മതവിശ്വാസം അന്യമായ ഒരു സമൂഹത്തെപ്പറ്റി സങ്കൽപിക്കാൻ പോലും ആകില്ലെന്നും മതദർശനങ്ങൾക്കെതിരായ ആക്രമണം നിയമവ്യവസ്ഥകൾക്ക് എതിരായ ആക്രമണം പോലെ അക്ഷന്തവ്യമാണെന്നുള്ള ഹിറ്റ്ലറുടെ സിദ്ധാന്തമാണ് ഫാസിസത്തിന്റെ അടിത്തറ. (മെയ്ൻ കാംഫ്) ഇത് മറച്ചുവച്ചുകൊണ്ട് മതത്തെ വെള്ളപൂശാനുള്ള ഏതു ശ്രമവും ഫാസിസ്റ്റ് വിരുദ്ധതയല്ല. വംശീയതയെ ഊതി പെരുപ്പിക്കുന്നത് മതം തന്നെയാണ്. ഫാസിസത്തിന്റെ മറ്റ് ഉപാധികളായ ദേശസ്നേഹവും വാഗ്ദത്തഭൂമിയും യുദ്ധ മഹത്വവും ഉന്മൂലന സിദ്ധാന്തവുമൊക്കെ മത ബോധവുമായി കെട്ടുപിണഞ്ഞു കിടക്കുന്നതാണ്. മതം/ വംശം മാത്രം ഉൾപ്പെടുന്ന ഒരു സ്വർഗ്ഗരാജ്യം തന്നെയാണ് ഫാസിസ്റ്റുകൾ ആരാധിക്കുന്നത് ഈ മതബോധത്തെ തകർത്തു കൊണ്ടല്ലാതെ ഫാസിസ്റ്റ് വിരുദ്ധ സമരം സാർത്ഥകമാകില്ല.

ഹിറ്റ്ലറുടെ പാർട്ടിയുടെ പേര് നാഷണൽ സോഷ്യലിസ്റ്റ് പാർട്ടി എന്നായിരുന്നു. സ്വയം സോഷ്യലിസ്റ്റ് ആയി പ്രഖ്യാപിച്ചിരുന്ന അയാൾ ജനാധിപത്യത്തിലൂടെ യാണ് അധികാരത്തിൽ വന്നതും പിന്നീട് നടന്നത് ലോകം കണ്ടതാണ്.മോദിയുടെ ആരോഹണവും ജനാധിപത്യ പ്രക്രിയയിലൂടെയായിരുന്നു. അതിനു വഴിയൊരുക്കിയത് ദൈവ ചിന്തയാണ് (God market) രാമായണം സീരിയലിൽ തുടങ്ങി അയോധ്യയിലും ഗുജറാത്തിലും വഴിയാണ് അതിന്റെ പ്രയാണം ഭരണഘടനയെ നോക്കുകുത്തിയാക്കികൊണ്ടാണ് അതിന്റെ വിജയരഥം ഉരുളുന്നത്. ക്ഷേത്ര ശില സ്ഥാപിക്കുന്നതു മുതൽ മതപരതകളെ പൂർണ്ണമായി പ്രയോജനപ്പെടുത്തി അവർ അരങ്ങുതകർക്കുമ്പോൾ പ്രതിരോധത്തിന് പ്രത്യശാസ്ത്രം ഭരണഘടന തന്നെയാണ്.

## മതവിരുദ്ധ രാഷ്ട്രീയപാർട്ടികൾക്ക് ഹറാമാണെങ്കിലും മതനിരപേക്ഷതയെ മുറുകെ പിടിക്കാൻ കഴിയും. അത് ഇന്ത്യൻ ഭരണഘടനയുടെ അന്തസത്തയാണ് . മതം ഒരു സ്വകാര്യ വിഷയമാണെന്നു പ്രഖ്യാപിക്കാനുള്ള തന്റേടം രാഷ്ട്രീയ പാർട്ടികൾ കാണിക്കണം.

മതവിരുദ്ധ രാഷ്ട്രീയപാർട്ടികൾക്ക് ഹറാമാണെങ്കിലും മതനിരപേക്ഷതയെ മുറുകെ പിടിക്കാൻ കഴിയും. അത് ഇന്ത്യൻ ഭരണഘടനയുടെ അന്തസത്തയാണ് . മതം ഒരു സ്വകാര്യ വിഷയമാണെന്നു പ്രഖ്യാപിക്കാനുള്ള തന്റേടം രാഷ്ട്രീയപാർട്ടികൾ കാണിക്കണം. പകരം എതിർചേരിയിൽ മത സംഘങ്ങളെ കൂടെ കൂട്ടാനുള്ള ശ്രമമാണ് നടത്തുന്നതെങ്കിൽ ആത്യന്തിക പതനമായിരിക്കും സംഭവിക്കുക. വിയോജിപ്പിന്റെ ഭരണഘടന അവകാശങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ട് ജനാധിപത്യത്തെ വീണ്ടെടുക്കാൻ കഴിയണം ഫാസിസത്തിനെതിരെ ഒറ്റമൂലിയില്ല എന്ന പ്രാഥമിക ധാരണയെങ്കിലും ഉണ്ടാകണം. പേരിന് അറ്റത്തെ 'ഇടത് ' എന്ന് ചേർക്കുന്നതുകൊണ്ട് മാത്രം മതേതരമാകുന്നില്ല. തുടക്കത്തിൽ മതേതര മാണെങ്കിൽ മാത്രമേ ജനാധിപത്യത്തെ സംരക്ഷിക്കാനാകൂ. അതിന്റെ സാംസ്കാരിക മണ്ഡലങ്ങളിൽ സാർത്ഥകമാകുന്ന വിധം പ്രയോജനപ്പെടുത്തിക്കൊണ്ട് രാഷ്ട്രീയ രംഗത്തെ വിശാലമാക്കാൻ കഴിയുകയുള്ളൂ.ഈ പ്രതിരോധത്തിന് ഇടയിലാണ് ദാബോൽക്കറും പൻസാരയും കൽബുർഗിയും ഗൗരിലങ്കേഷ്കറും വേട്ടയാടപ്പെട്ടത് എന്ന് തിരിച്ചറിയേണ്ടതുണ്ട്. അവയൊന്നും ഒറ്റപ്പെട്ടതായിരുന്നില്ല. പഴയകാല വാചകക്കസർത്തുകൾ ക്ക് (Rheteric) ഇന്നു യാതൊരു പ്രസക്തിയുമില്ല. അടിത്തറ മേൽ സിദ്ധാന്തങ്ങളും തൊഴിലാളി വർഗ്ഗ സർവ്വാധിപത്യ സിദ്ധാന്തങ്ങളുമൊന്നും തൽക്കാലത്തേക്കെങ്കിലും ഫാസിസത്തിനെതിരായ പരിഹാരമല്ല തന്നെ. അത്രമാത്രം അടിയന്തിര പ്രധാനമാണ് ഫാസിസ്റ്റ് വിരുദ്ധ പ്രതിരോധം. ■



ശശിക്കുട്ടൻ വാകത്താനം

# മനുസ്മൃതിയും സ്ത്രീകളും

## മനുസ്മൃതിയും തൊഴിലും

**തൊ**ഴിൽ ഒരു സംസ്കാരമാണെന്ന് തിരിച്ചറിയാത്ത സമൂഹത്തിലാണ് നാം ഇന്നും ജീവിക്കുന്നത്.തൊഴിൽ ജാതീയമായി വേർതിരിക്കപ്പെട്ടിരുന്നു എന്നതാണതിന് കാരണം. സമ്പത്തും അധികാരവും സവർണത്വവുമായി കൂട്ടിച്ചേർക്കപ്പെട്ടിരിക്കുന്നതിനാൽ അവരുടെ സംസ്കാരത്തിനാണ് സമൂഹത്തിൽ ആധിപത്യം ചെലുത്താൻ കഴിയുന്നത്. തൊഴിലെടുക്കാതെ അദ്ധ്വാനത്തെ ചൂഷണം ചെയ്തു ജീവിക്കുന്ന ഈ വിഭാഗം ദൈവത്തിന്റെ പേരിലാണ് അവരുടെ മുഖം രക്ഷിക്കുന്നത്. ദൈവപ്രീണിതമായ മതങ്ങളൊന്നും അദ്ധ്വാനത്തെക്കുറിച്ചോ അദ്ധ്വാനത്തെ ചൂഷണം ചെയ്ത് ജീവിക്കുന്നതിനെക്കുറിച്ചോ ഒന്നും പറയുന്നില്ല. അദ്ധ്വാനത്തെക്കുറിച്ച് പറയുകയോ അദ്ധ്വാനിക്കുന്നവരെ ചേർത്തുപിടിക്കുകയോ ചെയ്യുന്നില്ല. അവന്റെ തൊഴിൽപരമോ സമൂഹികമോ ആയ ഇടപെടുലകളിലേക്ക് മതം എത്തുന്നില്ല. അവന്റെ ശാസ്ത്രീയമോ കലാപരമോ സാങ്കേതികമോ ആയ പ്രവർത്തികളിലേക്ക് കടന്നുചെല്ലുകയോ അതിനെ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്നില്ല. മതങ്ങൾ ദൈവപ്രതീക്കപ്പുറത്ത് മനുഷ്യനന്മക്കായ് എന്തെങ്കിലും ചെയ്യുന്നതിൽ നിശബ്ദരാകുകയാണ്. സമൂഹത്തോട് യാതൊരുവിധ ആഭിമുഖ്യവും പുലർത്താൻ മതം ആരെയും പഠിപ്പിക്കുന്നില്ല. തൊഴിലെടുത്ത് ഉപജീവനം നടത്തുന്നവരെ എത്ര ദൂരത്തേക്ക് ആട്ടിപ്പായിക്കാമോ അത്രയും ചെയ്തുകൊണ്ടിരിക്കും. സ്വന്തം ജനതയെ അതിന് പ്രേരിപ്പിക്കുകയും ചെയ്യുന്നു.

തൊഴിൽ വിഭജനത്തോടൊപ്പം തൊഴിലാളികളെയും വിഭജിക്കുകയായിരുന്നു മനു ചെയ്തത്. ഓരോരുത്തരും അവർ പിറക്കുന്നതിന് മുൻപു തന്നെ അവരുടെ തൊഴിലുകൾ നിർണ്ണയിക്കപ്പെട്ടിരുന്നു. അതുവഴി തൊഴിൽ പാരമ്പര്യമായിമാറി. തൊഴിൽ ചെയ്യുക ജാതി ബാദ്ധ്യതയായിരുന്നതിനാൽ അതിൽ നിന്നും ഒഴിവാകാൻ കഴിയുമായിരുന്നില്ല. ചെയ്യുന്ന തൊഴിലിന് കൂലി ആവശ്യപ്പെടാനും പാടില്ലായിരുന്നു. ജീർണ്ണിച്ച വസ്ത്രങ്ങളും പഴകിയ ഭക്ഷണങ്ങളുമായിരുന്നു ഇവർക്ക് കൂലിയായി ലഭിച്ചിരുന്നത്. ഈ പാരമ്പര്യം മാറ്റമില്ലാത്തൊരു സമൂഹികഘടനയായി തുടർന്നുപോരുകയാണുണ്ടായത്. അതാകട്ടെ കെട്ടിക്കിടക്കുന്ന ജലാശയം പോലെ അഴുക്കു നിറഞ്ഞതായി തീരുകയും ചെയ്തു. അതിൽനിന്നും മോചനപ്പെടുക എളുപ്പമായിരുന്നില്ല.

ഇന്ത്യൻ സാമൂഹിക വ്യവസ്ഥയെ രൂപപ്പെടുത്തിയത് ചാതർവർണ്യവ്യവസ്ഥയായിരുന്നു. ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നിങ്ങനെയുള്ള നാല് വർണങ്ങളും അവർക്കുപുറമെ മനുഷ്യനെന്ന പരിഗണനപോലുമില്ലാത്ത മറ്റു വിഭാഗങ്ങളും ഉൾപ്പെട്ടതായിരുന്നു ഇന്ത്യയിലെ ജനവിഭാഗങ്ങൾ. ഈ നാലു വർണ്ണത്തിനും പ്രത്യേക തൊഴിൽ കൽ

ഏതൊരു സമൂഹത്തിന്റെയും അത് വികസിതമാകട്ടെ, അവികസിതമാകട്ടെ, അടിസ്ഥാന തൊഴിൽ കാർഷികവൃത്തിയാണ്. കാർഷികവൃത്തിയുമായി ബന്ധപ്പെട്ട ഉർവരതാ സങ്കൽപം ഗോത്രവ്യവസ്ഥക്കകത്ത് നിലനിന്നിരുന്നു. അതാണ് പിന്നീട് ദേവീസങ്കൽപ്പമായി പരിണമിച്ചത്. പുരുഷകേന്ദ്രീകൃതമായ മനുസ്മൃതിക്ക് ഇത് അംഗീകരിക്കാൻ കഴിയുമായിരുന്നില്ല. കാർഷികവൃത്തിയുമായി ബന്ധപ്പെട്ട നിരവധി ഋുക്കുകൾ ഋഗ്വേദത്തിൽ ഉണ്ടെങ്കിലും അതൊന്നും മനുസ്മൃതിക്കാരൻ കണ്ടിരുന്നില്ല.

പ്പിച്ചിരുന്നു. വേദം പഠിക്കുക, പഠിപ്പിക്കുക, യാഗം ചെയ്യുക, ചെയ്യിക്കുക, ദാനം വാങ്ങുക, ദാനം കൊടുക്കുക എന്നിവയായിരുന്നു ബ്രാഹ്മണന്റെ തൊഴിൽ. പുനർജന്മം ഉണ്ടാകാതിരിക്കാനാണ് യാഗം ബ്രാഹ്മണർ അനുഷ്ഠിക്കുന്നത്. അതിന് വേണ്ടിയുള്ള പഠനവും പഠിപ്പിക്കലും അതുവഴി ധനസമ്പാദനവുമാണ് ലക്ഷ്യം വെയ്ക്കുന്നത്. ബ്രാഹ്മണനിൽ നിന്നും ഉൽഭൂതരായ ക്ഷത്രിയന്റെ തൊഴിൽ രാജ്യരക്ഷയാണ്. രാജ്യരക്ഷയെന്നാൽ ബ്രാഹ്മണരക്ഷ എന്നുതന്നെയാണ് അർത്ഥമാക്കുന്നത്. വൈശ്യന്റെ തൊഴിൽ കച്ചവടവും പലിശക്ക് പണം കടം കൊടുക്കലുമാണ്. ഇവരുടെ എല്ലാ ദാസ്യവൃത്തിയാണ് ശൂദ്രർ ചെയ്യേണ്ടത്. ഈ നാല് വർണ്ണത്തിൽപെട്ടവർക്ക് പ്രതിലോമമായി ഉണ്ടാകുന്നതാണ് ജാതികൾ. ശൂദ്രരെപ്പോലെ ഉപനയനമോ വേദാധികാരമോ ഇവർക്കില്ല.

രഥകാരന്മാർ, സ്വർണ്ണപ്പണിക്കാർ, വീട്ടുപണി ചെയ്യുന്നവർ, ചർമകാരനന്മാർ (തോൽപ്പണിക്കാർ) ചിത്രകാരന്മാർ, ശില്പികൾ, മദ്യം ഉണ്ടാക്കുന്നവർ, മൺപാത്രം ഉണ്ടാക്കുന്നവർ, ഓട്ടുപാത്രം ഉണ്ടാക്കുന്നവർ, വസ്ത്രം ഉണ്ടാക്കുന്നവർ, ഗായകർ, വൈദ്യന്മാർ, ആയുധവിൽപ്പനക്കാർ, വേടന്മാർ തുടങ്ങിയ നിരവധി തൊഴിൽക്കാരെക്കുറിച്ച് മനുസ്മൃതി പറയുന്നുണ്ട്. ഇതിൽ തന്നെ ഉച്ചനീചത്വങ്ങൾ കൽപ്പിക്കപ്പെടുന്നുണ്ട്. ബ്രാഹ്മണന് ക്ഷത്രിയ സ്ത്രീകളിലും ശൂദ്രസ്ത്രീകളിലും ഉണ്ടാക്കുന്ന കുട്ടികളിൽ ശൂദ്രസ്ത്രീകളിൽ ഉണ്ടായ കുട്ടിയേക്കാൾ ശ്രേഷ്ഠൻ ക്ഷത്രിയസ്ത്രീകളിൽ ഉണ്ടായ കുട്ടിക്കാണ്. ഇത്തരത്തിലാണ് ശ്രേഷ്ഠത്വം കൽപ്പിക്കപ്പെടുന്നത്. ബ്രാഹ്മണൻ ആരുടെ ഭക്ഷണം കഴിക്കണം ആരിൽ നിന്നൊക്കെ ദാനം സ്വീകരിക്കണം എന്നുള്ള കാര്യങ്ങളുടെ അടിസ്ഥാനത്തിലാണ് വർണ്ണങ്ങളുടെയും ജാതികളുടെയും മേൽക്കീഴ് ബന്ധങ്ങളെക്കുറിച്ച് പറയുന്നത്. ജീവനമാർഗ്ഗം ഇല്ലാതായാൽ ആരുടെ ഭക്ഷണം വേണമെങ്കിലും കഴിക്കാം എന്നും പറയുന്നു. (10:83). ബ്രാഹ്മണന് തൊട്ടുതാഴെ വരുന്ന ക്ഷത്രിയൻ ബ്രാഹ്മണൻ ചെയ്യുന്ന കർമ്മങ്ങൾ ചെയ്താൽ ശൂദ്രനാകും എന്നാണ് പറയുന്നത്. ബ്രാഹ്മണൻ ചെയ്യുന്ന കർമ്മങ്ങൾ ചെയ്താൽ ശൂദ്രനാകും എന്നാണ് പറുന്നത്. അവരവർക്ക് നിർണ്ണയിക്കപ്പെട്ട തൊഴിൽ മാത്രമേ ചെയ്യാൻ പാടുള്ളൂ എന്ന് സാരം.

ഏതൊരു സമൂഹത്തിന്റെയും അത് വികസിതമാകട്ടെ, അവികസിതമാകട്ടെ, അടിസ്ഥാന തൊഴിൽ കാർഷികവൃത്തിയാണ്. കാർഷികവൃത്തിയുമായി ബന്ധപ്പെട്ട ഉർവരതാ സങ്കൽപ്പം ഗോത്രവ്യവസ്ഥക്കകത്ത് നിലനിന്നിരുന്നു. അതാണ് പിന്നീട് ദേവീസങ്കൽപ്പമായി പരിണമിച്ചത്. പുരുഷകേന്ദ്രീകൃതമായ മനുസ്മൃതിക്ക് ഇത് അംഗീകരിക്കാൻ കഴിയുമായിരുന്നില്ല. കാർഷികവൃത്തിയുമായി ബന്ധപ്പെട്ട നിരവധി ഋുക്കുകൾ ഋഗ്വേദത്തിൽ ഉണ്ടെങ്കിലും അതൊന്നും മനുസ്മൃതിക്കാരൻ കണ്ടിരുന്നില്ല. മനുസ്മൃതിക്ക് വേദവുമായി വലിയ ബന്ധം ഉണ്ടായിരുന്നില്ല എന്ന വസ്തുത ഇത് ചൂണ്ടിക്കാണിക്കുന്നു.



കാർഷികവൃത്തിയുമായി ബന്ധപ്പെട്ടാണ് പശുവളർത്തൽ പ്രധാന തൊഴിലായി മാറുന്നത്. വേദകാലത്തെയും സ്മൃതികാരന്മാരുടെ കാലത്തെയും പ്രധാന സമ്പത്ത് പശുവായിരുന്നു. യാഗത്തിനായി പശുവിനെ കൊല്ലുന്ന ബ്രാഹ്മണനോടാണ് ഹിംസാത്മകമായ കൃഷി ചെയ്യരുതെന്ന് മനു ഉപദേശിക്കുന്നത്. (10:83). കാരണം ദൈവകർമ്മമായ ഹോമം ചെയ്യുന്നവനാണ് ലോകം മുഴുവൻ ഭരിക്കുന്നത്. (3:75) എന്നാണ് അവകാശപ്പെടുന്നത്.

കൃഷി ഉൾപ്പെടെയുള്ള ഉൽപ്പാദന പ്രവർത്തനം ഉൽപാദനബന്ധങ്ങളിലേക്ക് മാറിയതോടെ മിച്ചം ഉൽപാദനത്തിലെത്തി. ഇത് സാമൂഹികബന്ധങ്ങളിലും അധികാരഘടനയിലും മാറ്റങ്ങൾ സൃഷ്ടിച്ചു. ഉൽപ്പന്നങ്ങൾ കൈമാറിക്കൊണ്ടിരിക്കുന്ന സ്ഥാനത്ത് നാണയം വന്നതോടെ സമ്പത്തിന്റെ കേന്ദ്രീകരണം ശക്തമായി. മനുസ്മൃതിയുടെ കാലം ഇതായിരുന്നു. കർഷാപണം, അടകം, ദ്രോണം, പണം എന്നിവയായിരുന്നു മനുസ്മൃതിയുടെ കാലത്തുപയോഗിച്ചിരുന്ന നാണയങ്ങൾ (7:26) പണവുമായി ബന്ധമില്ലാതിരുന്ന ഉൽപാദകരെ സംബന്ധിച്ചടുത്തോളം അദ്ധ്വാനം വൻതോതിൽ ചൂഷണം ചെയ്യപ്പെട്ടു പണം കൈകാര്യം ചെയ്തിരുന്നവർ പണം പലിശക്കുകൊടുക്കുകയും ചെയ്തിരുന്നു. ഇത്തരം സാമ്പത്തികമേൽക്കോയ്മ അധികാരവുമായി ബന്ധപ്പെട്ട് നിലനിന്നിരുന്നു.

പണം വ്യവഹാരത്തിലെത്തിയതോടെ തൂത്തുവാരുക, വെള്ളം കോരുക മുതലായ അപകൃഷ്ടജോലി ചെയ്യുന്നവർക്ക് ഒരു പണം (കർഷാപണം-ഒരു ചെറു നാണയം) പ്രതിദിനം ശമ്പളം കൊടുക്കണം. ആറുമാസത്തിൽ ഒരു ജോഡി വസ്ത്രങ്ങളും മാസത്തിൽ ഒരു ദ്രോണം (നാല് അടകം) ധാന്യവും നൽകണം. ഉൽകൃഷ്ടജോലിക്കാരന് പ്രതിദിനം ആറ് പണവും ആറുമാസത്തിലൊരിക്കൽ ആരു ജോഡി വസ്ത്രവും പ്രതിമാസം ആറ് പണവും (ദ്രോണം) ധാന്യവും നൽകണം. (ഒരു ദ്രോണം - 16 ഇടങ്ങഴി) (8:126).

വർണ്ണവ്യവസ്ഥ നിലവിൽ വരുന്ന കാലം. തൊഴിൽവിഭജനത്തിന്റെ കാലം കൂടിയായിരുന്നു. തൊഴിലെടുക്കുന്നത് അമാന്യമായി കരുതിയിരുന്നതിനാൽ അവരെ അകറ്റി നിർത്തുക എന്ന തന്ത്രമായിരുന്നു സവർണ്ണമാർ കൈകൊണ്ടിരുന്നത്. ക്രമരഹിതമായ സാമൂഹ്യഘടനയായിരുന്നു അക്കാലത്ത് നിലനിന്നിരുന്നതെന്ന് മനുസ്മൃതി തന്നെ ചൂണ്ടിക്കാട്ടുന്നുണ്ട്. അതിനിടയിലും വളരെ ന്യൂനപക്ഷം വരുന്ന ത്രൈവർണികർക്ക് മനുസ്മൃതിയിലെ നിയമങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞത് അപകൃഷ്ടരായ

ജനങ്ങളുടെ അനൈക്യമായിരുന്നു കാരണമെന്ന് വർത്തമാനകാലാനുഭവം ചൂണ്ടിക്കാട്ടുന്നു.

**ആറ് മനുസ്മൃതിയും സ്ത്രീയും**

പൂർണ്ണമായും വനങ്ങളെ ആശ്രയിച്ചു ജീവിച്ചുപോന്നവരായിരുന്നു മനുഷ്യരുടെ പൂർവ്വികർ. ഫലമൂലാദികളും മത്സ്യമാംസാദികളും കൊണ്ട് ഉപജീവനം നടത്തിയവരായിരുന്നു അവർ. കല്ലും മരക്കഷ്ണങ്ങളും എല്ലാം ആയുധമായുപയോഗിച്ചിരുന്നു. ക്രമേണ മൃഗങ്ങളെ ഇണക്കി വളർത്താനും കൃഷി ചെയ്യാനും ആരംഭിച്ചു. പുരുഷന്മാർ വേട്ടക്ക് പോകുമ്പോൾ സ്ത്രീകൾ കൃഷിപ്പണി ചെയ്തിരുന്നു എന്നാണ് സാമൂഹ്യശാസ്ത്രകാരന്മാർ അഭിപ്രായപ്പെടുന്നത്.

കാർഷികമേഖലയുടെ വികാസവും കൃഷി പ്രധാന തൊഴിലും ജീവിതമാർഗ്ഗം ആയതോടെ ഉർവരതാസങ്കൽപം രൂപം കൊള്ളാൻ തുടങ്ങി. ഭൂമിയെ സ്ത്രീ സങ്കല്പത്തിൽ കാണാൻ തുടങ്ങിയതോടെ പ്രകൃതിയുടെ ഋതുക്കളോട് സ്ത്രീകളുടെ ഋതുവാകലിനെ ഉപമിക്കുന്നത്. ഗർഭധാരണം വിളവിറക്കലും പ്രസവം വിളവെടുപ്പുമായി ബന്ധപ്പെടുത്തി.

ഈ ഭൂമി ജീവജാലങ്ങളുടെയെല്ലാം ശാശ്വതയോനിയാണെന്ന് പറയപ്പെടുന്നു. അതിൽ മുളക്കുന്ന സസ്യം സ്വന്തം വളർച്ചയിൽ (ഭൂമിയായി) യോനിയുടെ പ്രത്യേകം ധർമ്മങ്ങളെയൊന്നും ആശ്രയിക്കുന്നില്ല (9:37). ഈ യോനിയെയാണ് ക്ഷേത്രമെന്നും ഗൃഹമെന്നും പറഞ്ഞിരുന്നത്. ധാന്യങ്ങളുടെ ഉൽപത്തി സ്ഥാനം ക്ഷേത്രം – വയൽ ആകുന്നു. അതുപോലെ സന്താനങ്ങളുടെ ഉൽപത്തി സ്ഥാനമായ സ്ത്രീക്ഷേത്രമാണെന്ന് മുനിമാർ പറഞ്ഞിരിക്കുന്നു. പുരുഷൻ വിത്തിന് തുല്യമാണ്. ക്ഷേത്രത്തിന്റെയും ബീജത്തിന്റെയും സംയോഗം കൊണ്ടാണ് സകല പ്രാണികളും ഉണ്ടാകുന്നത് (9:33) എന്നാണ് മനു പറയുന്നത്. ഈ സങ്കൽപ്പത്തിലാണ്, ഏത് കുലത്തിലാണോ പിത്രാദികൾ സ്ത്രീകളെ പൂജിക്കുന്നത് അവിടെ ദേവതകൾ പ്രസാദിക്കുന്നു. സ്ത്രീകളെ പൂജിക്കാത്ത കുലത്തിൽ ദേവതകൾ പ്രസാദിക്കാത്തതിനാൽ യാഗാദികൾ നിഷ്ഫലമായിത്തീരും (5:130). സ്ത്രീകൾ, രത്നങ്ങൾ, വിദ്യ, ശുചികർമ്മം, ശിൽപങ്ങൾ, ചിത്രാദികൾ എന്നിവ ആരിൽ നിന്നും സ്വീകരിക്കാം (2:240) സർവ്വദാ സ്ത്രീകളുടെ മുഖം ശുചിയാണ്. പക്ഷികളുടെ ചുണ്ടുകൊണ്ട് വീഴ്ത്തിയ ഫലവും ശുചിയാണ്. കുടിച്ചു ചുരത്തുന്ന സമയം കിടാവിന്റെ മുഖവും നായാട്ടിൽ മൃഗങ്ങളെ പിടിക്കുന്ന ശ്വാവിന്റെ മുഖവും ശുദ്ധമാണ് (5:130) മറ്റൊരിടത്ത് (5:141) ആടിന്റെയും കുതിരയുടെയും മുഖം പവിത്രമാണ്. ഗോവിന്റെ പൃഷ്ഠഭാഗവും ബ്രാഹ്മണന്റെ പാദവും സത്രീക്ക് സർവ്വാംഗവും പവിത്രമാണ്. ബ്രാഹ്മണാദികളായ എല്ലാ വർണ്ണങ്ങൾക്കും മേൽപ്പറഞ്ഞ രീതിയിൽ ഭാര്യാരക്ഷണം എന്ന ധർമ്മം സകലധർമ്മങ്ങളിലും വെച്ച് ഉത്തമമാണെന്ന് മനസ്സിലാക്കി ദുർബലരായാൽപ്പോലും ഭർതാക്കന്മാർ ഭാര്യമാരെ രക്ഷിക്കാൻ ശ്രമിക്കുന്നു.

പതിവീര്യരൂപത്തിൽ ഭാര്യയിൽ പ്രവേശിച്ച് ഗർഭമായി തീർന്ന് പുത്രനായി ജനിക്കുന്നു. അവളിൽ വീണ്ടും ജനിക്കുന്നതുകൊണ്ട് ഭാര്യ 'ജായ' ആയി തീരുന്നു.(9:8)

സന്താനോൽപാദനം നിമിത്ത് വലിയ ഉപകാരം ചെയ്യുന്നവരും വസ്ത്രാഭരണാദി ദാനത്താൽ സമ്മാനാർഹകളും ഗൃഹത്തെ പ്രകാശിപ്പിക്കുന്നവരുമായ സ്ത്രീകളും ശ്രീയും ഗൃഹത്തിൽ തുല്യകളാണ്. അവർക്ക് തമ്മിൽ ഒരു വ്യത്യാസവുമില്ല. (9:26)

ഇത്തരത്തിൽ നന്മയോടുകൂടി പറയുമ്പോഴും സ്ത്രീയെക്കുറിച്ച് മനുവിന് വലിയ സന്ദേഹങ്ങളുണ്ട്. ശൃംഗാരചേഷ്ഠയാൽ വ്യാമോഹിപ്പിച്ച് പുരുഷന്മാരെ ദുഷിപ്പിക്കുന്നത് സ്ത്രീകളുടെ സ്വഭാവമാണ്. അതുകൊണ്ട് പണ്ഡിതന്മാർക്ക്, വിവേകികൾക്ക് സ്ത്രീകളിൽ പ്രമാദം പറ്റുകയില്ല. (2:213). ഈ സ്ത്രീകൾ പുരുഷന്റെ സ്വരൂപത്തെയോ പ്രായത്തേയോ നോക്കുന്നില്ല. സ്വരൂപനായും വിരൂപനായും പുരുഷനാണല്ലോ എന്നുമാത്രം കരുതി സംഭോഗം ചെയ്യുന്നു. വ്യഭിചാരശീലം സംഭോഗാസക്തികൊണ്ടുള്ള ചിത്തചാപല്യവും സ്വാഭാവികമായ സ്നേഹശൂന്യത എന്നിവയിൽ ശ്രദ്ധിച്ചുസംരക്ഷിച്ചാലും ഇവർ (വ്യഭിചാരം മൂലം) ഭർത്താക്കന്മാരെ വഞ്ചിക്കുന്നു. അതിനാൽ ഇവരെ സംരക്ഷിക്കുന്നതിൽ പുരുഷന്മാർ അത്യധികമായ ശ്രദ്ധ പ്രദർശിപ്പിക്കേണ്ടതാണ്. (9:14,15, 27,28;2:213,214) ഇതിന്റെ അടിസ്ഥാനത്തിൽ സ്ത്രീധർമ്മം എന്ന നിലയിൽ അഞ്ചാം അദ്ധ്യായത്തിൽ ഒരു ഭാഗം തന്നെ ചേർത്തിട്ടുണ്ട്.

സ്ത്രീകൾക്ക് സവർണ്ണ പുരുഷന്മാരുടേതുപോലുള്ള ഗൃഹ്യസൂത്രസംബന്ധിയായ (ഉപനയനം തുടങ്ങിയ പഞ്ചമഹായജ്ഞങ്ങൾ) ക്രിയകൾ ചെയ്യേണ്ടതായിട്ടില്ല. വിവാഹം ഉപനയനമായിട്ടും ഭതൃശുശ്രൂഷ ഗുരുകുലത്തിൽ വേദം ഓതുന്നതായിട്ടും ഗൃഹസംരക്ഷണത്തെ സമിധോമമായിട്ടും (ചമതഹോമം) പറയുന്നു. (2:6) സ്ത്രീകളുടെ ജാതകർമ്മാദി ക്രിയ വേദമന്ത്രങ്ങളോടു കൂടിയല്ല നടത്തുന്നത്. അതുപോലെ ധർമ്മപ്രമാണങ്ങളായ ശ്രുതി സ്മൃതികൾ അനർഹരും പാപനാശകങ്ങളായ അർഘമർഷണാദി മന്ത്രങ്ങൾക്ക് അയോഗ്യതകളും ആയതിനാൽ അവർ അസത്യം പോലെ അശുഭങ്ങളാണ് എന്നും പറയുന്നു. (9:18) ഇവിടെയാണ് ന സ്ത്രീ സ്വാതന്ത്ര്യമർഹതി (5:147,148,149) എന്നീ ശ്ലോകങ്ങൾ കൂടുതൽ

വ്യാഖ്യാനിക്കേണ്ടി വരുന്നത്.

ബാലയോ യുവതിയോ വൃദ്ധയോ ആയാലും സ്ത്രീ സമൂഹത്തിൽ പോലും ഒരു കാര്യവും പിതാവ് ഭർത്താവ് മുതലായവരുടെ അനുമതി കൂടാതെ സ്വേച്ഛയാ ചെയ്യരുത് (5:14). ബാല്യത്തിൽ സ്ത്രീ പിതാവിനെയും യൗവനത്തിൽ ഭർത്താവിനെയും ഭർത്താവ് മരിച്ചാൽ പുത്രാന്മാരുടെയും അധീനതയിൽ വർത്തിക്കണം. ഒരിക്കലും സ്വതന്ത്രയായി പെരുമാറരുത്. (5:148). സ്ത്രീ ക്രമേണം ബാല്യത്തിലും യൗവനത്തിലും വാർദ്ധക്യത്തിലും പിതാവിൽ നിന്നോ ഭർത്താവിൽ നിന്നോ വേർപിരിയാനാഗ്രിക്കരുത്. ഇവരിൽ നിന്ന് വേർപെട്ടു കഴിഞ്ഞാൽ സ്ത്രീ രണ്ട് കുലങ്ങളേയും നിന്ദ്യമാക്കും.

സ്ത്രീയെയും ശൂദ്രനേയും ഒരേ മാനദണ്ഡത്തിലാണ് മനുസ്മൃതികാരൻ കാണുന്നത്. ഇവരെക്കുറിച്ച് പറയുമ്പോൾ ഒരു നിലപാടെടുക്കാൻ കഴിയാത്തവിധം വിഭ്രാന്തിയിലേക്ക് പോകുന്നതായിട്ടുകാണാം. ചലനാത്മകമായി മുന്നോട്ടുപോകുന്ന സമൂഹത്തിൽ ഒന്നിനും എവിടെയും കേന്ദ്രീകരിച്ചു നിൽക്കാൻ കഴിയില്ല. അതു മാറിക്കൊണ്ടിരിക്കും. ഏതൊരു സിദ്ധാന്തത്തിന്റെയും ഫലപ്രാപ്തിയും അതുമായി ബന്ധപ്പെട്ടിരിക്കും. ഇതു ബോധ്യം വരാത്തതുകൊണ്ടാണ് ഒരു കാര്യത്തെക്കുറിച്ച് പലയിടത്തും പല രീതിയിലും പറയേണ്ടി വരുന്നത്.

> സ്ത്രീയെയും ശൂദ്രനേയും ഒരേ മാനദണ്ഡത്തിലാണ് മനുസ്മൃതികാരൻ കാണുന്നത്. ഇവരെക്കുറിച്ച് പറയുമ്പോൾ ഒരു നിലപാടെടുക്കാൻ കഴിയാത്തവിധം വിഭ്രാന്തിയിലേക്ക് പോകുന്നതായിട്ടുകാണാം. ചലനാത്മകമായി മുന്നോട്ടുപോകുന്ന സമൂഹത്തിൽ ഒന്നിനും എവിടെയും കേന്ദ്രീകരിച്ചുനിൽക്കാൻ കഴിയില്ല. അതു മാറിക്കൊണ്ടിരിക്കും. ഏതൊരു സിദ്ധാന്തത്തിന്റെയും ഫലപ്രാപ്തിയും അതുമായി ബന്ധപ്പെട്ടിരിക്കും


ശൂദ്രൻ ബ്രാഹ്മണനെ ഉപദേശിച്ചാൽ നാവു മുറിച്ചുകളയണമെന്ന് പറഞ്ഞ മനുവാണ് ശ്രദ്ധയുള്ളവൻ ഉൽകൃഷ്ടയായ വിദ്യയെ (ഗാരുഡാദി വിദ്യയെ ശുദ്രനിൽ നിന്നുപോലും ഗ്രഹിക്കണം. മോക്ഷോപായമായ ആത്മജ്ഞാനരൂപമായ പരമധർമ്മത്തെ ചണ്ഡാലനിൽ നിന്നുപോലും ഗ്രഹിക്കാം. അതുപോലെ താഴ്ന്ന കുലത്തിൽ നിന്നായാലും സ്ത്രീരത്നത്തെ പരിഗ്രഹിക്കാം (2:238) എന്നെല്ലാം പറയുന്നത്. ഇത്രയും വൈരുദ്ധ്യം നിലനിൽക്കുമ്പോൾ തന്നെ അതിലെത്രയോ ആർതിയാണ് 2:240 ൽ കാണുന്നത്. സ്ത്രീകൾ, രത്നങ്ങൾ, ജ്ഞാനം, ധർമ്മം, സുഭാഷിതം പലവിധങ്ങളായ ശിൽപശാസ്ത്രങ്ങൾ ഇവ ആരിൽ ഇരുന്നാലും സ്വീകരിക്കേണ്ടതാണ്. ഉത്കൃഷ്ടമായ എല്ലാത്തിന്റെയും അവകാശികൾ ബ്രാഹ്മണനായതിനാൽ അതുസ്വായത്തമാക്കുകയാണ് ഏതുവിധേനയും ചെയ്യേണ്ടത് എന്നാണ് ഇത് സൂചിപ്പിക്കുന്നത്.

മലം അശുദ്ധമാണെങ്കിലും മലത്തിലിരിക്കുന്ന സ്വർണ്ണം ബ്രാഹ്മണന് അശുദ്ധമല്ല.അതിനുദാഹരണം പറയുന്നതിങ്ങനെയാണ്. നീചജാതിയിൽ ജനിച്ച അക്ഷരമാല വിസിഷ്ഠനോടും ശാരങ്ഗി മന്ദപാല മഹർഷിയോടും വിവാഹത്താൽ യോജിക്കപ്പെട്ടു (9:23) ഇതിനു പ്രതിക്രമമായിട്ടാണ് സംഭവിക്കുന്നതെങ്കിൽ അതിനെയാണ് അനാചാരം എന്ന് പറയുന്നത്. അനാചാരം കുലം മുടിക്കുന്നതുകൊണ്ട് കുലസ്ത്രീകൾ ദുഷിച്ചുപോകുന്നു. ഇതുവഴി കുലം മുടിഞ്ഞവരുടെ വർണ്ണസങ്കരം ഉണ്ടാകുന്നു. ഈ ദോഷങ്ങളെക്കൊണ്ട് പരസ്യമായി നിൽക്കുന്ന ജാതിധർമ്മങ്ങളും കുലധർമ്മങ്ങളും നശിക്കപ്പെടുന്നു. അത്തരം നാശത്തിൽ നിന്നും രക്ഷപെടണം. അതിനാൽ സവർണ്ണസ്ത്രീകളുടെ പദവിയെ ഉയർത്തിപ്പിടിക്കുന്നത്. അവൻ സവർണ്ണരായാലും ശൂദ്രനെപ്പോലെ അക്ഷരനിഷേധവും വേദനിഷേധവുമാണ് വിധിച്ചിട്ടുള്ളത്. അവർ പിതാവ്, ഭർത്താവ് മുതലായവരുടെ അനുമതി കൂടാതെ സ്വേച്ഛയാ ഒന്നും ചെയ്യരുത്. സദാചാരഹീനനോ പരസ്ത്രീകളിൽ ആസക്തനോ വിദ്യാദിഗുണശൂന്യനോ ആയാലും ഭർത്താവിനെ പതിവ്രതയായ ഭാര്യ ദേവനെപ്പോലെ ആരാധിക്കണം (5:155). ഭർത്താവ് മരിച്ചാൽ ബ്രഹ്മചാരണിയായി - മധുമാംസം മൈഥുനങ്ങൾ വർജ്ജിച്ച് മരണം വരെ വർതിക്കണം. സ്ത്രീക്ക് രണ്ടാമതൊരു ഭർത്താവ് അനുവദനീയമല്ല.

**വിവാഹത്തെ സംബന്ധിച്ച്**

വിവാഹത്തെ സംബന്ധിച്ച് യാതൊരു നീതിബോധവും കൂടാതെയാണ് മനു കാര്യങ്ങളെ കാണുന്നത്. ഗർഭധാരണത്തിനും പ്രസവത്തിനും വേണ്ടി സ്ത്രീകളേയും ഗർഭദാനത്തിനുവേണ്ടി പുരുഷന്മാരെയും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് അവർക്ക് ഗർഭോൽപാദനം എന്നതുപോലെ അഗ്ന്യാധാനാദികൾ കർമ്മവും പതിയോടൊന്നിച്ചു ചെയ്യേണ്ടതായാണ് വേദത്തിൽ പറഞ്ഞിട്ടുള്ളത് (9:96). മുപ്പതുവയസ്സുള്ളവൻ പന്ത്രണ്ട് വയസ്സുള്ള മനോഹരിയായ കന്യകയെ വിവാഹം കഴിക്കണം. അഥവാ ഗൃഹസ്ഥാ ധർമ്മാനുഷ്ഠാനത്തിൽ പ്രയാസമുള്ളതിനാൽ തിടുക്കമാണെങ്കിൽ ഇരുപത്തിനാലുകാരൻ എട്ടുവയസ്സുകാരിയെ ഉദ്വഹിക്കാം (9:94). ഋതുമതിയാകുമെന്ന ഭയത്തോടുകൂടിയ പിതാവ് മുതലായവർ ഒൻപതോ പത്തോ വയസ്സുള്ള കന്യകയെ ദാനം ചെയ്യണം. ഋതുമതിയായി നിന്നിട്ട് ദാനം ചെയ്യുന്നവനെ പാപം ബാധിക്കുന്നു (9:88).

എന്നാൽ പുരുഷന്മാർക്ക് ഇത് ബാധകമല്ല. കാരണം പുരുഷന്മാർ സ്വയമേ പരിശുദ്ധന്മാരാണ്. ഭർതാവിനോടുകൂടെയല്ലാത്ത സ്ത്രീക്ക് പ്രത്യേക യജ്ഞമില്ല. (5:15). ഭർത്താവിന്റെ അനുമതി കൂടാതെ വ്രതോപവാസങ്ങളും പാടില്ല. പതിശുശ്രൂഷകൊണ്ടുതന്നെ സ്ത്രീഭതൃലോകത്തിൽ പൂജിതയായി തീരുന്നു. (5:155). പതി ജീവിച്ചിരിക്കുമ്പോൾ വ്രതമോ ഉപവാസമോ അനുഷ്ഠിക്കുന്നവൾ പതിയുടെ ആ കഷ്ടപ്പാടിലും ക്ഷമാശീലയും സംയമപതിയും ഉത്തമമായ പതിവ്രതാധർമ്മം കാംക്ഷിക്കുന്നവളും ബ്രഹ്മചാരണിയുമായി മരണം വരെ വർതിക്കണം (5:158). പരപുരുഷ സംയോഗം ചെയ്യുന്ന സ്ത്രീ ഇഹലോകത്തിൽ നിന്ദിതയായിത്തീരുന്നു. കുഷ്ഠാദി പാപരോഗങ്ങൾ ബാധിക്കുകയും ചെയ്യും. മരണാനന്തരമാകട്ടെ സൃഗാല (കുറുക്കൻ) യോനിയിൽ ജനിക്കും (5:164).




ഇത്തരത്തിൽ ഒപ്പത്തിനൊപ്പം വൈരുദ്ധ്യം നിലനിൽക്കുന്ന രീതിയാണ് സ്ത്രീകളെ സംബന്ധിച്ച പ്രസ്താവനകൾ മനു രേഖപ്പെടുത്തുന്നത്. ബ്രാഹ്മണസ്ത്രീകളുടെ കുലധർമ്മത്തിനാണ് മനു പ്രാധാന്യം കൊടുക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് ബാല്യത്തിൽ പിതാവിന്റെയും യൗവനത്തിൽ ഭർത്താവിന്റെയും ഭർത്താവ് മരിച്ചാൽ പുത്രന്മാരുടേയും അധീനതയിൽ വർതിക്കണം. ഒരിക്കലും സ്വതന്ത്രയായി പെരുമാറരുത് (5:148) എന്നുപറയുന്നത്. നടന്മാരുടെയും ഗായകരുടെയും ഭാര്യമാർക്ക് ഈ നിയമങ്ങളൊന്നും ബാധകമല്ല. ഭാര്യമാർ മറ്റുള്ളവരു

മായി ഇടപെടുന്നതുകൊണ്ട് ജീവിക്കുന്ന മറ്റുള്ളവരുടെയും ഭാര്യമാരോടു സംസാരിക്കുന്നതിൽ ദോഷമില്ല. എന്തെന്നാൽ ചാരണരും ആത്മോപജീവികളും സ്ത്രീകളെ മറ്റുള്ളവരായി ഇടപെടത്തക്കവിധത്തിൽ സുസജ്ജുകളാക്കിയിട്ടുണ്ട്. അവർ സ്വയം ഭാര്യമാരെ ഗൂഢമായി മറ്റുള്ളവരുമായി കുറ്റകരമായ സംസർഗം ചെയ്യുന്നതിന് അനുവദിച്ചിട്ടുണ്ട്. (8:362). മറ്റുള്ളവരെ സംബന്ധിച്ച മനുവിന്റെ അഭിപ്രായം പൊതുവിൽ ഇങ്ങനെയാണ്.

വ്യഭിചാരശീലം, സംഭോഗാസക്തി കൊണ്ടുള്ള ചിത്തചാഞ്ചല്യം, സ്വാഭാവികമായ സ്നേഹശൂന്യത എന്നിവയാൽ എത്ര ശ്രദ്ധിച്ചുസംരക്ഷിച്ചാലും ഇവർ വ്യഭിചാരം മൂലം ഭർത്താക്കന്മാരെ വഞ്ചിക്കുന്നു. (9:15) അതിനാൽ ഇവരെ പുരുഷൻ സംരക്ഷിക്കുന്നതിൽ അത്യധികമായ ശ്രദ്ധ പ്രദർശിപ്പിക്കേണ്ടതാണ് (9:16). ഇക്കാരണങ്ങളാലാണ് സ്ത്രീകൾക്ക് സ്വാതന്ത്ര്യം അനുവദിക്കരുത് എന്ന് പറയുന്നത് (9:2,3) എന്നു മാത്രമല്ല, സദാചാരഹീനനോ പരസ്ത്രീകളിൽ ആസക്തനോ വിദ്യാദിഗുണശൂന്യനോ ആയാലും ഭർത്താവിനെ പതിവ്രതയായ ഭാര്യ ദേവനെപ്പോലെ ആരാധിക്കണം എന്നും പറയുന്നു. (5:155).

ജന്മം മുതൽക്കുതന്നെ സ്ത്രീയെയും പുരുഷനെയും രണ്ടു തരത്തിലാണ് വേർതിരിക്കുന്നത്. വേദമന്ത്രങ്ങളോടുകൂടി പുരുഷന്റെ ജാതകർമ്മം നടത്തുമ്പോൾ വേദമന്ത്രങ്ങളോടുകൂടിയല്ല സ്ത്രീകളുടേതു നടത്തുന്നത്. ധർമ്മ പ്രമാണങ്ങളായ ശ്രുതി സ്മൃതി ഇവക്ക് സ്ത്രീകൾ അർഹരല്ല. പാപനാശകങ്ങളായ അഘമർഷണാദിമന്ത്രങ്ങൾക്ക് അയോഗ്യരും ആയതിനാൽ അവർ അസത്യം പോലെ അശുഭകളാണ്. എന്നാണ് ശ്രുതി. (9:18)

മനുഷ്യത്വരഹിതമായ രീതിയിലാണ് മനു സ്ത്രീകളെ സമീപിക്കുന്നത്. മനുസ്മൃതി ആകെ എടുത്താൽ അത് വൈരുദ്ധ്യങ്ങളുടെ ഒരു കൂമ്പാരമാണെന്നു കണ്ടെത്താൻ കഴിയും. അതിൽ ഏറെ വൈരുദ്ധ്യം കാണാൻ കഴിയുന്നത് സ്ത്രീകളെ സംബന്ധിച്ച കാര്യത്തിലാണ്. മനുവിനെ ഈ കാഴ്ചപ്പാടുകളെല്ലാം തന്നെ വികലവും വിവരക്കേടു നിറഞ്ഞതുമാണെന്നും കാണാൻ കഴിയും.

മനുഷ്യത്വരഹിതമായ രീതിയിലാണ് മനു സ്ത്രീകളെ സമീപിക്കുന്നത്. മനുസ്മൃതി ആകെ എടുത്താൽ അത് വൈരുദ്ധ്യങ്ങളുടെ ഒരു കൂമ്പാരമാണെന്നു കണ്ടെത്താൻ കഴിയും. അതിൽ ഏറെ വൈരുദ്ധ്യം കാണാൻ കഴിയുന്നത് സ്ത്രീകളെ സംബന്ധിച്ച കാര്യത്തിലാണ്. മനുവിനെ ഈ കാഴ്ചപ്പാടുകളെല്ലാം തന്നെ വികലവും വിവരക്കേടു നിറഞ്ഞതുമാണെന്നും കാണാൻ കഴിയും.

ഹിന്ദുമതത്തിന്റെ പരമ പ്രധാനമെന്ന രീതിയിൽ അഴർ ഉൽഘോഷിക്കുന്നതാണ് ധർമ്മം, കാമം, മോക്ഷം. ഇതിനെ പുരുഷാർത്ഥം എന്നാണ് വിളിക്കുന്നത്. മനുസ്മൃതി ആദ്യാന്തം പുരുഷാർത്ഥത്തെ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് നിലകൊള്ളുന്നത്. കാമത്തിന്റെ പൂർത്തീകരണം സ്ത്രീ പങ്കാളിത്തത്തോടുകൂടിയായതിനാൽ അഭിനിവേശപരമായ ആഭിമുഖ്യമാണ് സ്ത്രീവിഷയത്തിൽ മനു ശ്രദ്ധേയമായി അവതരിപ്പിക്കുന്നത്. പുരുഷകേന്ദ്രീകൃതമായ മനുസ്മൃതി സ്ത്രീയ ഉപഭോഗവസ്തു എന്നതിനപ്പുറത്തേക്ക് കാണുന്നില്ല. മാതൃദേവത എന്ന നിലയിൽ സ്ത്രീക്ക് പിൽക്കാലത്ത് പ്രാധാന്യം കൊടുക്കുന്നുണ്ടെങ്കിലും അതും സവർണ്ണ പ്രതിഷ്ഠാപിത സമൂഹത്തിനു കീഴിൽ മാത്രമാണ് നിലനിൽക്കുന്നത്. ലൈംഗിക സ്വാതന്ത്ര്യം അനുവദിക്കുന്നില്ല എന്നു പറയുമ്പോഴും പ്രതിലോമ ജാതി, സങ്കരജാതി എന്നിവയെക്കുറിച്ചു വാചാലമാവുകയും ചെയ്യുന്നുണ്ട്.

നഗരവൽക്കരണത്തിന്റെ കാലമായിരുന്നു മനുസ്മൃതിയുടെ രചനാകാലം. തൊഴിൽവിഭജനത്തിന്റെയും കുടിയേറ്റത്തിന്റെയും പുതിയ സാരങ്ങൾ രൂപം കൊള്ളുന്നതിന്റെയും കാലത്ത് സമൂഹത്തെ എവിടെയെങ്കിലും തളച്ചിടുക എന്നത് അസാധ്യമായിരുന്നു. ഇവിടെ ലൈംഗികതയെ നിയന്ത്രിക്കുക എളുപ്പമായിരുന്നില്ല. ഇതു തിരിച്ചറിയാൻ കഴിയാതിരുന്ന മനുസ്മൃതിയെ പ്രതികൂട്ടിലാക്കാനാണ് ശ്രമം നടത്തിയത്. ■



സുബിൻ എബ്രഹാം

# വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി ഉയർത്തുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും തീരദേശജനതയുടെ ജീവിതവും

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ പണി ആരംഭിക്കുന്നത് 2015 ഡിസംബറിലാണ്. ആരംഭിച്ചിട്ട് ഏതാണ്ട് ഏഴുവർഷം കഴിയാറായിയെങ്കിലും പണി ഏതാണ്ട് പകുതിയിൽ താഴെ മാത്രമേ ഇതിനോടകം പൂർത്തിയായിട്ടുള്ളൂ. എന്നാൽ ഈ കാലയളവിനിടയിൽത്തന്നെ കേരളത്തിന്റെ തെക്കുപടിഞ്ഞാറൻ തീരപ്രദേശങ്ങളിൽ, പ്രത്യേകിച്ചും തിരുവനന്തപുരം ജില്ലയുടെ ഭാഗമായി വരുന്ന തീരപ്രദേശങ്ങളിൽ, ഈ നിർമ്മാണ പ്രവർത്തനം കാരണമായി ഗുരുതരമായ പലതരം പാരിസ്ഥിതികപ്രശ്നങ്ങൾ ഉണ്ടാകുന്നതായി കാണുന്നുണ്ട്. കടൽകയറ്റവും അതിന്റെ ഭാഗമായുണ്ടാകുന്ന തീരശോഷണവുമാണ് നേരിട്ടു കാണാൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ടതെന്നു പറയാവുന്ന പ്രശ്നങ്ങൾ. കടലോരത്തുതാമസിക്കുന്ന ആയിരക്കണക്കിനാളുകളെ ഈ പ്രശ്നങ്ങൾ ഇപ്പോൾത്തന്നെ ബാധിച്ചുകഴിഞ്ഞു. നൂറുകണക്കിനാളുകൾക്ക് അവരുടെ വീടുകൾ പൂർണ്ണമായോ ഭാഗികമായോ നഷ്ടപ്പെട്ടിട്ടുണ്ട്. അനേകമാളുകൾക്ക് തൊഴിൽ സാഹചര്യങ്ങൾ ഇല്ലാതായിട്ടുണ്ട്. നൂറുകണക്കിനു കുടുംബങ്ങൾക്ക് താൽക്കാലിക ദുരിതാശ്വാസക്യാമ്പുകളിൽ കഴിയേണ്ടിവരുന്ന സാഹചര്യം ഇപ്പോഴും തുടരുകയാണ്. ബന്ധുക്കളുടെ വീടുകളിലോ വാടക വീടുകളിലോ അഭയം കണ്ടെത്തിയിരിക്കുന്ന ആളുകളുമുണ്ട്.

ഇത്തരമൊരു സാഹചര്യത്തിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി ഉയർത്തുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ എന്തെല്ലാമാണെന്നും, ആ പ്രശ്നങ്ങൾ തീരദേശത്തെ ജനജീവിതത്തെ ഏതെല്ലാം രീതിയിലാണ് ബാധിക്കുന്നതെന്നും, ദീർഘകാലാടിസ്ഥാനത്തിൽ ഇതിന്റെ പ്രത്യാഘാതങ്ങൾ എന്തായിരിക്കുമെന്നും മറ്റുമുള്ള കാര്യ ങ്ങൾ വസ്തുതാപരമായി വിശദീകരിക്കുകയാണ് ഈ ലേഖനത്തിന്റെ താൽപ്പര്യം. ആ വിശദീകരണം സംസ്ഥാനത്തിന്റെയും ജനങ്ങളുടെ താൽപ്പര്യത്തിന് വിപരീതമായി കോർപ്പറേറ്റുകളുടെ ഭ്രാന്തമായ ലാഭക്കൊതിക്ക് പ്രായോഗികമായ എല്ലാ പിന്തുണയും ഒത്താശയും ചെയ്തുകൊടുക്കുന്ന വഞ്ചകരായ നമ്മുടെ മുഖ്യധാരാ രാഷ്ട്രീയ നേതൃത്വത്തെക്കൂടി തുറന്നുകാണിക്കുന്ന ഒന്നാണ്.

### എന്താണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി?

വിഴിഞ്ഞത്ത് ഇപ്പോൾ നിലവിലുള്ള മൽസ്യബന്ധന തുറമുഖം 1970-കളിൽ നിർമ്മിക്കപ്പെട്ട ഒന്നാണ്. അതിന് തെക്കുഭാഗത്തായി വലിയ കപ്പലുകൾക്ക് അടുക്കാൻ പറ്റുന്ന ഒരു വലിയ വാണിജ്യ തുറമുഖം നിർമ്മിക്കുക എന്ന ആശയം എന്നാണ്, എങ്ങനെയാണ് രൂപപ്പെട്ടത് എന്ന കാര്യത്തിൽ അവ്യക്തതകളുണ്ട്. വിഴിഞ്ഞം തീരം അന്താരാഷ്ട്ര കപ്പൽച്ചാലിന് അടുത്താണെന്നും കടലിന് സ്വാഭാവികമായിത്തന്നെ ആഴം കൂടുതലുണ്ട് എന്നും മറ്റുമുള്ള കാര്യങ്ങളാണ് ഒരു തുറമുഖത്തിനുള്ള പ്രധാന അനുകൂല ഘടകങ്ങളായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളത്. അത്തരത്തിൽ ഒരു തുറമുഖം വരുകയാണെങ്കിൽ അത് തിരുവനന്തപുരം ജില്ലയുടെ സമഗ്രമായ വികസനത്തിന് സഹായകമാകുമെന്നും ധാരാളം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും വ്യാപാര,

സേവന മേഖലകളിൽ ധാരാളം അനുബന്ധ വികസനസാധ്യതകൾ രൂപപ്പെടുമെന്നും മറ്റുമാണ് ഇതേപ്പറ്റി ആദ്യകാലം മുതൽ പറഞ്ഞുകേട്ടിരുന്നത്.

അവ്യക്തമായി നിലനിന്നിരുന്ന ഈ ആലോചനകൾ കൂടുതൽ വ്യക്തത ആർജ്ജിക്കുന്നത് 1995 -ലാണ്. അന്ന് അധികാരത്തിലിരുന്ന യു ഡി എഫ് ഗവൺമെന്റ് ഹൈദ്രാബാദിലെ കുമാർ ഗ്രൂപ്പ് എന്ന സ്വകാര്യ കമ്പനിയുമായി ഇതു സംബന്ധിച്ച് ഒരു ധാരണാപത്രം ഒപ്പുവച്ചു. എന്നാൽ പ്രാദേശികമായി ജനങ്ങളുടെ എതിർപ്പ് രൂപപ്പെട്ടതുകാരണം ഇതനുസരിച്ച് കാര്യങ്ങൾ മുന്നോട്ടുനീങ്ങിയില്ല. പിന്നീട് 1999 നവംബറിൽ അന്ന് അധികാരത്തിലിരുന്ന എൽ ഡി എഫ് ഗവൺമെന്റ് നിർമ്മിക്കുക - നടത്തുക - കൈമാറുക (Build Operate Transfer അഥവാ BOT) എന്ന രീതിയിൽ വീണ്ടും കുമാർ ഗ്രൂപ്പുമായി ഒരു ധാരണയുണ്ടാക്കി. എന്നാൽ പദ്ധതിയിൽ പണംമുടക്കാൻ തയ്യാറുള്ള കമ്പനികളെ കണ്ടെത്താൻ അവർക്ക് കഴിയാതെ വന്നതിനാൽ കുമാർ ഗ്രൂപ്പ് പിന്നീട് പദ്ധതിയിൽ നിന്നും പിൻമാറുകയായിരുന്നു.

ഇതിനുശേഷവും ഈ ദിശയിൽ പലതരം അന്വേഷണങ്ങളും വിവിധ നിർമ്മാണക്കമ്പനികളുടെ ഇടപെടലുകളും മറ്റും നടന്നിട്ടുണ്ട്. അതിന്റെയെല്ലാം വിശദാംശങ്ങളിലേക്ക് ഇവിടെ കടക്കുന്നില്ല. 2005 കാലഘട്ടത്തിൽ ഈ വിഷയം വീണ്ടും ഒരു ചർച്ചാവിഷയമായി ഉയർന്നുവന്നു. വിഴിഞ്ഞത്ത് ഒരു വാണിജ്യ തുറമുഖം ഉണ്ടായാൽ തിരുവനന്തപുരം ആകമാനം വികസിക്കുമെന്നും മൽസ്യത്തൊഴിലാളികൾക്ക് ഒരു കുടുംബത്തിൽ ഒരാൾക്ക് വീതം ജോലി ലഭിക്കും എന്നും മറ്റുമുള്ള ആസൂത്രിതവും വ്യാപകവുമായ പ്രചാരണം ഉണ്ടാകുന്നത് 2005 മുതൽക്കാണ്. സർക്കാരിന്റെ നയരൂപീകരണത്തെ സ്വാധീനിക്കുന്നതരത്തിൽ ഈ വിഷയം ഉയർത്തിക്കൊണ്ടുവരാനായി ഏതോ ചില ലോബികൾ അക്കാലത്ത് പ്രവർത്തിച്ചിരുന്നതായി ആ കാലഘട്ടം ഓർമ്മയുള്ള പല ആളുകളും പറയുന്നുണ്ട്. എൻ.ടി.വി. എന്ന പേരിലുള്ള ഒരു സ്വകാര്യ മാധ്യമസ്ഥാപനം ഇത്തരം പ്രചാരണത്തിൽ ഒരു പ്രധാന പങ്കുവഹിച്ചിരുന്നതായി ആ കാലഘട്ടത്തിലെ ചില പ്രസിദ്ധീകരണങ്ങളും മറ്റും സൂചിപ്പിക്കുന്നുണ്ട്. ഇന്നിപ്പോൾ ഏതാണ്ട് പതിനേഴു വർഷങ്ങൾക്കുശേഷം അത്തരം കാര്യങ്ങളിലേയ്ക്കുള്ള വിശദമായ ഒരന്വേഷണം ഇവിടെ ഉദ്ദേശിക്കുന്നില്ല. ആ വിഷയങ്ങൾ കൂടുതൽ തുടരുന്നില്ല.

2005 -നു ശേഷവും കേരളസർക്കാരിന്റെ മുൻകൈയ്യിൽ വിഴിഞ്ഞം പദ്ധതി നടപ്പാക്കാനുള്ള പല നീക്കങ്ങളും നടക്കുകയുണ്ടായി. നേരത്തേ സൂചിപ്പിച്ച ഒരുതരം ലോബി പ്രവർത്തനവും പരസ്യപ്രചാരണങ്ങളും കാരണം പൊതുസമൂഹത്തിൽ ഒരുവിഭാഗം ആളുകൾക്കിടയിലെങ്കിലും ഇത് ഒരു വലിയ വികസന പദ്ധതിയാണ് എന്ന ഒരു സങ്കൽപ്പം രൂപപ്പെട്ടുവന്നിരുന്നു. എന്നാൽ സർക്കാർ ഏജൻസികൾ ഉൾപ്പെടെ പദ്ധതിയുടെ പാരിസ്ഥിതിക പ്രശ്നങ്ങളും ലാഭനഷ്ടക്കണക്കുകളും പരിശോധിച്ച



വിവിധ ഏജൻസികൾ നൽകിയ റിപ്പോർട്ടുകൾ നേരത്തേ സൂചിപ്പിച്ച വികസന സ്വപ്നത്തെ പിൻതുണയ്ക്കുന്ന ഒന്ന് ആയിരുന്നില്ല എന്നതാണ് വാസ്തവം. 2010 –ൽ ഇന്റർനാഷണൽ ഫിനാൻഷ്യൽ കമ്മീഷൻ (IFC) നടത്തിയ പഠനത്തിന്റെ റിപ്പോർട്ടിലും പിന്നീട് എയിക്കോം (AECOM) എന്ന വിദഗ്ധ ഏജൻസി നടത്തിയ പഠനത്തിന്റെ റിപ്പോർട്ടിലും ഈ പദ്ധതി ലാഭകരമാകില്ല എന്ന കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ഏണസ്റ്റ് ആന്റ് യംഗ് എന്ന കമ്പനി 2015 ഏപ്രിലിൽ സമർപ്പിച്ച പഠനറിപ്പോർട്ടും മുൻ ഏജൻസികൾ അവതരിപ്പിച്ച റിപ്പോർട്ടുകളെ ഏറെക്കുറെ പൂർണ്ണമായും ശരിവയ്ക്കുന്ന ഒന്നായിരുന്നു. സർക്കാരിന്റെ തന്നെ ഭാഗമായ കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ (CAG) നൽകിയ റിപ്പോർട്ടും മറിച്ചായിരുന്നില്ല.

വിഴിഞ്ഞം തുറമുഖ പദ്ധതിയ്ക്ക് പാരിസ്ഥിതിക അനുമതി ലഭിച്ചതിന്റെ ചരിത്രം കൂടി ഇവിടെ നമ്മൾ പരിശോധിക്കേണ്ടതുണ്ട്. 2011 –ൽ രണ്ടുതവണ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അനുവദനീയമല്ല എന്നുകണ്ട് തള്ളിക്കളഞ്ഞ ഒരു പദ്ധതിയാണിത്.

വിഴിഞ്ഞം തുറമുഖ പദ്ധതിയ്ക്ക് പാരിസ്ഥിതിക അനുമതി ലഭിച്ചതിന്റെ ചരിത്രം കൂടി ഇവിടെ നമ്മൾ പരിശോധിക്കേണ്ടതുണ്ട്. 2011 –ൽ രണ്ടുതവണ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അനുവദനീയമല്ല എന്നുകണ്ട് തള്ളിക്കളഞ്ഞ ഒരു പദ്ധതിയാണിത്. വിഴിഞ്ഞം തീരം പരിസ്ഥിതി ലോലമായ ഒരു പ്രദേശമാണെന്നും പദ്ധതി നിലവിൽ വന്നാൽ അത് സമീപ ഗ്രാമങ്ങളുടെ ആവാസവ്യവസ്ഥയെയും ജനങ്ങളുടെ ജീവിതത്തെയും ഗുരുതരമായി ബാധിക്കുമെന്നും ചൂണ്ടിക്കാട്ടിയാണ് അന്ന് അനുമതി നിഷേധിക്കപ്പെടുന്നത്. പിന്നീട് 2014 ജനുവരിയിലാണ് വിഴിഞ്ഞം പദ്ധതിക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്നത്. മുൻപ് സുവ്യക്തമായ കാരണങ്ങളാൽ നിഷേധിക്കപ്പെട്ട അനുമതി ഇപ്പോൾ ലഭിച്ചതെങ്ങനെ എന്ന ചോദ്യം ഇവിടെ ന്യായമായും ഉയർന്നുവരാൻ സാധ്യതയുണ്ട്. വിഴിഞ്ഞം പദ്ധതിയുടെ പാരിസ്ഥിതിക അനുമതി ചോദ്യം ചെയ്തു കൊണ്ട് ദേശീയ ഹരിത ട്രിബ്യൂണലിന്റെ ചെന്നൈ ബെഞ്ചിലും പ്രിൻസിപ്പൽ ബെഞ്ചായ ഡൽഹിയിലും കേസുകൾ നിലനിൽക്കുന്നുണ്ട് എന്നത് ഇതിനോടു ബന്ധപ്പെടുത്തി പറയേണ്ട, പ്രത്യേക പരാമർശം അർഹിക്കുന്ന കാര്യമാണ്. 2015 ജനുവരിയിൽ ഒരു ഇടക്കാല ഉത്തരവിലൂടെ സുപ്രീം കോടതി ഹരിത ട്രിബ്യൂണലിന്റെ എല്ലാ നടപടികളും താൽക്കാലികമായി നിർത്തിവയ്ക്കാൻ തീരുമാനിക്കുകയുണ്ടായി. ആ ഇടവേളയിലാണ് സംസ്ഥാന സർക്കാർ ടെണ്ടർ നടപടികളുമായി മുന്നോട്ടു പോയതും ഒടുവിൽ അദാനിയെ തുറമുഖം ഏൽപ്പിച്ചതും. ഏറെ പ്രാധാന്യമുള്ള ഒരു കേസ് കോടതിയുടെ പരിഗണനയിലിരിക്കെ വിധി വരുന്നതിനുമുമ്പ് പദ്ധതിയുടെ നിർമ്മാണം തുടങ്ങുന്നതിന് സർക്കാർ കാണിച്ച തിടുക്കം നിയമവിരുദ്ധവും ജനാധിപത്യമര്യാദകളുടെ ലംഘനവുമാണെന്ന് അക്കാലത്തുതന്നെ പലരും ചൂണ്ടിക്കാട്ടിയിരുന്നു. സർക്കാരിന്റെ വാദങ്ങൾ അങ്ങേയറ്റം ദുർബലമായിരുന്നിട്ടുകൂടിയും കോടതി നടപടികൾ ഇത്തരത്തിലായതിൽ ദുരൂഹതയുണ്ട്. അതുസംബന്ധിച്ച വിശദമായ ഒരന്വേഷണം ഈ ലഘുലേഖയുടെ താൽപ്പര്യമല്ലാത്തതിനാൽ അതിന് ഇവിടെ തുനിയുന്നില്ല. താൽപ്പര്യമുള്ള വായനക്കാർക്ക് അത്തരം കാര്യങ്ങൾ വലിയ പ്രയാസം കൂടാതെ തന്നെ സ്വയം അന്വേഷിച്ചു കണ്ടെത്താവുന്നതേയുള്ളൂ.

പാരിസ്ഥിതിക വിഷയങ്ങളെക്കുറിച്ചുള്ള വിദഗ്ധ ഏജൻസികളുടെ അഭിപ്രായങ്ങളെയും, ലാഭനഷ്ടക്കണക്കുകളുടെ വിലയിരുത്തലുകൾ അവതരിപ്പിക്കുന്ന നേരത്തേ സൂചിപ്പിച്ച പഠനങ്ങളെയുമെല്ലാം അവഗണിച്ചുകൊണ്ട് കേരളസർക്കാർ ഈ പദ്ധതിയുടെ ആലോചനകളുമായി മുന്നോട്ടുതന്നെ പോയി. വികസനം എന്ന പൊള്ളയായ ആ ഒരൊറ്റ സങ്കൽപ്പമായിരുന്നു ഇക്കാര്യത്തിൽ സർക്കാരിന്റെ പ്രധാന പിൻബലം. വികസനനുണയിൽ വീണുപോയ ഒരു വിഭാഗം ജനങ്ങളും പിന്നെ, പദ്ധതി നടപ്പിലായാൽ ഭൂമിയുടെ വിലക്കയറ്റവും റിയൽ എസ്റ്റേറ്റ് ബിസിനസ്സിന്റെ സാധ്യതകളും കരാർ പണികളും മറ്റുമായി അതുകൊണ്ട് ലാഭമുണ്ടാകുന്ന ഒരു ചെറിയ വിഭാഗം ആളുകളും മാത്രമാണ് സർക്കാരിനെ ഈ പദ്ധതിയുടെ കാര്യത്തിൽ പിൻതുണച്ചിരുന്നത്. വിഴിഞ്ഞം തുറമുഖ പദ്ധതിയെ അനുകൂലിക്കുന്ന ആളുകളെ പരിഗണിച്ചാൽ ഇന്നും അത് അങ്ങനെയാണ്. തീരദേശത്തു താമസിക്കുന്ന മൽസ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള ജനങ്ങൾ പദ്ധതിയുടെ പ്രത്യാഘാതങ്ങളെ

ക്കുറിച്ച് പൊതുവിൽ അക്കാലത്ത് അത്രമേൽ ബോധവാൻമാരായിരുന്നില്ല എന്നുവേണം മനസ്സിലാക്കാൻ. തീരദേശവുമായി അടുത്തുബന്ധമുള്ള ചില പരിസ്ഥിതി പ്രവർത്തകരും മറ്റും ഈ പദ്ധതി ഉയർത്തിയേക്കാവുന്ന ഗുരുതരസ്വഭാവമുള്ള പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് അക്കാലത്തുതന്നെ നമുക്ക് മുന്നറിയിപ്പുതന്നിരുന്നു. എന്നാൽ വികസനനുണ സൃഷ്ടിച്ച വലിയ കോലാഹലങ്ങൾക്കിടയിൽ അത്തരം മുന്നറിയിപ്പുകൾ കാര്യമായി ജനശ്രദ്ധ ആകർഷിച്ചില്ല.

പദ്ധതി ലാഭകരമാകില്ല എന്നകാര്യം പഠനങ്ങളിൽ നിന്നും വ്യക്തമായതുകൊണ്ടു തന്നെ സർക്കാർ പലതവണ ടെണ്ടർ വിളിച്ചിട്ടും ലോകത്തിലെ പ്രമുഖ പോർട്ട് ഓപ്പറേറ്റിംങ് കമ്പനികൾ ഒന്നുപോലും ഈ പദ്ധതി ഏറ്റെടുക്കാൻ താൽപ്പര്യപ്പെട്ട് മുന്നോട്ടുവന്നില്ല. സർക്കാർ പലവിധ ശ്രമങ്ങൾ നടത്തിയിട്ടുപോലും കൊള്ളാവുന്ന ഒരു കമ്പനിപോലും മുന്നോട്ടുവന്നില്ല എന്നു പറയുമ്പോൾ അതിന്റെ കാര്യം എന്താണെന്ന് കൂടുതൽ വിശദീകരിക്കേണ്ടതില്ല. അങ്ങനെ ഒടുവിൽ, സംഭവിക്കാൻ സാധ്യതയുള്ള ഈ നഷ്ടക്കച്ചവടം ആരും ഏറ്റെടുക്കാൻ ഇല്ലാതെവന്ന സാഹചര്യത്തിലാണ് അത്ഭുതകരമായ അതിവേഗ വളർച്ച കൊണ്ട് ഇന്ത്യാക്കാരെ അമ്പരപ്പിച്ച ഗൗതം അദാനി എന്ന പുതുമുതലാളിയുടെ ഉടമസ്ഥതയിലുള്ള കമ്പനി രംഗത്തുവരുന്നത്. ലാഭനഷ്ടക്കണക്കുകളുടെ അടിസ്ഥാനത്തിൽ ആദ്യം അവർതന്നെയും ഏറ്റെടുക്കാൻ താൽപ്പര്യപ്പെടാതെ ഒഴിവാക്കിയ പദ്ധതിയിലേക്ക് പിന്നീട് കേരളസർക്കാർ കാണിച്ച സംശയാസ്പദമായ അതീവ താൽപ്പര്യം അവരെ അടുപ്പിക്കുകയായിരുന്നു. അതായത്, കേരള സർക്കാരിന്റെ പ്രതിനിധികളുമായി ഉണ്ടായ രഹസ്യസ്വഭാവമുള്ള ചർച്ചകൾക്കും ഇടപാടുകൾക്കും ശേഷമാണ് അദാനി ഈ പദ്ധതി ഏറ്റെടുക്കാനായി മുന്നോട്ടുവരുന്നത്. ഇന്ന് നമുക്കെല്ലാം അറിയാവുന്നതുപോലെ, ഈ പദ്ധതിയുടെ കരാർ വ്യവസ്ഥകൾ അസാധാരണമായ രീതിയിൽ അദാനിയ്ക്ക് അനുകൂലമായിട്ടുള്ളതും കേരളസർക്കാരിനും ജനങ്ങൾക്കും നഷ്ടമുണ്ടാക്കുന്നതുമാണ്. പദ്ധതിയുടെ നടത്തിപ്പിന്റെ കാര്യത്തിലും, നിർമ്മാണ സമയത്തും തുടർന്നുള്ള ധനവിനിയോഗത്തിന്റെ കാര്യത്തിലും പദ്ധതിയോടനുബന്ധിച്ച് പ്രഖ്യാപിച്ചിട്ടുള്ള റിയൽ എസ്റ്റേറ്റ് ബിസിനസ്സ് പാക്കേജിന്റെ കാര്യത്തിലുമെല്ലാം വലിയ രീതിയിലുള്ള വൈചിത്ര്യങ്ങൾ കാണുന്നുണ്ട്. അതിന്റെ കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് കടക്കാൻ ഈ ചെറിയ ലേഖനത്തിൽ ഉദ്ദേശിക്കുന്നില്ല.

2015 ഡിസംബറിൽ ആയിരം ദിവസംകൊണ്ട് പണി പൂർത്തിയാക്കും എന്ന അദാനിയുടെ പ്രഖ്യാപനത്തോടെ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പണി ആരംഭിച്ചു. ഇപ്പോൾ ഏതാണ്ട് ഏഴുവർഷം കഴിയുമ്പോൾ പകുതി ഭാഗം പോലും പൂർത്തിയാകാത്ത അവസ്ഥയിൽ നിർമ്മാണ പ്രവർത്തനങ്ങൾ തുടരുകയാണ്.

**പ്രശ്നങ്ങളുടെ ഭൂമിശാസ്ത്രപരമായ കാരണങ്ങൾ**

ഭൂമിയ്ക്ക് അനന്യമായ ഒരു ചലനവ്യവസ്ഥയും സംവിധാനവുമുണ്ട്. കൃത്യമായ ഇടവേളകളിൽ ഋതുക്കൾ വന്നുപോകുന്നതും മഞ്ഞും മഴയും കാറ്റും രൂപപ്പെടുന്ന



തും വേലിയേറ്റവും വേലിയിറക്കവും പോലെയുള്ള പ്രതിഭാസങ്ങൾ ഉണ്ടാകുന്നതും തുടങ്ങി കടലിൽ മൽസ്യങ്ങളുടെ പ്രജനനം പോലെയുള്ള കാര്യങ്ങൾവരെ ഈ ചലനവ്യവസ്ഥയെ അനുസരിച്ചുകൊണ്ടാണ് സംഭവിക്കുന്നത്. മനുഷ്യന് ഈ മഹാസംവിധാനത്തെ മാറ്റിത്തീർക്കുന്നതരത്തിൽ കാര്യമായ ഒരുതരം ഇടപെടലുകളും സാധിക്കില്ല. നിലവിലുള്ള സ്വാഭാവികമായ ആവാസവ്യവസ്ഥയ്ക്ക് അനുകൂലമായി സ്വന്തം ജീവിതങ്ങളെ ക്രമീകരിക്കുക എന്നതാണ് നമ്മൾ മനുഷ്യരെ സംബന്ധിച്ചിടത്തോളം അഭികാമ്യമായ കാര്യം.

എന്നാൽ ആധുനികകാലത്ത് മനുഷ്യൻ ഭൂമിയിൽ വിവേകപൂർവ്വമല്ലാത്ത പല ഇടപെടലുകളും നടത്താൻ ശ്രമിക്കുന്നതായി നമ്മൾ കാണുന്നുണ്ട്. അന്വേഷിച്ചു ചെന്നാൽ നമ്മൾ നേരിടുന്ന പല പാരിസ്ഥിതിക ദുരന്തങ്ങളുടെയും അടിസ്ഥാനപരമായ കാരണം ഇത്തരത്തിലുള്ള ഇടപെടലുകളാണ് എന്നുതന്നെയും നമുക്ക് കാണാൻ കഴിയും. വികസനം എന്ന പേരിൽ നടക്കുന്ന പല വൻകിട നിർമ്മാണ പ്രവർത്തനങ്ങളും പ്രകൃതിയുടെ വ്യവസ്ഥകളെയും അതാതുമേഖലകളിലെ ശാസ്ത്രജ്ഞരും വിദഗ്ധരും മറ്റും തരുന്ന നിർദ്ദേശങ്ങളെയും നിരാകരിച്ചുകൊണ്ട് ചില വ്യക്തികളുടെ സങ്കുചിതമായ സ്വകാര്യ ലാഭതാൽപ്പര്യങ്ങളെ മുൻനിർത്തി നടക്കുന്നവയാണ്. സുവ്യക്തമായിത്തന്നെ പറയാം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി അത്തരത്തിലുള്ള ഒരു പദ്ധതിയാണ്. അങ്ങനെ പറയാനുള്ള കാരണമെന്താണ് എന്ന് മനസ്സിലാക്കണമെങ്കിൽ വിഴിഞ്ഞം പദ്ധതി ഇതിനോടകം സൃഷ്ടിച്ചതായി കാണപ്പെടുന്ന പാരിസ്ഥിതിക പ്രശ്നങ്ങളുടെ ഭൂമിശാസ്ത്രപരമായ കാരണങ്ങൾ നമ്മൾ പരിശോധിക്കേണ്ടതുണ്ട്.

നമ്മൾ നേരിടുന്ന പല പാരിസ്ഥിതിക ദുരന്തങ്ങളുടെയും അടിസ്ഥാനപരമായ കാരണം ഇത്തരത്തിലുള്ള ഇടപെടലുകളാണ് എന്നുതന്നെയും നമുക്ക് കാണാൻ കഴിയും. വികസനം എന്ന പേരിൽ നടക്കുന്ന പല വൻകിട നിർമ്മാണ പ്രവർത്തനങ്ങളും പ്രകൃതിയുടെ വ്യവസ്ഥകളെയും അതാതുമേഖലകളിലെ ശാസ്ത്രജ്ഞരും വിദഗ്ധരും മറ്റും തരുന്ന നിർദ്ദേശങ്ങളെയും നിരാകരിച്ചുകൊണ്ട് ചില വ്യക്തികളുടെ സങ്കുചിതമായ സ്വകാര്യ ലാഭതാൽപ്പര്യങ്ങളെ മുൻനിർത്തി നടക്കുന്നവയാണ്.

കേരളത്തിന്റെ കടലോര മേഖലയിൽ തീരത്തോടുചേർന്ന് മൺസൂൺ കാലത്ത് (ജൂൺ- ആഗസ്റ്റ്) വടക്കുനിന്നും തെക്കോട്ട് ശക്തമായ അടിയൊഴുക്ക് ഉണ്ടാകുകയും കടലിന്റെ അടിത്തട്ടിലെ മണ്ണ് തെക്കോട്ട് ഒഴുകി നീങ്ങുകയും ചെയ്യുന്നുണ്ട്. ഇംഗ്ലീഷിൽ 'സെഡിമെന്റ് ട്രാൻസ്പോർട്ട്' (Sediment t ransport) എന്നു വിളിക്കുന്ന ഒരു പ്രതിഭാസമാണിത്. മൺസൂൺ കഴിഞ്ഞാൽ സെപ്റ്റംബർ മുതൽ ഏപ്രിൽവരെയുള്ള മാസങ്ങളിൽ ഈ ഒഴുക്ക് തിരിച്ചാണ് നടക്കുന്നത്. മൺസൂൺകാലത്ത് തെക്കോട്ട് ഒഴുകിപ്പോകുന്ന മണ്ണ് ഈ സമയത്ത് സ്വാഭാവികമായി തിരികെ നിക്ഷേപിക്കപ്പെടുന്നു. ഈ പ്രതിഭാസം വളരെ കൂടിയതോതിൽ നടക്കുന്ന ഒരു പ്രദേശമാണ് തിരുവനന്തപുരം ജില്ലയുടെ ഭാഗമായി വരുന്ന തീരപ്രദേശം. സെഡിമെന്റ് ട്രാൻസ്പോർട്ട് എന്ന പ്രകൃതിദത്തവും സ്വാഭാവികവുമായ പ്രക്രിയയെ കടലിൽ വലിയ നിമ്മാണപ്രവർത്തനങ്ങൾ നടത്തി പലവിധത്തിൽ തടസ്സപ്പെടുത്താൻ തുടങ്ങിയതോടെയാണ് തിരുവനന്തപുരം ജില്ലയുടെ പടിഞ്ഞാറൻ തീരപ്രദേശത്ത് കടൽകയറ്റവും തീരശോഷണവും (erosion) വ്യാപകമായിത്തുടങ്ങിയത്. ഒഴുക്ക് തടസ്സപ്പെടുന്ന സ്ഥലത്തിന് തെക്കുഭാഗങ്ങളിൽ തീരം വർദ്ധിച്ചുവരുന്ന രീതിയിൽ മണ്ണടിയലാണ് (accretion) ഉണ്ടായിക്കാണുന്നത്. ഒഴുക്കിനെ തീർത്തും തടയുന്ന പുലിമുട്ട് (break water) പോലുള്ള നിർമ്മിതികളാണ് ഏറ്റവും പ്രശ്നമാകുന്നത്.

1970 -കളിൽ വിഴിഞ്ഞത്തെ മൽസ്യബന്ധന തുറമുഖം നിർമ്മിക്കപ്പെട്ട കാലഘട്ടത്തിൽത്തന്നെ സമീപത്തുള്ള തീരങ്ങളിൽ വടക്ക് തീരശോഷണവും തെക്കുഭാഗത്ത് മണ്ണടിയലും കാണപ്പെട്ടിരുന്നു. പനത്തുറ മുതൽ വടക്കോട്ട് പൂന്തുറ, വലിയതുറ പ്രദേശങ്ങളിലെല്ലാം കര കടലെടുക്കാൻ തുടങ്ങി. ഈ പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കാൻ ആരംഭിക്കുന്നതുതന്നെ ഈ കാലഘട്ടം മുതൽക്കാണ്. മൽസ്യബന്ധന തുറമുഖ




ത്തിന്റെ കാര്യത്തിലേതുപോലെതന്നെ ഇപ്പോൾ പണി നടക്കുന്ന അന്താരാഷ്ട്ര തുറമുഖത്തിലും പുലിമുട്ട് ഉപയോഗിച്ചുള്ള നിർമ്മാണമാണ് നടക്കുന്നത്. മൽസ്യബന്ധന തുറമുഖത്തിന്റെ തീരത്തുനിന്നും കടൽഭാഗത്തേയ്ക്കുള്ള നീളം ഏകദേശം 400 മീറ്റർ മാത്രമാണ്. പണി നടന്നുകൊണ്ടിരിക്കുന്ന പുതിയ തുറമുഖത്തിന്റെ കാര്യത്തിൽ അത് മൂന്ന് കിലോമീറ്റർ ആണ്. ഒരു കിലോമീറ്ററിലധികം കടലിന് ഉൾഭാഗത്തേക്കും അതിന്റെ തുടർച്ചയായി തെക്കോട്ട് രണ്ടുകിലോമീറ്ററോളം തീരത്തിനു സമാന്തരമായിട്ടും.

നേരത്തേ നമ്മൾ മനസ്സിലാക്കിയ സെഡിമെന്റ് ട്രാൻസ്പോർട്ട് എന്ന പ്രതിഭാസം എല്ലാ വർഷവും ആവർത്തിക്കുന്ന ഒന്നാണ്. ആ പ്രതിഭാസത്തെ കാര്യമായി തടയുന്ന രീതിയിലുള്ള നിർമ്മാണപ്രവർത്തനങ്ങൾ ഒരു ശരാശരി മനുഷ്യന്റെ സാമാന്യബുദ്ധി ഉപയോഗിച്ച് ആലോചിക്കുമ്പോൾത്തന്നെ വിവേകപൂർവ്വമല്ല. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ നിർമ്മാണം ഇപ്പോഴത്തെ രീതിയിൽ മുന്നോട്ടുനീങ്ങിയാൽ അത് തിരുവനന്തപുരം ജില്ലയുടെ ഭാഗമായ കടലോരപ്രദേശങ്ങളിൽ ഉണ്ടാക്കാൻപോകുന്ന ദുരന്തം വലുതായിരിക്കും. ഏറെക്കുറെ സംശയരഹിതമായി നമുക്ക് എത്തിച്ചേരാൻ കഴിയുന്ന ഒരു വിലയിരുത്തലാണിത്.

### പാരിസ്ഥിതിക പ്രശ്നങ്ങളും അതിജീവനഭീതിയിൽ അകപ്പെട്ടിരിക്കുന്ന തീരദേശജനതയും

നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന വിഴിഞ്ഞം തുറമുഖ പദ്ധതി കടലിന്റെ സ്വാഭാവികമായ അടിയൊഴുക്കുകളെ തടയുമെന്നും അത് വടക്കുഭാഗത്ത് കടൽകയറ്റവും തീരശോഷണവുമായിട്ടും തെക്കുഭാഗത്ത് മണ്ണടിയലും കരവയ്ക്കലുമായിട്ടും ഇപ്പോൾതന്നെ വളരെ പ്രകടമായി കാണാൻ കഴിയുന്നുണ്ടെന്നും നേരത്തേ സൂചിപ്പിച്ചു. ഇത് സൃഷ്ടിക്കുന്ന പാരിസ്ഥിതിക ദുരന്തങ്ങൾ ഇപ്പോൾ നേരിട്ട് കൂടുതൽ പ്രകടമായിട്ടുള്ളത് വിഴിഞ്ഞത്തിന് വടക്കു ഭാഗത്ത് പനത്തുറ മുതൽ തുമ്പ വരെയുള്ള പ്രദേശങ്ങളിലാണ്. ഈ പ്രദേശങ്ങളുടെ ഭാഗമായി വരുന്ന പൂന്തുറ, ബീമാപ്പള്ളി, വലിയതുറ, ശംഖുമുഖം, വെട്ടുകാട്, വേളി തുടങ്ങിയ സ്ഥലങ്ങൾ തീവ്രമായ രീതിയിൽ പ്രശ്നബാധിതമാണ്. ഈ പ്രദേശങ്ങളിൽ നൂറുകണക്കിന് വീടുകൾ പൂർണ്ണമായോ ഭാഗികമായോ കടലാക്രമണത്തിൽ തകർന്നുകഴിഞ്ഞു. അനേകമാളുകൾക്ക് അവരുടെ ബോട്ടുകളും മറ്റ് തൊഴിലുപകരണങ്ങളും നഷ്ടപ്പെട്ടു. പലയിടത്തും തീരം ഇല്ലാതായതിനാൽ തീരത്തുനിന്ന് മീൻ പിടിക്കുന്ന പരമ്പരാഗതമായ 'കമ്പവല' പോലുള്ള വലകൾ ഉപയോഗിക്കാൻ പറ്റാത്ത സ്ഥിതിവിശേഷമാണ് ഇപ്പോഴുള്ളത്. കർക്കിടക മാസത്തിലെ കടൽക്ഷോഭത്തിൽ ഉള്ള വീടുകൾകൂടി ഏതുനിമിഷവും നഷ്ടപ്പെടാം എന്ന ഭീതിയിലാണ് തീരത്തിനു തൊട്ടടുത്ത് താമസിക്കുന്ന ആളുകൾ കഴിയുന്നത്.

വീടുകളും തൊഴിലുപകരണങ്ങളും പൂർണ്ണമായോ ഭാഗികമായോ നഷ്ടപ്പെട്ട നൂറുകണക്കിന് ആളുകളെ മുകളിൽ സൂചിപ്പിച്ച

പ്രദേശങ്ങളിൽ നമുക്ക് നേരിട്ടുകാണാൻ കഴിയും. അത്തരത്തിലുള്ള ഏതാണ്ട് നൂറോളം കുടുംബങ്ങൾ വലിയതുറ പ്രദേശത്ത് സർക്കാരിന്റെ മൂന്ന് 'പുനരധിവാസ' ക്യാമ്പുകളിലായി കഴിയുന്നുണ്ട്. ഈ ക്യാമ്പുകളിൽ പുതിയ ആളുകൾ വന്നു ചേർന്നുകൊണ്ടിരിക്കുകയുമാണ്. ദയനീയമാണ് ഇപ്പോൾ ഈ ക്യാമ്പുകളിലെ ജീവിതസാഹ ചര്യങ്ങൾ. ഇതുകൂടാതെ വാടകവീടുകളിലും ബന്ധുക്കളുടെ വീടു കളിലും മറ്റും താൽക്കാലികമായി അഭയം തേടിയിരിക്കുന്ന നൂറുകണക്കിന് കുടുംബങ്ങൾ വേറെയുണ്ട്. ഇവരുടെയെല്ലാം പുനരധിവാസം എന്ന്, എങ്ങനെ നടക്കും എന്ന കാര്യത്തിൽ ആർക്കും വ്യക്തതയില്ല. വരും വർഷങ്ങളിൽ പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമാകാനുള്ള സാധ്യത നിലനിൽക്കുകയുമാണ്. ദീർഘകാലം ക്യാമ്പുകൾപോലെയുള്ള താൽക്കാലിക അഭയകേന്ദ്രങ്ങളിൽ ദയനീയമായ സാഹചര്യങ്ങളിൽ ജീവിക്കേണ്ടിവരുന്ന ആളുകൾ നേരിടുന്ന മാനസിക സംഘർഷം പഠനങ്ങൾക്ക് വിധേയമാകേണ്ട ഒരു വിഷയമാണ്. ജീവിതത്തിന്റെ സ്വാഭാവികസാഹചര്യങ്ങൾ നഷ്ടപ്പെടുന്നത് ഏറെ വേദനാകരമായ ഒരുതരം അന്യവൽക്കരണത്തിലേയ്ക്കാണ് ആളുകളെ നയിക്കുന്നത്. പ്രത്യേകിച്ച് കുട്ടികളും മറ്റും അനുഭവിക്കേണ്ടിവരുന്ന പ്രയാസം ഊഹിക്കാവുന്നതേയുള്ള.

തീരശോഷണവും അതിന്റെ ഭാഗമായുണ്ടാകുന്ന ദുരന്തങ്ങളും പ്രകൃതിദത്തമായി, സ്വാഭാവികമായി ഉണ്ടാകുന്ന ഒന്നല്ല എന്നും ചില വ്യക്തികളുടെ സ്വകാര്യലാഭം പ്രധാന ലക്ഷ്യമാക്കിയുള്ള വികലമായ വികസനനയങ്ങളുടെ ഫലമാണ് ഈ ദുരന്തങ്ങളെന്നും എല്ലാവർക്കുമറിയാം. ദുരിതബാധിതരുടെ മാന്യമായ രീതിയിലുള്ള പുനരധിവാസം സർക്കാരിന്റെ ഭരണഘടനാപരമായ ബാധ്യതയുമാണ്. എന്നിട്ടുപോലും ഈ വിഷയത്തിൽ പ്രശ്നങ്ങളുടെ പരിഹാരം ലക്ഷ്യമാക്കിയുള്ള കാര്യമായ ഒരു നീക്കവും ഇപ്പോൾ നടക്കുന്നതായി കാണുന്നില്ല. ആയിരക്കണക്കിന് ആളുകളുടെ ജീവിതം ഇപ്പോഴും ദയനീയമായ സാഹചര്യങ്ങളിൽ അനിശ്ചിതമായി തുടരുകയാണ്.

തീരം കൂടി വരുന്നതായി കാണപ്പെടുന്ന വിഴിഞ്ഞത്തിന് തെക്കു ഭാഗത്തുള്ള പുല്ലുവിള, പൂവാർ പോലെയുള്ള പ്രദേശങ്ങളിൽ കടലാക്രമണം ഒരു പ്രശ്നമാകുന്നില്ല എന്ന് പ്രഥമദൃഷ്ട്യാ പറയാം. എന്നാൽ വിദഗ്ധർ തരുന്ന മുന്നറിയിപ്പ് അനുസരിച്ച് തുറമുഖത്തിന്റെ പണി കൂടുതൽ പുരോഗമിക്കുന്നതോടെ രണ്ടാമധ്യായത്തിൽ നമ്മൾ കണ്ട 'സെഡിമെന്റ് ട്രാൻസ്പോർട്ട്' എന്ന പ്രതിഭാസത്തിന്റെ ഫലമായി ഈ പ്രദേശത്ത് വൻതോതിൽ മണ്ണ് വന്നടിയുന്ന സ്ഥിതിവിശേഷം ഉണ്ടാകും. അടിത്തട്ടിന്റെ ആഴം കുറയുമ്പോൾ ആഴം നിലനിർത്തുന്നതിനായി ഇവിടെ തുടർച്ചയായി മണ്ണു നീക്കംചെയ്യൽ (dredging) ആവശ്യമായി വരും. ഇത്തരത്തിലുള്ള മണ്ണു നീക്കം ചെയ്യൽ ആ പ്രദേശങ്ങളിൽ സ്വാഭാവികമായും സമൃദ്ധമായും ഉള്ള മൽസ്യസമ്പത്തിനെ ഇല്ലാതാക്കുകയും മൽസ്യബന്ധനംതന്നെ പ്രയാസമായിത്തീരുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്യും. കപ്പലുകൾ വന്നടുക്കുന്ന പാതയുടെ സമീപപ്രദേശങ്ങളിൽ ഭാവിയിൽ മൽസ്യബന്ധന ബോട്ടുകൾക്ക് നിയന്ത്രണമോ നിരോധനംതന്നെയോ വന്നേക്കാനും സാധ്യതയുണ്ട്.

പരിസ്ഥിതിലോലമായ ഒരു പ്രദേശമാണ് വിഴിഞ്ഞം തീരം എന്ന കാര്യം നേരത്തേ സൂചിപ്പിച്ചു. കേരള സംസ്ഥാനത്തിന്റെ ഭാഗമായി വരുന്ന മുഴുവൻ തീരപ്രദേശങ്ങളേയും എടുത്താൽപോലും അതീവ സവിശേഷതകുള്ള ഒന്നാണ് ഈ പ്രദേശം. ആയിരക്കണക്കിന് വൈവി ധ്യമേറിയ സമുദ്രജീവികളുടെയും സസ്യങ്ങളുടെയും നിലനിൽപ്പിന് ആധാരമായിട്ടുള്ള, വ്യത്യസ്ത തരം പവിഴപ്പുറ്റുകളും പാറക്കെട്ടുകളുമെല്ലാം നിറഞ്ഞ ഒന്നാണ് ഈ തീരക്കടലിന്റെ സമ്പന്നമായ അടിത്തട്ട്. തുറമുഖത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഈ അടിത്തട്ടിന്റെ നിലനിൽപ്പിനെ ഗുരുതരമായ രീതിയിൽ അപകടപ്പെടുത്തുകയാണ് എന്ന കാര്യം എല്ലാവർക്കുമറിയാം. പ്രത്യക്ഷത്തിൽ നമ്മളെ ബാധിക്കുന്നില്ല എന്നു തോന്നാമെങ്കിലും ആവാസവ്യവസ്ഥയിൽ ഉണ്ടാകുന്ന ഇത്തരം വലിയരീതിയിലുള്ള നശീകരണപ്രവർത്തനങ്ങൾ ഉണ്ടാക്കാൻ സാദ്ധ്യതയുള്ള ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ നമ്മൾ കാണാതിരുന്നുകൂടാ.

സഹ്യപർവ്വതപ്രദേശങ്ങളിൽനിന്നും ഖനനം ചെയ്തെടുക്കുന്ന പാറയാണ് തുറമുഖനിർമ്മാണത്തിന്റെ പ്രധാനപ്പെട്ട അസംസ്കൃതവസ്തു. ദശലക്ഷക്കണക്കിന് ടൺ പാറയാണ് ഈ നിർമ്മാണത്തിന് വേണ്ടിവരുക. കലടാക്രമണം തടയാനായി കൂടുതലായി കടൽഭിത്തികൾ നിർമ്മിക്കേണ്ടിവരുമ്പോൾ അതിനും വലിയ അളവിൽ പാറ ആവശ്യമായിവരും. സഹ്യപർവ്വതപ്രദേശങ്ങൾ നേരിടുന്ന ഗുരുതരമായ പാരിസ്ഥിതിക ഭീഷണികളെപ്പറ്റി പല ഭൗമ - പരിസ്ഥിതിക ശാസ്ത്രജ്ഞൻമാരും പങ്കുവച്ചിട്ടുള്ള വലിയ ആശങ്കകൾ നമുക്കുമുന്നിലുണ്ട്. അത്തരം ആശങ്കകളെയെല്ലാം പുഛിച്ചുതള്ളുന്നരീതിയിലാണ് പലപ്പോഴും അനധികൃതവും അനാവശ്യവുമായ രീതിയിൽ പാറ ഖനനം നടക്കുന്നത്. അതായത്, കടലിലാണ് രൂപപ്പെടുന്നതെങ്കിലും വിഴിഞ്ഞം തുറമുഖപദ്ധതി സഹ്യപർവ്വതത്തിന്റെ പ്രാന്തപ്രദേശങ്ങളിലേയ്ക്കും അപായകരമായ രീതിയിൽ ആക്രമിച്ചുകയറുകയാണ്.

**പ്രശ്നപരിഹാരം**

മുകളിൽ സൂചിപ്പിച്ച പ്രശ്നങ്ങളുടെ പരിഹാരത്തെ സംബന്ധിച്ച് രണ്ടുവ്യത്യസ്ത തലങ്ങളിൽ നമ്മൾ ആലോചിക്കേണ്ടതുണ്ട്. ഭൗമശാസ്ത്രത്തിന്റെയും പരിസ്ഥിതി ശാസ്ത്രത്തിന്റെയും തീരദേശജനതയുടെ പരമ്പരാഗത അറിവുകളുടെയുമെല്ലാം അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെടേണ്ട ആശയതലത്തിലുള്ള പരിഹാരമാർഗ്ഗങ്ങളാണ് ഒന്നാമത്. രണ്ടാമത്തേത് നയപരവും രാഷ്ട്രീയവുമായ പരിഹാരമാർഗ്ഗങ്ങളാണ്. ഇതിൽ ആദ്യത്തേത് നമുക്ക് ആദ്യം പരിഗണിക്കാം.

പ്രായോഗികതലത്തിലുള്ള
പ്രശ്നപരിഹാരത്തിന് സർക്കാർ
തലത്തിലുള്ള നയപരവും
രാഷ്ട്രീയവുമായ തീരുമാനങ്ങളാണ്
ഉണ്ടാകേണ്ടത്.

തിരുവനന്തപുരം ജില്ലയുടെ തീരപ്രദേശങ്ങളിൽ കടൽകയറ്റവും തീരശോഷണവും ഒരു പ്രശ്നമായി കണ്ടുതുടങ്ങുന്നത് 1970 കളിൽ വിഴിഞ്ഞത്തെ മൽസ്യബന്ധന തുറമുഖം നിർമ്മിക്കപ്പെട്ടതിനുശേഷമാണ് എന്നകാര്യം നമ്മൾ നേരത്തേ കണ്ടതാണ്. ആ കാലഘട്ടം മുതൽ തീരശോഷണം നിയന്ത്രിക്കാനും തീരത്തുള്ള വീടുകൾ സംരക്ഷിക്കാനുമായി സർക്കാർ സ്വീകരിച്ച നടപടി തീരത്ത് കടലിനു സമാന്തരമായി കടൽഭിത്തി നിർമ്മിക്കുക എന്നതായിരുന്നു. വൻതോതിൽ പാറക്കല്ലുകളോ പ്രത്യേക രീതിയിലുള്ള കോൺക്രീറ്റ് നിർമ്മിതികളോ ഉപയോഗിച്ചുകൊണ്ടാണ് ഈ നിർമ്മാണം നടക്കുന്നത്. സർക്കാരിന് വലിയ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്ന ഒന്നാണ് ഇത്തരത്തിലുള്ള കടൽഭിത്തി നിർമ്മാണം. എന്നാൽ ഇതാകട്ടെ പ്രശ്നത്തിന്റെ ഒരു താൽക്കാലിക പരിഹാരം മാത്രമാണ്. ഒരു പ്രദേശത്ത് ഭിത്തി നിർമ്മിക്കപ്പെടുമ്പോൾ അതിനു സമീപത്തുള്ള മറ്റു പ്രദേശങ്ങളിൽ തീരശോഷണം കൂടിവരുന്നതായി കാണുന്നു എന്നുള്ളതാണ് ഈ രീതിയുടെ പ്രധാനപ്പെട്ട പോരായ്മ. തുടർന്ന് സ്വാഭാവികമായും പ്രശ്നബാധിതമാകുന്ന സമീപതീരങ്ങളിലേയ്ക്കും ഭിത്തിനിർമ്മാണം വ്യാപിപ്പിക്കേണ്ടിവരും. ഭാരംകൊണ്ടും അടിയിൽ മണ്ണു നീങ്ങിപ്പോകുന്നതുകൊണ്ടും കടൽഭിത്തികൾ ക്രമേണ അമർന്നുതാഴുന്നതായിട്ടും കൂടുതൽ ഉയരമുള്ള ഭിത്തികൾ ആവശ്യമായി വരുന്നതായിട്ടും ചില സ്ഥലങ്ങളിൽ കാണുന്നുണ്ട്. തീരത്തുനിന്നുകൊണ്ട് മത്സ്യം പിടിക്കുന്ന കമ്പവല ഉപയോഗിക്കാൻ പറ്റാതാകുന്നതിനും, ബോട്ടുകളും മറ്റ് മൽസ്യബന്ധന ഉപകരണങ്ങളും തീരത്ത് സൂക്ഷിയ്ക്കാൻ പറ്റാതാകുന്നതിനും കടൽഭിത്തി നിർമ്മാണം ഒരു പ്രധാന കാരണമാകുന്നുണ്ട്.

തീരശോഷണം തടയുന്ന കാര്യത്തിൽ കടലിന്റേയും തീരപ്രകൃതിയുടേയും അനന്യത മനസ്സിലാക്കാതെയുള്ള സംരക്ഷണ മാർഗ്ഗങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ ഫലപ്രദമല്ല എന്നതാണ് ഭൗമ - പരിസ്ഥിതിശാസ്ത്ര മേഖലകളിലെ വിദഗ്ധർ നമുക്കു തരുന്ന വിവരം. കടലിന്റെ സ്വാഭാവികമായ പ്രവാഹങ്ങളെ തടയുന്ന തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുകയും പ്രശ്നബാധിതരായ ജനങ്ങളെ സുരക്ഷിതമായി പുനരധിവസിപ്പിച്ചുകൊണ്ട് തീരങ്ങളെ കുറേ വർഷത്തേയ്ക്ക് ഒന്നും ചെയ്യാതെ വെറുതേ വിടുകയും ചെയ്യുക എന്നതാണ് അവർ തരുന്ന സുവ്യക്തമായ നിർദ്ദേശം. പത്തോ പന്ത്രണ്ടോ വർഷത്തെ സമയംകൊണ്ട് തീരം അതിന്റെ സ്വാഭാവികമായ പൂർവ്വസ്ഥിതിയിലേക്ക് തിരിച്ചുവരുമെന്ന് പഠനങ്ങൾ പറയുന്നത് ലോകത്തിലെ മറ്റ് പല തീരങ്ങളിലും കണ്ടിട്ടുള്ള സമാനമായ അനുഭവങ്ങളുടെകൂടി അടിസ്ഥാനത്തിലാണ്. ആവാസവ്യവസ്ഥയുടെ സുസ്ഥിരത ലക്ഷ്യമാക്കുന്നതരത്തിലുള്ള പ്രശ്നങ്ങളുടെ ശാശ്വത പരിഹാരത്തിന് ഇതല്ലാതെ മറ്റൊരു മാർഗ്ഗം ഈ മേഖലയിലെ വിദഗ്ധർ പൊതുവിൽ നിർദ്ദേശിക്കുന്നില്ല.

പ്രായോഗികതലത്തിലുള്ള പ്രശ്നപരിഹാരത്തിന് സർക്കാർ തലത്തിലുള്ള നയപരവും രാഷ്ട്രീയവുമായ തീരുമാനങ്ങളാണ് ഉണ്ടാകേണ്ടത്. പ്രശ്നബാധിതരുടെ അടിയന്തിരമായ പുനരധിവാസമാണ് ഇക്കാര്യത്തിൽ ആദ്യമായി ഉണ്ടാകേണ്ട നടപടി. കടൽഭിത്തി നിർമ്മാണം പോലെയുള്ള താൽക്കാലിക പരിഹാരമാർഗ്ഗങ്ങളല്ല മറിച്ച് പ്രശ്നങ്ങൾക്ക് ശാശ്വതമായ ഒരു പരിഹാരമാണ് ആവശ്യം എന്ന അഭിപ്രായം ജനങ്ങൾക്കിടയിൽനിന്നും സർക്കാരിന്റെ നയങ്ങളേയും നിലപാടുകളേയും സ്വാധീനിക്കാൻ കഴിയുന്ന തരത്തിലുള്ള ഒരു ഉറച്ച ശബ്ദമായി ഉയർന്നു വരേണ്ടതുണ്ട്. അതിന്റെ ഭാഗമായി ഇന്ന് ജനങ്ങളുടെ പൊതുബോധത്തെ കാര്യമായി സ്വാധീനിച്ചുനിൽക്കുന്നതായി കാണപ്പെടുന്ന വികലവും പ്രകൃതിവിരുദ്ധവുമായ വികസന സങ്കൽപ്പങ്ങളെക്കുറിച്ച് നമ്മൾ ആത്മപരിശോധന നടത്തേണ്ടതുണ്ട്. ആ ആത്മപരിശോധന കൂട്ടായ ആലോചനകളിലേക്ക്, സാമൂഹികവും രാഷ്ട്രീയവുമായ മാനങ്ങളിലേക്ക് വളർന്നു വികസിക്കേണ്ടതുണ്ട്. ■



**വി.വിജയകുമാർ**

# ജനകീയസംസ്കാരസമീക്ഷ

**1947**ലെ അധികാര കൈമാറ്റത്തിനു ശേഷം ഇപ്പോഴത്തേതു പോലെ ഇത്രമേൽ കലുഷിതവും പ്രതിസന്ധികൾ നിറഞ്ഞതും പ്രശ്നഭരിതവുമായ ഒരു കാലയളവിലൂടെയും സാംസ്കാരികപരിതോവസ്ഥയിലൂടെയും ഇന്ത്യാരാജ്യം കടന്നു പോയിട്ടില്ല. കഴിഞ്ഞ ഏഴു വർഷങ്ങളായി, കേന്ദ്ര ഭരണകൂടവും അവരെ പിന്താങ്ങുന്ന രാഷ്ട്രീയകക്ഷിയും അതിന്റെ പരിവാരങ്ങളും ചേർന്ന് രാജ്യത്തെ ന്യൂനപക്ഷജനവിഭാഗങ്ങൾക്കെതിരെ പ്രത്യക്ഷമായ ആക്രമണങ്ങൾ നടത്തുകയും വെറുപ്പു പ്രചരിപ്പിക്കുകയും അവരിൽ ഭീതിയും അരക്ഷിതത്വവും വളർത്തുകയും ചെയ്തുകൊണ്ട് ഹിന്ദുത്വ അജണ്ട നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. അത് ഹിന്ദുരാഷ്ട്രത്തെ സൃഷ്ടിച്ചുകൊണ്ടിരിരിക്കുകയാണ്. ഇസ്ലാം ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ പൗരത്വം തന്നെ നഷ്ടപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തു കൊണ്ടിരിക്കുന്നത്. ഇരുപത്തിരണ്ടു കോടിയോളം വരുന്ന ഒരു വലിയ വിഭാഗം ജനങ്ങളെ അരക്ഷിതത്വത്തിലും ഭയത്തിലും നിർത്തിക്കൊണ്ട് ഒരു രാജ്യത്തിനു സമാധാനത്തോടെയും ശ്രേയസ്കരമായ രീതിയിലും പ്രവർത്തിക്കാൻ കഴിയുമെന്നു കരുതുന്നതിലെ മൗഢ്യം അതു ചെയ്യുന്നവർക്കൊഴികെ ആർക്കും ബോദ്ധ്യപ്പെടാവുന്നതേയുള്ളൂ. രാജ്യത്തെ മുഴുവൻ ജനങ്ങളേയും സമാധാനരാഹിത്യത്തിലേക്കും ഭീതിയിലേക്കും നയിക്കുന്ന പ്രവർത്തനമാണിത്. ഇന്ത്യ ഭയത്തിൽ ജീവിക്കുന്ന രാജ്യമായി മാറിക്കഴിഞ്ഞിരിക്കുന്നു.

അഭിപ്രായസ്വാതന്ത്ര്യം, ആവിഷ്കാരസ്വാതന്ത്ര്യം, തടസ്സങ്ങളോ വിലക്കുകളോ ഇല്ലാതെ പ്രവർത്തിക്കാനുള്ള മാധ്യമസ്വാതന്ത്ര്യം ഇവയെല്ലാം വലിയ തോതിൽ നിരസിക്കപ്പെടുകയും ജനങ്ങളുടെ സ്വാതന്ത്ര്യത്തിന്റെയും ജീവിതസന്തോഷത്തിന്റെയും സമാധാനാന്തരീക്ഷത്തിന്റെയും സൂചികകളിൽ ഏറ്റവും നീചമായ നിലയിലുള്ള രാജ്യങ്ങളുടെ പട്ടികയിലേക്ക് ഇന്ത്യ എത്തിച്ചേർന്നിരിക്കുന്നു. കോടതിയോടു പറയാനുള്ള കാരണങ്ങൾ പോലുമില്ലാതെ ഭരണകൂടഹിതത്തിനു വിരുദ്ധമാണെന്ന കാരണത്താൽ മാദ്ധ്യമസ്ഥാപനങ്ങൾ അടച്ചു പൂട്ടപ്പെടുന്നു. രാജ്യത്തെ രാഷ്ട്രീയപ്രവർത്തകരുടെയും ഉദ്യോഗസ്ഥന്മാരുടെയും മറ്റും വാക്കുകളും ചെയ്തികളും ചോർത്തിയെടുക്കുന്ന ചാരപ്പണി ചെയ്യുന്നതിന് ഇസ്രയേൽ പോലുള്ള മറ്റൊരു രാജ്യത്തു നിന്നും സാങ്കേതികസംവിധാനങ്ങൾ കേന്ദ്രഭരണകൂടം തന്നെ വില കൊടുത്തു വാങ്ങുകയും വ്യാപകമായി ഉപയോഗിക്കപ്പെടുകയും ചെയ്യുന്നു. ഏന്ത് ഭക്ഷണം കഴിക്കണമെന്ന്, ഏതു വേഷം ധരിക്കണമെന്ന്, ഏതു ഭാഷ സംസാരിക്കണമെന്ന് നിശ്ചയിക്കാനുള്ള സ്വാതന്ത്ര്യം ജനതയ്ക്കു നിഷേധിക്കപ്പെടുകയും ഇവയെല്ലാം പരിവാർ സംഘടനകൾ നിശ്ചയിക്കുകയും ചെയ്യുന്ന സ്ഥിതി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ജനാധിപത്യമൂല്യങ്ങളോടോ മതനിരപേക്ഷതയോടോ ഭരണഘടനയോടോ വിശ്വാസം പുലർത്താതിരിക്കുന്നവരാണ് രാജ്യം ഭരിക്കുന്നത്. ഇന്ത്യൻ യൂണിയനെ കുറിച്ചുള്ള ഭരണഘടനാ നിർദ്ദേശമായ യൂണിയൻ ഓഫ് സ്റ്റേറ്റ്സ് എന്ന സങ്കൽപ്പനത്തെ തരിമ്പും പരിഗണിക്കാതിരിക്കുകയും സംസ്ഥാന സർക്കാരുകളെ നോക്കുകുത്തികളാക്കികൊണ്ട് ഫെഡറൽ സംവിധാനത്തെ അട്ടിമറിക്കുകയും എല്ലാ അധികാരങ്ങളും കേന്ദ്രസർക്കാരിലേക്കും തദ്വാര ഒരു വ്യക്തിയി

ലേക്കും കേന്ദ്രീകരിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ വ്യാപകമായിരിക്കുന്നു. ജനങ്ങളുടെ നികുതി കൊണ്ട് കെട്ടിപ്പടുത്ത രാജ്യത്തിന്റെ പൊതുമേഖലാസ്ഥാപനങ്ങളെല്ലാം തന്നെ തുച്ഛവിലയ്ക്കു കോർപ്പറേറ്റുകൾക്കും ബഹുരാഷ്ട്രക്കമ്പനികൾക്കും വിറ്റഴിക്കപ്പെടുകയാണ്. കർഷകർക്കും തൊഴിലാളികൾക്കും മറ്റു പണിയെടുക്കുന്ന ജനവിഭാഗങ്ങൾക്കും ദോഷകരമാകുന്ന നിയമങ്ങൾ പാസാക്കപ്പെടുന്നു. ശാസ്ത്രത്തിന്റെയും ചരിത്രത്തിന്റെയും കലയുടെയും ചലച്ചിത്രത്തിന്റെയും ഒക്കെ മേഖലകളിൽ പ്രവർത്തിക്കുന്ന രാജ്യത്തെ എല്ലാ ജനാധിപത്യസ്ഥാപനങ്ങളും വർഗീയവൽക്കരണത്തിനു വിധേയമാക്കപ്പെടുകയാണ്.

അസത്യവും അഴിമതിയും സ്വജനപക്ഷപാതവും വർഗീയതയും എല്ലാ ഭരണസ്ഥാപനങ്ങളെയും കീഴടക്കിയിരിക്കുന്നു. നീതിന്യായവ്യവസ്ഥ പോലും ഇതിൽ നിന്നും മുക്തമാകുന്നില്ല. ബാബറി മസ്ജിദ് പൊളിച്ചത് ക്രിമിനൽ കുറ്റമാണെന്നു പറഞ്ഞ സുപ്രീം കോടതി തന്നെ അതു പൊളിച്ചവരുടെ ആവശ്യം നിറവേറ്റുന്ന രീതിയിൽ ബാബറി മസ്ജിദ് സ്ഥിതി ചെയ്തിരുന്ന സ്ഥലം രാമക്ഷേത്രനിർമ്മാണത്തിനായി വിട്ടുകൊടുക്കാൻ വിധി പ്രസ്താവിക്കുന്നു. അതു പൊളിച്ചതിനു ഗൂഢാലോചന നടന്നതിനു തെളിവില്ലെന്ന പേരിൽ എല്ലാം പ്രതികളേയും കുറ്റവിമുക്തരാക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യത്തിന്റെ ഭരണഘടന വിഭാവനം ചെയ്യുന്ന ധർമ്മവും നീതിയും ഇതാണോ? ഇത് അംബേദ്കർ അദ്ധ്യക്ഷനായ സമിതി തയ്യാറാക്കിയ ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാനമൂല്യങ്ങൾക്കനുസരിച്ചുള്ള വിധികളല്ല. ഇത് ബ്രാഹ്ണ്യനീതിയാണ്. മനുസ്മൃതിയുടെ നീതിയാണ്. ബ്രാഹ്മണന്റെ ഹിതമാണ് നടപ്പിലാക്കേണ്ടതെന്നും അവർ ശിക്ഷിക്കപ്പെടേണ്ടവരല്ലെന്നും കരുതുന്ന മനുസ്മൃതിയുടെ നീതിയാണിത്. നീതിന്യായവ്യവസ്ഥയിൽ നിന്നും ഭരണഘടനാപരമായ മൂല്യങ്ങൾ നീക്കം ചെയ്യപ്പെടുകയും ബ്രാഹ്മണ്യമതത്തിന്റെ മൂല്യങ്ങളെ പകരം പ്രതിഷ്ഠിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങളാണ് രാജ്യമെമ്പാടും നടന്നു കൊണ്ടിരിക്കുന്നത്. കോടതി മനുസ്മൃതിയിൽ നിന്നും നേരിട്ട് ഉദ്ധരിക്കുന്ന പ്രകരണങ്ങൾ വരെ സൃഷ്ടിക്കപ്പെടുന്നു. ബ്രാഹ്മണർ കൊല ചെയ്യില്ലെന്നും ബലാത്സംഗം ചെയ്യില്ലെന്നും മറ്റും വിധിക്കുന്ന ജഡ്ജിമാരെ കുറിച്ചു നാം പത്രങ്ങളിൽ വായിക്കുന്നു. ഇലക്ഷൻ കമ്മീഷൻ അടക്കമുള്ള സ്ഥാപനങ്ങളെ നോക്കുകുത്തിയാക്കി മാറ്റുന്നതിനും മഹാമാരിയുടെ കാലത്തു പോലും സഭാ സാമാജികരെയും മറ്റും കുതിരക്കച്ചവടം നടത്തുന്നതിനും ശ്രമിക്കുന്ന രാഷ്ട്രീയകക്ഷിയും അതിന്റെ പരിവാറും ഉയർത്തുന്ന ഫാസിസ്റ്റു വെല്ലുവിളി സമാനതകളില്ലാത്തതാണ്. എഴുത്തുകാരും ബുദ്ധിജീവികളും അദ്ധ്യാപകരും



വിദ്യാർത്ഥികളും പൗരാവകാശപ്രവർത്തകരും ഉൾപ്പെടെ നിരവധി പേരെ കള്ളക്കേസുകളിൽ പെടുത്തി തുറുങ്കിലടയ്ക്കുന്നു. ബോംബുസ്ഫോടനക്കേസിലെ പ്രതികളും രാഷ്ട്രപിതാവിനെ കൊന്നവരെ പൂജിക്കുന്നവരും അംബേദ്കറെയും നവോത്ഥാന നായകന്മാരേയും അപമാനിക്കുന്നവരും വലിയ കുറ്റവാളികളും ശിക്ഷകളിൽ നിന്നു മുക്തരായി ഭരണസഭകളിലേക്കു തെരഞ്ഞെടുക്കപ്പെടുന്നു. സൈന്യത്തെ വർഗീയവൽക്കരിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിക്കുന്നു. ഇന്ത്യ അതിദുസ്സഹമായ ഒരു മതസ്വേച്ഛാധിപത്യത്തിലേക്കു നടന്നു കൊണ്ടിരിക്കുന്നുവെന്നു സൂചിപ്പിക്കുന്ന കാര്യങ്ങളാണിവ.

ഈ ഭരണകൂടം സാധാരണക്കാരായ മനുഷ്യരുടെ ജീവിതത്തോട് എന്തെങ്കിലും ആഭിമുഖ്യം പുലർത്തുന്നില്ല. ഭീമമായ നികുതികൾ ചുമത്തിക്കൊണ്ടും മറ്റും കേന്ദ്രസർക്കാർ പെട്രോളും പാചകവാതകവും ഔഷധങ്ങളും ഉൾപ്പെടെ എല്ലാ അവശ്യവസ്തുക്കളുടെയും വില യാതൊരു നിയന്ത്രണങ്ങളുമില്ലാതെ വർദ്ധിപ്പിക്കുകയും ജനജീവിതം ദുസ്സഹമാക്കുകയും ചെയ്യുന്നു. നോട്ടു പിൻവലിക്കലും ജി എസ് ടി യും പോലുള്ള സാമ്പത്തികരംഗത്തെ നടപടികൾ യാതൊരു തത്വദീക്ഷയുമില്ലാതെ സ്വീകരിക്കപ്പെട്ടതിന്റെ തുടർച്ചയിൽ രാജ്യം വലിയ പാപ്പരീകരണത്തിനു വിധേയമായി കൊണ്ടിരിക്കുന്നു. കോവിഡ് മഹാമാരി പടർന്നു പിടിച്ച കാലത്ത് എല്ലാ അധികാരങ്ങളും കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാക്കുന്ന നയങ്ങൾ ധൃതഗതിയിൽ സ്വീകരിക്കപ്പെട്ടു. കേന്ദ്രീകൃതഅധികാരത്തിന്റെ അഹന്താപൂർണ്ണമായ ഒരു നയം സ്വീകരിച്ചു കൊണ്ടാണ് അത് രാജ്യമെമ്പാടും ഒരേ സമയം ലോക്ഡൗൺ പ്രഖ്യാപിച്ചത്. അധികാരപ്രമത്തതയുടെ പ്രഘോഷണം മാത്രമായി മാറിത്തീർന്ന സമ്പൂർണ്ണലോക്ഡൗൺ പ്രഖ്യാപനം സാമാന്യജനങ്ങളെ കഷ്ടപ്പെടുത്തുന്നതായിരുന്നു. നാലു മണിക്കൂർ നോട്ടീസിൽ നടത്തിയ ആ പ്രഖ്യാപനം എത്രമാത്രം ജനങ്ങളെയാണ് വഴിയാധാരമാക്കിയത്. എത്രയെത്ര മരണങ്ങൾക്കും ഗതി കിട്ടാത്ത ദീർഘ പലായനങ്ങൾക്കും യാതനകൾക്കും അതു കാരണമായി! എങ്ങും ഭയവും വെറുപ്പും വിഷനിശബ്ദതയും നിറയ്ക്കാൻ വെമ്പുന്ന ശക്തികൾ രാജ്യത്തിന്റെ രാഷ്ട്രീയ, സാംസ്കാരികമേഖലകളെ കീഴ്പ്പെടുത്തിയിരിക്കുന്നു. ഇന്ദിരാഗാന്ധിയുടെ കാലത്തെ അടിയന്തിരാവസ്ഥയ്ക്കു മുമ്പുള്ള വർഷത്തിൽ കെ.ജി.എസ് എഴുതിയ കവിതയിലെ വരികളുടെ അർത്ഥം അന്നേക്കാളുപരി ഇപ്പോഴാണ് പൂർണ്ണമായും ജീവിതാനുഭവമായി മാറുന്നത്.

> കോവിഡ് മഹാമാരി പടർന്നു പിടിച്ച കാലത്ത് എല്ലാ അധികാരങ്ങളും കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാക്കുന്ന നയങ്ങൾ ധൃതഗതിയിൽ സ്വീകരിക്കപ്പെട്ടു. കേന്ദ്രീകൃത അധികാരത്തിന്റെ അഹന്താപൂർണ്ണമായ ഒരു നയം സ്വീകരിച്ചു കൊണ്ടാണ് അത് രാജ്യമെമ്പാടും ഒരേ സമയം ലോക്ഡൗൺ പ്രഖ്യാപിച്ചത്.

അധികനികുതികളായി,
അനാഥശവങ്ങളായി,
നമ്മുടെ ഓരോ വിരലിലും
ഓരോ വാക്കിലും
ഓരോ ചിന്തയിലും
കുരുങ്ങുന്ന ലക്ഷം ലക്ഷം
അദൃശ്യചങ്ങലകളായി,
വിദൂരഗ്രാമങ്ങളിലെ
ഇടവഴികളിൽ പോലും
ഈ വിഷനിശ്ശബ്ദത
ഇഴയുന്നു.
ചാരനായി ഇതു നമ്മെ
പിന്തുടരുന്നു.
പ്രലോഭനങ്ങളായി
ഇതു നമ്മെ വളയുന്നു.
ഒറ്റുകാരനായി ഇതു നമ്മെ
കുരിശിൽ കുരുക്കുന്നു.
പെയ്യാത്ത കഴുകൻ മേഘമായി
നമ്മുടെ ദാഹങ്ങൾക്കു മേൽ
ഇത് പൈശാചികമായി
ചിറകടിക്കുന്നു.

ഇനിയും എത്രയോ കാര്യങ്ങൾ എടുത്തു പറയാനുണ്ട്! എത്രമേൽ ജനവിരുദ്ധവും ദുരിതപൂർണ്ണവും സങ്കീർണ്ണവും ദൂരവ്യാപകഫലങ്ങൾ സൃഷ്ടിക്കുന്നതുമായ രാഷ്ട്രീയ, സാംസ്കാരിക പരിതോവസ്ഥയിലൂടെയാണ് ഇന്ത്യാരാജ്യം കടന്നു പോകുന്നതെന്ന് ഈ നേർയാഥാർത്ഥ്യങ്ങൾ കാണിച്ചു തരുന്നുണ്ട്.

മഹത്തായ നവോത്ഥാന പ്രസ്ഥാനങ്ങളുടേയും ജനകീയമുന്നേറ്റങ്ങളുടേയും പാരമ്പര്യമുള്ള കേരളത്തിലെ സാംസ്കാരിക, രാഷ്ട്രീയപരിതോവസ്ഥയും ഇതര ഇന്ത്യൻ പ്രദേശങ്ങളിൽ നിന്നും അധികമൊന്നും വിഭിന്നമല്ല. ജാതിവ്യവസ്ഥയുടെ അതിനീചമായ പീഡനങ്ങൾ നിലനിന്നിരുന്ന അവസ്ഥയുണ്ടായിരുന്നെ

ങ്കിലും ക്രിസ്തുവർഷത്തിന്റെ തുടക്കം മുതൽ വിവിധ മതങ്ങളിൽ പെട്ട ജനങ്ങൾ അവരുടെ വിശ്വാസാചാരങ്ങൾ സംരക്ഷിച്ചു കൊണ്ട് ഏകോദരസഹോദരങ്ങളെ പോലെ ഇവിടെ ജീവിച്ചു പോന്നിട്ടുണ്ട്. ദേശീയരാഷ്ട്രസങ്കൽപ്പനങ്ങൾ പ്രാബല്യത്തിൽ വന്നതിനു ശേഷം സമ്മിശ്രസംസ്കാരങ്ങളുടെ ഭൂമികയായി ഇന്ത്യയെ കണ്ടെത്തുകയും ഉൾക്കൊള്ളുകയും ചെയ്യുന്ന വീക്ഷണത്തെ ഉയർത്തിപിടിച്ചു കൊണ്ട് രാജ്യത്തിനു തന്നെ മാതൃകയായി തീരാൻ കേരളത്തിനു കഴിഞ്ഞിരുന്നു. എന്നാൽ, ഇപ്പോൾ ആശങ്കാജനകമായ ചില കാര്യങ്ങൾ സംഭവിച്ചു കൊണ്ടിരിക്കുന്നു. കേരളത്തിൽ വലിയ വർഗ്ഗീയകലാപങ്ങൾ സൃഷ്ടിക്കാനുള്ള വെറുപ്പിന്റെ ശക്തികളുടെ ശ്രമങ്ങൾ വിജയിച്ചിട്ടില്ലെങ്കിലും സമൂഹത്തിൽ വർഗ്ഗീയവൽക്കരണം അതിദ്രുതം വ്യാപിക്കുകയാണ്. കഴിഞ്ഞ കാലങ്ങളിൽ നിന്നു വ്യത്യസ്തമായി, കേരളത്തിൽ മതവൈരങ്ങളും വർഗീയതയും വളർത്താനുള്ള ശ്രമങ്ങൾ പരസ്യപ്രസ്താവനകളും പ്രകടനങ്ങളുമായി തന്നെ പുറത്തേക്കു വന്നു തുടങ്ങിയിരിക്കുന്നു. ഹിന്ദുത്വവാദത്തിന്റെ ശക്തികൾ കേരളത്തിൽ പിടിമുറുക്കിയിരിക്കുന്നത് സാംസ്കാരികരംഗത്താണ്. അനാചാരങ്ങൾ വ്യാപകമാക്കിയും കൃഷ്ണാഷ്ടമിയും ഗണേശചതുർത്ഥിയും പോലെ വടക്കേ ഇന്ത്യയിൽ നിന്നും ഇറക്കുമതി ചെയ്ത ഉത്സവാചാരങ്ങൾക്കു മാന്യത നൽകിയും ഓണത്തെ 'വാമനജയന്തി' യാക്കുന്ന പ്രസ്താവനകൾ നടത്തിയും യജ്ഞങ്ങൾ സംഘടിപ്പിച്ചും ജനകീയരാഷ്ട്രീയസംസ്കാരത്തിനു മേൽ മതസംസ്കാരത്തിന്റെ മൂല്യങ്ങളെ പ്രതിസ്ഥാപിക്കാനുള്ള വലിയ ശ്രമമാണ് സംഘപരിവാർ നടത്തുന്നത്. അത് ആചാരങ്ങളെ

ഹിന്ദുത്വവാദത്തിന്റെ ശക്തികൾ കേരളത്തിൽ പിടിമുറുക്കിയിരിക്കുന്നത് സാംസ്കാരികരംഗത്താണ്. അനാചാരങ്ങൾ വ്യാപകമാക്കിയും കൃഷ്ണാഷ്ടമിയും ഗണേശചതുർത്ഥിയും പോലെ വടക്കേ ഇന്ത്യയിൽ നിന്നും ഇറക്കുമതി ചെയ്ത ഉത്സവാചാരങ്ങൾക്കു മാന്യത നൽകിയും ഓണത്തെ'വാമനജയന്തി' യാക്കുന്ന പ്രസ്താവനകൾ നടത്തിയും യജ്ഞങ്ങൾ സംഘടിപ്പിച്ചും ജനകീയരാഷ്ട്രീയ സംസ്കാരത്തിനു മേൽ മതസംസ്കാരത്തിന്റെ മൂല്യങ്ങളെ പ്രതിസ്ഥാപിക്കാനുള്ള വലിയ ശ്രമമാണ് സംഘപരിവാർ നടത്തുന്നത്.

ഭരണഘടനയ്ക്കു മുകളിൽ പ്രതിഷ്ഠിക്കുന്നു. സംസ്കാരത്തെ സ്ഥിതമായി കാണുന്നു. ഈ സമീപനങ്ങളെ സ്ഥാപിച്ചെടുക്കുന്നതിൽ അവർ ഭാഗികമായെങ്കിലും വിജയിച്ചിട്ടുണ്ട്. സ്ത്രീകൾക്കു മേലുള്ള വിവേചനം നീക്കുന്ന രീതിയിൽ ശബരിമലയിൽ അവർക്കു പ്രവേശനാനുമതി നൽകുന്ന സുപ്രീം കോടതി വിധി നടപ്പിലാക്കുന്നതിനെതിരെ സ്ത്രീകളെ തന്നെ തെരുവിലിറക്കി ജാഥ നടത്തുന്നതിനു ഹിന്ദുത്വശക്തികൾക്കു കഴിഞ്ഞത് ജനാധിപത്യമൂല്യങ്ങൾക്കപ്പുറത്ത് മതമൂല്യങ്ങളെ പ്രതിഷ്ഠിക്കുന്ന പ്രവണതയെ ഉപയോഗപ്പെടുത്തിക്കൊണ്ടാണ്. യുക്തിരാഹിത്യവും മതാത്മകതയുടെ ഹീനമൂല്യങ്ങളും കേരളസമൂഹത്തെ കീഴടക്കുന്നു. കേരളജനത ഒരു കാലത്ത് ഒഴിപ്പിച്ച ദുർഭൂതങ്ങൾ ജാതി-മത ചിഹ്നങ്ങളായി, ദുഷിച്ച ആചാരങ്ങളും അനുഷ്ഠാനങ്ങളും അന്ധവിശ്വാസങ്ങളുമായി, ഭൂതകാലാഭിനിവേശമായി, പുറമേക്കു പ്രദർശിപ്പിക്കുന്ന ഭക്തിയായി, പുനരുജ്ജീവനവാദമായി, ആൾദൈവങ്ങളോടുള്ള ആരാധനയായി ... വീണ്ടും കടന്നുവന്നിരിക്കുന്നു. ശാസ്ത്രാവബോധം നമ്മുടെ ഒരു പ്രവർത്തനത്തേയും നയിക്കാതായിരിക്കുന്നു. ജ്യോതിഷം, ഹസ്തരേഖാശാസ്ത്രം, പ്രശ്നം, യാഗം, ഹോമം, യജ്ഞം, കാര്യസാദ്ധ്യത്തിനുള്ള നേർച്ചകൾ, മനുഷ്യദൈവങ്ങളുടെ പടപ്പുറപ്പാടുകൾ, ചിതാഭസ്മനിമജ്ജനങ്ങൾ, കരിസ്മാറ്റിക് ധ്യാനങ്ങൾ എന്നിങ്ങനെയുള്ള എല്ലാ അന്ധവിശ്വാസങ്ങൾക്കും കേരളസമൂഹം കീഴ്പ്പെടുകയാണ്. മറുവശത്ത്, ശാസ്ത്രമാത്രവാദം ശക്തമാകുന്നു. വാർത്താമാദ്ധ്യമങ്ങളും ടെലിവി

ഷൻചാനലുകളും ഇവയെ എല്ലാമാണ് പ്രധാനമായും പ്രേക്ഷിക്കുന്നത്. പുരോഗമനകാരികളെന്നു പറയുന്നവർ തന്നെ ഇവയെ ചെറുക്കുന്നതിൽ പരാജയപ്പെടുന്നുവെന്നു മാത്രമല്ല, അതിനെല്ലാം കൂട്ടുനില്ക്കുന്നുവെന്നു കൂടി പറയണം.

കേരളത്തിലെ സാംസ്കാരികകേന്ദ്രങ്ങളും സമിതികളും മറ്റും മിക്കവാറും വ്യവസ്ഥാപിത ഇടതുപക്ഷത്തിന്റെ മേൽനോട്ടത്തിലാണ്. ഇവയിലൂടെ അവർ അംഗീകരിച്ചു പ്രചരിപ്പിക്കുന്ന സാഹിതീയഭാവുകത്വം വളരെ അധോനിലയിലുള്ളതാണ്. സാംസ്കാരികഭാവുകത്വമാകട്ടെ, യാന്ത്രികവും. രാഷ്ട്രീയമായ ശരികൾ പറയുന്ന പ്രചരണസാഹിത്യമാണ് എല്ലാ സാഹിത്യസദസ്സുകളെയും മിക്കവാറും കീഴ്പ്പെടുത്തുക! സംഘപരിവാറിന്റെ ശോഭായാത്രയേയും മറ്റും പ്രതിരോധിക്കാനായി ബദൽ അഷ്ടമിരോഹിണിയാത്രകൾ സംഘടിപ്പിക്കുന്ന സാംസ്കാരികനേതൃത്വം ഹിന്ദുത്വശക്തികളുടെ അജണ്ടയ്ക്കു തങ്ങളുടെ അണികൾക്കിടയിൽ കൂടി പ്രചാരം നൽകി ഉറപ്പിക്കുന്നു. വ്യവസ്ഥാപിത ഇടതുനേതൃത്വം സാംസ്കാരികസ്ഥാപനങ്ങളിൽ പോലും പരിശീലിപ്പിക്കുന്നത് ഫ്യൂഡൽ സംസ്കാരമാണ്. ഈയിടെ പാർട്ടി സമ്മേളനങ്ങളോടനുബന്ധിച്ച് അവതരിപ്പിച്ച, മുഖ്യമന്ത്രി സഖാവിനെ വികസനത്തിന്റെ കാരണഭൂതനായി കാണുന്ന'വിപ്ലവ' തിരുവാതിരക്കളി എഴുതിയത് ഒരു സംഘപരിവാർ പ്രവർത്തകനായിരുന്നു വത്രെ! വികസനത്തെ കുറിച്ചുള്ള കോർപ്പറേറ്റ് വീക്ഷണത്തെ പുരുഷാധിപത്യപരവും നാടുവാഴിത്ത സംസ്കാരവുമായി ബന്ധമുള്ളതുമായ ഒരു കലാസങ്കേതം ഉപയോഗിച്ച് സമൂഹത്തിലേക്കു പ്രക്ഷേപിക്കാനുള്ള ഈ ശ്രമം വ്യവസ്ഥാപിത ഇടതുനയങ്ങൾക്ക് അനുലോമമായി വീക്ഷിക്കപ്പെടുന്നുവെന്ന സ്ഥിതി വ്യാപകമായുണ്ട്. കൾച്ചറൽ കമ്മിസാറിന്റെ റോൾ വഹിക്കുന്ന പോളിറ്റ് ബ്യൂറോ അംഗത്തിന്റെ സാന്നിദ്ധ്യത്തിലാണ് ഇത് അവതരിപ്പിക്കപ്പെട്ടത്! ഇവയൊന്നും ലളിതവും നിഷ്ക്കളങ്കവും നിരുപദ്രവകരവുമായി കാണാൻ കഴിയുന്ന കാര്യങ്ങളല്ല. രാഷ്ട്രീയപാർട്ടിയുടെ അണികളിലും സമൂഹത്തിലും ഇവ സൃഷ്ടിക്കുന്ന സാംസ്കാരികാഘാതം ചെറുതായിരിക്കില്ല. ഉപരിതലത്തെ മാത്രം സ്പർശിക്കുന്ന വാക്കുകളും അർത്ഥരഹിതമായ പരസ്പരം പുകഴ്ത്തലുകളും പുറം ചൊറിയലുകളും കൊണ്ടു നിറയുന്ന സാംസ്കാരികസദസ്സുകളിൽ വിമർശനം ഒഴിവാക്കപ്പെടുകയും സർഗാത്മകതയ്ക്കു കടന്നുചെല്ലാൻ കഴിയാതാകുകയും ചെയ്തിരിക്കുന്നു. ഈ സാംസ്കാരികസദസ്സുകൾ മിക്കവാറും നിറയ്ക്കപ്പെടുന്നത് സ്ഥാനമോഹികളും യശോപ്രാർത്ഥികളും പാർട്ടി നോമിനികളും ആയ വ്യക്തികളെ കൊണ്ടാണ്. മുഖ്യമന്ത്രിക്കെതിരെ പ്രതിപക്ഷം നടത്തുന്ന പ്രക്ഷോഭങ്ങളെ പ്രതിരോധിക്കുകയെന്നത് എഴുത്തുകാരുടേയും സാംസ്കാരികസംഘടനയുടേയും കടമയാണെന്നു കരുതുന്ന ഇത്തിരിവട്ടം ചിന്തയിലേക്ക് നയിക്കപ്പെടുന്നത് ഇതിന്റെയെല്ലാം തുടർച്ചയിലാണ്. സ്വതന്ത്രചിന്തയേയും വ്യത്യസ്താഭിപ്രായങ്ങളേയും സർഗാത്മകതയെ തന്നെയും സാംസ്കാരികരംഗത്തു നിന്നും അകറ്റുന്ന പ്രവണതകളെയാണ് ഇതു പ്രോത്സാഹിപ്പിക്കുന്നത്.

> സംഘപരിവാറിന്റെ ശോഭായാത്രയേയും മറ്റും പ്രതിരോധിക്കാനായി ബദൽ അഷ്ടമി രോഹിണിയാത്രകൾ സംഘടിപ്പിക്കുന്ന സാംസ്കാരികനേതൃത്വം ഹിന്ദുത്വശക്തികളുടെ അജണ്ടയ്ക്കു തങ്ങളുടെ അണികൾക്കിടയിൽ കൂടി പ്രചാരം നൽകി ഉറപ്പിക്കുന്നു. വ്യവസ്ഥാപിത ഇടതുനേതൃത്വം സാംസ്കാരികസ്ഥാപനങ്ങളിൽ പോലും പരിശീലിപ്പിക്കുന്നത് ഫ്യൂഡൽ സംസ്കാരമാണ്.

കേരളത്തിലെ വ്യവസ്ഥാപിതഇടതുരാഷ്ട്രീയഭൂമിക കാര്യമായ പരിശോധനക്കു വിധേയമാകേണ്ടതുണ്ട്. ആഗോളീകരണ പ്രക്രിയകളുടെ തുടർച്ചയെ നോണം, നമ്മുടെ സമൂഹത്തിൽ ഉപഭോഗ സംസ്ക്കാരവും മദ്ധ്യവർഗവല്ക്കരണവും അരാഷ്ട്രീയപ്രവണതകളും ത്വരിത ഗതിയാർജ്ജിക്കുകയും ഇടതുപക്ഷത്തിന്റെ വ്യവസ്ഥാപി



ത മുഖ്യധാര ആശാസ്യമല്ലാത്ത ഈ പ്രവണതകളെ ചെറുക്കാൻ ശക്തിയില്ലാതെ അവയ്ക്കു കീഴ്പ്പെടുകയും ചെയ്തുവെന്നതാണ് യാഥാർത്ഥ്യം. പണമിടപാടു സ്ഥാപനങ്ങളുടെ അധിപന്മാരും ചെറുകിട കോൺട്രാക്ടർമാരും റിയൽ എസ്റ്റേറ്റു ബിസിനസ്സുകാ രും മദ്യവ്യവസായികളും ഇടനിലക്കാരും ഗുണ്ടാപ്രമാണികളും ഈ കാലയളവിൽ ഇടതുരാഷ്ട്രീയ പ്രസ്ഥാനത്തിലെ അംഗങ്ങളായി കടന്നുവരുന്നു. ഇവർ പെട്ടെന്നു തന്നെ രാഷ്ട്രീയനേതൃത്വ ത്തിലേക്കു എത്തിപ്പെടുന്നു. ഇപ്പോൾ, പ്രസ്ഥാനത്തിന്റെ വർഗപരമായ അടിത്തറകൾ ഇളക്കിമാറ്റപ്പെടുന്നതും ഈ പുത്തൻ ചൂഷകരെ കൊണ്ട് അതിനെ പ്രതിസ്ഥാപിക്കുന്നതും കാണാൻ കഴിയുമായിരുന്നു. ഫാൻസിപാർക്കുകളുടേയും മൾട്ടിസ്പെഷ്യാലിറ്റി ആശുപത്രികളുടേയും സ്വാശ്രയകോളേജുകളുടേയും ഉടമസ്ഥരും നടത്തിപ്പുകാരുമായി മാറിയ ഇടതുരാഷ്ട്രീയനേതൃത്വം കോർപ്പറേറ്റ് മാനേജ്മെന്റുശക്തികളെയെന്ന പോലെ പെരുമാറിത്തുടങ്ങുന്നു. മുഖ്യ ഇടതുരാഷ്ട്രീയനേതൃത്വത്തിന്റെ ഈദൃശകാര്യങ്ങളിലെ നിർവ്വഹണക്ഷമത ശക്തമായപ്പോൾ, അതിനു അഭിസംബോധന ചെയ്യാനുണ്ടായിരുന്നത് അധ:സ്ഥിതജനതയുടെ പ്രശ്നലോകങ്ങളെയായിരുന്നില്ല; മറിച്ച്, അന്യവർഗത്തിന്റെ രാഷ്ട്രീയത്തെ നടപ്പിലാക്കുന്ന സംഘമായി അത് മാറിത്തീരുകയായിരുന്നു. കേരളത്തിലെ വലതുപക്ഷ രാഷ്ട്രീയശക്തികളെ പോലും അമ്പരപ്പിക്കുകയും അതിശയിപ്പിക്കുകയും ചെയ്യുന്ന രീതിയിൽ വ്യവസ്ഥാപിതഇടതുരാഷ്ട്രീയനേതൃത്വം ഇക്കഴിഞ്ഞ രണ്ടു ദശകത്തിൽ വലതുപക്ഷവല്ക്കരണത്തിനു വിധേയമാകുകയുണ്ടായി. തങ്ങളോടൊപ്പം നിന്ന സമ്പന്ന വിഭാഗങ്ങളുടെ ചങ്ങാതിയായി വ്യവസ്ഥാപിത ഇടതുരാഷ്ട്രീയനേതൃത്വം മാറിത്തീരുന്നത് വലതുരാഷ്ട്രീയപ്രസ്ഥാനങ്ങളെ കുഴക്കുന്നുമുണ്ടായിരുന്നു. ഇടക്കാലത്ത്, നിയന്ത്രണങ്ങളേതുമില്ലാതെ സ്വകാര്യവൽക്കരണനയങ്ങളെ നടപ്പിലാക്കി കൊണ്ടും ജാതിമതശക്തികളുടെ ധ്രുവീകരണത്തിലൂടെയും ഇതിനു തടയിടാനുള്ള വലതുപക്ഷത്തിന്റെ ശ്രമങ്ങൾ അത്യന്തം പ്രതിലോമപരമായ സാമൂഹികഫലങ്ങളെയാണ് സൃഷ്ടിച്ചത്. സ്വകാര്യ കോർപ്പറേറ്റ് മൂലധനശക്തികളും വിവിധ ജാതിമതസംഘടനകളും ചേർന്നുണ്ടാക്കുന്ന അതിരൂക്ഷമായ സമ്മർദ്ദരാഷ്ട്രീയത്തിന്റെ കളിക്കളമായി കേരളരാഷ്ട്രീയഭൂമിക മാറിത്തീരുന്നത് ഇങ്ങനെയാണ്.

വ്യവസ്ഥാപിത ഇടതുപക്ഷം ഇപ്പോൾ ആഹ്വാനം

ചെയ്യുന്നത് വികസനത്തിൽ നിന്നും രാഷ്ട്രീയത്തെ ഒഴിവാക്കണമെന്നാണ്. മാർക്സിസ്റ്റുകൾ എക്കാലത്തും വികസനത്തിന്റെ രാഷ്ട്രീയത്തെ കുറിച്ചാണ് സംസാരിച്ചിരുന്നത്. വർഗ്ഗരാഷ്ട്രീയത്തിൽ നിന്ന് അടർത്തിമാറ്റിക്കൊണ്ട് വികസനത്തെ കുറിച്ച് ചർച്ച ചെയ്യാമെന്ന് മാർക്സിസ്റ്റുകൾ കരുതിയിരുന്നില്ല. ആരുടെ വികസനം എന്ന ചോദ്യം ഉയർത്തണമെന്നത് മാർക്സിസ്റ്റുകൾ എക്കാലവും സൂക്ഷിച്ച നിർബ്ബന്ധമായിരുന്നു. എന്നാൽ, ഇവിടെ മാർക്സിസ്റ്റ് ലേബലുകൾ അവകാശപ്പെടുന്നവർ തന്നെ വികസനത്തിന്റെ മണ്ഡലത്തിൽ നിന്നും രാഷ്ട്രീയത്തെ ഒഴിവാക്കണമെന്ന് ആവശ്യപ്പെടുകയാണ്. വിദ്യാർത്ഥികളുടെ രാഷ്ട്രീയം നിരോധിക്കണമെന്നും എഴുത്തുകാർക്ക് രാഷ്ട്രീയം പാടില്ലെന്നും ഒക്കെയുള്ള വാദഗതികളിലൂടെ സമൂഹത്തിൽ ശക്തിയാർജ്ജിച്ചുകൊണ്ടിരുന്ന അരാഷ്ട്രീയവല്ക്കരണപ്രവണതകൾക്ക് വ്യവസ്ഥാപിത ഇടതുപക്ഷം നല്കിയ സംഭാവനയായിരുന്നു ഇത്. അരാഷ്ട്രീയവല്ക്കരണത്തിന്നെതിരെ വേദികളിൽ സംസാരിക്കുകയും രാഷ്ട്രീയത്തിന്റെ ഇടപെടൽ ഏറ്റവും സജീവമായി ആവശ്യപ്പെടുന്ന വികസനത്തിന്റെ മണ്ഡലത്തിൽ നിന്ന് രാഷ്ട്രീയത്തെ ഒഴിവാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്ന വ്യവസ്ഥാപിത ഇടതുപക്ഷം പ്രത്യയശാസ്ത്രചർച്ചകൾ അവസാനിപ്പിക്കുകയും ചെയ്തിരിക്കുന്നു. കെ റെയിലിനെ കുറിച്ചുള്ള ചർച്ചയിൽ ഈ പ്രവണത പരമകാഷ്ഠയിലെത്തിയിരിക്കുന്നു. പൗരന്മാരെയല്ല, പൗരപ്രമുഖരെ ചർച്ചയ്ക്കു ക്ഷണിക്കുന്ന ധാർഷ്ട്യത്തിലൂടെ ജനാധിപത്യ വിരുദ്ധതയുടെ സഭ്യേതരമായ മേഖലകളിലേക്ക് അതു സഞ്ചരിക്കുന്നു.

കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനത്തെയും ഈ നൂറ്റാണ്ടിന്റെ തുടക്കത്തിലെയും നാലു ദശകങ്ങളിൽ കേരളത്തിൽ സവിശേഷമായ സാന്നിദ്ധ്യവും വ്യവസ്ഥാപിത ഇടതുപക്ഷത്തിനു തിരുത്തൽശക്തിയുമായി പ്രവർത്തിച്ചിരുന്ന മാർക്സിസ്റ്റു ലെനിനിസ്റ്റുപ്രസ്ഥാനങ്ങൾ സൈദ്ധാന്തികതർക്കങ്ങളിലും വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളിലും വ്യവസ്ഥാപരമായ അടിച്ചമർത്തലുകളിലും പെട്ട് ഛിന്നഭിന്നമാകുകയോ വളരെ ദുർബ്ബലമാകുകയോ ചെയ്തിരിക്കുന്നു. തിരുത്തൽശക്തികളെന്ന നിലയ്ക്ക് അവ വളരെ പ്രധാനപ്പെട്ട പങ്കാണ് നിർവ്വഹിച്ചു കൊണ്ടിരുന്നത്. യഥാർത്ഥത്തിൽ ഈ ദൗത്യം നിർവ്വഹിക്കുന്നുവെന്നത് പ്രധാനമാണെന്നു സൈദ്ധാന്തികമായി വിലയിരുത്തിയിരുന്നവർ പോലും ആ പ്രസ്ഥാനങ്ങൾക്കുള്ളിലുണ്ടായിരുന്നു. പക്ഷേ, വ്യവസ്ഥാപിത ഇടതുപക്ഷത്തെ പോലെ അധികാരരാഷ്ട്രീയത്തിന്റെ ഭാഗമാകാൻ കേരളത്തിലെ മാർക്സിസ്റ്റു ലെനിനിസ്റ്റുപ്രസ്ഥാനരാഷ്ട്രീയനേതൃത്വത്തിലുണ്ടായിരുന്ന ചിലർ പ്രകടിപ്പിച്ച അമിതമായ അഭിലാഷങ്ങൾ കൂടി അവ നിശ്ചലമാകുന്ന സ്ഥിതിയിലേക്ക് എത്തിക്കുന്നതിനു കാരണമായി. ഇടക്കാലത്ത് ഇവിടെ ഉയർന്നു വന്ന സൂക്ഷ്മരാഷ്ട്രീയപ്രസ്ഥാനങ്ങളിൽ അരാജകപ്രവണതകളും സ്വയം പിളർത്തുന്ന സ്വത്വവാദപ്രവണതകളും വലിയ തോതിൽ സ്ഥാനം പിടിച്ചിരുന്നു. എഴുപതുകളിലെ നക്സലൈറ്റ് പ്രസ്ഥാനത്തോട് പല രീതികളിലും ബന്ധമുണ്ടായിരുന്ന ഇവരേയും ബദൽ പ്രസ്ഥാനങ്ങൾ സ്വാഭാവികമായി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ നിരന്തരം പിടികൂടിയിരുന്നു. ഇത്തരം സംഘടനകളുടെ ദൗർബ്ബല്യവും ജാതി, മത സംഘടനകളുടേയും മറ്റും സഹായത്തോടെ വലതും ഇടതുമായ വ്യവസ്ഥാപിതരാഷ്ട്രീയകക്ഷികൾ നിർമ്മിച്ചെടുക്കുന്ന വോട്ടുബാങ്കുകളുടേയും സാന്നിദ്ധ്യത്തിൽ അവ്യവസ്ഥിതമായും പുരോഗമനപരമായും ചിന്തിക്കുന്ന ഒരു ജനാധിപത്യപൗരസമൂഹത്തെ സൃഷ്ടിക്കുന്നതിനു കേരളത്തിനു കഴിയാതായിരിക്കുന്ന സ്ഥിതിയുണ്ട്. ശരാശരി കേരളീയ ബുദ്ധിജീവിതം വ്യവസ്ഥാപിതത്വത്തിന്റെ അജണ്ടയ്ക്കൊപ്പം സഞ്ചരിക്കുന്നതായി മാറിത്തീർന്നിരിക്കുന്നു.

ജാതി, മത സംഘടനകളുടേയും മറ്റും സഹായത്തോടെ വലതും ഇടതുമായ വ്യവസ്ഥാപിതരാഷ്ട്രീയകക്ഷികൾ നിർമ്മിച്ചെടുക്കുന്ന വോട്ടുബാങ്കുകളുടേയും സാന്നിദ്ധ്യത്തിൽ അവ്യവസ്ഥിതമായും പുരോഗമനപരമായും ചിന്തിക്കുന്ന ഒരു ജനാധിപത്യപൗരസമൂഹത്തെ സൃഷ്ടിക്കുന്നതിനു കേരളത്തിനു കഴിയാതായിരിക്കുന്ന സ്ഥിതിയുണ്ട്.

ഇങ്ങനെയൊരു സാംസ്കാരികപരിതോവസ്ഥയിലാണ് രാജ്യവും സംസ്ഥാനവും, ഇപ്പോൾ. പുരോഗമനപ്രസ്ഥാനങ്ങളെന്നു വിളിക്കപ്പെടുന്നവയുടെ നിലപാടുകളിലും സമീപനങ്ങളിലും തന്നെ വലിയൊരു മാറ്റം വരുത്തിക്കൊണ്ടേ ഈ പ്രശ്നപൂരിതമായ അവസ്ഥയെ അഭിമുഖീകരിക്കാനാവൂ. ജനാധിപത്യപരവും സുതാര്യവുമായ നടപടികളിലൂടെയേ ഇതു സാദ്ധ്യമാകൂ എന്ന കാര്യമാണ് ഏറ്റവും പ്രധാനം. സംഘടനകൾ ആന്തരികമായി ജനാധിപത്യവൽക്കരിക്കപ്പെടണം. ജനതയോട് സുതാര്യമായി സംവദിക്കാൻ അവയ്ക്കു കഴിയണം. മതാത്മകവും യാന്ത്രികവും നിർണ്ണയവാദപരവും സ്വേച്ഛാധിപത്യപരവും അധികാരശ്രേണീപരവുമായ നിരവധി ഘടകങ്ങൾ പുരോഗമനപരമെന്നു വിളിക്കപ്പെടുന്ന സംഘടനകളെ ആന്തരികമായി തന്നെ കീഴ്പ്പെടുത്തുന്നുണ്ട്. ഇതു സംഘടനകൾക്കുള്ളിൽ മാത്രമായി നിലനിൽക്കുന്നതല്ല, പുറത്തേക്കു പ്രവഹിക്കുന്നതും ജനതയ്ക്കു അനുഭവപ്പെടുന്നതുമാണ്. സംഘടനയ്ക്കള്ളിൽ ഇത്തരം ഘടകങ്ങൾ കൊണ്ട് മെരുക്കപ്പെടുന്നവർ പുറത്ത് അവയെ പ്രകടിപ്പിക്കാതിരിക്കില്ല. സംഘടനകളുടെ ജനാധിപത്യവൽക്കരണം സമൂഹത്തിന്റെയും ജനാധിപത്യത്തിന്റെയും ജനാധിപത്യവൽക്കരണത്തിനു മുന്നുപാധി ആയിരിക്കുന്നു. മാർക്സിസ്റ്റുസംഘടനകളിൽ പിടിമുറുക്കി നിൽക്കുന്ന സത്താവാദപരവും നിർണ്ണയവാദപരവും അധികാരശ്രേണീപരവുമായ സങ്കൽപ്പനങ്ങളോടു വിട പറയാതെ കൂടുതൽ ജനാധിപത്യപരമായ ഇടപെടലുകൾക്കു വേണ്ടിയുള്ള ഈ കാലഘട്ടത്തിന്റെ വിളികളെ ഏറ്റെടുക്കാൻ അവയ്ക്കു കഴിയുകയില്ല. ചരിത്രത്തിന്റെ അനിവാര്യമായ വഴികളേയും ലോകത്തെ വിമോചിപ്പിക്കുന്ന ഏകവർഗത്തേയും കുറിച്ചുള്ള സങ്കല്പനങ്ങൾ കൈവല്യത്തേയും അതീതത്തേയും കുറിച്ചുള്ള സങ്കല്പനങ്ങളുടെ ഇതരരൂപങ്ങൾ മാത്രമാണ്. അനിവാര്യമായ ചരിത്രത്തിന്റേയും തെരഞ്ഞെടുക്കപ്പെട്ട വർഗത്തിന്റേയും രൂപത്തിൽ മതാത്മകതയും അതിഭൗതികചിന്തയും മാർക്സിസ്റ്റുസംഘടനകളിലേക്കും കടന്നുവരുന്നു. ഇത്തരം സത്താവാദപരമായ നിലപാടുകൾ മാർക്സിസ്റ്റുപ്രസ്ഥാനങ്ങൾക്ക് ഒഴിവാക്കാനാത്ത അടിസ്ഥാനസമീപനങ്ങളാണെന്ന കാഴ്ചപ്പാടു തന്നെയും സത്താവാദപരമാണ്. ഒരു സവിശേഷ കാലഘട്ടത്തിന്റെ നിർമ്മിതികളായ ഇത്തരം സങ്കൽപ്പനങ്ങളെ ജനാധിപത്യത്തെ കുറിച്ച് കൂടുതൽ വെളിച്ചം ലഭിക്കുന്ന കാലത്ത് ഉപേക്ഷിക്കാനും പുതിയ സങ്കൽപ്പനങ്ങളെ ഉൾക്കൊള്ളാനും കഴിയണം. സത്താവാദത്തിൽ നിന്നും വിമോചിതമാകുന്ന നിലപാടുകൾ കൊണ്ടു മാത്രമേ മാർക്സിസ്റ്റുചിന്തക്കു രക്ഷപ്പെടാൻ കഴിയൂ.

വിജ്ഞാനവിരോധവും സിദ്ധാന്തവിരോധവും ഇടതുപക്ഷ സാംസ്കാരികപ്രസ്ഥാനങ്ങളെ കാര്യമായി തന്നെ പിടികൂടിയിട്ടുണ്ട്. പല പ്രശസ്ത ചിന്തകരേയും സവിശേഷഅറകളിലാക്കി മാറ്റി നിർത്തുകയും ഒഴിവാക്കുകയും ചെയ്യുന്ന പ്രവണത വ്യാപകമാണ്. എല്ലാറ്റിനേയും കേൾക്കുകയും പ്രതികരിക്കുകയും വ്യാഖ്യാനിക്കുകയും വിമർശിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുകയെന്ന സമീപനം ഈ വിഭാഗീയനിലപാടിലൂടെ ഇല്ലാതാകുന്നു. ആധുനികശാസ്ത്രത്തിന്റെയും ചരിത്രത്തിന്റെയും തത്വചിന്തയുടെയും ഒക്കെ മണ്ഡലങ്ങളിൽ ഉണ്ടായ വികാസത്തേയും സംപ്രത്യയങ്ങളിലും സങ്കൽപ്പനങ്ങളിലും ഉണ്ടായ പരിവർത്തനങ്ങളേയും മാറ്റത്തേയും ഉൾക്കൊള്ളുന്നതിനു കഴിവില്ലാത്തവരായി ഇടതുസാംസ്കാരിക നേതൃത്വം മാറിത്തീരുന്നു. ഉദാഹരണത്തിന് വസ്തുനിഷ്ഠത എന്ന സങ്കൽപ്പനത്തെ എടുക്കുക. ഇപ്പോഴും പഴയ സോവിയറ്റ് പാഠപുസ്തകങ്ങളിൽ ഉപയോഗിച്ച അർത്ഥങ്ങളിലും രീതികളിലുമാണ് നമ്മുടെ ഇടതുസാംസ്കാരികനായകന്മാർ ഈ സംപ്രത്യയത്തെ ഉപയോഗിക്കുന്നത്. പുതിയ തത്വചിന്തകന്മാർ മാത്രമല്ല, ക്വാണ്ടം ഭൗതികം പോലുള്ള ആധുനികശാസ്ത്രശാഖകൾ വരെ ഈ സംപ്രത്യയത്തെ വലിയ പ്രശ്നീകരണങ്ങളിലേക്കു നയിക്കുകയുണ്ടായിട്ടുണ്ടെന്നും കേവലവസ്തുനിഷ്ഠത എന്ന സങ്കൽപ്പനം സാധാരണമായ ദൈവസങ്കൽപ്പനം പോലെയായി മാറിത്തീർന്നിട്ടുണ്ടെന്നും നമ്മുടെ ഇടതുപണ്ഡിതന്മാർ അറിഞ്ഞിട്ടില്ല. കാൾ മാർക്സിന്റെ ഫോയർബാഹിനെ കുറിച്ചുള്ള തീസിസുകളും മറ്റും കൂടുതൽ ആത്മവിശ്വാസത്തോടെ വായിക്കാനും യാന്ത്രികഭൗതികവാദത്തിന്റെ നീരാളിപ്പിടുത്തത്തിൽ നിന്നും വിടുതൽ നേടാനും ഇത് അവസരം നൽകിയിരിക്കുന്നുവെന്നും ഇവർ അറിയുന്നില്ല.

ചരിത്രത്തോടു സത്യസന്ധമായ സമീപനം സ്വീകരിക്കുന്നതിൽ കാണിക്കുന്ന വിമുഖത പ്രശ്നങ്ങളെ നീട്ടിക്കൊണ്ടു പോകാൻ മാത്രമേ സഹായിക്കൂ. സോഷ്യലിസ്റ്റു ഭരണകൂടങ്ങളെന്നു പുകഴ്പെറ്റവയുടെ കാലത്ത് കലയോടും സാഹിത്യത്തോടും മറ്റും സ്വീകരിച്ച യാന്ത്രികവും സ്വേച്ഛാധിപത്യപരവുമായ സമീപനങ്ങൾ എഴുത്തുകാരേയും കലാകാരന്മാരേയും കൊലയറകളിലേക്കും തടവറകളിലേക്കും നയിച്ച അനുഭവങ്ങളെ അതിനീചമായ തെറ്റുകളായി മനസ്സിലാക്കുകയും സ്വയം വിമർശനപരമായി വിലയിരുത്തുകയും വേണം. ഗ്രോവർ ഫർ രചിച്ച ക്രൂഷ്ച്ചേവ് നുണ

പറഞ്ഞു എന്ന പുസ്തകത്തിന്റെ പ്രചരണത്തിലൂടെയും മറ്റും ഇപ്പോഴും സ്റ്റാലിൻ പ്രഭാവത്തെ സ്തുതിക്കാൻ നടത്തുന്ന ശ്രമങ്ങൾ ചരിത്രത്തെ തെറ്റായി വ്യാഖ്യാനിക്കാനുള്ള ശ്രമങ്ങൾക്കാണ് ത്വരകമാകുന്നതെന്നു കാണേണ്ടിയിരിക്കുന്നു. ചരിത്രത്തിൽ, സ്റ്റാലിൻ ഒരു വ്യക്തിയുടെ പേര് അല്ലാതെ ഒരു പ്രഭാവത്തിന്റെ പേരായി മാറിത്തീർന്നിട്ടുണ്ടെന്നു മനസ്സിലാക്കാൻ ഇനിയും വൈകിക്കൂടാ. ഒരു വ്യക്തിയെ വെള്ള പൂശിക്കൊണ്ടു പരിഹരിക്കാവുന്ന പ്രശ്നമല്ല ഇത്. സോഷ്യലിസ്റ്റ് ആദർശത്തെ മുൻനിർത്തി പ്രവർത്തിച്ച സോവിയറ്റ് യൂണിയനിലെ കമ്മ്യൂണിസ്റ്റുനേതൃത്വത്തിന്റെ എഴുപതുശതമാനത്തേയും വിപ്ലവത്തിനു ശേഷമുള്ള ഇരുപതുവർഷത്തിനുള്ളിൽ കാലപുരിയിലേക്കയച്ചുവെന്നത് ആ പ്രസ്ഥാനത്തിലെ മനുഷ്യത്വധർമ്മവിരുദ്ധതയേയും ഛിദ്രവാസനകളേയും അക്രമാസക്തിയേയും ആന്തരികദൗർബ്ബല്യങ്ങളേയും വിളിച്ചറിയിക്കുന്നുണ്ടെന്ന് ആർക്കാണ് നിഷേധിക്കാൻ കഴിയുക? ഇന്ത്യയിലെ പ്രസ്ഥാനങ്ങളിൽ പോലും ഇപ്പോഴും തുടരുന്ന ഛിദ്രവാസനകളും വിഭാഗീയതയും ഇത്തരം പ്രവണതകളുടെ തുടർച്ചയാണെന്നു ഗ്രഹിക്കാനും കഴിയണം.

സാഹിത്യത്തോടും കലയോടും സർഗാത്മകതയോടു പൊതുവിൽ തന്നെയും വളരെ യാന്ത്രികമായ സമീപനങ്ങളാണ് പുരോഗമന സാംസ്കാരിക പ്രസ്ഥാനങ്ങൾ ഇപ്പോഴും സ്വീകരിക്കുന്നതെന്നു പറയണം. ജനകീയ സാംസ്കാരിക വേദിയുടെ കാലത്തുണ്ടായ തിരുത്തുകളും മുന്നേറ്റങ്ങളും ഇപ്പോൾ പഴയ കാര്യങ്ങളായി മാറിത്തീർന്നിട്ടുണ്ട്. മുതലാളിത്ത പ്രചരണകലയുടെ ഇതരരൂപത്തെ തന്നെ പുരോഗമനത്തിന്റെ ലേബലിൽ അവതരിപ്പിക്കുന്ന സ്ഥിതി ശക്തമാണ്. സാംസ്കാരികവേദിയുടെ കാലത്തു കവിയരങ്ങുകളെ അലങ്കരിച്ചിരുന്നവർ പോലും പഴയ പടപ്പാട്ടുകളുടെയും പ്രചരണകവിതയുടെയും വക്താക്കളായി മാറിത്തീരുന്ന അവസ്ഥയും തങ്ങൾ എതിരിട്ടിരുന്നവരോടു തന്നെ ക്രമാനുസരണമാകുകയും ചെയ്യുന്ന അനുഭവങ്ങളും ഏറെയാണ്. വിമർശനത്തിന്റെ സ്വരങ്ങൾ നേർത്ത് നേർത്ത് ഇല്ലാതാകുന്നു. പരസ്പരം ഇക്കിളിപ്പെടുത്തി സന്തോഷിപ്പിക്കുന്നതിൽ ആനന്ദം കൊള്ളുന്നവരാണ് ഏറെയും. സാഹിത്യത്തിന്റെയും കലയുടെയും മറ്റും ധർമ്മമെന്ത് എന്ന ചോദ്യത്തെയും കല പകരേണ്ടുന്ന ഭാവശക്തിയേയും സവിശേഷമായ സൈദ്ധാന്തിക ഉൾക്കാഴ്ചയോടെ മുന്നോട്ടു വയ്ക്കാൻ വ്യക്തിതലത്തിലുള്ള ചില പരിശ്രമങ്ങൾ നടക്കുന്നുണ്ടെങ്കിലും പാർട്ടിലൈനിന്റെ ബാധയിൽ ഇവയെല്ലാം ബധിരകർണ്ണങ്ങളിലെത്തിച്ചേരുന്ന സ്ഥിതിയാണുള്ളത്. ഇതിനെ ധൈര്യപൂർവ്വം അഭിമുഖീകരിക്കാനും തിരുത്താനും മാറ്റിത്തീർക്കാനും ഇനിയും വൈകിക്കൂടാ.

നാം പരിഗണിക്കേണ്ടിരിക്കുന്ന രാഷ്ട്രീയഗണങ്ങൾ വർഗപരമായവ മാത്രമല്ലെന്ന്, ബഹുമുഖമായ സാമൂഹികവൈരുദ്ധ്യങ്ങളിൽ നിന്നും ഉയിർക്കൊള്ളുന്ന വ്യത്യസ്തങ്ങളായ അനേകം രാഷ്ട്രീയഗണങ്ങളെയും വിഷയങ്ങളെയും സോഷ്യലിസ്റ്റ്ശക്തികൾ പരിഗണിക്കുകയും ഉൾക്കൊള്ളുകയും ചെയ്യണമെന്ന് ഇതിനകം തിരിച്ചറിയപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. എന്നാൽ, കേരളത്തിൽ സൂക്ഷ്മ രാഷ്ട്രീയഗണങ്ങളെ കുറിച്ചുള്ള ചർച്ചകളോട് വ്യവസ്ഥാപിതഇടതുപക്ഷം ആദ്യകാലങ്ങളിൽ മുഖം തിരിച്ചു നിൽക്കുകയായിരുന്നു. ഈ വിഷയത്തിലുള്ള സംവാദങ്ങൾ ഗണ്യമായി നടന്നത് മാർക്സിസ്റ്റു ലെനിനിസ്റ്റു പ്രസ്ഥാനങ്ങളിലാണ്. സ്ത്രീ, പരിസ്ഥിതി, ജാതി, ദളിത് തുടങ്ങിയ ഗണങ്ങളെ കുറിച്ചുള്ള പഠനങ്ങളിലും മറ്റും സംഭാവനകൾ നൽകിയതും മാർക്സിസ്റ്റു ലെനിനിസ്റ്റ് പ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ചിരുന്നവരാണ്. എന്നാൽ, സൂക്ഷ്മ രാഷ്ട്രീയപ്രസ്ഥാനങ്ങളോടുള്ള വൈരുദ്ധ്യങ്ങളെ പരിഹരിക്കാൻ ഇപ്പോഴും ഇടതുപുരോഗമനപ്രസ്ഥാനങ്ങൾക്കു കഴിഞ്ഞിട്ടില്ല.

സാഹിത്യത്തോടും കലയോടും സർഗാത്മകതയോടു പൊതുവിൽ തന്നെയും വളരെ യാന്ത്രികമായ സമീപനങ്ങളാണ് പുരോഗമന സാംസ്കാരിക പ്രസ്ഥാനങ്ങൾ ഇപ്പോഴും സ്വീകരിക്കുന്നതെന്നു പറയണം. ജനകീയ സാംസ്കാരിക വേദിയുടെ കാലത്തുണ്ടായ തിരുത്തുകളും മുന്നേറ്റങ്ങളും ഇപ്പോൾ പഴയ കാര്യങ്ങളായി മാറിത്തീർന്നിട്ടുണ്ട്.

ഉദാഹരണത്തിന്, ഇന്ത്യൻ സമൂഹത്തിന്റെ സവിശേഷസ്വഭാവമായ ജാതിവ്യവസ്ഥയെ ശരിയായ ദിശയിൽ സംബോധന ചെയ്യാൻ ഇന്നേവരെയുള്ള മാർക്സിസ്റ്റു വികലനങ്ങൾക്ക് കഴിഞ്ഞിട്ടില്ല. സോഷ്യലിസം കെട്ടിപ്പടുക്കുന്നതോടെ പരിഹരിക്കപ്പെടുന്ന പ്രശ്നമായി കാണുന്ന അത്യന്തം ന്യൂനീകൃതമായ ഒരു സമീപനമാണ് അവർ സ്വീകരിച്ചിട്ടുള്ളത്. വ്യവസ്ഥാപിതമായ മാർക്സിസ്റ്റു നിലപാടുകളിലെ പരിമിതികളും ജാതിയുടേയും ജാതിവ്യവസ്ഥയുടേയും കീഴാളസമരങ്ങളുടേയും വികലനങ്ങളുമായി ബന്ധപ്പെട്ട് മുന്നോട്ടുവയ്ക്കപ്പെടുന്ന യാന്ത്രികസമീപനങ്ങളും മാർക്സിസ്റ്റുകൾക്കും സൂക്ഷ്മരാഷ്ട്രീയക്കാർക്കുമിടയിൽ, പരസ്പരം സംവദിക്കാൻ വിസമ്മതിക്കുന്ന രീതിയിൽ വഷളായ ബന്ധങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ജാതിവ്യവസ്ഥയെ വർഗ്ഗവ്യവസ്ഥയുമായി ബന്ധിപ്പിക്കാനുതകുന്ന പ്രശ്നീകരണങ്ങളോടും സിദ്ധാന്തീകരണങ്ങളോടും കീഴാളചിന്തകർ വിമനസ്ക്കരാകുന്നുവെന്ന വിമർശനം മാർക്സിസ്റ്റുകളും ഉയർത്തുന്നുണ്ട്. ഒരുമിച്ചു നില്ക്കേണ്ട വിമോചനശക്തികളെ അകറ്റുകയും പ്രതിലോമശക്തികളെ സഹായിക്കുകയും ചെയ്യുന്ന ഈ അവസ്ഥ മാറ്റിത്തീർക്കപ്പെടേണ്ടതാണ്. സവിശേഷമായ പ്രതിരോധപ്രവർത്തനങ്ങളിലൂടെ നേരിടേണ്ട പ്രശ്നമായി ജാതി മാറിത്തീരുന്നതെങ്ങനെയെന്ന് അതിന്റെ സങ്കീർണ്ണതകൾ തന്നെ വെളിപ്പെടുത്തുന്നുണ്ട്. മുതലാളിത്തത്തിന്റെ പരിഷ്ക്കരണപ്രവർത്തനങ്ങൾക്ക് ചിലതെല്ലാം ചെയ്യാൻ കഴിയും. സോഷ്യലിസ്റ്റ് നിർമ്മാണപ്രവർത്തനങ്ങൾക്കും കുറെയേറെ ചെയ്യാൻ കഴിയും. എന്നാൽ, ഈ സവിശേഷപ്രശ്നത്തിന്റെ നിർദ്ധാരണത്തിന് ജാതിയുടെ മൂല്യവ്യവസ്ഥയെ വെല്ലുവിളിക്കുകയും മാറ്റിത്തീർക്കുകയും ചെയ്യുന്ന സവിശേഷമായ പ്രവർത്തനങ്ങൾ ആവശ്യമുണ്ട്. ഇവിടെ സൂചിപ്പിക്കപ്പെട്ട എല്ലാ സാമൂഹികഗണങ്ങളുടേയും വിശകലനത്തിന് ഇങ്ങനെയൊരു സമീപനം സ്വീകരിക്കപ്പെടേണ്ടതുണ്ട്. വനിതകളുടെ ശാക്തീകരണത്തിന്റെ പ്രശ്നം സവിശേഷമായ പ്രവർത്തനങ്ങൾ ആവശ്യപ്പെടുന്നുണ്ട്. വർഗ്ഗപ്രശ്നത്തിന്റെ അനുബന്ധമായി കണ്ടുകൊണ്ട് പരിസ്ഥിതിപ്രശ്നത്തെ പോലും പരിഹരിക്കാമെന്നു കരുതരുത്.

കേരളത്തിൽ പലപ്പോഴും; ഇപ്പോഴും, ഭരണത്തിന്റെ ഭാഗമായിട്ടുള്ള ഇടതുപക്ഷം പരിസ്ഥിതിപ്രശ്നത്തോട് തീർത്തും നിഷേധാത്മകമായ നയമാണ് സ്വീകരിച്ചിട്ടുള്ളത്. ഗ്വാളിയോർ റയോൺസ് ചാലിയാർപ്പുഴയിലും പരിസരപ്രദേശങ്ങളിലും വലിയ മലിനീകരണം നടത്തിയപ്പോഴും സൈലന്റ് വാലി പ്രശ്നം ഉയർന്നു വന്നപ്പോഴും മുതൽ ആണവനിലയങ്ങൾ, പൂയംകുട്ടി വനമേഖലാസംരക്ഷണം, ആതിരപ്പള്ളി, പശ്ചിമഘട്ടസംരക്ഷണം, കെ റെയിൽ വരെ വിവിധ പദ്ധതികളുടെ നിർദ്ദേശങ്ങൾ വരുമ്പോൾ പരിസ്ഥിതിപ്രശ്നങ്ങളെ പ്രധാനമായി കാണുന്ന ഒരു സമീപനം അതു സ്വീകരിക്കുന്നില്ല. ആഗോളതാപനത്തിന്റെയും ആഗോളതലത്തിലുള്ള വലിയ കാലാവസ്ഥാവ്യതിയാനത്തിന്റെയും കേരളത്തിലെ തന്നെ സമീപകാല പ്രകൃതിദുരന്തങ്ങളുടെയും പശ്ചാത്തലത്തിൽ പോലും പരിസ്ഥിതിയെ ഏറെ ഗൗരവത്തോടെ സമീപിക്കേണ്ടതുണ്ടെന്നു മനസ്സിലാക്കാൻ അതിനു കഴിഞ്ഞിട്ടില്ല. പരിസ്ഥിതിയും വികസനവും കൂടിച്ചേരുന്ന സംവാദങ്ങളിൽ മുതലാളിത്തവികസനത്തിന്റെ വലിയ വക്താക്കളായി ഇവർ രംഗത്തു വരുന്നതിനെയാണ് കെ റെയിലിനെ കുറിച്ചുള്ള ചർച്ചകൾ കാണിച്ചുതന്നത്. പരിസ്ഥിതിപ്രശ്നം ഭൂമിയുടേയും ജീവരാശിയുടേയും നിലനിൽപ്പിന്റെ പ്രശ്നമായി മാറിത്തീർന്നിരിക്കുന്നുവെന്ന വലിയ വിവേകത്തിലേക്കു ലോകം സഞ്ചരിച്ചു തുടങ്ങുമ്പോൾ പോലും അതിനെ തരിമ്പും ഉൾക്കൊള്ളാതിരിക്കുന്ന ഈ സമീപനം കേരളത്തിലെ പുരോഗാമിയെന്നു വിവക്ഷിക്കപ്പെടുന്ന സാംസ്കാരികപ്രസ്ഥാനങ്ങളിൽ കുടിയിരിക്കുന്ന പ്രതിലോമമൂല്യങ്ങളെ വിവൃതമാക്കുന്നതാണ്.

സമൂഹത്തിൽ സോഷ്യലിസ്റ്റു ശക്തികൾക്ക് മുൻകൈ നേടുന്നതിന് ധൈഷണികവും സാംസ്കാരികവുമായ മേൽക്കൈ നേടണമെന്ന്, ഇതിനായി സമൂഹത്തിലെ വിവിധ രാഷ്ട്രീയഗണങ്ങളുമായി സഖ്യങ്ങളിലും സമവായങ്ങളിലുമെത്തണമെന്ന് എത്രയോ അനുഭവങ്ങൾ പഠിപ്പിച്ചു കഴിഞ്ഞു. വനിതകളുടെ മേഖലയിലും ആദിവാസി, ദളിത് മേഖലകളിലും മറ്റുമുള്ള പ്രവർത്തനങ്ങളും പാരിസ്ഥിതികപ്രവർത്തനവുമെല്ലാം സാമ്പത്തിക മേഖലയിലെ പ്രവർത്തനത്തിന്റെ അനുബന്ധമായി കാണുന്ന സമീപനം ഉപേക്ഷിക്കപ്പെടണം. ഉല്പാദനബന്ധങ്ങളേക്കാളുപരിയായി പ്രത്യുല്പാദനബന്ധങ്ങൾക്കോ ജാതിപ്രശ്നത്തിനോ വിപണിബന്ധങ്ങൾക്കോ ഒക്കെ പ്രാധാന്യം കൈവരുന്ന സന്ദർഭങ്ങളുണ്ടാകാമെന്ന ബഹുസ്വരബോധം കാലം ആവശ്യപ്പെടുന്നു. മുതലാളിത്തത്തിന്റെ വികാസം അനിവാര്യമായും സോഷ്യലിസത്തിലേക്കു നയിക്കപ്പെടുമെന്ന നിർണ്ണയവാദപരമായ സമീപനം ഉപേക്ഷിക്കപ്പെടണം. മറിച്ച്, മുതലാളിത്തത്തിന്റെ വികാസം പ്രകൃതിവിഭവങ്ങളുടേയും സമകാലനാഗരികതയുടേയും ഭൂമിയുടെ തന്നെയും നാശത്തിലേക്കാണ് നയിക്കപ്പെടുന്നതെന്നു നമ്മുടെ അനുഭവങ്ങൾ തന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ഇതിന്റെയർത്ഥം സമ്പദ്മേഖലയും പരിസ്ഥിതി മേഖലയും ഒരുമിച്ചു തന്നെ രാഷ്ട്രീയസമരത്തിന്റെ വേദിയായി മാറുന്നുവെന്നാണ്. സമ്പദ്മേഖലയിലെ ചലനത്തെ ലളിതമായ അനിവാര്യനിയമങ്ങൾ കൊണ്ട് വിശദീകരിക്കുക അസാദ്ധ്യമാണ്. സാംസ്കാരികമണ്ഡലത്തിൽ ജനപക്ഷത്തു നിന്നും ഉയർന്നു വരുന്ന പ്രക്ഷോഭങ്ങളെ പിന്തുണയ്ക്കാൻ ഇടതുപക്ഷം തയ്യാറാകുന്ന സ്ഥിതി ഉണ്ടാകുകയെന്നതു തന്നെ വളരെ പ്രധാനമാണ്. മനുഷ്യരുടെ നിറം, സൗന്ദര്യം, ശരീരം, വെടിപ്പ്, വൃത്തി, ഭക്ഷണം, വസ്ത്രങ്ങൾ ഇവയെ കുറിച്ചൊക്കെ നിലനിൽക്കുന്ന വ്യവസ്ഥിതവും പരമ്പരാഗതവുമായ ധാരണകളെ ചെറുക്കാൻ യുവത മുന്നോട്ടുവരുമ്പോൾ അവയൊക്കെ പിന്തുണയ്ക്കപ്പെടേണ്ടതുണ്ട്. ജാതിരഹിതവും മതരഹിതവും ആചാരരഹിതവുമായ വിവാഹങ്ങൾ, വിവാഹമില്ലാതെ തന്നെ ഒരുമിച്ചു താമസിക്കാനുള്ള തീരുമാനങ്ങൾ, ചുംബനസമരങ്ങളിലൂടെയും മറ്റും പ്രകടിപ്പിക്കപ്പെട്ട സ്വാതന്ത്ര്യവാഞ്ഛകൾ ഇവയെല്ലാം ലക്ഷ്യബോധത്തോടു കൂടി ഇടതുപക്ഷത്തിന്റെ പിന്തുണ ആവശ്യപ്പെടുന്നുണ്ട്.

ആധുനിക ജനാധിപത്യമൂല്യങ്ങൾക്കു വിരുദ്ധമായ ബ്രാഹ്മണിക് ആശയങ്ങൾക്ക് ഇന്ത്യയുടെ പൊതുബോധത്തിലുള്ള പ്രാമുഖ്യത്തേയും മുൻകൈയേയും ചെറുക്കുകയും മാറ്റിത്തീർക്കുകയും ചെയ്യുന്ന സാംസ്കാരികപ്രവർത്തനമാണ് പുരോഗമനസാംസ്കാരികപ്രസ്ഥാനങ്ങൾക്കു നിർവ്വഹിക്കാനുള്ളത്. ഇന്ത്യൻ ചരിത്രം പരിശോധിച്ചാൽ, ബുദ്ധന്റെ ധർമ്മരാഷ്ട്രീയവും അധ:സ്ഥിതജനതയുടെ നേതൃത്വത്തിൽ ശക്തിയാർജ്ജിച്ച ഭക്തിപ്രസ്ഥാനവും തൊഴിലാളിവർഗ്ഗകമ്മ്യൂണിസ്റ്റുരാഷ്ട്രീയവും ഇതിനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ടെന്നു കാണാം. ഗ്രാംചി ദർശിക്കുന്നതു പോലെ പുരോഗാമികളുടെ പക്ഷം പൊതുസമൂഹത്തിൽ രാഷ്ട്രീയവും ധൈഷണികവും സാംസ്കാരികവുമായ മുൻകൈ നേടിയെടുക്കുകയെന്നതു പ്രധാനമാണ്. രാഷ്ട്രീയപ്രവർത്തനത്തിന്റെ പോലും പ്രഥമലക്ഷ്യം ഭരണകൂടാധികാരം സ്ഥാപിച്ചെടുക്കുകയെന്നതല്ല. അതിന്റെ പ്രധാന പ്രവർത്തനമേഖല പൊതുമണ്ഡലമാണ്. ജനാധിപത്യപൊതുമണ്ഡലത്തിന്റെ വികാസം ജനാധിപത്യത്തിന്റെ മാത്രമല്ല, സോഷ്യലിസ്റ്റ് ആശയങ്ങളുടേയും വളർച്ചയ്ക്ക് ആവശ്യമാണ്. സാമൂഹികപ്രവർത്തനത്തിന്റെ ഒന്നൊഴിയാതുള്ള എല്ലാ രൂപങ്ങളും സ്വായത്തമാക്കാൻ രാഷ്ട്രീയ, സാംസ്കാരികപ്രസ്ഥാനങ്ങൾക്ക് ഒന്നുചേർന്നു കഴിയണം. ഒന്നിൽ നിന്നും മറ്റൊന്നിലേക്ക് അതിവേഗത്തിലും പൊടുന്നനെയും മാറാൻ സാംസ്കാരികപ്രവർത്തകരും തയ്യാറായിരിക്കണം. ചരിത്രം നിരന്തരം ഉല്പാദിപ്പിച്ചു കൊണ്ടിരിക്കുന്ന പുതിയ ധാരണകളെ അറിയുകയും നിരന്തരം പുതുക്കുകയുമെന്നത് ഏറെ പ്രധാനമാണ്. പരമ്പരാഗതമായ ധാരണകളിൽ തളച്ചിടപ്പെടുന്ന രീതിയിൽ ഏതെങ്കിലും ഒരു പ്രവർത്തനശൈലിയുടെയോ രീതിശാസ്ത്രത്തിന്റെയോ പിടിയിൽ പെട്ടു പോകരുത്. (കേരളത്തിലെ സാംസ്കാരികപ്രസ്ഥാനങ്ങളെ കീഴ്പ്പെടുത്തിയിരിക്കുന്നത് ഈ നിഷേധപ്രവണതയാണെന്നു കാണാവുന്നതാണ്.) സർഗാത്മകമായ ഒരു അരാജകത്വം ചരിത്രം വച്ചു നീട്ടുന്ന പുതിയ സാദ്ധ്യതകളെ സ്വീകരിക്കാനും എല്ലാ വ്യവഹാരങ്ങളോടും തുറന്ന സമീപനങ്ങളെ സ്വീകരിക്കാനും ആവശ്യമാണ്. ജനകീയസാംസ്കാരികവേദിയുടെ ഇടക്കാലത്തെയെങ്കിലും പ്രവർത്തനത്തിൽ കുറഞ്ഞ രൂപത്തിലെങ്കിലും ഇതു പ്രകടമായിരുന്നു. സാംസ്കാരികവേദിയുടെ ധനാത്മകസംഭാവനയായി ഇതിനെ കാണണം. എല്ലാ പുരോഗമനചിന്തകൾക്കും കടന്നുകയറാനും കൂടിക്കുഴയാനും പരസ്പരം പ്രതിപ്രവർത്തിക്കാനും അവസരമൊരുക്കുകയെന്നത് പ്രധാനമാണ്.

■

> ആധുനിക ജനാധിപത്യമൂല്യങ്ങൾക്കു വിരുദ്ധമായ ബ്രാഹ്മണിക് ആശയങ്ങൾക്ക് ഇന്ത്യയുടെ പൊതുബോധത്തിലുള്ള പ്രാമുഖ്യത്തേയും മുൻകൈയേയും ചെറുക്കുകയും മാറ്റിത്തീർക്കുകയും ചെയ്യുന്ന സാംസ്കാരികപ്രവർത്തനമാണ് പുരോഗമനസാംസ്കാരിക പ്രസ്ഥാനങ്ങൾക്കു നിർവ്വഹിക്കാനുള്ളത്.



**വി കെ ബാബു**

# സംഘപരിവാർ രാഷ്ട്രീയപ്രയോഗങ്ങളുടെ നാനാർത്ഥങ്ങൾ

സംഘപരിവാർ ഭരണകൂടത്തിനെതിരെ ഏറ്റവും ഫലപ്രദമായ ചെറുത്തുനിൽപ്പ് ഇന്ത്യയിൽ പ്രവർത്തിക്കുന്ന ഏതൊരു ജനാധിപത്യ മതേതര പ്രസ്ഥാനത്തിന്റേയും അടിയന്തിരകടമയായി മാറിയിരിക്കുന്ന സന്ദർഭമാണിത്. അതിൽ സംഭവിക്കാവുന്ന ഏതൊരു വീഴ്ചയും ഇന്ത്യ എന്ന എന്ന ആശയത്തിന്റെ നിലനിൽപ്പിനെ ബാധിക്കുന്ന ഒന്നായിത്തീരും എന്നുള്ളത് ഉറപ്പാണ്. എല്ലാ വിഭാഗം ജനങ്ങളേയും വ്യാപകമായി അണിനിരത്തിക്കൊണ്ടുമാത്രമേ സംഘപരിവാർ ഫാസിസത്തിനെതിരെയുള്ള സമരങ്ങൾ വികസിപ്പിക്കാനാവുകയുള്ളൂ. സാമ്പ്രദായികമായ വിശകലനങ്ങൾക്കപ്പുറം പോയി സംഘപരിവാർ സംഘടനകളുടെ നവീന തന്ത്രങ്ങളെ കൃത്യമായി പഠിച്ചുകൊണ്ടു മാത്രമെ ഇടതു ജനാധിപത്യപ്രസ്ഥാനങ്ങൾക്ക് തങ്ങളുടെ സമരം വിജയിപ്പിക്കാൻ കഴിയൂ. നിരന്തരം പുതുക്കപ്പെട്ടു കൊണ്ടിരിക്കുന്ന സംഘപരിവാർ തന്ത്രങ്ങളെ നേരിടുന്നതിന് സൈദ്ധാന്തികരംഗത്തും പ്രായോഗികരംഗത്തും നവീകരിച്ച രാഷ്ട്രീയപ്രയോഗങ്ങൾ അത്യാവശ്യമാണ്. അക്കാദമിക് മേഖലകളിൽ നിന്ന് വരുന്ന പുതിയ പഠനങ്ങളെ സ്വാംശീകരിച്ചുകൊണ്ടുമാത്രമേ ഇത്തരം പുതുക്കലുകൾ ഇടതുജനാധിപത്യ പ്രസ്ഥാനങ്ങൾക്ക് ഫലപ്രദമായി നിർവഹിക്കാനാവുകയുള്ളൂ. ആ ദിശയിൽ വന്ന പ്രസക്തമായ ചില നിരീക്ഷണങ്ങളെ ആസ്പദമാക്കിയുള്ള ചില വിചാരങ്ങളാണ് ഈ കുറിപ്പിൽ .

1925 ൽ രൂപീകൃതമായ രാഷ്ട്രീയ സ്വയം സേവക സംഘം അഥവാ ആർ എസ് എസ് അതിന്റെ ജന്മശതാബ്ദിയോടടുക്കുകയാണ്. ഇന്ത്യൻ റിപ്പബ്ളിക്കിനെ ഒരു ഹിന്ദുരാഷ്ട്രമാക്കി മാറ്റുക എന്ന തങ്ങളുടെ അജണ്ടയോട് അടുക്കുകയാണ് ആ സംഘടന എന്നും നൂറാമത്തെ വർഷത്തിൽ അതു ഔദ്യോഗികമായി പ്രഖ്യാപിക്കാൻ ബി ജെ പി സർക്കാരിന് 2025 ൽ കഴിയും എന്നും കരുതുന്നവർ ഉണ്ട്. സംഘപരിവാറിനെ അനുകൂലിക്കുന്നതും പ്രതികൂലിക്കുന്നതും ആയ രാഷ്ട്രീയനിരീക്ഷകർ അക്കൂട്ടത്തിലുണ്ട്. പുരോഗമന സ്വഭാവത്തോടെ ഗവേഷണം നടത്തുന്ന ഏറെ രാഷ്ട്രീയവിദ്യാർത്ഥികൾ ആശങ്കയോടെ അതു പങ്കുവെയ്ക്കുന്നുണ്ട്. ഇന്ത്യൻ ജനതയുടെ ഏറ്റവും അടിത്തട്ടിലേയ്ക്ക് കടന്നുചെന്ന് നിഷ്കളങ്കരായ മനുഷ്യരെ ഹൈന്ദവഫാസിസ്റ്റ് കക്ഷിയ്ക്കൊപ്പം നിർത്താനുള്ള ഒട്ടേറെ പദ്ധതികൾ ഫലം കണ്ടുകൊണ്ടിരിക്കുന്നു എന്ന യാഥാർത്ഥ്യത്തിനു നേരെ കണ്ണടയ്ക്കാൻ കഴിയില്ല. 2014 ലേയും 2019 ലേയും ലോകസഭാ തെരഞ്ഞെടുപ്പുഫലങ്ങളേയും ഒരു ദശകത്തിനുള്ളിൽ വിവിധ സംസ്ഥാനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പുഫലങ്ങളേയും വിശകലനത്തിന് വിധേയമാക്കി രാഷ്ട്രീയപ്രയോഗങ്ങളിൽ ആർ എസ് എസ് നടത്തിയ പുതുക്കലുകളെക്കുറിച്ച് ബദ്രി നാരായൺ തന്റെ Republic of Hindutva: How the Sangh is Reshaping Indian Democracy എന്ന പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. വർഗീയ കലാപങ്ങളിൽ നിന്ന് മാറിനിന്ന് തങ്ങളുടെ പ്രതിച്ഛായ മെച്ചപ്പെടുത്താനായി ജീവകാരുണ്യ

മേഖലയിൽ കൂടുതൽ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് മുന്നോട്ട് പോകുകയാണ് സംഘപരിവാർ സംഘടനകൾ എന്ന് അദ്ദേഹം നിരീക്ഷിക്കുന്നു.

സാമൂഹ്യനീതിയുടെയും ജനാധിപത്യത്തിന്റേയും ചാമ്പ്യന്മാർ ആണെന്നു വരുത്തിത്തീർക്കാൻ വലിയ മാധ്യമസ്ഥാപനങ്ങളുടെ സഹായത്തോടെ സംഘപരിവാർ ശ്രമം തുടങ്ങിയിട്ട് ദശകങ്ങളായി. കോൺഗ്രസ് പാർടി ഇന്ത്യയിൽ ഇതഃപര്യന്തം നടപ്പാക്കിയ ജനാധിപത്യവിരുദ്ധ പരിപാടിയെ എതിർക്കുന്നു എന്ന ഇമേജ് നിലനിർത്തിക്കൊണ്ടാണ് ഇതു സംഘപരിവാർ ചെയ്തുവരുന്നത്. അതിൽ വലിയ അളവിൽ അവർ വിജയിക്കുന്നുണ്ട് എന്ന വസ്തുത കാണാതിരിക്കാനാവില്ല. ഒ ബി സി, ദളിത്, ആദിവാസി വിഭാഗങ്ങളെ പ്രത്യേകം ലക്ഷ്യമാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ രണ്ടാം മോദി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പല മടങ്ങ് അവർ വർദ്ധിപ്പിച്ചതായി കാണാം. ജനാധിപത്യകാഴ്ചപ്പാടും സംഘി സമീപനവും ഒരിക്കലും ഒത്തുപോകില്ലെന്ന വാസ്തവം നിലനിൽക്കെ തന്നെ മാധ്യമങ്ങളുടെ സഹായത്തോടെയുള്ള ഇത്തരം പ്രചാരണങ്ങൾ വഴി ഒട്ടേറെ പേരെ ആശയക്കുഴപ്പത്തിലാക്കാനും തങ്ങളുടെ പക്ഷത്തേയ്ക്കടുപ്പിക്കാനും അവർക്ക് കഴിയുന്നുണ്ട്. ഇതു സംഘപരിവാർ ഫാസിസത്തിനെതിരെ പൊരുതുന്ന ജനാധിപത്യപ്രസ്ഥാനങ്ങളുടെ സവിശേഷശ്രദ്ധ പതിയേണ്ടുന്ന ഒരു മേഖലയാണ്. സവർണ മേധാവിത്വത്തെക്കുറിച്ചുള്ള പരമ്പരാഗതമായ വിമർശനങ്ങൾക്കപ്പുറം മൂർത്ത സാഹചര്യത്തിൽ കൺമുന്നിൽ പ്രവർത്തനക്ഷമമായിക്കൊണ്ടിരിക്കുന്ന തന്ത്രങ്ങളെ ഫലപ്രദമായി സംബോധന ചെയ്യാൻ തയ്യാറായേ തീരൂ.

അടിത്തട്ടിലെ ജനവിഭാഗങ്ങൾക്കിടയ്ക്ക് കടന്നുകയറി ആ



ജനതയെ സബാൾട്ടേൺ ഹിന്ദുത്വ എന്നു വിളിക്കാവുന്ന ഒരു പദ്ധതിയുടെ ഭാഗമാക്കാനാണ് ചങ്ങാത്ത മുതലാളിത്ത ശക്തികളും സവർണ പ്രമാണിമാരും നയിക്കുന്ന സംഘപരിവാറിന്റെ അജണ്ട. എല്ലാവരേയും ഉൾക്കൊള്ളുന്ന (inclusive) ഒരു ഹിന്ദുത്വപ്രത്യയശാസ്ത്രത്തെക്കുറിച്ച് സംഘപരിവാർ ബുദ്ധികേന്ദ്രങ്ങൾ കൂടുതൽ കൂടുതലായി സംസാരിച്ചുകൊണ്ടിരിക്കുന്നത് ഈ പശ്ചാത്തലത്തിൽ വേണം വിലയിരുത്താൻ. ഹിന്ദുത്വയുടെ സ്വാധീനമേഖലകൾ വികസ്വരമാക്കാനും അതുവഴി തെരഞ്ഞെടുപ്പു ജനാധിപത്യത്തിലൂടെ തന്നെ ഹിന്ദു രാഷ്ട്രത്തിലേയ്ക്ക് മുന്നേറാനുമാണ് സംഘപരിവാർ ലക്ഷ്യമിടുന്നത്. ദളിതുകളോടും ആദിവാസികളോടും മറ്റു പിന്നോക്കവിഭാഗങ്ങളോടും സംവദിച്ച് തങ്ങൾ ശത്രുക്കളല്ലെന്ന് അവരെ ബോധ്യപ്പെടുത്താനാണ് ഹിന്ദുത്വശക്തികൾ ആഞ്ഞു പണിയെടുക്കുന്നത്. മുസ്ലിം വിരോധം ജ്വലിപ്പിച്ചുനിർത്തി ആ ജനവിഭാഗത്തെ അപരവത്കരിച്ച് ഹിന്ദു സമുദായത്തിലെ പിന്നോക്ക വിഭാഗങ്ങളെ പാട്ടിലാക്കാനുള്ള യത്നങ്ങൾ മുന്നോട്ടുകൊണ്ടുപോവാൻ അവർക്ക് കഴിയുന്നുണ്ട്. ഹിന്ദുത്വശക്തികളുടെ വളർച്ചയെ ലക്ഷ്യമാക്കിയുള്ള ഇത്തരം തന്ത്രങ്ങൾക്ക് തടയിടാൻ രാജ്യത്തെ മതേതര ജനാധിപത്യപാർടികൾക്ക് കഴിയുന്നില്ല എന്നതാണ് വാസ്തവം. അവർ ഒന്നുകിൽ മൃദുഹിന്ദുത്വത്തിൽ അഭയം തേടുകയോ അല്ലെങ്കിൽ വീഭാഗിയസമീപനം സ്വീകരിക്കുകയോ വഴി ഫാസിസ്റ്റു വിരുദ്ധശക്തികളുടെ ഏകോപിതമുന്നേറ്റങ്ങൾക്ക് തടസ്സം നിൽക്കുകയോ ചെയ്യുന്നു. ഇന്ത്യ എന്ന ആശയത്തെ തന്നെ തകർക്കാനായുന്ന ഫാസിസ്റ്റ് നീക്കങ്ങളെ നിസ്സഹായമായി നോക്കിനിൽക്കാനേ ഇത്തരം പാർടികൾക്ക് കഴിയുന്നുള്ളൂ. ദളിതുകളുടേയും മറ്റു പല പിന്നോക്ക സമുദായങ്ങളുടേയും മതപരവും ആത്മീയവുമായ ഐക്കണുകളെ തട്ടിയെടുത്തും അവയ്ക്ക് ഹിന്ദുത്വയിൽ അക്കമഡേഷൻ കൊടുത്തുമാണ് സംഘപരിവാർ ഇതു നടപ്പാക്കുന്നത്. അവരുടെ തനതായ ആഘോഷങ്ങളുടേയും ഉത്സവങ്ങളുടേയും നടത്തിപ്പുകാരായി മാറി അവയെ അവർ മുമ്പോട്ടുവയ്ക്കുന്ന ഹിന്ദുത്വ സാസ്കാരികദേശീയതയുമായി ഉദ്ഗ്രഥിക്കാനാണ് ശ്രമം.

ഗോത്രീയവും സാമുദായികവുമായ ഐക്കണുകളെ ആസ്പദമാക്കിയുള്ള സാമൂഹ്യമായ ഉൾപ്പെടുത്തലുകൾ (social inclusions) രാജ്യത്തിന്റെ വിവിധ ഭാഗ

ങ്ങളിലേയ്ക്ക് പടർന്നു കയറി സ്വാധീനം ഉറപ്പിക്കുന്നതിൽ ഹിന്ദുത്വ ശക്തികളെ സഹായിക്കുന്നു. രാജ്യത്തുടനീളം ഏകീകൃതമായ അടിത്തറ സംജാതമാക്കി സംഘപരിവാറിന്റെ വളർച്ചയെ നിർണായകമായി പരിപോഷിപ്പിക്കുന്ന ഘടകമായി ഇതു മാറുകയാണ്. ബി ആർ അംബേദ്കറെ ഹിന്ദുത്വയ്ക്കകത്തേയ്ക്ക് ആഗിരണം ചെയ്യാനും ഒരു ഐക്കണായി പ്രതിഷ്ഠിക്കാനും സംഘപരിവാർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതിന് ഒരു പക്ഷേ നിർബന്ധിതമാവുന്ന സാഹചര്യവും ഉണ്ട്. തീവ്രഹിന്ദുത്വശക്തികളുടെ ശക്തമായ എതിർപ്പ് ഇക്കാര്യത്തിൽ ബാഹ്യതലത്തിലും ആന്തരികതലത്തിലും ഉണ്ടെങ്കിലും അവ പരിഗണിക്കാതെ സംഘപരിവാർ മുമ്പോട്ടുപോവുകയാണ്. ആർ എസ് എസ് ദളിതുകളുടേയും മർദ്ദിതജാതികളുടേയും മതപരവും ആത്മീയവുമായ ആശങ്കകളിൽ ശ്രദ്ധകേന്ദ്രീകരിക്കുമ്പോൾ ബി ജെ പി ആ വിഭാഗങ്ങളുടെ രാഷ്ട്രീയവും സാമൂഹ്യവുമായ ആശങ്കകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണ്. ഇത്തരം സാമൂഹ്യ സഖ്യങ്ങളിലൂടെ ഹിന്ദുത്വ ആശയങ്ങളും ദളിത് മുന്നേറ്റത്തിന്റെ ആശയങ്ങളും തമ്മിലുള്ള വൈരുദ്ധ്യം ഒരിക്കലും പരിഹരിക്കാൻ കഴിയുന്നതല്ല എന്നതാണ് വാസ്തവം. ഇതു മനസ്സിലാക്കാതെ പ്രവർത്തിക്കുന്ന ജാതി ഗോത്ര സംഘടനകൾ ഫലത്തിൽ സംഘപരിവാറിനെ സഹായിക്കുകയാണ് ചെയ്യുന്നത്. സംഘപരിവാറിന്റെ യഥാർത്ഥ അജണ്ട എത്രമാത്രം ഈ വിഭാഗങ്ങളുടെ താത്പര്യങ്ങൾക്ക് എതിരാണ് എന്നത് പ്രോയോഗിക തലത്തിൽ തന്നെ അനാവരണം ചെയ്യുന്ന ജാതി ഉന്മൂലനപ്രസ്ഥാനം പോലുള്ള രാഷ്ട്രീയപ്രയോഗങ്ങളാണ് ഈ സാഹചര്യത്തിൽ അനിവാര്യമായിട്ടുള്ളത്. ഈ വിഭാഗങ്ങളുടെ ജീവിതാവശ്യങ്ങൾ ഉയർത്തിയുള്ള ബഹുജനപ്രക്ഷോഭങ്ങൾ തന്നെ ആയിരിക്കും ഏറ്റവും ഫലപ്രദമായി ഇക്കാര്യത്തിൽ സംഘപരിവാറിനെ തുറന്നുകാട്ടാൻ സഹായിക്കുക.

> സവർണാധിപത്യമുള്ള ഹിന്ദു മതസ്വത്വത്തെ രാഷ്ട്രീയ സ്വത്വമായി പരിവർത്തിപ്പിച്ച് അതിനെ ഇന്ത്യൻ ദേശീയതയുമായി തുല്യപ്പെടുത്താനാണ് സംഘപരിവാർ ശ്രമിക്കുന്നത്. ഹിന്ദുത്വ ഫാസിസ്റ്റ് അജണ്ടയും നവ ഉദാരവത്കരണ വികസനമാതൃകയും സമ്മേളിപ്പിക്കുന്ന കൗശലം ഇതിനകത്താണ് പ്രവർത്തനക്ഷമമാകുന്നത്.

എന്നാൽ ഇത്തരം സമരങ്ങൾ കൊണ്ട് മാത്രം സാംസ്കാരിക ദേശീയതയെ ആസ്പദമാക്കി പ്രവർത്തിക്കുന്ന സംഘപരിവാർ ഫാസിസത്തെ തടയാൻ കഴിയുമെന്ന് കരുതാനാവില്ല. സാമൂഹ്യ സാംസ്കാരികരംഗത്തെ സമരങ്ങൾക്കും പ്രയോഗങ്ങൾക്കും ഇവിടെ പ്രധാന റോൾ ഉണ്ട്. ദീർഘമേറിയ ഒരു സാംസ്കാരികവിപ്ലവം തന്നെയാണ് ഹിന്ദുത്വ പ്രത്യയശാസ്ത്രങ്ങൾക്കെതിരായി വേണ്ടിവരിക. കാരണം സഹസ്രാബ്ദങ്ങളായി വേരുറച്ച ഹിന്ദുത്വബോധം ജനസാമാന്യത്തിനിടയിൽ പൊതുബോധമായി ഇപ്പോഴുമുണ്ട്. ഹൈന്ദവ ധർമശാസ്ത്രം എന്നു വിളിക്കപ്പെടുന്ന ആശയസംഹിത ചാതുർവർണ്യത്തിന്റെ ശ്രുതികളും സ്മൃതികളും ഉൾവഹിക്കുന്നവയാണ്. അവയ്ക്ക് ജനങ്ങളുടെ ബോധമണ്ഡലത്തിൽ ആഴത്തിൽ വേരുകളുണ്ട്. അതിനെ ഇളക്കി ആധുനിക ജനാധിപത്യ ബോധം സ്ഥാപിക്കുക എന്നത് സാമ്പത്തിക സമരം കൊണ്ട് മാത്രം കഴിയുന്ന ഒന്നല്ല . ജുഡീഷ്യറി ഉൾപ്പെടെ ഈ ഹിന്ദുത്വ പൊതുബോധത്തിന് കീഴ്പെടുകയാണ് എന്ന തോന്നലുണ്ടാക്കുന്നതാണ് അടുത്ത കാലത്ത് വന്ന കോടതിവിധികൾ. ബിൽക്കീസ് ബാനു കേസിലെ സവർണരായ പ്രതികളെ മോചിപ്പിച്ചതുൾപ്പെടെയുള്ള നടപടികൾ ഭരണകൂടം നിയമവാഴ്ചയെ പരസ്യമായി വെല്ലുവിളിക്കുന്ന അവസ്ഥയിലെത്തുന്നു എന്നതാണ് സൂചിപ്പിക്കുന്നത്.

ഹിന്ദുത്വ ദേശീയതയുടെ മിത്തിക്കൽ സ്വഭാവവും ചങ്ങാത്ത മുതലാളിത്തത്തിന്റെ അക്രാമകചൂഷണവും ഒത്തിണങ്ങിയ ഒരു നേതാവിനെ നരേന്ദ്ര മോദിയിൽ സംഘപരിവാർ കണ്ടെത്തുകയാണ്. ഇവിടെ നിലവിലുണ്ടായിരുന്ന കാര്യപ്രാപ്തിയില്ലാത്ത ലിബറൽ ജനാധിപത്യ വ്യവസ്ഥയിൽ നിന്നും ജനതയെ ഹിന്ദുത്വ ദേശീയതയിലേയ്ക്ക് 'വിമോചിപ്പിച്ച് ' ഹിന്ദുരാഷ്ട്രം പണിയാനാണ് ശ്രമം. സവർണാധിപത്യമുള്ള ഹിന്ദു മതസ്വത്വത്തെ രാഷ്ട്രീയ സ്വത്വമായി പരിവർത്തിപ്പിച്ച് അതിനെ ഇന്ത്യൻ

ദേശീയതയുമായി തുല്യപ്പെടുത്താനാണ് സംഘപരിവാർ ശ്രമിക്കുന്നത്. ഹിന്ദുത്വ ഫാസിസ്റ്റ് അജണ്ടയും നവ ഉദാരവത്കരണ വികസനമാതൃകയും സമ്മേളിപ്പിക്കുന്ന കൗശലം ഇതിനകത്താണ് പ്രവർത്തനക്ഷമമാകുന്നത്. അതുകൊണ്ടുതന്നെ അതിനെ മറികടക്കുക ശ്രമകരമായ ദൗത്യമാണ്. പരമാവധി ജനകീയൈക്യം സാധ്യമാക്കിക്കൊണ്ടേ അതു ചെയ്യാൻ കഴിയുകയുള്ളൂ. നിയോ ലിബറൽ കാലഘട്ടത്തിലെ ഫാസിസത്തിന്റെ സവിശേഷതകൾ ശരിയായി മനസ്സിലാക്കിക്കൊണ്ടേ ഇതു സാധിക്കുകയുള്ളു. ക്ലാസ്സിക്കൽ യൂറോപ്യൻ ഫാസിസത്തിന്റെ വിശകലനത്തിൽ നിന്നു മാത്രം അതിനെ നേരിടാനുള്ള വഴികൾ ലഭിക്കുകയില്ല. അതു ഇന്ത്യൻ സവിശേഷതകളുള്ള ഫാസിസം ആയിരിക്കേ ഇന്ത്യൻ സമൂഹത്തിന്റെ ചരിത്രവും രൂപീകരണവും ഘടനയും പ്രധാനമായി പഠനത്തിന് വിധേയമാക്കേണ്ടതുണ്ട്.

ഫാസിസം ലിബറൽ സാമ്പത്തികവ്യവസ്ഥയുടെ പ്രതിസന്ധി മൂടിവെയ്ക്കാനുതകുന്നു എന്നു മുമ്പേ നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യയിലെ ഹിന്ദുത്വഫാസിസം സാമ്പത്തിക വ്യവസ്ഥയുടെ മാത്രമല്ല, ബ്രാഹ്മണിക്കൽ പ്രത്യയശാസ്ത്രത്തിലധിഷ്ഠിതമായ സാമൂഹ്യവ്യവസ്ഥയുടെ പ്രതിസന്ധിയും മറച്ചുവെയ്ക്കുന്ന തരത്തിൽ പ്രയോഗക്ഷമമാകുന്നുണ്ട്. മധ്യവർഗത്തിന്റെ ഇടയിൽ ഇത്തരം വ്യാജനിർമാണങ്ങൾ ഹിന്ദുത്വത്തിന് സമ്മതി ഉണ്ടാക്കുന്നുണ്ട്. അധികാരകേന്ദ്രിതമായ ജനപ്രിയത (Authoritarian Populism) അതിന്റെ ഭാഗമാണ്. യുക്തി നഷ്ടപ്പെട്ട ആൾക്കൂട്ടബോധം അതിന്റെ അടിസ്ഥാനവും. ശക്തമായ ഭരണകൂടം എന്ന ആശയത്തെ നോർമലൈസ് ചെയ്യുകയും ജനങ്ങളുടെ കണ്ണിൽ പൊടിയിടുന്ന ജനപ്രിയ നടപടികളിലൂടെ പിന്തുണ നേടിയെടുക്കുകയും ചെയ്യുന്ന ഇത്തരം വ്യവസ്ഥയെ ചില ചിന്തകർ അധികാരകേന്ദ്രിതമായ നവഉദാരവത്കരണവ്യവസ്ഥ(Authoritarian Neoliberalism) എന്നും വിളിക്കുന്നു (Saffron Fascism : The Conflux of Hindutva Ultra -Nationalism, Neo Liberal Extractivism and the rise of Authoritarian Populism in Modi's India by Ashok Kumbamu - ReseachGate ) . മാരകമായ വിഭവ കൊള്ളയും ഇതിന്റെ ഭാഗമാണ്. തീവ്രദേശീയതയെ ഒരു വശത്തും തീവ്രഉദാരവത്കരണത്തെ മറുവശത്തും പുൽകി അവയെ ഒന്നിച്ചുകൊണ്ടുപോകാനുള്ള കഴിവ് മോദിയെ ഇരുശക്തികൾക്കും സ്വീകാര്യനാക്കിയിട്ടുണ്ട്. ഹിന്ദുത്വ മൂല്യങ്ങളിലധിഷ്ഠിതമായ ചിന്ത പങ്കുവയ്ക്കുന്ന സംരഭകരുടേയും ഉപഭോക്താക്കളുടേയും ഒരു നിയോജകമണ്ഡലം ഇതിനെ പിന്തുണയ്ക്കത്തക്കവിധം സംജാതമാക്കാൻ സംഘപരിവാറിന്റെ രാഷ്ട്രീയ പ്രത്യയശാസ്ത്രപ്രയോഗങ്ങൾക്ക് ഇതിനകം കഴിഞ്ഞിട്ടുണ്ട്. മതേതര പൊതുമണ്ഡലങ്ങളുടെ ശോഷണമാണ് ഇതിന്റെ ഉപോൽപ്പന്നങ്ങളിൽ പ്രധാനം .പ്രതിരോധവ്യവസായത്തിലുൾപ്പെടെ നൂറു ശതമാനം വിദേശമൂലധനം ഉറപ്പുവരുത്താനായി നടപടികൾ സ്വീകരിക്കുന്ന സർക്കാർ തന്നെയാണ് മേക്ക് ഇൻ ഇൻഡ്യ പോലുള്ള വാചാടോപങ്ങൾ നടത്തുന്നത്. നോട്ടു നിരോധനം പോലുള്ള പരിഷ്കാരങ്ങളും മധ്യവർഗത്തെ തെറ്റിദ്ധരിപ്പിച്ച് വിദേശമൂലധനത്തിന് പരവതാനി വിരിക്കാനുള്ള പോപ്പുലിസ്റ്റ് നടപടികളായിരുന്നു. വികസനപ്രക്രിയയിൽനിന്നും ദശലക്ഷക്കണക്കിന് കർഷകരേയും തൊഴിലാളികളേയും പുറംതള്ളി ബഹുരാഷ്ട്രകുത്തകൾക്ക് ആസ്തി വർദ്ധിപ്പിക്കാനുള്ള നടപടികളാണ് ദേശീയതയുടെ പേരിൽ ആണയിടുന്ന സംഘപരിവാർ ഭരണകൂടം നടപ്പാക്കുന്നത്. അതിനെ എതിർക്കുന്ന ജനങ്ങൾക്കിടയിൽ മതത്തിന്റേയും വംശത്തിന്റേയും പേരിൽ ഭിന്നിപ്പ് വളർത്തി മുമ്പോട്ടുപോകുകയാണ് മോദി ഭരണകൂടം.

ഇത്തരം ജനവിരുദ്ധനീക്കങ്ങൾക്ക് നിയമപരിരക്ഷ ലഭിക്കുന്നതിനുവേണ്ടി നിലവിലുള്ള ഭരണഘടന ഭേദഗതി ചെയ്യുന്ന തിരക്കിലാണ് സംഘപരിവാർ. ജനാധിപത്യം,മതേതരത്വം,സോഷ്യലിസം മുതലായ ഭരണഘടനയിലെ ആശയങ്ങൾ തങ്ങളുടെ അജണ്ടയ്ക്ക് തടസ്സമായി നിന്നുകൂട എന്ന ലക്ഷ്യമാണ് ഇതിനുപിന്നിൽ. കാവി ഫാസിസം ക്ലാസ്സിക്കൽ ഫാസിസത്തേക്കാൾ ആഴത്തിൽ വേരുകളുള്ളതാണ് എന്ന വാസ്തവം അതിനെതിരെ സമരം സംഘടിപ്പിക്കുമ്പോൾ നാം ഓർക്കേണ്ടതുണ്ട്. ഹിന്ദുത്വയ്ക്ക് ഇന്ന് എല്ലാ വർഗ്ഗങ്ങൾക്കിടയിലും ജാതികൾക്കിടയിലും വലിയ സ്വാധീനമുണ്ട്. രാഷ്ട്രീയ രംഗത്തേയ്ക്ക് വന്നില്ലെങ്കിൽ ഹിന്ദുരാഷ്ട്രമെന്ന ലക്ഷ്യത്തിലേയ്ക്ക് മുന്നേറാൻ ആവില്ലെന്ന് ആദ്യനിരോധനത്തെത്തുടർന്ന് തിരിച്ചറിഞ്ഞ രാഷ്ട്രീയ സ്വയം സേവക സംഘം നവഉദാരവലത്കരണ കാലഘട്ടമെത്തിയപ്പോൾ എല്ലാ വിഭാഗങ്ങളിലേയ്ക്കും എത്തിച്ചേരുന്നതിന് ഹിന്ദുത്വ മാർക്കറ്റൈസ് ചെയ്യേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കി.ദേശിയ സംസ്കാരത്തിന്റേയും നിയോ ലിബറൽ വികസനത്തിന്റേയും മിത്തുകൾ ഒരേസമയം വിതരണം ചെയ്താണ് അന്യഥാ പരസ്പരം വിരുദ്ധമാകേണ്ടുന്ന ഹിന്ദുത്വയേയും നിയോ ലിബറലിസത്തേയും സംഘപരിവാർ ഒന്നിപ്പിക്കുന്നത്. മോദി അതിന്റെ ഏറ്റവും സമർത്ഥനായ പ്രയോക്താവും ദല്ലാളുമായി മാറുന്നതാണ് നാം കാണുന്നത്. ഒരു വിശാലമായ ഫാസിസ്റ്റ് വിരുദ്ധ പ്രസ്ഥാനം കെട്ടിപ്പെടുത്തുകൊണ്ടു മാത്രമേ ഇതിനെ പരാജയപ്പെടുത്താൻ കഴിയൂ.

■



പി എ പ്രേംബാബു

# സ്ത്രീ പീഡനം : പെണ്ണുടൽ ഭേദിക്കുന്ന നീതിന്യായ വ്യവസ്ഥ

ഇന്ത്യയുടെ, കേരളീയ സമൂഹത്തിന്റെ ഹിംസാപരമായ സ്ത്രീവിരുദ്ധതയും, സ്ത്രീ പീഡനങ്ങളും പെട്ടന്നുണ്ടായതല്ല. മറിച്ച് അത് ജാതി ചരിത്രത്തോളം വേരാണ്ടു കിടക്കുന്നതാണ്. 'ഇന്ത്യ സ്ത്രീകൾക്ക് ഏറ്റവും അപകടകരമായ രാജ്യ' മെന്ന തോംസൺ റോയിറ്റേഴ്സ് ഫൗണ്ടേഷൻ സർവേ റിപ്പോർട്ട് 2018ലാണ് പുറത്തു വന്നത്. ദാരിദ്ര്യവും കാലുഷ്യവും നിറഞ്ഞ സോമാലിയയേയും യുദ്ധം നക്കിത്തുടച്ച അഫ്ഗാനിസ്ഥാനേയും ഇന്ത്യ ഇക്കാര്യത്തിൽ പിന്നിലാക്കി.

ലൈംഗികാതിക്രമത്തിന്റേയും അടിമ സമാനമായ തൊഴിലിന്റെയും കാര്യത്തിൽ സ്ത്രീകൾ ഏറ്റവും കൂടുതൽ ഭീഷണി നേരിടുന്ന രാജ്യം ഇന്ത്യയാണെന്ന കണ്ടെത്തലുമുണ്ടായിരിക്കുന്നു. ഐക്യരാഷ്ട്ര സഭകയിൽ അംഗങ്ങളായ 193 രാജ്യങ്ങളിൽ നടത്തിയ പഠനത്തിനൊടുവിലാണ് തോംസൺ റോയിട്ടേഴ്സ് റിപ്പോർട്ട് പുറത്തുവിട്ടത്.

സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെ സംബസിച്ച പഠനത്തിൽ വിദഗ്ധരായ 550 പേരാണ് ഇന്ത്യയിലെ പ്രശ്നങ്ങളുടെ ഭീകരത വെളിപ്പെടുത്തിയത്. നിർബന്ധിത ജോലി, വിവാഹം, ലൈംഗിക ചൂഷണം തുടങ്ങി നിരവധി പ്രശ്നങ്ങളിൽ ഇന്ത്യ ഒന്നാമതാണെന്നാണ് പഠനം. കൂടാതെ സ്ത്രീകളെ ബാധിക്കുന്ന തരം ആചാര അനുഷ്ഠാനങ്ങൾ, ആസിഡ് ആക്രമണം, പെൺ ഭ്രൂണഹത്യ എന്നിവയിലും ഇന്ത്യയാണത്രേ ഒന്നാം സ്ഥാനത്ത്. 16-18 വയസ് പ്രായമുള്ള പെൺകുട്ടികൾ നേരിടുന്ന ലൈംഗിക അതിക്രമം ഉൾപ്പെടെ പട്ടികയിൽ മുന്നിൽ നിൽക്കുന്ന വിഷയങ്ങൾ ആരെയും ഭയപ്പെടുത്തുന്നതാണ്.

പുരുഷ രതിവൈകൃതത്തിന്റേയും ആണധികാരത്തിന്റേയും അതിസങ്കീർണ്ണമായൊരു സമസ്യയാണ് ഈ കുഞ്ഞുശരീരങ്ങളിൽ നിർദ്ധാരണം ചെയ്യപ്പെടുന്നത്. ലോകമെമ്പാടുമുള്ള മൂന്നിൽ ഒന്ന് സ്ത്രീകളും അവരുടെ ജീവിതത്തിലെ ഏതെങ്കിലും ഘട്ടങ്ങളിൽ ശാരീരികമോ ലൈംഗികമോ ആയ പീഡനത്തിന് വിധേയരാകുന്നുണ്ടെന്ന് ലോകാരോഗ്യ സംഘടന (WHO) പറയുന്നു.

ബാലപീഡനങ്ങളുമായി ബന്ധപ്പെട്ട പൊതുതാൽപര്യ ഹർജിയുടെ മേൽ സുപ്രീംകോടതി ഉത്തരവിനെത്തുടർ ന്നാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റി രൂപം കൊണ്ടത്. 2008 മുതൽ കേരളത്തിലെ 14 ജില്ലകളിലും ചൈൽഡ് വെൽഫയർ കമ്മിറ്റികൾ (CWC) പ്രവർത്തനം ആരംഭിച്ചു. സാമൂഹ്യനീതി വകുപ്പാണ് അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതെങ്കിലും കമ്മിറ്റിയുടെ പ്രവർത്തനങ്ങളിൽ ഏകപക്ഷീയമായി ഇടപെടാനോ സ്വന്തമായി തീരുമാനം എടുക്കാനോ സർക്കാരിനു സാധ്യമല്ല. ജില്ലാകോടതിക്കാണ് സി.ഡബ്ല്യു.സിയെ റിവ്യു ചെയ്യാനുള്ള അധികാരം.

എന്നാൽ യഥാർത്ഥത്തിൽ അധികാര ദുർവിനിയോഗം, രാഷ്ട്രീയ സ്വാധീനത്തിനു വഴങ്ങൽ, സാമ്പത്തിക ലാഭം കൈപ്പറ്റി പ്രതികൾക്കൊപ്പം ചേരൽ തുടങ്ങി പ്രതികളെ സംരക്ഷിച്ചെടുക്കാനുള്ള ഒരു സംവിധാനം എന്ന നിലയിലാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റി പ്രവർത്തിക്കുന്നത്. മൂന്നുവർഷം കാലാവധിയുള്ള കമ്മിറ്റി അഞ്ചുവർഷമായി തുടരുകയും, എന്നാൽ ഒരു കമ്മറ്റി പോലും കൂടാതിരിക്കുകയും ചെയ്യുന്നു എന്നതാ




ണ് യാഥാർത്ഥ്യം. പീഡിപ്പിക്കപ്പെട്ട അതേ സാഹചര്യങ്ങളിലേക്ക് കരിഞ്ഞുണങ്ങിയ ബാല്യങ്ങളെ മടക്കി അയക്കാൻ വെൽഫെയർ കമ്മിറ്റികൾക്ക് മടിയില്ല എന്നതിന് നിരവധി ഉദാഹരണങ്ങളുണ്ട്.

2012ൽ പോക്സോ നിയമം നടപ്പാക്കിയതിനു ശേഷം അന്നുവരെ സാമൂഹ്യസേവനമേഖലയിൽ ഉണ്ടായിരുന്നവരുടെ അനുഭവസമ്പത്ത് പരിഗണിച്ചാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റികളിലേക്ക് അംഗങ്ങളായി തെരഞ്ഞെടുത്തത്. എന്നാൽ, ഏതാണ്ട് എല്ലാ കമ്മിറ്റികളിലും ക്രിസ്ത്യൻ പുരോഹിതന്മാർ ചെയർപേഴ്സണാകുന്ന സാഹചര്യം ഉണ്ടായിരിക്കുന്നതായും ആരോപിക്കപ്പെടുന്നു. അതുമൂലം ഏതുതരം മാനസിക സമ്മർദ്ദത്തിന് അടിമപ്പെട്ടിട്ടായാലും ക്രൈസ്തവ മതവിശ്വാസം അനുശാസിക്കുന്ന തരത്തിൽ കുടുംബവും ബന്ധങ്ങളും പരിഗണിച്ച് മുന്നോട്ട് പോകാൻ ഇരകളെ നിർബന്ധിക്കുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നും നിരീക്ഷിക്കപ്പെടുന്നു.

വിവേചനങ്ങളുടെയും മുൻവിധികളുടെയും പട്ടികയിലെ പെരുകിക്കൊണ്ടിരിക്കുന്ന എണ്ണം പരിശോധിച്ചാൽ ചരിത്രത്തിൽ എന്നും മുന്നിൽ നിൽക്കുന്നത് സ്ത്രീകളായിരിക്കും. അതേറ്റവും കൂടുതൽ നാം കണ്ടത് മഹാമാരിക്കാലത്തെ ആണധികാരം എങ്ങനെയാണ് സ്ത്രീകളോട് ഇടപെട്ടത് എന്നതിൽ നിന്നാണ്.

കോവിഡിന് മുമ്പ്, 2019 ലെ നാഷണൽ ക്രൈം റിക്കോർഡ് ബ്യൂറോ റിപ്പോർട്ടിലെ കണക്കുകൾ പ്രകാരം സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളിൽ 30.9 ശതമാനവും വീടകങ്ങളിൽ തന്നെ നടക്കുന്നവയാണ്. പലപ്പോഴും വീട്ടകങ്ങളിലെ വൻ അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടാതെ പോകുന്നു.

നാഷണൽ ഫാമിലി ഹെൽത്ത് സർവേ കണക്കുകൾ പ്രകാരം 33 ശതമാനം വിവാഹിതരായ സ്ത്രീകൾ കുടുംബങ്ങൾക്കുള്ളിൽ പലവിധ അതിക്രമങ്ങൾക്ക് ഇരയാകുന്നുണ്ട്. എന്നാൽ ഇതിൽ മൂന്ന് ശതമാനം മാത്രമാണ് പൊലീസിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്.

McKinsey റിപ്പോർട്ടിൽ പറയുന്നത് ഈ മഹാമാരിക്കാലത്ത് പുരുഷന്മാരുടേതിനേക്കാൾ 1.8 മടങ്ങ് കൂടുതൽ ജോലി നഷ്ടപ്പെട്ടത് സ്ത്രീകൾക്കാണെന്നാണ്. കണക്കുകൾ പരിശോധിച്ചാൽ തൊഴിൽ നഷ്ടപ്പെട്ടവരിൽ 54 ശതമാനവും സ്ത്രീകളാണ്. വീടകങ്ങളിലെ അദൃശ്യവൽക്കരിക്കപ്പെട്ട അധ്വാനത്തിന് പുറമെ, മഹാമാരിക്കാലത്ത് തൊഴിൽ നഷ്ടപ്പെടുന്നതിലും ലിംഗഭേദപരമായ ബന്ധം കാണാൻ കഴിയും എന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.

സ്ത്രീപീഡനം എന്നാൽ ബലാത്സംഗം മാത്രമായി വ്യാഖ്യാനിക്കപ്പെടുന്ന സാമൂഹ്യ സാഹചര്യം നിലനിൽക്കുന്നുണ്ട്. അടിമത്തം,അടിച്ചമർത്തൽ,അവസരനിഷേധം, ലിംഗ വിവേചനം, ലൈംഗിക ചൂഷണം, പ്രാന്തവത്കരണം, ആഭാസവത്കരണം തുടങ്ങി നിരവധി ഘടകങ്ങൾ സ്ത്രീകളുടെ സാമൂഹ്യ ജീവിതത്തിനും അതിജീവനത്തിന് തന്നെയും വെല്ലുവിളി ഉയർത്തുന്നുണ്ട്.

പീഡനക്കേസുമായി ബന്ധപ്പെട്ട് കർണാടക ഹൈക്കോടതി ഒരു ബലാത്സംഗ പ്രതിക്ക് മുൻകൂർ ജാമ്യം അനുവദിക്കുകയുണ്ടായി. ക്രിമിനൽ അപരാധത്തിന്റെ ഗൗരവത്തെ അടിസ്ഥാനപ്പെടുത്തി മാത്രം പൗരന്റെ അവകാശങ്ങൾ കവർന്നെടുക്കാൻ പാടില്ല എന്നാണ് പ്രതിക്ക് ജാമ്യം അനുവദിച്ചതിനെ കുറിച്ചുള്ള നിരീക്ഷണങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതായി കോടതി സൂചിപ്പിച്ചത്.

വിശാല അർത്ഥത്തിൽ ഇത് ശരിയായിരിക്കാം. എന്നാൽ സ്ത്രീപീഡകരായ പ്രതികൾ പുറത്തിറങ്ങിയാൽ പരാതിക്കാരി/ പീഡിത നേരിട്ടേക്കാവുന്ന ഭീഷണി

യും വിചാരണവേളയിൽ ഫലപ്രദമായി സാക്ഷിപറയാൻ കഴിയാതാവുന്ന സാഹചര്യവുമാണ് കോടതി മുഖ്യമായും പരിഗണിക്കേണ്ടിയിരുന്നത്. അതിനുപുറമേ പരാതിക്കാരിയുടെ സ്വഭാവത്തെക്കുറിച്ചുള്ള അനുമാനങ്ങളെ അടിസ്ഥാനമാക്കുന്ന കോടതിയുടെ ചില ന്യായവാദങ്ങൾ കാതലില്ലാത്തതും അപലപനീയവുമാണ്.

ബലാത്സംഗത്തിന്റേയും പീഡനത്തിന്റേയും ഗൗരവതരമായ നിയമാംശം റദ്ദാക്കുകയും പീഡനം കാല്പനികവും സർവ്വസാധാരണവുമായ വിഷയമായി പരിഗണിക്കപ്പെടുകയും ചെയ്യുന്ന ഈ പ്രവണത പലപ്പോഴും കോടതികളിൽ നിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത് ചർച്ച ചെയ്യപ്പെടേണ്ടതാണ്.

ബലാൽസംഗത്തേയും പീഡകരേയും പീഡിതരേയും അതിജീവിച്ചവരേയും ബന്ധപ്പെട്ട് നിലവിലുള്ള പീഡന പുരാവൃത്തങ്ങൾ ഹാനികരവും തെറ്റായതും പക്ഷപാതപരവുമായ പുരുഷാധിപത്യ ധാരണകളാണ് പ്രചരിക്കപ്പിക്കുന്നത്.

'കളങ്കമറ്റ' ഇരകളെ (genuine victims) അവരുടെ സ്വഭാവ സവിശേഷതകളിൽ നിന്നും മനസ്സിലാക്കാം, അത്തരം 'പരിശുദ്ധി' യുള്ളവർ അവരെ പീഡനത്തിലേക്ക് നയിച്ച സാഹചര്യങ്ങളിൽ നിന്ന് വിട്ടു നിൽക്കണം എന്നിങ്ങനെ മൂല്യ യുക്തിഭംഗ ധാരണകളാണ് സമൂഹത്തിൽ പൊതുവായി നില നിൽക്കുന്നത്. സ്ത്രീകളെ സാമൂഹ്യമായി ഭ്രഷ്ട് കൽപ്പിക്കുന്ന ഏത് സാഹചര്യവും അതിലുൾപ്പെടാം.

സൗഹൃദ പാർട്ടികളിൽ പങ്കെടുക്കുന്നതാകാം, വസ്ത്രധാരണരീതിയാകാം, സിനിമാതിയേറ്ററിൽ പോയതാകാം, നിർഭയ കേസിലെ പോലെ രാത്രി പുറത്തിറങ്ങിയതാകാം. ഇത്തരം സാഹചര്യങ്ങളിൽ പോകാൻ സന്നദ്ധമാകുന്നത് ലൈംഗിക ബന്ധങ്ങൾ അനുവദിക്കുന്നതിനും അനുകൂലിക്കുന്നതിനും പീഡനം ക്ഷണിച്ചു വരുത്തുന്നതിനും തുല്യമാണെന്നാണ് ഇതിന്റെ വിവക്ഷിതാർത്ഥം. മറ്റൊരു സ്ഥിരം പ്രചരണം കളങ്കമറ്റ ഇര അക്രമിയെ ശാരീരികമായി നേരിടും ഇല്ലെങ്കിൽ ആത്മ രക്ഷയ്ക്കു വേണ്ടി നിലവിളിക്കും എന്നൊക്കെയാണ്. മെഹമ്മൂദ് ഫറൂഖി vs NCT ഡൽഹി (2017) കേസിൽ ഡൽഹി ഹൈക്കോടതി പറഞ്ഞത് പരാതിക്കാരി ദുർബലമായ ശബ്ദത്തിൽ 'അരുത്' (feeble no) എന്ന് പറയുന്നതു പോലും സ്ത്രീയുടെ വിസമ്മതത്തിന്റ പര്യാപ്തമായ തെളിവായി പരിഗണിക്കാൻ കഴിയില്ലെന്നാണ്. പ്രതിയുമായി പരാതിക്കാരിക്ക് ഇതിനുമുമ്പ് ലൈംഗിക ബന്ധത്തിലേർപ്പെട്ട ചരിത്രമുണ്ട് എന്നതാണ് ഈ കേസിൽ ഡൽഹി ഹൈക്കോടതിയുടെ മറ്റൊരു യുക്തിശൂന്യ നിരീക്ഷണം. അതുകൊണ്ട് അവളുടെ സമ്മതം അനുമാനിക്കാവുന്നതും എന്നാൽ 'വിസമ്മതവും' 'അതൃപ്തിയും' പരിഗണിക്കാൻ കഴിയില്ലെന്നും കോടതി നിരീക്ഷിക്കുന്നു. ചുരുക്കത്തിൽ ഇവിടെ വിചാരണ നേരിടുന്നത് പ്രതിക്കു പകരം ഇരയാണ്. ഒപ്പം പ്രതി കുറ്റം ചെയ്തിട്ടുണ്ടോ എന്നതിൽനിന്നും ഇര കർശനവും കൃത്യവുമായ പുരുഷാധിപത്യത്തിന്റെ പ്രമാണങ്ങളും മാനദണ്ഡങ്ങളും പാലിക്കുന്നുണ്ടോ എന്നതിലേക്ക് കേസിന്റെ ശ്രദ്ധാകേന്ദ്രം മാറുന്നു.

പ്രതിരോധത്തിൽ പരാജയപ്പെടുന്നത് വഴങ്ങലിന്റേയോ സമ്മതത്തിന്റേയോ തെളിവായി പരിഗണിക്കാൻ പാടില്ല എന്ന് 2013 ലെ പ്രായപൂർത്തിയായവർക്ക് നേരെയുള്ള ബലാൽസംഗ നിയമ ഭേദഗതിയിൽ കൃത്യമായി സൂചിപ്പിച്ചിട്ടുണ്ട്. 'അസന്നിഗ്ദ്ധവും ഇച്ഛാധീനവുമായ സമ്മതം' (unequivocal voluntary agreement) എന്നാണ് അതുമായി ബന്ധപ്പെട്ട നിയമ ഭേദഗതിയിൽ പറയുന്നത്.

സഹിച്ചു കൊണ്ടുള്ള ജഡമായ കീഴടങ്ങൽ (ഭയം മൂലമോ വ്യവസ്ഥാപിത സാമൂഹ്യ സാഹചര്യങ്ങൾ കാരണത്താലോ അങ്ങനെ സംഭവിക്കാം) അല്ലെങ്കിൽ മദ്യപാനം മുതലായ ലൈംഗികേതര ഇടപെടലുകൾക്കിടയിൽ ഉണ്ടായേക്കാവുന്ന അനിച്ഛാപൂർവ്വമായ വഴങ്ങിക്കൊടുക്കൽ (Acquiescence) എന്നിവയൊന്നും സമ്മതത്തോടെയുള്ള ലൈംഗികബന്ധമായി പരിഗണിക്കാൻ കഴിയില്ല, മറിച്ച് ബലാത്സംഗമായി കണക്കാക്കണമെന്നാണ് 2013ലെ ഭേദഗതിയിൽ പറയുന്നത്. സമ്മതമെന്നത് നിശ്ചിത സമയത്ത് ശാരീരികബന്ധത്തിന് പങ്കാളിയാകുന്നതിനുള്ള സന്നദ്ധത മാത്രമാണെന്നും ഭേദഗതിയിൽ അനുബന്ധമായി പറയുന്നു.

ഒരു രഹസ്യ പ്രണയബന്ധ (liaison)ത്തിലുണ്ടായ സന്നദ്ധത ഒരിക്കലും ഭാവിയിലെ സമ്മതത്തിന്റേയോ അനുമതിയുടേയോ സൂചനയായി കാണാൻ പാടില്ലെന്നും ഭേദഗതി വ്യക്തമാക്കുന്നു.

ഓരോ വ്യക്തിയും, പീഡിപ്പിക്കപ്പെടുന്ന സാഹചര്യങ്ങളും വിഭിന്നമാണെന്നിരിക്കെ പീഡിതയുടെ /അതിജീവിച്ചവളുടെ സ്വഭാവ നിർണയം സാമാന്യവും സർവത്രികവുമായ പ്രമാണമായിത്തീരുന്നത് ക്രൂരമായ അനീതിയാണ്. എന്നാൽ ബലാൽസംഗവുമായി ബന്ധപ്പെട്ട മിത്തുകളേയും വാർപ്പുമാതൃകകളേയും അവലംബിക്കുന്ന കോടതികളും നിയമവ്യവസ്ഥയുടെ പ്രയോഗങ്ങളുമാണ് ഇന്ത്യയിലിന്ന് നിലവിലുള്ളത്.

പീഡന വാർത്തകൾ ഏറ്റവും കുറവ് റിപ്പോർട്ട് ചെയ്യുന്ന രാജ്യം, വളരെ വിരളമായി മാത്രം പ്രതികൾ ശിക്ഷിക്കപ്പെടുന്ന നാട് എന്നീ നിലകളിൽ അവസാന ആശ്രയമായ ഇന്ത്യൻ ജുഡീഷ്യൽ സിസ്റ്റവും ഇത്രമേൽ വാർപ്പുമാതൃകകളിലും മിത്തുകളിലും വിശ്വാസമർപ്പിക്കുന്നത് ഉത്കണ്ഠയുടേയും ജാഗ്രതയുടേയും ചോദ്യങ്ങളുയർ

ത്തുന്നുണ്ട്. ഇരയ്ക്ക് സ്വയം എല്ലായ്പ്പോഴും തനിക്കു ചുറ്റും രൂപപ്പെടുന്ന കെട്ടുകഥകളെ ന്യായീകരിച്ചു മുന്നോട്ടു വരാൻ കഴിയില്ല. വർദ്ധിച്ചു വരുന്ന ഈ വിശ്വാസ കേന്ദ്രീകൃതവും ഇര കേന്ദ്രീകൃതവു (vic-tim centric) മായ ചട്ടങ്ങളും കല്പനകളും പ്രയോഗങ്ങളും വീണ്ടും വീണ്ടും പീഡിതയെ/അതിജീവിച്ചവളെ വിചാരണ ചെയ്യാൻ മാത്രമേ ഉപകരിക്കൂ. ബലാൽസംഗത്തെക്കുറിച്ചുള്ള ഈ മിത്തിക്കൽ സ്റ്റീരിയോടൈപ്പ് സമീപനം ക്രിമിനൽ ജുഡീഷ്യൽ സിസ്റ്റത്തിൽ ആഴത്തിലാണ്ടുകിടക്കുന്ന പുരുഷാധിപത്യ പക്ഷപാതിത്വമാണ് വ്യക്തമാക്കുന്നത്. ഈ സമീപനം കോടതിയുടെ വിധിന്യായമായി മാറുമ്പോൾ സ്ഥായിയായ, നിയമദത്തമായ രേഖയായി നിലനിൽക്കുന്നു.

1974 ലെ തുക്കാറാം vs സ്റ്റേറ്റ് ഓഫ് മഹാരാഷ്ട്ര കേസിൽ സുപ്രീം കോടതിയുടെ നിർണായക വിധിയുണ്ടായി. പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയതായി അവളുടെ സഹോദരൻ പോലീസിൽ പരാതിപ്പെട്ടതിനെത്തുടർന്ന് അവൾ പോലീസ് സ്റ്റേഷനിൽ ഹാജരായി. അവിടെവെച്ച് കൂടെ വന്നവരെ പുറത്തിരുത്തി 2 പോലീസുകാർ അവളെ ബലാത്സംഗം ചെയ്തു. തുടർന്ന് പീഡനം പുറത്തറിഞ്ഞതിനാൽ കേസ് രജിസ്റ്റർ ചെയ്തെങ്കിലും പെൺകുട്ടിയെ പരിശോധിച്ച ഡോക്ടർ പെൺകുട്ടിയുടെ ശരീരത്തിലോ ലൈംഗികാവയവങ്ങളിലോ പരിക്കുകളില്ലെന്ന് റിപ്പോർട്ട് ചെയ്തതോടെ സമ്മതപ്രകാരമുള്ള ലൈംഗികബന്ധമാണ് നടന്നതെന്ന് പ്രതികൾ വാദിച്ചു. ഈ വാദം ശരിവെച്ച കോടതി അപ്പീൽ തള്ളുകയും ചെയ്തു. പ്രമാദമായ ഈ കേസിനു ശേഷമാണ് സുപ്രീം കോടതി, ബലാത്സംഗം തെളിയിക്കുന്നതിന് ഇരയുടെ ശരീരത്തിൽ പരിക്കുകൾ ഉണ്ടായിരിക്കേണ്ടതില്ലെന്ന് വിധിച്ചത്.

ഭർതൃപീഢനത്തിന്റ കാര്യത്തിലും ഭരണകൂടങ്ങളുടെ നിലപാടുകൾ വ്യത്യസ്തമല്ല. ഐപിസി എഴുതിയുണ്ടാക്കിയ 1860-ൽ സ്ത്രീയെ നിയമപരമായി അസ്തിത്വമുള്ള (legaentity) വിഭാഗമായി പരിഗണിച്ചിരുന്നില്ല. ഭർത്താവിന്റെ 'സ്വത്ത് ' എന്ന നിലയിലാണ് കണക്കാക്കിയിരുന്നത്. ഈ വിക്ടോറിയൻ പുരുഷാധിപത്യ സമീപനവും ബ്രിട്ടീഷ് കൊളോണിയൽ നിയമങ്ങളുടെ സ്വാധീനവും ഇന്ത്യൻ നിയമങ്ങളിലെ നീതിനിഷേധങ്ങളിൽ കാണാൻ കഴിയും. ഭർതൃ ബലാത്സംഗം ക്രിമിനൽ കുറ്റമായി പരിഗണിക്കണമെന്നാവശ്യപ്പെട്ട് നൽകിയ വിവിധ ഹർജികൾ പരിഗണിക്കവേ 2017 ഓഗസ്റ്റിൽ കേന്ദ്ര സർക്കാരിന്റെ അഭിപ്രായം സുപ്രീം കോടതി ആരാഞ്ഞിരുന്നു. ഐപിസി 375ലെ ബലാത്സംഗമെന്ന നിർവ്വചനത്തിൽ നിന്ന് ഭർത്താക്കൻമാരെ ഒഴിവാക്കുന്ന വ്യവസ്ഥയ്ക്കൊപ്പം നിൽക്കുന്നു എന്നാണ് സർക്കാർ പറഞ്ഞത്.

ഇന്ത്യയിൽ 75 ശതമാനം സ്ത്രീകളും ഭർതൃ ബലാൽസംഗത്തിന് വിധേയമാകുന്നുണ്ടെന്ന കണക്കുകളെ ആസ്പദമാക്കിയുള്ള കനിമൊഴിയുടെ ചോദ്യത്തിന് 2015 ഏപ്രിലിൽ അന്നത്തെ ആഭ്യന്തര സഹമന്ത്രി പ്രതിഭാ ചൗധരി രാജ്യസഭയിൽ ഇതേ നിലപാടാണ് സ്വീകരിച്ചത്. ഈ പുരുഷാധിപത്യ വ്യവഹാരങ്ങൾ ഭരണഘടനയുടെ 14ാം അനുഛേദം പൗരൻമാർക്ക് ഉറപ്പു നൽകുന്ന തുല്യനീതിയുടെ നിഷേധമാണ്. ഇത്തരം പ്രമാണവിധികളുടെ കീഴ്വഴക്കങ്ങൾ ഇരകൾക്ക്/ അതിജീവിച്ചവർക്ക് നീതി അപ്രാപ്യമാക്കി അവരെ ജീവിതകാലം മുഴുവൻ വിറങ്ങലിപ്പിച്ചു നിർത്തുകയാണ് ചെയ്യുന്നത്. കോടതി പരിസരങ്ങളിൽ പോലും സ്ത്രീകൾക്ക് സുരക്ഷയില്ല. കോടതി പരിസരങ്ങളിൽ പോലും സ്ത്രീകൾ അരക്ഷിതാവസ്ഥ അനുഭവിക്കുന്നുണ്ട്. ദ വീക്കിന് നൽകിയ അഭിമുഖത്തിൽ പ്രശസ്ത നിയമജ്ഞ ഇന്ദിര ജയ്സിംഗ്, തന്നെ കോടതിവരാന്തയിൽവെച്ച് ഒരു സീനിയർ അഭിഭാഷകൻ ലൈംഗികമായി അതിക്രമിക്കാൻ ശ്രമിച്ചുവെന്ന് നിസ്സങ്കോചം തുറന്നടിച്ചു. അനുഭവവും പ്രായവുമുള്ള തന്നെ പോലൊരു സ്ത്രീക്ക് ഇതാണവസ്ഥയെങ്കിൽ മറ്റു സ്ത്രീകളുടെ സ്ഥിതി എത്ര പരിതാപകരമായിരിക്കുമെന്നാണ് ഇന്ദിരാ ജയ്സിംഗ് ചോദിക്കുന്നത്.

വനിതാ അഭിഭാഷകർ മുതൽ വനിതാ ജഡ്ജിമാർ വരെ പീഡനത്തിനിരകളാണ്. ഇന്ത്യയിലെ നിയമസംവിധാനങ്ങളിലെ പുരുഷമേധാവിത്വ പ്രവണതകൾ സ്ത്രീകളെ ഈ മേഖലയിൽനിന്നും അകന്നു നില്ക്കാൻ നിർബന്ധിതരാക്കുന്ന ഗുരുതരമായ സാഹചര്യമാണ് രാജ്യത്ത് നിലനിൽക്കുന്നതെന്നും അവർ പറയുകയുണ്ടായി. ന്യായാധിപ നിയമനത്തിൽ സ്ത്രീകൾക്ക് അർഹമായ പരിഗണന നൽകിയാൽ മാത്രമേ ഈ മേഖലയിലെ പുരുഷാധിപത്യം അവസാനിപ്പിക്കാൻ കഴിയൂവെന്നും അവർ അഭിപ്രായപ്പെടുന്നുണ്ട്.

154 വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ള ബോംബെ ഹൈക്കോടതിയിലെ ആദ്യ സീനിയർ വനിതാ അഭിഭാഷകയും എവരും ആദരവോടെയും ബഹുമാനത്തോടെയും സമീപിക്കുന്ന ഇന്ത്യയിലെ അദ്യ വനിത സൊളിസിറ്റർ ജനറലുമായ ഇന്ദിര ജയ്സിംഗിനാണ് ഇത്രയും ഹീനമായ അനുഭവമുണ്ടായത്. ബലാത്സംഗക്കേസുകളിൽ വിചാരണകൾ അനന്തമായി നീളുന്നു.

ഇന്ത്യയിൽ ക്രൂരമായി പീഡിപ്പിക്കപ്പെടുമ്പോഴും നിയമ സംരക്ഷണം ലഭിക്കാതെ ചകിതരായി കഴിയേണ്ടിവരുന്നവരിൽ ഏറിയപങ്കും ദുർബലവിഭാഗങ്ങളായ ദളിതരും ന്യൂനപക്ഷങ്ങളുമാണ്. 2017 ൽ മാത്രം 32,500 ലധികം ബലാത്സംഗ കേസുകൾ പോലീസിൽ രജി

സ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ 18,300 കേസുകൾ മാത്രമാണ് ഇന്ത്യൻ കോടതികൾ തീർപ്പാക്കിയത്. 2017 വരെ 1,28,000 പീഡന കേസുകളാണ് രാജ്യത്ത് വിചാരണ കാത്ത് വിവിധ കോടതികളിൽ കെട്ടിക്കിടക്കുന്നത്.. വർഷം ശരാശരി 15 ശതമാനം കേസുകളിലെ വിചാരണ മാത്രമാണ് പൂർത്തിയാക്കുന്നത്. കേരളത്തിൽ ഇത് അഞ്ചുശതമാനത്തിൽ താഴെമാത്രമാണ്. ഫോറൻസിക് റിപ്പോർട്ടുകൾ ലഭ്യമാകുന്നതിനുള്ള കാലതാമസമെന്നാണ് എല്ലാ പീഡനക്കേസുകളിലും വിചാരണ വൈകുന്നതിൽ ഭരണകൂടങ്ങളിൽനിന്നുമുണ്ടാകുന്ന ന്യായീകരണങ്ങൾ.

കേരളത്തിൽ 1400ലധികം കേസുകൾ ഫോറൻസിക് റിപ്പോർട്ടുകൾ ലഭ്യമായിട്ടില്ലെന്ന കാരണത്താൽ തുടർനടപടികളുണ്ടാകാതെ അനിശ്ചിതമായി നീളുന്നു. POCSO (Protection of Children from Sexual Offences- Act, 2012. ) പ്രകാരം റജിസ്റ്റർ ചെയ്ത 1370 കേസുകളിൽ ഒന്നിൽപോലും ഫോറൻസിക് റിപ്പോർട്ട് ലഭ്യമായിട്ടില്ലെന്നാണ് വിവരം. ക്രൂരപീഡനങ്ങൾക്ക് വിധേയമാകുന്ന കുഞ്ഞുങ്ങൾക്ക് നീതിനിഷേധം കൂടി അനുഭവിക്കേണ്ടി വരുന്നു.

ഇന്ത്യയിൽ സ്ത്രീ പീഡന കേസുകളിലെ നിയമ നടപടികൾ അനന്തമായി നീളുന്നത് പതിവാണെന്ന് രേഖകളെ ഉദ്ധരിച്ച് അന്താരാഷ്ട്ര വാർത്താ ഏജൻസിയായ ബി ബി സി ചൂണ്ടിക്കാട്ടുന്നു.

ഇന്ത്യയിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന ബലാത്സംഗക്കേസുകളിൽ വർധനവ് ഉണ്ടാവുമ്പോൾ തന്നെ ശിക്ഷിക്കപ്പെടുന്നവരുടെ എണ്ണം വളരെ കുറവാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ശരാശരി പതിനാറു ശതമാനം കേസുകളിൽ മാത്രമാണ് പ്രതികൾ ഏതെങ്കിലും വിധത്തിലുള്ള ശിക്ഷക്ക് വിധേയമാകുന്നത്. പ്രതികൾ കുറ്റക്കാരെന്ന് കണ്ടെത്തപ്പെടുന്ന കേസുകളിൽ പോലും ശിക്ഷ നടപ്പാക്കുന്നതിൽ കുറ്റകരമായ കാലതാമസം ഉണ്ടാവുന്നുണ്ട്. പൊലീസ് അന്വേഷണത്തിലെ അട്ടിമറികൾ, കോടതി നടപടികളിലുണ്ടാകുന്ന കാലവിളംബം, എല്ലാ പീഡന കേസുകളിലും പൊതുവായി കാണുന്ന സാക്ഷികളുടെ കൂറുമാറ്റം തുടങ്ങിയ കാരണങ്ങളാൽ കേസുകൾ കോടതികളിൽ ദുർബലമാവുകയും പ്രതികൾ രക്ഷപ്പെടുകയും ചെയ്യുന്നു.

പാലക്കാട് ജില്ലയിലെ വാളയാറിൽ ഒമ്പതും പതിമൂന്നും വയസ്സായ രണ്ട് ദളിത് സഹോദരിമാരെ ക്രൂരമായി പീഡിപ്പിച്ച് കൊന്ന് കെട്ടിത്തൂക്കിയ കേസിൽ പ്രോസിക്യൂഷൻ ദുർബലമാണെന്ന് കോടതിതന്നെ നിരീക്ഷിച്ചിട്ടും എല്ലാ പ്രതികളും അവരെ സഹായിച്ച പോലീസ് ഉദ്യോഗസ്ഥരും ഇന്നും ഭരണകൂടത്തിന്റെ തണലിൽ സുരക്ഷിതരായിരിക്കുന്നു.

തൃശൂർ പാവറട്ടി സാൻ ജോസ് പാരിഷ് ആശുപത്രിയിലെ ജനറൽ നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട മൂന്നാം വർഷ നേഴ്സിംഗ് വിദ്യാർത്ഥിനി ജിസാമോളുടെ അമ്മ മുതൽ വാളയാറിലെ രണ്ടു ദളിത് കുഞ്ഞുങ്ങളുടെ അമ്മ വരെ നിരവധിപേർ ഇന്നും നീതിക്കുവേണ്ടി അലയുകയാണ്. ഇതിൽ മിക്കവാറും കേസുകളിലും യഥാർത്ഥ പ്രതികൾ വലിയ സ്വാധീനമുള്ള അത്യുന്നതരോ, പുരോഹിത വർഗ്ഗമോ ആണ്.

കണ്ണൂർ പാലത്തായിയിൽ ബിജെപി നേതാവായ അധ്യാപകൻ വിദ്യാർത്ഥിനിയെ പീഡിപ്പിച്ച കേസിൽ പീഡിപ്പിക്കപ്പെട്ട കൊച്ചുകുഞ്ഞ് പറയുന്നതു മുഴുവൻ വാസ്തവവിരുദ്ധമാണെന്നു വരെയുള്ള വിശദീകരണങ്ങളാണ് പോലീസിൽ നിന്നുണ്ടായത്. കുട്ടി പരസ്പരവിരുദ്ധമായി സംസാരിക്കുന്നുവെന്നുപോലും പരസ്യമായി സോഷ്യൽ മീഡിയയിലൂടെ പറയാൻ ഐ.ജി റാങ്കിലുള്ള ഒരു പോലീസ് ഉദ്യോഗസ്ഥൻ തയ്യാറായി എന്നതു തന്നെ പ്രതിയുടെ സ്വാധീനശക്തി നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. ഉന്നത രാഷ്ട്രീയ ബന്ധങ്ങൾ ഉപയോഗിച്ച് കേസിൽ ഉൾപ്പെടുന്നവർ പലപ്പോഴും സമ്മർദ്ദങ്ങളും ഭീഷണികളും ഇരകൾക്കും കുടുംബത്തിനും നേരെ ഉയർത്തുന്നത് പതിവാണ്.

2018 ൽ ബലാത്സംഗക്കേസിൽ ശിക്ഷിക്കപ്പെട്ട ആൾദൈവം ആശാറാം ബാപ്പുവിനെതിരായ കേസാണ് ഇതിന് ഉദാഹരണമായി ബി ബി സി ചൂണ്ടിക്കാട്ടുന്നത്. ആശാറാം ബാപ്പുവിനെതിരായ കേസിലെ ഒമ്പത് സാക്ഷികളെങ്കിലും ആക്രമിക്കപ്പെട്ടിട്ടുണ്ടെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു. കെട്ടിക്കിടക്കുന്ന സ്ത്രീ പീഡന കേസുകൾ കൈകാര്യം ചെയ്യുന്നതിനായി 1,000 ഫാസ്റ്റ് ട്രാക്ക് കോടതികൾ കൂടി രൂപീകരിക്കുമെന്ന് കഴിഞ്ഞ വർഷം സർക്കാർ പ്രഖ്യാപിച്ചെങ്കിലും ഒന്നും നടപ്പായിട്ടില്ല..

ക്രൂരമായ ബലാത്സംഗവും അതിൽ പരാതി കൊടുക്കുന്ന സ്ത്രീകൾക്കെതിരായ അതിക്രമങ്ങളും മൂലം സ്ത്രീകൾക്ക് അധിവസിക്കാൻ ലോകത്തെ ഏറ്റവും അയോഗ്യമായ സ്ഥലങ്ങളിലൊന്നായി ഇന്ത്യ വിലയിരുത്തപ്പെടുന്നു. കേരളത്തിൽ മാത്രം ഓരോ ഒന്നര മണിക്കൂറിലും ഒരു കുട്ടി വീതം പീഡിപ്പിക്കപ്പെടുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 2019ൽ മാത്രം കേരളത്തിൽ രജിസ്റ്റർ ചെയ്തത് 1537 ലൈംഗീകാതിക്രമ കേസുകളാണ്. സത്യത്തെതന്നെ ആപേക്ഷികമാക്കിക്കൊണ്ടിരിക്കുന്ന, എല്ലാ മൂല്യ വ്യവസ്ഥകളേയും കുടഞ്ഞു കളയുന്ന സമകാലിക ഇന്ത്യൻ അവസ്ഥയിൽ സ്ത്രീയുടെ സ്ഥാനവും പദവിയും അന്തസ്സും സുരക്ഷയും നിലനിർത്തണമെങ്കിൽ ധനകാര്യ മുതലാളിത്തവും ഫാഷിസവും സൃഷ്ടിച്ച മൗലിക രാഷ്ട്രീയത്തിനും സദാചാരത്തിനും വിരുദ്ധമായ വ്യവസ്ഥിതിക്കെതിരെയുള്ള രാഷ്ട്രീയ സമരം ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട്. ■



കെ.കെ. സുരേന്ദ്രൻ

# കേരള ഭൂപരിഷ്കരണത്തിന്റെ ബാക്കിപത്രം

**കേ**രളപ്പിറവിക്കു ശേഷം ആദ്യമായി നടന്നതെരഞ്ഞെടുപ്പിൽ കമ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നു. ആ ഗവൺമെൻറിന്റെ ആഭിമുഖ്യത്തിൽ വിദ്യാഭ്യാസ ബില്ലും ഭൂപരിഷ്കരണ ബില്ലും അവതരിപ്പിക്കപ്പെട്ടു. വിദ്യാഭ്യാസ ബില്ലിന്റെ തുടർച്ചയെന്നോണം എയ്ഡഡ് സ്ഥാപനങ്ങളിൽ ശമ്പളവും പെൻഷനും സർക്കാർ കൊടുക്കാൻ തുടങ്ങി. സമ്പന്നർക്കും സവർണർക്കും സർക്കാർ ശമ്പളം കിട്ടാനും മാനേജർമാർക്ക് പണം വാങ്ങി ജോലി വിൽക്കാനും അത് അവസരമൊരുക്കി. അവിടങ്ങളിൽ സംവരണം വേണമെന്ന് ഒരു സർക്കാരും പറഞ്ഞില്ല. UGC യുടേയും കോടതിയുടേയും നിർദ്ദേശങ്ങളെ കാറ്റിൽ പറത്താൻ കമ്യൂണിസ്റ്റ് കോൺഗ്രസ് സർക്കാരുകൾ ഈ മാനേജർ മാരെ സഹായിക്കുന്നു. ജാതി മത സംഘടനകളും സമ്പന്നരായ സവർണരും നടത്തുന്ന ഈ കൊള്ള ഇടതുപക്ഷമെന്ന് വ്യവഹരിക്കപ്പെടുന്ന ഭരണപക്ഷത്തിന് പോലും പ്രശ്നമാകുന്നില്ല. AKS ഉം PKS ഉം-മൊക്കെ ഉണ്ടാക്കി പട്ടികജാതി - വർഗക്കാരെ പ്രത്യേകമായി സംഘടിപ്പിക്കുന്ന ഇജങ്ങ പോലും ഇക്കാര്യത്തിൽ അഭിപ്രായം പറയുന്നില്ല.

ഭൂപരിഷ്കരണത്തിലേക്ക് വന്നാൽ അതിലേറെ പരിതാപകരമായ അവസ്ഥയാണ് ഉണ്ടായതെന്ന് കാണാം. പാട്ടക്കുടിയാന്മാരായിരുന്നു മധ്യ - സവർണ ജാതിക്കാർക്ക് മാത്രമാണ് ഭൂമി ലഭിച്ചത്. ജാതിയെ മനസിലാക്കാനോ ഭൂബന്ധങ്ങളിലെ ജാതി തിരിച്ചറിയാനോ കമ്യൂണിസ്റ്റുകാർക്ക് കഴിഞ്ഞില്ല. അതുകൊണ്ട് കൃഷി ഭൂമി കർഷകനെന്നു പറയാനും നിലപാടെടുക്കാനുമേ അവർക്ക് കഴിഞ്ഞുള്ളു. അതുകൊണ്ടു തന്നെ മണ്ണിൽ പണിയെടുത്ത പട്ടികജാതി - വർഗ്ഗങ്ങൾക്കും , തോട്ടം തൊഴിലാളിക്കുമൊന്നും കുടികിടപ്പും കോളനികളുമല്ലാതെ ഒന്നും ആവശ്യപ്പെടാൻ അവർക്കു കഴിയാതിരുന്നത്. മത്സ്യത്തൊഴിലാളികളുടേയും സ്ഥിതി വ്യത്യസ്തമല്ല. അരികുവത്കരിക്കപ്പെട്ട ഈ ജനവിഭാഗങ്ങളുടെ ഭൂമി പ്രശ്നം ഉന്നയിക്കാൻ ആരുമില്ലായിരുന്നു എന്ന് തെല്ലൊരു കുറ്റബോധത്തോടെ അന്ന് ഭൂപരിഷ്ക്കരണ ബില്ല് തയ്യാറാക്കി അവതരിപ്പിച്ച ഗൗരിയമ്മക്ക് തന്നെ പറയേണ്ടി വന്നത്.

എഴുപതുകളിൽ ഭൂപരിഷ്ക്കരണം നടപ്പിലാക്കുമ്പോൾ വയനാട്ടിൽ കൃഷിപ്പണികൾ ചെയ്തിരുന്ന പണിയരും അടിയരുമൊക്കെ കൂടുതൽ അരികുവത്കരിക്കപ്പെടുകയായിരുന്നു. അങ്ങനെയാണ് വയലിന്റേയും കാടിന്റേയും തോടിന്റെയും പുറമ്പോക്കുകളിൽ യാതൊരു സുരക്ഷിതത്വവുമില്ലാത്ത കുടിലുകളിൽ ഈ മനുഷ്യർ തിങ്ങിപ്പാർക്കുന്നത്. ഭൂപരിഷ്ക്കരണം കൊണ്ട് കുറുമ കുറിച്യ വിഭാഗങ്ങൾക്ക് അവരുടെ ഭൂമി അന്യാധീനപ്പെട്ട അനുഭവങ്ങളും ഉണ്ട്. മുത്തങ്ങ സമരത്തിലണിനിരന്ന ആദിവാസികൾക്കെതിരെ കേരളം കണ്ട ഏറ്റവും വലിയ പൊ





ലീസ് അതിക്രമങ്ങൾ നടക്കുമ്പോൾ നിയമസഭയിലും പുറത്തും അതിനെതിരെ പ്രതികരിക്കാൻ അറച്ചുനിൽക്കുകയായിരുന്നു CPM നേതൃത്വം . സഖാവ്. വി.എസ്.അച്ചുതാനന്ദൻ അതിക്രമങ്ങൾക്കെതിരെ നിലപാടു സ്വീകരിച്ചപ്പോൾ പിൻപറ്റുകയായിരുന്നു അവർ. മുത്തങ്ങ സമരം നടക്കുമ്പോൾ പ്രാദേശിക ഇജങ്ങ നേതൃത്വം സമരത്തിനെതിരായിരുന്നു. അതിനു പിന്നാലെയവർ അസം രൂപീകരിച്ച് വയനാട്ടിലെ കാടുകളിൽ കുടിൽ കെട്ടൽ സമരം നടത്തി. ഇപ്പോഴും കീറപ്ലാസ്റ്റിക് വലിച്ചു കെട്ടിയ പന്തലുകളിൽ വെള്ളവും വെളിച്ചവുമില്ലാതെ ഈ മനുഷ്യർ അവിടെ കഴിയുകയാണ്. (കഴിഞ്ഞ ദിവസം സിപിഎമ്മി ന്റെ ഗസറ്റഡ് ഓഫീസർമാരുടെ സംഘടന സമരഭൂമിയിൽ കഴിയുന്നവർക്ക് പ്ലാസ്റ്റിക്ക് ഷീറ്റുകൾ നൽകുന്നതായി പത്രത്തിൽ കണ്ടു.) അതിനു ശേഷം CPM നേതൃത്വം നൽകിയ മൂന്നാമത്തെ ഗവൺമെന്റാണ് ഇപ്പോൾ ഭരിക്കുന്നത്. അവർക്കിതുവരെ പട്ടയവും അടിസ്ഥാന സൗകര്യങ്ങളും നൽകാൻ AKS ഓ പാർട്ടിയോ ഗവൺമെന്റോ തയ്യാറായിട്ടില്ല. സമരഭൂമിയിൽ CPM കുടി പാർപ്പിച്ച ആദിവാസികളുടെ അവകാശങ്ങൾക്കു വേണ്ടി വേറെ സമരം നയിക്കേണ്ട സ്ഥിതിയാണുള്ളത്.

1975 ലെ ആദിവാസി ഭൂനിയമം അട്ടിമറിച്ചു കൊണ്ട് 1999 ൽ സിപിഎം നേതൃത്വം കൊടുത്ത ഗവൺമെന്റ് പാസാക്കിയ നിയമം കേരള ചരിത്രത്തിലെ കൊടിയ വഞ്ചനയാണ്. സഖാവ് കെ.ആർ. ഗൗരിയമ്മ മാത്രമാണ് ആ നിയമം ആദിവാസി കൾക്ക് നേരെയുള്ള തെമ്മാടിത്തരമാണെന്ന് പറഞ്ഞ് അതിനെതിരെ വോട്ട് ചെയ്തത്. അധസ്ഥിത മോചനത്തിന്റെ കവിയെന്ന് വാഴ്ത്തപ്പെട്ട കടമ്മനിട്ടയും അന്നത്തെ ഒരേയൊരു പട്ടിക വർഗ്ഗ എം.എൽ.എ രാധാ രാഘവനുമൊക്കെ ആ നിയമ അട്ടിമറിക്ക് കൈപൊക്കി എന്നതാണു് കേരള നിയമ സഭാചരിത്രത്തിലെ വലിയ അശ്ലീലം.

കമ്യൂണിസ്റ്റ്കാർ നേതൃത്വം കൊടുത്തതെ ന്നവകാശപ്പെടുന്ന ഭൂപരിഷ്കരണം പുറന്തള്ളിയ കേരളത്തിലെ സാമൂഹ്യ വിഭാഗങ്ങളായ പട്ടികജാതി - വർഗക്കാർ , മത്സ്യത്തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ, റോഡ് തോട് പുറമ്പോക്ക് വാസികൾ എന്നിവരുടെ ഭൂ അവകാശത്തിനായുള്ള മുറവിളികളും സമരങ്ങളും നടക്കുമ്പോഴാണ് തോമസ് ഐസക്കിനെ പോലുള്ളവർ ഭൂപരിഷ്കരണം ഇനി ആവശ്യമില്ലെന്ന് പറയുന്നത്. പൊട്ടിപ്പൊളിഞ്ഞ ലയങ്ങളിലും കോളനി വീടുകളിലും ജീവിക്കുന്ന ഈ മനുഷ്യർക്ക് ഭൂമി കിട്ടുക എന്നത് അടിയന്തിര പ്രാധാന്യമുള്ള വിഷയമാണ്. വലതു പക്ഷത്തെപ്പോലെ വ്യവസ്ഥാപിത ഇടതുപക്ഷവും ഈ പ്രശ്നത്തെ പൂർണമായും കയ്യൊഴിഞ്ഞു. തീവ്ര ഇടതുപക്ഷം വ്യവസ്ഥാ വിരുദ്ധ സമരത്തിനായുള്ള ഇടവഴി മാത്രമായാണ് ഈ പ്രശ്നത്തെ കാണുന്നതും കണ്ടു കൊണ്ടിരുന്നതും. ഈ പ്രശ്നത്തെ അഭിമുഖീകരിച്ച് സമരങ്ങൾക്ക് നേതൃത്വം കൊടുക്കാനുള്ള ബാധ്യത ഏറ്റെടുത്ത് വിശാലമായ ഐക്യമുന്നണി കെട്ടിപ്പടുക്കുക എന്നതാണ് അടിയന്തിര ആവശ്യം.

■



**സതീശൻ നരക്കോട്**

# മറക്കാതിരിക്കേണ്ടുന്ന ചില ഫ്രെയിമുകളെക്കുറിച്ച്

രണ്ടാം ലോക യുദ്ധത്തിന്റെ സാമൂഹികവും മാനസികവുമായ അരക്ഷിതത്വത്തിലേക്ക് ലോകം വഴുതിവീഴുമ്പോൾ യൂറോപ്പിലേയും അമേരിക്കയിലേയും ലക്ഷക്കണക്കിന് ആളുകൾ സിനിമ കൊട്ടകകളിൽ വൈകാരിക സുരക്ഷിതത്വത്തിനായി അഭയം തേടിയിരുന്നു. സാമൂഹിക-സാംസ്കാരിക ജീവിതത്തിനുമേലുണ്ടായ വിനാശകരമായ കടന്നുകയറ്റം സൃഷ്ടിച്ച അസ്വാസ്ഥ്യങ്ങളെ അതിജീവിക്കാൻ അവർ ചലച്ചിത്രങ്ങളുടെ മാസ്മരികതയിൽ സ്വപ്നം കാണുകയും സങ്കടപ്പെടുകയും കരയുകയും ആഹ്ലാദിക്കുകയും സമാധാനിക്കുകയും ചെയ്തു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടം മുതൽ തന്നെ ചലച്ചിത്രം ശക്തമായ ഒരു ആയുധമായി തിരിച്ചറിയപ്പെടുകയും ധാരാളം ആശയപ്രചാരണ സിനിമകൾ രൂപപ്പെട്ടുവരികയുമുണ്ടായി. 'ദ എക്സ്ട്രാ ഓഡിനറി അഡ്വഞ്ചർ ഓഫ് മിസ്റ്റർ വെസ്റ്റ് ഇൻ ദ ലാന്റ് ഓഫ് ദ ബോൾഷെവിക്സ്', 'ബാറ്റിൽഷിപ്പ് പൊട്ടംകിൻ', 'എർത്ത്', 'ഔർ ഡേലി ബ്രഡ്', 'റീഫർ മാഡ്നസ്' തുടങ്ങിയവ ഇവയിൽ ചിലതുമാത്രം.


ഫാസിസം സാമൂഹികജീവിതത്തിന്റെ സമസ്ത മേഖലകളിലേക്കും ശക്തമായി കടന്നുകയറുന്ന കാലഘട്ടത്തിൽ തന്നെയാണ് സിനിമ ജനകീയ കലാരൂപമായും പ്രതികരണോപാധിയായും വികസിച്ചുവന്നത്. സിനിമയ്ക്ക് നിയന്ത്രണരേഖ വരയ്ക്കാൻ ഭരണകൂടങ്ങൾ ശ്രമം തുടങ്ങിയപ്പോൾത്തന്നെ അമിത ദേശീയതയ്ക്കെതിരായും ജനാധിപത്യസംസ്ഥാപനത്തിനുവേണ്ടിയും ഈ മാധ്യമത്തെ ഉപയോഗിക്കാൻ ഫാസിസ്റ്റുവിരുദ്ധ ചിന്താഗതി വച്ചുപുലർത്തുന്ന പരസഹസ്രം ചലച്ചിത്ര പ്രവർത്തകർ ശ്രമം തുടങ്ങിയിരുന്നു. ചാർലി ചാപ്ലിൻ 'ദ ഗ്രേറ്റ് ഡിക്റ്റേറ്ററി' ലൂടെയും മൈക്കിൾ കേർട്ടിസ് 'കാസാബ്ലാങ്ക'യിലൂടെയും നടത്തിയ മുന്നേറ്റങ്ങൾ ഇതിന് ഉദാഹരണങ്ങളാണ്. മുതലാളിത്ത സമ്പദ്ഘടനയും ജനാധിപത്യ ഭരണസംവിധാനങ്ങളും തിരിച്ചടികൾ നേരിട്ടുകൊണ്ടിരിക്കുന്ന ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിലും ഫാസിസത്തിന്റെ ഭീതതമായ ഓർമകൾ ലോകത്താകമാനമുള്ള ജനങ്ങളിലേക്ക് ഇരമ്പിയെത്താൻ തുടങ്ങി. ഇതിന്റെ ഫലമായി ഫാസിത്തിന്റെ കനലോർമകൾ പങ്കുവെക്കുന്ന സിനിമകൾ വിവിധ രാജ്യങ്ങളിൽ നിന്ന്, വിവിധ ഭാഷകളിൽ പുറത്തു വന്നുകൊണ്ടിരുന്നു. മാർക് ഹെർമാന്റെ 'ദ ബോയ് ഇൻ ദ സ്ട്രിപ്ഡ് പൈജാമാസ്' (2008), റോബേർട്ടോ ബെനിഗ്നിയുടെ 'ലൈഫ് ഈസ് ബ്യൂട്ടിഫുൾ' (1997) തുടങ്ങിയ ചലച്ചിത്രങ്ങൾ ഈ ഗണത്തിൽ പെടുന്നു.

ജോൺ ബൊയ് ലിന്റെ നോവലിന്റെ ചലച്ചിത്ര പരിഭാഷയായ 'ദ ബോയ് ഇൻ ദ സ്ട്രിപ്ഡ് പൈജാമാസ്' ഹോളോകോസ്റ്റിന്റെ ദാരുണാനുഭവങ്ങൾ ഒരു കുട്ടിയുടെ കണ്ണിലൂടെ അവതരിപ്പിക്കുന്നു. ഹിറ്റ്ലർ ലോകത്തിനും പ്രത്യേകിച്ച് യൂറോപ്പിനും ഏൽപ്പിച്ച മുറിവുകളുടെ ശക്തമായ ഒരു പുനർവിചാരണയായി മാറുന്നുണ്ട് സിനിമ. ആയിരത്തിത്തൊള്ളായിരത്തി നാൽപ്പതുകളിൽ ബെർലിനിൽ ജീവിക്കുന്ന ബ്രൂണോ എന്ന ഒൻപതുവയസ്സുകാരൻ കുട്ടിയുടെ നിഷ്കളങ്കമായ കാഴ്ചകളാണ് സിനിമയിൽ ദൃശ്യപ്പെടുന്നത്. ഹോളോകോസ്റ്റ് ഭീകര ദൃശ്യങ്ങളെ അനിതരസാധാരണമായ കൈവഴക്കത്തോടെ അവതരിപ്പിക്കാൻ സംവിധായകൻ മാർക് ഹെർമാന് കഴിയുന്നുണ്ട്.

നാസി ഓഫീസറായ ബ്രൂണോയുടെ അച്ഛൻ റാൽഫിന് സ്ഥാനക്കയറ്റം ലഭിക്കുന്നിടത്താണ് സിനിമ അരംഭിക്കുന്നത്. അമ്മ എൽസയും സഹോദരി ഗ്രേറ്റയും മുത്തശ്ശിയും അടങ്ങുന്ന കുടുംബം പക്ഷെ ബർലിൻ വിട്ടുപോകാൻ ഇഷ്ടപ്പെടുന്നില്ല. ജൂതന്മാരെ കൊന്നുടുക്കാനായി ഹിറ്റ്ലർ സ്ഥാപിച്ച ഒരു കോൺസൻട്രേഷൻ കാമ്പിന്റെ ഓരത്താണ് ബ്രൂണോയുടെ കുടുംബത്തിനായി താമസസൗകര്യം ഒരുക്കുന്നത്. പട്ടാള ഉദ്യോഗസ്ഥർ അവിടേക്ക് വന്നും പോയും കൊണ്ടിരുന്നു. അവർ രാഷ്ട്രീയും പറയുകയും തർക്കിക്കുകയും ചെയ്തുകൊണ്ടിരുന്നു. ബ്രൂണോയ്ക്ക് അത് തന്റെ സഹപാഠികളെയും താൻ സ്നേഹിക്കുന്ന ബർലിനിലെ വീടിനെയും വിട്ടുള്ള ഒരു ഏകാന്ത തടങ്കലായി മാറുന്നു. തനിച്ചാക്കപ്പെടുന്ന അവന് വിരസമായ ദിനങ്ങളാണ് പുതിയ വീട് സമ്മാനിക്കുന്നത്. ബ്രൂണോയുടെ ഉള്ളിൽ ഉയരുന്ന ചോദ്യങ്ങൾ സൃഷ്ടിക്കുന്ന ആത്മസംഘർഷം തന്റെ രക്ഷിതാക്കളുടെ വിലക്കുകളെ ലംഘിക്കാൻ അവനെ പ്രേരിപ്പിക്കുന്നു. അച്ഛൻ എന്ന സർവ്വാധികാരിയുടെ കൽപ്പനകളെ അവൻ തന്റെ ചലനങ്ങളിലൂടെ നിഷേധിക്കുന്നു.

തന്റെ മുറിയുടെ ജനലിലൂടെ ദുരെയായി ബ്രൂണോ കാണുന്ന ഫാം ഹൗസുപോലെ തോന്നിച്ച കെട്ടിടം കമ്പി വേലിയാൽ ചുറ്റപ്പെട്ടതായിരുന്നു. ഇടയ്ക്കിടെ കറുത്ത പുക ഫാം ഹൗസിൽ നിന്ന് ഉയരുന്നത് കാണാം. ബ്രൂണോയ്ക്ക് ഫാമും അവിടെ ജോലിചെയ്യുന്നവരേയും തന്റെ മുറിയുടെ ജനാലയ്ക്കരികിൽ നിന്ന് കാണാൻ കഴിയുമായിരുന്നു. വരകളോടുകൂടിയ ഒരു നീളൻ കുപ്പായമായിരുന്നു അവിടെ ജോലി ചെയ്യുന്നവരുടെ വേഷം. അവരുടെ തല മുണ്ഡനം ചെയ്യപ്പെട്ടിരുന്നു.

ചരിത്രത്തിന് വർത്തമാനവുമായുള്ള ബന്ധത്തിന്റെ രാഷ്ട്രീയമാണ് 'ദ ബോയ് ഇൻ ദ സ്ട്രിപ്ഡ് പൈജാമാസ്' ഗതകാലത്തിന്റെ ഓർമകൾ പുതിയകാലത്തിൽ ജീവിക്കാനും അതിജീവിക്കാനും അനിവാര്യമാണ്. ഫാസിസം പലരൂപങ്ങളിലായി ഓരോ കാലത്തും നമ്മുടെ ജീവിതങ്ങളിലേക്ക് കടന്നുവരുന്നുണ്ട്. അത് തിരിച്ചറിയാതെ പോകരുത് എന്ന ഓർമപ്പെടുത്തലാണ് സിനിമ ചെയ്യുന്നത്. ഹോളോകോസ്റ്റിന്റെ പേടിപ്പെടുത്തുന്ന ചിത്രങ്ങളിലൂടെയാണ് സിനിമ വികസിക്കുന്നത്. നാസി പട്ടാളം ഹോളോകോസ്റ്റിന് വിധേയമാക്കിയ ആളുകളുടെ മുന്നിലാണ് കാമറ ഉറപ്പിക്കുന്നത്. അവർ ധരിക്കുന്ന വസ്ത്രം എത്ര വൃത്തികെട്ടതാണെന്ന് ബ്രോണോ ഒരിടത്ത് സങ്കടപ്പെടുന്നുണ്ട്. അതിനു കാരണം അവർ ജോലി ചെയ്യുമ്പോഴും ഉറങ്ങുമ്പോഴും ഒരേ വസ്ത്രം തന്നെ ധരിക്കുന്നു എന്നതാണ്. ആറാഴ്ച കൂടുമ്പോഴായിരുന്നു അവർക്ക് വസ്ത്രം മാറാൻ അവസരം ലഭിച്ചിരുന്നത്. കോൺസൻട്രേഷൻ ക്യാമ്പിലുള്ളവരുടെ വസ്ത്രങ്ങളിൽ അടയാള സംഖ്യകൾ തുന്നിപ്പിടിപ്പിച്ചിരുന്നു. അവരിൽ പലർക്കും കാലുറകൾ ലഭിക്കാഞ്ഞതിനാൽ നഗ്നപാദരായി നടക്കേണ്ടി വന്നിരുന്നു.




ബ്രൂണോയുടെ അത്മസംഘർഷങ്ങളെ കൃത്യമായി അടയാളപ്പെടുത്തുന്നുണ്ട് സിനിമ. രാഷ്ട്രീയമായി പക്ഷം ചേർക്കപ്പെടുന്നതിന് മുൻപുള്ള ഒരു കുഞ്ഞുമനസ്സിന്റെ സന്ദേഹങ്ങൾ സിനിമയിലുട നീളം കാണാം. ബർലിൻ വിട്ടുപോകാൻ അവന് ഇഷ്ടമില്ലായിരുന്നു. അവന്റെ കുടുംബത്തിന് ഇഷ്ടമുള്ളതൊന്നും അവന്റെ ഇഷ്ടങ്ങളായിരുന്നില്ല. അവന്റെ അച്ഛൻ കുടുംബത്തിൽ ഏകപക്ഷീയമായി അടിച്ചേൽപ്പിക്കുന്ന എല്ലാറ്റിനേയും അവൻ വെറുത്തു. അവന്റെ ചോദ്യങ്ങൾക്കൊന്നും മറുപടി നൽകാൻ അവന്റെ അമ്മയ്ക്കോ അച്ഛനോ കഴിയുന്നുണ്ടായിരുന്നില്ല. ബ്രൂണോയ്ക്കും തന്റെ സഹോദരിക്കും വിദ്യാഭ്യാസത്തിനായി മാത്രമായി ഒരു അദ്ധ്യാപകനെ ഏർപ്പാടാക്കപ്പെടുന്നു. അദ്ധേഹം പഠിപ്പിക്കുന്നത് നാസി ആശയങ്ങളും വർഗ്ഗവിവേചന സിദ്ധാന്തങ്ങളുമായിരുന്നു. ഗ്രേറ്റ ഈ ആശയങ്ങളിൽ ആകൃഷ്ടയാവുകയും തന്റെ മുറിയുടെ ചുമരുകളിൽ ഹിറ്റ്ലറുടെ ചിത്രങ്ങൾ പതിക്കുകയും ചെയ്യുന്നു. എന്നാൽ വീട്ടുജോലി ചെയ്യുന്ന ജൂതന്റെ പെരുമാറ്റത്തിൽ നിന്നും തന്റെ അദ്ധ്യാപകൻ പഠിപ്പിച്ച പാഠങ്ങളിലുള്ളതല്ല സത്യമെന്ന് ബ്രൂണോ തിരിച്ചറിയുന്നു.



ബ്രൂണോയുടെ ആത്മസംഘർഷങ്ങളെ കൃത്യമായി അടയാളപ്പെടുത്തുന്നുണ്ട് സിനിമ. രാഷ്ട്രീയമായി പക്ഷം ചേർക്കപ്പെടുന്നതിന് മുൻപുള്ള ഒരു കുഞ്ഞുമനസ്സിന്റെ സന്ദേഹങ്ങൾ സിനിമയിലുടനീളം കാണാം.


വേലിക്കെട്ടിനകത്തും പുറത്തുമുള്ള രണ്ട് ലോകങ്ങളുടെ വർണവ്യതിയാനം വെളിപ്പെടുത്തുന്നതാണ് സിനിമയുടെ പിന്നീടുള്ള ഭാഗങ്ങൾ. അവന്റെ പ്രായത്തിലുള്ള ഷമുവൽ എന്ന ജൂതനുമായുള്ള കൂട്ടുകെട്ട് അവന്റെ ജീവിതത്തെ മാറ്റിമറിക്കുന്നു. ക്യാമ്പിനു പുറത്ത് ഏകാന്തത അനുഭവിക്കുന്ന ബ്രൂണോ ക്യാമ്പിനകത്ത് ഒറ്റപ്പെടുന്ന ഷമുവലിനോട് ഇരുമ്പു വേലിക്കു പുറത്തുനിന്നും സംസാരിക്കുന്നു. ഇരുമ്പു വേലി സൃഷ്ടിക്കുന്ന രണ്ടു ലോകങ്ങൾ കുട്ടികളുടേതല്ല. അവരുടെ മനസുകളിൽ വേലിക്കെട്ടുകളില്ല. വേലിയ്ക്കുള്ളിലെ ലോകത്തെക്കുറിച്ചും അവിടെ നടക്കുന്നതിനെക്കുറിച്ചും അവർ രണ്ടുപേർക്കും കാര്യമായി ഒന്നും അറിയില്ലായിരുന്നു. എന്നാൽക്യാമ്പിന്റെ മുകളിലുയരുന്ന കറുത്ത പുക ജൂതന്മാരെ ചുട്ടെരിക്കുന്നതാണെന്ന് ഒരു ദിവസം ബ്രൂണോയുടെ അമ്മ എൽസ തിരിച്ചറിയുന്നു. അവൾ കാമ്പിലെ ഉയർന്ന ഉദ്യോഗസ്ഥനായ തന്റെ ഭർത്താവുമായി വഴക്കിടുന്നു. എന്നാൽ വിശുദ്ധ ജർമ്മനിയ്ക്കായുള്ള പോരാട്ടമായി ഇതിനെ അയാൾ തന്റെ ഭാര്യയോട് വിശദീകരിക്കുന്നു.

രാജ്യത്തിന്റെ പൈതൃകം സംരക്ഷിക്കാനും ദേശീയത കാത്തുസൂക്ഷിക്കാനുമെന്ന വ്യാജേന ഭരണകൂടം നിർമ്മിച്ചെടുത്ത ബിംബങ്ങളിൽ സംശയം പോലും പ്രകടിപ്പിക്കാതെ കൂടെനിൽക്കാൻ വലിയൊരു വിഭാഗം ജനങ്ങൾ ഉണ്ടായി എന്നതാണ് ജർമനിയുടെ ചരിത്രം വികലമാക്കുന്നതിന് സഹായിച്ച ഒരു പ്രധാന ഘടകം. ബ്രൂണോയുടെ അച്ഛൻ അവരെ പ്രതിനിധാനം ചെയ്യുന്നുണ്ട്. ജൂതന്മാരെ ദാസ്യവേലയ്ക്കു മാത്രം ഉപയോഗിക്കാൻ ജർമനിയെ അവർ പഠിപ്പിച്ചു. ഷമുവലിനെ വീട്ടുജോലിക്കായി ബ്രൂണോയുടെ വീട്ടിലേക്ക് കൊണ്ടുവരുന്നുണ്ട്. വൈൻ ഗ്ലാസുകൾ കഴുകിവെക്കാൻ ചെറിയ കൈപ്പത്തികളുള്ള ആളുകളെ അവർക്ക് വേണമായിരുന്നു. കുട്ടികളെ അതിനായി അവർ ഉപയോഗിച്ചു. വീട്ടിൽ വെച്ച് ഷമുവലിനെ കാണുന്ന ബ്രൂണോ അവന് ഒരു കേക്ക് നൽകുന്നു. ഷമുവൽ സന്തോഷത്തോടെ അത് സ്വീകരിക്കുന്നു. ഇവർ തമ്മിലുള്ള സൗഹൃദം ഒരു പട്ടാള ഉദ്യോഗസ്ഥൻ കണാനിടയാകുകയും അയാൾ ഷമുവലിനോട് അലറുകയും അവനെ വഴക്കുപറയുകയും ചെയ്യുന്നു. ഇതിനിടയ്ക്ക് ഷമുവൽ ബ്രൂണോ നൽകിയ കേക്ക് ചവയ്ക്കുന്നത് കാണുന്നു. ബ്രൂണോ നൽകിയതാണെന്ന് അവൻ ആണയിട്ട് പറഞ്ഞെങ്കിലും ഭയം കൊണ്ട് ബ്രൂണോ അത് നിഷേധിക്കുന്നു. പിന്നീട് കുറെ ദിവസങ്ങളോളം ഷമുവലിനെക്കുറിച്ച് ഒന്നും അറിയാൻ ബ്രൂണോയ്ക്ക് കഴിഞ്ഞില്ല. ഒരു ദിവസം വീണ്ടും ഷമുവൽ ഇരുമ്പുവേലിയ്ക്കപ്പുറം പ്രത്യക്ഷപ്പെടുന്നു. ബ്രൂണോ അവനോട് മാപ്പുപറയുകയും അവരുടെ സൗഹൃദം തുടരുകയും ചെയ്യുന്നു. മുത്തശ്ശിയുടെ മരണശേഷം

താമസം സുരക്ഷിതമായ ഒരിടത്തേക്ക് മാറാൻ എൽസ ഭർത്താവിനോട് നിർബന്ധിക്കുന്നു. ഒരു സുഹൃത്തിന്റെ വീട് ഇതിനായി അവൾ കണ്ടെത്തുന്നു. സത്യത്തിൽ സുരക്ഷിതത്വത്തേക്കാൾ തന്റെ മക്കളെ കൊലയാളിയായ അച്ഛന്റെ കൂടെ വളർത്തുന്നതിലുള്ള അതൃപ്തിയായിരുന്നു എൽസയ്ക്ക് ഉണ്ടായിരുന്നത്..

ബ്രൂണോ അനുഭവിക്കുന്ന മാനിസ സംഘർഷം അതിന്റെ ഉച്ചസ്ഥായിയിലെത്തുന്നത് വേലിക്കകത്തുള്ളവർ മനുഷ്യരേയല്ല എന്ന അച്ഛന്റെ പ്രസ്ഥാവനയോടെയാണ്. ഷമുവലിന്റെ ജീവിതപ്രശ്നങ്ങൾ ജൂതജീവിത പ്രതിസന്ധികളുടെ നേർച്ചിത്രങ്ങളാണ്. ഉദ്യോഗസ്ഥർ നിർബ്ബന്ധിച്ച് ഷമുവലിന്റെ അച്ഛനെ ഒരു മാർച്ചിൽ പങ്കെടുപ്പിച്ചു. അതിനുശേഷം അയാൾ തിരിച്ചു വന്നില്ല. ഷമുവലിന്റെ അച്ഛനെ കണ്ടെത്താൻ താൻ സഹായിക്കുമെന്ന ബ്രൂണോയുടെ പ്രഖ്യാപനം ചരിത്രത്തിലെ വിരോധാഭാസമാണ്. പൈജാമയും മുണ്ഡനം ചെയ്യാത്ത തന്റെ തല മറയ്ക്കാൻ ഒരു തൊപ്പിയും ധരിച്ച് ബ്രൂണോ വേലിയ്ക്കടിയിലൂടെ ക്യാമ്പിനകത്തേക്ക് പ്രവേശിക്കുന്നു. അവിടെ അവൻ കണ്ട കാഴ്ചകൾ ഭീകരമായിരുന്നു. മെലിഞ്ഞ് എല്ലും തോലുമായ മനുഷ്യർ. ഭക്ഷണം ലഭിക്കാതെ, നല്ല വസ്ത്രമില്ലാതെ, കുളിയ്ക്കാതെ, അസുഖം ബാധിച്ച നിരവധിപേർ..

ബ്രൂണോയെ കാണാനില്ലെന്ന് എൽസ അറിയുന്നു. അവൾ ഭർത്താവിനോട് കയർക്കുകയും അയാളുടെ ചെയ്യുന്ന ജോലിയുടെ ഉദ്ദേശശുദ്ധിയെ തള്ളിപ്പറയുകയും ചെയ്യുന്നു. ബ്രൂണോയെ തിരയുന്ന അവർ കാണുന്നത് അവന്റെ മുറിയുടെ തുറന്നിട്ട ജനലാണ്. തുടർന്ന് വഴിയിൽ ഉപേക്ഷിച്ച അവന്റെ വസ്ത്രവും ഇരുമ്പുവേലിയ്ക്കടിയിലൂടെ അവൻ കയറിപ്പോയ വഴിയും കാണുന്നതോടെ കാര്യങ്ങളുടെ ഗൗരവം അവർ തിച്ചറിയുന്നു. റാൽഫ് മറ്റ് ഉദ്യോഗസ്ഥരോട് തന്റെ മകനെ കാമ്പിനുള്ളിൽ നിന്നും കണ്ടെത്താൻ ആവശ്യപ്പെടുന്നു. പക്ഷെ ആ സയമാവുമ്പോഴേക്കും ബ്രൂണോയും ഷമുവലും ഗ്യാസ് ചേമ്പറിന്റെ അരികിൽ എത്തിയിരുന്നു. ഉദ്യോഗസ്ഥർ അവരുടെ വസ്ത്രം അഴിപ്പിക്കുകയും കുളിക്കാൻ ആജ്ഞാപിക്കുകയും ചെയ്യുന്നു. ഭീകരമായ അലർച്ചകളും ഇരുമ്പുവാതിലുകളിലടിക്കുന്ന ശബ്ദങ്ങൾക്കുമൊടുവിൽ ഉണ്ടാവുന്ന കനത്ത നിശബ്ദത മരണത്തിന്റെ അടയാളപ്പെടുത്തലായി മാറുന്നു. അടഞ്ഞ ഇരുമ്പു വാതിൽ ബ്രൂണോയും ഷമുവലുമടക്കം എല്ലാവരും ഗ്യാസ് ചേമ്പറിൽ ഒടുങ്ങുന്നു. മാർക് ഹെർമാന്റെതന്നെ തിരക്കഥ ചിത്രത്തെ ശക്തമാക്കുന്നു. ഷമുവലായി വേഷമിട്ട ജാക്ക് സ്കാനിയനും ബ്രൂണോവിന്റെ വേഷമണിഞ്ഞ അസാ ബട്ടർഫീൽഡും രാഷ്ട്രീയഭീകരതയുടെ ബലിയാടുകളാവുന്ന ബാല്യത്തിന്റെ നിഷ്കളങ്കത സുവ്യക്തമായി പ്രേക്ഷകന് നൽകുന്നു. ബനോയിറ്റ് ഡൽഹോമിന്റെ കാമറ 94 മിനുട്ട് ദൈർഘ്യമുള്ള ഈ ചിത്രത്തിൽ എടുത്തുപറയേണ്ടതാണ്.



ഭരണകൂടഭീകരത സമൂഹത്തിലേൽപ്പിക്കുന്ന ആഘാതം ഏതെല്ലാം തലങ്ങളിൽ എത്രയളവിൽ പ്രതിഫലിക്കുമെന്നും അതിന്റെ അനന്തരഫലം എത്രകാലം നീണ്ടുനിൽക്കുമെന്നും പ്രവചിക്കുക അസാധ്യമാണ്. അതുകൊണ്ടുതന്നെ ചരിത്രം ഓർക്കുകയും പാഠങ്ങളിൽ ജാഗരൂകരായിരിക്കുകയും ചെയ്യുന്ന ഒരു ജനത ഓരോ സമൂഹത്തിന്റെയും അനിവാര്യതയാണ്.

■



**പി.എൻ.ഗോപീകൃഷ്ണൻ**

# ഒരു വ്യവസ്ഥയും ആത്മഹത്യ ചെയ്യുന്നില്ല

ഇക്കാലത്ത് ഒരു
മുതലാളിയായിരിക്കുക
എത്ര എളുപ്പമാണ്.
കാരണം
ആരും നിന്നെ മുതലാളി
എന്ന് വിളിക്കില്ല.
സംരംഭകൻ എന്നേ വിളിക്കൂ.

നിനക്ക്
സർക്കാറുകൾ ഭൂമി തരും.
റോഡ് പണിതു തരും.
കറന്റിന്
ബേബിഡാം ഉയർത്തിത്തരും.
നിന്റെ മുഖം കറുത്താൽ
കോർപ്പറേറ്റ് ടാക്സ്
1% അപ്പോൾ കുറയും.
ചെമ്പുകുഴിച്ചെടുക്കാൻ
ഖനി തരും.
പാറ പൊട്ടിച്ചെടുക്കാൻ
മല തരും.
വെള്ളം ഊറ്റിയെടുക്കാൻ
പാതാളം തരും.

നീ കൊടുത്ത
തൊഴിലുകളെപ്പറ്റി
ധവളപത്രമിറക്കി
സർക്കാറുകൾ
നിന്നെ ഒരു എംപ്ലോയ്മെന്റ്
എക്സ്ചേഞ്ച് ആക്കും .
നിന്റെ കൊള്ളലാഭക്കണക്ക് ,
പക്ഷേ
ആരും പറയില്ല.
നിന്റെ മാളുകൾ വിഴുങ്ങിയ
പെട്ടിക്കടകളെപ്പറ്റി
ആരും ചോദിക്കില്ല.
നീ ഒരു ഇരപിടിയനാണെന്നും
നിന്നേക്കാൾ ചെറിയ
മനുഷ്യരുടെ സമ്പത്ത്
നിരന്തരം തിന്നുമെന്നും
ആരും മിണ്ടില്ല.

ബുദ്ധിജീവി
പത്തൊമ്പതാം നൂറ്റാണ്ടിലെ
മാർക്സിനെക്കുറിച്ച് പറയും.
ഗാന്ധി ചമ്പാരനിൽ
പോയതിനെപ്പറ്റി
വാചാലനാകും .
ചിക്കാഗോവിനെപ്പറ്റി ,
ഹേ മാർക്കറ്റിനെപ്പറ്റി
പേർത്തും പേർത്തും
അയവിറക്കും.

പക്ഷെ, നിനക്കുവേണ്ടി
ബാങ്കുകൾ
പരിധിയില്ലാതെ തുറന്ന്
വെയ്ക്കുന്നത്
ആരും കാണില്ല.
നീ കവർന്നെടുത്ത
എട്ടു മണിക്കൂർ
ജോലിയെക്കുറിച്ച്
തൊഴിലാളിപോലും മിണ്ടില്ല.
നീ പൊട്ടിയാൽ
നിന്റെ ബോണ്ട് വാങ്ങാൻ
ഓടി വരുന്ന സർക്കാറുകൾക്ക്
എല്ലാവരും കൈയ്യടിക്കും.
നിന്റെ ചെല്ലപ്പെട്ടി
നിറയ്ക്കാനുള്ള നോട്ടടിക്കാൻ
സർക്കാർ പ്രസ്സ്
ഓവർടൈം പ്രവർത്തിക്കും .

കൂടുതൽ ലാഭത്തിന്
നാടു മണ്ടിയാൽ
മാധ്യമങ്ങൾ നിനക്ക്
വേണ്ടി കരയും.
ആസ്ത് മാ രോഗിക്ക്
നീ കൊടുത്ത അഞ്ചു രൂപ
അമ്പതുപൈസാ മരുന്നിന്
മുൻപേജിൽ
10 സെ.മി ത 3 കോളം
വാർത്താ പരസ്യം കിട്ടും.
നിന്റെ തീൻമേശയിൽ
വർഗ്ഗീയവാദിയും
സെക്യുലരിസ്റ്റും
കെട്ടിപ്പിടിക്കും.

നിന്റെ ബോഗിയിൽ
വിപ്ലവവും ഫാസിസവും
ഒരുമിച്ചിരിക്കും.
ഏറ്റവും കനം കുറഞ്ഞ പിത്തള
കൊണ്ട്
നീ തരുന്ന മെമന്റോ വാങ്ങാൻ
സാഹിത്യം ക്യൂ നിൽക്കും.
നിന്റെ കാരുണ്യത്തിലാണ്
ചൊവ്വയിലേയ്ക്ക് പേടകം
പോകുന്നതെന്ന്
ബഹിരാകാശ ശാസ്ത്രവും
പുതിയ ഗെയിം വൈറലായതെന്ന്
സൈബർ സാങ്കേതികതയും
നാരായണീയമെഴുതും.

നിന്റെ സർവ്വകലാശാലയിൽ
നിന്റെ പാഠപുസ്തകത്തിൽ
നീ തലമുറകളെ വിളവിറക്കും.
നിനക്ക് തന്നെ കൊയ്യാൻ.
നിനക്ക് തന്നെ പുഴുങ്ങാൻ.
നിനക്ക് തന്നെ വിളമ്പാൻ .
നിനക്ക് തന്നെ ഞണ്ണാൻ.

അതിനാൽ നാട്ടുകാരേ
എല്ലാ മുഷ്ടികളും
റദ്ദാക്കപ്പെടും
എല്ലാ അനുകമ്പകളും
തീ വെയ്ക്കപ്പെടും
വിളിച്ച മുദ്രാവാക്യങ്ങളെ
അധികാരത്തിന്റെ ഡിറ്റർജന്റിൽ
മുക്കി വെളുപ്പിച്ച്
നേതാക്കൾ
അയാൾക്ക് കൊണ്ടുകൊടുക്കും.

നമ്മൾ
ഉണർന്ന്
അടുപ്പു കൂട്ടുന്നില്ലെങ്കിൽ .
ചരിത്രത്തിന്റെ കട്ടൻ ചായ
ആറ്റിത്തണുപ്പിക്കാതെ
ഊതി -
യൂതി
കുടിക്കുന്നില്ലെങ്കിൽ .

സൂര്യനെ തണുപ്പിക്കാനുള്ള
ഏ സിയായി
സ്വന്തം തലച്ചോറ്
പ്രവർത്തിപ്പിക്കാൻ
അനുവദിക്കുന്നില്ലെങ്കിൽ

1. ഫെർണാണ്ടോ സോളനാസും ഒക്റ്റേവിയോ ഗെറ്റിനോയും ചേർന്ന് സൃഷ്ടിച്ച 'തീച്ചൂളകളുടെ മുഹൂർത്തം' (Hour of Furnaces) എന്ന ചിത്രത്തിൽ എഴുതിക്കാണിക്കുന്ന വാചകം.





# ഒറ്റ മുലച്ചി

**സിന്ധു വാസുദേവൻ**

വംശവൃക്ഷത്തിൻ വേരു
പടരുന്നതിൻപേർ ഒറ്റ മുലച്ചി .
ആമസോൺ സൂര്യപുത്രി
പേശീബലത്തിന്നാണധികാര
സാമ്രാജ്യ കോയ്മയ്ക്ക്
നേർക്കുന്നം പിടിക്കുവാൻ
വിഘ്നമായ്നില്പൂ വലം മുല
ഛേദിച്ചു ദൃഢചിത്ത
പെൺചരിതത്തിൽപെണ്ണവൾ പെണ്ണായ്
തിന്നുകൊള്ളുകെൻ വലം മുല
യുദ്ധനൈവേദ്യമായ്
എന്നസ്ത്രമൂർച്ചയിലൊടുങ്ങാനൊരുങ്ങുക.
വടു കെട്ടി മൂടിയ മുല
മുറിപ്പാടിലമ്പിൻ മുനരാകി
ഞാണേറ്റി നിൽപ്പൂ സൂര്യപുത്രി
വനറാണി ആമൺ
ആമസോൺതടങ്ങളിലുയർന്നു
പെൺസാമ്രാജ്യം പെണ്ണായ് പിറന്നോൾ
തൻമാതൃരാജ്യം
ആമണിൻ അസ്ത്രമുനയിൽ
പിടഞ്ഞൊടുങ്ങി


ആണധികാരപ്രമത്തത
ഒരു നാളക്കിലീസ്സ് ഗ്രീക്കിന്നധിപൻ
കടന്നേറിയുദ്ധസജ്ജനായ്
ആമസോണിന്നതിരിൽ കൊമ്പിൻ
കാഹളമുയർത്തവേ
മുല മുറിപ്പാടിൽ നിന്ന് പകർന്ന തീപ്പൊരി
അഗ്നി ഗോളങ്ങളായ്
വിഴുങ്ങിയക്കിലീസ്സിൻ ആണഹന്തയെ
ചിന്നിച്ചിതറിപ്പിൻവാങ്ങി
ബന്ധനസ്ഥനായക്കിലീസ്സ് കുനിഞ്ഞ
ശിരസ്സിനാലിരന്നു ജീവനായ് മണ്ണിൽ
വേരോടിയോരാമണിൻ കാലടികളിൽ
നാഗ വിഷം തീണ്ടിയോരസ്ത്ര
മുനയിൽകൂപ്പുകൈകളിൽ
താങ്ങിയശിരസ്സിനാൽവിറപൂണ്ടിരിപ്പൂ
ഗ്രീക്കിന്നിതിഹാസ നായകൻ ......
ചുരത്തിയ മുലപോൽ കരുണാർദ്രം
ആമസോണിൻ പ്രിയപുത്രി
പാന്തേസീലി റാണി
കരൾ തുരന്നെടുക്കുവാ നോങ്ങിയശരം
തിരിച്ചാവനാഴിയിൽ ഭദ്രമായ്

വച്ചനുമതിയേകിയാ മൺ
പിൻവാങ്ങുക അക്കി ലീസ്സ് ഇതെൻ
വംശനീതിയോർക്ക നീ
പരദേശി ആണധികാര സമ്പന്നനക്കിലീസ്സിൻ
പ്രാണ ഭിക്ഷയ്ക്കായ് കുനിഞ്ഞ ശിരസ്സിൽ
പാദമുദ്രകൾ ചാർത്തി ചവിട്ടിത്താഴ്ത്തുക
കാട്ടുനീതിയല്ലത് പരദേശികൾ
തന്നധമ വർണ്ണ സംസ്കാരം
സൂര്യ തേജസ്സ് കുടിച്ച് വറ്റിച്ചതു് മുലപ്പാലായ്
ചുരത്തും പ്രകൃതി നീ
കൊടുങ്കാറ്റായലറും സംഹാരരുദ്ര
വാനോളമുയരും കൊടുമുടി നീ
കുഞ്ഞിളം കാറ്റായ് തഴുകിത്തലോടിയും
കരുണയായ് വാത്സല്യ കുളിരായ്
തോരാതെ പെയ്യും
മഴ നിഴൽ പോലെ നീ പടരുന്നു
ആമസോൺ വനമായ് നദിയായ് കുത്തിയൊഴുകും
ജലപാതമായ് ജൈവ ചക്രമായ്
പാന്തേസീലി റാണി നീ
ഒരു നാളൊരു ദൂതുമായെത്തീ
ചേതോഹരിചോന്ന മക്കാവ്
ഭദ്രമായ് കാലിൽ കെട്ടിയ
പെപ്പിറസ്സിന്നിലത്തുണ്ടിൽ
കോറിയ ചിത്രലിപിയിൽ
തീർത്തൊരക്കിലസ്സിൻ സന്ദേശം
പർവ്വതാകാരം പൂണ്ടൊരു കുതിരയെ
ഗ്രീക്കിന്നിതിഹാസ കരകൗശലമൽഭുതം
നിനക്കായയക്കുന്നു സ്വീകരിച്ചാലുമെൻ
പാരിതോഷികം
ഒറ്റ മുലച്ചീവീര പുത്രീ !
ആമൺ നീയെന്നിൽ തുടിക്കും
പ്രാണനെ കാത്തോൾ
ആമസോണിൻ റാണീ നിനക്കെന്നുപഹാരം.
ആണാകിലും തോറ്റുപോയോൻ
പെൺകരുത്തിൽ ശിരസ്സ് കുനിച്ചോനക്കിലസ്സ്
ആമണനുമതിയേകി സ്വീകരിച്ചീടുകെൻ
ട്രോജൻ കുതിരയെ
പരാജിതൻ ജീവനിരന്നോൻ
ശിരസ്സ് കുനിച്ചോൻ
നൽകുമാ നൽക്കാഴ്ച വാങ്ങീടാൻ
പകയില്ലാതനുമതിയേകിയാവനപുത്രി
ആമസോണിന്നതിരുകൾ കടന്നാകുതിര
നിരങ്ങിനീങ്ങി
ആമണിൻ മുന്നിലെത്തീടവേ
അതിന്നുള്ളിൽ നിന്നാർത്തിരമ്പി യിറങ്ങി
വളയുന്നു. അക്കിലീസ്സിൻ പടയാളികൾ
ആവനാഴിയിൽ നിന്ന മ്പെടുക്കുവാനിടം
നൽകാതെയക്കിലീസ്സ് ഒളിപ്പിച്ച
വജ്രായുധം
ആമണിൻ കരൾപൂവടർത്തിക്കൈകളിലേന്തിയ
ക്കിലസ്സുമ്മവച്ചാർത്തട്ടഹസിക്കുന്നു
ഒറ്റ മുലച്ചിതൻ സാമ്രാജ്യമെൻ
കൈ വെള്ളയിൽ
ഞാൻ അക്കിലസ്സ്
നീ വരഞ്ഞ ഹൃദയമുറിപ്പാടിൽ
ചോര പൊടിഞ്ഞോൻ
ശത്രുവിൻ വേര് സമൂലം
പിഴുതെറിയുകെൻ വംശ നിയോഗം
ഹൃദയത്തുടിതാളം നിലയ്ക്കുന്നു
ചോര പൊടിഞ്ഞ കൃഷ്ണമണികളിൽ
തിളയ്ക്കുന്നു അണഞ്ഞു പോകുന്നൊരുപെൺ
സാമ്രാജ്യ പെരുമ
വടുകെട്ടിയ വലതു മുല മുറിപാടിൽ
നിന്നൂറിയൊഴുകും
ചോരച്ചാൽ ചരിത്രത്തിലൊരു സമുദ്രമായ്
പടരുന്നു.

ആമൺ- ഈജിപ്തിലെ സൂര്യദേവത. 16ാം നൂറ്റാണ്ടിൽ ഈജിപ്റ്റിലെ ഫറവോ മാർക്ക് ഒരു ഏഷ്യൻ സാമ്രാജ്യം സ്ഥാപിക്കുന്നതിനു് യുദ്ധ വിജയം നേടിക്കൊടുത്ത ദേവത

ഒറ്റ മുലച്ചി-ഗ്രീക്ക് ഐതീഹ്യങ്ങളിലെ യുദ്ധനിപുണകളായ ഒരു വർഗ്ഗം സ്ത്രീകൾ. കരിങ്കടലിന്റെ തെക്കേത്തീരത്തുള്ള ഭൂപ്രദേശത്തെ പെൺ സാമ്രാജ്യത്തിന്റെ അധിപതി. ആയുധധാരിണികളും അശ്വാരൂഢരും അതി സുന്ദരികളും പോരാളികളുമായ ഈ ഒറ്റ മുലച്ചി സ്ത്രീകൾ തങ്ങളുടെ രാജ്ഞിമാരുടെ കീഴിൽ അണിനിരന്ന് പലവട്ടം ഗ്രീസിനെതിരായി യുദ്ധം ചെയ്തു് കാസ്പിയൻ കടൽത്തീരം വരെ വ്യാപിപ്പിച്ചു. ഇവരുടെ രാജ്യാതിർത്തിക്കുള്ളിൽ പുരുഷന്മാർക്ക് പ്രവേശനമില്ലായിരുന്നു. പെൺ മക്കളെ മാത്രമേ ഇവർ വളർത്തിയിരുന്നുള്ളൂ. അസ്ത്ര പ്രയോഗത്തിൽ സ്തനം തടസ്സമാവാതിരിക്കുവാൻ പെൺകുട്ടികൾ വളർന്നു വരുമ്പോൾ അവരുടെ വലത് മുല ഛേദിച്ചു കളയുമായിരുന്നു. അതിനാൽ ഇവരെ ഒറ്റ മുലച്ചി എന്നാണ് വിളിച്ചിരുന്നത്. പാന്തേ സീലി റാണി എന്ന ആമണിനെ അക്കിലീസ്സ് വധിക്കുകയായിരുന്നു. ഇങ്ങിനെയൊരു വർഗ്ഗം യഥാർത്ഥത്തിൽ ഉണ്ടായിരുന്നോ എന്നതിനെപ്പറ്റി ചരിത്രകാരന്മാർക്കിടയിൽ തർക്കങ്ങളുണ്ടായിരുന്നു. 16-ാം നൂറ്റാണ്ടിൽ താൻ നടത്തിയ ദേശസഞ്ചാരങ്ങൾക്കിടയിൽ തെക്കേ അമേരിക്കയിലെ മാറനോൺ നദിക്കു സമീപം ഈ വർഗ്ഗത്തിൽ പെട്ട സ്ത്രീകളുടെ സേനയുമായി താൻ ഏറ്റുമുട്ടിയെന്നും ആ അനുഭവത്തിന്റെ ഓർമ്മയ്ക്കാണ് താൻ പ്രസ്തുത നദിയുടെ പേരു്' ആമസോൺ' എന്ന് പുനർനാമകരണം നടത്തിയതെന്ന് സ്പാനീഷ് സഞ്ചാരിയായ ഫ്രാൻസീസ് കൊഡി ഓറല്ലാനോ രേഖപ്പെടുത്തിയിട്ടുണ്ട്.

# തെമ്മാടി



**ഹസീന**

താലി ഭാരം കൊണ്ട്
തല കുനിഞ്ഞിട്ടില്ല ഈ
തെമ്മാടിയുടെ,
ബലികുടീരങ്ങൾക്ക്
മുന്നിലല്ലാതെ.

മടിയിൽ കനമുള്ളവന്റെ
മുന്നിൽ ശിരസ്സ് നിവർത്തി
നിന്നിട്ടുണ്ട്.
വയറൊട്ടിയ കാലത്തും.

എത്ര തീയാണ് ചുണ്ടിൽ
എരിഞ്ഞ് തീർന്നത്.
തീ പകുത്ത് നൽകിയിട്ടുണ്ട് ,
പുക കെട്ട അടുപ്പുകളിൽ .

നീതിയില്ലാത്തിടത്ത്
കൊടുംങ്കാറ്റായ്
തെമ്മാടികൾ.
പതഞ്ഞ് പൊങ്ങിയിട്ടുണ്ട്
ഇടനെഞ്ച്.

കാട് കയറി തീണ്ടിയിട്ടില്ല,
തെരുവു തെണ്ടികൾക്ക് ഒപ്പം
കൂട്ടിരിന്നിട്ടുണ്ട് തെമ്മാടി.

തെമ്മാടിക്കുഴി കാട്ടി സ്വർഗ്ഗം
വിളിച്ചിട്ടുണ്ട്,
പകർന്നാടിയ സ്നേഹം കൊണ്ട്
കീഴടക്കി വിശുദ്ധനെ.

ജീവിതം പേറി തളർന്ന
തെരുവിൽ,
ഒരു പൂമരമായ് ശിരസ്സ്
താഴ്ത്തുന്നു തെമ്മാടി.

കയറി മറിഞ്ഞവർ -
പുതുവസന്തം തീർക്കട്ടെ!

